


CT Library
00010530
K19 V582 V6

PROVINCIAL T. O. C. D.
CANCELLED
LIBRARY.

NEW

PRACTICAL MEDITATIONS

FOR EVERY DAY IN THE YEAR

ON THE

LIFE OF OUR LORD JESUS CHRIST

BY THE

Rev. Father Bruno Vercruysse S. J.

Translated by

REV. BR. LEOPOLD T. O. C. D.

DHARMARAM COLLEGE LIBRARY
10530
BANGALORE
K 19
V 42

Third Edition.

THE LITTLE FLOWER PRESS,
MANJUMMEL.
1950

18.
19.
20.
21.
2.

Nihil obstat

Fr. Joseph Vaippicherry,
Censor.

Re-imprimatur

Fr. Alex. Lenthaparambil,
Vic. Gen.

Ernakulam,
14—7—1943.

വിഷയവിവരം

1. കാവൽഭൂതന്മാർ 1
2. ന. കർത്താവു രൂപാന്തരീഭവിച്ചതു് 5
3. ചന്ദ്രരോഗവും പിശാചു ബാധയുമുള്ള ഒരു കുട്ടി 9
4. പിശാചഗ്രസ്ഥനായ ബാലന്റെ സുഖപ്രാപ്തി 13
5. താബോർ മലയിൽനിന്നു കഫാർണ്ണാമിലേക്കുള്ള യാത്ര. ഈശോ തന്റെ കഷ്ടാനുഭവങ്ങളെ വീണ്ടും അറിയിക്കുന്നു 17
6. ഈശോ നികുതി കൊടുക്കുന്നു 21
7. അപ്പോസ്തോലന്മാരുടെ വാഗ്വിവാദം 24
8. പരി. മാതാവിന്റെ പിറവി 28
9. ഉതപ്പിനു കാരണമാകുന്നവർക്കു് ഈശോ നിശ്ചയിച്ചിരിക്കുന്ന ശാപം 30
10. ഇതരന്മാരുടെ കുറ്റങ്ങളെ തിരുത്തുകയും ക്ഷമിക്കുകയും ചെയ്യേണ്ടതിനെക്കുറിച്ചുള്ള ന. കർത്താവിന്റെ കല്പനകൾ 34
11. നിർദ്ദയനായ ഭൃത്യനെക്കുറിച്ചുള്ള ഉപമ 38
12. ഈശോ ഗലീലേയ കടന്നപ്പോൾ സംഭവിച്ചവ 42
13. ഈശോയുടെ പ്രയാണത്തിൽ നടന്ന മറ്റു സംഭവങ്ങൾ, പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തുന്നു 45
14. കൂടക്കൂടെ പാപസങ്കീർത്തനം ചെയ്യേണ്ടതിനെക്കുറിച്ചു 49
15. പതിനെട്ടു മാസങ്ങൾക്കുശേഷം ഈശോ വീണ്ടും ജെരുസലേമിൽ പ്രവേശിക്കുന്നു. 53
16. ഈശോ വീണ്ടും ദേവാലയത്തിൽ പ്രസംഗിക്കുന്നു 57
17. വ്യഭിചാരകർമ്മ മദ്ധ്യേ കണ്ടു പിടിക്കപ്പെട്ട സ്ത്രീയെക്കുറിച്ചുള്ള വിധി 61
18. ഈശോ ലോകത്തിന്റെ വെളിച്ചമാകുന്നു 65
19. ഈശോയുടെ പ്രസംഗത്തിന്റെ തുടർച്ച 69
20. ജന്മനാ കുരുടനായിരുന്നവൻ കാഴ്ച പ്രാപിച്ചതു് 73
21. കഴിഞ്ഞ തിയ്യതിയിലെ ധ്യാനത്തിന്റെ തുടർച്ച 77
22. എഴുപത്തിരണ്ടു ശിഷ്യന്മാരെ പ്രസംഗിക്കാൻ അയച്ചതു് 81

23. എഴുപത്തിരണ്ടു ശിഷ്യന്മാരും സസന്തോഷം തിരിച്ചുവരുന്നു. 85
24. ഈശോയുടെ സ്നേഹവും അവിടുത്തെ പ്രേമപൂർണ്ണമായ ക്ഷണവും 89
25. വഞ്ചകനായ ഒരു നിയമജ്ഞനെ ഈശോ ലജ്ജിപ്പിക്കുന്നു 92
26. നല്ല സമരിയാക്കാരന്റെ ഉപമ; ഈ ഉപമയുടെ വാച്യാർത്ഥം 97
27. സമരിയാക്കാരന്റെ ഉപമയുടെ ആത്മികവശം 101
28. സഹോദരസ്നേഹത്തിന്റെ ഉദ്ദേശ്യവും അതിന്റെ സ്വഭാവവും 105
29. സഹോദരസ്നേഹത്തിന്റെ ലക്ഷണങ്ങൾ 109
30. മാർത്ത മറിയ എന്നു പേരുള്ള സഹോദരിമാരുടെ ഭവനത്തിൽ ഈശോ പ്രവേശിക്കുന്നു 114

ഒക്ടോബർ

1. പരി. ജപമാലരാജ്ഞിയുടെ തിരുനാൾ 118
2. ലൂഥ്യന്റെ ഉപമ. ധനം മനുഷ്യനെ ഭാഗ്യവാനാക്കുന്നില്ല 122
3. യാദൃച്ഛിക മരണം 126
" വി. കൊച്ചുത്രേസ്യായുടെ തിരുനാൾ 131
4. അസിസ്സിയിലെ വി. ഫ്രാൻസിസിന്റെ തിരുനാൾ 138
5. പതിനെട്ടു വർഷം രോഗിണിയായ ഒരു സ്ത്രീയെ ഈശോ സുഖപ്പെടുത്തുന്നു. 143
6. കർത്തൂസ്യൻ സഭയുടെ സ്ഥാപകനായ വി. ബ്രൂണൊയുടെ തിരുനാൾ 147
7. മദ്യഭക്തനായ സന്യാസിയുടെയും ശ്രേഷ്ഠാന്തിയുള്ള സന്യാസിയുടെയും മരണം 151
8. ഈശോ ഒരു ഫരിസേയന്റെ പക്കൽ മുത്താഴം കഴിക്കുന്നു. അവൻ ആന്തരിക കാര്യങ്ങളെ അവഗണിച്ചു, ബാഹ്യാചാരങ്ങളെ മാത്രം ഗവനിക്കുന്നതിനെക്കുറിച്ചു ഈശോ അവനെ ശകാരിക്കുന്നു 156

9.	കായിക്കാത്ത അത്തിവൃക്ഷത്തിന്റെ ഉപമ	160
10.	ഫരിസേയർ ഭിഷണിക്കൊണ്ടു നമ്മുടെ കർത്താവിനെ ഭയപ്പെടുത്തുന്നു.	165
11.	നഷ്ടിഭവിച്ച ആടിന്റെ ഉപമ	169
12.	ഈശോയുടെ ശിഷ്യന്മാർക്കു് അവശ്യാവശ്യമായ സൽഗുണങ്ങൾ	173
13.	ആശാനിഗ്രഹം	177
14.	നമ്മുടെ ഇന്ദ്രിയങ്ങൾ നമ്മെ തിന്മയിലേയ്ക്കു് ആകർഷിക്കുന്നതു നിമിത്തം ആശാനിഗ്രഹത്തിന്നു നമുക്കുള്ള കടമ	181
15.	കർമ്മലസഭയുടെ നവീകരണക്കാരിയായ വിശുദ്ധ ത്രേസ്യായുടെ തിരുനാൾ	1(
16.	വി. ത്രേസ്യായുടെ ആത്മിക പഠനങ്ങൾ	1(
17.	നഷ്ടിഭവിക്കയും വിണ്ടും ലഭിക്കുകയും ചെയ്തദ്രാക്മ നാണയത്തിന്റെ ഉപമ	194
18.	വിരുന്നിന്നു ക്ഷണിക്കപ്പെട്ടവരുടെ ഉപമ	199
19.	അനിതിമാനായ കാര്യസ്ഥന്റെ ഉപമയും ഈശോ ഇതുകൊണ്ടു നമുക്കു നൽകുന്ന പ്രബോധനങ്ങളും	203
20.	ടി. ധ്യാനത്തിന്റെ തുടർച്ച	208
21.	വി. ഊർസുലയുടെ തിരുനാൾ	212
22.	വിദ്യാഭ്യാസം വഴിയായുള്ള പ്രേഷിതവൃത്തി	216
23.	ധൂർത്തപുത്രന്റെ ഉപമ	221
24.	ധൂർത്തപുത്രൻ ബുദ്ധിപൂർവ്വം ചിന്തിക്കാൻ തുടങ്ങുന്നു	225
25.	ടി. ധ്യാനത്തിന്റെ തുടർച്ച	229
26.	പ്രസാദവരത്താൽ നമ്മെ നിറയ്ക്കുന്ന ദൈവത്തിന്റെ നന്മബാഹുല്യം	234
27.	ധനികനായ ഒരു മനുഷ്യന്റെയും ഭിക്ഷുവായ ലാസറിന്റെയും ഉപമ	238
28.	ആ ധനവാന്നു സിദ്ധിച്ച നരകം	242
29.	ഈശോയുടെ സ്നേഹാർദ്രതയും ശാന്തതയും ശുഷ്കാന്തിയും	246
30.	ഫരിസേയനേയും ചുങ്കക്കാരനേയും കുറിച്ചുള്ള ഉപമ	250
31.	സകല വിശുദ്ധരുടെ തിരുനാളിന്നു തലേദിവസം	254
,,	നമ്മുടെ കർത്താവിന്റെ രാജത്വത്തിരുനാൾ	258

29
30

അനന്തനിക്ഷേപം

DEFINITORY T. O.
No.....
LIBRARY.
85
11

ആറാംഭാഗം

സെപ്റ്റംബർമാസം

ഒന്നാംതിയ്യതി

കാവൽഭൂതന്മാർ *

പ്രാരംഭം ഫ. ചെറിയ തൊബിയാസ് വി. റാഫേൽ അ
ഭൂതനോട്ടുകൂടെ യാത്രചെയ്യുന്നതു കാണുന്നതായി സങ്കല്പിക്കുക.
ഫ. കാവൽഭൂതന്റെനേരെ യഥാർത്ഥവും സുസ്ഥിരവുമായ
ഭക്തി ലഭിക്കുന്നതിന്നു പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നമ്മുടെ കാവൽഭൂതന്റെ മഹത്വം

ധ്യാനം:– ദൈവഭൂതന്മാരും നമ്മളും തമ്മിൽ ദൈവം ഏർ
പ്പെടുത്തിയിരിക്കുന്ന സംസർഗ്ഗസഹവാസങ്ങളും, നമ്മെ കാക്ക
ന്നതിന്നു് അവരെ ഭരമേല്പിച്ചിരിക്കുന്ന വസ്തുതയും ദൈവകരു
ണയിൽനിന്നു നമുക്കു ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ വെച്ചുപ്ര
ത്യേകം സ്മരണാർഹങ്ങളാണു്. നിന്റെ വഴികളിലൊക്കയിലും
നിന്നെ കാത്തുകൊള്ളുന്നതിന്നു ദൈവം തന്റെ ദൂതരോടു് ക
ല്പിച്ചിരിക്കുന്നു എന്നു സങ്കീർത്തകൻ പാടുന്നു. (സങ്കീ. 90. 11)
കാവൽഭൂതന്മാർ ആരാകുന്നു? അവർ എത്രയും പരിശുദ്ധരായ

* കാവൽഭൂതന്മാരുടെ തിരുനാൾ ഒക്ടോബർ രണ്ടാംതിയതിയാണു
നാംആചരിക്കുന്നതു്. ഈ ധ്യാനം അന്നത്തേക്കാക്കുന്നതിൽ വിരോധമില്ല.

അരൂപികളും; ദൈവത്തിന്റെ ഛായയായ സൃഷ്ടികളും മനുഷ്യ ബുദ്ധിക്ക് അഗ്രാഹ്യമായ സൗന്ദര്യം, ശക്തി, ലഘുത്വം, ജ്ഞാനം ആദിയായ ഗുണങ്ങളുള്ളവരുമാകുന്നു. ഒരു രാജ്യത്തിലും രാജാരമനയിലും, രാജകുമാരന്മാരും അരമനവാസികളായ പ്രഭുക്കളും ഏതുവിധം ബഹുമതിയിലിരിക്കുന്നൊ; അതുപോലതന്നെ; ദൈവതിരുസ്സന്നിധിയിലും അങ്ങെ മഹത്വം പ്രോജ്ജ്വലിക്കുന്ന സ്വർഗ്ഗരാജ്യത്തിലും ഈ ദൈവഭൃത്തന്മാർ ബഹുമതിയും സ്ഥാനവുമുള്ളവരായിരിക്കുന്നു. രാവും പകലും നിന്റെപക്കൽ കാവലായിരിക്കുന്ന ഈ ദൈവഭൃതൻ വാനലോകപ്രഭുവും ഭൂലോകത്തിൽ ഏററം ശക്തിയുള്ള രാജാക്കളെക്കാൾ മഹത്വമുള്ളവനുമാണു്.

പ്രായോഗിക ചിന്ത:- ഈ സത്യം നീ വിശ്വസിക്കുന്നുണ്ടു്. എന്നാൽ ഇതിനെപ്പററി വേണ്ടവിധം ആലോചിക്കുന്നില്ല. നീ തനിയെയായിരിക്കുമ്പോൾ യാതൊരു സൃഷ്ടിയും നിന്നെ കാണുകയും നിന്റെ വിചാരങ്ങളും പ്രവൃത്തികളും സൂക്ഷിക്കയും ചെയ്യാത്തതുപോലെയാണു് നിന്റെ ഭാവം. സജീവമായ വിശ്വാസം നിന്നിൽ ഉണ്ടായിരുന്നെങ്കിൽ ഈ വിശുദ്ധ സ്നേഹിതനോടു സംഭാഷിക്കുന്നതു് എത്ര ആനന്ദപ്രദവും ആശ്വാസകരവുമായി നിനക്കു തോന്നുമായിരുന്നു! നിന്റെ വിചാരങ്ങളും നിനക്കുണ്ടാകുന്ന അനർത്ഥങ്ങളും എത്ര താല്പര്യത്തോടുകൂടെ ഇയ്യാളെ അറിയിച്ചേനെ; സംശയങ്ങളിലും അരിഷ്ടതകളിലും പരീക്ഷകളിലും നീ ഏതുവിധം ആശ്വാസവും ശക്തിയും ധൈര്യവും ഇയ്യാളിൽ വഴിയായി തേടിയേനെ! അനേകം വിശുദ്ധർ, പ്രത്യേകമായി വി. കമീല്ലസ്, ഫ്രൻസീസ്സൂറൊമ്മാനാ; റോസ ദെ ലീമ എന്നിവർ തങ്ങളുടെ കാവൽഭൃതന്മാരുടെനേരെ സജീവഭക്തി വച്ചിരിക്കയും അവരെ ശരീരദൃഷ്ട്യാ കണ്ടനുഭവിച്ചാനന്ദം സംഭാഷിക്കയും ചെയ്തിരുന്നതായി അവരുടെ ചരിത്രങ്ങളിൽ നാം വായിക്കുന്നു.

സ്തോത്രപ്രകരണങ്ങൾ:- നമ്മുടെ കാവൽക്കാരായി അവിടുത്തെ ഭൃതരെ കല്പിച്ചുതന്നിട്ടുള്ള ദൈവത്തോടു നന്ദിപറയുക. ഈ കാവൽക്കാരുടെ സാന്നിദ്ധ്യത്തെ നാം പലപ്പോഴും മറന്നുകളഞ്ഞതിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:- പലപ്പോഴും കാവൽഭൃതന്മാരുടെ സഹായം അപേക്ഷിക്കുക; അവരോടു ആലോചന ചോദിക്കുക; അവരു

ടെനേരെയുള്ള കേതി പ്രചരിപ്പിക്കുവാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു

കാവൽഭൂതന്മാർ നമുക്കു ചെയ്യുന്ന ഉപകാരങ്ങൾ

ധ്യാനം:– നിന്റെ വഴികളിലൊക്കയും നിന്നെക്കാക്കുന്നതിന്നു ദൈവം അങ്ങേ ഭൂതരോടു കല്പിച്ചു. (സങ്കീ. ൯൧ ഫ്ര.) ഈ കല്പനാനുസരണം നമ്മുടെ കാവൽഭൂതന്മാർ നമ്മുടെ ശരീരത്തെ കാക്കുന്നു. അതായതു്: അതിന്നു നേരിടാവുന്ന അനവധി ആപത്തുകളും അപ്പോളപ്പോളകറ്റുകയും അതിന്റെ സുഖത്തിന്നും ജീവനും ആവശ്യമായവയെ സസ്നേഹം അന്വേഷിക്കുകയും ചെയ്യുന്നു. ൨. അക്ഷയമായ നമ്മുടെ ആത്മാവുകളേയും; അവയുടെ നന്മകളേയുംകുറിച്ചു ഇതിനെക്കാളും കൂടുതലായ സ്നേഹവും താല്പര്യവുമാണു ദൈവഭൂതന്മാർക്കുള്ളതു്. ഇതിനാൽ ആദ്ധ്യാത്മികജ്ഞാനം നമ്മിൽ ഉണ്ടാക്കുവാൻ അവർ ഉദ്യമിക്കുന്നു, നല്ല വിചാരങ്ങളും നമ്മിൽ ഉദിപ്പിക്കുന്നു, പിശാചു നമുക്കു വയ്ക്കുന്ന കണികളെ നമ്മെ ഗ്രഹിപ്പിക്കാൻ ശ്രമിക്കുന്നു; ആദ്ധ്യാത്മികയുദ്ധത്തിൽ നമ്മെ ആശ്വസിപ്പിക്കയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. നാം ആദ്ധ്യാത്മികപാതയിൽനിന്നു വ്യതിചലിക്കുമ്പോൾ ഉള്ളേ നമ്മെ കുറ്റപ്പെടുത്തുകയും, നമ്മുടെ കടമകളെ ശരിയായി നിവർത്തിക്കുന്നതിന്നു ശാന്തതയോടും മാധുര്യത്തോടും കൂടെനമ്മെനിർബന്ധിക്കയും സഹായിക്കയുംചെയ്യുന്നു. ഇങ്ങനെയുള്ളവ നമ്മുടെ കാവൽഭൂതന്മാരുടെ ഒരു പ്രത്യേക ഉദ്യോഗമാകുന്നു. ൩. റാഫേൽ അതിഭൂതൻ ചെറിയ തോബിയാസിന്നു ചെയ്തതുപോലെ, ഇവരും നമ്മെ ഇഹലോകജീവിതമെന്ന പ്രയാണത്തിൽ ആപത്തുകളിൽനിന്നു കാക്കുകയും സൽപഥത്തിലൂടെ നയിക്കുകയും ചെയ്യുന്നു. ൪. എന്നാൽ ഇവർ പ്രത്യേകമായി നമ്മെ സഹായിക്കുന്നതു നമ്മുടെ മരണസമയത്താണു്.

പ്രായോഗികചിന്ത:– കാവൽഭൂതന്റെ ഈ പരിപാലന കണ്ടു വിസ്മയിക്കുക. ഈ ഉത്തമകാവൽക്കാരനെ സന്തോഷിപ്പിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ കഴിയുന്നതു ഈ സ്വർഗ്ഗാരൂപിയെ അനുകരിക്കേണ്ടിയിരിക്കുന്നു. എങ്ങിനെയെന്നാൽ ഫ. ശ്രേഷ്ഠന്മാർ നിന്നോടു കല്പിക്കുന്ന കാര്യങ്ങളും അചഞ്ചലമനസ്സോടും നിനക്കു കഴിയുന്ന പൂർണ്ണതയോടുംകൂടെ നിവർത്തിക്ക

ക. വ. ലോകമായങ്ങളിലും അതിന്റെ വഞ്ചനകളിലും കുടുങ്ങിപ്പോകാതെ ഈ സ്വർഗ്ഗീയദൂതനെ അനുകരിച്ചു ഏകാഗ്രചിത്തവും ഹൃദയശുദ്ധിയും കാക്കുവാൻ ശ്രമിക്കുക. ന. മനുഷ്യർക്കു ദൈവദൂതന്മാർ ചെയ്യുന്ന ഉപകാരം പലപ്പോഴും നിസ്സ്വലമായിപ്പോയാലും, അവർ തങ്ങളുടെ വിശുദ്ധ ഉദ്യോഗത്തിൽ എപ്പോഴും പൂർണ്ണസമാധാനത്തോടെ ഇരിക്കുന്നു. അതുകൊണ്ടു നീയും സകലത്തിലും മനസ്സമാധാനം കാക്കുവാൻ ശ്രമിക്കുക.

സ്തോത്രപ്രകരണങ്ങൾ:- നിന്റെ കാവൽദൂതന്റെ പരിപൂർണ്ണതയെ യഥാശക്തി അനുകരിക്കുവാൻ വേണ്ട ദൈവസഹായം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- എന്നെ കാക്കുന്ന ദൈവദൂതാ! ദൈവം അങ്ങേ കൃപയാൽ നിനക്കേല്പിച്ചിരിക്കുന്ന എന്നെ ഈ ദിവസത്തിൽ പ്രകാശിപ്പിക്കുകയും, കാത്തുസംരക്ഷിക്കുകയും ഭരിച്ചു നടത്തുകയും ചെയ്യേണമെ. എന്നീ സുകൃതജപം മുകളിൽ പറഞ്ഞ ഉദ്ദേശ്യത്തോടെ പ്രതിദിനം ചൊല്ലുക. (ന്യ-ാം പിയൂസ്, ൈ-ാം പീയൂസ്, എന്നീ വിശുദ്ധ പാപ്പാമാർ ഇതിനു ബന്ധവിമോചനം കല്പിച്ചിട്ടുണ്ട്.)

മൂന്നാംവകുപ്പു

കാവൽദൂതന്റെനേരെ നമുക്കുള്ള കടമകൾ

ധ്യാനം:- കാവൽദൂതന്റെനേരെ വണക്കം, ഭക്തി, കൃതജ്ഞത, ആശ്രയം എന്നിവയാണു പ്രത്യേകമായി നാം അഭ്യസിക്കേണ്ടതു് എന്നു വി. ബെർണ്ണാർദ്ദു പറയുന്നു. അതായതു്: നാം എപ്പോഴും ഈ ദൈവദൂതന്റെ സന്നിധിയിലായിരിക്കുന്നു എന്നോർത്തു വണക്കത്തോടുകൂടെ വർത്തിക്കണം. ഈ ദൈവദൂതൻ നമുക്കു ചെയ്യുവരുന്ന സഹായങ്ങളെക്കുറിച്ചു നന്ദിയുള്ളവരായിരിക്കണം. നമ്മുടെ കാവൽദൂതൻ രാപ്പകൽ നമ്മെ കാത്തു ഭരിച്ചുവരുന്നതിനാൽ ഈ സ്വർഗ്ഗീയകാവൽക്കാരന്റെ പാലനയിൽ നാം പൂർണ്ണമായി ആശ്രയിക്കണം. ഈ കടമകളെ ഓർത്തു നിവർത്തിക്കയും, കാവൽദൂതന്മാരുടെ പ്രത്യേക ബഹുമാനത്തിന്നായി തിരുസ്സഭ നിശ്ചയിച്ചിരിക്കുന്ന തിരുനാളിലെങ്കിലും ഈ സ്വർഗ്ഗീയകാവൽക്കാരനെ ബഹുമാനിച്ചു വണങ്ങുവാൻ ശ്രമിക്കയും ചെയ്യുന്നവർ എത്രയുണ്ടാകും?

പ്രായോഗിക ചിന്ത:- അതുകൊണ്ടാൽ നീ നിന്റെ കാവൽദൂതന്റെ നേരെയുള്ള വണക്കവും ഭക്തിയും ആശ്രയവും കൂടുതൽ കൂടുതലായി പ്രദർശിപ്പിപ്പാൻ ശ്രമിക്കുക. എങ്ങിനെയെന്നാൽ ഒരു മാന്യന്റെ മുമ്പിൽ ഏതുവിധവണക്കം നാം കാണിക്കുമോ അതുപോലെയുള്ള വണക്കമെങ്കിലും എപ്പോഴും പ്രത്യേകമായി നാം തനിയെ ആയിരിക്കുമ്പോഴും, ഈ ദൈവദൂതന്റെ നേരെ നാം കാണിക്കണം. ഈ ദൈവദൂതൻ നമ്മിൽ ഉളവാക്കുന്ന നല്ല വിചാരങ്ങളെ ഔദാര്യപൂർവ്വം നാം അംഗീകരിക്കയും നമുക്കു ചെയ്യുവരുന്ന ഉപകാരങ്ങളെക്കുറിച്ചു ദിനംപ്രതി നന്ദിപറയുകയും ചെയ്യണം. സംശയങ്ങളിലും അരിഷ്ടതകളിലും എന്നല്ല എല്ലാ ആവശ്യങ്ങളിലും ഈ ദൈവദൂതന്റെ സഹായവും ആദരവും തേടണം. ഇങ്ങനെ ഒക്കെയാണു് നമ്മുടെ ഭക്തി പ്രദർശിപ്പിക്കേണ്ടതു്.

സംഭാഷണം:- നിന്റെ കാവൽദൂതനോടു സംഭാഷണം ചെയ്യുക.

രണ്ടാംതിയ്യതി

നമ്മുടെ കർത്താവു രൂപാന്തരീഭവിച്ചതു.

പ്രാരംഭം:- നമ്മുടെ കർത്താവു താബോർമലയിൽ മഹത്വത്തോടുകൂടെ നില്ക്കുന്നതു കാണുന്നെന്നു വിചാരിക്കുക.

ഫ. ഈ മഹാരഹസ്യത്തെ ഫലപ്രദമാംവണ്ണം ധ്യാനിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ രൂപാന്തരീഭവിച്ചതിന്റെ രഹസ്യം

ധ്യാനം:- യേശു പത്രോസിനെയും, യാക്കോബിനെയും, അയാളുടെ സഹോദരൻ യോഹന്നാനെയുംകൂട്ടി, അവരെ തനിച്ചു് ഒരു ഉയർന്ന മലയിലേയ്ക്കു കൊണ്ടുപോകുന്നു. പിന്നെ അദ്ദേഹം അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. അപ്പോൾ അവിടു

ത്തെമുഖം സൂര്യനെപ്പോലെപ്രകാശിച്ചു, അദ്ദേഹത്തിന്റെ വസ്ത്രങ്ങളോ ഹിമസമാനം ശുഭ്രവർണ്ണമായി. അപ്പോൾ അതാ, മോസെസും എലിയാസും അവിടത്തോട് സംഭാഷിച്ചുകൊണ്ടിരിക്കുന്നതായിഅവർക്കു പ്രത്യക്ഷപ്പെട്ടു. തദവസരത്തിൽപത്രോസ് യേശുവിനോടു ഇങ്ങനെ പറഞ്ഞു: കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു; അങ്ങേയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ, ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം: ഒന്നു അങ്ങേയ്ക്കും, ഒന്നു മോസെസിനും, ഒന്നു എലിയാസിനും. അയാൾ പറഞ്ഞുകൊണ്ടിരിക്കുമ്പോൾതന്നെ, അതാ പ്രകാശമാനമായ ഒരു മേഘം അവരെ ആച്ഛാദനംചെയ്തു. അപ്പോൾ അതാ മേഘത്തിൽനിന്നു ഒരു സ്വരം പറയുന്നു: ഇയ്യാൾ എന്റെ പ്രിയ പുത്രനാകുന്നു; ഇയാളിൽ ഞാൻ സംപ്രീതനായിരിക്കുന്നു, ഇയ്യാളെ ശ്രവിച്ചുകൊള്ളുവിൻ. അതു കേട്ട ശിഷ്യർ അധോമുഖരായി വീണു, വളരെ ഭയപ്പെടുകയുംചെയ്തു. അപ്പോൾ യേശു അടുത്തുവന്നു അവരെ തൊട്ടു: എഴുന്നേൽക്കുവിൻ, ഭയപ്പെടേണ്ട എന്നു അവരോടു അരുളിച്ചെയ്തു. എന്നാൽ അവർ തങ്ങളുടെ ദൃഷ്ടി ഉയർത്തിയപ്പോൾ യേശുവിനെമാത്രമല്ലാതെ (മറ്റു) ആരെയും കണ്ടില്ല. (മത്തെ. ഛ. ഛ—വ.)

പ്രായോഗികചിന്ത:— നമ്മുടെ കർത്താവു രൂപാന്തരപ്പെട്ട ഈ മഹാവിശേഷം ഒന്നും വിടാതെ ആരംഭംമുതൽ അവസാനം വരെ സുവിശേഷകൻ വിവരിച്ചു നമ്മെ അറിയിക്കുന്നു. ഇതു് ഒരു ചരിത്രം എന്നതിനേക്കാൾ നമ്മുടെ മുമ്പാകെ നടക്കുന്ന ഒരു സംഭവമായി നാം കരുതണം. മാത്രമല്ല ഇവ സംഭവിക്കുന്നിടത്തു നാം നില്ക്കുന്നതായും വിചാരിക്കണം. ഇതിൽ പറയുന്ന ആളുകളേയും അവരുടെ വചനങ്ങളേയും ക്രിയകളേയും ചിന്തിക്കുക. അഹൊ! എത്ര ഹൃദയസ്പർശകമായ സംഭവങ്ങളും എത്ര പ്രയോജനകരമായ പഠനങ്ങളും ഇതിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ ചിന്തകൊണ്ടു സമയം അധികം പോകുമെന്നോർത്തു ഭയപ്പെടേണ്ട. ധ്യാനത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്കു കടക്കാതെ ഇതിൽതന്നെ താമസിക്കുക. ഇതു നമുക്കു നിഷ്പ്രയോജനകരമായിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ നിന്റെ കൂടാരങ്ങൾ എത്ര മനോഹരങ്ങളായിരിക്കുന്നു! പാപികളുടെ കൂടാരത്തിൽ ആയിരം ദിവസങ്ങൾ വസിക്കുന്നതിനേക്കാൾ നിന്റെ കൂടാര

ത്തിലെ ഒരു ദിവസം എത്രയോ നല്ലതാകുന്നു. പാപികളുടെ ക്ഷേത്രത്തിൽ അഗ്രാസനം വഹിക്കുന്നതിനെക്കാൾ നിന്റെ ക്ഷേത്രത്തിൽ ഏറ്റവും താണവനായിരിപ്പാൻ ഞാൻ ക്ഷേമതൽ ആഗ്രഹിക്കുന്നു. (സങ്കീർത്തനം വ്യവ. ഫ്രഫ.)

പ്രതീജ്ഞ:— ഇവിടെ പറഞ്ഞിരിക്കുന്നപോലെ ആം വചനം ക്രിയ എന്നിവ ചിന്തിക്കുന്നതിൽ എനിക്കു കേതി വർജ്ജിക്കുമെങ്കിൽ ഇതിൽ ഞാൻ ഉദാസീനനായിരിക്കുകയില്ല.

രണ്ടാംവകുപ്പു

ഈശോ രൂപാന്തരീഭവിക്കുന്നതിനുള്ള കാരണം

ധ്യാനം:—ഈശോ പീഡകരം സഹിച്ചു മരിക്കാനിരിക്കുന്ന വിവരം എട്ടു ദിവസങ്ങൾക്കുമുമ്പ് അവിടുന്നുതന്നെ അപ്പോസ്തലന്മാരെ അറിയിച്ചിട്ടുണ്ടായിരുന്നു. അനന്തരം അവർ അവിടുത്തെയും സുവിശേഷത്തെയുംകുറിച്ചു, സകലവും എന്നല്ല, തങ്ങളുടെ ജീവനെക്കുടെയും പരിത്യജിക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. ഇതു് അവർക്കു ദുഃഖത്തിനും വിഷാദത്തിനും കാരണമായിരുന്നെന്നു പറയേണ്ടതില്ലല്ലൊ. ഇതുകൊണ്ടു അവരുടെ വിശ്വാസത്തിനു് ഇളക്കം തട്ടുന്നതിനും ഇടയുണ്ടായിരുന്നു. ആകയാൽ ഈ ആപത്തിൽനിന്നു് അവരെ രക്ഷിപ്പാനും ഒരു ദിവസം വേദസാക്ഷികളായി മരിപ്പാൻവേണ്ട ധൈര്യം അവക്കു നൽകുവാനും വേണ്ടിയാണു് ഈ പ്രതാപമേറിയ ദർശനം ഈശോ അവർക്കു കാണിച്ചതു്. തന്നിൽ മറഞ്ഞിരിക്കുന്ന ദൈവികതത്വത്തെ അവക്കു പ്രത്യക്ഷമാക്കിയതുകൂടാതെ സ്വർഗ്ഗത്തിൽ അവർ അനുഭവിപ്പാനിരിക്കുന്ന പരമാനന്ദഭാഗ്യത്തിന്റെ ഏതാണ്ടൊരു സ്വാദും അവരെ ആസ്വദിപ്പിച്ചു. ഈ രൂപാന്തരം അവിടുന്നു രൂപാന്തരപ്പെടുന്നതിനുണ്ടായിരുന്ന മുഖകാരണം.

പ്രായോഗികചിന്ത:— ദൈവം നമ്മെ നയിക്കുന്നവഴി ഇതാണു്. കഴിഞ്ഞുപോയിട്ടുള്ള കാര്യങ്ങളിൽനിന്നുള്ള ദുഃഖകരമായ അനുഭവങ്ങളാലും, ഭാവിയിൽ സംഭവിക്കാവുന്നവയെപ്പറ്റിയുള്ള ഉല്ക്കണ്ഠയാലും ചഞ്ചലവും വിഷാദവും അധൈര്യവും നമ്മിൽ ഉണ്ടാകുന്നതിനു ചിലപ്പോൾ അവിടുന്നനുവദിക്കാറുണ്ടു്. എന്നാൽ ഇപ്രകാരം അനുവദിച്ചാലും ഈ ദുഃഖത്തിന്റെ

ശേഷം നമ്മുടെ ബോധാന്ധകാരത്തെ നീക്കി സന്തോഷസമ്മീളിതമായ പ്രതീക്ഷകൊണ്ടു നമ്മുടെ ഹൃദയത്തെ നിറയ്ക്കുന്നതിന്നായി സ്വർഗ്ഗീയപ്രകാശത്തിന്റെ കതിരുകളെ നമ്മിൽ പ്രത്യക്ഷപ്പെടുത്തുകയുടെ ചെയ്യുന്നു.

സ്നേഹപ്രകരണങ്ങൾ:— പരീക്ഷകാലങ്ങളിൽ നീ അധൈര്യപ്പെടുകയും, നിരാശയോടെ വിശ്വസ്തതയറ്റുപോകുകയും ചെയ്തതിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— എപ്പോഴും മനസ്സമാധാനം കാക്കുന്നതിന്നും, നിന്റെ മനഃചാഞ്ചല്യത്തിന്മേൽ അധികാരംപ്രാപിച്ചു സമാധാനനില അനുസരിക്കുന്നതിന്നും ശ്രമിക്കുക.

മൂന്നാംവകുപ്പു

വി. പത്രോസിന്റെ ആനന്ദപാരവശ്യം

ധ്യാനം:—ഈശോയുടെ മനുഷ്യത്വം മഹത്വംപ്രാപിച്ചതുകണ്ടു വി. പത്രോസ് തന്നെത്താൻ മറന്നുപോയി. ഇതിനാൽ അവിടുത്തോടു പറയുന്നു: ഗുരോ നാം ഇവിടെ ഇരിക്കുന്നതു നമുക്കു നല്ലതാകുന്നു. ഞങ്ങൾക്കു മൂന്നു കൂടാരങ്ങൾകൂടി ഉണ്ടാക്കാം... ...എന്തെന്നാൽ അയാൾ ഭയത്താൽ ഭ്രമിച്ചിരുന്നതുകൊണ്ടു എന്താണു പറയുന്നതെന്നു അയാൾ അറിഞ്ഞിരുന്നില്ല (മാർക്കൻ. ൯, ൫.) ഈശോ മറുരൂപനായി. ഇങ്ങനെ തന്റെ മഹത്വത്തെ പ്രത്യക്ഷീകരിക്കുന്നതിന്റെ കാരണം അപ്പോസ്തോലന്മാർ അപ്പോൾവേണ്ടവിധംഗ്രഹിച്ചിരുന്നില്ല. എങ്കിലുംപിന്നീടു ഗ്രഹിച്ചു. മാത്രമല്ല അവർക്കു നേരിട്ട കഠോരപീഡാനുഭവത്തിൽ ഈ ഭാഗ്യകരമായ സ്മരണ വളരെ ആശ്വാസജനകമായിത്തീരുകയും ചെയ്തു. തന്നിമിത്തം, ഇതു് എടുത്തു കാട്ടിക്കൊണ്ടു ഇതരന്മാരെയും അവർ ധൈര്യപ്പെടുത്തിയിരുന്നു. (വ. പത്രോ. ൧.)

പ്രായോഗികചിന്ത:— ഈ പരമരഹസ്യത്താൽ കരുണാനിധിയായ നമ്മുടെ രക്ഷകൻ നിർദ്ദേശിക്കുന്ന ഫലങ്ങൾ വി. പത്രോസിനെപ്പോലെ നാമും പ്രാപിപ്പാൻ ശ്രമിക്കുക. ധൈര്യം ഒന്നായ്മ എന്നിവയാണു് ആ ഫലങ്ങൾ. ഈശോയുടെ മാനുഷികതത്ത്വത്തിൽ പ്രതിബിംബിച്ച മഹിമയെ ഒരു ക്ഷണനേരംമാത്രം ദർശിച്ചതുനിമിത്തം അപ്പോസ്തോലപ്രമുഖനായ വി പത്രോസ് ആനന്ദാധിക്യത്താൽ പരവശതയിലായിപ്പോയെങ്കിൽ സ്വർഗ്ഗത്തിൽ നിത്യമായി അങ്ങയെ ദർശിക്കുമ്പോൾ നമുക്കുണ്ടാകു

ന്ന ദേഹാനന്ദങ്ങളും എങ്ങനെയുള്ളവരായിരിക്കും! ഇതു വിചിന്തനംചെയ്യുക. ഈ വിചാരം നമ്മിൽ സുസ്ഥിരമാക്കിക്കൊണ്ടു വി. പൗലോസിനെപ്പോലെ ഇങ്ങനെ പറയുക: ഇക്കാലത്തിലെ കഷ്ടാരിഷ്ടതകളും നമ്മിൽ വെളിപ്പെടുവാനിരിക്കുന്ന മഹത്വത്തോടു സാമ്യം വഹിക്കുന്നില്ല. (റോമാ. വ്യ. ൧൮.)

സംഭാഷണം:— നമ്മുടെ കർത്താവു രൂപാന്തരീഭവിച്ചതിന്നു ദൃക്സാക്ഷികളായ ആ മൂന്നു അപ്പൊസ്തോലന്മാരോടു സംഭാഷണം ചെയ്യുക.

മൂന്നാം തീയ്യതി

ചന്ദ്രരോഗവും പിശാചുബാധയുമുള്ള ഒരു കുട്ടിയെ
ഈശോ സുഖപ്പെടുത്തുന്നു.

പ്രാരംഭം ൧. ചന്ദ്രരോഗിയായ കുട്ടിയുടെ പിതാവു ഈശോയുടെ തൃപ്പാദങ്ങളിൽ മുട്ടുകുത്തി അപേക്ഷിക്കുന്നതു കാണുന്നെന്നു വിചാരിക്കുക.

൨. സജീവമായ വിശ്വാസം, ഇതരന്മാരുടെ സൽകൃതാഭിവൃദ്ധിയെപ്പറ്റി തീക്ഷ്ണമായ ആഗ്രഹം, അവരുടെ കഷ്ടാരിഷ്ടതകളിൽ സഹതാപം ഇവയായവ ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അപ്പൊസ്തോലന്മാർക്കു സുഖപ്പെടുത്തുവാൻ കഴിയാത്ത
ഒരു രോഗിയെ ഈശോയുടെ അടുക്കൽ
കൊണ്ടുവരുന്നു.

ധ്യാനം:— നമ്മുടെ കർത്താവും അവിടുത്തെ രൂപാന്തരം ദർശിച്ച മൂന്നുപേരും പിറ്റെ ദിവസം താബോർ മലയിൽ നിന്നിറങ്ങി മറ്റു അപ്പൊസ്തോലന്മാരുടെ അടുക്കൽചെന്നു. അപ്പോൾ ഒരു വലിയ ജനസഞ്ചയം അവരെ ചുറ്റിയിരിക്കുന്നതും ഉപദേഷ്ടാക്കന്മാർ അവരോടു വാഗ്പ്രതിവാദം നടത്തുന്നതുമായി കണ്ടു.

അവിടുന്നു് അവരോടുകൂടെ ഇല്ലാതിരുന്നസമയം അവർ ഒരു പിശാചിനെ ബഹിഷ്കരിക്കുവാൻ ശ്രമിച്ചു. പക്ഷെ അവക്കു് അതു സധിച്ചില്ല. ഇതായിരുന്നു തക്കവിഷയം. അപ്പോൾ അവിടുന്നു അവരോടു ചോദിച്ചു: നിങ്ങൾ എന്താണു് പരസ്പരം തർക്കിക്കുന്നതു? ജനക്കൂട്ടത്തിൽ ഒരുത്തൻ അതിനു മറുപടി പറഞ്ഞു: ഗുരോ, മൂകമായ അശുപി ബാധിതനായ എന്റെ മകനെ അങ്ങയുടെ അടുക്കൽ ഞാൻ കൊണ്ടുവന്നിരിക്കുന്നു. അതു് അവനെ എവിടെ വച്ചാക്രമിച്ചാലും, അവനെത്തള്ളിയിടുന്നു. പിന്നെ അവൻ നുരയ്ക്കുകയും പല്ലുഞെരുമ്പുകയും സ്തംഭിച്ചു പോകയും ചെയ്യുന്നു. അതിനെ ബഹിഷ്ക്കരിക്കണമെന്നു നിന്റെ ശിഷ്യന്മാരോടു ഞാൻ പറഞ്ഞു. പക്ഷെ അവക്കു സാധിച്ചില്ല. (മാക്കൻ. ഗ്രന്ഥ. ഉദ്ധ, ഗ്രന്ഥ, ഉദ.)

പ്രായോഗികചിന്ത:— പിശാചിന്റെ ക്രൂരത നോക്കുക ആ കുട്ടിയിൽ പ്രവേശിക്കുന്നതിനു് ദൈവം അവനു് അനുവദിച്ച തരം പിടിച്ചു സാധിക്കുമ്പോഴെല്ലാം അവനെ ഉപദ്രവിക്കുന്നു. അവന്റെ പിതാവു് ആവലാതിപ്പെട്ടതുപോലെ പിശാചു ആ ബാലകനെ കഴിയുന്നത്ര പീഡിപ്പിച്ചിരുന്നു. അവനെ നശിപ്പിക്കാനായി പലപ്പോഴും തീയിലും വെള്ളത്തിലും അവനെ തള്ളിയിട്ടിരുന്നു. (മാക്കൻ. വഥ) പിശാചു എത്ര ഭയങ്കരൻ! ഗുരുതരമായ പാപം വഴിയായി എത്ര ക്രിസ്ത്യാനികൾ തങ്ങളുടെ ആത്മാവും ശരീരവും ഈ ദുഷ്ടനു വിട്ടുകൊടുക്കുന്നു! കേവരായ എത്രയോ ക്രിസ്ത്യാനികൾ എന്നല്ല ദൈവത്തിനു പ്രതിഷ്ഠിതരായ സന്യാസികളിൽ തന്നെ എത്ര പേർ വ്യർത്ഥാഭിമാനം അമിതാഹ്ലാദം അസൂയ സുഖഭോഗേച്ഛ ആദിയായ വയ്ക്കൽ പ്രേരിതരായി പിശാചിന്റെ കുതന്ത്രങ്ങൾക്കു് ഇരയായിത്തീരുന്നു! നീയും ഇത്തരത്തിൽ പെട്ടവനാണോ?

സ്നേഹപ്രകരണങ്ങൾ:— പിശാചിന്റെ സകല തന്ത്രങ്ങളിൽനിന്നും കർത്താവെ ഞങ്ങളെ നീ രക്ഷിക്കേണമെ.

പ്രതിജ്ഞ:— അഹംഭാവം, അമിതഭോഗാഹ്ലാദം എന്ന ദുർഗുണങ്ങളിൽ നിന്നു പ്രത്യേകസൂക്ഷ്മത്തോടെ ഒഴിയുക.

രണ്ടാംവകുപ്പു

ഈശോയുടെ ശകാരം.

ധ്യാനം:— ശിഷ്യന്മാർക്കു് ആ പിശാചിനെ ബഹിഷ്കരി

ക്കുവാൻ സാധിച്ചില്ലെന്ന ജനങ്ങൾ ആവലാതിപ്പെടുകയും ക്ഷോഭിക്കുകയും ചെയ്തപ്പോൾ ശാന്തശീലനായ ഈശോ വാത്സനപൂർവ്വം അവരോടു പറഞ്ഞു: വിശ്വാസവിഹീനമായ സന്തതീ, ഞാൻ എത്രനാൾ നിങ്ങളോടു് ഒന്നിച്ചുവസിക്കും? എത്ര നാൾത്തെയ്ക്കു നിങ്ങളെ ഞാൻ സഹിക്കും? (മാർക്കൻ. ൯. ൧൯) കർക്കശമായ ആ ശകാരത്തിന്റെകാരണം ഉപദേഷ്ടാക്കന്മാരുടെ അനീതിയും അപ്പോസ്തോലന്മാരുടെ വിശ്വാസക്കുറവുമായിരുന്നു. പ്രസ്തുത പിശാചിനെ അവർക്കു് ബഹിഷ്കരിക്കുവാൻ കഴിയാഞ്ഞതും ഈ വിശ്വാസക്കുറവുനിമിത്തം തന്നെയായിരുന്നു. തന്റെ ശത്രുക്കളിൽനിന്നു വരുന്ന പീഡകളെല്ലാം ശാന്തമായി സഹിക്കുവാൻ ഒരുങ്ങിയിരുന്ന മിശിഹാ ഈ അവസരത്തിൽ ആവലാതിപ്പെട്ടതിന്റെ കാരണം നാം നല്ലവണ്ണം മനസ്സിലാക്കണം. തന്റെ പ്രത്യേക സ്നേഹത്തിന്നു വിഷയമായിരിക്കുന്നവർ തന്നോടു കൂടുതൽ സ്നേഹവും വിശ്വാസവും പ്രദർശിപ്പിക്കണമെന്നു് അവിടുന്നു ആഗ്രഹിക്കുന്നു. ഈ വിശ്വാസത്തിന്റെയും ആശ്രയബുദ്ധിയുടെയും അഭാവമാകുന്നു അവിടുത്തേയ്ക്കു് ദുസ്സഹമായിരിക്കുന്നതു്. നമ്മെ സംബന്ധിച്ചാണെങ്കിൽ ഈശോ തന്റെ കരുണയുടെയും പ്രത്യേക സ്നേഹത്തിന്റെയും ലക്ഷ്യങ്ങൾ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. അസ്ഥിതിക്കു നമ്മുടെ പ്രാർത്ഥനകൾ സഫലമാകുകയില്ലെന്നും നമ്മുടെ അയോഗ്യത നിമിത്തം ഒരുപക്ഷേ നമ്മെ കേൾക്കുകയില്ലെന്നും മറ്റും സംശയിക്കുന്നതു് അവിടുത്തേയ്ക്കു് ഹൃദയഭേദകമായിരിക്കും. ഈ അബദ്ധം നമുക്കു് ഒരിക്കലും വരാതിരിക്കട്ടെ. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അഭാവം നിമിത്തം എത്രയോ ആത്മാക്കൾ—ക്രൈതരായിരിക്കുന്നവർപോലും—നിർഭാഗ്യത്തിൽ അകപ്പെട്ടിട്ടുണ്ടു്! ഈ ദുരവസ്ഥ നിനക്കും അനുഭവപ്പെട്ടിട്ടുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— വിശ്വാസത്തിന്റെയും പ്രത്യാശയുടെയും കുറവിനെക്കുറിച്ചു് ക്ഷമാപണം ചെയ്യുക. ചോദിക്കുന്ന ഏവനും കിട്ടുന്നു. (മത്തേ. ൭. ൮.) ഇതു് നിന്റെ മുദ്രാവാക്യമായിരിക്കട്ടെ. ചോദിക്കുന്ന വല്ലവനുമെല്ലാ വേണ്ടവിധം ചോദിക്കുന്ന "ഏവനും" സിദ്ധിക്കുമെന്നു ദൃഢമായി വിശ്വസിക്കുക.

പ്രതിജ്ഞ:— നിരാശ നിന്നെ ആക്രമിക്കുമ്പോൾ ധൈര്യ

ത്തോട്ടുകൂടെ എതിർക്കുക. നൈരാശ്യം ഒരു മഹാ ദൈവ നിന്ദനവും നമുക്കുതന്നെ അത്യന്തം അപകടകരവുമായ ഒരു മനഃസ്ഥിതിയാണു്.

മൂന്നാംവകുപ്പു

അപ്പോസ്തോലന്മാർക്കു പിശാചിനെ ബഹിഷ്കരിക്കുവാൻ സാധിക്കാഞ്ഞതിന്റെ കാരണം.

ധ്യാനം:— യേശുവിന്റെ മുഖപടികൊണ്ടുതന്നെ അതു പ്രത്യക്ഷമാകുന്നുണ്ടു്. അപ്പോൾ ശിഷ്യന്മാർരഹസ്യത്തിൽ യേശുവിനെസമീപിച്ചു് അതിനെ ബഹിഷ്ക്കരിക്കുവാൻ ഞങ്ങൾക്കു കഴിയാഞ്ഞതെന്തുകൊണ്ടു്? എന്നു ചോദിച്ചു യേശു അവരോടു പറഞ്ഞു: നിങ്ങളുടെ അവിശ്വാസംകൊണ്ടു തന്നെ. എന്തുകൊണ്ടെന്നാൽ സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു: ഒരു കടുകുമണിക്കു തുല്യമായ വിശ്വാസം നിങ്ങളിൽ ഉണ്ടായിരിക്കുമെങ്കിൽ, ഇവിടെനിന്നു് അങ്ങോട്ടു മാറുക എന്നു് ഈ മലയോടു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്കു ഒന്നും അസാദ്ധ്യമായിരിക്കയുമില്ല, എങ്കിലും പ്രാർത്ഥനയും ഉപവാസവുംകൊണ്ടല്ലാതെ ഈ ജാതി ബഹിഷ്ക്കരിക്കപ്പെടുന്നില്ല. (മത്തേ. ൧൭. ൧൯, ൨൦.)

പ്രായോഗികചിന്ത:— ഈശോ ഇവിടെ പ്രത്യേകമായി നമ്മെ പഠിപ്പിച്ചിരിക്കുന്നതു മൂന്നുകാര്യങ്ങളാണു്. ൧. അന്യരെ പിശാചിന്റെ പിടിയിൽനിന്നു് വിമോചിക്കുവാൻ—പാപത്തിൽനിന്നു രക്ഷിക്കുവാൻ—നിയുക്തരായിരിക്കുന്നാം ഇതരന്മാരെ അപേക്ഷിച്ചു് കൂടുതൽ ദൈവവിശ്വാസവും പ്രത്യാശയും ഉള്ളവരായിരിക്കണം. ൨. നമ്മുടെ വിശ്വാസത്തിന്റെ വർദ്ധനവു് അനുസരിച്ചിരിക്കും ദൈവത്തെ പ്രതി മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിനു നമുക്കു സിദ്ധിക്കുന്ന ശക്തി. ൩. എന്നാൽ ചിലപ്പോൾ നമ്മുടെ വിശ്വാസത്തെ ഫലപ്രദമാക്കുന്നതിനു് തപസ്സുകൂടെ വേണ്ടിവരും. ഇതുകൊണ്ടാണു് പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ ഈ ജാതി ബഹിഷ്കരിക്കപ്പെടുന്നില്ലാ എന്നു ക്രീസ്തു പറഞ്ഞിരിക്കുന്നതു്. ഇതെല്ലാം ശരിയാണെന്നു നീ സമ്മതിക്കും. എന്നാൽ ഈ ബോദ്ധ്യം പ്രവൃത്തിപരം കൂടിയാക്കുവാൻ നീ പരിശ്രമിക്കുന്നുണ്ടോ? ഈ വിഷയത്തിൽ നീ പ്രവർത്തിക്കേണ്ടതായി ഇനി വല്ലതുമുണ്ടോ?

സംഭാഷണം:— നമ്മുടെ ജീവരക്ഷകനോടു സംഭാഷ

ണം ചെയ്യുക. വിശ്വാസക്കുറവിനെക്കുറിച്ച് അന്നു് അപ്പോസ്തോലന്മാക്കു് കിട്ടിയ ശകാരത്തിന്നു് ഇന്നു നീയും അർഹനാണെന്നു് ഏറ്റു പറയുക. കർത്താവെ, ഞങ്ങൾക്കു വിശ്വാസം വർദ്ധിപ്പിച്ചുതരേണമെ എന്നു അപ്പോസ്തോലന്മാരോടൊപ്പം പ്രാർത്ഥിക്കുകയും ചെയ്യുക.

നാലാംതിയ്യതി

പിശാചഗ്രസ്തനായ ബാലന്റെ സുഖപ്രാപ്തി.

പ്രാരംഭം. ഫ. ആ കുട്ടിയെ വിട്ടുപോകുവാൻ ഈശോ പിശാചിനോടു കല്പിക്കുന്നതു് ആത്മനാ ശ്രവിക്കുക.

ഫ. പിശാചിന്നു നിന്നിലേയ്ക്കു് പ്രവേശംകൊടുക്കുന്ന സംഗതികളെല്ലാം ഭയത്തോടെ വിട്ടൊഴിയാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്

ആ കുട്ടിയെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ ഈശോ കല്പിക്കുന്നു.

ധ്യാനം:- ദൈവം പ്രകൃത്യാ നന്മതന്നെയാണു്. ഈ സന്ദർഭത്തിൽ വിശേഷിച്ചും അതാണു് നാം ഈശോയുടെ പ്രവൃത്തികളിൽ കണുന്നതു്. അവിടുന്നു തന്നെ ചുറ്റിയിരുന്ന ആ ജനാവലിയേയും വിശിഷ്യ തന്നോടാവലാതി പറഞ്ഞ മനുഷ്യനേയും ശകാരിച്ചശേഷം ഉടനെ അവനോടു അനുകമ്പാപൂർവ്വം സംസാരിക്കുന്നു; നിന്റെ മകനെ ഇവിടെ കൊണ്ടുവരിക എന്നു പറയുന്നു. പിന്നെ അവൻ അടുത്തുവരികയിൽ, പിശാചു അവനെത്തള്ളി വീഴിക്കുകയും അലട്ടുകയും ചെയ്തു. (ലൂക്കാ. ൯. ൪൨.)

പ്രായോഗികചിന്ത:- സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ സംഭവംകൊണ്ടു ഒരു കാര്യം നമുക്കു് മനസ്സിലാക്കാം. അതായതു്, ദൈവത്തിന്റെ നീതിയും കോപവും വളരെ കഠിനമായ വിധത്തിലാണു് നരകത്തിൽ പ്രത്യക്ഷപ്പെട്ട

ന്നതെങ്കിലും ഭൂമിയിൽ അവ പ്രദർശിപ്പിക്കുന്നതു് കരുണ കലത്തിക്കൊണ്ടാണു്. പലപ്പോഴും അവിടുന്നു കാണിപ്പാൻ പോകുന്ന കരുണയ്ക്കു അവിടുത്തെ കോപം നാന്ദിയായിട്ടാണു് കണ്ടുവരുന്നതു. കർത്താവെ നിന്റെ കോപത്തിൽ നിന്റെ കരുണയെ ഓർക്കണമെ എന്നു ഹബക്കുക്ക പ്രീർഘദർശിപറയുന്നു. (ഹബ. ൩. ൨.) കർത്താവെ അങ്ങുന്നു് എന്നെക്കൊന്നാലും ഞാൻ നിന്നിൽ ആശ്രയിക്കാതിരിക്കുകയില്ല. എന്നു വി. യോബും പ്രകീർത്തിക്കുന്നു. (യോബു. ക്രമ. ൧൩) അതുകയാൽ ദൈവം നമ്മെ ശിക്ഷിച്ചാലും, അവിടുന്നു നമ്മെ ഉപേക്ഷിച്ചു എന്നു തന്നെ തോന്നിയാലും, അവിടുത്തെ നേർക്കു നമുക്കുള്ള വിശ്വാസത്തിനും ശരണത്തിനും യാതൊരുകുലുക്കവും ഉണ്ടാകരുതു്. ക്രൂരതയും എപ്പോഴും പ്രത്യേകമായി നാം പാപത്തിൽ നിന്നോ ആത്മിക മന്ദതയിൽനിന്നോ ഒഴിയുന്നതിനായി ദൃഢപ്രതിജ്ഞ ചെയ്തിരിക്കുമ്പോഴും നമ്മുടെ ധൈര്യവും പുണ്യത്തിലുള്ള ശ്രേഷ്ഠക്കാന്തിയും നശിപ്പിക്കാനായി പിശാചു ശ്രമിക്കുന്നു എന്നു കാണുമ്പോഴും നമ്മുടെ വിശ്വാസവും പ്രത്യാശയും ക്രൂരതൽ ക്രൂരതൽ ഉജ്ജീവിപ്പിക്കാൻ നാം ശ്രമിക്കണം. പിശാചിന്നടിമപ്പെട്ട പോകാതിരിപ്പാൻ ഇതൊരു ഉത്തമ മർഗ്ഗമാണു്.

സ്നേഹപ്രകരണങ്ങൾ:- കർത്താവെ ഞാൻ നിന്നിൽ ആശ്രയിച്ചു; എന്നെന്നേയ്ക്കും ഞാൻ ലജ്ജിക്കുകയില്ല.

പ്രതിജ്ഞ:- എന്റെ മനസ്സു് ചഞ്ചലിക്കുവാനും ഭയപ്പെട്ടുവാനും തുടങ്ങുമ്പോൾ: വിശുദ്ധ അഗസ്റ്റിന്റെ ആശ്വാസപ്രദങ്ങളായ ഈ വാക്കുകളെ ഞാൻ അനുസ്മരിക്കും: "ദൈവത്തെ നീ ഭയപ്പെട്ടുന്നെങ്കിൽ അവിടുത്തെ മടിയിൽ അഭയം പ്രാപിക്കുക."

രണ്ടാംവകുപ്പു

ആ കുട്ടിയെ വിട്ടുപോകാൻ ഈശോ പിശാചിനോടു കല്പിക്കുന്നു.

ധ്യാനം:- ആ കുട്ടി നിലത്തു വീണു നുരപുറപ്പെട്ടുവിറച്ചുരുണ്ടിരുന്നതു കണ്ടു ഈശോ അവന്റെ പിതാവിനോടു ചോദിച്ചു, ഇതു് അവനെ ബാധിച്ചിട്ടു് എത്ര നാളായി? അയാൾ പറഞ്ഞു: ചെറുപ്പം മുതൽതന്നെ ആരംഭിച്ചതാണു്. അവനെ നശിപ്പിക്കാനായി അതു പലപ്പോഴും അവനെ തീയിലേക്കും വെള്ളത്തി

ലേക്കും തള്ളിയിട്ടിട്ടുണ്ട്. എന്നാൽ അങ്ങയ്ക്കു വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ ഞങ്ങളുടെമേൽ കരുണയുണ്ടായി ഞങ്ങളെ സഹായിക്കേണമെ. യേശു അവനോടു പറഞ്ഞു: നിനക്കു വിശ്വസിക്കുവാൻ കഴിയുമെങ്കിൽ, വിശ്വസിക്കുന്നവനു സകലവും സാദ്ധ്യമാകുന്നു. (മാർക്ക്. ൯. ൨൩—൨൬.) ഈശോയുടെ ശക്തിയെപ്പറ്റി അവൻ കാണിച്ച സംശയം അവൻ അപേക്ഷിച്ചതു ലഭിക്കുന്നതിനു വിഘ്നമാകുന്നു എന്നു അപ്പോൾ അവനു മനസ്സിലായി, അവൻ കണ്ണുനീർ പൊഴിച്ചു പറഞ്ഞു: സ്വാമിൻ, ഞാൻ വിശ്വസിക്കുന്നു. ദുർബലമായ എന്റെ വിശ്വാസത്തെ അങ്ങു സഹായിക്കുക" (മാർക്ക്. ൯. ൨൪.) എനിക്കു സാധിക്കുന്നിടത്തോളം ഞാൻ വിശ്വസിക്കുന്നു. അതിലുള്ള ന്യൂനത അവിടുന്നുതന്നെ തീർക്കണം. വേണ്ടവിധത്തിൽ വിശ്വസിപ്പാൻ എന്നെ സഹായിക്കുക എന്നു സാരം.

പ്രായോഗികചിന്ത:—അയാളുടെ പ്രാർത്ഥനയെ അനുകരിക്കുക. നിന്റെ കഴിവിൽപ്പെട്ടതു നിവർത്തിച്ചശേഷം അതിനെ പൂർത്തീകരിപ്പാൻ ദൈവത്തോടു് അഭ്യർത്ഥിക്കുക. ത്രിദേന്തിൻ തിരുസ്സംഘം അംഗീകരിക്കുകയും ഉദ്ധരിക്കുകയും ചെയ്ത വി. അഗസ്റ്റിന്റെ വാക്കുകളെ നീ ഗാഢമായി വിശ്വസിക്കുക. അദ്ദേഹം പറയുന്നു: "ദൈവം അസാദ്ധ്യകാര്യങ്ങളൊന്നും നമ്മോടാവശ്യപ്പെട്ടന്നില്ല, എന്നാൽ എന്തെങ്കിലും ആവശ്യപ്പെട്ടുമ്പോൾ നമ്മുടെ കഴിവിൽ പെട്ടതു് പ്രയത്നംകൊണ്ടും, കഴിവിനെ അതിശയിക്കുന്നതു് പ്രാർത്ഥനകൊണ്ടും സാധിക്കണമെന്നാണു് അവിടുത്തെ മനസ്സു്. ഇങ്ങനെ അതു നിവർത്തിക്കുന്നതിനുള്ള ശക്തി ദൈവം നമുക്കു തരുന്നു" നമ്മുടെ പ്രവൃത്തി ഇതിനു് അനുയോജ്യമാണോ? പരിശ്രമം കൂടാത്ത പ്രാർത്ഥനകൊണ്ടുമാത്രം നീ തൃപ്തനാകുന്നുണ്ടോ? അതൊ പ്രാർത്ഥനയെ അവഗണിച്ചുകൊണ്ടു നിന്റെ പരിശ്രമത്തിൽ തന്നെ നീ ആശ്രയിക്കുന്നോ?

സ്നേഹപ്രകരണങ്ങൾ:— എന്റെ ഈശോയെ വിശ്വാസവും പ്രാർത്ഥനയുംകൊണ്ടു് എല്ലാറ്റിനും ഞാൻ പ്രാപ്തനാകുമെന്നു ഞാൻ വിശ്വസിക്കുന്നു, എന്നാൽ എന്റെ വിശ്വാസം ബലഹീനമാകുന്നു: അങ്ങുന്നു തന്നെ അതിനെ ബലപ്പെടുത്തേണമെ. കർത്താവെ ഞാൻ നിന്നിൽ വിശ്വസിക്കുന്നു, എന്റെ വിശ്വാസത്തിലുള്ള ന്യൂനത തീർക്കേണമെ.

പ്രതിജ്ഞ:- ഈ പ്രാർത്ഥന പലപ്പോഴും ആവർത്തിക്കുക.

മൂന്നാംവകുപ്പ്

ഈശോ പ്രസ്തുത ബാലനെ സുഖപ്പെടുത്തി അവന്റെ പിതാവിനേല്പിക്കുന്നു.

ധ്യാനം:- ഈശോ ആ പിതാവിന്റെ വിശ്വാസം പരിപുഷ്ടമാക്കിയിട്ട് ഉടനെ അതിനു പ്രതിഫലവും നൽകുന്നു: വിശുദ്ധ മാർക്ക് എഴുതിയിരിക്കുന്നതുപോലെ "അവിടുന്ന് അശുദ്ധാത്മാവിനെ ശകാരിച്ചുകൊണ്ടു പറഞ്ഞു: ബധിരവും മൂകവുമായ അരൂപീ, ഞാൻ നിന്നോടു കല്പിക്കുന്നു, ഇവനിൽനിന്നു പുറപ്പെട്ടുപോകുക. ഇവനിൽ ഇനിയൊരിക്കലും പ്രവേശിക്കയുമരുത്." (മാർക്ക്. ൯. ൨൫.) പിശാചു അനുസരിച്ചു എന്നു വരികിലും അവന്റെ സ്വഭാവം കാണിക്കാതിരുന്നില്ല. അപ്പോൾ അതു ആക്രോശിച്ചു രോഗിയെ വളരെ പീഡിപ്പിച്ചുകൊണ്ടു അവനിൽനിന്നു പുറപ്പെട്ടുപോയി. അവനാകട്ടെ മരിച്ചുപോയി എന്നു പലരും പറയുവാൻ ഇടവരുമാറു മൃതപ്രായനായിത്തീരുകയുമുണ്ടായി. അപ്പോൾ യേശു അവന്റെ കൈക്കു പിടിച്ചു അവനെ പൊക്കി അവൻ എഴുന്നേറ്റു. (മാർക്ക്. ൯. ൨൬, ൨൭.) അനന്തരം യേശു കുട്ടിയെ അവന്റെ പിതാവിനു ഏല്പിച്ചു. ആകയാൽ എല്ലാവരും ദൈവത്തിന്റെ മഹത്തായ ശക്തിയെക്കുറിച്ചു വിസ്മയിച്ചു. (ലൂക്കാ. ൯. ൪൩.)

പ്രായോഗികചിന്ത:- ഒരാത്മാവിനെ വിട്ടു പുറപ്പെടുവാൻ പിശാചു നിർബന്ധിതനാകുമ്പോൾ അവൻ അതിനെ എത്രകഠിനമായി ഉപദ്രവിക്കുന്നു എന്നു നോക്കുക. അവൻ അതിനെ പ്രാണസങ്കടംതന്നെ അനുഭവിപ്പിക്കുന്നു. എന്നാൽ ഈ പ്രാണസങ്കടം അനുഭവിച്ചുകൊണ്ടെങ്കിലും പിശാചിന്റെ പിടിയിൽനിന്നു വിമുക്തമായാൽ—പരിചയിച്ചുപോയ പാപങ്ങളിൽനിന്നും ആത്മികമാന്ദ്യത്തിൽനിന്നും രക്ഷപെട്ടാൽ – ആ ആത്മാവിനു് അതിയായ ആനന്ദവും ശക്തിയും സംസിദ്ധമാകുന്നു. നിനക്കുതന്നെ ഇതു് അനുഭവപ്പെട്ടിട്ടുണ്ടായിരിക്കാം. നിനക്കു ഈ അനുഭവം ഉണ്ടായാലും ഇല്ലെങ്കിലും നിന്നെത്തന്നെയും അന്യരെയും നയിക്കേണ്ടതു് എങ്ങിനെയാണെന്നു് ഈ സംഭവത്തിൽനിന്നു പഠിച്ചുകൊള്ളുക.

സംഭാഷണം:- നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷ

ണം ചെയ്യുക.

അഞ്ചാം തിയ്യതി

താബോർ മലയിൽനിന്നു കഫാർണ്ണാമിലേക്കുള്ള യാത്ര.
ഈശോ തന്റെ പീഡാനുഭവങ്ങളെ വീണ്ടും അപ്പോസ്തോലന്മാരെ അറിയിക്കുന്നു.

പ്രാരംഭം. ഫ. ഈശോ അപ്പോസ്തോലന്മാരോടു സംസാരിച്ചുകൊണ്ടു് അവരുടെ മദ്ധ്യേ നടന്നു പോകുന്നതു ആത്മനാ ദർശിക്കുക.

ഫ. ആത്മികകായ്ങ്ങളെ ഗ്രഹിക്കാനും അവയെ കേതിപൂർവ്വം സ്വീകരിക്കാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ധ്യാനം:— ഈശോ സുവിശേഷപ്രസംഗം ആരംഭിച്ചിട്ടു മൂന്നാം വത്സരത്തിന്റെ മദ്ധ്യാഹ്നത്തിലാണു് മേലുദ്ധരിച്ച രൂപാന്തരം സംഭവിച്ചതു്. അതുവരെ അവിടുന്നു ഗലീലേയായിൽ മാത്രമേ പ്രസംഗിച്ചിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഇതായുടേയായിലും പ്രസംഗിക്കുന്നതിനു പുറപ്പെടുന്നു. യാത്രയ്ക്കുമുമ്പു് താൻ സാധാരണ വസിച്ചിരുന്ന കഫാർണ്ണാമിനെ അവസാനമായി ഒന്നു് സന്ദർശിപ്പാൻ അവിടുത്തേയ്ക്കു കരുണയുണ്ടായി. സുവിശേഷത്തിൽ നിന്നു വെളിവാകുന്നതുപോലെ താബോർ മലയിൽനിന്നുള്ള മടക്കത്തിൽ തന്റെ അപ്പോസ്തോലന്മാർ മാത്രം തന്നോടുകൂടി ഉണ്ടായിരുന്നാൽ മതിയെന്നായിരുന്നു അവിടത്തെ ആഗ്രഹം. എന്തുകൊണ്ടെന്നാൽ ആ നാട്ടിന്റെ തലസ്ഥാനത്തുവച്ചു താൻ അനുഭവിക്കാനിരുന്ന പീഡകളെയും മരണത്തെയും കുറിച്ചു അവരോടു സംസാരിക്കുവാൻ അവിടുന്നു് അതിയായി ആഗ്രഹിച്ചിരുന്നു. അവിടുന്നു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും, അവർ അയാളെ വധിക്കും, വധിക്കപ്പെ

ട്ടിട്ടു മൂന്നാംദിനം പുനരുത്ഥാനം ചെയ്യും. (മാക്കൂ. ൯. ൩൦.)

പ്രായോഗികചിന്ത:— ഈശോ തനിക്കു സംഭവിക്കാനിരിക്കുന്ന അപമാനങ്ങളെയും പീഡകളെയും ഓർക്കുകയും തന്റെ ശിഷ്യരെ അറിയിക്കുകയും ചെയ്തത് അദ്ദേഹത്തെ ഒരു മഹാവീർഘട്ടർശിയും അത്ഭുതപ്രവർത്തകനുമെന്നു ജനങ്ങളെല്ലാം കീർത്തിച്ചിരുന്ന ഒരു കാലത്താണെന്നു നാം അനുസ്മരിക്കണം. നമ്മുടെ പരിശ്രമങ്ങളുടെ വിജയത്തിൽ ഇതരന്മാർ നമ്മെ പുകഴ്ത്തുമ്പോൾ അഹങ്കാരപ്രലോഭനങ്ങൾക്കു നാം വിധേയരാകാതെ താഴ്മയെയും വിനയത്തെയും വർദ്ധിപ്പിക്കുന്ന വിഷയങ്ങളിലേയ്ക്ക് നമ്മുടെ ദൃഷ്ടിയെ തിരിക്കേണ്ടതാണ്. വല്ലതും നാം ചെയ്യുവെങ്കിൽ അതു ദൈവത്തിന്റെ സഹായം കൊണ്ടാണ്. നാമാകട്ടെ പ്രയോജനമില്ലാത്ത ക്ഷുദ്രജീവികളും മരണത്തിനു വിധിക്കപ്പെട്ടവരും ധൂളിയായിത്തീരേണ്ടവരുമാണ്. സ്നേഹത്തിനോ ദ്വേഷത്തിനോ ഏതിനും നാം അർഹരായിരിക്കുന്നെന്നു നമുക്കു നിശ്ചയമില്ല. ഈ സത്യങ്ങളെല്ലാം പ്രസ്തുത ഉദ്ദേശ്യസാദ്ധ്യത്തിന് വളരെ സഹായിക്കും. ഇപ്രകാരമാണോ നീ ചെയ്യുവരുന്നതു്? തന്റെ പീഡാനുഭവങ്ങളെ ക്രിസ്തു മുൻകൂട്ടി അറിയിച്ചതിനു് വേറെയും കാരണങ്ങളുണ്ട്. പീഡകളും മരണവും താൻ സ്വതന്ത്രമായും മനുഷ്യരോടുള്ള സ്നേഹം നിമിത്തവും വരിക്കുന്നതാണെന്നു് അവർ അറിയുവാനും തദ്വാരാ അതുകൾ സംഭവിക്കുമ്പോൾ അവക്കു ഇടർച്ചയും അവജ്ഞയും ഉണ്ടാകാതിരിക്കുവാനും അവിടുന്നു് ആഗ്രഹിച്ചു. നീ സാരമായി എന്തെങ്കിലും ചെയ്യുവാൻ മുതിരുമ്പോൾ സാഹചര്യങ്ങളെ അതിനായി വേണ്ടവിധം ഒരുക്കുക.

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ ജീവപ്രരക്ഷകനായ സൂതിയും മഹത്വവുമുണ്ടായിരിക്കട്ടെ.

പ്രതിജ്ഞ:— സകല കാര്യങ്ങളിലും ദൈവതിരുമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുക.

രണ്ടാംവകുപ്പു

ഈശോയുടെ വാക്കുകൾ അപ്പോസ്തോലന്മാർ ഗ്രഹിക്കുന്നില്ല.

ധ്യാനം:— ഈശോ അപ്പോസ്തോലന്മാരോടു പറഞ്ഞ ഈ വചനങ്ങൾ അവർ ഗ്രഹിച്ചില്ല. അതു് അവക്കു സുഗ്രഹമല്ലാത്തവണ്ണം അസ്പഷ്ടമായിരുന്നു. അതിനാൽ അവർ അതു് മന

സ്സിലാക്കിയുമില്ല. (ലൂക്കാ. ൯, ൫൭) എന്നാൽ അവർ സംഗതി ശരിയായി കേൾക്കാഞ്ഞതുകൊണ്ടായിരിക്കുമോ ഗ്രഹിച്ചില്ല എന്നു പറയുന്നതു്? അല്ലാ, താൻ "ഏല്പിക്കപ്പെടും" എന്നും "അവർ തന്നെ കൊല്ലുമെന്നും" യേശു വളരെ വ്യക്തമായി പറഞ്ഞിരുന്നു. എങ്കിലും അവർ ഗ്രഹിച്ചില്ലാ. അതായതു്, ആ പദങ്ങളെയെല്ലാം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കുവാൻ അവർക്കു യേശുവിനോടുണ്ടായിരുന്ന സ്നേഹബഹുമാനാദികളും തങ്ങളുടെ സ്വന്തം ഉൽക്കർഷത്തിലുള്ള അമിതമായ ആഗ്രഹവും അവരെ അനുവദിച്ചില്ലാ. അതിനാൽ ഈ വചനത്തെക്കുറിച്ചു് അവിടത്തോടു ചോദിപ്പാൻ അവർ ഭയപ്പെട്ടിരുന്നു. (ലൂക്കാ. ൯, ൫൪.) ചോദിപ്പാൻ അവർ ഭയപ്പെടുകയും വിശ്വസിക്കാൻ വൈമനസ്യം പ്രദർശിപ്പിക്കുകയും ചെയ്ത ആ അർത്ഥം തന്നെ കൂടുതൽ വിശദമായേക്കുമോ എന്നായിരുന്നു അവരുടെ ഭയം. തന്നിമിത്തം "അവർ അതിയായി ദുഃഖിച്ചു." (മത്തേ. ൧൭. ൨൩.)

പ്രായോഗികചിന്ത:— പുണ്യക്കുറവുള്ള ഈ മനഃസ്ഥിതി നിന്നിലും കാണുന്നില്ലെ? ആദ്ധ്യാത്മികോപദേഷ്ടാക്കൾ പല പ്രാവശ്യം നിന്നോടു് ഉപദേശിച്ചിട്ടുള്ള കാര്യങ്ങൾപോലും ഗ്രഹിക്കുന്നതിൽ മന്ദതയും വൈമുഖ്യവും നീ പ്രദർശിപ്പിക്കാറില്ലെ? നീ അവ അശേഷം ഗ്രഹിക്കുന്നില്ലെന്നും ഗ്രഹിക്കുവാൻ നിനക്കു് ആഗ്രഹംപോലുമില്ലെന്നും പ്രത്യക്ഷപ്പെടുന്നില്ലെ? അവരുടെ ഉപദേശങ്ങൾ നിന്റെ വാസനയ്ക്കു വിപരീതമാകകൊണ്ടും അതുകളെ സ്വീകരിപ്പാൻ നിന്നെത്തന്നെ പരിത്യജിക്കേണ്ടി വരുന്നതുകൊണ്ടുമല്ലെ ഈ മാന്ദ്യവും വക്രതയും നീ പ്രദർശിപ്പിക്കുന്നതു്? നിന്റെ കണ്ണുകളെ നീ നിയന്ത്രിക്കുന്നില്ല, നിന്റെ നാവു് അസംഖ്യം കുറവുകൾക്കു കാരണമായിരിക്കുന്നു, നിന്റെ ക്രമാതീതമായ വാസനകളും ചിതമല്ലാത്ത സഹവാസങ്ങളും ഉപേക്ഷിക്കാതെ നിനക്കു ഹൃദയസമാധാനവും മനഃശുദ്ധിയും ലഭ്യമാകയില്ല, നിന്നെ ഭരമേല്പിച്ചിരിക്കുന്ന ഉദ്യോഗങ്ങളിൽ നീ ഉൽസുകനും ശ്രദ്ധാലുവുമല്ലാത്തതിനാൽ അന്യരുടെ കുറ്റാരോപണത്തിനു നീ അർഹനായിത്തീരുന്നുണ്ടു്. അപകീർത്തികരമായ സംസാരങ്ങളും ആവലാതികളും ക്രമവിരുദ്ധമായ നടപടികളുംകൊണ്ടു നീ അന്യർക്കു ഇടർച്ചവരുത്തുന്നു. എന്നിങ്ങനെ നിന്റെ ശ്രേഷ്ഠനോ, ആ

ത്മികനിയന്താവൊ പറയുന്നുവെന്നു വരികിൽ ഏതു മനഃസ്ഥിതിയോടുകൂടിയായിരിക്കും നീ ഈ വാക്കുകൾ സ്വീകരിക്കുക?

സ്നേഹപ്രകരണങ്ങൾ:— ബുദ്ധിക്കു പ്രകാശം ലഭിക്കുന്നതിനും മാനസാന്തരം സാധിക്കുന്നതിനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ആത്മനിയന്താവിനു തങ്കളുടെ സംശയങ്ങളെല്ലാം വെളിപ്പെടുത്തുവാൻ ചിലർ ഭയപ്പെടുന്നു. ഇതു് അറിയിക്കേണ്ട ആവശ്യമില്ല എന്നാണു് അവർ സമാധാനപ്പെടുന്നതു്. എന്നാൽ സാക്ഷാലുള്ള കാരണം അതൊന്നുമല്ലാ. അഭ്യേഹത്തിന്റെ അഭിപ്രായം തങ്കളുടെ വാസനകൾക്കു പ്രതികൂലമായിരിക്കുമെന്നും തദ്വാരാ വളരെ ത്യാഗങ്ങൾ തങ്കൾ ചെയ്യേണ്ടിവരുമെന്നുമുള്ള ഭയംകൊണ്ടാണു്. ഇങ്ങനെ സന്ദേഹത്തിൽ അനുഭവപ്പെടുന്ന ഏറ്റവും വലിയ ആനന്ദമായ മനഃസമാധാനം അവർക്കു നഷ്ടീഭവിക്കുന്നു. ഇത്തരക്കാരെ നീ അനുകരിക്കരുതു്.

മൂന്നാംവകുപ്പു

ഈശോ തന്റെ മരണത്തെ എന്തിനാണു് ഉയിർപ്പിനേയും മുൻകൂട്ടി അറിയിക്കുന്നു.

ധ്യാനം:— മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും, അവർ അയാളെ കൊല്ലും, കൊല്ലപ്പെട്ടിട്ടു മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കും എന്നു് അവരോടു പറഞ്ഞിരുന്നു. (മാർക്കോ. ൯. ൩൦) ഈശോ തന്റെ അപമാനകരമായ മരണത്തെക്കുറിച്ചു സംസാരിച്ച അവസരങ്ങളിലെല്ലാം തന്റെ മഹത്വമേറിയ പുനരുത്ഥാനത്തേയും സംസാരവിഷയമാക്കി എന്നതു പ്രത്യേകം ശ്രദ്ധാർഹമാണു്.

പ്രായോഗികചിന്ത:- ആത്മികയുദ്ധത്തിലും സ്വന്തമനസ്സിനെ ബലികഴിക്കേണ്ടിവരുന്ന അവസരങ്ങളിലും എന്നല്ലാ നമ്മുടെ കഷ്ടാരിഷ്ടതകളൊക്കെയിലും നമ്മുടെ ഉയിർപ്പിനേയും നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തെയും ഓർത്തു് ആശ്വാസവും ധൈര്യവും നാം പ്രാപിക്കണമെന്നു നമ്മെ ഗ്രഹിപ്പിക്കാനാണു് ദിവ്യരക്ഷകൻ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നതു്. ആകയാൽ നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുക. അദ്ധ്വാനങ്ങളിലും ദുഃഖങ്ങളിലും ധീരന്മാരായിരിക്കുക. ഭാവിയിൽ നമുക്കു സിദ്ധിപ്പാനിരിക്കുന്ന മഹത്വത്തോടു താരതമ്യ

പ്പെട്ടത്തിയാൽ ഇപ്പോഴത്തെ കഷ്ടാരിഷ്ടതകളും നിസ്സാരങ്ങളാണെന്നു കരുതുക.

സംഭാഷണം:— നിന്റെ നാമഹേതുകനായ വിശുദ്ധനോടു സംഭാഷണം ചെയ്യുക.

ആറാംതിയ്യതി

ഈശോ നികുതികൊടുക്കുന്നു.

പ്രാരംഭം ഫ. വിശുദ്ധ പത്രോസ് ചൂണ്ടലിട്ട് ഒരു മീൻ പിടിച്ചു് അതിന്റെ വായതുറന്നു രണ്ടു ദിർഹക്കമ എടുത്തു നികുതികൊടുക്കുന്നതു് അത്മനാ ദർശിക്കുക.

ഉ. വിശുദ്ധ പത്രോസിനുണ്ടായിരുന്നതുപോലെയുള്ള നിഷ്കപടതയും എളിമയും വിശ്വാസവും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ നികുതിനിയമത്തിനു വിധേയനായിരുന്നില്ല.

ധ്യാനം:— കഫർണ്ണാംവാസത്തിന്റെ അവസാനമായ ഈ ഘട്ടത്തിൽ ഈശോ പല അത്ഭുതങ്ങളും ചെയ്തിട്ടുണ്ടായിരിക്കണം. എന്നാൽ സുവിശേഷകൻ ഒന്നുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ദിർഹക്കമ വാങ്ങിയിരുന്നവർ പത്രോസിന്റെ അടുക്കൽ ചെന്നു. "നിങ്ങളുടെ ഗുരു ദിർഹക്കമ കൊടുക്കുന്നില്ലയോ" എന്നു് അയാളോടു ചോദിച്ചു: ഉവ്വ് എന്നു് അയാൾ പറഞ്ഞു. പിന്നെ വീട്ടിലേക്കു പ്രവേശിച്ചപ്പോൾ യേശു അയാളോടു കടന്നുചോദിച്ചു: സീമോനെ, നിനക്കു എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ കരം അഥവാ, ചുങ്കം വാങ്ങുന്നതു് ആരോടാണു്? തങ്ങളുടെ മക്കളോടോ അന്യരോടോ? അന്യരോടു് എന്നു് അയാൾ പറഞ്ഞു: യേശു അയാളോടരുളിച്ചെയ്തു: അകയാൽ മക്കൾ സ്വതന്ത്രരാണു്. (മത്തേ. ഫ്രെ ഫനു—വരി) പരലോകഭൂലോകരാജാവായ ദൈവത്തിന്റെ പുത്രനു—ക്രീസ്തുവായ തനിക്കു—ദിർഹക്കമ കൊടുക്കാൻ കടമയില്ല എന്നർത്ഥം.

പ്രായോഗികചിന്ത:— ക്രമങ്ങളെ അനുസരിക്കുക, വേല ചെയ്യുക, തപക്രിയകൾ അനുഷ്ഠിക്കുക മുതലായവയിൽനിന്നു ഒഴിവെടുക്കണമെന്നു ചിലപ്പോൾ നമുക്കു തോന്നാറുണ്ട്. പക്ഷെ, അങ്ങനെ ഒഴിവെടുക്കുന്നതിനു യഥാർത്ഥവും ഗുരുതരവുമായ ന്യായമുണ്ടോ? എന്നാണു നാം അപ്പോൾ ആലോചിക്കേണ്ടതു്. പ്രായാധിക്യം, രോഗം, കൃത്യാന്തരബാഹുല്യം എന്നിവ പ്രസ്തുത ഒഴിവിനുള്ള ന്യായങ്ങളാണു്. ദീർഘകാലം സന്ന്യാസത്തിൽ ജീവിച്ചു നാം സമ്പാദിച്ചിട്ടുള്ള സൽകീർത്തിതന്നെ ഇതിനു് ഒരു ന്യായമാണെന്നു ചിലപ്പോൾ തോന്നും. ബുദ്ധിയുടെ അന്ധത, ആത്മപ്രതിപത്തി, ഭീരുത്വം, ആത്മികമന്ദത, ആലസ്യമായവകൊണ്ടും ഈ ഒഴിവു നാം ആഗ്രഹിക്കും. ഒഴിവു് ആഗ്രഹിക്കുന്നതു നമ്മുടെ പ്രകൃതിക്കു വളരെ അനുകൂലമാകയാൽ തദ്വിഷയത്തിൽ വളരെ പരിശോധന ചെയ്തില്ലെങ്കിൽ നാം എളുപ്പത്തിൽ വഞ്ചിതരായിപ്പോകും.

സ്നേഹപ്രകരണങ്ങൾ:— ആശ്രമനിയമങ്ങളേയും പൊതുജീവിതത്തെയും സ്നേഹിക്കുകയും അവയെ അഭിമാനപൂർവ്വം അനുസരിക്കുകയും ചെയ്യുക. ഇതിനുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— കഴിയുന്നതു സകലത്തിലും പൊതുമുറയനുസരിപ്പാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു.

ഈശോ നികുതികൊടുക്കുന്നു.

ധ്യാനം:— ഈശോ രാജാധിരാജനായിരുന്നതിനാൽ നികുതികൊടുക്കാൻ അവിടുത്തേയ്ക്കു ബാദ്ധ്യതയുണ്ടായിരുന്നില്ല. എങ്കിലും അറിവില്ലാത്തവർക്കു ഇടർച്ചയുണ്ടാകാതിരിക്കാൻവേണ്ടി അതു കൊടുപ്പാൻ അവിടുന്നു മനസ്സായി. അതു് അത്ഭുതാവഹമായവിധത്തിൽ അവിടുന്നു നിർവ്വഹിക്കുകയും ചെയ്തു. അവിടുന്നു വിശുദ്ധ പത്രോസിനോടു പറഞ്ഞു: നീ കടലിലേയ്ക്കു ചെന്നു ചൂണ്ടലിട്ടു ആദ്യം കിട്ടുന്ന മത്സ്യത്തെ എടുക്കുക. അതിന്റെ വായ് തുറക്കുമ്പോൾ ഒരു സ്താത്തേർ നാണയം കാണും; അതെടുത്തു എന്റെയും നിന്റെയും പേരിൽ അവർക്കു കൊടുക്കുക. (മത്തേ. 17, 24-27) ഇങ്ങിനെ കല്പിച്ചതു വി. പത്രോസിന്റെ അനുസരണം പരീക്ഷിപ്പാൻവേണ്ടിയായിരു

ന്നു. എന്നാൽ ഈ വിശുദ്ധൻ ഒട്ടും സന്ദേഹിക്കാതെ കീഴ്‌വഴങ്ങി. അതിനാൽ ആ അത്ഭുതകൃത്യത്തിനു ഭാഗഭാക്കാകുവാൻ അയാൾക്കു ഭാഗ്യം ലഭിച്ചു.

പ്രായോഗികചിന്ത:— ഒരിക്കലും അനുചർക്കു ഇടർച്ചയുണ്ടാകുവാൻ ഹേതുവാകരുതു്. അനുചർക്കു് ഇടർച്ചവരുമെങ്കിൽ വിഹിതമായ കാര്യങ്ങൾപോലും നീ ഉപേക്ഷിക്കേണ്ടതാണു്. നന്മചെയ്യാനുള്ള അവസരം ലഭിക്കുമ്പോൾ അതു ചെയ്യാൻ എനിക്കു കടമയുണ്ടോ എന്നു് ആലോചിക്കയല്ല, അതു കഴിയുന്നത്രവേഗത്തിൽ നിവർത്തിക്കുവാൻ ശ്രമിക്കുകയാണുവേണ്ടതു്. അല്ലാത്തപക്ഷം ദൈവം നിന്നോടു പ്രകടിപ്പിക്കുന്ന ഔദാര്യത്തിനു തീരെ വിപരീതമായിരിക്കും നിന്റെ പ്രവൃത്തി. ദൈവം തന്റെ ഉദ്ദേശസാദ്ധ്യത്തിനായി അഗ്രാഹ്യങ്ങളായ ചില മാർഗ്ഗങ്ങൾതന്നെ പ്രയോഗിച്ചാലും അവയെ ഗുണദോഷനിരൂപണം ചെയ്യാതെ വിനയബുദ്ധ്യാ സ്വീകരിക്കയത്രെ വേണ്ടതു്. ഇങ്ങനെ അനുസരണത്തിന്റെ കാര്യത്തിൽ കൂടുതലെപ്പോലെ പ്രവർത്തിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്റെ വർത്തനം ക്രിസ്തീയ പരിപൂർണ്ണതയുടെ ഈ പ്രമാണങ്ങൾക്കു അനുയോജ്യമാക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പരിപൂർണ്ണത പ്രാപിക്കാൻ ധീരതയോടും സ്ഥിരതയോടും കൂടെ പരിശ്രമിക്കുക.

മൂന്നാംവകുപ്പ്.

ഈശോ തനിക്കും വി. പത്രോസിനുംവേണ്ടി നികുതികൊടുക്കുന്നു.

ധ്യാനം:— "അതെടുത്തു എനിക്കും നിനക്കും വേണ്ടി അവർക്കുകൊടുക്കുവിൻ (മത്തേ. ൧൭. ൨൬.) അപ്പോസ്തോലന്മാരുടെ നാഥനായ ഈശോയോടു മാത്രമാണു് നികുതി ആവശ്യപ്പെട്ടതു്, എങ്കിലും വി. പത്രോസിനുവേണ്ടിക്കൂടെ അവിടുന്നു് അതു കൊടുക്കുന്നു. അവിടുന്നു് എന്തുകൊണ്ടാണു് വിശുദ്ധ പത്രോസിന്നു് ഈ പ്രത്യേകതയും ശ്രേഷ്ഠതയും കല്പിച്ചതു്? അതു് ഈശോ അയാൾക്കു കൊടുത്ത പരമാധികാരത്തിന്റെയും ഔന്നത്യത്തിന്റെയും ഒരു ലക്ഷ്യമായിരുന്നു എന്നാണു വ്യാഖ്യാതാക്കളുടെ അഭിപ്രായം. ക്രൂശാതെ ഈ പ്രവൃത്തിയാൽ ഈശോ അയാളുടെ കീഴ്‌വഴക്കത്തെയും വിശ്വാസത്തെയും അഭിനന്ദിക്കുകകൂടെ ചെയ്തു.

പ്രായോഗികചിന്ത:— നമ്മുടെ ഗുരുവും രക്ഷകനുമായ ഈശോയുടെ പ്രത്യേക സ്നേഹത്തിന്നു് അർഹരാകുവാൻ ശ്രമിക്കുക. വി. പത്രോസിന്നു ലഭിച്ച പരമാധികാരത്തെക്കുറിച്ചു് അത്ഭുതത്തെ അടിനന്ദിക്കുക. അത്ഭുതത്തിന്നു് ആ അധികാരം കിട്ടിയതു നമ്മുടെ ഗുണത്തിന്നുവേണ്ടിയാകയാൽ സന്തോഷിക്കുക. സത്യവിശ്വാസത്തിൽനിന്നു വ്യതിചലിക്കാതിരിക്കാനും തദ്വാരാ മോക്ഷഭാഗ്യം പ്രാപിക്കാനും നമുക്കുള്ള ആധാരം എന്താണെന്നു് ആലോചിച്ചു നോക്കുകയാണെങ്കിൽ അതു് ഈശോ കർത്താവു് വിശുദ്ധ പത്രോസിലും അയാളുടെ അനന്തരഗാമികളിലും നിക്ഷേപിച്ചിരിക്കുന്ന പരമാധികാരവും അപ്രമാദിത്വവും തന്നെയാണു്. ജ്ഞാനസ്നാനം വഴിയായി തിരുസ്സഭയുടെ മക്കളായി പിറപ്പാനിടയായതു് എത്ര വലിയ ഭാഗ്യമാണു്! ഈ ഭാഗ്യത്തെക്കുറിച്ചു് ദൈവത്തെ എപ്പോഴും സ്തുതിക്കുക. തിരുസ്സഭയുടെ മക്കൾക്കു് അനുയോജ്യമായ വിശ്വസ്തതയും അനുസരണവും കാണിക്കുക. ഇങ്ങനെ ചെയ്തുകൊണ്ടു പ്രസ്തുത ദൈവദാനത്തിന്നു കൃതജ്ഞനായിരിക്കുക.

സംഭാഷണം:— ഇന്നു തിരുസ്സഭ ആരുടെ തിരുനാൾ ആഘോഷിക്കുന്നുവോ ആ വിശുദ്ധനോടു സംഭാഷണം ചെയ്യുക.

ഏഴാംതീയ്യതി.

അപ്പോസ്തോലന്മാരുടെ വാഴ്ത്തപ്പെടുവാദം.

പ്രാരംഭം. ഫ. ആരെങ്കിലും ഒന്നാമനാകുവൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ എല്ലാവരിലും അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമായിരിക്കട്ടെ. (മാക്കു. ൯. ൩൫.) എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

വ. നീ നിന്റെ ദുഷ്ടിയിൽ അല്പനും നിസ്സാരനുമായിരിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്.

അപ്പോസ്തോലന്മാരുടെ വ്യാമോഹം

ധ്യാനം:— ഈശോ വിശുദ്ധ പത്രോസിനു കല്പിച്ച ബഹു

മതിയും പ്രത്യേകതയും നിമിത്തം മറ്റപ്പോസ്തലന്മാരിൽ അസൂയയും ബഹുമാനതല്പരതയും കടന്നു കൂടി. ഈശോ അല്പം അകലെയായി വി. പത്രോസിനോടു സംസാരിച്ചുകൊണ്ടു നിന്ന സമയത്തു അപ്പോസ്തോലന്മാരുടെ ഇടയിൽ വാദപ്രതിവാദം നടക്കയായിരുന്നു. അല്പേഹം അവരുടെ വിചാരങ്ങൾ അറിഞ്ഞു അവരെ തിരുത്തുവാനായി, നിങ്ങൾ എന്തിനെപ്പറ്റിയാണു വഴിയിൽ വച്ചു തർക്കിച്ചിരുന്നതു? എന്നു ചോദിച്ചു. അപ്പോൾ അവർ മൗനം ഭീക്ഷിച്ചതേയുള്ളു എന്തുകൊണ്ടെന്നാൽ തങ്ങളിൽ ആരായിരിക്കും ഏറ്റവും വലിയവൻ എന്നു് അവർ വഴിക്കു വെച്ചു തമ്മിൽ തമ്മിൽ തർക്കിച്ചിട്ടുണ്ടായിരുന്നു. (മാർക്കൻ. ൯:൩൩, ൩൪.)

പ്രായോഗികചിന്ത:— അപ്പോസ്തോലന്മാരുടെ ഈ മനഃസ്ഥിതി കണ്ടു നിനക്കു് അനിഷ്ടം തോന്നുന്നുണ്ടാവാം. ഈശോയുടെ കഷ്ടാനുഭവങ്ങളെക്കുറിച്ചു് അല്പം മുമ്പു് അവർ കേട്ടതു് വിസ്മരിച്ചുപോലെന്നോണം അവർ തർക്കിക്കുകയും തമ്മിൽ വഴക്കിടുകയും സ്വാർത്ഥതല്പരരും ബഹുമാനകാംക്ഷികളുമായിരിക്കുകയും ചെയ്യുന്നതു കണ്ടിട്ടു് നിനക്കു് അതിയായ അത്ഭുതവും തോന്നുന്നുണ്ടാവാം. എന്നാൽ മനുഷ്യപ്രകൃതിയുടെ ബലഹീനതയും വിശിഷ്യ നിന്നിൽത്തന്നെ നീ കണ്ടുവരുന്ന ബലഹീനതയുടെ ലക്ഷ്യങ്ങളും നീ ആലോചിക്കയാണെങ്കിൽ അവരോടു കോപിക്കുന്നതിനുപകരം അനുകമ്പാപൂർവ്വം ഒഴികഴിവു പറയുവാൻ നിനക്കു സാധിക്കും. ഈശോയുടെ പീഡാനുഭവങ്ങളെക്കുറിച്ചുപോലും ധ്യാനിച്ചശേഷം നീയും പലപ്പോഴും വ്യർത്ഥാഭിമാനത്തിനും ആത്മപ്രതിപത്തിക്കും വശഗതനാകുന്നില്ലേ? അഥവാ വൈദികന്റെ പാദങ്ങളിൽ നിന്റെ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു വെളിയിൽ ഇറങ്ങുമ്പോൾ ക്രൂടെയും അനുജരുടെ ചിന്താവിഹീനങ്ങളായ വാക്കുകളും നിന്ദകളും സഹിക്കുവാൻ വേണ്ടും വിനയമില്ലാതെ നീ കോപപരവശനായിപ്പോകുന്നില്ലെ? എന്നല്ലാ പാപസങ്കീർത്തനത്തിൽ വൈദികൻ നൽകുന്ന ഉപദേശങ്ങളെയും നിർദ്ദേശങ്ങളെയും കുറിച്ചുതന്നെയും ചിലപ്പോൾ നിനക്കു വിരസം തോന്നിയിട്ടില്ലയൊ?

സ്തോത്രപ്രകരണങ്ങൾ:— നിന്റെ കുറ്റങ്ങളെ ദൈവതിരുമുമ്പാകെ അനുസരിച്ചു പറയുക. അവയെക്കുറിച്ചു ലജ്ജിക്കുക അനുതപിക്കുക.

പ്രതിജ്ഞ:— അഹങ്കാര പരങ്ങളായ വിചാരങ്ങളും തൽക്ഷണം തള്ളിക്കളയുക. അന്യരുടെ കുറവുകളെക്കുറിച്ചു ഒഴിവു പറയുക.

രണ്ടാംവകുപ്പു

താഴ്മയെക്കുറിച്ചു അപ്പോസ്തോലന്മാർക്കു ലഭിച്ച പ്രബോധനം.

ധ്യാനം:— മറ്റു ദുർവ്വാസനകളെപ്പോലെ തന്നെ അത്യാഗ്രഹവും നിഗ്രഹമായി നമ്മിൽ പ്രവർത്തിക്കുകയും കാലാന്തരത്തിൽ അതിന്റെ നശീകര ഫലങ്ങളും പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. അപ്പോസ്തോലന്മാരിൽ ഇതിനു ദൃഷ്ടാന്തം കാണുന്നുണ്ടു. തങ്ങളിൽ വലിയവൻ ആരെന്നു് അറിയുവാനാണു് അപ്പോസ്തോലന്മാർ ആഗ്രഹിച്ചിരുന്നതെങ്കിലും, അതു വെളിപ്പെടുത്താതെ "സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആരാണെന്നു് അവർ ഈശോയോടു ചോദിക്കുന്നു. (മത്തേ. ക്രവ്. ക.) എന്നാൽ ഹൃദയങ്ങളുടെ നിഗ്രഹ രഹസ്യംപോലും അറിയുന്ന ഈശോ അവരുടെ വാക്കുകൾക്കു മറുപടി കൊടുക്കാതെ അവരുടെ ഹൃദയത്തിൽ മറഞ്ഞിരുന്ന അഹങ്കാരത്തെ ലജ്ജിപ്പിക്കുമാറു് ഇങ്ങനെ പറഞ്ഞു: ആരെങ്കിലും ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ എല്ലാവരിലും അവസാനത്തവനും എല്ലാവരുടെയും ശുശ്രൂകനുമായിരിക്കട്ടെ. (മാർക്കോ. ൯. ൩൫.)

പ്രായോഗികചിന്ത:— ദൈവതിരുമുമ്പാകെയും സ്വർഗ്ഗഭാഗ്യത്തിലും വലിയവരാകുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ ഇതിനുള്ള മാർഗ്ഗം ഈശോ ഇതാ കാണിച്ചിരിക്കുന്നു. നാം നമ്മുടെ ദൃഷ്ടിയിൽ നിസ്സാരന്മാരും എല്ലാവരിലും ചെറിയവരും ആയിരിക്കണം. ഈ മനസ്ഥിതി നീ പ്രാപിച്ചിട്ടുണ്ടോ? ഇതറിയുന്നതിനു് ഇതുപോലും ശ്രദ്ധിച്ചാൽ മതി. നീ ഉപകാരശൂന്യനെന്നോണം അവഗണിക്കപ്പെടുകയും വിസ്മരിക്കപ്പെടുകയും ചെയ്യുമ്പോൾ—അന്യർക്കു ഉയർച്ചയും ബഹുമതിയും ഉദ്യോഗങ്ങളും ലഭിക്കുകയും, നിനക്കു ഹീനമായ ജോലിയും അപമാനവും എല്ലാവരുടെയും വിസ്മൃതിയും മാത്രം ശേഷിക്കുകയും ഇങ്ങനെ നീ സാക്ഷാൽ എല്ലാവരിലും അവസാനത്തവനും എല്ലാവരുടെയും ദാസനുമായിത്തീരുകയും ചെയ്യുമ്പോൾ—ഹൃദയത്തിൽ സമാധാനവും സംതൃപ്തിയും നിനക്കു അനുഭവപ്പെടുന്നുണ്ടോ.

സ്നേഹപ്രകരണങ്ങൾ:— താഴ്മയും ആത്മത്യാഗവും പരി

ശീലിക്കാനും അതിൽ അഭിവൃദ്ധി പ്രാപിക്കാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— മനുഷ്യരുടെ മുമ്പാകെ താഴ്ത്തപ്പെട്ടുമ്പോൾ ദൈവതിരുസ്സന്നിധിയിൽ സന്തോഷിക്കുക.

മൂന്നാംവകുപ്പു

ശിശുക്കളെപ്പോലെ ആകുവാനുള്ള കല്പന.

ധ്യാനം:— ലൌകികോന്നമനത്തിൽ മാത്രം ബദ്ധശ്രദ്ധരായിരുന്ന അപ്പോസ്തോലന്മാർ പരിത്യാഗത്തേയും എളിമയേയും കുറിച്ചുള്ള ഈശോയുടെ ഉപദേശം വേണ്ടവിധം മനസ്സിലാക്കിയില്ല, അതിനാൽ ആ പ്രബോധനം അവരെ സ്പഷ്ടമായി മനസ്സിലാക്കുവാൻവേണ്ടി അവിടുന്ന് ഒരു ശിശുവിനെ വിളിച്ചു അവനെ അവരുടെ നടുവിൽ നിറുത്തി, എന്നിട്ടു പറഞ്ഞു..... സത്യമായിട്ടു നിങ്ങളോടു ഞാൻ പറയുന്നു: ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ ആരോ അവനാകുന്നു സ്വർഗ്ഗരാജ്യത്തിൽ അധികം വലിയവൻ. (മത്തേ. ഫ്വ. ൨—൪.)

പ്രായോഗികചിന്ത:— ദൈവത്തെ പ്രസാദിപ്പിക്കുകയും തന്റെ പ്രത്യേക സ്നേഹത്തിനും അനുഗ്രഹത്തിനും അർഹരാകുകയും ചെയ്യണമെങ്കിൽ ശിശുക്കളെപ്പോലെ ശുദ്ധത, നിഷ്കപടത, എളിമ, ശാന്തത ആദിയായ ഗുണങ്ങൾ പരിശ്രമംകൊണ്ടു നാം സമ്പാദിക്കേണ്ടിയിരിക്കുന്നു. ഇതു് അത്ര എളുപ്പമല്ലാ, എങ്കിലും ഔദാര്യത്തോടും ധീരതയോടുംകൂടെ സ്ഥിരമായി പരിശ്രമിക്കുന്നപക്ഷം ഇതു് പ്രാപിക്കാം. ഇങ്ങനെ നീ ചെയ്യുവരുന്നുണ്ടോ? ഈ പരിശ്രമത്താൽ നിന്നിൽ എന്തു ഫലം ഉണ്ടായിട്ടുണ്ടു്?

സംഭാഷണം:— നമ്മെപ്രതി ശിശുവായി പിറക്കുകയും ഒരു തൊഴുത്തിൽ പുൽക്കൂട്ടിൽ കിടത്തപ്പെടുകയും മുപ്പത്തുവയസ്സുവരെ തന്റെ വളർത്തുപിതാവിനോടുകൂടെ നസറേത്തിൽ എളിയതും കഠിനതരവുമായ വേലകൾ ചെയ്തുവരികയും ചെയ്ത ഈശോയോടു സംഭാഷണം ചെയ്യുക. നമ്മുടെ അഹങ്കാരത്തെയും ഉയർച്ചയ്ക്കുള്ള അത്യാശയേയുംകുറിച്ചു് അങ്ങയോടു ക്ഷമാപണം ചെയ്യുക. ഉദാരമായ പ്രതിജ്ഞകൾ അങ്ങയ്ക്കു സമർപ്പിക്കുക.

എട്ടാം തിയ്യതി

പരിശുദ്ധ മാതാവിന്റെ പിറവിത്തിരുനാൾ.

പ്രാരംഭം :- പിള്ളത്തൊട്ടിയെ ചുറ്റിനിൽക്കുന്ന ദൈവ ദൂതന്മാരുടെ ഗണത്തിൽ നീയും സന്നിഹിതനായിരിക്കുന്നു എന്നു സങ്കല്പിക്കുക.

ല:- നമ്മുടെ പരിശുദ്ധ നായകിയെ സംബന്ധിച്ചുള്ള അറിവും, സ്നേഹവും ഭക്തിയും നിന്നിൽ വർദ്ധിച്ചുവരുവാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

മറിയയുടെ ജനനം നമുക്കു സന്തോഷഹേതുകമായ ഒരു സംഭവമാകുന്നു.

ധ്യാനം:- ലോകത്തെ നവീകരിക്കുകയും അതിന്റെ ശാപത്തെ ആശീർവ്വാദമായി രൂപാന്തരപ്പെടുത്തുകയും ചെയ്തവളും, നമ്മുടെ ആദിമാതാപിതാക്കന്മാർ തങ്ങളുടെ പാപത്തെക്കുറിച്ചു അനുതപിച്ചപ്പോൾ അവർക്കും അവരുടെ സന്തതികൾക്കും രക്ഷയുള്ള ഏക പ്രതീക്ഷയായി വാഗ്ദാനം ചെയ്യപ്പെട്ടവളും, ദീർഘനാൾ സകലരും പ്രതീക്ഷിച്ചിരുന്ന രക്ഷകനെ ലോകത്തിനു പ്രദാനംചെയ്തവളുമായ ആ സ്ത്രീയുടെ ജന്മദിനം ലോകചരിത്രത്തിലുള്ള എത്രയും മനോഹരമായ ദിവസങ്ങളിൽ ഒന്നാകുന്നു. പ്രതാപമേറിയ ഈ മഹാദിനത്തെയാണ് നാം ഇന്നു കൊണ്ടാടുന്നതു്. കന്യകയും മാതാവുമായ മറിയയുടെ ജന്മദിനം ഇന്നു നാം ആഘോഷിക്കുന്നു. ഈ മഹാ ആഘോഷത്തിൽ ഭാഗഭാക്കുകളാകുവാൻ തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൾ മാലാഖമാരുടെ രാജ്ഞിയാകുവാനിരിക്കകൊണ്ടു സ്വർഗ്ഗത്തിലെ ദൈവദൂതന്മാർക്കും, ശുദ്ധീകരണസ്ഥലത്തിനു ആശ്വാസപ്രദായകയാകുവാനിരിക്കകൊണ്ടു, അവിടെപീഡയേല്ക്കുന്ന വിശുദ്ധാത്മാക്കൾക്കും, മനുഷ്യവർഗ്ഗത്തിന്റെ രക്ഷാഹേതുകയും മാതാവുമായിത്തീരുവാനിരിക്കകൊണ്ടു് ആദത്തിന്റെ സകല സന്തതികൾക്കും ഇങ്ങിനെ സകലർക്കും അവളുടെ പിറ

വി ആനന്ദത്തിനും ആശീർവ്വാദത്തിനും കാരണമായിത്തീർന്നിരിക്കുന്നു.

പ്രായോഗികചിന്ത:— നിത്യസ്നേഹയുടെ അഗ്രഹാനുസരണം നാം ദൈവജനനിയെ അനുമോദിക്കേണ്ടതെങ്ങിനെയാണു? ഇതു നിവൃത്തിക്കുന്നതിനു നാം ആദ്യംതന്നെ ഈ നാഥയെ—നീതിസൂര്യന്റെ ഉദയവും നമ്മുടെ രാജ്ഞിയും അമ്മയും രക്ഷകീയുമായ ദൈവജനനിയെ—പുത്രനിവ്വിശേഷമായി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്വാൻ ഉറയ്ക്കുക. അവിടുത്തേക്കു ജീവിതാരംഭംമുതൽക്കുതന്നെ നൽകിയ സ്വാഭാവികവും സ്വഭാവാതീതവുമായ ദാനങ്ങളെക്കുറിച്ചു്—സകല ദൈവഭക്തന്മാരെയും വിശുദ്ധന്മാരേയും നിരുപമമായവിധം അതിശയിക്കുന്ന അവിടുത്തെ സ്ഥാനത്തെക്കുറിച്ചു്—ഹൃദയപൂർവ്വം അവിടുത്തെ അനുമോദിക്കുക. എന്നാൽ പ്രത്യേകമായി നാം ചെയ്യേണ്ടതു് മാതാവിന്റെ നേർക്കുള്ള സ്നേഹം നമ്മിലും അന്യരിലും പൂർവ്വാധികം വർദ്ധിപ്പിക്കുക, അവിടുത്തെ ജീവിതപദ്ധതി നമ്മിൽ പ്രതിഫലിപ്പിക്കുവാൻ ഉദ്യമിക്കുക എന്നിതുകളാണു്.

സ്നേഹപ്രകരണങ്ങൾ:— പരി. അമ്മയുടെനേർക്കു സ്നേഹം അവിടുത്തെ മഹിമയെപ്പറ്റി സന്തോഷം അവിടുത്തെ മാതൃകയിൽ ആശ്രയം മുതലായവയുടെ പ്രകരണങ്ങൾ ചെയ്യുക.

പ്രതിജ്ഞ:— പരി. മാതാവിന്റെനേർക്കുള്ള ഭക്തിയിൽ ഉത്തരോത്തരം വർദ്ധിച്ചുവരുവാൻ പരിശ്രമിക്കുക.

രണ്ടാം വാരം.

മറിയയുടെ ജനനം നമ്മുടെ സന്തോഷത്തിന്റെ അടിസ്ഥാനമാകുന്നു.

ധ്യാനം:— പ്രജാവത്സലയായ ഒരു രാജ്ഞിയുടെ ജന്മദിനം ജനങ്ങളെല്ലാം സാഘോഷം കൊണ്ടാടുന്നു. തദവസരത്തിൽ പ്രത്യേകമായ ആനുകൂല്യങ്ങളും അസാധാരണമായ മാനങ്ങളും തങ്ങൾക്കു ലഭിക്കുമെന്നു അവർ പ്രതീക്ഷിക്കയുംചെയ്യുന്നു. സാമാന്യം ഈ അഗ്രഹങ്ങൾസാധിക്കുന്നതായിട്ടാണു് നാം കാണുന്നതു്. എന്നാൽ ലൗകികരാജ്ഞിമാരുടെ പ്രബലത്വത്തിനും സ്വാധീനത്തിനും അതൃത്തിയുണ്ടു്. അതിനാൽ അവരുടെ ദാനങ്ങളും ആനുകൂല്യങ്ങളും കേവലം അതൃത്തിയുള്ളവയായിരിക്കുന്നു. എ

ന്നാൽ നമ്മുടെ സ്വർഗ്ഗീയരാജ്ഞിയുടെ സ്ഥിതി എത്രയോ വ്യ
ത്യസ്തമാണ്! ഈശോ തന്റെ പീഡകളുടെയും മരണത്തിന്റെ
യും അനന്ത യോഗ്യതകളെ വിതരണംചെയ്യാൻ തന്റെ മാ
താവിനെ ഏല്പിച്ചിരിക്കുന്നു. തിരുമുമ്പോകുമോ എന്ന ഭയമേ
ശംകൂടാതെ ഈ നിക്ഷേപം വിനിയോഗിക്കാൻ മറിയയ്ക്കു സ്വാ
തന്ത്ര്യമുണ്ട്. അതിനാൽ തന്റെ ആഗ്രഹാനുസരണം എത്രയെ
ങ്കിലും ദാനംചെയ്യാൻ അവിടുത്തേയ്ക്കു കഴിയും. നമുക്ക് ദാന
ങ്ങൾ തരുവാൻ അവിടുത്തേയ്ക്ക് ആഗ്രഹമുണ്ട് എന്നുള്ളതിലും
പക്ഷാന്തരമില്ല. എന്തുകൊണ്ടെന്നാൽ അവിടുന്ന് നമ്മുടെ വാ
ത്സല്യമുള്ള അമ്മയാകുന്നു. അകയാൽ എന്തു ദാനത്തെക്കുറിച്ചാ
ണ് നമുക്ക് നിരാശപ്പെടാനുള്ളത്?

പ്രായോഗികചിന്ത:- നിന്റെ സ്വർഗ്ഗീയമാതാവിന്റെ കരു
ണയിൽ ആശ്രയിച്ചുകൊണ്ട് ഇന്നു നീ അവിടുത്തെ സമീപി
ക്കുക. വളരെയൊക്കെ ചോദിക്കുക. അനുഗ്രഹങ്ങളും നി
ന്റെ സഭയ്ക്കുവേണ്ടിയും നിന്നെ ദൈവമെല്പിച്ചിരിക്കുന്ന ആത്മാ
വുകൾക്കുവേണ്ടിയും തിരുസ്സഭയ്ക്കുവേണ്ടി പൊതുവിലും വളരെ
കായ്ക്കുൾപ്പെടെ അഭ്യർത്ഥിക്കുക. ലോകമെല്ലാം ഒരു തൊഴുത്തും ഒ
രിടയനും ആകുവാനും എല്ലാവരും ഏകോദര സഹോദരങ്ങളായി
വർത്തിക്കുവാനും ഇടവരുത്തണമെന്ന് താല്പര്യമായി പ്രാർത്ഥിക്കു
ക. നമ്മുടെ സ്നേഹപൂർണ്ണയായ അമ്മയുടെ തിരുനാളുകൾ പ്ര
ത്യേകദാനങ്ങൾ ലഭിക്കാതെ കടന്നുപോകുന്നുണ്ടെങ്കിൽ അ
തു നമ്മുടെ പ്രാർത്ഥനയുടെ പോരായ്മകൊണ്ടുമാത്രമാണ്. നാം
സ്വല്പം മാത്രമേ പ്രാർത്ഥിക്കുന്നുള്ളൂ. പ്രത്യാശയും നമ്മിൽ വളരെ
കുറവാണ്. ഇന്നു നമ്മുടെ പ്രാർത്ഥന അങ്ങിനെയുള്ളതാകരുതു്.

സംഭാഷണം:— ഭയവും സ്നേഹവുംനിറഞ്ഞ നമ്മുടെ അ
മ്മയോടു സംഭാഷണം ചെയ്യുക.

ഒൻപതാം തിയ്യതി

ഉതപ്പിനു കാരണമാകുന്നവർക്കു ഈശോ
നിശ്ചയിച്ചിരിക്കുന്ന ശാപം

പ്രാരംഭം ഫ. ഉതപ്പുകൾ ഹേതുവായി ലോകത്തിനു ദുരി

തം എന്നു ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക. (മത്തേ. ഫ്വ. ൈ.)

൨. ഉതപ്പെന്ന പാപത്തെപ്പറ്റി വലിയ ഭയം ജനിക്കാൻ വേണ്ട അനുഗ്രഹം അപേക്ഷിക്കുക.

ഒന്നാംവ കുപ്പു്.

ലോകത്തിലുള്ള ഉതപ്പു

ധ്യാനം:- അപ്പോസ്തോലന്മാർക്കു മാതൃകയായി അവരുടെ മദ്ധ്യേ ഒരു ശിശുവിനെ നിറുത്തിയിട്ടു്, മശിഹാ അവരെ ചില സംഗതികളിൽ പ്രബോധിപ്പിക്കുകയുണ്ടായല്ലൊ. ഒരു ശിശുവിന്റെ നിഷ്കളങ്കതയെ ജീവിതമാതൃകയാക്കിക്കാണിച്ചതോട്ടുകൂടി ശേഷംപേക്കു് ഉതപ്പു കൊടുക്കുന്നവരോടു— വിശേഷിച്ചു് ആ ശിശുവിനെപ്പോലെ നമ്മിലരായിരിക്കുന്നവർക്കു ഉതപ്പുകൊടുക്കുന്നവരോടു്—തനിക്കുള്ള വെറുപ്പും വിദ്വേഷവും മിശിഹാ ആ അവസരത്തിൽ പരസ്യമാക്കുകയുമുണ്ടായി. അവിടുന്നു പറഞ്ഞു: എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനെ ഉതപ്പിക്കുന്നവനൊ അവന്റെ കഴുത്തിൽ ഒരു ഖരയന്ത്രക്കല്ലു കെട്ടിത്തൂക്കി സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതു് അവനു നല്ലതായിരിക്കും. ഇടർച്ചകൾക്കാരണം ലോകത്തിനു ദുരിതം. എന്തുകൊണ്ടെന്നാൽ (ലോകത്തിന്റെ നാശകരസ്ഥിതിനിമിത്തം) ഇടർച്ചകൾ വരുവാൻ ആവശ്യമാകുന്നു. എങ്കിലും അരാൽ ഇടർച്ചവരുന്നൊ ആ മനുഷ്യനു ദുരിതം (മത്തേ. ഫ്വ. ന്ന, ൈ.)

പ്രായോഗികചിന്ത:— ഒരുവൻ പാപത്തിൽ അകപ്പെടുന്നതിനു കാരണമുണ്ടാക്കുന്നതു് പാപത്തിൽവെച്ചു് വലിയ പാപമാകുന്നു. എന്നു വി. പൗലോസ് എഴുതിയിരിക്കുന്നു. (റോമാ. ൈ. ഫ്വ.) ആകയാൽ ഉതപ്പു എന്ന പാപത്തിന്റെ ഭയങ്കരതയും അതുനിമിത്തം വരുന്ന കഷ്ടനഷ്ടങ്ങളും നന്നായി ചിന്തിക്കുന്നതായാൽ നമ്മുടെ കർത്താവിനെപ്പോലെ നീയും ഈ പാപത്തോടും അതിനുകാരണമാകുന്നവരോടും വലിയ വെറുപ്പു കാണിക്കാതിരിക്കയില്ല. ഉതപ്പുകൊടുക്കുന്നവരെക്കുറിച്ചു് ഏറ്റവും കഠിനമായിട്ടത്രെ വേദശാസ്ത്രജ്ഞന്മാരെല്ലാവരും സംസാരിക്കുന്നതു്. ഉതപ്പിനു കാരണമുണ്ടാക്കുന്നവൻ പശാചുക്കളെ

പ്പോലെ മനുഷ്യരെ പാപത്തിന്നു പ്രേരിപ്പിക്കുകയും നിഷ്പ്രയാസം അവരെ പാപത്തിൽ വീഴിക്കുകയും ചെയ്യുന്നതിനാൽ അവർ പിശാചിന്റെ ഒറുക്കരും, കയ്യസ്ഥന്മാരും, മനുഷ്യാവതാരംചെയ്ത പിശാചുക്കളും, ശരീരത്തെ കൊല്ലുന്നതിനെക്കാൾ ആയിരം മടങ്ങു ഘനതരമായ കുറ്റത്തെ അർഹിക്കുന്ന കൊലപാതകികളും, ഈശോയുടെ പ്രയത്നഫലത്തെ നശിപ്പിക്കുന്ന അന്തിക്രീസ്തുക്കളും, നാശങ്ങളുംമരണവുംവിതറുന്ന സാംക്രമികവ്യാധിയുമാകുന്ന എന്നത്തെ അവരുടെ അഭിപ്രായം ഇവ ആലോചിച്ചാൽ ഉതപ്പിനെപ്പറ്റി ഭയപ്പെടാതിരിക്കാൻ ആർക്കു കഴിയും? ആകയാൽ നീ നിന്റെ വചനംകൊണ്ടോ പ്രവൃത്തികൊണ്ടോ ഉപേക്ഷകൊണ്ടോ എപ്പോഴെങ്കിലും ഉതപ്പിന്നു കാരണമായിട്ടുണ്ടോ എന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഉതപ്പ് എന്ന വിഷബാഷ്പം നിറഞ്ഞ ലോകത്തിൽനിന്നു രക്ഷപ്പെട്ടു ദൈവഭവനത്തിൽ പ്രവേശിപ്പാൻ നിനക്കിടയായതിനേയും, ഉതപ്പു നിമിത്തം നാശത്തിൽ അകപ്പെട്ടുന്ന നിരവധി ആത്മാവുകളെപ്പോലെ നീ നിത്യനരകാഗ്നിക്കിരയാകാതെ രക്ഷിക്കപ്പെട്ടതിനേയുംകുറിച്ചു ദൈവത്തിന്നു സ്തോത്രംചെയ്യുക. ഉതപ്പുനിമിത്തം നാശമാർഗ്ഗത്തിലായിപ്പോകുന്ന ആത്മാവുകൾക്കുവേണ്ടി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഉതപ്പുനിമിത്തം അനേകം ആത്മാവുകൾ നശിക്കുകയും തന്നിമിത്തം ദൈവരാജ്യത്തിന്നു, അഥവാ നമ്മുടെ പരമരാജാവായ ഈശോയ്ക്ക്, നഷ്ടം നേരിടുകയും ചെയ്യുന്നതോർത്തു ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള ഔത്സുക്യവും കേതിതീക്ഷ്ണതയും നിന്നിൽ നവീകരിക്കുകയും ഉജ്ജീവിപ്പിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു.

സന്ന്യാസാശ്രമങ്ങളിലുണ്ടാകുന്ന ഉതപ്പു

ധ്യാനം:- "ഉതപ്പുനിമിത്തം ലോകത്തിന്നു ദുരിതം" എന്നു ഈശോ കരഞ്ഞുകൊണ്ടു പ്രസ്താവിച്ചപ്പോൾ അങ്ങനെ സന്ന്യാസസഭകളെ ഇതിൽനിന്നു ഒഴിവാക്കിയിരിക്കുമോ? ഉതപ്പു, അഥവാ ദുർമ്മാതൃക സന്ന്യാസാശ്രമങ്ങളിൽ ഉണ്ടാകാൻപാടില്ലെന്നു വരുമോ? ഉതപ്പു എന്താണെന്നു് സന്ന്യാസമന്ദിരങ്ങളും താളശങ്ങളായ സ്ഥാപനങ്ങളിലെ ആളുകളും അവിടെ അറഞ്ഞിട്ടി

ല്ലെന്നു വരുമോ? ഇല്ല, ഒരിക്കലുമില്ല. എന്തുകൊണ്ടെന്നാൽ സന്ന്യാസാശ്രമങ്ങളിലും മറ്റും വസിക്കുന്നവരും മനുഷ്യർതന്നെയാണു്. സ്വന്തം സുഖവും ആശ്വാസവും സൗകര്യവും താല്പര്യവും അനേഷിക്കുന്നതിന്നും, അവയ്ക്കുവേണ്ടി തങ്ങളുടെ ജീവിതക്രമങ്ങളെ ലംഘിക്കുന്നതിന്നും അവർ പ്രേരിതരാകുമാറുണ്ടു്. സന്ന്യാസാശ്രമങ്ങളിലും മറ്റും ദുർമ്മാതൃക ആരംഭിക്കുന്ന ഒരു പ്രധാന മാർഗ്ഗം ഇതാണു്. ചിലരുടെ ഈ നടത്ത മറ്റുള്ളവർക്കു ദുർമ്മാതൃകയായിത്തീരുന്നു. തോമസ് ആകപിനാസ് എന്ന വേപോരംഗതൻ പറയുന്നതുപോലെ മറ്റുള്ളവക്കു് ഉതപ്പു കൊടുക്കണമെന്നുള്ള ഉദ്ദേശം ഒരുവനില്ലാതിരുന്നാലും, അവന്റെ വചനമൊ പ്രവൃത്തിയൊ ഉപേക്ഷയൊ മറ്റുള്ളവരുടെ പാപത്തിനു് ഹേതുവായിത്തീരുന്നതായാൽ അതും ഉതപ്പെന്ന പാപമാകും. അതിനാൽ ഒരാശ്രമത്തിൽ ഒരുവൻ എന്തെങ്കിലും കുറ്റം ചെയ്യുമ്പോൾ, ശ്രേഷ്ഠൻ ഉദാസീനതയൊ ഭീരുത്വമൊ നിമിത്തം അതിനെ തിരുത്താതെയും അവനെ ശിക്ഷിക്കാതെയും ഇരുന്നാൽ അതു് ഉതപ്പാകുന്നു. സഭാചട്ടങ്ങൾ അങ്ങനെ ക്രമേണ അഴഞ്ഞഴഞ്ഞു് ഒടുവിൽ പരിഹരിക്കുവാനും നിരാകരിക്കാനും നിവൃത്തിയില്ലാത്തമാതിരി കുഴപ്പവും നാശവും ഭവിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. ആ ദുരവസ്ഥയെ മുളയിലേതന്നെ നുള്ളാതിരുന്നതു് ശ്രേഷ്ഠന്മാരുടെ ഒരു വലിയ തെറ്റായിപ്പോയെന്നു അപ്പോൾ സ്പഷ്ടമാവുകയും ചെയ്യും. അങ്ങനെതന്നെ സഭയിൽ കുറെക്കുറെ പ്രാമാണ്യമുള്ള ഒരുവൻ പരസ്യമായും പതിവായും നിയമങ്ങളെ ലംഘിച്ചുവരുന്നതായാൽ മറ്റുള്ളവരും അയാളെ അനുകരിച്ചു അയവുള്ള ജീവിതം കഴിപ്പാൻ ഇടവരുന്നതുകൊണ്ടു പ്രമാണിയായ ആ സന്ന്യാസിയും മറ്റുള്ളവക്കു ഉതപ്പുനൽകുകയാണു ചെയ്യുന്നതു്. ശ്രേഷ്ഠന്മാരുടെ നിഷ്കർഷയായ നിയന്ത്രണത്തെപ്പറ്റിയും മറ്റും പിറുപിറുത്തുകൊണ്ടു് തന്റെ സഹോദരന്മാർക്കു നിയമത്തോടും അധികാരത്തോടുമുള്ള മതിപ്പിന്നും അനുസരണത്തിനും കുറവു തട്ടിക്കുന്ന സന്ന്യാസിയും ഉതപ്പുകൊടുക്കുന്നു. അങ്ങനെതന്നെ ശ്രേഷ്ഠന്മാരെയും തന്റെ സഭയിൽ നടപ്പുള്ള അനുസരണം, ആശാനിഗ്രഹം, തപസ്സു്, കേതൃകൃത്യങ്ങൾ തുടങ്ങിയായ നിഷ്കൃതികളേയും ആക്ഷേപിക്കുകയും എല്ലാ സംഗതികളിലും, അവശ്യം വേണ്ടതായ ഗൗരവവും ആചാരവും നശിപ്പിക്കുകയും ചെയ്യുന്ന സന്ന്യാസിയും മറ്റുള്ളവർക്കു

ഉതപ്പിനു കാരണമുണ്ടാക്കുകയാണെന്നോർക്കണം.

പ്രായോഗിക ചിന്ത:— മുകളിൽ പ്രസ്താവിച്ച ഏതെങ്കിലും വിധത്തിലുള്ള ഉതപ്പിനു നീ കാരണമായിട്ടുണ്ടോ എന്നു നോക്കുക. ഉണ്ടെങ്കിൽ അതിനെക്കുറിച്ചു മാപ്പപേക്ഷിക്കുകയും, നിനക്കു കഴിയുന്നവിധം അതിനെ പരിഹരിക്കുകയും ചെയ്യുക. ക്ലേശമെതെയും മറ്റുള്ളവരുടെ ഉമ്മാത്രകയാൽ നീ കുറ്റത്തിൽ. അകപ്പെടാതെയും അതിന്റെ ശക്തി നിന്നിൽ പ്രതിഫലിക്കാതെയുമിരിപ്പാനും സൂക്ഷിക്കുക. ഈ കാര്യത്തിൽ വിശുദ്ധ യോഹന്നാൻ ബക്ക്മാൻസിനെ അനുകരിക്കുന്നതു നന്നായിരിക്കും. ഇയാൾ ആരിലെങ്കിലും പാപപരമായി വല്ലതും കണ്ടാൽ ഉടനെ അതിനെതിരായ പുണ്യം ചെയ്‌വാൻ ശ്രമിച്ചിരുന്നു. "ഞാൻ മറ്റുള്ളവരെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നില്ല. മറ്റുള്ളവരുടെ പ്രവൃത്തി കണ്ടു ഞാൻ മനസ്സിടിയുകയുമില്ല" എന്നു ഈ വിശുദ്ധൻ പറയുക പതിവായിരുന്നു.

സംഭാഷണം:— നിന്റെ കാവൽദൂതനോടു സംഭാഷണം ചെയ്യുക. ഉതപ്പിന്റെ ആപൽക്കരമായ കണിയിൽനിന്നു നിന്നെ സ്ഥിരമായിക്കാത്തുകൊള്ളുവാൻ ഈ വിശുദ്ധ ദൂതനോടു അപേക്ഷിക്കുക.

പത്താം തിയ്യതി.

അന്യരുടെ കുറ്റങ്ങളെ തിരുത്തുകയും ക്ഷമിക്കുകയും ചെയ്യേണ്ടതിനെക്കുറിച്ചുള്ള നമ്മുടെ കർത്താവിന്റെ കല്പനകളും

പ്രാരംഭം ഫ. അപ്പോസ്തോലന്മാർ ഈശോയെ ചുറ്റി നിൽക്കുന്നതു് അത്മനാ ദർശിക്കുക.

ഫ. വിവേചനത്തിന്റെയും പരസ്നേഹത്തിന്റെയും അരൂപി ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അന്യരുടെ കുറ്റങ്ങളെ തിരുത്തേണ്ട ക്രമം.

ധ്യാനം:- കഫാർന്നാമ്മിൽനിന്നു യെരുസലേമ്മിലേക്കുള്ള

ദീർഘമായ യാത്രാമദ്ധ്യേ നമ്മുടെ കർത്താവു തന്റെ അപ്പോസ്തോലന്മാരെ ഉപദേശിച്ചുകൊണ്ടിരുന്നു. ഉത്പത്തി കൊടുക്കുന്നവരെക്കുറിച്ചു താൻ ആദ്യം വീടോടും വെറുപ്പോടുംകൂടെ സംസാരിച്ചതുകേട്ട് അപ്പോസ്തോലന്മാർ അങ്ങനെയുള്ളവരോട കരുണകൂടാതെ വർത്തിക്കുകയും അവരെ പകയ്ക്കുകയും ചെയ്യുമോ എന്നു് അവിടുന്നു് ശങ്കിക്കാതിരുന്നില്ല. അതിനാൽ തന്റെ കല്പനകളെല്ലാം പരസ്നേഹത്തോടുകൂടിയവയാണെന്നു മിശിഹാ അപ്പോസ്തോലന്മാരെ പ്രത്യേകം പ്രബോധിപ്പിക്കുകയുണ്ടായി. നമുക്കു ഉത്പത്തിനു കാരണമുണ്ടാക്കുകയും, നമുക്കു് വിരോധമായി പ്രവർത്തിക്കുകയും ചെയ്യുന്നവരെ പകയ്ക്കാതെ അവർ നമ്മുടെ സഹോദരങ്ങളാണെന്നു കരുതി അവരോടു് അനുകമ്പയുള്ളവരായിരിക്കുകയും അവരെ ഗ്രഹിപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യേണമെന്നാണു് അവിടുത്തെ നിശ്ചയം. ഈ സംഗതിയെക്കുറിച്ചു് വളരെ കായ്മയും വളരെ വിശദമായും അവിടുന്നു് പ്രബോധിപ്പിച്ചിട്ടുണ്ടു്. അവിടുന്നു് പറയുന്നു: നിന്റെ സഹോദരൻ നിന്നോടു ദ്രോഹംചെയ്താൽ, ചെന്നു് നീയും അവനും തനിച്ചായിരിക്കെ അവനെ കുറ്റപ്പെടുത്തുക; അവൻ നിന്നെ കേൾക്കുമെങ്കിൽ നീ നിന്റെ സഹോദരനെ നേടും; എന്നാൽ അവൻ നിന്നെ കേൾക്കാതിരുന്നാൽ സകല വാക്കും രണ്ടോ മൂന്നോ സാക്ഷികളുടെ വദനത്താൽ സ്ഥിരപ്പെടേണ്ടതിനു് ഒന്നോ രണ്ടോ പേരെ നിന്നോടുകൂടെ ചേർത്തുകൊള്ളുക. അവരെയും അവൻ കേൾക്കാതിരുന്നാൽ സഭയോടു പറയുക. എന്നാൽ അവൻ സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു വിജാതീയനേയും ചുങ്കക്കാരനേയുംപോലെ ആയിരിക്കട്ടെ. (മത്തേ. ൧൮, ൧൫-൧൭.)

പ്രായോഗികചിന്ത:- തിരുസ്സഭയെ പീഡിപ്പിക്കുന്നവരോടു, പ്രത്യേകം നൂതനബോധകരോടും, വേദകെഴപ്പുള്ളവരെ ഉളവാക്കുന്നവരോടും വർത്തിക്കേണ്ടതെങ്ങിനെയെന്നു തിരുസ്സഭയുടെ ശ്രേഷ്ഠന്മാരെ നമ്മുടെ കർത്താവു പഠിപ്പിക്കുന്നതു് ഈ വിധമാണു. ഇങ്ങനെയുള്ളവരുടെ തെറ്റുകളെക്കുറിച്ചു അഥവാ ദുർമ്മാതൃകകളെക്കുറിച്ചു്, ആദ്യം അവരെ രഹസ്യത്തിൽ ശകാരിക്കണം. ഇതുകൊണ്ടു ഫലമുണ്ടായില്ലെങ്കിൽ ചില സാക്ഷികളുടെ മുമ്പാകെ അവരെ കുറ്റപ്പെടുത്തണം. അവരുടെ തെറ്റുകളെ പരസ്യമായി അറിയിക്കയും ചെയ്യണം. ഇതുകൊണ്ടും അവർ

മാനസാന്തരപ്പെടാതെ മൂക്കരായി വത്തിക്കുമെങ്കിൽ അവരെ ശപിക്കുകയും അവരെ സഭയിൽനിന്നു ബഹിഷ്കരിക്കുകയുമത്രെ വേണ്ടതു. തിരുസ്സഭയുടെ വിശ്വാസത്തെയും ഐകൃതയേയും ഇരുപതു നൂറ്റാണ്ടുകളോളം നിർബ്ബാധം സംരക്ഷിച്ചുപോന്ന വിജ്ഞാനപൂർണ്ണമായ ഈ പ്രമാണത്തെ സ്തുതിക്കുകയും മഹതീകരിക്കുകയും ചെയ്യുക. ഇനി സഹോദരസ്നേഹസമേതമുള്ള കുറ്റാരോപണങ്ങളെ അനുഭവിക്കുന്ന സന്യാസികളേപ്പറ്റി ചിന്തിക്കുക. ഒരു സഹോദരന്നു് മാർഗ്ഗഭ്രംശം ഭവിക്കുന്നതോ, അവൻ മറ്റുള്ളവക്കു ഇടർച്ചയൊ ദുർമ്മാതൃകയൊ ആകത്തക്ക ഒരു കുറ്റം ചെയ്യുന്നതോ കണ്ടാൽ, രഹസ്യത്തിൽ ആ കുറ്റത്തെ അവനോടറിയിക്കുക. അവൻ നിന്നെ കേൾക്കയില്ലായെങ്കിൽ മൂന്നാമനൊരാളിന്റെ മുമ്പാകെ അതിനെ അറിയിക്കുക. നിന്റെ ശകാരംകൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നില്ലെന്നു കണ്ടാൽ സംഭവിവിവരം ശ്രേഷ്ഠനെ അറിയിക്കുക. ഇതാണു് ഈശോ നൽകിയിരിക്കുന്ന പാവനമായ ആദർശം. നീ ഇതുപോലെ പ്രവർത്തിച്ചിട്ടുണ്ടോ? അവൻ തെറ്റു ചെയ്താൽ എനിക്കെന്തു? എന്നു പറയുകയൊ അവനോടുള്ള വിദ്വേഷംനിമിത്തം അവനെ ശകാരിക്കാതിരിക്കുകയോ അല്ലെങ്കിൽ അധികാരമില്ലാത്തവരോടു രഹസ്യകുറ്റങ്ങളെ അറിയിക്കുകയൊ, കോപം നിമിത്തം, അവന്റെ കുറ്റം ഉള്ളതിലധികം വിസ്തരിച്ചുപറയുകയൊ ചെയ്തിട്ടുണ്ടോ? നിന്നോടുതന്നെ ദ്രോഹം ചെയ്തിട്ടുള്ളപ്പോൾ ആ സന്ദർഭം ഉപയോഗിച്ചു പ്രവർത്തിക്കുന്നതിനു വൈമനസ്യമോ ഉപേക്ഷയൊ കാണിച്ചിട്ടുണ്ടോ? സഭയുടെയോ ശിഷ്യരുടെയോ വേലക്കാരുടേയൊ ശ്രേഷ്ഠൻ, അല്ലെങ്കിൽ യജമാനൻ എന്ന നിലയിൽ, മതിയായ ആവശ്യമില്ലാതെയും വിവേകംകൂടാതെയും പരസ്യമായി അവരെ ശകാരിച്ചിട്ടുണ്ടോ? രഹസ്യത്തിൽ തന്നെയായാലും അതികോപാവേശത്തോടും കഠിനതയോടുംകൂടെ വർത്തിച്ചിട്ടുണ്ടോ? ഇവ ദൈവതിരുമുമ്പാകെ പരിശോധിക്കേണ്ട കാര്യങ്ങളാണു്.

സ്നേഹപ്രകരണങ്ങൾ:— വിവേചന ബുദ്ധി, വിവേകം, ഉപവി എന്ന സൽഗുണങ്ങൾ ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഒരുവന്റെ കുറ്റം അറിയിച്ചു ശകാരിക്കുകയൊ മറ്റൊ ചെയ്യുന്നതിനു മുമ്പായി ദൈവാനുഗ്രഹവും അയാളുടെ കാവൽഭൂതന്റെ സഹായവും പ്രാർത്ഥിക്കുക.

രണ്ടാംവകുപ്പു

പരസ്പരം ക്ഷമിക്കേണ്ടതിനെപ്പറ്റിയുള്ള പ്രമാണം.

ധ്യാനം:— എത്ര പ്രാവശ്യം ക്ഷമിക്കണമെന്നും എങ്ങിനെ ക്ഷമിക്കണമെന്നും ഈശോ ഇതുവരെ തങ്ങളെ പഠിപ്പിച്ചില്ലെന്നു ശിഷ്യന്മാർ കരുതിയിരുന്നു എന്നു വിചാരിക്കാം. അതിനാൽ വിശുദ്ധ പത്രോസ് മറവുതടെ പേക്ക് അവിടുത്തെ സമീപിച്ചു ചോദിച്ചു: "കർത്താവെ, എന്റെ സഹോദരൻ എന്നോടു ദ്രോഹം ചെയ്താൽ എത്ര പ്രാവശ്യം ഞാൻ അവനോടു ക്ഷമിക്കണം. ഏഴു പ്രാവശ്യമോ? യേശു അയാളോടു പറയുന്നു: ഏഴുപ്രാവശ്യംവരെ എന്നല്ലാ നിന്നോടു ഞാൻ പറയുന്നതു് ഏഴ് എഴുപതു പ്രാവശ്യം. (മത്തേ. ൧൮, ൨൧-) യാതൊരു ക്ലിഷ്ടസംഖ്യയുംകൂടാതെ എത്ര പ്രാവശ്യം ആവശ്യപ്പെട്ടാലും അത്ര പ്രാവശ്യവും ഹൃദയപൂർവ്വം ക്ഷമിക്കണം എന്നാണു അവിടുത്തെ പ്രബോധനം.

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യരക്ഷകന്റെ പ്രസ്തുത പ്രബോധനങ്ങളെ നാം ശരിയായി അനുവർത്തിക്കണമെങ്കിൽ നാം പാപസങ്കീർത്തനം ചെയ്യുമ്പോൾ അവിടുന്നു തന്റെ സ്ഥാനാപതിയായ വൈദികൻ വഴി ഏതുവിധം നമ്മോടു പ്രവർത്തിക്കുന്നോ തദനുസരണം നാം അന്യരോടും വർത്തിക്കേണ്ടിയിരിക്കുന്നു. വീണ്ടും വീണ്ടും നാം പാപത്തിൽ നിപതിച്ചാലും അനുതപിച്ചുകൊണ്ടു പാപസങ്കീർത്തനം ചെയ്യുമ്പോഴൊക്കെയും അവിടുന്നു നമ്മോടു ക്ഷമിക്കുന്നു. എന്നല്ലാ വിനയവും മനസ്താപവും നമ്മിൽ കാണുന്ന മാത്രയിൽതന്നെ നമ്മോടു ക്ഷമിക്കുന്നതിനു് അവിടുന്നു സന്നദ്ധനായിരിക്കുന്നു. നമ്മുടെ അപരാധങ്ങളെല്ലാം അവിടുന്നു ക്ഷമിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നു. അവിടുത്തെ അനന്തമായ കരുണ, നമ്മുടെ ബാഹുല്യം, ക്ഷമ, ഔദാര്യം ആദിയായവയെ സ്തുതിക്കുക. നീ പ്രവർത്തിക്കുന്നതെങ്ങനെയെന്നും പരിശോധിക്കുക. ഇതരന്മാരുടെ അല്പകുറ്റങ്ങളെപ്പോലും ക്ഷമിക്കുന്നതിനും, പൂർണ്ണമായി ക്ഷമിക്കുന്നതിനും, നിനക്കു എത്ര പ്രയാസം തോന്നുന്നു! എത്ര താമസം വരുത്തുന്നു! ഒരിക്കൽ ക്ഷമിച്ചാലും ചിലപ്പോഴൊക്കെയും അതു ക്ഷമിക്കാത്തവിധം ഗൗരവമായിക്കാണിക്കുകയും വിസ്മൃതിയിൽപെട്ട പഴയ കുറ്റങ്ങളെ ജ്ഞാപകപ്പെടുത്തി വീണ്ടും ദ്വേഷഹേതുകങ്ങ

ളെ ഉജ്ജീവിപ്പിക്കുകയും ചെയ്യുന്നു. ഇവയെല്ലാം ഓത്തു ലജ്ജിക്കുക. ദൈവതിരുമുമ്പാകെ നിന്നൊത്തന്നെ താഴ്ത്തുക. മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കത്തക്കവിധം സുസ്ഥിരമായ പ്രതിജ്ഞ ചെയ്തു അതു വിശ്വസ്തതയോടെ നിവർത്തിക്കാൻ ശ്രമിക്കുക.

സംഭാഷണം:— കരുണാനിധിയായ നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക.

പതിനൊന്നാം തിയ്യതി

നിർദ്ദയനായ ഭൃത്യനെക്കുറിച്ചുള്ള ഉപമ.

പ്രാരംഭം ഫ. ഈശോ ഈ ഉപമ ഉച്ചരിക്കുന്നതു ആത്മനാ ശ്രവിക്കുക.

വ. നീന്നോടുതന്നെ നീ കഠിനമുള്ളവനായിരുന്നാലും അന്യരോടു കരുണയുള്ളവനായിരിപ്പാൻ വേണ്ടി അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

രാജാവിന്റെ കരുണയും ഔദാര്യവും.

ധ്യാനം:- ഈശോ അപ്പോസ്തോലന്മാരോടു പറഞ്ഞ വചനങ്ങളാൽ ഇതരന്മാരോടു ക്ഷമിക്കേണ്ടതു ധർമ്മവും, ക്ഷമിക്കാതിരിക്കുന്നതു വലിയ അധർമ്മവുമാണെന്നു മനസ്സിലാക്കാമായിരുന്നു. എങ്കിലും ഇതു് അവർ ഏറ്റവും ഗാഢമായി ഗ്രഹിക്കുന്നതിനും അവരുടെ മനസ്സിൽ ഇതു ശ്രുധമൂലമാകുന്നതിനുംവേണ്ടി ഒരു ഉപമകൂടെ അവിടുന്നരുളിച്ചെയ്തു: സ്വർഗ്ഗരാജ്യം തന്റെ ഭൃത്യന്മാരുടെ കണക്കു കേൾക്കുവാൻ നിശ്ചയിച്ച ഒരു രാജാവിനു സദൃശമായിരിക്കുന്നു. അയാൾ കണക്കു കേട്ടു തുടങ്ങിയപ്പോൾ, അയാൾക്കു പതിനായിരം തലന്തു കൊടുക്കാനുണ്ടായിരുന്ന ഒരുവൻ അയാളുടെ അടുക്കൽ കൊണ്ടുവരപ്പെട്ടു. കടം വീട്ടുവാൻ അവനു വകയില്ലാതിരുന്നതിനാൽ അവനേയും അവന്റെ ഭാര്യയേയും, മക്കളേയും അവനുണ്ടായിരുന്ന സകലത്തേയും വിറ്റു കടം വീട്ടുവാൻ യജമാനൻ കല്പിച്ചു. അപ്പോൾ ആ ഭൃത്യൻ സാ

ഷ്ടാംഗംവീണു യാചിച്ചു: എന്നോടു ക്ഷമിക്കേണമെ ഞാൻ സകലവും അങ്ങയ്ക്കു തന്നു വീട്ടിക്കൊള്ളാം. അപ്പോൾ ആ ഭൃത്യന്റെ യജമാനന്നു് അനുകമ്പ തോന്നി അവനെ വിട്ടയച്ചു. കടവും അവന്നു് ഇളച്ചുകൊടുത്തു. (മത്തേ. ഛവ. ൨൮—൨൭)

പ്രായോഗികചിന്ത:— ആകസ്മികമായി ഭൃത്യന്മാരുടെ കണക്കു കേൾപ്പാൻ വന്ന പ്രസ്തുത രാജാവു, നമ്മുടെ മരണസമയത്തു് നമ്മുടെ ജീവിതത്തിന്റെ കണക്കുകൾ നിർട്ടാക്ഷിണ്യം പരിശോധിക്കുന്ന രാജാധിരാജനായ ദൈവംതന്നെയാണു്. അവിചാരിതസമയത്തു നാം മരണത്തിന്നധീനരായി അവിടുത്തെ തിരുസ്സന്നിധിയിൽ കണക്കു കേൾപ്പിക്കേണ്ടതിന്നു് നിറുത്തപ്പെടും. ഇതിന്നു് ഒരുങ്ങിയാണോ നീ ജീവിക്കുന്നതു്? പതിനായിരം തലേന്തു് എന്നതു് ഉദ്ദേശം അഞ്ചുലക്ഷം ഉറുപ്പികയാണു്. ഇതു് എത്ര വലിയ കടമാണു്? അതിനാൽ നാം ദിവസംപ്രതി ചെയ്യുവരുന്ന കുറഞ്ഞതും കുറച്ചിലുകൾനിമിത്തം ഈശോയുടെ ന്യായാസനസമക്ഷം എത്ര മഹാ കടമായിരിക്കും നാം വരുത്തുന്നതു്? ഇതിനെക്കുറിച്ചു നാം വേണ്ടവിധം ആലോചിക്കുന്നുണ്ടോ? നിന്റെമേൽ വന്നിരിക്കുന്ന ഈ കടംവീട്ടുവാൻ നിനക്കു പലേ മാർഗ്ഗങ്ങളും ഉണ്ടായിരുന്നിട്ടും അതു വീട്ടാൻ ശ്രമിക്കാതെ പ്രതിദിനം അതു നീ വർദ്ധിപ്പിക്കുകയല്ലയൊ ചെയ്യുന്നതു്? മാത്രമല്ലാ അവിശ്വസ്തനായ ആ ഭൃത്യൻ ഇത്രവലിയ കടത്തിൽ അകപ്പെട്ടിരുന്നെങ്കിലും, ആ രാജാവു് അവന്റെ ക്ഷമാപണവും അപേക്ഷയുംകേട്ട വേഗത്തിൽ ആർദ്രചിത്തനായി അവനോടു ക്ഷമിച്ചില്ലയോ? അതിനാൽ നിന്റെ കണക്കുകൾ കേൾപ്പാനിരിക്കുന്ന ദൈവത്തിൽനിന്നു് ഇപ്പോഴെതന്നെ കൃപ ലഭിക്കുന്നതു എത്രയൊ സുകരമാണു്! ഇങ്ങനെ ചെയ്യാതെ ശുദ്ധീകരണസ്ഥലത്തിൽ വച്ചായിക്കൊള്ളാമെന്നു വിചാരിക്കുന്നതു് വലിയ ബുദ്ധിഹീനതയല്ലയോ?

സ്നേഹപ്രകരണങ്ങൾ:— മുകളിൽ കാണിച്ച സത്യങ്ങളെക്കുറിച്ചു വിശ്വാസപ്രകരണങ്ങൾ ചെയ്യുക.

പ്രതിജ്ഞ:— പാപംനിമിത്തം ദൈവതിരുമുമ്പാകെ നീ വരുത്തിയിരിക്കുന്ന കടങ്ങളെല്ലാം ഇപ്പോഴെ പരിഹരിപ്പാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു.

മാപ്പു ലഭിച്ച ഭൃത്യന്റെ ഹൃദയകാഠിന്യവും അത്യാഗ്രഹവും

ധ്വനം:— തന്നോടു ഇത്രവലിയ ഔദാര്യവും കരുണയും കാണിച്ച രാജസമക്ഷത്തിൽനിന്നു് ആ ഭൃത്യൻ പുറപ്പെട്ട തന്റെ സഹഭൃത്യന്മാരിൽ തനിക്കു് നൂറു ദെനാരിനാണയം കൊടുക്കാനുണ്ടായിരുന്ന ഒരുത്തനെ കണ്ടു. ഉടനെ നിന്റെ കടം വീട്ടുക എന്നു പറഞ്ഞു് അവനെ പിടിച്ചു തൊണ്ടയ്ക്കു ഞെക്കി. അപ്പോൾ അവന്റെ സഹഭൃത്യൻ സാഷ്ടാംഗംവീണു അഭ്യർത്ഥിച്ചു: എന്നോടു ക്ഷമിക്കേണമെ, ഞാൻ സകലവും നിനക്കു തന്നു വീട്ടിക്കൊള്ളാം. എന്നാൽ അവൻ അതു സമ്മതിക്കാതെന്നു, കടം വീട്ടുവോളം അവനെ കാരാഗൃഹത്തിലാക്കിച്ചു. (മത്തേ. ഫ്രവ. വ.വ്യ—ന.ഠ.)

പ്രായോഗികചിന്ത:— നാം ദൈവത്തോടു ചെയ്ത ഗുരുതരവും ബഹുലവുമായ അപരാധങ്ങൾ ദൈവം നമ്മോടു ക്ഷമിച്ചിരിക്കുന്നു. എന്നാൽ ഇതരന്മാർ കാണിക്കുന്ന അല്പമായ നിന്ദനം ധിക്കാരം ആദിയായവ ദൈവത്തെക്കുറിച്ചു് അവരോടു നാം ക്ഷമിക്കാതിരിക്കുന്നതു് എത്ര വലിയ നന്ദിഹീനതയും അനീതിയുമാണു്! ഇതു വ്യക്തമായി ഗ്രഹിക്കുന്നതിനുവേണ്ടിയാണു് നമ്മുടെ ദിവ്യരക്ഷകൻ ഈ ഉപമ കല്പിച്ചരുളുകയുണ്ടായതു്. ഇങ്ങനെയിരിക്കെ നിന്നെത്തന്നെ കുറ്റപ്പെടുത്തുവാൻ തക്കതായ വല്ലതും നിന്നിൽ ഉണ്ടോ എന്നു നോക്കുക. നിന്നെ അവമാനിക്കുകയും, ആക്ഷേപിക്കുകയും, താഴ്ത്തുകയും ചെയ്യുന്നവരോടു അനിഷ്ടം പ്രദർശിപ്പിക്കുകയൊ, പരോക്ഷമായ പകയാൽ അവരിൽനിന്നു മുഖം തിരിക്കുകയൊ അവർക്കെതിർപെടാതിരിക്കാൻ ശ്രമിക്കുകയൊ ചെയ്യുന്നുണ്ടോ? നീ ചെയ്തുപോകുന്ന കുറ്റങ്ങളെ ഇതരന്മാർ ക്ഷമിക്കുകയോ അലക്ഷ്യമായി വിട്ടുകളയുകയൊ ചെയ്യണമെന്നു് നീ ആഗ്രഹിക്കുന്നു. എന്നാൽ പ്രസ്തുത സംഗതികൾതന്നെ അവർ നിന്നോടു ചെയ്യുന്നപക്ഷം അവ ക്ഷമിക്കുകയൊ അലക്ഷ്യമായി വിട്ടുകളയുകയൊ ചെയ്യാൻ നീ സന്നദ്ധനല്ലാ. ഇതരന്മാർ സ്വീകരിക്കേണമെന്നു നീ ആഗ്രഹിക്കുന്ന നയം സ്വീകരിക്കാൻ നിനക്കു മനസ്സില്ല.

സ്നേഹപ്രകരണങ്ങൾ:— ദൈവസന്നിധിയിൽ നിന്നെത്തന്നെ താഴ്ത്തുക. നിന്റെ കുറ്റങ്ങളെക്കുറിച്ചു് ക്ഷമാപണം

ചെയ്യുക.

പ്രതിജ്ഞ:- നിന്നോടുതന്നെ കഠിനതയും മറ്റുള്ളവരോടു ദയയും ക്ഷമയും ഉള്ളവനായിരിക്കുക.

മൂന്നാംവകുപ്പു

പ്രസ്തുത ഉപമയിൽനിന്നു നാം പഠിക്കേണ്ടവ

ധ്യാനം:- ആ ഭൃത്യൻ തന്റെ സഹഭൃത്യനോടു ചെയ്തവ അവന്റെ യജമാനനോടു് അറിയിക്കപ്പെട്ടു. അപ്പോൾ അവന്റെ യജമാനൻ അവനെ വിളിച്ചു് അവനോടു പറഞ്ഞു: ദുഷ്ടഭൃത്യാ, നീ എന്നോടു യാചിച്ചതുകൊണ്ടു് കടമെല്ലാം ഞാൻ നിനക്കു ഇളച്ചുതന്നുവല്ലോ. ആ സ്ഥിതിയിൽ ഞാൻ നിന്നോടു കരുണകാണിച്ചതുപോലെ നീയും നിന്റെ സഹഭൃത്യനോടു കരുണ കാണിക്കേണ്ടതായിരുന്നില്ലേ? പിന്നെ അവന്റെ യജമാനൻ കോപിച്ചു, കടമെല്ലാം വീട്ടുവാളം അവനെ പീഡകർക്കേല്പിച്ചു. നിങ്ങളും ഓരോരുത്തനും തന്റെ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കയില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നിങ്ങളോടും അപ്രകാരം ചെയ്യും. (മത്തേ. ഏവ. ൧൮—൩൫)

പ്രായോഗികചിന്ത:— പ്രസ്തുത ഉപമയുടെ ഒടുവിൽ പറഞ്ഞ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഗാഢഗംഭീരം പതിയട്ടെ. അവ പ്രലോഭനാവസരങ്ങളിൽ കോപം പ്രതികാരേച്ഛ എന്നു ഭൂതങ്ങളുടെ ക്ഷോഭങ്ങളെ നിന്നിൽ കെട്ടുത്തിക്കളയും.

സംതോഷണം:- കരുണാനിധിയായ ദിവ്യരക്ഷകനോടു സംതോഷണം ചെയ്യുക. പാപത്താൽ നീ ദൈവത്തിൽനിന്നു് അകന്നിരുന്ന സന്ദർഭങ്ങളിൽതന്നെ ദൈവദയയും, രക്ഷാകരമായ പ്രത്യാശയും നിന്നിൽ പൊഴിഞ്ഞു നിന്നെ സരപഥത്തിലേയ്ക്കു് ആനയിച്ചതിനെക്കുറിച്ചു് അങ്ങയോടു കൃതജ്ഞത പ്രകടിപ്പിക്കുക. ലോകമായങ്ങളാൽ വരുന്ന ആപത്തിൽനിന്നു നിന്നെരക്ഷിച്ചതുകൊണ്ടാണെന്നു് അവിടുത്തോടു പ്രാർത്ഥിക്കുക. നിന്നെ ഉപദ്രവിക്കയും അപമാനിക്കയും ചെയ്യുന്നവരെ നീ പകയ്ക്കുകയില്ല എന്നു പ്രതിജ്ഞ ചെയ്യുക. ഈ പ്രതിജ്ഞയെ അവിടുത്തേക്കു സമർപ്പിക്കുക.

പന്ത്രണ്ടാം തിയ്യതി

ഈശോ ഗലിലേയ കടന്നപ്പോൾ സംഭവിച്ചവ.

പ്രാരംഭം: ഫ. തന്റെ അപ്പോസ്തോലന്മാരുടെയും ശിഷ്യന്മാരുടെയും മദ്ധ്യേ ഈശോ നടക്കുന്നതു ഭാവനാ ദർശിക്കുക. വ. ഈശോയുടെ മനഃസ്ഥിതിയും അവിടത്തെ അരൂപിയും നിന്നിൽ ഉണ്ടാകുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ദൃഢഗതിയിൽ യെരുസലേമിലേക്ക് പോകുവാൻ ഈശോ നിർബ്ബന്ധിതനാകുന്നു.

ധ്യാനം:- ഈശോ കഫർണ്ണാമിൽനിന്നു ജെരുസലേമിലേക്കുചെയ്ത യാത്രയിൽ പലേ സംഭവങ്ങളും നടന്നതായി സുവിശേഷകൻ പറയുന്നുണ്ടു്. അവയിൽ ഒന്നു് തന്റെ ചില ചാർച്ചക്കാർ (തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിന്റെ മരുമക്കൾ) വഴിയിൽ തന്നോടു ചേർന്നു് അവരോടൊന്നിച്ചു ജെരുസലേമ്മിലേക്കു പോകുവാൻ അവിടത്തെ നിർബന്ധിച്ചതാണു്. ഏഴാം മാസത്തിന്റെ പതിനഞ്ചാം തിയ്യതിയിൽ അതായതു: സെപ്റ്റംബർമാസത്തിൽ, ആഘോഷിക്കുന്ന കൂടാരത്തിരുനാളിന്റെ ഒന്നാംദിവസം, ജെരുസലേമ്മിൽ എത്തുവാൻ അദ്ദേഹത്തോടു് അവർ അപേക്ഷിച്ചു. അദ്ദേഹം അവിടെവച്ചു പല അത്ഭുതകൃത്യങ്ങളും ചെയ്യുമെന്നും ഇങ്ങനെ തങ്ങൾക്കു വലിയ ബഹുമതി സിദ്ധിക്കുമെന്നും കരുതിയാണു് അവർ ഇങ്ങനെ പറഞ്ഞതു്. നീ ചെയ്യുന്ന അത്ഭുതകൃത്യങ്ങൾ നിന്റെ ശിഷ്യന്മാരും കാണേണ്ടതിന്നായിട്ടു.....നിന്നെത്തന്നെ നീ ലോകത്തിന്നു വെളിപ്പെടുത്തുക..... അതിന്നു് അവിടന്നു് ഇങ്ങനെ മറുപടി പറഞ്ഞു: ഈ തിരുനാളിന്നു നിങ്ങൾ പോകുവിൻ..... ഞാൻ ഈ തിരുനാളിന്നു പോകുന്നില്ല. (യോഹ. ൭. ൩, ൮.) ആകയാൽ, തിരുനാളിന്നു പോകുവാൻ അവിടത്തെയ്ക്കു മനസ്സില്ലായിരുന്നു എന്നു വിചാരിക്കാൻ ഇടയുണ്ടു്. പിന്നീടു പോയെങ്കിലും അതു മൂന്നാം ദിവസമായിരുന്നു. എന്തുകൊണ്ടെന്നാൽ തിരുനാളിന്റെ ഒന്നാംദിവസംതന്നെ അവിടത്തെ പിടിച്ചു

കൊന്നുകളയണമെന്നു യഹൂദന്മാർ രഹസ്യസംഘംകൂടി നിശ്ച യിച്ചിട്ടുണ്ടായിരുന്നതു് അവിടുന്നു ഗ്രഹിച്ചിരുന്നു.

പ്രായോഗികചിന്ത:— നിന്നെത്തന്നെ ലോകത്തിനു വെ ളിപ്പെടുത്തുക. കീർത്തി പ്രാപിക്കുക—ഇതരന്മാർ നിന്നെ മാ നിപ്പാനും സ്തുതിപ്പാനും നിന്നെക്കുറിച്ചു വിസ്മയിപ്പാനും ഇടവ രുക—എന്നിവയാഗ്രഹിച്ചു് അതിന്നായി നീ പരിശ്രമിച്ചിട്ടി ല്ലയോ? ഇതു് അഹങ്കാരത്തിന്റെ ഫലമാണു". ഇതനുസരിച്ചു പ്രവർത്തിച്ചു് എത്രയധികം യോഗ്യതകളാണു നീ നശിപ്പിച്ചിട്ടു ള്ളതു്! അഹങ്കാരത്തിന്നു നീ എങ്ങനെ ദാസ്യപ്പെട്ടിരിക്കുന്നു എ ന്നു നോക്കുക. ദരിദ്രന്മാരോടു കൂടെയിരിക്കുന്നതിനെക്കാൾ സമ്പന്നന്മാ രോടു സഹവാസം ചെയ്യുന്നതിന്നും, എളിയതരത്തിലുള്ള ജോ ലി ചെയ്യുന്നതിനെക്കാൾ ഉയർന്നതും ബഹുമാനകരവുമായ ജോ ലി നിർവ്വഹിക്കുന്നതിന്നും, മൂഢന്മാരും ദരിദ്രന്മാരുമായവരോടു് എ ന്നതിനെക്കാൾ സമ്പന്നന്മാരും വിജ്ഞാനികളുമായ ആളുകളോ ടു പ്രസംഗിക്കുന്നതിന്നുമല്ലെ നീ ആഗ്രഹിക്കുന്നതു്? ഇങ്ങനെ ദൈവേഷ്ടം നിവർത്തിക്കുകയല്ല, മനുഷ്യപ്രീതി സമ്പാദിക്കുക യാണു നിന്റെ ജീവിതോദ്ദേശം എന്നു വരുന്നു. നിന്റെ അ ന്തരസ്ഥിതി പരിശോധിക്കുക. എന്നാൽ മുകളിൽ പറഞ്ഞി രിക്കുന്നവ കണ്ടറിവാനിടയാകും.

സ്നേഹപ്രകരണങ്ങൾ:— ദൈവത്തെ പ്രസാദിപ്പിക്കണ മെന്ന ശുദ്ധകർത്തവ്യത്തോടെ പ്രവർത്തിക്കുന്നതൊഴികെ മറ്റൊന്നും ദൈവത്തിന്മുമ്പാകെ വലിയതും വിലയുള്ളതുമല്ല. ഈ സത്യം നന്നായി ഗ്രഹിക്കാൻ ഇടയാക്കണമെന്നു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- നിസ്സക്തമായ ഈ സത്യം നിന്റെ ജീവിത ത്തിന്റെ പ്രമാണമായി സ്വീകരിക്കുക. മായസ്തുതിയെ സംബ ന്ധിക്കുന്ന വിചാരം വരുമ്പോൾ എളിമയുടെ പ്രകരണംകൊ ണ്ടു ഉടനെ അതു ജയിക്കുക.

രണ്ടാംവകുപ്പു.

സമരിയക്കാരുടെ ഒരു ഗ്രാമത്തിൽ ഈശോ തിരസ്കൃതനാകുന്നു.

ധ്യാനം:— വിശുദ്ധ ലൂക്കാസ് എഴുതിയിരിക്കുന്നതുപോ ലെ ഈശോ സമരിയായിൽക്കൂടി കടന്നുപോകുമ്പോൾ ഒരു സ്ഥ ലത്തു് താമസിക്കുന്നതിന്നു് ആഗ്രഹിക്കയുണ്ടായി. എന്നാൽ യൂദന്മാരോടു പണ്ടേതന്നെ സമരിയക്കാർക്കുള്ള ശത്രുതനിമിത്തം

അവിടെ അവർ അദ്ദേഹത്തെ സ്വീകരിച്ചില്ല. അവിടത്തെ ശിഷ്യന്മാരായ യാക്കോബും യോഹന്നാനും അതുകണ്ടു: കർത്താവേ, ആകാശത്തിൽനിന്നു തീയിറങ്ങി ഇവരെ നശിപ്പിക്കാൻ ഞങ്ങൾ കല്പിക്കണമെന്നു നിനക്കുണ്ടോ എന്നു ചോദിച്ചു. അപ്പോൾ അവിടന്നു തിരിഞ്ഞു, അവരെ ശാസിച്ചുകൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ ഏതു് അരൂപിയുള്ളവരാണെന്നു നിങ്ങൾ അറിയുന്നില്ല. മനുഷ്യപുത്രൻ മനുഷ്യാത്മാക്കളെ നശിപ്പിക്കാനല്ല, രക്ഷിക്കാനത്രെ വന്നിരിക്കുന്നതു്. (ലൂക്കാ. ൯. ൫൪—൫൬)

പ്രായോഗികചിന്ത:- ശുശ്രൂഷയുടെ പേരിൽ അല്ലെങ്കിൽ ഭാവത്തിൽ നമുക്കുണ്ടാകുന്ന അമിതകോപത്തിന്റെ അഥവാ ക്രൂരതയുടെ അരൂപി എത്ര ന്യായമെന്നു തോന്നിയാലും അവ നമ്മിൽനിന്നു നീക്കേണ്ടതാണെന്നത്രെ നമ്മുടെ കർത്താവു് ഇതിനാൽ നമ്മെ ഉദ്ബോധിപ്പിക്കുന്നതു്. ഇങ്ങനെ നമ്മിൽ പുണ്യത്തിന്റെ ഭാവത്തിൽ ഉടലെടുക്കുന്ന പ്രത്യക്ഷപ്പെടുക എന്നതു സഹജമാണു്. പക്ഷെ അതു ദൈവത്തിനു് ഒട്ടും ഇഷ്ടമുള്ളതല്ലെന്നു നാം ഓർക്കണം. തെറ്റുകാരെ, അഥവാ വേദവിരോധികളേയും ദുഷ്ടരെയും, ഉടനെ ശിക്ഷിക്കണമെന്നു ദൈവത്തോടു നാം പ്രാർത്ഥിക്കുമ്പോൾ നമ്മെത്തന്നെ നാം വഞ്ചിക്കയാണു ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ മനുഷ്യരെ രക്ഷിപ്പാനായി വന്ന ഈശോയുടെ അരൂപി ഇതല്ല. നമ്മെ തെറ്റുകുറ്റവാളികൾക്കുവേണ്ടി നാം പ്രാർത്ഥിക്കണമെന്നാണു് അവിടന്നു നമ്മോടുപദേശിക്കുന്നതു്. അവിടന്നുതന്നെ കുരിശിൽ കിടന്നുകൊണ്ടു് തന്റെ ഘാതകന്മാർക്കുവേണ്ടി പ്രാർത്ഥിച്ചു. വിശുദ്ധ പത്രോസ് പറയുന്നതുപോലെ യാതൊരുത്തനും നശിച്ചുപോകുവാൻ മനസ്സാകാതെ പശ്ചാത്തപിച്ചു പിന്തിരിവാനായി വലിയ ക്ഷമയോടെ അവരോടു വർത്തിക്കുന്നു. (൨. പത്രോസ്. ൩. ൯.)

സ്നേഹപ്രകരണങ്ങൾ:— ദുഷ്ടന്മാർക്കു പ്രതിക്രിയയുടെ അർഹതയുള്ളൂ, മാനസാന്തരത്തിന്റെ അർഹതയുണ്ടാക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പാപികളുടെ മാനസാന്തരത്തെക്കുറിച്ചു് ഒരിക്കലും നിരാശപ്പെടാതെ അവർക്കുവേണ്ടി പലപ്പോഴും പ്രാർത്ഥിക്കുക.

മൂന്നാംവകുപ്പു

വേറൊരു ഗ്രാമത്തിൽ ഈശോ സ്വീകരിക്കപ്പെടുന്നു.

ധ്യാനം:— തനിക്കു സ്വീകരണം അനുഗ്രഹിച്ചിരുന്ന ഗ്രാമത്തിൽനിന്നു് ഈശോ ബഹിഷ്കരിക്കപ്പെട്ടപ്പോൾ ആവലാതി പറയാതെ അവിടുന്നു വേറൊരു ഗ്രാമത്തിലേയ്ക്കു പോയി. (ലൂക്കാ. ൯. ൫൬)

പ്രായോഗികചിന്ത:- ഈശോയെ സ്വീകരിച്ച നഗരവാസികൾ വാസ്തവത്തിൽ ഭാഗ്യവാന്മാർതന്നെ. എന്തുകൊണ്ടെന്നാൽ ആ ദിവ്യാതിഥി കുറേനേരം താമസിച്ചതിനിടയിൽ എത്രയധികം നന്മകൾ അവർക്കു കൊടുത്തിട്ടുണ്ടായിരിക്കണം! പരിശുദ്ധ കുർബാന വഴിയായി തങ്ങളുടെ ഹൃദയങ്ങളിൽ ഈശോയെ സ്വീകരിക്കുന്നവർക്കു സിദ്ധിക്കുന്ന നന്മകൾ എത്രവളരെയായിരിക്കണം!

സംഭാഷണം:— എന്റെ ഈശോയെ അങ്ങുന്നു് എന്റെ ഹൃദയത്തിൽ എഴുന്നള്ളിവന്നു് അത്ര നിന്റെ സ്വന്തമാക്കേണമെ! യാതൊരുത്തൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം അനുസരിച്ചു പ്രവർത്തിക്കും. എന്റെ പിതാവും അവനെ സ്നേഹിക്കും. അത്രയുമല്ല, ഞങ്ങൾ അവന്റെ അടുക്കൽ വരികയും അവനോടുകൂടെ വസിക്കയുംചെയ്യും. (യോഹ. ൧൪. ൨൩) എന്ന മനോഹരമായ വാഗ്ദാനം എന്നിൽ നിവർത്തിതമാക്കേണമെ.

പതിമ്മൂന്നാംതിയ്യതി

ഈശോയുടെ പ്രയാണത്തിൽ നടന്ന മറ്റു സംഭവങ്ങൾ.

പത്തുകുഷ്ഠരോഗികൾ എതിരെവരുന്നു.

പ്രാരംഭം ൧൭. നിങ്ങൾപോയി അച്ചന്മാർക്കു നിങ്ങളെ കാണിപ്പിൻ എന്നു് ഈശോ കുഷ്ഠരോഗികളോടു കല്പിക്കുന്നതു ആത്മനാ ശ്രവിക്കുക. (ലൂക്കാ. ൧൭. ൧൪)

൨. പാപമെന്ന കുഷ്ഠം നിന്റെ ആത്മാവിൽ പിടിപെ

ടാതിരിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

കുഷ്ഠരോഗികളുടെ പ്രാർത്ഥന.

ധ്യാനം:- യേശു ഒരു ഗ്രാമത്തിലേയ്ക്കു പ്രവേശിക്കവെ കുഷ്ഠരോഗികളായ പത്തുപേർ അദ്ദേഹത്തിന്നു് അഭിമുഖമായി വന്നു. അവർ ദൂരെനിന്നുകൊണ്ടു്: ഗുരോ യേശുവേ, ഞങ്ങളോടു കരുണയുണ്ടാകേണമെ എന്നു വിളിച്ചുപറഞ്ഞു. (ലൂക്കാ. ൧൭. ൧൨, ൧൩) ഈ അപേക്ഷയുടെ വിശേഷഗുണങ്ങളെ നല്ലപോലെ പയ്യാലോചിക്കുക. ൧. ഇതു വിനയാന്വിതവും വണക്കസമ്പുഷ്ടവുമായ ഒന്നായിരുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ രോഗത്തിന്റെ നികൃഷ്ടാവസ്ഥ വിചാരിച്ചു് അവർ ഈശോയെ സമീപിക്കാതെ ദൂരെനിന്നു. ൨. ഇതു പ്രത്യാശയോടുകൂടിയതായിരുന്നു. തങ്ങൾ നില്ക്കുന്ന സ്ഥലത്തുവച്ചു യാതൊരു സ്വാഭാവിക ഔഷധിയുംകൂടാതെ തങ്ങളെ സുഖപ്പെടുത്തുവാൻ അവിടുത്തെയ്ക്കു കഴിയും എന്ന ദൃഢവിശ്വാസം അവർക്കുണ്ടായിരുന്നു. ൩. അതു തീക്ഷ്ണതയുള്ളതുമായിരുന്നു. അവർ ഹൃദയപൂർവ്വം സഹായം പ്രാർത്ഥിച്ചു. ൪. അതു ഹൃദയസ്പർശകമായിരുന്നു. അവിടുന്നു തങ്ങളുടെ രക്ഷകനും ഗുരുവുമാണെന്ന വിചാരത്തോടുകൂടെയാണു് അവർ പ്രാർത്ഥിച്ചതു്. ൫ അതു പരസ്പരസ്നേഹത്തോടുകൂടിയതുമായിരുന്നു. തങ്ങൾക്കോരോരുത്തക്കുവേണ്ടിയല്ല എല്ലാവക്കുംവേണ്ടി അവർ അന്യോന്യം യോജിച്ചു പ്രാർത്ഥിച്ചു.

പ്രായോഗികചിന്ത:— നിന്റെ പ്രാർത്ഥനകൾ ഈവിധത്തിലുള്ളവ, അഥവാ ഈ ലക്ഷണങ്ങളോടുകൂടിയവയാണോ? ഈ ലക്ഷണങ്ങൾ ഉണ്ടായിരുന്നാൽ നിന്റെ പ്രാർത്ഥന എപ്പോഴും സഫലീകരിക്കപ്പെടും. ഈവിധം പ്രാർത്ഥിപ്പാൻ പ്രയാസമെന്നു നിനക്കു തോന്നുന്നുണ്ടോ? ദൈവസഹായം പ്രാർത്ഥിക്കുന്നതിന്നു് ഈ കുഷ്ഠരോഗികൾക്കുണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ ആവശ്യമാണോ നിനക്കുള്ളതു്? നിന്റെ ആത്മാവിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന പാപമെന്ന കുഷ്ഠം നിമിത്തം പ്രസ്തുത കുഷ്ഠരോഗികളെക്കാൾ ഭയങ്കരവും നിന്ദ്യവുമായ നിലയല്ലെ ദൈവതിരുമുമ്പാകെ നിനക്കുള്ളതു്?

സ്തോത്രപ്രകരണങ്ങൾ:— ജപജ്ഞാനത്തിന്റെ വരം ലഭിപ്പാനായി ഞാൻ പ്രാർത്ഥിക്കും.

പ്രതിജ്ഞ:- ഇന്നു് എന്റെ പ്രാർത്ഥനകളിൽ പ്രത്യേകം സൂക്ഷംവയ്ക്കാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പു

കുഷ്ഠരോഗികളുടെ അനുസരണം.

ധ്യാനം:- ഈശോ കുഷ്ഠരോഗികളെ കണ്ട ഉടനെ നിങ്ങൾ പോയി പുരോഹിതന്മാക്കു നിങ്ങളെ കാണിച്ചുകൊടുക്കുവിൻ എന്നരുളിച്ചെയ്തു. ദിവ്യരക്ഷകൻ ആ കുഷ്ഠരോഗികളോടു് ഇങ്ങനെ കല്പിച്ചപ്പോൾ അവർ പുരോഹിതന്മാക്കു തങ്ങളെ കാണിക്കുന്നതിനുമുമ്പുതന്നെ അവരുടെ കുഷ്ഠം നീങ്ങിപ്പോകേണമെന്നു് അവിടുന്നു ചിത്തമായിരുന്നു. എങ്കിലും അതിനെക്കുറിച്ചു യാതൊരുറപ്പും വാഗ്ദാനവും ഉണ്ടായിരുന്നില്ല. ഇതിനാൽ സംശയിപ്പാൻ അഥവാ വ്യാഖ്യാനം ചോദിപ്പാൻ ന്യായമുണ്ടായിരുന്നു. എങ്കിലും അതൊന്നും ചെയ്യാതെ — ന്യായാന്വേഷണം കൂടാതെ — അവർ അനുസരിച്ചു. ഇങ്ങനെ യാതൊരു പരീക്ഷയ്ക്കും സമയം കൊടുക്കാതെ അനുസരിച്ചതിനാൽ ഉടനെ അതിന്നു പ്രതിഫലം ലഭിച്ചു. വിശുദ്ധ ലൂക്കാസ് പറയുന്നതുപോലെ അധികമധികത്തിൽ ചെല്ലുന്നതിനുമുമ്പുതന്നെ അവർ സ്വസ്ഥത പ്രാപിച്ചു (ലൂക്കാ. ൧൭. ൧൪)

പ്രായോഗികചിന്ത:— ഇതാ, ഉത്തമമായ അനുസരണത്തിന്റെ സജീവമാതൃക! ഇതാ ന്യായാന്വേഷണംകൂടാതുള്ള — ബോധാന്ധതയോടുകൂടിയ — കീഴ്വഴക്കത്തിന്നു ലഭിക്കുന്ന പ്രതിസമ്മാനം! നമ്മൊടു കല്പിക്കുന്ന ശ്രേഷ്ഠനിൽ ദൈവത്തെയും അവിടുത്തെ തിരുനാമത്തെയുംമാത്രം ഉദ്ദേശിക്കയും ശ്രേഷ്ഠന്റെ സ്വാഭാവത്തെയോ കല്പനകളുടെ ന്യായാന്യായങ്ങളെയോ അതു നിവർത്തിക്കുന്നതിൽ ഉണ്ടായേക്കാവുന്ന വിഷമതകളേയോ നോക്കാതെ അവയ്ക്കു കണ്ണുകളെ അടച്ചുകൊണ്ടു അനുസരിക്കയും ചെയ്യുന്നതു അന്ധമായ അനുസരണമാണു്. ഭോഷത്വം എന്നു ലോകം പറയുന്ന ഈ കീഴ്വഴക്കത്തിന്നു ദൈവതിരുസ്സന്നിധിയിലുള്ള വില എത്ര വിപുലമാണു്! എന്തുകൊണ്ടെന്നാൽ മനുഷ്യൻ തനിക്കുള്ള ഏറ്റവും ഉയർന്ന ശക്തിയായ അറിവിന്റെ പ്രകാശത്തെ ഈ കീഴ്വഴക്കത്താൽ ദൈവത്തിന്നു പൂജിക്കുന്നു. അതിനാൽ വാസ്തവത്തിൽ അതു വിലയേറിയതുതന്നെയാണു്. മനോഹരമായ വിധത്തിലും ചിലപ്പോൾ അത്ഭുതങ്ങളാലും ദൈവം

ഇതിനു പ്രതിസമ്മാനം നൽകുന്നുണ്ട്. ഇതിന്റെ ഒരു ദൃഷ്ടാന്തം ഇവിടെ നാം കാണുകയും ചെയ്യുന്നു. ഈ ഉത്തമ കീഴ്വഴക്കത്തെ വേണ്ടവിധം നീ വിലമതിച്ചുവരുന്നുണ്ടോ? ഇതിൽ നീ അഭ്യസിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:- ഉത്തമമായ ഈ കീഴ്വഴക്കത്തിനു് ആവശ്യമായ സജീവവിശ്വാസം എന്ന ദാനത്തിനായി ദൃഷ്ടാന്തപൂർവ്വം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- എന്റെ ശ്രേഷ്ഠൻ മറ്റു മനുഷ്യരെപ്പോലെ കുറവും കുറവുമുള്ള മനുഷ്യനെന്നല്ല, ദൈവത്തിന്റെ സ്ഥാനം വഹിക്കുന്ന ആളാകുന്നു എന്നു ഞാൻ എപ്പോഴും വിചാരിക്കും.

മൂന്നാംവകുപ്പു

കുഷ്ഠരോഗികളുടെ കൃതജ്ഞത.

ധ്യാനം:- സുഖംലഭിച്ച കുഷ്ഠരോഗികൾ പത്തുപേരായിരുന്നെങ്കിലും അവരിൽ ഒരുത്തൻമാത്രമെ നന്ദിയുള്ളവനായിരുന്നുള്ളൂ. വിശുദ്ധ ലൂക്കാസ് പറയുന്നതുപോലെ, അവരിൽ ഒരുത്തൻ താൻ സച്ചൗനായിത്തീർന്നു എന്നു കണ്ടു്, ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു മടങ്ങിവന്നു അദ്ദേഹത്തിന്റെ പാദത്തിങ്കൽ സാഷ്ടാംഗംവീണു സ്തുതിച്ചു. ഇവനോ ഒരു സമരിയൻ ആയിരുന്നു. (ലൂക്കാ. ക്ര. ക്ര, ക്രന്ദ.) മാറുള്ളവരാകട്ടെ തങ്ങൾക്കു ലഭിച്ച ഈ മഹാ അനുഗ്രഹത്തെ വിസ്മരിച്ചുകളയുകയും, നന്ദിഹീനത കാണിക്കയുമല്ലാതെ മറ്റൊന്നും ചെയ്തില്ല. അപ്പോൾ യേശു അരുളിച്ചെയ്തു: സ്വച്ഛത പ്രാപിച്ചതു പത്തുപേർ അല്ലയോ? ശേഷം ഒമ്പതുപേർ എവിടെ? ദൈവത്തെ മഹത്വീകരിക്കുവാൻ ഈ വിജാതീയനല്ലാതെ മറ്റാരും തിരിച്ചുവന്നതായി കണ്ടില്ലല്ലൊ. പിന്നെ അവിടുന്നു് അവനോടായിട്ടു നീ എഴുന്നേറ്റുപൊയ്ക്കൊള്ളുക. നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തി എന്നു് അരുളിച്ചെയ്തു (ലൂക്കാ. ക്ര. ക്ര, ക്രൻ.)

പ്രായോഗികചിന്ത:- നമ്മുടെ കർത്താവു നന്ദിയും നന്ദിഹീനതയും എങ്ങിനെ പ്രതീകിച്ചു സ്മരിക്കുന്നു എന്നു നോക്കുക! ദൈവം നമുക്കു ചെയ്തവരുന്ന നന്മകളെക്കുറിച്ചു എപ്പോഴും അവിടുത്തേക്കു നാം നന്ദികാണിക്കേണ്ടതാണു്. എന്നാൽ നമ്മുടെ വർത്തനം ഏതുവിധമാണു്? ഇക്കാര്യത്തിൽ നമുക്കു പല

പ്പോഴും വീഴ്ചവരുന്നില്ലയോ? അപത്തുകളും, രോഗം, വ്യസനം മുതലായവ നമുക്ക നേരിടാറുണ്ട്; അതിൽനിന്നു നാം രക്ഷപെട്ടാലും അതിനെക്കുറിച്ചു ദൈവത്തോടു നാം നന്ദിപറയുന്നില്ല. ഒരു രോഗത്തിൽനിന്നു നാം സുഖം പ്രാപിക്കുമ്പോൾ ചിലപ്പോഴൊക്കയും ദൈവത്തോടു നാം നന്ദിപറയുന്നു. എന്നാൽ ദൈവം നമ്മെ ശരീരസുഖത്തോടെ കാക്കുന്നതു് ഇതിനെക്കാൾ വലിയ ഉപകാരമല്ലയോ? ഇതിനെക്കുറിച്ചു നാം ദൈവത്തിനു നന്ദി പറയുന്നുണ്ടോ? പ്രതിദിനം ക്ഷേണാനന്തരം ദൈവത്തോടു നാം നന്ദിപറയുന്നുണ്ടു; എന്നാൽ ഭോജനപൂർവ്വം അതു ചെയ്യുന്നുണ്ടോ?

സംതോഷണം;— നിന്റെ കാരുണ്യകർത്തനോടു സംതോഷണം ചെയ്യുക.

പതിനാലാംതീയ്യതി

കൂടക്കൂടെ പാപസങ്കീർത്തനം ചെയ്യേണ്ടതിനെക്കുറിച്ചു.

പ്രാരംഭം ഫ നിങ്ങൾ പോയി പുരോഹിതന്മാർക്കു നിങ്ങളെ കാണിക്കുവിൻ എന്നു് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

വ. എപ്പോഴും ഫലപ്രദമാംവണ്ണം പാപസങ്കീർത്തനം ചെയ്യാൻ്വണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പാപസങ്കീർത്തനത്തിനു് ആവശ്യമായ ഒരുക്കം.

ധ്യാനം;— നമ്മുടെ ആത്മാവുകളെ വിശുദ്ധവും ദൈവഭക്തിയിൽ നിന്ദ്യവും നികൃഷ്ടവുമാക്കിത്തീർക്കുന്ന പാപത്തിനു സദൃശമാകുന്ന കുഷ്ഠരോഗം എന്നു സഭാപിതാക്കന്മാർ അഭിപ്രായപ്പെടുന്നു. നിങ്ങൾപോയി പുരോഹിതന്മാർക്കു നിങ്ങളെ കാണിക്കുവിൻ എന്നു് ആ കുഷ്ഠരോഗികളോടു ഈശോ കല്പിച്ചതി

ന്റെ താല്പര്യം തന്റെ സ്ഥാനാപതികളായ വൈദികരുടെ പ്രാർത്ഥനകൾ നാം ചെന്നു പാപസങ്കീർത്തനം ചെയ്യണമെന്നാണു്. അതുകയാൽ പ്രസ്തുത ക്രമശ്രേയുടെ ആത്മികോപകാരത്തേയും അതിനെ ഫലപ്രദമായി സമീകരിക്കാനുള്ള വിധത്തേയുംകുറിച്ചു നമുക്കു് ആലോചിക്കാം. പാപസങ്കീർത്തനത്തിനായുള്ള ഒരുക്കം ഗൗരവത്തോടും ശ്രദ്ധയോടുംകൂടെ ചെയ്യേണ്ടതാണു്. എങ്കിലും ഹൃദയത്തെ സമാധാനരഹിതവും സംശയഗ്രസ്തവുമാക്കുന്ന അമിതമായ ഉൽകണ്ഠ അരുതു്. പാപസങ്കീർത്തനം പല കേസ്താത്മാവുകൾക്കും വളരെ ക്ലേശാവഹമായി തീരാറുണ്ടു്. പാപസങ്കീർത്തനം—മനസ്സാപവും പാപോച്ചാരണവും ഒക്കെ—വേണ്ടവിധമല്ലായില്ല എന്നു തോന്നുകയാൽ അവർ തങ്ങളെത്തന്നെ വല്ലാതെ വിഷമിപ്പിക്കുന്നു. ഇതു് അപലപ്യമാണു്. എന്നാൽ ഇതിനെക്കാൾ ഗുരുതരവും കേസ്തജീവിതം നയിക്കുന്നവരിൽ സാധാരണ സംഭവ്യവുമായ വേറൊരു സംഗതിയുണ്ടു്. അതു് ശ്രദ്ധക്കുറവും അനാസ്ഥയുമാണു്. മറ്റു വാക്കുകളിൽ പറഞ്ഞാൽ വേണ്ടവിധം ആത്മശോധന ചെയ്യുന്നതിനും മനസ്താപപ്പെടുന്നതിനും ശ്രമിക്കാതെ ഒരു പതിവു നിവർത്തിക്കുന്നതുപോലെ പാപസങ്കീർത്തനം ചെയ്യാൻ പോകുന്നു. പാപങ്ങളെ വ്യക്തമായിപ്പറയുകയൊ തങ്ങളെത്തന്നെ കുറ്റപ്പെടുത്തുകയൊ ചെയ്യാതിരിക്കുക, ഉത്തമമനസ്താപം ജനിപ്പിക്കുന്ന ന്യായങ്ങളെ ചിന്തിക്കുയും മനസ്താപപ്പെടുകയും ചെയ്യുന്നതിൽ ഉദാസീനരായിരിക്കുകയും എന്നീ ന്യൂനതകളും ഇത്തരക്കാരിൽ സംഭവിക്കാറുണ്ടു്.

പ്രായോഗികചിന്ത:— പാപസങ്കീർത്തനം ചെയ്യുന്നതിനു ദിവസവും സമയവും നിശ്ചയിക്കുക. ഇങ്ങിനെ നിശ്ചയിക്കാതിരുന്നാൽ അവധി ചിലപ്പോൾ അധികം ദീർഘിച്ചു പോയേക്കാം. ഈ നിശ്ചിത ദിവസത്തിൽ കാലത്തു് ദിവ്യപൂജ കാണുന്നസമയത്തു് ഇതിനുള്ള വരപ്രസാദം ഉത്സാഹപൂർവ്വം അപേക്ഷിക്കുക. ദിവ്യപൂജയുടെ മദ്ധ്യത്തിൽ വൈദികൻ ക്രമശ്രേവചനങ്ങൾ ഉച്ചരിച്ചു തിരുഓസ്തി ഉയർത്തിയശേഷം നിന്റെ നിയോഗം നവീകരിച്ചുകൊണ്ടു ഹൃദയത്തെ ഉജ്ജ്വലിപ്പിച്ചു് ആത്മിക പരിശോധന നടത്തുകയും ഉത്തമമനസ്താപം നിന്നിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യുക. ആത്മശോധന ദിവ്യപൂജയുടെ ആരംഭത്തിലും ചെയ്യാം. ഈ വിധം മുൻകൂട്ടി ഒരുങ്ങി

യാൽ പാപസങ്കീർത്തനത്തിനു സമയമാകുമ്പോൾ അല്പനേരം ഇതിനെക്കുറിച്ചു വിചാരിച്ചാൽ മതിയാകും.

സ്നേഹപ്രകരണങ്ങൾ:— ഈ കായ്ത്തിൽ നിന്റെ കഴിഞ്ഞ ജീവിതത്തിൽ ഉണ്ടായിട്ടുള്ള ഉദാസീനതയെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— പാപസങ്കീർത്തനം ചെയ്വാൻ പോകുന്നതിനു മുമ്പു നീ ചെയ്വാൻ പോകുന്ന കായ്ത്തിന്റെ ഗൗരവത്തെക്കുറിച്ചു നല്ലപോലെ ആലോചിക്കുക. മുകളിൽ കാണിച്ചിട്ടുള്ള ക്രമങ്ങളും അനുഭവസിദ്ധിയാൽ ഗുണപ്രദമെന്നു നീ കണ്ടിട്ടുള്ള മറ്റു മാർഗ്ഗങ്ങളും വിശ്വസ്തതയോടെ അനുവർത്തിക്കുക.

രണ്ടാംവകുപ്പു

വൈദികനോടു പാപങ്ങളെ ഏറ്റു പറയുക.

ധ്യാനം:— ഇതു വിനീതവും നിഷ്കപടവും പൂർണ്ണവുമായിരിക്കണം എന്നു നാം അറിയുന്നു. മറ്റു വിശ്വാസികൾക്ക് ഏതു വൈദികനോടും പാപസങ്കീർത്തനം ചെയ്യാവുന്നതാണു്. എന്നാൽ അതുത്തോളം സ്വാതന്ത്ര്യവും സൗകര്യവും സന്ന്യാസികൾക്കില്ലാത്തതിനാൽ പരമാത്മത പലപ്പോഴും ശക്തിയായി പരീക്ഷിക്കപ്പെടാറുണ്ടു്. എന്നാൽ നമ്മുടെ ഏറ്റവും ഗുരുതരമായ പാപങ്ങളെക്കുറിച്ചുപോലും ആദ്ധ്യാത്മിക പിതാവു് അത്ഭുതപ്പെടുകയില്ല എന്നു നാം ഓർക്കണം; എന്തുകൊണ്ടെന്നാൽ എല്ലാവരും മനുഷ്യരാകുന്നു. അതിനാൽ വലിയ പാപങ്ങളിൽ വീഴാനുള്ള അപകടത്തിൽ ഇരിക്കുന്നു. നശീകരമായ ലജ്ജയിൽ നിന്നും അതിന്റെ ഫലമായ ദൈവദ്രോഷത്തിൽനിന്നും ഈ വിചാരം നമ്മെ രക്ഷിക്കട്ടെ. നമ്മുടെ ജീവിതത്തെ ഉത്തരോത്തരം വിശുദ്ധമാക്കിത്തീർക്കുവാൻ വേണ്ടിയാണല്ലൊ നാം ക്രൂശിന്റെ പാപസങ്കീർത്തനം ചെയ്യുന്നതു്. ലഘുവായ കുറവുകളേയും ന്യൂനതകളേയും കണ്ടറിഞ്ഞു് ഏറ്റു പറയുക എളുപ്പമല്ലായ്കയാൽ പ്രധാനമായ ചില കുറവുകളെ ഓർത്തു് പശ്ചാത്തപിച്ചു വെളിപ്പെടുത്തുന്നതാണു് ക്രൂശൽ ഉപകാരപ്രദം. അല്ലെങ്കിൽ ദുഷ്ടവും പ്രത്യേകതരവുമായ പ്രതിജ്ഞാകർമം ചെയ്യുന്നതിനു പകരം പൊതുവായി മാത്രം പ്രതിജ്ഞ ചെയ്വാൻ ഇടവരും. ഈ പൊതുപ്രതിജ്ഞകൊണ്ടു നമ്മുടെ ജീവിതത്തിൽ സാരമായ ക്രമീകരണമൊ നമുക്കു പുണ്യാഭിവൃദ്ധിയൊ ഉണ്ടാകയില്ല.

പ്രായോഗികചിന്ത:— ഇതിൽ നാം അനുസരിക്കേണ്ട ചില തത്വങ്ങളും അടങ്ങിയിട്ടുണ്ട്. ക. നീ ഏതെങ്കിലും ഗുരുതര പാപത്തിൽ അകപ്പെട്ടാൽ അതു പാപസങ്കീർത്തനത്തിന്റെ ആരംഭത്തിൽ തന്നെ വെളിപ്പെടുത്തുക. ഇങ്ങനെ ചെയ്യാതെ ആരംഭത്തിൽ ലഘുവായ പാപങ്ങളെ വെളിപ്പെടുത്തിയശേഷം ഗുരുതരമായതു ഒടുവിൽ വെളിപ്പെടുത്താം എന്ന കുതിയാൽ ഒടുവിൽ പ്രയാസം ക്രൂടിവരും. ചിലപ്പോൾ അതിന്നു വേണ്ടും മനശ്ശക്തിയും ഇല്ലാതെ പോകും. ഖ. ലഘുവായ കുറ്റങ്ങളിൽ മൂന്നോ നാലൊ എണ്ണം വെളിപ്പെടുത്തുകയും, അതിൽ ഒന്നിനെ ജയിക്കുവാൻ പ്രത്യേകം പ്രതിജ്ഞചെയ്യുകയും വേണം. ഓരോന്നായി നമ്മുടെ കുറ്റങ്ങളെയെല്ലാം മൂലച്ഛേദം ചെയ്യുന്നതിന്ന് എളുപ്പമായ മാർഗ്ഗം ഇതാണ്. ന. നിന്റെ കഴിഞ്ഞജീവിതത്തിലെ ഗുരുതരപാപങ്ങളിൽ വല്ലതും ഈ പാപസങ്കീർത്തനത്തിൽ വെളിപ്പെടുത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതു മറ്റു കുറ്റങ്ങളോടു ഇടകലർത്താതെ പ്രത്യേകിച്ചു പറയുകയും ആ ലഘുപാപസങ്കീർത്തനത്തിൽ അതിനെക്കുറിച്ചു ഏതു വിധം മനസ്താപപ്പെട്ടോ അതുപോലെതന്നെ ഇപ്പോഴും മനസ്താപപ്പെടുകയും വേണം. പാപമോചനം പ്രാപിക്കുന്നതിന്ന നമുക്ക അവശ്യം വേണ്ടതായ മനസ്താപത്തിന്ന ന്യൂനത വന്നുപോയോ എന്ന സംശയം ഇല്ലാതിരിക്കുവാൻ ഈ നയം വളരെ സഹായിക്കും.

സ്നേഹപ്രകരണങ്ങൾ:— നാം ഇത്രയേറെ പ്രാവശ്യം പാപസങ്കീർത്തനം ചെയ്തിട്ടും വേണ്ട സുകൃതാഭിവൃദ്ധി ക്രൂടാതെ ഇത്ര ന്യൂനതകളോടുകൂടെയിരിക്കുന്നതിനെക്കുറിച്ചു ദൈവതിരുമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുക.

പ്രതിജ്ഞ:— കഴിഞ്ഞ വകുപ്പിൽ കാണിച്ചിരിക്കുന്നതു തന്നെ.

മൂന്നാംവകുപ്പു.

കൃതജ്ഞതാപ്രകാശനം.

ധ്യാനം:— ക്രൂടക്കൂടെയുള്ള പാപസങ്കീർത്തനത്തിൽനിന്നു ലഭിക്കാവുന്ന ഉത്തമഫലങ്ങൾ പ്രാപിക്കേണ്ടതിന്ന ചില കായ്ങ്ങൾക്രൂടെ ചെയ്യണം. ക. പാപസങ്കീർത്തനം ചെയ്തുകഴിഞ്ഞശേഷം ഈ ക്രൂശയുടെ വലിയ ശക്തിയെക്കുറിച്ചുള്ള വിശ്വാസം നമ്മിൽ ഉജ്ജീവിപ്പിക്കുക. ഖ. നമ്മുടെ പ്രതിജ്ഞയെ ന

വീകരിക്കുക. ന്ന. അതു വിശ്വസ്തതയോടെ നിവർത്തിപ്പാൻ വേണ്ട സഹായം പ്രാർത്ഥിക്കുക.

പ്രായോഗികചിന്ത:- പാപസങ്കീർത്തനശേഷം ഇങ്ങനെ പ്രാർത്ഥിക്കുന്നതു നന്നായിരിക്കും: എന്റെ ഈശോയെ! പാപ സങ്കീർത്തനമെന്ന ക്രമാശ വഴിയായി അങ്ങയുടെ ദിവ്യരക്തം എന്റെ ആത്മാവിൽ പാഞ്ഞൊഴുകുകയും അതിനെ അത്യധി കം ശുദ്ധീകരിക്കയും നവമായ വരപ്രസാദങ്ങളാൽ അലങ്കരിക്ക യും ചെയ്യുന്നു എന്നു ഗാഢമായി ഞാൻ വിശ്വസിക്കുന്നു. ഇതി നെക്കുറിച്ചു അങ്ങയെ ഞാൻ സ്തുതിക്കുന്നു. മേലാൽ യാതൊരു പാപവും പ്രത്യേകം ഇന്നയിന്നു....പാപങ്ങളും മനസ്സറിവോടെ ചെയ്തയില്ലെന്നും അവയെ എന്നിൽനിന്നു നീക്കുവാൻ യഥാ ശക്തി ശ്രമിക്കുന്നുണ്ടെന്നും ഞാൻ വീണ്ടും പ്രതിജ്ഞചെയ്യുന്നു. ഇനി ആ പാപം ഞാൻ ചെയ്യുന്നതായാൽ അങ്ങേ ഇഷ്ടംപോ ലെ എന്നെ ശിക്ഷിക്കേണമെ. എന്റെ നല്ല ഈശോയെ! എ ന്നെയും എന്റെ പരിശ്രമങ്ങളെയും നീ ആശീർവ്വദിക്കേണമെ.

സംതോഷണം:— പാപസങ്കീർത്തനമെന്ന ക്രമാശ സ്ഥാപി ച്ചു ഗുരുശോയോടു സംതോഷണം ചെയ്യുക. അവിടുത്തെ ഈ കരുണാതിരേകത്തെക്കുറിച്ചു കൃതജ്ഞനായിരിക്കുക. കഴിഞ്ഞ ജീ വിതത്തിൽ ഇതു ജാഗ്രതയോടുകൂടെ സ്വീകരിക്കാഞ്ഞതിനെ ക്കുറിച്ചു ക്ഷമാപണം ചെയ്യുക. മേലിൽ ഇങ്ങനെ സംഭവിക്കാ തിരിപ്പാൻ അനുഗ്രഹം ചെയ്തരുളേണമെന്നു പ്രാർത്ഥിക്കുക.

പതിനഞ്ചാം തിയ്യതി

പതിനെട്ടു മാസങ്ങൾക്കുശേഷം ഈശോ വീണ്ടും ജെരുസലേമിൽ പ്രവേശിക്കുന്നു.

പ്രാരംഭം ക. ഈശോ ദേവാലയത്തിൽ കൂടിയിരിക്കുന്ന ജ നസമൂഹത്തോടു പ്രസംഗിക്കുന്നതു് ആത്മനാ ശ്രവിക്കുക.

ഖ. ഈശോയ്ക്കു് ആത്മാവുകളുടെ രക്ഷയെപ്പറ്റിയുണ്ടായിരു ന്ന ആഗ്രഹവും അവിടുത്തെ ക്ഷമയും അനുകരിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയെക്കുറിച്ചു ജെരുസലേം നിവാസികൾക്കുണ്ടായ വിഭിന്നാഭിപ്രായങ്ങൾ.

ധ്യാനം:— കൂടാരത്തിരുനാൾ കഴിഞ്ഞു മൂന്നാം ദിവസം മാത്രമേ ജെരുസലേമിൽ ചെന്നെത്തുവാൻ ഈശോ കരുതിയിട്ടുണ്ടായിരുന്നുള്ളൂ. അതിനാൽ വഴിക്കു് അവിടവിടെ താമസിച്ചാണു് അവിടുന്നു യാത്ര ചെയ്തതു്. നിശ്ചിത ദിവസം വൈകുന്നേരം യാതൊരു മുന്നറിവും കൊടുക്കാതെ അങ്ങുന്നു അപ്പോസ്തോലന്മാരോടുകൂടെ പട്ടണത്തിൽ പ്രത്യക്ഷനായി. പിറേദിവസം സാബത്തിൽ ദേവാലയത്തിൽപ്രവേശിച്ചു. ഇങ്ങിനെതന്നെ കൊല്ലുവാനിരുന്നവരുടെ ചതിപ്രയോഗങ്ങൾ വിഫലങ്ങളാക്കി. ആ ദിവസത്തിൽ അവിടെ എല്ലായിടത്തും അദ്ദേഹത്തെക്കുറിച്ചുള്ള സംസാരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പത്തു കുഷ്ഠരോഗികൾക്കു് അവിടുന്നു നൽകിയ അത്ഭുതാവഹമായ സൗഖ്യം അവിടത്തെ കീർത്തി നാട്ടിലെങ്ങും പ്രചരിപ്പിച്ചു. യഹൂദന്മാർ തിരുനാളിൽ അവിടത്തെ അന്വേഷിച്ചുകൊണ്ടു്, അവൻ എവിടെയാകുന്നു എന്നു ചോദിച്ചിരുന്നു. എന്നാൽ ജനസംഘത്തിൽ അവിടത്തെക്കുറിച്ചു വളരെ കുശുകുശുപ്പുണ്ടായി. എങ്ങനെയെന്നാൽ ചിലർ അവൻ നല്ലവനാകുന്നു എന്നു പറഞ്ഞു. മറ്റു ചിലരോ അല്ല, അവൻ ജനങ്ങളെ വഞ്ചിക്കയത്രെ ചെയ്യുന്നതു് എന്നു പറഞ്ഞിരുന്നു. (യോഹ. ൭. ൧൨, ൧൩.)

പ്രായോഗികചിന്ത:— നമ്മുടെ കർത്താവിനെക്കുറിച്ചു് ആ ജനം ഇങ്ങിനെ വിപരീതമായി സംസാരിച്ചതിനെപ്പറ്റി നാം വിസ്മയിക്കേണ്ട. പൊതുജനമെപ്പോഴായി പ്രയത്നിക്കുന്നവർക്കു് ഇതുവരെ സംഭവിച്ചിട്ടുള്ളതു് ഇങ്ങിനെയാണു്. മേലിൽ സംഭവിക്കുന്നതും ഇങ്ങിനെ തന്നെ ആയിരിക്കും. ഇവരുടെ പ്രവൃത്തികളെ ശുശ്രൂഷിയുള്ളവർ സ്തുതിക്കും. അല്പാത്തവർ അവയെ ആക്ഷേപിക്കയും അബദ്ധമായി വ്യാഖ്യാനിക്കുകയും ചെയ്യും. സഭൃഷികളിൽ നിന്നുപോലും വിരോധം ഉണ്ടായേക്കാം. ഇങ്ങനെ നിനക്കു സംഭവിക്കുമെങ്കിൽ വിസ്മയിക്കാതിരിക്കുക. നീ പ്രാസംഗികനോ, ഉപദേശിയോ, ഉപാദ്ധ്യായനോ, ആത്മികപാലകനോ, വൈദ്യനോ ആയിരുന്നിട്ടു് ആ തൊഴിൽ നടത്തുന്നവിധത്തെപ്പറ്റി മറുള്ളവർ മാത്രമല്ല നിന്റെ സഹോദരന്മാരും

ശ്രേഷ്ഠന്മാരുംക്രൂടെ വിവിധമായി അഭിപ്രായപ്പെടുന്നപക്ഷം— എന്നല്ല ആക്ഷേപമായി സംസാരിക്കതന്നെ ചെയ്യുന്നപക്ഷം —നീ വ്യസനിക്കുകയൊ വിസ്മയിക്കുകയോ ചെയ്യരുത്. നീ യഥാർത്ഥ എളിമയുള്ളവനും നിന്റെ അവസ്ഥ നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവനുമാണെങ്കിൽ നിന്നെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യുമ്പോൾ മാത്രമെ അത്ഭുതപ്പെടുകയുള്ളു. അതുകയാൽ നിന്നെയും നിന്റെ പ്രവൃത്തികളേയും അന്യർ ആക്ഷേപിക്കുമ്പോൾ നിന്നിൽ കുറവുള്ളതുണ്ടെങ്കിൽ തിരുത്തുകയല്ലാതെ ആ ആക്ഷേപങ്ങൾ നിമിത്തം അധൈര്യപ്പെടുകയല്ലാ വേണ്ടതു്. ഇതാകുന്നു യഥാർത്ഥ സമാധാനത്തിന്നുള്ള മാർഗ്ഗം. ഈ വിധം നീ ചെയ്യുവതുണ്ടൊ?

സ്നേഹപ്രകരണങ്ങൾ:— എപ്പോഴും ഈശോയുടെ വിനയമുള്ള ശിഷ്യനായി നടപ്പാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിങ്ങളോട് കല്പിക്കപ്പെട്ടവ എല്ലാം നിവർത്തിച്ചശേഷം, ഞങ്ങൾ പ്രയോജനമറ്റ ഭൃത്യന്മാരാകുന്നു. ഞങ്ങൾ സ്വന്തം കടമ നിവർത്തിക്കാൻ ശ്രമിക്കയേ ചെയ്തുള്ളു എന്നു പറയുക. നമ്മുടെ ജീവപരിപാലകന്റെ ഈ വാക്കുകൾ എപ്പോഴും അനുസ്മരിച്ചു കൊള്ളുക.

രണ്ടാംവകുപ്പു

യഹൂദന്മാരുടെ വിസ്മയം.

ധ്യാനം:— ഈശോ ജെരുസലേമിൽ ചെന്നതു് തിരുനാളിന്റെ നാലാം ദിവസത്തിലായിരുന്നു. "അവിടുന്നു ദേവാലയത്തിൽചെന്നു ഉപദേശിച്ചിരുന്നു, അപ്പോൾ യഹൂദന്മാർ ആശ്ചര്യപ്പെട്ടു: ഇവൻ പഠിച്ചിട്ടില്ലാതിരിക്കെ ശാസ്ത്രങ്ങൾ അറിയുന്നതു് എങ്ങിനെ? എന്നു പറഞ്ഞിരുന്നു. യേശു അവരോടു മറുപടി പറഞ്ഞു: എന്റെ പ്രബോധനം എന്റേതല്ല, എന്നെ അയച്ചവന്റേതത്രെ...സ്വന്തമായിപ്പറയുന്നവൻ സ്വന്തമഹത്വത്തെ അന്വേഷിക്കുന്നു. തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവനൊ അവൻ സത്യവാനാകുന്നു, അവനിൽ അനീതിയില്ല. (യോഹ. ൬. ഫർ, ഫന്ദ, ഫവ്വ.)

പ്രായോഗികചിന്ത:— നാം പരസ്യമായോ രഹസ്യമായോ ഇതരന്മാർക്കു കൊടുക്കുന്ന പ്രബോധനം നമ്മുടേതല്ല, നമ്മെ

അയച്ച യേശുവിന്റെതാകുന്നു. ആകയാൽ അതു യഥായോഗ്യം നല്ലുവാൻ നല്ലവണ്ണം അഭ്യസിച്ചു" അതിനു വേണ്ടവിധം ഒരു ക്ഷേണ്ടതാണു". ക്രൂടാതെ അവയെ ചിത്രപ്പെടുത്തിയൊ, തെളിവില്ലാതെയൊ, മനുഷ്യരെ പ്രസാദിപ്പിക്കാൻ വേണ്ടി ലോകതത്വങ്ങളോടു കലത്തിയൊ ഉപദേശിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ഈ വിഷയത്തിൽ നീ ആക്ഷേപാർഹനായോ എന്നു പരിശോധിച്ചു നോക്കുക. ദൈവപ്രബോധനത്തെ മാറിക്കൊണ്ടു സത്യത്തിനു വിരോധമായും, നിന്റെ സ്വന്ത മഹത്വത്തെ അന്വേഷിച്ചുകൊണ്ടു നീതിക്കു വിരോധമായും നീ പ്രവൃത്തിച്ചിട്ടുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— നന്നായി സംസാരിക്കുന്നതിനു വേണ്ട വാഗ്വൈഭവവും വാക്കുകൊണ്ടു ഹൃദയങ്ങളെ സ്പർശിക്കുവാൻ വേണ്ട പ്രത്യേകവരവും പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവവാക്യം അത്രയധികം പ്രസംഗിച്ചില്ലെങ്കിലും അതു വണക്കത്തോടും ഗൗരവത്തോടുംകൂടെ ചെയ്വാൻ നിശ്ചയിക്കുക. വിശ്വാസസത്യങ്ങൾ പ്രസംഗിക്കുന്നതിൽ സ്വന്ത മഹത്വം നിശ്ശേഷം അന്വേഷിക്കാതിരിക്കുക.

മൂന്നാംവകുപ്പു

യഹൂദപ്രമാണികൾക്കു് ഈശോയോടുണ്ടായ വിരോധം.

ധ്യാനം:— ഈശോയുടെ കീർത്തിയും പ്രശസ്തിയും കണ്ടു് അസൂയാലുക്കളായ യഹൂദ മതാചാര്യന്മാർക്കും പ്രമാണികൾക്കും സഹിക്കുവയ്യാതെയായി. ഇങ്ങനെ പോകുകയാണെങ്കിൽ തങ്ങളുടെ പ്രാമാണ്യത്തിനു ഹാനിവരുമെന്നു ഭയന്നു, ജനങ്ങളുടെ ഇടയിൽ യേശുവിനുണ്ടായിരുന്ന കീർത്തികുറയ്ക്കുവാനും ഒരു കലഹം ഉണ്ടാക്കി അതിൽവച്ചു" അവിടുത്തെ ജീവനെക്കൂടെ അപായപ്പെടുത്തുവാനും അവർ നേരത്തെ ആലോചന നടത്തുന്നുണ്ടായിരുന്നു. തങ്ങൾ ഉണ്ടാക്കുവാനിരുന്ന കലഹത്തിന്റെ ഹേതു യേശുവാണെന്നുള്ള വ്യാജേന അവിടുത്തെ വധിപ്പിക്കുകയും തങ്ങൾക്കു നിരപരാധികളായി പ്രത്യക്ഷപ്പെടുകയും ചെയ്യാമെന്നു അവർക്കു ധൈര്യമുണ്ടായിരുന്നു. ഈ കൂടിലതന്ത്രം ജനങ്ങൾക്കു മനസ്സിലായിട്ടില്ലായിരുന്നു. എന്നാൽ ഈശോ ഇതെല്ലാം വ്യക്തമായി അറിഞ്ഞിരുന്നു. അതിനാൽ അവിടുന്നു് അവരോടു ചോദിച്ചു: "നിങ്ങൾ എന്നെ വധിക്കുവാൻ അന്വേഷിക്കുന്നു

തു് എന്തിനു്?" ഇതു കേട്ട ഉടനെ അവർ കോപപരവശരായി "നിന്നിൽ പിശാചുണ്ടു്. ആർ നിന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു? എന്നു ചോദിച്ചു" (യോഹ. ൭. ൨൦)

പ്രായോഗിക ചിന്ത:— ഈശോയ്ക്കും അവിടുത്തെ പ്രതിപുരുഷനായ മാർപ്പാപ്പായ്ക്കും വൈദികർക്കും സന്യാസികൾക്കും എതിരായി ജനങ്ങളെ ക്ഷോഭിപ്പിക്കുവാൻ ഉദ്യമിച്ചുകൊണ്ടിരിക്കുന്ന അവിശ്വാസികളും അഹങ്കാരികളും ഇന്നുമുണ്ടു്. അതുകൊണ്ടു വിസ്മയിക്കയൊ നിരാശപ്പെടുകയൊ ചെയ്യേണ്ട; നമ്മുടെ ദിവ്യഗുരുവിനെ അനുകരിക്കാൻ ശ്രമിക്കുക. നിന്ദയും അപകീർത്തിയും തനിക്കെതിരായി പ്രചരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടുന്നു കൂടുതൽ ശ്രദ്ധാന്തിയോടുകൂടി സത്യപ്രകാശം കൊണ്ടു ജനങ്ങളെ പ്രസ്തുത വഞ്ചനയിൽനിന്നു രക്ഷിപ്പാൻ പരിശ്രമിച്ചു. അങ്ങനെ തന്നെ നാമും പ്രവർത്തിക്കുക. നാം അങ്ങനെയാണോ ചെയ്യുവരുന്നതു്?

സംഭാഷണം:— ഇന്നു നമ്മുടെ ഭാഗ്യവതിയായ മാതാവിന്റെ തിരുനാളിന്റെ എട്ടാംദിവസമാകയാൽ അവിടുത്തോടു സംഭാഷണം ചെയ്യുക. പുത്രവത്സലയായ അവിടുത്തെ അഭിവന്ദിക്കുക. അങ്ങേയ്ക്കു് പ്രത്യേക പ്രാർത്ഥനകൾ സമർപ്പിക്കുക.

പതിനാറാം തിയ്യതി

ഈശോ വീണ്ടും ദേവാലയത്തിൽ പ്രസംഗിക്കുന്നു.

പ്രാരംഭം ൧. ഈശോയുടെ പ്രസംഗം ശ്രവിക്കുന്നതിനു നീയും ദേവാലയത്തിൽ ആത്മനാ സന്നിഹിതനാവുക.

൨. അവിടുത്തെ പ്രബോധനം അനുവർത്തിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നീതിക്കായി ദാഹിക്കുന്നവരെ ഈശോ ക്ഷണിക്കുന്നു.

ധ്യാനം:— തിരുനാളുകളിൽ ഏറ്റവും ആഘോഷപൂർവ്വമായിരുന്ന എട്ടാം ദിവസം ഈശോ വീണ്ടും ദേവാലയത്തിൽ

പ്രവേശിച്ചു. അന്നു യഹൂദന്മാർ സീലോ എന്ന ഉറവയിലെ വെള്ളം കൂടിക്കയും തങ്ങളുടെ കൃഷികൾ നന്നായി വരുന്നതിന്നു വേണ്ടി അതു പീഠങ്ങിങ്കൽ തളിക്കയും ചെയ്യുക പതിവായിരുന്നു. അതിന്നായി അസംഖ്യം ജനം ദേവാലയത്തിൽ തിങ്ങിക്കൂടിയിരുന്നു. തദവസരം ജനങ്ങളെ പഠിപ്പിക്കുവാൻ ക്രിസ്തുവിന്നു നല്ല ഒരു അവസരം ലഭിച്ചു. യേശു നിന്നുകൊണ്ടു വിളിച്ചു പറഞ്ഞു: ആർക്കെങ്കിലും ദാഹമുണ്ടെങ്കിൽ അവൻ എന്റെ അടുക്കൽവന്നു കുടിച്ചുകൊള്ളട്ടെ (യോഹ. ൭. ൩൭) ആത്മാവിന്നു പ്രകൃത്യതീതമായ ശക്തിയും ചൈതന്യവും പ്രദാനം ചെയ്യുന്ന സത്യത്തേയും നീതിയേയും യാതൊരുവൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ എന്റെ പക്കൽ വരട്ടെ. ജീവന്റെ ഉറവയായ എന്നിൽ അവൻ വിശ്വസിക്കുകയും പ്രത്യാശപ്പെടുകയും ചെയ്യട്ടെ; അപ്പോൾ അവന്നു സംതൃപ്തിയുണ്ടാകും. അപ്പോൾ അവന്റെ ഹൃദയത്തിൽനിന്നു ദൈവപ്രസാദവരമായ സജീവജലം ധാരാളമായി പ്രവഹിക്കും. എന്നിൽ വിശ്വസിക്കുന്നവന്റെ ഉദരത്തിൽനിന്നു സജീവജലത്തിന്റെ നദികൾ പ്രവഹിക്കും. (യോഹ. ൭. ൩൮)

പ്രായോഗികചിന്ത:— സ്വഭാവാതീതമായ ജീവനെ നൽകുന്ന ഈ പരമജലം നമ്മിൽ ചിന്തിയിരുളുവാൻ ഈശോയോടു തീവ്രമായി പ്രാർത്ഥിക്കുക. ഈ ജീവജലമത്രെ നമ്മെ അന്യോന്യജീവനുള്ളവരാക്കി ദൈവാരൂപിയാൽ നിറയ്ക്കുന്നതു്. ഇതു തന്നെയാകുന്നു നമ്മെ പ്രേഷിത ചൈതന്യമുള്ള പ്രബോധകരും മിശിഹായുടെ പുണ്യസൗരഭ്യമുള്ള ശിഷ്യരും സദുപദേശങ്ങളാൽ അനേകനന്മകൾ വിളയിക്കുന്നതിന്നു പ്രാപ്തരുമാക്കുന്നതു്.

സ്നേഹപ്രകരണങ്ങൾ:— ആത്മികജീവിതത്തിന്നും അപ്പോസ്തോലവൃത്തിയ്ക്കും വേണ്ട സൽഗുണങ്ങൾ നമ്മിലും നമ്മുടെ സഹോദരങ്ങളിലും എന്നല്ലാ ആത്മരക്ഷാർത്ഥം പ്രയത്നിക്കുന്ന എല്ലാവരിലും പൊഴിഞ്ഞിരുളുവാൻ ഈശോയോടു ശ്ലൈഹികനിപുണ്യം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— എല്ലാ പുണ്യങ്ങളുടേയും മാതൃകയും പരിപൂർണ്ണതയുമായിരിക്കുന്ന ഈശോയോടു് ഏറ്റവും ഗാഢമായ സംയോഗത പ്രാപിപ്പാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു

ഈശോയെ ബന്ധിക്കുവാൻ നിയുക്തരായിരുന്ന ഭടന്മാർ
അവിട്ടത്തെ സ്പർശിക്കാൻപോലും
ധൈര്യപ്പെട്ടുന്നില്ല.

ധ്യാനം:— ഈശോ വീണ്ടും ദേവാലയത്തിൽ വന്നാൽ അവിടുത്തെ പിടിച്ചു തങ്ങളുടെപക്കൽ കൊണ്ടുചെല്ലുവാനായി പുരോഹിതപ്രമുഖന്മാരും ജനപ്രമാണികളും ഭടന്മാരെ നിയോഗിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഭടന്മാർ അവിടുത്തെ പ്രസംഗമാധുര്യംകൊണ്ട് ആകൃഷ്ടരായതിനാൽ അവിടുത്തേയ്ക്ക് വിരോധമായി ഒന്നും ചെയ്യാൻ തുനിഞ്ഞില്ല. സുവിശേഷകൻ പറയുന്നതുപോലെ അവരിൽ ആരും അവിടുത്തെ പിടിച്ചില്ലാ" അങ്ങിനെ അവർ പുരോഹിതപ്രമുഖന്മാരുടേയും പ്രമാണികളുടെയും അടുക്കൽ തിരിച്ചു ചെന്നു. അപ്പോൾ നിങ്ങൾ അവനെ കൊണ്ടുവരാഞ്ഞതെന്തുകൊണ്ട്? എന്ന് അവർ അവരോട് ചോദിച്ചു. അപ്പോൾ ഭടന്മാർ മറുപടി പറഞ്ഞു: "ആ മനുഷ്യനെപ്പോലെ യാതൊരു മനുഷ്യനും ഒരിക്കലും സംസാരിച്ചിട്ടില്ലാ)" (യോഹ. ൭. ൪൫, ൪൬.)

പ്രായോഗിക ചിന്ത:— തന്നെ ബന്ധിക്കുന്നതിന് ദേവാലയത്തിൽ ഭടന്മാരെ നിയോഗിച്ചിരുന്നതു രക്ഷകൻ മുൻകൂട്ടി അറിഞ്ഞിട്ടുണ്ടായിരുന്നു, എങ്കിലും പരസ്സഹത്തെയും ആത്മാവുകളുടെ രക്ഷയേയും സംബന്ധിച്ച കടമകളെ നിവർത്തിക്കാനായി അവിടുന്നു പോകുന്നതിനു് അവിടുന്ന് ഒട്ടും ഭയപ്പെട്ടിരുന്നില്ല. നാമും, ഉപദ്രവമൊ മരണമൊ ഉണ്ടായാലും പിൻമാറാതെ, സത്യത്തെയും വേദബോധനത്തേയും സംബന്ധിച്ച നമ്മുടെ കടമകളെ നിവർത്തിക്കുന്നതിൽ വിശ്വസ്തരായിരിക്കയത്രെ വേണ്ടതു്. അല്പമായ സുഖഹീനതയും ഇതരന്മാരിൽനിന്നുള്ള വാക്കുന്ന നിസ്സാരമായ ആക്ഷേപങ്ങളും ഭയന്നു നമ്മുടെ കടമകളെ നിവർത്തിക്കാതിരിക്കുന്നതു് എത്രയോ ലജ്ജാവഹമാണു്? അവിടുത്തെ നാഴിക അതുവരെ വന്നിട്ടില്ലാതിരുന്നതിനാൽ ആരും അവിടുത്തെ നേരെ കൈനീട്ടിയില്ല എന്നും പറയുന്നുണ്ടു്. ദൈവം അനുമതി നൽകിയിരിക്കുന്ന സമയത്തും വിധത്തിലുമല്ലാതെ വരെ അവസരത്തിലും വിധത്തിലും ഒന്നും നമ്മോടു ചെയ്യാ

ൻ ദുഷ്ടന്മാക്ക സാധിക്കുകയില്ലെന്നും ഇതിൽനിന്നു നാം ഗ്രഹിക്കേണ്ടതുണ്ട്. മാത്രമല്ലാ, അവരിൽനിന്നു നമുക്ക വല്ല വിപത്തും ഉണ്ടാകുമെന്നു കണ്ടാൽ വിവേകത്തോടുകൂടിയ മുൻകരുതൽകൊണ്ട് അതിൽനിന്നൊഴിവാൻ നമുക്ക കഴിവുള്ളപ്പോൾ അങ്ങിനെയും ചെയ്യണം. ഈശോ ഇതിനു ദൃഷ്ടാന്തം നൽകിയിട്ടുണ്ട്. അവിടുന്നു തിരുനാളിന്റെ മൂന്നാംദിവസം മാത്രം ദേവാലയത്തിൽ പ്രസംഗിച്ചതൊഴികെ മറെറങ്ങും പ്രസിദ്ധമായി സഞ്ചരിക്കയുണ്ടായിട്ടില്ല.

സ്നേഹപ്രകരണങ്ങൾ:— നിന്നെ ആർദ്രമായി നയിച്ചുവരുന്ന ദൈവപരിപാലനയെപ്പററി സജീവവിശ്വാസവും ദൈവതിരുഹിതത്തിനു പൂർണ്ണ കീഴ്വഴക്കവുമുള്ളവനാകാൻ വേണ്ട അനുഗ്രഹവും പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അടിസ്ഥാനമില്ലാത്ത ഭയത്തെ ജയിക്കുക.

മൂന്നാംവകുപ്പ്

യഹൂദന്മാരുടെ ശ്രേഷ്ഠാലോചന സംഘത്തിൽനിക്കോദേമൂസ് ഈശോയുടെ ഭാഗം ആദരിക്കുന്നു.

ധ്യാനം:- തങ്ങളുടെ ഗൂഢാലോചന നിഷ്ഫലമായിപ്പോയതിനാൽ പുരോഹിതപ്രമുഖന്മാരും ഉപദേഷ്ടാക്കന്മാരും അത്യന്തം ക്രോധിച്ചു, ഏതുവിധമെങ്കിലും നമ്മുടെ ദിവ്യരക്ഷകനെ പിടിക്കേണമെന്നു നിശ്ചയിക്കയും, അതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ആലോചിക്കുന്നതിനായി സായാഹ്നത്തിൽ സംഘം കൂടുകയും ചെയ്തു. എന്നാൽ ആ സംഘത്തിൽ ഈശോയുടെ ഭാഗം ആദരിക്കുന്നതിനു ഒരുവൻ ഉണ്ടായിരുന്നു. അവിടുന്നു പ്രസംഗിപ്പാൻതുടങ്ങിയ പ്രഥമവത്സരത്തിൽ ഒരുദിവസം രാത്രി അവിടുത്തെ അടുക്കൽചെന്ന നിക്കോദേമൂസ് ആയിരുന്നു അത്. ഒരു മനുഷ്യന്റെ വായ് മൊഴികേട്ട് അവൻ ഇന്നതു ചെയ്യുന്നു എന്നറിയുന്നതിനുമുമ്പു അവനെ വിധിക്കുന്നോ? ഇങ്ങിനെ നമ്മുടെ ന്യായപ്രമാണത്തിൽ മുറയുണ്ടോ? എന്നായിരുന്നു ഇദ്ദേഹത്തിന്റെ വാദം. അവർ ഉത്തരമായി അയാളോടു: നീയും ഗലിലേയൻ ആകുന്നുവോ? വേദവാക്യങ്ങളെ പരിശോധിച്ചു ഗലിലേയായിൽനിന്നു ദീർഘദർശി ഉണ്ടാകയില്ലെന്നു കാണുക. എന്നു പറഞ്ഞു. പിന്നെ ഓരോരുത്തൻ അവനവന്റെ വീട്ടിലേക്കു തിരിച്ചുപോയി. (യോഹ. ൭. ൫൧—൫൩.)

പ്രായോഗികചിന്ത: —അവർ ഇങ്ങിനെ ആശാപാശങ്ങ

ളാൽ അന്ധരായിരിക്കുന്നതുകൊണ്ട്, നമുക്കു അനിഷ്ടം തോന്നുന്നു. എന്നാൽ നാം നമ്മുടെ സഹോദരന്മാരുടെ പ്രവൃത്തികളിൽ അവക്കുള്ള ഉദ്ദേശങ്ങളെ അറിയുകയും അവയെക്കുറിച്ച് ആലോചിക്കുകയും ചെയ്യാതെ അവരിൽ കുറ്റാരോപണം ചെയ്യുമ്പോൾ നാമും ഈ യഹൂദ പ്രമാണികളെ അനുകരിക്കയല്ലേ ചെയ്യുന്നതു്?

സംശോധനം:— ദിവ്യരക്ഷകനോടു സംശോധനം ചെയ്യുക.

പതിനേഴാം തിയ്യതി

വ്യഭിചാരത്തിൽ കണ്ടുപിടിക്കപ്പെട്ട സ്ത്രീയെക്കുറിച്ചുള്ള വിധി.

പ്രാരംഭം ഫ. ഈശോ ദേവാലയത്തിന്റെ മദ്ധ്യത്തിലിരുന്നുകൊണ്ട് നീ പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുതു്, എന്നു പാപിനിയായ ആ സ്ത്രീയോടു പറയുന്നതു് ആത്മനാ ശ്രവിക്കുക.

ഫ. ഈശോയുടെ മാധുര്യശീലത്തെ നല്ലവണ്ണം അറിവാനും ഈ സൽഗുണം അനുവർത്തിപ്പാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പാപിനിയായ ആ സ്ത്രീയെ വിധിക്കേണമെന്നു അവർ ഈശോയോടു പറയുന്നു.

ധ്യാനം:— പിന്നെ പ്രഭാതത്തിൽ അദ്ദേഹം വീണ്ടും ദേവാലയത്തിലേയ്ക്കു ചെന്നു. അപ്പോൾ ജനങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അദ്ദേഹം ഇരുന്നു അവരോടു ഉപദേശിക്കയും ചെയ്തിരുന്നു. തല്സമയം വ്യഭിചാരത്തിൽ കണ്ടുപിടിക്കപ്പെട്ട ഒരു സ്ത്രീയെ ഉപദേഷ്ടാക്കന്മാരും ഫരിസേയരും അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുചെന്നു, അവളെ നടുവിൽ നിറുത്തിയിട്ട് അദ്ദേഹത്തോടു് ഇങ്ങനെ പറഞ്ഞു: ഈ സ്ത്രീ ഇപ്പോൾതന്നെ വ്യഭിചാരം ചെയ്യുന്നവളായി കണ്ടുപിടി

ക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഇത്തരക്കാരെ കല്ലെറിഞ്ഞുകൊല്ലേണമെന്നു ന്യായപ്രമാണത്തിൽ മോയിസേസ് ഞങ്ങളോടു കല്പിച്ചിട്ടുണ്ട്. നീയോ എന്തുപറയുന്നു? (യോഹ. വ്യ. ൫-൬.) നിന്റെ വിധി ഞങ്ങൾ അനുസരിച്ചുകൊള്ളാം എന്നിങ്ങനെ സംസാരിച്ചിരുന്നു. കപടഭക്തരായ ഇവർ ഇങ്ങനെ പറഞ്ഞതു് ആലോചിച്ചാൽ അവിടുത്തെ ബഹുമാനിക്കുന്നതായി തോന്നിയേക്കാം. എന്നാൽ അങ്ങനെയല്ല, വെറും വഞ്ചനയായിരുന്നു അതു്. എന്തുകൊണ്ടെന്നാൽ അവളെ ശിക്ഷയ്ക്കു വിധിച്ചാൽ കരുണയില്ലാത്തവനെന്നും, വിധിക്കാതിരുന്നാൽ വേദകല്പന ലംഘിക്കുന്നവനെന്നും അവിടുത്തെക്കുറിച്ചു പറയാം. ഇങ്ങിനെ ഏതു വിധത്തിലും അവിടുത്തെ കുറക്കാരനാക്കാമെന്നായിരുന്നു അവർ കരുതിയിരുന്നതു്.

പ്രായോഗികചിന്ത:- ദുഷ്ടന്മാരുടെ കപടതന്ത്രത്താൽ നമ്മുടെ കർത്താവിന്റെ വിധിക്കായി കൊണ്ടുവന്ന കാര്യത്തിന്റെ ദുർഘടാവസ്ഥ ആലോചിക്കുക. അവരുടെ കെണിയിൽ നിന്നൊഴിയുന്നതിനു് അവിടുത്തേയ്ക്കു മാർഗ്ഗമില്ലാത്തതായി തോന്നിപ്പോകും. എന്തുകൊണ്ടെന്നാൽ അവളെക്കുറിച്ചു് ഒന്നും വിധിക്കാതിരുന്നാൽ അവിടുന്നു് ഇസ്രയേൽജനത്തിനു ഗുരുവായി വന്നിരിക്കുന്നവനല്ലെന്നാകും. എന്നാൽ വിധിക്കുന്നപക്ഷം അവർക്കു ശിക്ഷകല്പിക്കയൊ മാപ്പുകൊടുക്കുകയൊ ഏതെങ്കിലും ഒന്നു ചെയ്യേണ്ടതാണല്ലൊ. മാപ്പുകൊടുത്താൽ അവിടുന്നു മോയിസേസിന്റെ നിയമങ്ങളെ ലംഘിക്കുന്നു എന്നു ആവലാതിക്കു വഴിയുണ്ടു്. അവളെ ശിക്ഷയ്ക്കുവിധിക്കുന്നപക്ഷം താൻ മനുഷ്യരെ രക്ഷിക്കുന്നതിനല്ലാതെ അവരെ നശിപ്പിക്കുന്നതിനല്ല വന്നിരിക്കുന്നതെന്നു പ്രസിദ്ധമായി പറഞ്ഞിരിക്കുന്നതു വ്യാജമാണെന്നു വരുത്താം. ഇങ്ങനെ ഏതുവിധംനോക്കിയാലും ഒഴിവാൻ വഹിയാത്ത കുടുക്കായിരുന്നു അവർ കൊണ്ടുവന്നിരുന്നതു്. എന്നാൽ ദൈവത്തിനു വിരോധമായി എന്തു കൌശലം പ്രയോഗിപ്പാൻ മനുഷ്യനു കഴിയും? ഈശോ തന്റെ ശത്രുക്കളുടെ ഈ ചതി ഏതുവിധം നിർമ്മൂലമാക്കുകയും എങ്ങനെ അവർക്കുതന്നെ ലജ്ജാവഹമാക്കുകയും ചെയ്യുന്നു എന്നു നോക്കുക. ദൈവത്തെ ജയിപ്പാൻതക്ക ജ്ഞാനവും വിവേകവും ആലോചനയും മനുഷ്യനില്ല. ആകയാൽ നിന്റെ വണക്കം, സ്നേഹം മുതലായവ വർദ്ധിപ്പിക്കുക.

സ്നേഹപ്രകരണങ്ങൾ:— ദൈവത്തിന്റെ അനന്തജ്ഞാനത്തെ ചിന്തിക്കുകയും അവയെ സ്തുതിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— അനന്തജ്ഞാനവും മഹത്വമായ ദൈവം നിന്നെ നടത്തുന്നതിന്നായി അവിടുത്തെ തൃക്കരങ്ങളിൽ നിന്നെ നീ ഭരമേല്പിക്കുക.

രണ്ടാംവകുപ്പു.

ആ പാപിനിയുടെമേൽ കുറ്റാരോപണം ചെയ്യുന്നവരെ യേശു ലജ്ജിപ്പിക്കുന്നു.

ധ്യാനം:— പാപിനിയായിരുന്ന ഈ സ്ത്രീയെ വിധിപ്പാനായി തന്റെ അടുക്കൽ കൊണ്ടുവന്നവരുടെ കാപട്യമായ ഉദ്ദേശം യേശു വ്യക്തമായി അറിഞ്ഞിരുന്നതിനാൽ അവിടുന്ന് അവരോടു യാതൊരു പ്രത്യുത്തരവും പറയാതെ "കുനിഞ്ഞു വിരൽകൊണ്ടു നിലത്തു് എഴുതിക്കൊണ്ടിരുന്നു. എങ്കിലും അവർ വിടാതെ അദ്ദേഹത്തോടു ചോദ്യം തുടർന്നുകൊണ്ടിരിക്കവെ, അദ്ദേഹം നിവർന്ന് അവരോടു: നിങ്ങളിൽ പാപമില്ലാത്തവൻ ഒന്നാമനായി അവളുടെമേൽ കല്ലെറിയട്ടെ എന്നുപറഞ്ഞു. പിന്നെ അദ്ദേഹം വീണ്ടും കുനിഞ്ഞു നിലത്തിൽ എഴുതിക്കൊണ്ടിരുന്നു." ആ സ്ത്രീയെ കുറ്റാരോപണം ചെയ്തവരിൽ ഉണ്ടായിരുന്ന പാപകർമ്മങ്ങളെത്തെ അദ്ദേഹം നിലത്തു് എഴുതിയിരുന്നതെന്നു ചിലർ പറയുന്നുണ്ടു്. എന്നാൽ അതു് എങ്ങിനെയും ആവട്ടെ. ഇവ കേട്ടതോടെ വി. സുവിശേഷകൻതന്നെ പറയുന്നതുപോലെ മൂപ്പന്മാർമുതൽ ഒരുത്തനൊഴിച്ചു ഒരുത്തനായി എല്ലാവരും പുറപ്പെട്ടു പോകുകയാണുണ്ടായതു്. പിന്നെ യേശുവും നടുവിൽ നിന്നിരുന്ന സ്ത്രീയുംമാത്രം ശേഷിച്ചു. (യോഹ. വ്യ. ന്യ–ൻ)

പ്രായോഗികചിന്ത:— "നിങ്ങളിൽ പാപമില്ലാത്തവൻ" അതായതു്: യാതൊരു കുറ്റത്തിലൊ വികടബുദ്ധിയൊ വ്യാപാരവഷളത്വമൊ, പ്രത്യേകതയോ ഒന്നും ഇല്ലാത്തവൻ ആരോ അവനാണു പാപമില്ലാത്തവൻ. അവൻ തന്റെ സഹോദരന്റെമേൽ (കുറ്റക്കാരന്റെമേൽ) ഒന്നാമനായി കല്ലെറിയട്ടെ എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്ന വചനങ്ങൾ ഗാഢമായി ചിന്തിക്കുക. ഇതു നമ്മുടെ ബോധത്തിൽ നല്ല

വണ്ണം പതിയണം. ഇതുനമ്മിൽ പതിച്ചുകൊണ്ടു ഇതിന്നനുസരണം നാം പ്രവർത്തിക്കുന്നതായാൽ ഇതരന്മാരെ നാം അത്ര എളുപ്പത്തിൽ കുറക്കാരായി വിധിക്കുകയില്ല. മാത്രമല്ല, നമ്മെക്കുറിച്ചു വളരെ സൂക്ഷ്മമുള്ളവരാകുന്നും യഥാർത്ഥമായ എളിമയുടെയും പരസ്നേഹത്തിന്റെയും പ്രമാണങ്ങൾക്കു അനുസരണമായി നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതിന്നും നമുക്കു എളുപ്പമുണ്ടാകും. അന്യരുടെ അപരാധങ്ങളെക്കുറിച്ചു കരുണയോടെ ഒഴിവു പറയുന്നതിന്നും നമുക്കു പ്രയാസമുണ്ടാകയില്ല

സ്നേഹപ്രകരണങ്ങൾ:— നമ്മുടെ കുറവുകളെയും ന്യൂനതകളെയും ഓർത്തു ലജ്ജിച്ചു് അനുതപിക്കുക, മേലിൽ നല്ലവരായി ജീവിക്കുന്നതിന്നുവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അന്യരെ വിധിക്കുന്നതിൽ നീ നിന്നെത്തന്നെ കുറ്റം വിധിക്കുന്നു; വിധിക്കുന്ന നീ അവതന്നെ ചെയ്യുന്നുവല്ലൊ എന്നു വി. പൗലോസ് എഴുതിയിരിക്കുന്നു. മറ്റുള്ളവരെക്കുറിച്ചു കുറ്റംവിധിപ്പാനുള്ള വിചാരം നിന്നിൽ ഉണ്ടാകുമ്പോൾ പ്രസ്തുത വാക്യങ്ങൾ ഓർത്തുകൊണ്ടു ആ വാക്യങ്ങൾ മനസ്സിൽ പതിക്കുവാൻ ശ്രമിക്കുക.

മൂന്നാംവകുപ്പു

പാപിനിയായ ആ സ്ത്രീയ്ക്കു ഈശോ മാപ്പു കൊടുക്കുന്നു.

ധ്യാനം:— ആ സ്ത്രീയെ കുറ്റാരോപണം ചെയ്തിരുന്നവർ ഓരോരുത്തരായി എല്ലാവരും പോയതിനാൽ ഈശോയുടെ മുമ്പിൽ ആ സ്ത്രീ മാത്രം ശേഷിച്ചു. അപ്പോൾ യേശു നിവർന്നു: സ്ത്രീയെ, നിന്റെപേരിൽ കുറ്റം ചുമത്തിയിരുന്നവർ എവിടെയാകുന്നു? ആരും നിന്നെ ശിക്ഷയ്ക്കു വിധിച്ചില്ലയോ? എന്നു് അവളോടു ചോദിച്ചു. ഇല്ല സ്വാമിൻ, എന്നു് അവൾ പറഞ്ഞു: അപ്പോൾ യേശു: ഞാനും നിന്നെ ശിക്ഷയ്ക്കു വിധിക്കുന്നില്ല, നീ പൊയ്ക്കൊള്ളുക, ഇനിമേലിൽ പാപംചെയ്യരുതു്, എന്നു പറഞ്ഞു. (യോഹ. വ്യ. ൮, ൧൧) ഇങ്ങിനെ ആ സ്ത്രീ ആത്മികവും ശാരീരികവുമായ രണ്ടുതരം മരണത്തിൽനിന്നു് ഒരുമിച്ചു രക്ഷ പ്രാപിച്ചു! ഇതു് അവൾക്കു് എത്ര ഭാഗ്യപൂർണ്ണമായ അവസരമായിത്തീർന്നിരിക്കണം! രക്ഷകന്റെനേരെ എത്രവലിയ വണക്കവും കൃതജ്ഞതയും സ്നേഹവും അവളുടെ ഹൃദയത്തിൽ ഉദിച്ചിട്ടുണ്ടായിരിക്കണം!

പ്രായോഗികചിന്ത:— ദിവ്യരക്ഷകൻ നിനക്കു ചെയ്തി

രിക്കുന്നവ ചിന്തിക്കുക. എത്രവളരെ അപത്തുകളിൽനിന്നു് അവിടുന്നു നിന്നെ രക്ഷിച്ചിട്ടുണ്ടു്? എത്രയധികം പാപങ്ങളും നിന്നോടു ക്ഷമിച്ചിരിക്കുന്നു? അതിനാൽ സ്നേഹവും കൃതജ്ഞതയും നിന്നിൽ വർദ്ധിപ്പിക്കേണ്ടതല്ലയൊ? ഈ ധ്യാനം അവസാനിക്കുന്നതിനുമുമ്പു മുകളിൽ കാണിച്ച വിധത്തിലുള്ള പ്രകരണങ്ങളാൽ നമ്മുടെ ഹൃദയം നിറഞ്ഞു സ്വാത്മനാ അവിടുത്തെ സ്തുതിക്കുക. ഇതു നമ്മുടെ ജീവിതം മുഴുവനും തുടർന്നുകൊണ്ടിരിക്കയും ചെയ്യട്ടെ.

സംഭാഷണം:- നമ്മുടെ പ്രിയമുള്ള രക്ഷകനും ദിവ്യമാതൃകയുമായിരിക്കുന്ന ഈശോയോടു സംഭാഷണം ചെയ്യുക.

പതിനെട്ടാം തിയ്യതി

ഈശോ ലോകത്തിന്റെ വെളിച്ചമാകുന്നു.

പ്രാരംഭം ഫ. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

ഫ. ദിവ്യപ്രകാശത്തിന്റെ മഹാദാനം ലഭിക്കുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ ലോകത്തിന്റെ വെളിച്ചമാകുന്നു.

ധ്യാനം:- ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു. (യോഹ. വ്യ. ഫവ) മഹത്തായ ഈ വാക്യംകൊണ്ടത്രെ ഈശോ ദേവാലയത്തിൽ തന്റെ മൂന്നാമത്തെ പ്രസംഗം ആരംഭിച്ചതു്. ഈശോയുടെ മനുഷ്യത്വത്തിൽ സവിശേഷം പരിശോഭിച്ച ഈ ദിവ്യപ്രകാശത്താൽ ലോകത്തിനുള്ളവായ നന്മ എത്രവളരെയെന്നു ഗ്രഹിക്കണമെങ്കിൽ അവിടുത്തെ മനുഷ്യാവതാരത്തിനുമുമ്പു ലോകത്തിന്റെ സ്ഥിതി എന്തായിരുന്നു എന്നു നാം പരിശോധിച്ചറിയണം. ഏകവും സത്യവുമായ ദൈവാരാധനയു

പകരം മൂഢതയും ക്രൂരതയുമുള്ള വിഗ്രഹാരാധന അന്നു സർവ്വത്ര പ്രചരിച്ചിരുന്നു. കല്ലു, മരം, മൃഗങ്ങൾ മുതലായവയെ ദൈവമായി കരുതി അവയെ ആരാധിച്ചുവന്നിരുന്നു. മാത്രമല്ലാ, തങ്ങളുടെ മക്കളെത്തന്നെയും അവയ്ക്കു നിഷ്ഠുരമായവിധം ബലികഴിച്ചിരുന്നു. പരിഷ്കാരം പ്രാപിച്ച രാജ്യങ്ങളിൽക്കൂടെയും അനേകർ മറുള്ളവരെ ദാസപ്പെട്ടത്തി വാഹനമൃഗങ്ങളായും മറ്റും ഉപയോഗിച്ചിരുന്നു. മാതാപിതാക്കൾക്കു തങ്ങളുടെ മക്കളെ യഥേഷ്ടം ആറ്റിൽ എറിയുകയോ കൊല്ലുകയോ മറ്റോ ചെയ്യാമായിരുന്നു. ഏറ്റവും ലജ്ജാകരമായ പാപങ്ങൾപോലും സൈരമായി ചെയ്യുന്നതിനുവേണ്ടി അവയെ സൽകൃത്യങ്ങളുടെ സ്ഥാനത്തേയ്ക്കു് ഉയർത്തിയിരുന്നു.

പ്രായോഗികചിന്ത:- നാം ഈ ഗണക്കാരിൽപ്പെട്ടു് അന്ധരായിപ്പോകാതെയും, അജ്ഞാനത്താൽ നിബിഡമായ ലോകത്തിന്റെ നീചങ്ങളായ അക്രമങ്ങൾക്കു കീഴ്പെട്ട പാപസാഗരത്തിൽ നിമഗ്നരാകാതെയും ഇരിക്കുന്നെങ്കിൽ അതു് ഈശോനിമിത്തമാകുന്നു എന്നു നാം വിശ്വസിക്കണം. എന്തുകൊണ്ടെന്നാൽ അവിടുന്നത്രെ തന്റെ അപ്പോസ്തോലന്മാർ വഴിയായി ലോകത്തിന്റെ സർവ്വാഗങ്ങളിലും സത്യവെളിച്ചം പ്രകാശിപ്പിച്ചതു. സ്വാഭാവികമായോ സ്വഭാവാതീതമായോ നാം അനുഭവിക്കുന്ന നന്മകളൊക്കെയും അവിടുന്നു വഴിയായിട്ടത്രെ നമുക്കു സിദ്ധിക്കുന്നതു്. ഈ ദിവ്യവെളിച്ചത്തിനു കണ്ണുകളെ അടക്കാത്ത സകലരേയും പ്രകാശിപ്പിക്കുന്നതു് അവിടുന്നത്രെ. അവിടുന്നു തന്നെയാകുന്ന നമ്മുടെ ഉത്ഭവത്തിന്റെ മഹിമയും നമ്മുടെ ഗതിയുടെ മഹത്വവും, ദൈവത്തോടും ഇതരന്മാരോടും നമ്മോടുതന്നെയും നമുക്കുള്ള കടമകളും നമുക്കു കാണിച്ചുതരുന്നതു്. ഈ കടമകളെ വിശ്വസ്തതയോടെ നിർവ്വഹിക്കുമെങ്കിൽ നാം ഇഹത്തിലും പരത്തിലും ഭാഗ്യവാന്മാരാകുമെന്നതിൽ പക്ഷാന്തരമില്ല. ഇവയെല്ലാം ആലോചിച്ചാൽ ഈശോയോടു് എത്രവലിയ നന്ദിയാണു് നാം പ്രദർശിപ്പിക്കേണ്ടതെന്നു മനസ്സിലാക്കാം. ഈ നന്ദി നമുക്കു ഉണ്ടോ? അന്യൂനം ഈടുറ്റമായ നന്ദി കാണിക്കാൻ നമ്മാലായവിധം പരിശ്രമിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:- കർത്താവേ, അന്ധകാരത്തിലും മരണനിഴലിലും കിടന്നു ഇപ്പോഴും വലയുന്നവരെ അങ്ങേ ദിവ്യവെളിച്ചത്താൽ നീ പ്രകാശിപ്പിക്കേണമേ.

പ്രതിജ്ഞ:— സത്യവിശ്വാസം എല്ലായിടത്തും പ്രചരിക്കുന്നതിനായി പ്രാർത്ഥിക്കുക. ഇതരന്മാരും ഇങ്ങനെ പ്രാർത്ഥിക്കുവാൻ ശ്രമിക്കുക.

രണ്ടാംവകുപ്പ്

ഈശോയെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.

ധ്യാനം:— എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. (യോഹ. വ. ക്വ.) അവൻ അന്ധകാരത്തിനു സദൃശമായ അബദ്ധധാരണകളെയും, ദുർഗ്രഹങ്ങളെയും വിട്ടകന്നു, സത്യത്തിന്റെ പ്രകാശം പ്രാപിച്ചു നീതിയുടെവഴിയിൽ നടക്കുന്നു എന്നതത്രെ ഇതിന്റെ സാരം. എന്നാൽ അജ്ഞാനാന്ധകാരത്തിൽ നിപതിച്ചു മൃഗതുല്യരായി ജീവിച്ചിരുന്ന ജനങ്ങളിൽ എത്രപേർ ഈശോയുടെ പക്കൽവന്നു അവിടുത്തെ സുവിശേഷപഠനങ്ങളും സ്വീകരിച്ചു ഉത്തമപുണ്യങ്ങളുടേയും സുമയ്യാദയുടെയും വീരപരാക്രമത്തിന്റെയും മാതൃകകളായിത്തീർന്നിട്ടുണ്ട്! ഈ ദിവ്യപഠനങ്ങളെ തള്ളിച്ചിരിക്കുന്നവർ തങ്ങളുടെ ദുരാചാരങ്ങളിൽ കൂടുതൽ കൂടുതലായി ശക്തിപ്പെടുകയല്ലാതെ, അതിൽ നിന്നു വിമുക്തി പ്രാപിക്കുന്നില്ല. ഈ ദിവ്യപഠനങ്ങളെ വ്യവസ്ഥാപനം ചെയ്ത പതിതരും മതഭിന്നിതരും സന്ദേഹക്കടലിൽപ്പെട്ട കരകാണാതെ നീന്തിവലഞ്ഞു നിലയില്ലാതെ ഓരോ ഗണങ്ങളായി പിരിഞ്ഞലയുന്നു. മതഭിന്നിതരും ശിശുക്കാരും ഇങ്ങനെതന്നെ ലോകാധിപതികളുടെ കരത്തേറിയ കരങ്ങളിൽ വെറും പാവകളെന്നോണം ലൗകികശക്തികർക്കു് അടിമപ്പെട്ടു കിടക്കുന്നു.

പ്രായോഗികചിന്ത:- വിശുദ്ധ പത്രോസ് പറയുന്നതുപോലെ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതകരപ്രകാശത്തിലേയ്ക്കു വിളിക്കപ്പെട്ടിരിക്കുന്നവർ—(ഫ്ര. പത്രോ. വ, ൻ) കത്തോലിക്കമാതാപിതാക്കളിൽനിന്നു പിറക്കയും, ചെറുപ്പത്തിലെതന്നെ ഈശോയെ അറിവാനും സ്നേഹിക്കാനും ഭാഗ്യം ലഭിക്കയും ചെയ്തവർ—ആയ നമുക്കു മുകളിൽ പറഞ്ഞ സത്യങ്ങളെക്കുറിച്ചു ചിന്തിക്കുന്തോറും എത്ര ആനന്ദകരവും ആശ്വാസസംഭായകവുമാണു്? എന്നാൽ ഇത്രവലിയ അനുഗ്രഹത്തിനു നാം പ്രതിന

ന്ദി കാണിക്കുന്നുണ്ടോ? അതൊ നീചമായവിധം കൃതഘ്നത കാണിച്ചുവരുന്നോ?

സ്നേഹപ്രകരണങ്ങൾ:- സ്തോത്രം, നന്ദി, സ്നേഹം ആഗ്രഹം എന്നിവയുടെ പ്രകരണങ്ങൾ നിന്നിൽ ജനിപ്പിക്കുക.

പ്രതിജ്ഞ:- എല്ലാവരും ഈശോയെ അറിവാനും സ്നേഹിപ്പാനും യഥാശക്തി ശ്രമിക്കുക.

മൂന്നാംവകുപ്പ്

ഈശോയെ അനുഗമിക്കുന്നവനു ജീവപ്രകാശമുണ്ടായിരിക്കും.

ധ്യാനം:— എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല, അവനു ജീവപ്രകാശം ഉണ്ടായിരിക്കും. (യോഹ. വ്യ. ഥഛ.) നമ്മെ നിത്യഭാഗ്യത്തിലേയ്ക്കും പരിപൂർണ്ണതയിലേയ്ക്കും നയിക്കുന്ന ആദ്ധ്യാത്മികജീവപ്രകാശം ഇങ്ങനെയുള്ളവനു ലഭിച്ചുകൊണ്ടിരിക്കും. ഗുരുതരമായ പാപമില്ലാത്തവർ—ദൈവപ്രസാദവരം നഷ്ടമാക്കാത്തവർ — ഈ ആദ്ധ്യാത്മികജീവന്റെ എല്ലാറ്റിലും താണപദവിയിൽ അഥവാ, ആദ്യപദവിയിൽ, ആണ് സ്ഥിതിചെയ്യുന്നതു്. മനസ്സറിവോടുകൂടെ യാതൊരു ലഘുവായ പാപവും ചെയ്യാതിരിക്കുന്നവൻ ഇതിന്റെ രണ്ടാംപദവിയിലായിരിക്കും. ലൗകികമായ ആശകൾ എല്ലാം ത്യജിച്ചു ഈശോയെ മാതൃകയായി സ്വീകരിച്ചു സദാ അവിടുത്തെ അനുകരിച്ചുവരുവാൻ പരിശീലിച്ചിട്ടുള്ളവർ മൂകളിൽ പറഞ്ഞ ജീവന്റെ മൂന്നാംപദവിയിലായിരിക്കും.

പ്രായോഗികചിന്ത:- ഈ മൂന്നാംപദവിയിൽ പരിപൂർണ്ണത പ്രാപിക്കുന്നവർക്ക് അവാച്യ മാധുര്യത്തിന്റെ ഉറവയായ ആത്മികവെളിച്ചം ധാരാളമായി ലഭിച്ചുകൊണ്ടിരിക്കും. മാത്രമല്ല, ദൈവപ്രത്യക്ഷദർശനത്താൽ സ്വർഗ്ഗത്തിൽ സിദ്ധിക്കുന്ന സൗഭാഗ്യത്തിന്റെ ഉയർന്നപദവിയും ഇവർക്കു സംസിദ്ധമാകും. ഈ സൗഭാഗ്യത്തെ നീ വളരെ കാംക്ഷിയായി മതിക്കയും ഇതു പ്രാപിപ്പാൻ നീ അഗ്രഹിക്കയും ചെയ്യുന്നില്ലെ? ഇതു സുസാദ്ധ്യമാണോ എന്നു സന്ദേഹിക്കേണ്ട. എന്തുകൊണ്ടെന്നാൽ ഈശോ ഇതിനാണ് നിന്നെ വിളിച്ചിരിക്കുന്നതു്. ഇതിനു് ആവശ്യമായ ഉപകരണങ്ങളും അവിടുന്നു നിനക്കു നൽകിയിട്ട

ണ്ടു് .എളിമയോടും പ്രത്യാശയോടും ഉത്സാഹത്തോടുംകൂടെ നീ അവ പ്രയോഗിച്ചാൽ നിന്റെ പ്രയത്നത്തിന്നനുസരണമായ കിരീടവും നിനക്കു ലഭിക്കും.

സംഭാഷണം:- നമ്മുടെ ദിവ്യപ്രകാശവും ജീവനുമായ ഈശോയെ നമുക്കു തന്ന ദിവ്യമാതാവിനോടു സംഭാഷണംചെയ്യുക.

പത്തൊമ്പതാം തീയ്യതി.

ഈശോയുടെ പ്രസംഗത്തിന്റെ തുടർച്ച.

പ്രാരംഭം ഫ. ഫരിസേയരും ഉപദേഷ്ടാക്കന്മാരും ഈശോയുടെ പ്രസംഗത്തിൽ കുറ്റം കണ്ടുപിടിക്കുന്നതിനു ശ്രമിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ. മത്സരബുദ്ധിയുടെ ദോഷം ഗ്രഹിക്കാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഫരിസേയരുടെ മത്സരബുദ്ധി.

ധ്യാനം:- "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നു ഉന്നതവാക്യത്തെ ഈശോ ഉച്ചരിച്ച ക്ഷണത്തിൽ ഫരിസേയരും ഉപദേഷ്ടാക്കന്മാരും അങ്ങയെത്തടുത്തു: നിന്നെക്കുറിച്ചു നീ തന്നെ സാക്ഷിപറയുന്നു, നിന്റെ സാക്ഷ്യം സത്യമുള്ളതല്ല എന്നു പറഞ്ഞു. ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷി പറഞ്ഞാലും എന്റെ സാക്ഷ്യം സത്യമുള്ളതാകുന്നു. ഞാൻ വിധിച്ചാലും എന്റെ വിധി സത്യമുള്ളതാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ ഏകനായിരിക്കാതെ ഞാനും എന്നെ അയച്ച പിതാവും (കൂടെയിരിക്കുന്നു) ഇരുവരുടെ സാക്ഷി സത്യമുള്ളതാകുന്നു എന്നു നിങ്ങളുടെ ന്യായപ്രമാണത്തിലും എഴുതപ്പെട്ടിട്ടുണ്ടല്ലൊ. അതുകയാൽ അവർ അവിടുത്തോടു: നിന്റെ പിതാവു് എവിടെയാകുന്നു? എന്നു ചോദിച്ചു. യേശു അവരോടു് ഉത്തരം പറഞ്ഞു: നിങ്ങൾ എന്നെയാകട്ടെ എന്റെ പിതാവിനെയാകട്ടെ അറിയുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ, നിശ്ച

യമായും എന്റെ പിതാവിനെയും അറിയുമായിരുന്നു. അനന്തരം തന്നിൽ വിശ്വസിച്ചിരുന്നവരുടെ നേരെ തിരിഞ്ഞു് അരുളി ച്ചെയ്തു: നിങ്ങൾ എന്റെ വചനത്തിൽ സ്ഥിരപ്പെട്ട നില്ക്കുമെങ്കിൽ സാക്ഷാൽ നിങ്ങൾ എന്റെ ശിഷ്യരാകും; ഇങ്ങനെ നിങ്ങൾ സത്യത്തെ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. അവർ അവിടുത്തോടു: ഞങ്ങൾ അബ്രഹാമിന്റെ സന്തതികളാകുന്നു; ആർക്കും ഒരിക്കലും ഞങ്ങൾ അടിമപ്പെട്ടിട്ടില്ല; (എന്നിരിക്കെ) നിങ്ങൾ സ്വതന്ത്രരാകും എന്നു നീ പറയുന്നതെങ്ങിനെ? എന്നു ചോദിച്ചു. യേശു അവരോടു് ഇങ്ങനെ അരുളിച്ചെയ്തു: പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ അടിമയാകുന്നു എന്നു ഞാൻ സത്യം സത്യമായിട്ടു നിങ്ങളോടു പറയുന്നു. (യോഹ. വ്യ. ഫ്രഞ്ച്, ഫ്ര്, ഫ്ര്യ ഫ്രെ, ഫ്രൻ. ന്യൂ-ന്യൂർ.)

പ്രായോഗികചിന്ത:- ഈശോയെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്യണമെന്നുള്ള ഉഷ്ടഉദ്ദേശ്യംകൊണ്ടാണ് ഫരിസേയർ പലപ്പോഴും അവിടുത്തോടു് ഇങ്ങനെ എതിർത്തു സംസാരിച്ചിരുന്നതു്. എന്തുകൊണ്ടെന്നാൽ ജ്ഞാനത്തിലും വിശ്വാസിയിലും യോഗ്യതയിലും അദ്ദേഹം അവർക്കു അതീതനായിരുന്നു. ഇതു് അവരുടെ അഹങ്കാരത്തിനു സഹിച്ചുകൂടാത്തതായിരുന്നതിനാൽ അഹങ്കാരം ഉജ്ജ്വലിച്ചു് അസൂയയേയും മത്സരബുദ്ധിയേയും പുറപ്പെടുത്തുകയാണുണ്ടായതു്. എന്നാൽ അഹോ, നിർഭാഗ്യമേ! ഈവിധമുള്ള വാസന ചില സംഗതികളിലെങ്കിലും നിന്നിൽ കാണുന്നില്ലയോ? ഇതു ശക്തി കാണിക്കുന്നതു് എപ്പോഴാണെന്നും, ആർക്കു വിരോധമായിട്ടാണെന്നും ആലോചിച്ചുനോക്കുക. എല്ലാംകൊണ്ടും നീ പ്രത്യേക വണക്കം കാണിക്കുകയും മൗനതയോടെ അനുസരിക്കയും ചെയ്യേണ്ട കാര്യങ്ങളിലും ഈ ഭാഗമായ അഭിപ്രായവിരോധമായും അല്ലയോ?

സ്നേഹപ്രകരണങ്ങൾ:- അഹങ്കാരത്താൽ നാം പലപ്പോഴും അന്ധരായി മുകളിൽ പറഞ്ഞവിധം പ്രവർത്തിച്ചുപോകുന്നതിനാൽ ഈ കാര്യത്തിൽ നിന്നെത്തന്നെ സൂക്ഷ്മത്തോടെ പരിശോധിക്കാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- മത്സരബുദ്ധിയെ അതിപ്രയത്നം ചെയ്തെങ്കിലും ഹൃദയപൂർവ്വം പരിത്യജിക്കുക.

രണ്ടാംവകുപ്പ്

ഈശോയുടെ ശാന്തതയും ശുശ്രൂഷയും.

ധ്യാനം:- യേശു അവരോട് പറയുന്നു: നിങ്ങൾ അബ്രഹാമിന്റെ പുത്രരാകുന്നുവെങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുവിൻ...അതിനു വിരോധമായി സത്യത്തെ നിങ്ങളോട് പറഞ്ഞ എന്നെ കൊല്ലുവാൻ ഇപ്പോൾ നിങ്ങൾ അന്വേഷിക്കുന്നു; നിങ്ങൾ (നിങ്ങളുടെ) പിതാവായ പിശാചിൽനിന്നുള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇച്ഛകൾ നിവർത്തിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നു. അവൻ ആദിമുതൽക്കേ ഘാതുകനായിരുന്നു. അവനിൽ സത്യമില്ലായ്കകൊണ്ട് അവൻ സത്യത്തിൽ നിലനിന്നില്ല....എന്നാൽ ഞാൻ സത്യം പറയുന്നതുകൊണ്ട് എന്നെ നിങ്ങൾ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർ എന്നിൽ പാപം (ആരോപിച്ചു) തെളിയിക്കും? ഞാൻ നിങ്ങളോട് സത്യം പറയുന്നെങ്കിൽ, എന്തുകൊണ്ടു നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല? ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വചനങ്ങൾ കേൾക്കുന്നു...യഹൂദന്മാർ അവിടുത്തോട്: നീ ഒരു സമരിയക്കാരനാണെന്നും നിന്നിൽ പിശാചുണ്ടെന്നും ഞങ്ങൾ പറഞ്ഞതു ശരിയല്ലയോ? എന്നു ചോദിച്ചു. യേശു ഇങ്ങനെ ഉത്തരംപറഞ്ഞു: എന്നിൽ പിശാചില്ല, ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കയത്രെ ചെയ്യുന്നതു്. നിങ്ങളാവട്ടെ എന്നെ അപമാനിക്കുന്നു. യാതൊരുത്തൻ എന്റെ വചനാനുസൃതം വർത്തിച്ചാൽ അവൻ എന്നേക്കും മരണം അനുഭവിക്കയില്ല എന്നു ഞാൻ സത്യം സത്യമായിട്ടു നിങ്ങളോട് പറയുന്നു. അപ്പോൾ യഹൂദന്മാർ പറഞ്ഞു: നിന്നിൽ പിശാചുണ്ടെന്നു് ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി. അബ്രഹാം മരിച്ചു. ദീർഘദർശികളും (മരിച്ചു) നീയോ യാതൊരുത്തൻ എന്റെ വചനാനുസൃതം വർത്തിച്ചാൽ അവൻ എന്നേക്കും മരണം അനുഭവിക്കയില്ല എന്നു പറയുന്നു. ഞങ്ങളുടെ പിതാവായ അബ്രഹാമിനെക്കാൾ നീ വലിയവനാകുന്നുവോ? അയാൾ മരിച്ചു; ദീർഘദർശികളും മരിച്ചു; നീ നിന്നെത്തന്നെ ആരാക്കിത്തീർക്കുന്നു? (യോഹ. വ. ൮൯. ൮൦, ൮൮, ൮൯, ൯൦. — ൮൨. ൮൯, ൫൮. ൫൨, ൫൩.)

പ്രായോഗികചിന്ത:- നിന്റെ ദിവ്യഗുരുവിന്റെ ശാന്ത

തയും ശ്രുഷ്ടാന്തിയും കണ്ടു വിസ്മയിക്കുക. അവ അനുകരിക്കാൻ ശ്രമിക്കുക. ഈ അനുകരണം പ്രയാസമുള്ളതുതന്നെ. എങ്കിലും പ്രാർത്ഥനയും സ്ഥിരോത്സാഹവുംകൊണ്ടു സാധിക്കാം. വിശേഷിച്ചും പരസ്നേഹത്തെയും ആത്മാവുകളുടെ രക്ഷയേയും സംബന്ധിക്കുന്ന കാര്യങ്ങളിൽ നീ ആരംഭിച്ചിട്ട് നിനക്ക് അതിനു സഹായമില്ലാതാകയൊ വിരോധം ഉണ്ടാകയൊ നീ ആരംഭിച്ചതു മുഴുമിപ്പിക്കുവാൻ വഹിയാതാകയൊ ചെയ്യുന്നു എന്നായാലും നിന്റെ ശാന്തതയും ശ്രുഷ്ടാന്തിയും ഒട്ടും കുറയരുതു്. ഇങ്ങിനെ നീ ആരംഭിച്ചതു നിവർത്തിതമാകാതിരുന്നാലും നിനക്കു ലഭിക്കാവുന്ന യോഗ്യത അശേഷം കുറയുകയില്ല എന്നിതു വിസ്മരിക്കരുതു്.

സ്നേഹപ്രകരണങ്ങൾ:— നിന്റെ ഹൃദയം, അജയ്യമായ ശാന്തതയും ക്ഷമയും സമ്പാദിച്ചവരായ വി. വിൻസെന്റു ഡി പോൾ, വി. ഫ്രാൻസീസ് ദെ സാലെസ് എന്നിവരുടെ ഹൃദയംപോലെ ആക്കുവാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- തിന്മ നിന്നെ ജയിക്കാതെ നന്മകൊണ്ടു തിന്മയെ നീ ജയിക്കുക.

മൂന്നാംവകുപ്പു

മത്സരബുദ്ധിയാൽ വരുന്ന നാശം.

ധ്യാനം:-മത്സരബുദ്ധികൾ അന്തഃകരണസ്വഭാവത്തെ നിഷേധിക്കുക പതിവാണു്. അതിനാൽ അവക്കു വരുന്ന നാശവും ഭയങ്കരമായിരിക്കും. അവർ മരണസമയത്തുകൂടെ മാനസാന്തരപ്പെടുക പ്രയാസമത്രെ. അതിന്റെ ഒരു ദൃഷ്ടാന്തം ഇവിടെയുണ്ടു്. തന്നോടു മത്സരബുദ്ധി പ്രദർശിപ്പിച്ചവരെ മാനസാന്തരപ്പെടുത്തുന്നതിനു് ഈശോ അവസാനപര്യന്തം പരിശ്രമിച്ചു. എന്നിട്ടും അതിന്റെ ഫലം എന്തായിരുന്നു എന്നു നോക്കുക. പൂർവ്വപിതാക്കന്മാർ പ്രതീക്ഷിക്കുകയും ദീർഘദർശികൾ പ്രവചിക്കുകയും ചെയ്തിരുന്ന മെസിയാസ് താൻതന്നെയാണെന്നു് അദ്ദേഹം അവർക്കു തെളിയിച്ചുകൊടുത്തു. അദ്ദേഹം പറഞ്ഞു: ഞാൻ എന്നെത്തന്നെ മഹിമപ്പെടുത്തുന്നുവെങ്കിൽ എന്റെ മഹിമ സാരമില്ല. എന്നെ മഹിമപ്പെടുത്തുന്നതു് എന്റെ പിതാവാണു്.....അബ്രഹാം എന്റെ ദിവസം കാണുവാൻ ആഗ്രഹിച്ചു. അയാൾ അതു കണ്ടു സന്തോഷിക്കുകയും ചെയ്തു. അ

പ്പോൾ യഹൂദന്മാർ അദ്ദേഹത്തോട് പറഞ്ഞു: ഇതുവരെനിനക്ക അമ്പതു് വയസ്സായിട്ടില്ല. എന്നിട്ടു നീ അബ്രഹാമ്മിനെ കണ്ടു എന്നോ? യേശു അവരോട് പറഞ്ഞു: അബ്രഹാം ഉണ്ടാകുന്നതിന്നു മുമ്പു ഞാനുണ്ടു് എന്നു സത്യം സത്യമായിട്ടു നിങ്ങളോട് ഞാൻ പറയുന്നു. അവിടുന്നു ഇങ്ങനെ താൻ ദൈവകുമാരനാണെന്നു പ്രസിദ്ധീകരിച്ചതു യഹൂദന്മാർക്ക മനസ്സിലായി. അതിനാൽ അവിടുന്നു ദൈവദൂഷണം പറയുന്നു എന്നു പറഞ്ഞുകൊണ്ടു അവിടുത്തെ എറിയുന്നതിന്നായി കല്ലുകളെടുത്തു. (യോഹ. വ്യ. ഒര്, ഒന്നു, — ഒവ്വ.

പ്രായോഗികചിന്ത:— ഇസ്രയേലിൽ ഉപദേഷ്ടാക്കന്മാരായിരുന്നവരുടെ ഈ നിർഭാഗ്യസ്ഥിതികണ്ടു, മത്സരബുദ്ധിയും അന്ധകരണസ്വഭാവത്തെ നിഷേധിക്കുന്ന സ്വഭാവവും പരിത്യജിക്കുക. അതാ അവർ ബോധാന്ധതയിലും അവിശ്വാസത്തിലും ദുഷ്ടയകാഠിന്യതയിലും കൂടുങ്ങി മനോമൂക്കരായിപ്പോകുന്നു! നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും, എന്നീ ശാപവാക്യം എത്രയോ ഭയങ്കരം!! മത്സരബുദ്ധികൾ ഇതുതന്നെയാണു് തങ്ങളുടെമേൽ വരുത്തിവയ്ക്കുന്നതു്. അവർ സത്യത്തോട് മനഃപൂർവ്വം എതിർക്കുന്നു. തന്നിമിത്തം അവരുടെ മനസ്സു് കട്ടുത്തുപോകുന്നു. സാമാന്യേന മനസ്താപരഹിതമായ ഒരു മരണമാണു് അവർക്ക വന്നുഭവിക്കുക. സാക്ഷാൽ അത്യന്തം ഭയപ്പെടേണ്ട ഒരു മനഃസ്ഥിതിയല്ലയോ അതു്?

സംഭാഷണം:- സുപ്രസിദ്ധവേദസാക്ഷിയായ വിശ്വാസ ജനവാരിയൂസിനോട് സംഭാഷിക്കുക.

ഇരുപതാം തിയ്യതി

ജന്മനാ കുരുടനായിരുന്നവൻ കാഴ്ച പ്രാപിച്ചതു്.

പ്രാരംഭം ഫ. ഈശോ ആ കുരുടന്റെ കണ്ണിൽ ചേർ പൂശുന്നതു ആത്മനാ ദർശിക്കുക.

ഫ. ആ കുരുടനുണ്ടായിരുന്നതുപോലെയുള്ള വിശ്വാസവും അനുസരണവും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഇവൻ കുരുടനായിപ്പിറക്കുന്നതിനുള്ള കാരണം.

ധ്യാനം:- ഈശോയുടെ പ്രതിവാദികൾ എത്രയും അയോ

ഗ്രഹായിരുന്നെങ്കിലും അവിടുന്നു ജെരുസലേം വിട്ടുപോകുന്നതിനു മുമ്പ് അവർക്കു തന്റെ ദൈവത്വത്തെ സുവ്യക്തമായും അനിഷേധ്യമായും പ്രത്യക്ഷീകരിക്കുന്നതിനുവേണ്ടി ഒരു അത്ഭുതം ചെയ്യാൻ അവിടുത്തെയ്ക്കു തിരുവുള്ളമുണ്ടായി. സുവിശേഷകൻ ഇതേപ്പറ്റി പറയുന്നതു ഇങ്ങിനെയാണു്: "യേശു കടന്നുപോകയിൽ, ജന്മനാ കുരുടനായ ഒരു മനുഷ്യനെക്കണ്ടു. അപ്പോൾ ശിഷ്യന്മാർ അവിടുത്തോടു ചോദിച്ചു: ഗുരോ, ഇവൻ കുരുടനായിപ്പിറക്കുന്നതിനു് ആർ പാപംചെയ്തു? ഇവനൊ ഇവന്റെ മാതാപിതാക്കന്മാരോ? യേശു അവരോടു പ്രത്യുത്തരിച്ചു: ഇവനെങ്കിലും ഇവന്റെ മാതാപിതാക്കന്മാരെങ്കിലും പാപം ചെയ്തതുകൊണ്ടല്ല, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രത്യക്ഷപ്പെടേണ്ടതിനുത്രെ." (യോഹ. ൯. ൧—൩) തന്റെ ശിഷ്യന്മാർ അവന്റെ അന്ധതയുടെ കാരണത്തെപ്പറ്റി ചോദ്യംചെയ്തതുകൊണ്ടു് ആ ചോദ്യത്തിനുമാത്രം പ്രത്യുത്തരം നൽകാനെ അവിടുന്നു് ഉദ്ദേശിച്ചുള്ളു എന്നു നാം ഇവിടെ ഓർക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ പാപംചെയ്യാതെ നന്മമാത്രം ചെയ്യുന്നവൻ ഭൂമിയിൽ ഒരുവനുമില്ല. (എക്ലെസിയാസ്റ്റെസ് ൭. ൨൦.) എന്ന വാക്യത്തിനു തക്കവണ്ണം അവനും അവന്റെ മാതാപിതാക്കളും പാപം ചെയ്തിട്ടുണ്ടായിരിക്കാം. എന്നാൽ അവൻ കുരുടനായിപ്പിറന്നതു് അവരുടെ പാപം നിമിത്തമല്ല എന്നേ ഇതിനർത്ഥമുള്ളു.

പ്രായോഗികചിന്ത:— ഈ ജീവിതക്കാലത്തിൽ ഓരോരുത്തർക്കുണ്ടാകുന്ന കഷ്ടതകളും പലപ്പോഴും പാപത്തിനുശിക്ഷയായി വരുന്നതായിരിക്കയില്ലെന്നു് ഈ വാക്യംകൊണ്ടു നാം മനസ്സിലാക്കണം. നീതിമാന്മാക്കും വിശ്വാസിയിൽ ഉന്നതപദം പ്രാപിച്ചവർക്കുംകൂടെ നാനാമുഖങ്ങളായ അരിഷ്ടതകളും ഉണ്ടാകാറുണ്ടു്. ഈ പ്രലോഭനങ്ങളാൽ അവരുടെ വിശ്വാസം കൂടുതലായി ഉജ്ജ്വലിച്ചു സ്ഥിരപ്പെടുന്നതിനും, ദൈവത്തിന്റെ മഹിമ അധികമായി പ്രകാശിക്കുന്നതിനും അവരുടെ യോഗ്യത അത്യധികം വർദ്ധിക്കുന്നതിനുംവേണ്ടിയാണു് ദൈവം ഇതിനു് അനുവദിക്കുന്നതു്. യോബു, തൊബിയാസ് മുതലായ മഹാത്മാക്കളും പുതിയനിയമത്തിലെ നിരവധി വിശുദ്ധന്മാരും ഇതിനു സുസ്പഷ്ടമായ ദൃഷ്ടാന്തങ്ങളാണല്ലൊ. ആകയാൽ ഫ. ദൈവം ശിക്ഷയുടെ കൈ നമ്മുടെ നേർക്കു നീട്ടുമ്പോൾ നാം

പ്രതിമാശയും ധൈര്യവും ലഭിപ്പാനീവിധപ്പിക്കേണ്ടതാണ്. മാത്രമല്ല, വിശുദ്ധ യാക്കോബ് ഉപദേശിക്കുന്നതുപോലെ നാം സന്തോഷചിത്തരുമായിരിക്കണം. ഫ. ദുഷ്ടന്മാർക്കു വരുന്ന ഓരോ ആപത്തുകളും അനർത്ഥങ്ങളും അവരുടെ പാപത്തിനുള്ള ശിക്ഷയാകുന്നു എന്നു നാം പറയുന്നു. അങ്ങനെ അവരെക്കുറിച്ചു നാം പറഞ്ഞാൽ നമ്മെക്കുറിച്ചു മറുള്ളവരും അതുപോലെ പറയുന്നതിന്നിടയാകും. ഇങ്ങനെ നാം പ്രവർത്തിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:—ദൈവം നിനക്കു നൽകുന്ന എല്ലാ കൃപാവരങ്ങളും ധൈര്യത്തോടും ആത്മികസന്തോഷത്തോടുകൂടെ സംവഹിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- സ്വഭാവത്തിന്നു് അസഹ്യം തോന്നുന്ന അവസരങ്ങളിൽ മുകളിൽ പറഞ്ഞ നമ്മ പ്രത്യേകാൽ പ്രാർത്ഥിക്കുക.

രണ്ടാം വകുപ്പു.

കുരുടൻ കാഴ്ചപ്രാപിക്കുന്നു.

ധ്യാനം:- ഇവ അരുളിച്ചെയ്തിട്ടു് അവിടുന്നു നിലത്തു തുപ്പി തുപ്പൽകൊണ്ടു ചേറുണ്ടാക്കി ആ ചേറു് അവന്റെ കണ്ണുകളിൽ പൂശി, അവനോടു: നീ പോയി (അയക്കപ്പെട്ടവൻ എന്നർത്ഥമുള്ള) സീലോഹക്കുളത്തിൽ കഴുകുക എന്നരുളിച്ചെയ്തു. അതുകയാൽ അവൻ പോയി കഴുകി; കാഴ്ചപ്രാപിച്ചുവരികയും ചെയ്തു. (യോഹ. ൯. ൬, ൭.)

പ്രായോഗികചിന്ത:- ഇവിടെ ഈശോ ഈ കുരുടന്റെ വിശ്വാസത്തെയും അനുസരണത്തെയും പരീക്ഷിച്ച വിധത്തെയും അവിടുത്തെ ആജ്ഞയെ അക്ഷരംപ്രതി അനുവർത്തിക്കുന്നതിൽ അവൻ പ്രദർശിപ്പിച്ച സന്നദ്ധതയെയും ഏതിനെപ്പറ്റിയാണു് നാം അധികം വിസ്മയിക്കേണ്ടതു്? വിസ്മയിച്ചതുകൊണ്ടു മാത്രമായില്ല; വിശ്വാസത്തിൽ സ്ഥിരപ്പെടുവാനും ദൈവവിചാരണയ്ക്കു സർവ്വാത്മനാ നമ്മെത്തന്നെ സമർപ്പിക്കാനും അന്ധന്മാരെപ്പോലെ കീഴ്വഴങ്ങിക്കൊണ്ടു നമ്മെ നിശ്ശേഷം സംതൃപ്തിപ്പാനും നാം പരിശീലിക്കണം. ഈ പുണ്യങ്ങളുടെ മാഹാത്മ്യം ഇവിടെ നാം സുവ്യക്തമായി കാണുന്നില്ലയോ?

സ്നേഹപ്രകരണങ്ങൾ:- സജീവവിശ്വാസവും നിഷ്കപട

മായ അനുസരണവും ലഭിക്കാൻവേണ്ടി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:– കർത്താവെ! നിന്റെഇഷ്ടംപോലെ എന്നോടു ചെയ്യുക. അതെന്തെ നീ എന്നെ സ്നേഹിക്കുന്നു എന്നു ഞാൻ അറിയുന്നു. വി. അഗുസ്തീൻ പറഞ്ഞിരുന്ന ഈ വാക്യം നിനക്കും ഹൃദയപൂർവ്വം പറയുവാൻ ഇടയാകുന്നതിനു ശ്രമിക്കുക.

മൂന്നാംവകുപ്പു

ആ കുരുടന്റെ അയൽവാസികളുടെ വിസ്മയവും സന്ദേഹവും

ധ്യാനം:– ഭിക്ഷയിരന്നു ജീവിച്ചിരുന്ന ആ കുരുടൻ പട്ടണത്തിൽ സുവ്യക്തം അറിയപ്പെട്ടവനായിരുന്നു. അതിനാൽ അവൻ കാഴ്ചപ്രാപിച്ചവിവരവും സകലരുടേയും ശ്രദ്ധയെ ഹഠാൽ കർഷിക്കുകതന്നെ ചെയ്തു. അകയാൽ ഇരുന്നുകൊണ്ടു ഭിക്ഷയാചിച്ചിരുന്നവൻ ഇവനല്ലയൊ എന്നു അയൽക്കാരും അവനെ മുമ്പു ഭിക്ഷുവായിക്കണ്ടിട്ടുണ്ടായിരുന്നവരും, ചോദിക്കുകയായി. ഇവൻതന്നെയെന്നു ചിലരും, ഒരിക്കലുമല്ല, ഇവൻ അവനു സദൃശൻ അത്രെ എന്നു മറുചിലരും പറഞ്ഞിരുന്നു. അവനാകട്ടെ, ഞാൻതന്നെയാണെന്നു പറഞ്ഞിരുന്നു. അകയാൽ അവർ അവനോടു: നിന്റെ കണ്ണുകൾ തെളിഞ്ഞതെങ്ങിനെ? എന്നു ചോദിച്ചിരുന്നു. അവൻ ഉത്തരം പറഞ്ഞു: യേശു എന്നു പറയപ്പെട്ടുന്ന ആ മനുഷ്യൻ ചേറുണ്ടാക്കി എന്റെ കണ്ണുകളിൽ ലേപനംചെയ്തിട്ടു നീ പോയി സീലോയെക്കുളത്തിൽ കഴുകുക എന്നു പറഞ്ഞു. അപ്രകാരം ഞാൻ പോയികഴുകി, കാഴ്ചപ്രാപിക്കുകയുംചെയ്തു. (യോഹ. ൯. വ, ൭ാമ.)

പ്രായോഗികചിന്ത:– കുരുടന്റെ നിഷ്പ്രയാസവും നിസ്സന്ദേഹവും സുവ്യക്തവുമായ ഈ പ്രത്യുത്തരത്താൽ അവനു കാഴ്ച ലഭിച്ചതു ദൈവശക്തികൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ലെന്നു സുസ്പഷ്ടമാണല്ലൊ. എന്തുകൊണ്ടെന്നാൽ ചേറിനും സീലോയെക്കുളത്തിനും പ്രകൃത്യതീതമായ ഈ കഴിവു നൽകിയതു ദൈവശക്തിയാണു്. നാം അനുഭവിക്കുന്ന ആത്മശരീരനന്മകൾക്കും നാം ചെയ്യുന്ന സൽകൃത്യങ്ങൾക്കും നിദാനം ദൈവം മാത്രമാണു്. മായസ്മൃതിയെപ്പററിയുള്ള ആഗ്രഹം നമ്മിൽ നിന്നകറുന്നതിനും ദൈവത്തിൽനിന്നു നവമായ നന്മകൾ നാം പ്രാപിക്കുന്നതിനും ഫലപ്രദമായ മാർഗ്ഗം ഇതാണു്. ഇതുവരെ

ഈതു നീ എങ്ങനെ അനുസരിച്ചുവരുന്നു?

സംഭാഷണം:- നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക. അവിടുത്തെ സഹായംകൂടാതെ യാതൊരു നന്മയും ചെയ്‌വാൻ നാം ശക്തരല്ലെന്നു സ്ഥിരമായി അവിടുത്തോടു പറയുക. ഓരോ നന്മപ്രവൃത്തികളും ചെയ്‌വാൻ ഇടവരുത്തിയിട്ടുള്ളതിനെക്കുറിച്ച് അവിടുത്തേയ്ക്കു സ്തോത്രംചെയ്യുക. നമ്മുടെ ശ്രേഷ്ഠന്മാർക്കു കൂടുതരെപ്പോലെ കീഴ്‌വഴങ്ങുവാൻവേണ്ടി ശ്രവണമുള്ള ഹൃദയം തന്നരുളേണമെന്ന് അപേക്ഷിക്കുക.

ഇരുപത്തൊന്നാംതിയ്യതി

കഴിഞ്ഞതിയ്യതിയിലെ ധ്യാനത്തിന്റെ തുടർച്ച

പ്രാരംഭം ഫ. കൂടുതനായിരുന്നിട്ട് കാഴ്ചപ്രാപിച്ച ആ മനുഷ്യൻ ഫരിസേയരുടെ സംഘത്തിൻമുമ്പാകെ നിൽക്കുന്നതു ആത്മനാ ദർശിക്കുക.

വ. കാഴ്ചപ്രാപിച്ച ആ മനുഷ്യന്റെതുപോലെ നീതിയും നിഷ്കപടതയും ഔദാര്യവുമുള്ള ഒരു ഹൃദയം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

കാഴ്ചപ്രാപിച്ചവൻ സഭയിൽവച്ചു ഫരിസേയരെ പരാജിതരാക്കുന്നു.

ധ്യാനം:— അന്ധനായിരുന്ന ഈ മനുഷ്യനിൽ ക്രീസ്തു പ്രവർത്തിച്ച അത്ഭുതകർമ്മത്തെ ഫരിസേയർ വല്ലാതെ കോപകലുഷിതരായിത്തീർന്നു. അതിനാൽ ആ അത്ഭുതസംഭവത്തിന്റെ സത്യവൃത്താന്തത്തെത്തന്നെ സംശയഗ്രസ്തമാക്കിട്ടോ സ്വസ്ഥനാളിൽ ചേറുണ്ടാക്കി കണ്ണിൽപുരട്ടിയതിനാൽ സാബത്തിന്റെ വിശുദ്ധിയെ അദ്ദേഹം അവഗണിച്ചു എന്നു വരുത്തിട്ടോ അദ്ദേഹത്തിന്റെ കീർത്തിക്കു കെടുതിവരുത്തുവാൻ അവർ സന്നദ്ധരായി. തന്നിമിത്തം ആ കൂടുതനേയും അവന്റെ മാതാപിതാക്കന്മാരേയും മാറി മാറി സംഘത്തിൻമുമ്പാകെ വരുത്തി ചോദ്യംചെയ്തു. തങ്ങളോടുചെയ്ത ചോദ്യങ്ങൾക്കു മാതാപിതാക്ക

ന്മാർ ഇങ്ങനെ സമാധാനം പറഞ്ഞു: "ഇവൻ ഞങ്ങളുടെ പുത്രനാകുന്നു എന്നും, കുരുടനായി ജനിച്ചുവെന്നും ഞങ്ങൾക്കു അറിയാം." കാഴ്ചപ്രാപിച്ച മനുഷ്യനും ധീരതയോടെ സമസ്തവിവരവും അവരെ പറഞ്ഞുകേൾപ്പിച്ചു. അവർ അവനെ വീണ്ടും ചോദ്യങ്ങൾകൊണ്ടു ബുദ്ധിമുട്ടിക്കാൻ തുടങ്ങിയപ്പോൾ അവൻ തന്റെ ആദ്യത്തെ പ്രസ്താവത്തെത്തന്നെ പൂർവ്വാധികം ഉറപ്പിച്ചു വീണ്ടും പറഞ്ഞു: "എന്റെ കണ്ണിൽ ചേർപൂശി.....പോയിക്കഴുകുവിൻ എന്നു പറഞ്ഞതു യേശുതന്നെയാകുന്നു, അവിടുന്നു എന്നോടു പറഞ്ഞതുപോലെ ഞാൻ ചെയ്തപ്പോൾ കാഴ്ചപ്രാപിച്ചു." അതിനാൽ ഈ സംഭവത്തെ പാടെ നിഷേധിക്കുവാൻ സാധിക്കുന്നതല്ലെന്നു അവർക്കു മനസ്സിലായി. പിന്നീടു ആ അത്ഭുതപ്രവർത്തനത്തിനു നിദാനമായി നിന്ന ദൈവികശക്തിയെ നിഷേധിക്കാനാണു അവർ ശ്രമിച്ചതു. സപ്രസ്ഥനാം ആചരിക്കാത്ത ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനാകുവാൻ തരമില്ല. ആകയാൽ ഈ അത്ഭുതം പിശാചിനാൽ പ്രവർത്തിക്കപ്പെട്ടതായിരിക്കാനെ മാർഗ്ഗമുള്ളൂ എന്നു സമർത്ഥിക്കാനായിരുന്നു അവരുടെ ശ്രമം. പക്ഷെ അവർ എത്ര സാമർത്ഥ്യപൂർവ്വം ശ്രമിച്ചിട്ടും ആ സാധുവായ യാചകനെ തങ്ങളുടെ ഈ അബദ്ധാഭിപ്രായത്തിനു വിധേയനാക്കുവാൻ സാധിച്ചില്ല. മാത്രമല്ല, അവൻ അവരോടു ഇങ്ങനെ എതിർവാദം നടത്തുകകൂടെചെയ്തു: "കുരുടനായിപ്പിറന്നവന്റെ കണ്ണുകളെ യാതൊരുത്തൻ തുറന്നതായി ലോകാരംഭമുതൽ കേട്ടിട്ടില്ല, ഇവൻ ദൈവത്തിൽനിന്നുള്ളവൻ അല്ലാതിരുന്നെങ്കിൽ ഇവനു ഒന്നും ചെയ്വാൻ കഴിയുകയില്ലായിരുന്നു." അജ്ഞതനും നിന്ദ്യനുമായ ഒരു ഭിക്ഷു ഇസ്രയേലിലെ മഹോപാദ്ധ്യായന്മാരായ തങ്ങളോടു ന്യായവാദത്തിനു മുതിർന്നതും തങ്ങളെ പരാജിതരാക്കിയതും കണ്ടിട്ടു ഉസ്സഹമായ കോപത്തോടെ വീണ്ടും അവനോടു യാതൊരു വാഗ്വാദത്തിനും പുറപ്പെടാതെ കയർത്തു: "നീ വെറും ഒരു പാപപിണ്ഡമാണു. എന്നിട്ടും നീ ഞങ്ങളെ പഠിപ്പിക്കാൻ ഭാവിക്കുന്നോ?" എന്നു പറഞ്ഞു, അവനെ വെളിക്കു തള്ളുകയുംചെയ്തു. (യോഹ. ൯. ൧൩, ൩൪, ൩൫, ൩൮.)

പ്രായോഗികചിന്ത:— ഈ സംഭവത്തെ ഇത്ര പൂർണ്ണമായി വിവരിക്കുവാൻ പരിശുദ്ധാത്മരൂപി സുവിശേഷകനെ പ്രേരിപ്പിച്ചതു നമ്മുടെ പഠനത്തിനും ആശ്വാസത്തിനും വേണ്ടിയായി

രിക്കണം. അതിനാൽ ഇതേപ്പറ്റിയുള്ള നമ്മുടെ ചിന്ത സഫലമാക്കുവാൻ ശ്രമിക്കുക. അസൂയ എന്ന നീചഭൂതത്തിന്റെ സ്വഭാവത്തേയും ഫലങ്ങളേയുംകുറിച്ചുള്ള ജ്ഞാനം ഉത്തരോത്തരം വർദ്ധിച്ചുവരുവാനും തദ്വാരാ അതിനെ ഹൃദയപൂർവ്വം വെറുത്തു് അതിൽനിന്നു നിശ്ശേഷം വിമുക്തനാകുവാനും ശ്രമിക്കുക. അസൂയയിൽനിന്നുളവാകുന്ന അനിഷ്ടഫലങ്ങൾ എന്തെല്ലാമാണു്? അതുകൊണ്ടു ഫരിസേയർക്കു എന്താണു് സിദ്ധിച്ചതു്? കാലാകാലത്തോളം നിലനില്ക്കുന്ന അവമാനവും ലജ്ജയുമല്ലാതെ മറ്റു വല്ലതും അവർക്കു സിദ്ധിച്ചോ? ഇങ്ങിനെയാണെങ്കിൽ ഇതരന്മാർ നമ്മോടു കാണിക്കുന്ന അസൂയയെപ്പറ്റി നാം എന്തിനു വ്യാകുലചിത്തരാവുകയും ഭയപ്പെടുകയും ചെയ്യുന്നു? പുണ്യവും സത്യവും നമ്മുടെ ഭാഗത്തുള്ള കാലത്തോളം അവരുടെ അസൂയമൂലം ഹനുമല്ലാതെ യാതൊരു ദോഷവും നമുക്കുണ്ടാകയില്ല. ഈശോയുടെ ശത്രുക്കൾ അസൂയാന്ധന്മാരായി പ്രവർത്തിച്ചതെല്ലാം അവിടുത്തെ ദിവ്യത്വത്തേയും ഈ മഹാ അത്ഭുതത്തിന്റെ യാഥാർത്ഥ്യത്തേയും കൂടുതൽ സ്ഥിരപ്പെടുത്തുകയും തെളിയിക്കുകയുമല്ലേ ചെയ്തതു്? വിശുദ്ധ പൗലോസ് പറയുന്നതുപോലെ ദൈവത്തെ സ്നേഹിക്കുന്നവർക്കു സകലവും നന്മയ്ക്കു സഹായകങ്ങളായിത്തീരുന്നു. (റോമാ. വ. ൮വ.) ഇതു് എത്രയോ ആശ്വാസപ്രദമായ ചിന്തകൾ.

സ്നേഹപ്രകരണങ്ങൾ:- നിഷ്പക്ഷമനസ്സു ലഭിപ്പാനായി പ്രാർത്ഥിക്കുക. അസൂയയെ തടയുന്നതിനുള്ള നമ്മുടെ അതിയായ ജാഗ്രതയെപ്പോലും വിഫലമാക്കി നാം അറിയാതെ ഇതു നമ്മിൽ നഴഞ്ഞുകയറുക സാധാരണമാണു്. അസൂയയുടെ നിഗൂഢമായ ഈ പ്രവേശത്തെ കണ്ടുപിടിക്കാനാവശ്യമായ അനുഗ്രഹം നൽകണമെന്നു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- നമ്മിൽനിന്നു വന്നാലും എതുവിധംവന്നാലും അതിനെ അഭിനന്ദിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യുക.

രണ്ടാം വകുപ്പു്.

കാഴ്ച പ്രാപിച്ചവൻ തന്റെ ഉപകാരിയെ ആരാധിക്കുന്നു.

ധ്യാനം:- ആ മഹാ സൗഭാഗ്യം, അവിടുത്തെ ഏറ്റുപറയാൻ ധൈര്യമുണ്ടായ ആ കുരുടന്റെ ഹൃദയപരമാർത്ഥതയേയും സത്യസന്ധതയേയും ഉദാരശീലത്തേയും ഈശോ യഥായഥം

സമ്മാനിക്കാതെവിട്ടില്ല. യൂദാന്മാർ "അവനെ പുറത്തു തള്ളിക്കളഞ്ഞു എന്നു യേശു കേട്ട്" പിന്നെ അവിടുന്ന് അവനെക്കണ്ടപ്പോൾ, അവനോട്: നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ? എന്നു ചോദിച്ചു. സ്വാമിൻ, ഞാൻ അയാളിൽ വിശ്വസിക്കുന്നതിന്നു; അയാൾ ആരാകുന്നു? എന്നു് അവൻ ചോദിച്ചു. അപ്പോൾ യേശു അവനോട്: നീ അയാളെക്കണ്ടിട്ടുണ്ടു്, നിന്നോടു സംസാരിക്കുന്നവൻതന്നെയാകുന്നു അയാൾ എന്നു് അരുളിച്ചെയ്തു. അപ്പോൾ അവൻ: കർത്താവെ, ഞാൻവിശ്വസിക്കുന്നു എന്നു പറഞ്ഞു സാഷ്ടാംഗം വീണു അദ്ദേഹത്തെ ആരാധിച്ചു. (യോഹ. ൯. ൩൫-൩൮) ഇങ്ങിനെ ശാരീരികനേത്രങ്ങൾക്കു കാഴ്ച ലഭിച്ചതിന്നുംപുറമേ അവന്റെ ആത്മികദൃഷ്ടികളും തുറക്കപ്പെട്ടുകയും അവൻ വിശ്വാസവരം പ്രാപിക്കുകയുംചെയ്തു. ഇയാൾ ഈശോയെ അനുകരിച്ചു, അവിടുത്തെ എഴുപത്തിരണ്ടുശിഷ്യന്മാരിൽ ഒരുവനായിത്തീരുകയും, ലാസറിനെ യൂദന്മാർ ദേശഭ്രഷ്ടനാക്കിയപ്പോൾ അയാളോടുകൂടെ അത്ഭുതകരമായി ഫ്രാൻസിൽ ചെന്നുചേരുകയും അവിടെ വളരെ കഷ്ടപ്പെട്ട വേല പ്രസംഗിക്കുകയും, എയിക്സിൽവച്ചു ഭോഗ്യമരണം പ്രാപിക്കുകയും ചെയ്തു എന്നു പാരമ്പര്യം ഘോഷിക്കുന്നു. ദൈവം അഹങ്കാരികളെ എത്രനിട്ടയമായിതാഴ്ത്തുന്നെന്നും എളിമയുള്ളവർക്കു തന്റെ നന്മകളെ എത്ര ഔദാര്യപൂർവ്വംനൽകുന്നെന്നുംഉള്ളതിന്നു ഒരു് ഉദാഹരണം നാം ഇവിടെയും കാണുന്നു. അഹങ്കാരികളായ ഫരിസേയർ അവരുടെ ആത്മികാന്ധതയിൽത്തന്നെ നിഷ്ക്രമണം പരിത്യക്തരായി അന്ത്യസമയത്തിൽ കൂടെയും മാനസാന്തരപ്പെടാതിരിക്കുന്നു. പിറവിയിലെ കൂടാരം സ്വീകാനിന്ദാസ്പദമായിരുന്ന ആ സാധുഭിക്ഷുവിന്നാകട്ടെ അനന്യലഭ്യമായ എത്രയെറെ ദൈവാനുഗ്രഹങ്ങൾ അനായാസേന സിദ്ധിക്കുന്നു.

പ്രായോഗികചിന്ത:- ദൈവപ്രസാദവരങ്ങളും ഈശോയുടെ വിശേഷാനുഗ്രഹവും നമുക്കു ലഭിക്കണമെങ്കിൽ നാം ഔദാര്യശീലവും എളിമയും കൃതജ്ഞതയും ഉള്ളവരായിരിക്കണം. നമ്മുടെ ആത്മികദൃഷ്ടി തുറന്നു് അവിടുത്തെ വിശേഷവിധിയായി അറിയാനും സ്നേഹിക്കാനും, നിരവധിഅനുഗ്രഹങ്ങൾ സുഗമമായി ലഭിക്കാനും സൗകര്യപ്രദമായ ഈ വിശുദ്ധ സ്ഥിതിയിലേക്കു നമ്മെ ആനയിച്ചതിൽ അവിടുന്നു നമ്മോടു പ്രദർശിപ്പിച്ചിരിക്കുന്ന പ്രത്യേക കൃപാകടാക്ഷിണ്യം ഗ്രഹിക്കുകയും അവിടുത്തോ

ട്ട അപാരമായ കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്യുക. പുണ്യപരിപൂർണ്ണതയിലും ദൈവസ്നേഹത്തിലും അഭിവൃദ്ധി പ്രാപിപ്പാനും എല്ലാവരും അങ്ങയെ അറിഞ്ഞു സ്നേഹിക്കുന്നതിനു നിന്നാലായവിധം പരിശ്രമിക്കാനും ഇടവരുത്തേണമെന്നു ഈശോയോട്ട് അഭ്യർത്ഥിക്കുക. ഇങ്ങനെ നിന്റെ നന്ദി പ്രകടിപ്പിക്കുക.

സംഭാഷണം:- നമ്മുടെ സ്നേഹരക്ഷകനോട്ട സംഭാഷണം ചെയ്യുക.

ഇരുപത്തിരണ്ടാം തിയ്യതി

എഴുപത്തുരണ്ടു ശിഷ്യന്മാരെ പ്രസംഗിപ്പാൻ അയച്ചതു്.

പ്രാരംഭം ഫ. ഈശോ ആ എഴുപത്തുരണ്ടു ശിഷ്യന്മാക്ക് ആവശ്യമായ പ്രബോധനങ്ങളും നൽകുന്നതു് ആത്മനാ ശ്രവിക്കുക.

വ. അവർ കാണിച്ചതുപോലെയുള്ള അനുസരണവും ക്ഷാന്തിയും നിനക്കും ലഭിക്കുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

എഴുപത്തുരണ്ടു ശിഷ്യന്മാരെ തിരഞ്ഞെടുത്തു അയക്കുന്നു.

ധ്യാനം:- ഹരിസേയരുടെ കപടതന്ത്രങ്ങളിൽ കുടുങ്ങാതിരിക്കാൻവേണ്ട സദുപദേശങ്ങളും തന്റെ ശിഷ്യന്മാക്കു നൽകിക്കൊണ്ടു് യൂദേയയുടെ മറു നാട്ടകങ്ങൾക്കും നഗരങ്ങൾക്കുംകൂടെ സുവിശേഷം ഉപദേശിക്കുന്നതിനായി, ഈശോ സെപ്റ്റമ്പർ മാസാവസാനത്തോടെ ജെരുസലേമ്മിനെ വിട്ടുപോയി. ഇതു് അത്യന്തം ശ്രമകരമായ ഒരു മഹാജോലിതന്നെയായിരുന്നു. ഇതിലേക്കു ലഭിച്ച സമയവും വളരെ ചുരുങ്ങിയിരുന്നു. എന്തുകൊണ്ടെന്നാൽ അങ്ങുന്നു് ഇഹലോകം വിട്ടുപിരിയുന്നതിനു് ആറുമാസംമാത്രമെ അപ്പോൾ ഉണ്ടായിരുന്നുള്ളു. അതിനാൽ ഈ പരിശ്രമങ്ങളെ സുഗമമായി സാധിക്കേണ്ടതിലേക്കു് അവിടുത്തെ പന്ത്രണ്ടു് അപ്പോസ്തോലന്മാക്കു സഹായമായി എഴുപത്തുരണ്ടു ശിഷ്യന്മാരെക്കൂടെയും നിയമിച്ചു. വി. ലൂക്കാസ് പറയു

ന്നതുപോലെ, അങ്ങുന്നു ചെല്ലുവാനിരുന്ന സകല നഗരങ്ങളിലേക്കും സ്ഥലത്തേക്കും അവരെ ഈരണ്ടുപേരായി തനിക്കുമുമ്പ് അയച്ചിരുന്നു. (ലൂക്കാ. ൧൦. ൧)

പ്രായോഗികചിന്ത:- ഈ ശിഷ്യന്മാർക്കു ലഭിച്ചതുപോലെയുള്ള ഭാഗ്യം നിനക്കു ലഭിച്ചില്ലല്ലോ എന്നോർത്തു നീ ക്ലേശിക്കേണ്ട. ഈശോ അവരെ ഈവിധം തെരിഞ്ഞെടുത്തു് ഒന്നരണ്ടുവർഷം തന്നോടുകൂടെ പാർപ്പിച്ചു, തന്റെ ഉന്നതബോധനങ്ങളും അവരെ ഗ്രഹിപ്പിച്ചു, മനുഷ്യരെ മാനസാന്തരപ്പെടുത്തി തന്റെ പക്കലേയ്ക്കു ചേർക്കുക എന്ന അതിശ്രേഷ്ഠവും യോഗ്യതാസമ്പുഷ്ടവുമായ ഉദ്യോഗം അവർക്കു നൽകിയതു വാസ്തവത്തിൽ അവർക്കു സൌഭാഗ്യകരവും അഭിമാനകരവുമായിരുന്നു എന്നതിനു സംശയമില്ല. ഈ ഔന്നത്യപഥത്തെ സ്വീകരിക്കുന്നതിലും വിസ്മയിക്കാനില്ല. ഇത്ര ശ്രേഷ്ഠമായ ഒരു സ്ഥിതി പ്രാപിക്കാൻ നിനക്കിപ്പോൾ സാദ്ധ്യമല്ലെന്നുണ്ടോ? ഇല്ല; സന്ന്യാസി എന്ന നിലയിൽ നിന്നെ ഈശോ അങ്ങേ പ്രത്യേകശിഷ്യനായിത്തെരിഞ്ഞെടുത്തിരിക്കുന്നതുകൂടാതെ പരസ്നേഹത്തെയും ആത്മാവുകളുടെ രക്ഷയേയും സംബന്ധിക്കുന്നതായ ജോലികളും നിന്നെ ഭരമേല്പിച്ചിട്ടില്ലയോ? ആ എഴുപത്തുരണ്ടു ശിഷ്യന്മാക്കു ലഭിച്ചതിനെക്കാൾ ഒട്ടും കുറഞ്ഞ ഭാഗ്യമല്ല ഇതെന്നു ഓർത്തുകൊള്ളുക.

സ്നേഹപ്രകരണങ്ങൾ:-നിന്റെ ദൈവവിളിയെക്കുറിച്ചു സന്തോഷിക്കുകയും സ്വയം അഭിമാനിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുക. സൽകൃത്യങ്ങളാൽ ദൈവത്തിന്റെ തെരിഞ്ഞെടുപ്പിനു നിന്നെത്തന്നെ യോഗ്യനാക്കിക്കൊള്ളുക.

പ്രതിജ്ഞ:- ഈശോ തന്റെ ശിഷ്യന്മാരെ ഈരണ്ടുപേരായി അയച്ചിരുന്നതുപോലെ സന്ന്യാസികളും ഒരു കൂട്ടുകാരനെ കൂടാതെ തനിയെ ഒരിക്കലും പുറത്തുപോയിക്കൂടായെന്നു് ഓരോ സന്ന്യാസസഭകളുടെ സ്ഥാപകർ നിശ്ചയിച്ചു സ്ഥാപിച്ചിരിക്കുന്ന ക്രമത്തെ വളരെ കായ്മയായി ബഹുമാനിക്കുകയും ശ്രദ്ധാന്തി പൂർവ്വം അനുസരിക്കുകയും ചെയ്യുക.

രണ്ടാംവകുപ്പു

ഈശോ ആ എഴുപത്തുരണ്ടു ശിഷ്യന്മാർക്കുംകൊടുത്ത സദുപദേശം.

ധ്യാനം:- ഏതാനും മാസങ്ങൾക്കുമുമ്പു് ഈശോ ഗലീലേ

യിൽ പ്രസംഗിക്കുന്നതിന്നായി അപ്പോസ്തലന്മാരെ അയക്കുകയിൽ പറഞ്ഞ സദുപദേശങ്ങൾതന്നെയാകുന്നു മിക്കവാറും ഇവരോടും പറഞ്ഞതു്. അതായതു്: ഇതാ ഞാൻ ചെന്നായ്ക്കളുടെ ഇടയിൽ ആട്ടിൻകുട്ടികളെപ്പോലെ നിങ്ങളെ അയക്കുന്നു. സഞ്ചിയൊ, ഭാണ്ഡമൊ, ചെരിപ്പൊ നിങ്ങൾ കൊണ്ടുപോകരുതു്. വഴിമദ്ധ്യവച്ചു ആരെയും സൽക്കരിക്കയുമരുതു്. നിങ്ങൾ ഏതുവീട്ടിലെങ്കിലും പ്രവേശിക്കുമ്പോൾ ഈ വീട്ടിന്നു സമാധാനം എന്നു് ആദ്യം പറയുവിൻ.....നിങ്ങൾ ഏതു പട്ടണത്തിലെങ്കിലും പ്രവേശിക്കയും, അവർ നിങ്ങളെ സ്വീകരിക്കുകയും ചെയ്താൽ, നിങ്ങളുടെ മുമ്പിൽ വിളമ്പപ്പെട്ടവ ഭക്ഷിച്ചുകൊള്ളുവിൻ...നിങ്ങൾ ഏതു പട്ടണത്തിലെങ്കിലും പ്രവേശിച്ചിട്ടു് അവർ നിങ്ങളെ സ്വീകരിക്കാതിരുന്നാൽ നിങ്ങൾ അതിന്റെ വീഥികളിലേയ്ക്കു് ഇറങ്ങി, നിങ്ങളുടെ പട്ടണത്തിൽ നിന്നു ഞങ്ങളുടെ (പാദങ്ങളിൽ) പറ്റിയിരിക്കുന്ന പൊടിയും ഞങ്ങൾ നിങ്ങൾക്കെതിരായി കുടഞ്ഞിടുന്നു...എങ്കിലും ദൈവരാജ്യം സമീപിച്ചു എന്നുള്ളതു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ, എന്നു പറയുവിൻ. ആ ദിവസത്തിൽ ആ പട്ടണത്തിനെന്നതിനേക്കാൾ സോദോം പട്ടണത്തിനു് അധികം ലഘുവായിരിക്കുമെന്നു ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കാ. ക്ഛ൹, ര്, ഭ, വ്യ, ക്ഛ, ക്കഛ, ക്കഢ)

പ്രായോഗികചിന്ത:- ഈ ദിവ്യപഠനങ്ങളും സുകൃതവ്യാപാരം സംബന്ധിച്ച ഈ മുറകളും ആവശ്യാനുസരണം യഥാവസരം അനുവർത്തിക്കേണ്ടതിലേക്കു് അവയെ ഗാഢമായി നിന്റെ ഹൃദയത്തിൽ പതിക്കാൻ ശ്രമിക്കുക. സംക്ഷിപ്തമായി പറകയാണെങ്കിൽ ശാന്തത, പരിത്യാഗം, ധൈര്യം, സൌമ്യത, നിഷ്കപടത്വം, ബോധയടക്കം മുതലായ സൽഗുണങ്ങൾതന്നെയാണു് അവിടുന്നു വിവക്ഷിക്കുന്നതു്. ഈ ഗുണങ്ങളോടുകൂടെ സ്ഥൈര്യവും യോജിപ്പിക്കുകയും അതിനെ അനുകമ്പയുടെ സമ്മേളനത്താൽ മയപ്പെടുത്തുകയും ചെയ്യുന്നപക്ഷം മാനസാന്തരജോലിയുടെ വിജയത്തിന്നു് അത്യന്തം പ്രയോജകീഭവിക്കുമെന്നുള്ളതിന്നു സംശയമില്ല. ഇവയിൽ നിനക്കില്ലാത്തതു് അഥവാ നിന്നിൽ കുറഞ്ഞിരിക്കുന്നതു് ഏതെല്ലാമെന്നു പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:- പരസ്നേഹത്തേയും ആത്മരക്ഷയേയും സംബന്ധിച്ച, നിന്റെ പ്രവൃത്തികൾ അന്യർക്കു പ്രയോജനകരവും ദൈവത്തിനു പ്രസാദജനകവും ആകുന്നതിനു വിഘ്നം ചെയ്യുന്നകുറവുകൾ നിന്നിൽ എന്തെല്ലാമുണ്ടെന്നു് അറിയുവാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പരസ്നേഹത്തേയും ആത്മാവുകളുടെ രക്ഷയേയും സംബന്ധിച്ച വേലകളിൽ ദൈവത്തിന്റെ പ്രസാദവും ഇതരന്മാരുടെ ആത്മപ്രയോജനവുമല്ലാതെ മറെറാന്നും അന്വേഷിക്കാതിരിക്കുക.

മൂന്നാംവകുപ്പു

ദൈവവചനംകേട്ടു തദനുസരണം പ്രവർത്തിക്കാതിരുന്ന പട്ടണങ്ങൾക്കുണ്ടായ ശാപം.

ധ്യാനം:— ഈ മൂന്നാംവകുപ്പിൽ ദുഃഖകരവും ഭയങ്കരവുമായ ചില കാര്യങ്ങളെപ്പററിയാണു് നാം വിചിന്തനം ചെയ്യേണ്ടതു്. അതു, ദൈവവചനം കേൾക്കാത്ത കഠിനഹൃദയരായ പട്ടണവാസികളുടെമേൽ അവിടുന്നുച്ചരിച്ച ശാപവാക്യങ്ങളാണു്. കൊരോസൈനെ, നിനക്കു ദുരിതം, ബെഥസായിദ, നിനക്കു ദുരിതം, എന്തുകൊണ്ടെന്നാൽ നിങ്ങളിൽ ചെയ്യപ്പെട്ട അത്ഭുതങ്ങൾ തീരുസിലും സീദോനിലും ചെയ്യപ്പെട്ടിരുന്നെങ്കിൽ, അവർ പണ്ടേതന്നെ രട്ടിലും വെണ്ണീരിലും ഇരുന്നു അനുതപിക്കുമായിരുന്നു. എങ്കിലും ന്യായവിധിയിൽ നിങ്ങളെക്കാൾ തീരുസിനും സീദോനും അധികമെയവായി വീക്കും. സ്വർഗ്ഗത്തോളം ഉയർന്ന കഫാർണ്ണാം പട്ടണമെ, നീയോ പാതാളംവരെ താഴ്ത്തപ്പെട്ടും. (ലൂക്കാ. ച്ഛ. വ്വ-ച്ഛ൫)

പ്രായോഗികചിന്ത:— ഈ ശാപവാക്കുകേട്ട നാം ദൈവഭയമുള്ളവരാകണം. കഫാർണ്ണാമിനു ലഭിച്ചതിനെക്കാൾ കുറഞ്ഞ തരത്തിലുള്ള നന്മയല്ല നമുക്കു ലഭിച്ചിരിക്കുന്നതു്. ഇതിനനുസരണം നാം പ്രവർത്തിച്ചിട്ടുണ്ടോ?

സംഭാഷണം:— വിശ്വസ്തരക്ഷകസാക്ഷിയായ വി. മറിയസീനോടു സംഭാഷണം ചെയ്യുക. ഇന്നു തിരുസ്സഭ ഈ വിശുദ്ധന്റെയും തന്റെ സഖാക്കളുടെയും തിരുനാൾ ആചരിക്കുന്നു.

ഇരുപത്തിമൂന്നാം തിയ്യതി.

ആ എഴുപത്തിരണ്ടു ശിഷ്യന്മാരും സസന്തോഷം തിരിച്ചുവന്നു.

പ്രാരംഭം പ്ര. സന്തോഷരഹിതരായ അവരുടെമദ്ധ്യേ ഈശോ നില്ക്കുന്നതു് കാണുന്നതായി സങ്കല്പിക്കുക.

ഫ. നമ്മുടെ കർത്താവിന്റെ ഉത്ഥാനസ്മരണം സന്തോഷിപ്പാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്

ഈശോ തന്റെ ശിഷ്യന്മാരുടെ സന്തോഷത്തെ മിതപ്പെടുത്തുന്നു.

ധ്യാനം:- ഇവർ തങ്ങളുടെ ദിവ്യഗുരുവിന്റെ കല്പനകളും പൂർണ്ണമായി അനുസരിച്ചു. തന്നിമിത്തം അനുസരണമുള്ളവർ ജയങ്ങളെ കീർത്തിക്കും. (സുഭാ. ഫ൧. ഫ൨.) എന്നുള്ള വേദവാക്യപ്രകാരം അവരുടെ അനുസരണംവഴിയായി മനുഷ്യരേയും പിശാചുക്കളേയും അവർ ജയിച്ചിരുന്നു. അതിനാൽ വി. ലൂക്കാസ് എഴുതിയിരിക്കുന്നതുപോലെ "ആ എഴുപത്തിരണ്ടുപേരും സന്തോഷത്തോടെ തിരിച്ചുവന്നു: കർത്താവെ, നിന്റെ നാമത്തിൽ പിശാചുക്കളും ഞങ്ങൾക്കു കീഴടങ്ങുന്നു, എന്നു പറഞ്ഞു." ഈ സന്തോഷം ന്യായസഹിതമായിരുന്നെങ്കിലും, ഇതു മായസൃഷ്ടിയുടെ സ്പർശനത്തിൽ നിന്നൊഴിഞ്ഞതല്ലായിരുന്നു. അകയാൽ അവിടുന്നു് അവരോടു് അരുളിച്ചെയ്തു: സാത്താൻ മിന്നൽപിണർപോലെ ആകാശത്തുനിന്നു വീഴുന്നതു ഞാൻ കണ്ടു.(ലൂക്കാ. ഫ൦. ഫ൮, ഫ൨)അതായതു: മായസൃഷ്ടിയിൽനിന്നു്, അഥവാ സത്യമാർഗ്ഗത്തിൽനിന്നു സൂക്ഷിച്ചുകൊള്ളുവിൻ, ഇതു് അഹങ്കാരത്തെ ജനിപ്പിക്കുന്നതാണു്. അഹങ്കാരം നിങ്ങളിൽ ഉണ്ടായാൽ ലൂച്ചിഫേറും കൂട്ടരും സ്വർഗ്ഗത്തിൽനിന്നു നിപതിച്ചതുപോലെ നിങ്ങളും നിർഭാഗ്യമായി അധഃപതിക്കും.

പ്രായോഗികചിന്ത:- ഇതിൽനിന്നു നാംരണ്ടുപ്രധാനകാര്യങ്ങൾ പഠിക്കേണ്ടതുണ്ടു്. ഫ. അനുസരണത്തിന്റെ പ്രമാണങ്ങളും നാം നിഷ്കപടമായി അനുഷ്ഠിക്കണം. നാം ആരംഭിക്കുന്ന കാര്യങ്ങളും ശുദ്ധമായി നിവർത്തിക്കുന്നതിനു് ഉത്തമമാർഗ്ഗം ഇതാണു്. ഫ. നാം ആരംഭിക്കുന്ന കാര്യം സമംഗളം നടന്നുകൊണ്ടിരിക്കുമ്പോൾ അതിനെക്കുറിച്ചു നമുക്കു സന്തോഷം തോ

ന്നുകയും തത്സമയം അഹങ്കാരം നമ്മിൽ ജനിച്ചു നമ്മുടെ പ്രവൃത്തിയുടെ യോഗ്യത മുഴുവനുമൊ അതിന്റെ ഒരു ഭാഗമെങ്കിലുമൊ നശിക്കുകയുംചെയ്യുന്നു എന്നിതു് ഒട്ടും അസംഭാവ്യമല്ല. അതുകയാൽ ഈ വഞ്ചനകളെക്കണ്ടു് അതിൽനിന്നൊഴിയാൻ അത്യുത്സാഹത്തോടെ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

സ്നേഹപ്രകരണങ്ങൾ:— മായസ്തുതിപരമായ വിചാരങ്ങളെക്കുറിച്ചു വലിയ ഭയവും അതിന്റെ ആവിർഭാവത്തെ ഉടനെ ഗ്രഹിക്കാനും നീക്കുവാനും വേണ്ട പ്രകാശവും ഉത്സാഹവും ലഭിക്കുവാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- അഹങ്കാരത്തിന്റെ പരീക്ഷകൾ വരുമ്പോൾ: എന്റെ സർവ്വേശ്വരാ, എന്റെമേൽ കരുണയായിരിക്കേണമെ, ഞാൻ സ്വയം നിന്ദിപ്പാനും പരിത്യജിപ്പാനും ഇതുവരെ പഠിച്ചിട്ടില്ല എന്നു ചൊല്ലുക. ഈ പരീക്ഷ നമുക്കു പ്രയോജനകരമാക്കുന്നതിനുള്ള മാർഗ്ഗം ഇതാണു്.

രണ്ടാംവകുപ്പു്.

തന്റെ ശിഷ്യന്മാരുടെ സന്തോഷത്തിലുള്ള ന്യൂനതകളെ ഈശോ തിരുത്തുന്നു.

ധ്യാനം:- ആ ശിഷ്യന്മാർക്കുണ്ടായ സന്തോഷം, അവരുടെ കായ്ക്കളെല്ലാം ശുഭമായും അനുകൂലമായും പര്യവസാനിച്ചതുനിമിത്തമായിരുന്നു. എന്നാൽ നമ്മുടെ പരിശ്രമവിജയം നമ്മെയെല്ലാ പ്രധാനമായി ആശ്രയിച്ചുനിൽക്കുന്നതു. അതിനാൽ നമ്മുടെ വിജയങ്ങൾ, നാം ഗുണവാന്മാരെന്നു സ്ഥാപിക്കയൊ നമ്മെ നീതീകരിക്കയൊ ചെയ്യുന്നില്ല. ഈ കാരണത്താൽതന്നെ നാം ദൈവത്തിനു നൽകാനുള്ള കടം വീട്ടാനും ഇവ നമുക്കു് ഉപകരിക്കുകയില്ല. ഇതിനെല്ലാം പുറമെ ഇവ നമ്മെ പലപ്പോഴും അഹങ്കാരത്തിന്റെയും വ്യാമോഹത്തിന്റെയും അടിമകളാക്കുകയും ചെയ്യും. പ്രസ്തുത ഹേതുക്കളാൽ അവരുടെ സന്തോഷത്തിന്റെ അടിസ്ഥാനം അബദ്ധപൂർണ്ണവും അപൽക്കരവുമാണെന്നു് അവിടുന്നു് അവരെ ഗൗരവപൂർവ്വം ഗ്രഹിപ്പിച്ചു. അനന്തരം നമ്മുടെ സന്തോഷത്തിന്റെ വിഷയം വാസ്തവത്തിൽ എന്തായിരിക്കണമെന്നു് അവിടുന്നു നിർദ്ദേശിച്ചതരുന്നു. അതായതു്: ദുഷ്ടാത്മാക്കൾ നിങ്ങൾക്കു കീഴടങ്ങിയിരിക്കുന്നതുകൊണ്ടു നിങ്ങൾ സന്തോഷിക്കേണ്ടതില്ല, നിങ്ങളുടെ നാമങ്ങൾ സ്വർഗ്ഗ

ത്തിൽ എഴുതപ്പെട്ടിരിക്കകൊണ്ടു് സന്തോഷിക്കവിൻ. (ലൂക്കാ. ൧൦. ൨൦.)

പ്രായോഗികചിന്ത:- നാം ആരംഭിക്കുന്ന നല്ല കാര്യങ്ങളും ശുഭമായി അവസാനിക്കേണമെന്നു് ആഗ്രഹിക്കുന്നതു നല്ലതുതന്നെ, അതിന്നായി നാം പരിശ്രമിക്കേണ്ടതുമാണു്; ആ കാര്യം ശുഭമാകാതെ പോകുമ്പോൾ ഉണ്ടാകുന്നദുഃഖവും കുറകരവുമല്ല. എങ്കിലും ഇതുകളിലെല്ലാം നമ്മുടെ ഉദ്ദേശം ശുദ്ധമുള്ളതായിരിക്കണം. അതായതു്: ദൈവസ്തുതിയും ആത്മവുകളുടെ രക്ഷയും മാത്രം നാം ഉദ്ദേശിച്ചിരിക്കണം. എന്നാൽ നമ്മുടെ പരിശ്രമങ്ങളുടെ പരാജയത്തിൽ നാം ക്രമാതീതമായി ദുഃഖിക്കയും അധൈര്യപ്പെടുകയും ചെയ്യുന്നെങ്കിൽ ഇതു് ആ കാരണങ്ങളിൽ ദൈവത്തിന്റെ സ്തുതിയെക്കാൾ നമ്മുടെ സ്വന്തംസ്തുതി നാം അധികം ആഗ്രഹിക്കുന്നു എന്ന വാസ്തവത്തെതന്നെയല്ലയൊ തെളിയിക്കുന്നതു? ആ കാര്യം ഫലപ്രദമാകുന്നതിന്നു ദൈവം തിരുമനസ്സാകുന്നില്ലെന്നും, അതു ഫലപ്രദമാകാതെ പോകുന്നതിന്നു നമ്മുടെ കുറവു അഥവാ നമ്മുടെ ഉദാസീനത കാരണമാകുന്നില്ലെങ്കിൽ അതിന്നു വാശ്ചാനംചെയ്യപ്പെട്ട പ്രതിഫലം കുറയുകയില്ലെന്നും ഈ അവസരങ്ങളിൽ നാം ഓർക്കേണ്ടതാണു്. നാം നമ്മുടെ സ്വന്തമഹിമയെ അധികമായി ആഗ്രഹിക്കുന്നതുകൊണ്ടു് എളിയതും ലോകദൃഷ്ട്യാ നിസ്സാരങ്ങളുമായ ജോലികളെ വെറുക്കുന്നു. നീചമായ ഈ സ്വാർത്ഥത്തിൽനിന്നു നിന്റെ മനസ്സിനെ വിമുക്തമാക്കുക. നിന്റെ വിചാരങ്ങളെ ഉൽകൃഷ്ടങ്ങളും ദൈവമക്കൾക്കുയോജ്യങ്ങളുമാക്കിത്തീർക്കുക. നിന്റെ ഭോഗവും സന്തോഷവും ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ മാത്രമായിരിക്കട്ടെ. നിന്റെ നാമം ഈശോയുടെ തിരുഹൃദയത്തിലും ആയുസ്സിന്റെ പുസ്തകത്തിലും എഴുതപ്പെട്ടിരിക്കുന്നതോർത്തു മാത്രം അഭിമാനിക്കുക.

സ്നേഹപ്രകരണങ്ങൾ:- നിന്റെ വിചാരങ്ങളും ഉദ്ദേശങ്ങളും മേൽപറഞ്ഞ വിധമായിരിക്കാൻ ഇടയാക്കേണമെന്നു് പ്രത്ഥിക്കുക.

പ്രതിജ്ഞ:- നമ്മുടെ വേലകളും വിജയകരമാക്കുന്നതിന്നു യഥാശക്തി നിശ്ചഞ്ചലം പരിശ്രമിച്ചതിന്നുശേഷം അവയുടെ ശുഭാശുഭങ്ങളെപ്പറ്റി ആശങ്കപ്പെടാതെ ദൈവഹിതാനുസരണം സംഭവിക്കട്ടെ എന്നു ശാന്തമായി സമാധാനിക്കുക.

മൂന്നാംവകുപ്പ്

ഈശോ തന്റെ ശിഷ്യന്മാരുടെ സന്തോഷത്തിൽ ഭാഗഭാക്കാകുന്നു.

ധ്യാനം:- ഈശോ തന്റെ ശിഷ്യന്മാരുടെ സന്തോഷത്തിലും ദുഃഖത്തിലും ശരിയായി പങ്കുകൊള്ളുവാൻതക്കവിധം അത്ര ഹൃദയപൂർവ്വം അവരെ സ്നേഹിച്ചിരുന്നു. അവിടുത്തെ ഹൃദയം അത്ര വിശാലവുമായിരുന്നു. അതിനാൽ അവരുടെ അത്യഹ്ലാദം കണ്ടു അവിടുന്നും സന്തോഷിച്ചു എന്തുകൊണ്ടെന്നാൽതന്റെസ്വർഗ്ഗസ്ഥപിതാവിൽനിന്നു ലഭിച്ച ഉൽകൃഷ്ടദാനങ്ങളെക്കുറിച്ചാണല്ലൊ അവർ സന്തോഷിക്കുന്നതു് എന്നു് അവിടുന്നു അനുസ്മരിച്ചിരുന്നു. അവിടുന്നു സന്തോഷോൽഘോഷത്തോടെ അരുളിച്ചെയ്തതായതു: "പിതാവെ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥാ, നീ ഈ കാര്യങ്ങൾ ജ്ഞാനികളിലും, വിദ്വാന്മാരിലുംനിന്നു മറച്ചു, ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു് ഞാൻ അങ്ങയെ സ്തുതിക്കുന്നു." അതെ പിതാവെ, എന്തുകൊണ്ടെന്നാൽ ഇങ്ങനെ അങ്ങയ്ക്കു തിരുവുള്ളമുണ്ടായി. (ലൂക്കാ. ഫ൦ വ൨൧)

പ്രായോഗികചിന്ത:- നമ്മുടെ സഹോദരങ്ങളുടെ വിജയങ്ങളിലും സൌഭാഗ്യത്തിലും നാം അവരൊന്നിച്ചു സന്തോഷിക്കണം. എന്നാൽ അവർ ബുദ്ധിസാമർത്ഥ്യത്തിലും പുണ്യത്തിലും നമ്മെ അതിക്രമിക്കുന്നു എന്നു കണ്ടാൽ ഈ ദാനങ്ങൾ അവക്കു നൽകിയ പരമപിതാവിനെ സ്തുതിക്കുകയല്ലാതെ ഒരിക്കലും അവരുടെനേരെ അസൂയ തോന്നരുതു്. എന്തുകൊണ്ടെന്നാൽ നാമും അവരും ഏകശരീരത്തിന്റെ അംഗങ്ങളായിരിക്കുന്നതിനാൽ അവരുടെ നന്മയിൽ നമുക്കും പങ്കുണ്ടു്. ദൈവം ഇതരന്മാക്കു നൽകുന്ന നന്മകളെക്കുറിച്ചു് ഇങ്ങനെ മഹാമനസ്കതയോടെയാണോ നാം എപ്പോഴും വിചാരിച്ചുവരുന്നതു്?

സംഭാഷണം:— വി. പത്രോസിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ സ്ഥാനത്തിൽ അഭിഷിക്തനായി. അരോഹണംചെയ്ത രക്തസാക്ഷിയായ വി. ലീനൂസ് പാപ്പായോടു സംഭാഷണം ചെയ്യുക.

ഇരുപത്തിനാലാം തിയ്യതി

ഈശോയുടെ സ്നേഹവും അവിടുത്തെ പ്രേമപൂർണ്ണമായ ക്ഷണനവും

പ്രാരംഭം: ഫ. എന്റെ പക്കൽ വരുവിൻ.....എന്റെ നുകം നിങ്ങളുടെമേൽ വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ എന്നു് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക. (മത്തേ. ഫ്ര. ൨൨, ൨൯.)

൨. ഈശോയുടെ സ്നേഹസംപൂർണ്ണമായ സ്വരങ്ങളെ വിശ്വസ്തതയോടെ അനുസരിച്ചു നടപ്പാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോ തന്റെ പക്കലേക്കു നമ്മെ ക്ഷണിക്കുന്നു.

ധ്യാനം:-ഈശോ തന്റെ ശിഷ്യന്മാരോടു പ്രദർശിപ്പിക്കുന്ന പ്രത്യേക സ്നേഹാദരങ്ങൾ കണ്ടിട്ടു വിസ്മയനീയമായ ഈ പ്രേമത്തിനു് അവർമാത്രമെ വിഷയമായിരുന്നുള്ളു എന്നു വിചാരിച്ചുപോകരുതു്. ഇസ്രായേൽജനത്തെ ഒന്നൊഴിയാതെ സർവ്വരെയും ആർദ്രമായി സ്നേഹിച്ചു് തന്റെ പക്കലേയ്ക്കു് അവരെ അവിടുന്നു സസ്നേഹം ക്ഷണിച്ചിരുന്നു. പോരാ, സർവ്വലോകത്തെയും അവിടുന്നു തന്റെ സ്നേഹാതിരേകത്താൽ സാദരം ആശ്ലേഷിക്കുന്നു. ദിവ്യവും അനന്തവും ആയ ഈ സ്നേഹത്തെ ലോകസമക്ഷം പ്രഖ്യാപനംചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമാണു് അവിടുന്നു തന്റെ ശിഷ്യഗണത്തെയും അവരുടെ പിൻഗാമികളെയും നിയോഗിച്ചതു്. ഇങ്ങിനെ അവിടുന്നു ലോകത്തെ തന്നിലേക്കു സസ്നേഹം ക്ഷണിക്കുന്നു. ലോകത്തെ മുഴുവൻ സ്വീകരിക്കുവാൻവേണ്ടും വിശാലവും സ്നേഹസമ്പന്നവുമായ ഒരു ഹൃദയം തന്റെ ഈ സന്ദേശവാഹികൾക്കുണ്ടാകണം എന്നു് അവരെ ഗ്രഹിപ്പിക്കാൻവേണ്ടിതന്നെയാണു് അവരുടെയും വലിയ ഒരു ജനസഞ്ചയത്തിന്റെയും സമക്ഷത്തിൽവെച്ചു് അവിടുന്നു് ഇങ്ങിനെ അരുളിച്ചെയ്തതു്: "അദ്ധ്വാനിച്ചും ഭാരം വഹിച്ചുമിരിക്കുന്ന നിങ്ങൾ എല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം. (മത്തേ. ഫ്ര.

വ്വ.) ഈ വാക്കുകൾ അത്യന്തം ശ്രദ്ധേയമാണ്. അവിടത്തെ സ്നേഹത്തിൽനിന്ന് ആരെയും ഒഴിക്കുന്നില്ല. ലോകദൃഷ്ടാ നിന്ദിതരായ ഭരിദ്രർ, മൂഢർ, കഷ്ടാരിഷ്ടതകൾ സഹിക്കുന്നവർ എന്നിവരെക്കുടെയും അവിടുന്നു ക്ഷണിക്കുന്നു.

പ്രായോഗിക ചിന്ത:— ബാലന്മാർ, അറിവില്ലാത്തവർ, അരിഷ്ടതകൾ സഹിക്കുന്നവർ ആദിയായവരുടെ ഭരണഭാരം കൈയേൽക്കുന്നതിനു ശ്രേഷ്ഠന്മാരുടെ കല്പനയാൽ നിർബന്ധിതനാകുമ്പോൾ നീ അനുവർത്തിക്കേണ്ട നയം ഇതിൽനിന്നു പഠിച്ചുകൊള്ളുക. ഇങ്ങിനെയുള്ള അവസരങ്ങളിൽ നിരാശ്രിതർ, അധികം കഷ്ടതകൾ സഹിക്കുന്നവർ, മനുഷ്യരാൽ നിന്ദിക്കപ്പെടുന്നവർ എന്നിവരുടെമേൽ നിന്റെ ദയാദൃഷ്ടി പ്രത്യേകാൽ പതിക്കേണ്ടതാണ്. ഇപ്രകാരം വർത്തിക്കുമ്പോഴൊക്കെയും നിന്റെ ദിവ്യഗുരുവിനോടു നീ അധികമായി അനുരൂപപ്പെടുകയാണെന്നോർത്തുകൊള്ളുക. അതിനാൽ സ്വാഭാവികമായ അധൈര്യത്തിനും വെറുപ്പിനും ഒരിക്കലും നീ കീഴ്പ്പെട്ടുപോകരുത്. നിന്റെ സ്വഭാവശക്തിക്കു ജയിപ്പാൻ അസാദ്ധ്യമായിത്തോന്നുന്ന വിഷമതകൾ അവിടത്തെ പ്രസാദവരത്തിന്റെ സഹായത്താൽ സാദ്ധ്യമായിത്തീരും. ഇതിനാലാകുന്ന ദൈവം യേശുക്രിസ്തുവഴിയായി നമ്മെ എപ്പോഴും ജയംപ്രാപിപ്പിക്കുന്നതിനാൽ അവിടുത്തെയ്ക്കു സ്തോത്രമുണ്ടായിരിക്കട്ടെ. (2-കോരി. 2, 14.) എന്നു വി. പൗലോസ് എഴുതിയിരിക്കുന്നതു്.

സ്നേഹപ്രകരണങ്ങൾ:— ഏറ്റവും വലിയതും അനുകമ്പയോടുകൂടിയതുമായ പരസ്നേഹചൈതന്യം ലഭിക്കുവാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നമുക്കും അന്യർക്കും ഉണ്ടാകുന്ന എല്ലാ കഷ്ടതകളിലും ഈശോതന്നെ ആശ്രയം എന്നു കരുതി വലിയ പ്രത്യാശയോടുകൂടി അങ്ങയിൽ അഭയം പ്രാപിക്കുക.

രണ്ടാംവാക്യം

തന്റെ സുമധുരമായ നുകവും ലഘുവായ ചുമടും
വഹിക്കുന്നതിനു ഈശോ നമ്മെ ക്ഷണിക്കുന്നു.

ധ്യാനം:— മനുഷ്യ സ്വഭാവത്തോടു് അത്യന്താപേക്ഷിതമായിരിക്കുന്ന അരിഷ്ടതകളിൽനിന്നു വിമുക്തരാകാൻ ആഗ്രഹിക്കുന്നവരെയെല്ലാം തന്നിലേക്കു ക്ഷണിച്ചശേഷം, പിശാചിന്റെ വ്യാജമായ വാഗ്ദാനങ്ങൾ വിശ്വസിച്ചു്,

അവന്റെ കൽപ്പനയായ നുകത്തിനു തങ്ങളെ സ്വയം വിധേയരാക്കുകയാൽ തങ്ങളും നേരത്തെ അനുഭവിച്ചിരുന്ന അരിഷ്ടതകളോടുകൂടി മനഃസ്സാക്ഷിക്കുടി എന്ന മഹാ ദുരിതംകൂടെ ചേർത്തു കഷ്ടപ്പെടുന്നവരെ ഉദ്ദേശിച്ചു, താഴെ കാണുന്ന ഹൃദയസ്പർശകമായ വാക്കുകളും അരുളിച്ചെയ്തു: ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകകൊണ്ടു എന്റെ നുകം നിങ്ങളും വഹിക്കുകയും എന്നിൽ നിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങളുടെ ആത്മാവുകൾക്കു നിങ്ങളും ആശ്വാസം കണ്ടെത്തും. എന്തുകൊണ്ടെന്നാൽ എന്റെ നുകം മധുരമുള്ളതും എന്റെ ചുമട്ടു ലഘുവുമാകുന്നു. (മത്തേ. ഫ്ര. വ. 28, 30)

പ്രായോഗിക ചിന്ത:— നമ്മുടെ കർത്താവിന്റെ പ്രമാണം അനുസരിക്കുകയും, അവിടുത്തെ സദുപദേശങ്ങളും അനുവർത്തിക്കുകയും ചെയ്യുന്നതിനുവേണ്ടി എല്ലാംപരിത്യജിച്ചു് അവിടുത്തെ വിളി പൂർണ്ണമായിഅനുസരിക്കുന്ന ആ ചെറിയ ഗണത്തിൽ ഉൾപ്പെട്ടവരാകുന്നു നാം. എന്നാൽ നാം മാനസാന്തരപ്പെട്ടു് കർത്താവിന്റെ പക്കൽ അഭയം തേടുന്നതിനുമുമ്പു് ഒരുപക്ഷേ ദീർഘകാലത്തേയ്ക്കു ലോകത്തിന്റെ ശ്രുശ്രൂഷയിലും ദുരാശകളുടെ ദാസ്യത്തിലും ചെലവഴിച്ചിട്ടുണ്ടായിരിക്കാം. അതിനാൽ പിശാചിന്റെയും കർത്താവിന്റെയും നുകങ്ങളും തമ്മിലുള്ള വ്യത്യാസം അനുഭവിച്ചറിയാൻ നമുക്കു ഇടയായിട്ടില്ലയോ? ഇവ തമ്മിലുള്ള വ്യത്യാസം സൂക്ഷ്മമായി തുലനംചെയ്തു നോക്കുന്നതായാൽ നമ്മുടെ സൗഭാഗ്യകരമായ തൽക്കാലാവസ്ഥയെ നന്നായി ഗ്രഹിച്ചു് അധികശുഷ്കാന്തിപൂർവ്വം കർത്താവിനെ ശുശ്രൂഷിക്കുന്നതിനു നാം ഒരുമ്പെടാതിരിക്കയില്ല. എന്റെ നുകം മധുരമുള്ളതാകുന്നു എന്ന വാക്കുകളുടെ സത്യത്തെപ്പറ്റി നമുക്കുണ്ടായിട്ടുള്ള ദീർഘമായ അനുഭവം നമ്മുടെ ശുശ്രൂഷ്കാന്തിയെ വർദ്ധിപ്പിക്കും. ലോകം അറിയാത്തതും, അതിനു നൽകാൻ കഴിയാത്തതും, സ്വർഗ്ഗീയത്തിന്റെ ഏതാണ്ടൊരു പ്രാരംഭമെന്നു തന്നെ പറയപ്പെടാവുന്നതുമായ ആദ്ധ്യാത്മിക സന്തോഷത്താൽ ഉണ്ടാകുന്ന ഒരു പരമാശ്വാസമാണു് അതു്. ക്രിസ്തുവിന്റെ നുകം വഹിക്കുന്നവർക്കു് അതു സിദ്ധിക്കുകയും ചെയ്യും.

സ്നേഹപ്രകരണങ്ങൾ:— സന്ന്യാസജീവിതത്തിനു നമ്മെ വിളിച്ചതിനെക്കുറിച്ചു ദൈവത്തിനു ഹൃദയപൂർവ്വം നന്ദിപറയു

ക. നമ്മുടെ ഉദാസീനതയാൽ ഉണ്ടായിട്ടുള്ള കുറവുകൾക്ക് മാപ്പ പേക്ഷിക്കുക.

പ്രതിജ്ഞ:— ദൈവം നമുക്കു തരുന്ന ആശ്വാസത്തെ പ്രതിയല്ല, അവിടുത്തെപ്രതിമാത്രം, ഔദാര്യമനസ്സോടെ അവിടുത്തെയ്ക്കു ശുശ്രൂഷ ചെയ്യുക.

മൂന്നാംവകുപ്പ്

വിനയാഭ്യസനത്തിന്നായി ഈശോ നമ്മെ ക്ഷണിക്കുന്നു.

ധ്യാനം:—...ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകകൊണ്ടു എന്നിൽനിന്നു പഠിക്കുവിൻ.. അപ്പോൾ നിങ്ങളുടെ ആത്മാവുകൾക്ക് നിങ്ങൾ ആശ്വാസം കണ്ടെത്തും" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു. അവിടുന്നു നമുക്കു വാഗ്ദാനം ചെയ്തിട്ടുള്ള മനോമോഹനമായ സമാധാനസംതൃപ്തി കരസ്ഥമാക്കുവാൻ കഴിഞ്ഞ ധ്യാനത്തിൽ ഉപദേശിച്ച ശുഷ്കാന്തിയും ഔദാര്യവും മാത്രം മതിയാകയില്ലെന്നും എളിമ, ശാന്തത, അരിഷ്ടതകളിൽ ക്ഷമ, തിന്മയ്ക്കു പകരം നന്മ ചെയ്യുന്ന സ്വഭാവം എന്നീ സൽഗുണവാസനകളും ക്രമേ നമുക്കു അവശ്യം ആവശ്യമാണെന്നും ഈശോയുടെപ്രസ്താവാക്കുകളിൽനിന്നുവിശദമാകുന്നു.

പ്രായോഗികചിന്ത:— നമ്മുടെ സ്വഭാവത്തിന്നു കടകവിരുദ്ധമായിരിക്കുന്ന ഈ സൽഗുണങ്ങളും സമ്പാദിക്കുകയും ഇവ നമ്മിൽ സ്ഥിരപ്പെടുകയും ചെയ്യുന്നതിന്നു നമ്മുടെ ദിവ്യരക്ഷകന്റെ വാഗ്ദാനങ്ങളും അവിടുത്തെ ദൃഷ്ടാന്തങ്ങളും സദാ നമ്മുടെ ദൃഷ്ടിപഥത്തിൽ സംവഹിക്കുന്നതു് വലിയ സഹായമായിരിക്കും.

സംഭാഷണം:— നമ്മുടെ സ്വർഗ്ഗീയമാതാവായ പരിശുദ്ധകന്യകമറിയത്തോടു സംഭാഷണം ചെയ്യുക. ഇന്നു തിരുസ്സഭ അവിടുത്തെ കരുണയുടെ തിരുനാൾ കൊണ്ടാടുന്നു.

ഇരുപത്തിരണ്ടാംതിയ്യതി

വഞ്ചകനായ ഒരു നിയമജ്ഞനെ ഈശോ ലജ്ജിപ്പിക്കുന്നു.

പ്രാരംഭം. ഫ. ഈശോയുടെ സന്നിധിയിൽകൂടിയ ആ ജ

നഗ്നത്തിൽ വഞ്ചകനായ ഒരു നിയമജ്ഞനും നിൽക്കുന്നത് ആത്മനാ ദർശിക്കുക.

൨. ദൈവത്തെയും നമ്മുടെ സഹോദരന്മാരെയും നീതിയുക്തമായും ഔദാര്യമനസ്സോടും സ്നേഹിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നിത്യരക്ഷ പ്രാപിക്കുന്നതിനു നാം എന്തുചെയ്യണം.

ധ്യാനം:—ഒരുസാബ്ബത്തിനത്തിൽ ഈശോ പതിവുപോലെ ജനങ്ങളോടു പ്രസംഗിക്കുന്നതിനായി ജപസ്ഥാനത്തിൽ പ്രവേശിച്ചു. "അപ്പോൾ അതാ ഒരു നിയമജ്ഞൻ എഴുന്നേറ്റു അവിടുത്തെ പരീക്ഷിക്കാൻ വേണ്ടി, ഗുരോ നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യണം എന്നു ചോദിച്ചു. (ലൂക്കാ. ൧൦. ൨൫.) വഞ്ചകനായ ഈ നിയമജ്ഞൻ ഇങ്ങിനെചോദിച്ചതു വി. സുവിശേഷകൻ തന്നെ പറയുന്നതുപോലെ ഈശോയുടെ പ്രത്യുത്തരം കേട്ടിട്ട് അതു പിടിച്ചുകൊണ്ടതന്നെ അവിടുത്തെ ക്കെതിരായി ന്യായവാദം നടത്തണമെന്ന വ്യാജോദ്ദേശത്തോടുകൂടെ ആയിരുന്നു. അതിനാൽ അവന്റെ വാക്കുകളെ ഗവുനിക്കുകയൊ അതിനു പ്രത്യുത്തരംപറയുകയൊ ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു. എങ്കിലും അവിടെ കൂടിയിരുന്ന ജനാവലിയുടെ പ്രയോജനത്തെ ഉദ്ദേശിച്ച് അവിടുന്ന് അതിനു പ്രത്യുത്തരം പറഞ്ഞു.

പ്രായോഗിക ചിന്ത:— അവിശ്വാസികളൊ ദുർമ്മാർഗ്ഗികളൊ മതാത്മകമായ സംശയനിവാരണത്തിനെന്ന വ്യാജേന നിന്നോടു വാഗ്വാദത്തിനു മുതിരുമ്പോൾ കഴിയുന്നതും തർക്കത്തിൽ നിന്നു ഒഴിയുന്നതായിരിക്കും ഉത്തമം. എന്തുകൊണ്ടെന്നാൽ സത്യാന്വേഷണബുദ്ധിയില്ലാത്ത ഇവർ നമ്മുടെ സ്വീയുക്തികളെയും ഹാസ്യരസത്തിൽ തള്ളുകയല്ലാതെ അതിൽ ഒന്നിനെപ്പറ്റിയും കാര്യമായി ചിന്തിക്കുകയില്ല. എന്നാൽ നമ്മുടെ പരിശുദ്ധ മതത്തിന്റെ സത്യവ്രതത്തേയും ബഹുമാനത്തേയും സംരക്ഷിക്കാനുള്ള സന്ദർഭങ്ങളിൽ നേരിട്ടുമ്പോഴും നമ്മുടെ യുക്തികൾ നമ്മുടെ പ്രതിപക്ഷികൾക്കല്ലെങ്കിലും അവിടെ സന്നിഹിതരായിരിക്കുന്ന മറ്റു അനേകർക്കും പ്രയോജനകരമായി തീരുവാനിടയുണ്ടെന്നു തോന്നുന്ന അവസരങ്ങളിലും പ്രതിയോഗികളുടെ അപ

വാടത്തേയും പരിഹാസത്തേയും അവഗണിച്ചുകൊണ്ടു മതബോധനത്തിനു നാം മുതിരുകതന്നെ വേണം. എന്നാൽ ഈ സന്ദർഭങ്ങളിൽ പ്രകൃത്യായുള്ള ശാന്തത കൈവിടാതെ വിവേകത്തിനനുസരണമായിമാത്രം പ്രവർത്തിക്കണം. നിങ്ങളുടെ ശത്രുക്കളിൽ ആക്രമം എതിർത്തു നില്ക്കുവാനും വിരോധം പറയുവാനും കഴിയാത്ത വാക്കും ജ്ഞാനവും നിങ്ങൾക്കു ഞാൻ തരും. (ലൂക്കാ. വ. ഫ. ഫ൭.) എന്നു ഈശോ അരുളിച്ചെയ്തിരിക്കുന്നതു കോപിഷ്ഠരും അവിവേകികളുമായവരെക്കുറിച്ചല്ലാ എന്നു നാം ഓർക്കണം. നീ വൈദികനൊ വേദശാസ്ത്രപണ്ഡിതനൊ അല്ലെങ്കിൽ ഇങ്ങനെയുള്ള തർക്കങ്ങളിൽനിന്നു നിശ്ശ്ലേഷം ഒഴിഞ്ഞുകളയുകയായിരിക്കും ഉത്തമം. അല്ലെങ്കിൽ അവരുടെ കുയുക്തികളെ സയുക്തികം പ്രതിഷേധിക്കാൻ നിനക്കു കഴിയാതെയാകയും തങ്ങൾ വിജയികളായെന്ന വ്യർത്ഥാഭിമാനത്തോടെ നിന്റെ ശത്രുക്കൾ, മടങ്ങിപ്പോകയും ചെയ്യും. ഇതു് അത്ര ആശാസ്യമല്ലല്ലോ.

സ്നേഹപ്രകരണങ്ങൾ:—ഈശോയുടെ കല്പനകൾക്കനുസരണം പ്രാവുകളെപ്പോലെ കപടമില്ലാത്തവരും പാമ്പുകളെപ്പോലെ വിവേകമുള്ളവരുമായിരിപ്പാൻ അനുഗ്രഹം അഭ്യർത്ഥിക്കുക.

പ്രതിജ്ഞ:— നിന്റെ വചനങ്ങളേയും ക്രിയകളേയും ഉത്സാഹത്തോടെ പരിശോധിക്കുക.

രണ്ടാംവകുപ്പു

ദൈവത്തെ ഏതുവിധം സ്നേഹിക്കണം

ധ്യാനം:— വഞ്ചകനായ ആ നിയമജ്ഞൻ ഒരു സത്യാന്വേഷകന്റെ നിഷ്കാപട്യത്തോടെയൊ ഒരു അന്വേഷകന്റെ വിനയത്തോടെയൊ അല്ല തന്നെ സമീപിച്ചിരിക്കുന്നതെന്നു് അവനേയും ചുററിനില്ക്കുന്നവരേയും ഗ്രഹിപ്പിക്കണമെന്നുദ്ദേശത്തോടെ അവിടുന്നു് അവനോടു ചോദിച്ചു: നിയമത്തിൽ എന്തു് എഴുതപ്പെട്ടിരിക്കുന്നു? നീ എങ്ങിനെ വായിക്കുന്നു?...അവൻ പ്രത്യുത്തരം പറഞ്ഞു: നീ നിന്റെ പൂർണ്ണഹൃദയത്തോടും നിന്റെ പൂർണ്ണ ആത്മാവോടും നിന്റെ സർവ്വ ശക്തിയോടും, നിന്റെ പൂർണ്ണ മനസ്സോടുംകൂടെ നിന്റെ കർത്താവായ ദൈവത്തെയും നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും (സ്നേഹിക്കണം) എന്നതത്രെ. അപ്പോൾ അവിടുന്നു് അവനോടു്; നീ ശരിയാ

യി ഉത്തരം പറഞ്ഞു, ഇപ്രകാരം നീ ചെയ്യുക, എന്നാൽ നീ ജീവിക്കും എന്നരുളിച്ചെയ്തു. (ലൂക്കാ. ക്ഥ. ൟ൯, ൟ൫, ൟ൬.)

പ്രായോഗികചിന്ത:— അതിശ്രേഷ്ഠമായ ഈ പ്രമാണം യഥാവിധി അനുവർത്തിക്കേണ്ടതിന് ഇതിലെ ഓരോ ഭാഗങ്ങളെയും പറ്റി സൂക്ഷ്മമായി ചിന്തിച്ചു ശ്രദ്ധയോടെ പഠിച്ചു കൊള്ളുക. ക്ര. ദൈവത്തെ നമ്മുടെ പൂർണ്ണഹൃത്തോടുകൂടെ സ്നേഹിക്കണം. അതായതു: ദൈവത്തെ സ്നേഹിക്കുന്നതുപോലെ മറ്റാരെയും സ്നേഹിക്കാതിരിക്കുക, അഥവാ ദൈവത്തെ മറ്റു സകലരേക്കാൾ അധികമായും അവിടുത്തെപ്രതിമാത്രവും സ്നേഹിക്കുക. മറ്റാരെയെങ്കിലും നാം സ്നേഹിക്കുന്നതായാൽ അതു ദൈവത്തെ പ്രതിമാത്രമായിരിക്കണം. ദൈവത്തെ പ്രസാദിപ്പിക്കാൻവേണ്ടി എന്തും ചെയ്യുന്നതിനും, എന്തും സഹിക്കുന്നതിനും ഉള്ള ഒരു സന്നദ്ധതയുണ്ടായിരിക്കണം. ദൈവത്തിലേയ്ക്കു നമ്മെ അനയിക്കുന്ന സംഗതികൾ അത്യാശാപൂർവ്വം സ്വീകരിക്കണം. അഭീഷ്ടത്തിൽനിന്നു നമ്മെ വിദൂരമാക്കുന്നവയെ ശക്തിപൂർവ്വം ശപിച്ചു തള്ളണം. ഖ. ദൈവത്തെ നമ്മുടെ പൂർണ്ണ ആത്മാവോടെ സ്നേഹിക്കുക. അതായതു: ദൈവത്തെപ്രതി നമ്മുടെ ജീവനെ പോലും സംത്യജിക്കുവാനും നമ്മുടെ ആത്മാവിന്റെ ജീവനാകുന്ന ദൈവപ്രസാദവരം നഷ്ടപ്പെടുത്തുന്നതിനേക്കാൾ മറ്റു സമസ്തവും പരിത്യജിക്കാനുമുള്ള ദൃഢനിശ്ചയവും സന്നദ്ധതയും ഉണ്ടായിരിക്കണം. ദൈവത്തിനു അനിഷ്ടവും അവിടുത്തോടുള്ള ഗാഢമായ സ്നേഹസംയോജ്യതയ്ക്കു വിഘ്നവുമായി വരുന്ന വിചാരം ആഗ്രഹം ആദിയായവ നമ്മിൽനിന്നു നീക്കിയിരിക്കണം. ന. ദൈവത്തെ നമ്മുടെ സർവ്വശക്തിയോടുംകൂടെ, അഥവാ സകല കഴിവുകളോടുംകൂടെ, സ്നേഹിക്കണം. അതായതു: ദൈവമഹത്വത്തിനായുള്ള ജോലികളിലും പരിശ്രമങ്ങളിലും ക്ഷീണിച്ചു പിൻമാറാതെ സ്ഥിരതയോടെ നില്ക്കണം. മാത്രമല്ല, ഏതൽക്കാര്യാത്ഥം നമ്മുടെ സ്വന്തം സുഖസൗകര്യാദികളെ നിശ്ശേഷം അവഗണിച്ചു പ്രവർത്തിക്കണം. സമയം സാമർത്ഥ്യം സുഖം സൗകര്യങ്ങൾ എന്നിങ്ങനെ നമ്മുടെ സ്വാധീനത്തിലുള്ളവയെല്ലാം ദൈവശുശ്രൂഷയ്ക്കു സന്തോഷപൂർവ്വം സമർപ്പിക്കാൻ നാം സന്നദ്ധരായിരിക്കണം. ര. നമ്മുടെ പൂർണ്ണ മനസ്സോടെയും അവിടുത്തെ സ്നേഹിക്കണം. അതായതു: ദൈവത്തിന്റെ അനന്തമായ ഗുണവിശേഷങ്ങളെപ്പറ്റി ഉപര്യുപരി ജ്ഞാനം സമ്പാദിക്കാനും

തദ്വാര പൂണ്ണമായി അവിടത്തെ ഹിതാനുവർത്തികളായി തീരുവാനുമായിരിക്കണം നമ്മുടെ ഏകശ്രദ്ധ. ദൈവശുശ്രൂഷയ്ക്കു സഹായകങ്ങളായിത്തീരുന്നതിനുവേണ്ടിമാത്രമായിരിക്കണംലൌകികശാസ്ത്രങ്ങളിലും മറ്റും ശ്രദ്ധപതിക്കുന്നതു്. നിന്റെ ദൈവസ്നേഹത്തിന്റെ സ്വഭാവം എന്തെന്നു പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— ഈ സത്യങ്ങളെക്കുറിച്ചു വിശ്വാസപ്രകരണങ്ങൾ ചെയ്യുക. ഈ വിധം ദൈവത്തെ സ്നേഹിക്കാത്തതിനെക്കുറിച്ചു ലജ്ജിക്കുക. സ്നേഹത്തോടും വിനയത്തോടുംകൂടെ ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— ദൈവമേ, അങ്ങേ ഹിതാനുസരണം അങ്ങേ സ്നേഹിപ്പാൻ എന്നെ പഠിപ്പിക്കേണമെ," ഈ സുകൃതജപം ആവർത്തിച്ചു ചൊല്ലുക.

മൂന്നാംവകുപ്പു.

അന്യരെ നാം എങ്ങനെ സ്നേഹിക്കണം?

ധ്യാനം:— ആ നിയമജ്ഞൻ തനിക്കു പറ്റിയ അവിചാരിതമായ ഈ പരാജയവും അവമാനവുംമൂലം ലജ്ജിച്ചു എങ്കിലും, ആ ജനസമക്ഷം തന്റെ മാനസ്ഥാനം പരിരക്ഷിക്കാൻ വേണ്ടി കൗശലപൂർവ്വം ഒന്നുകൂടെ ചോദിച്ചു. അതായതു്: "എന്റെ അയല്ക്കാരൻ ആരാകുന്നു"? (ലൂക്കാ. ഛ൦ ൨൯) ഇതിനു പ്രത്യുത്തരമായി നമ്മുടെ കർത്താവു ആ നല്ല സമരിയക്കാരന്റെ ഉപമ പറഞ്ഞു. തദ്വാരാ അവന്റെയും അവനെപ്പോലെ നാമമാത്രശത്രുതരായ മറ്റു യഹൂദോപദേഷ്ടാക്കന്മാരുടേയും ഉള്ളിൽ മറഞ്ഞിരുന്ന അഹങ്കാരം, വഞ്ചന, സ്വാർത്ഥം ആദിയായവ പ്രത്യക്ഷീകൃതമാക്കി. ഇങ്ങനെ ജനങ്ങളുടെ നേതാക്കന്മാരായി തങ്ങളെ സ്വയം പ്രഖ്യാപനം ചെയ്തിരുന്നവർ ആ മഹനീയ സ്ഥാനത്തിന് എത്ര അയോഗ്യരാണെന്നും സ്പഷ്ടമായി.

പ്രായോഗികചിന്ത:— അഹങ്കാരിയായ ഈ നിയമജ്ഞനെപ്പോലെ നാമും നമ്മെ നീതിമാന്മാരെന്നു കാണിക്കുന്നതിന്നായി നമ്മുടെ കുറവുകളെ ഗോപനം ചെയ്യുകയും അതിനെക്കുറിച്ചു ഒഴികഴിവുകൾ പറകയും ന്യായവാദം നടത്തുകയും ചെയ്യുവരുന്നില്ലേ? ഈ സമ്പ്രദായം നമ്മെ ദൈവസന്നിധിയിലും മനുഷ്യരുടെ മുമ്പിലും കുറക്കാരും നിന്ദ്യരുമാക്കുകയാണു് ചെയ്യു

ന്നതെന്നോക്കണം.

സംഭാഷണം:— നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക.

ഇരുപത്തിആറാംതിയ്യതി

നല്ല സമരിയക്കാരന്റെ ഉപമ; ഈ ഉപമയുടെ വാച്യാർത്ഥം.

പ്രാരംഭം ഫ. കവർച്ചക്കാരാൽ ആക്രമിക്കപ്പെട്ടു് അർദ്ധപ്രാണനായിക്കിടക്കുന്ന ഒരു യാത്രക്കാരനെ ഭയാലുവായ ഒരു അപരിചിതൻ സമാശ്വസിപ്പിക്കുന്നതു് അത്മനാ ദർശിക്കുക.

ഫ. ആർദ്രതയോടും അനുകമ്പയോടുംകൂടിയ പരസ്നേഹവാസന ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

യഹൂദോച്ചാരണന്മാരുടെയും ശാസ്ത്രികളുടെയും സ്വാർത്ഥത.

ധ്യാനം:— നീതിമാന്മാരെന്ന പേരിനു് അർഹത യഹൂദവംശജന്മാക്കു മാത്രമെ ഉള്ളു എന്നുള്ള യഹൂദാചാരപ്രമാണങ്ങളും ഉപദേഷ്ടാക്കന്മാരും വ്യർത്ഥമായി അഭിമാനിക്കുകയും, അതിനാൽ അയല്ക്കാർ എന്ന പദംകൊണ്ടു വിവക്ഷിക്കപ്പെട്ടതു യഹൂദന്മാർ മാത്രമാണെന്നു് അവർ വിശ്വസിച്ച ജനങ്ങളെ പഠിപ്പിക്കയും ചെയ്തപ്പോഴും. സ്വാർത്ഥപരമായ ഈ അബദ്ധ പ്രബോധനത്തെ പ്രസിദ്ധമായും നിർദ്ദാക്ഷിണ്യമായും പ്രതിഷേധിക്കുന്നതിനാണു് ദയാശീലനായ ആ സമരിയക്കാരന്റെ അനന്യാപദേശം ഈശോ പറഞ്ഞതു്. ഇതു് ഉപമയല്ല യഥാർത്ഥ സംഭവമാണു് എന്നും ചില വ്യാഖ്യാതാക്കൾക്കു് അഭിപ്രായമുണ്ടു്. കഴിഞ്ഞ ധ്യാനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, എന്റെ അയല്ക്കാരൻ ആരാകുന്നു? എന്ന ആ നിയമജ്ഞന്റെ ചോദ്യത്തിനു സമാധാനമായി യേശു പറഞ്ഞു: "ഒരു മനുഷ്യൻ ജെരുസലേമിൽനിന്നു യേരിക്കോയിലേക്കു പോകവെ കള്ളന്മാരുടെ കൈയിൽ അകപ്പെട്ടു; അവർ അവന്റെ വസ്ത്രം അഴിച്ചെടുക്കുകയും അവനെ പരിക്കേല്പിക്കുകയും ചെയ്തിട്ടു് അവനെ അർദ്ധപ്രാണ

നാക്കി വിട്ടുംവച്ചു പോയി. അങ്ങനെയിരിക്കെ ഒരു പുരോഹിതൻ ആ വഴിയെ തന്നെ വരുവാൻ ഇടയായി. അയാൾം അവനെ കണ്ടുവെങ്കിലും ഒഴിഞ്ഞു പൊയ്ക്കളഞ്ഞു. അങ്ങനെതന്നെ ഒരു ലേവിയനും ആ സ്ഥലത്തിന്നു സമീപം വന്നെത്തുകയും അവനെ കണ്ടിട്ടു ഒഴിഞ്ഞു പോകയും ചെയ്തു. (ലൂക്കാ. ൧൦. ൩൰ ൩൨ — ൩൩.)

പ്രായോഗികചിന്ത:— ഈ ഉപമയാൽ അക്കാലത്തിലെ ആചാര്യന്മാരിലും ദേവാലയശുശ്രൂഷകരിലും ഉണ്ടായിരുന്ന പരസ്നേഹം എത്ര അപൂർണ്ണവും ലജ്ജാവഹവും ഗൌരവമായ ന്യൂനതകളോടുകൂടിയതുമായിരുന്നെന്നു ഒരു ചിത്രത്തിലെന്നോണം നാം കാണുന്നു. ഇതിൽനിന്നു സന്ന്യാസികളും അല്പാത്മവരുമായ നമ്മുടെ വൈദികന്മാരുടെ അലർശയുക്തവും അപാരവുമായ പരസ്നേഹത്തിലേക്കു കണ്ണു തിരിക്കുമ്പോൾ എത്ര വലിയ ആശ്വാസവും ആനന്ദവുമാണു ഒരുത്തനുണ്ടാവുക! സുഖപ്പെട്ടുന്നതിനും ശമിപ്പിക്കുന്നതിനും അവർ ശ്രമിക്കാത്തതായി ആത്മികമോ ശാരീരികമൊ ആയ യാതൊരു വ്യാധിയുമില്ലതന്നെ. ഏതു തരം രോഗികളുടെയും ആശ്വാസവിഹീനരുടെയും ആശ്വാസത്തിനും പരിചരണത്തിനുമായി പ്രസ്നേഹപൂർവ്വം ഏർപ്പെട്ടുത്തിയിട്ടുള്ള അവരുടെ സ്ഥാപനങ്ങളാൽ ലോകം നിറഞ്ഞിരിക്കുന്നു. തൊട്ടിലിൽ കിടക്കുന്ന ശിശുക്കൾക്കും നിരാധാരരായ ബാലികാബാലന്മാക്കും വശഹീനരായ വയോവൃദ്ധക്കും, അംഗവികലർ, കരുടർ, ബധിരർ, മൂകർ, ഭ്രാന്തർ, ആടിയായവക്കും ഏതന്തസ്സിലും പ്രായത്തിലുമുള്ള രോഗികൾക്കും സാംക്രമികം, ക്ഷയം മുതലായ ഭയങ്കര വ്യാധി ബാധിച്ചവക്കുപോലും ഇവരുടെ വിപുലമായ പരസ്നേഹത്തിന്റെ സൌഭാഗ്യഫലങ്ങൾ ആസ്വദിപ്പാൻ സാധിക്കുന്നു. ധനികന്മാരും ഉദാരമതികളുമായ എത്ര ക്രിസ്ത്യാനികളാണു് ഏതാളശസ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യും മറ്റും പരസ്നേഹപരമായ ഈ അലിയത്തങ്ങളിൽ സാരമായി അംശഭാക്കുകളാകുന്നതു്! ഉൽകൃഷ്ടകുലജാതകളായ എത്ര യോഷാമണികളാണു് തങ്ങളുടെ സമസ്ത സുഖൈശ്വര്യങ്ങളും പരിത്യജിച്ചു് നാടും വീടും വിട്ടു് സ്വജീവനെപ്പോലും തൃണവൽഗണിച്ചു് അനേകം യാത്രാക്ലേശങ്ങളും സഹിച്ചു കരയും കടലും തരണംചെയ്തു് വിദൂരമായ ദ്വീപാന്തരങ്ങളിലും അപരിഷ്കൃതരായ ജനങ്ങളുടെ ഇടയിലുമായി അത്തരശുശ്രൂഷയി

ലും അനാഥസംരക്ഷണത്തിലും മറ്റും അയുഷ്ശേഷം കഴിച്ചുകൂട്ടുന്നതു്! കത്തോലിക്കസഭയുടെ പരസ്നേഹപരമായ ഈ പരിശ്രമങ്ങളുടെ സാന്ദ്രമായ തണലിൽ യഥാർത്ഥമായ സന്തോഷവും സമാധാനവും ആശ്വാസവും അനുഭവിക്കുന്ന സാധുക്കളുടെ സംഖ്യ എത്രയോ ആയിരങ്ങളായിരിക്കുന്നു! ആ! യേശുവെ! സാഹോദരത്വത്തിന്റെ ഈ അത്ഭുതഫലങ്ങൾ— അങ്ങയുടെ ആഗമനത്തിനുമുമ്പു ലോകത്തിനു ഊഹിക്കുവാൻപോലും വഹിയാതായിരുന്ന ഈ അത്യുൽകൃഷ്ട സംഗതികൾ— അങ്ങയിലും അങ്ങയുടെ ഗംഭീരമായ പ്രബോധനങ്ങളിലും സുദീപ്തമായ മാതൃകയിലും നിന്നുമാത്രമാണു് ലോകത്തിനു സംസിദ്ധമായിട്ടുള്ളതു് എന്നതിനു സംശയമില്ല.

സ്നേഹപ്രകരണങ്ങൾ:- ഇവയെല്ലാം ആലോചിച്ചു വിസ്മയിക്കുകയും ഈശോയെ സ്തുതിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— മനുഷ്യരുടെ കഷ്ടതകൾ സദാ കാണുന്നതുകൊണ്ടു് അനുകമ്പയും കരുണയും കുറഞ്ഞുപോകാതിരിക്കാൻ സൂക്ഷിക്കുക.

രണ്ടാംവകുപ്പു

നല്ല സമരിയക്കാരന്റെ ഉദാരമായ പരസ്നേഹം.

ധ്യാനം:- ഈശോ യഹൂദാചാര്യന്മാരുടേയും ലേവിയരുടെയും നികൃഷ്ടതരസ്വാർത്ഥതയും ഗർവ്വും അതിന്റെ വികൃതമായ നഗ്നരൂപത്തിൽ വിശദീകരിച്ചിട്ടു് അതിനു തീരെ വിരുദ്ധമായ ആ സമരിയക്കാരന്റെ— യഹൂദരുടെ ദൃഷ്ടിയിൽ അയൽക്കാരനോ നീതിമാനോ അല്ലാതിരുന്ന, വെറും സമുദായഭ്രഷ്ടനായിരുന്ന, ആ സമരിയക്കാരന്റെ— ശ്രേഷ്ഠമായ ഔദാര്യത്തെ വിവരിക്കുന്നു. "സമരിയക്കാരനായ ഒരുവൻ യാത്രാമദ്ധ്യേ അവന്റെ അടുത്തെത്തി, അവനെക്കണ്ടപ്പോൾ (അവന്റെനേർക്കു) അനുകമ്പതോന്നി. അതിനാൽ അയാൾ അടുത്തുചെന്നു്, അവന്റെ മുറിവുകളെ എണ്ണയും വീഞ്ഞുംപകർന്നുകെട്ടുകയും തന്റെ വാഹനമൃഗത്തിന്മേൽ കയറ്റി അവനെ ഒരു സത്രത്തിൽ കൊണ്ടുപോയി സംരക്ഷിക്കുകയും ചെയ്തു. പിറ്റെദിവസം അവൻ രണ്ടു ദെനാരിനാണയം എടുത്തു സത്രക്കാരന്റെ പക്കൽ കൊടുത്തിട്ടു: നീ ഇവന്റെ കാര്യംശ്രദ്ധിച്ചുകൊള്ളുക. കൂടുതലായി എന്തെങ്കിലും ചെലവിട്ടാൽപക്ഷം ഞാൻമടങ്ങിവരുമ്പോൾ തന്നുകൊള്ളാമെന്നു പറഞ്ഞു. (ലൂക്കാ. ൧൦ അ. ൩൩— ൩൫)

പ്രായോഗികചിന്ത:— ഇതിനാൽ നമ്മെ പഠിപ്പിക്കാൻ ഈശോ അത്യന്തം ആഗ്രഹിക്കുന്ന സംഗതികളും പലതാണു. ക. യഹൂദന്മാർക്കു സമരിയരെക്കുറിച്ചു് ഉണ്ടായിരുന്ന തരത്തിലുള്ള അഭിപ്രായങ്ങളും നമ്മിൽ ഒരിക്കലും ഉണ്ടാകരുതു്. ദേശവ്യത്യാസമോ ജാതിഭേദമോ, മറെറാന്നും നോക്കാതെ എല്ലാവരേയും നമ്മുടെ അയല്ക്കാരായിക്കരുതേണ്ടതാണു്. ഖ. പ്രവൃത്തിയിൽ പ്രത്യക്ഷീകൃതമാകുന്ന പരസ്നേഹമത്രെ യഥാർത്ഥ സ്നേഹമെന്നു നാം ഓർക്കണം. ന. സ്വന്തം കടമകളെപ്പററി പലപ്പോഴും ശരിയായ ബോധമുണ്ടാകുന്നതു് അഹങ്കാരിയായ ഒരു വിദ്വാനെക്കായിൽ നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയുന്നതായ ഒരു സാധാരണക്കാരനാണു്. നിയമജ്ഞനായ ഇസ്രയേൽക്കാരനു ദൃഷ്ടാന്തമായിത്തീർന്നതു് ഒരു സമരിയക്കാരനായിരുന്നു. ഇവനോ ഒരു അപരിചിതനിമാത്രം. ഇസ്രയേൽക്കാരൻ ഒരു അയൽവാസി. അതേ, ദുഃഖിതനായ ഒരു അപരിചിതനിയുടെ ഔദാര്യം നിന്നെ ഒരുതിനെ തോല്പിക്കാതിരിക്കാൻ സൂക്ഷിക്കുക.

സ്നേഹപ്രകരണങ്ങൾ:— പരസ്നേഹത്തിന്റെ രഹസ്യസാക്ഷിയാകുവാൻ അഗ്രഹിക്കുക.

പ്രതിജ്ഞ:- നിനക്കു വലിയ ദയ തോന്നാത്തവരോടു പ്രത്യേക ഉപവി കാണിക്കാൻ ശ്രമിക്കുക.

മൂന്നാംവകുപ്പു

നിയമജ്ഞന്റെ നിർബന്ധപൂർവ്വകമായ കുറുമ്പനസരണം.

ധ്യാനം:- ഈ ഉപമ അരുളിച്ചെയ്തശേഷം ആ നിയമജ്ഞനെനോക്കി: ഈ സ്ഥിതിക്കു കള്ളന്മാരുടെ കൈയിൽ അകപ്പെട്ടവനു് അയൽക്കാരനായിത്തീർന്നതു് ഈ മൂവരിൽ ആരെന്നാണു നിനക്കു തോന്നുന്നതു്? എന്നു ചോദിച്ചു. അപ്പോൾ: അവനോടു കരുണ പ്രദർശിപ്പിച്ചവൻ എന്നു് അവൻ പറഞ്ഞു. യേശു അവനോടു: നീയും പോയി ഇപ്രകാരംതന്നെ വർത്തിക്കുക എന്നു് അരുളിച്ചെയ്തു. (ലൂക്കാ. ഛ. ന-ന, ന൦.)

പ്രായോഗികചിന്ത:- "നീയും പോയി ഇപ്രകാരംതന്നെ വർത്തിക്കുക, എന്നീ കല്പനയാൽ നമ്മുടെ പരസ്നേഹം ഈ സമരിയക്കാരന്റെതുപോലെ പ്രവൃത്തിപരമായിരിക്കണമെന്നാണു നമ്മുടെ കർത്താവു ഉപദേശിക്കുന്നതു്. അന്യരുടെ രക്ഷയ്ക്കും പുണ്യാഭിവൃദ്ധിക്കുമായി നമ്മുടെ ആശ്വാസം, സന്തോഷം, സു

ഖം എന്നല്ല, വേണ്ടിവന്നാൽ ജീവനെക്കുടെയും ഉപേക്ഷിക്കുന്നതിനും നാം സദാ സന്നദ്ധരായിരിക്കണം. ആകയാൽ നിന്റെ പരസ്നേഹത്തിന്റെ സ്വഭാവം എന്തെന്നു സൂക്ഷ്മപരിശോധന ചെയ്യുക. അതു സ്വാർത്ഥപരവും ദുർബലവുമായിരിക്കുന്നുണ്ടോ?

സംതോഷണം:- പരസ്നേഹവേദസാക്ഷികളുടെ രാജ്ഞിയായ നമ്മുടെ എകയും ഭാഗ്യപ്പെട്ട അമ്മയോടു സംതോഷണംചെയ്യുക.

ഇരുപത്തിഏഴാംതിയ്യതി

സമരിയക്കാരന്റെ ഉപമയുടെ ആദ്ധ്യാത്മികവശം

പ്രാരംഭം:- കഴിഞ്ഞ ധ്യാനത്തിലേതുതന്നെ.

ഒന്നാംവകുപ്പു

കള്ളന്മാരുടെ കൈയിലകപ്പെട്ട മനുഷ്യൻ പാപിയോടു സദൃശനാകുന്നു.

ധ്യാനം:- ഈ ഉപമയ്ക്ക് ആദ്ധ്യാത്മികമായ മറ്റു ചില അർത്ഥങ്ങളുംകൂടെ ഉണ്ടെന്നാണ് വേദപാരംഗതന്മാരിൽ ചിലരുടെ അഭിപ്രായം. ആദിമനുഷ്യന്റെ പാപംമൂലം മനുഷ്യവർഗ്ഗം—മനുഷ്യപ്രകൃതി—ഭയങ്കരമായ വിപത്തിൽപ്പെട്ടുകയും കഠിനമായി മുറിവേല്ക്കുകയും ചെയ്തുവെന്നും മനുഷ്യാവതാരംചെയ്ത ദൈവവചനമായ ദിവ്യരക്ഷകൻ അതിനെ ഈ ദയനീയസ്ഥിതിയിൽനിന്ന് ഉദ്ധരിച്ചു നിത്യമായി സുഖപ്പെടുത്തിയെന്നും ഒരു ആത്മികാർത്ഥം ചില വ്യാഖ്യാതാക്കൾ ഇതിനു നൽകുന്നുണ്ട്. ഈ അർത്ഥത്തിന്റെ വ്യാപ്തിയെ ഒന്നു സങ്കോചിപ്പിച്ചാൽ പാപിയുടെയും അവന്റെ രക്ഷകന്റെയും സ്ഥിതി അഥവാ അവന്റെ പാപവിമോചനത്തിന്റെ ചരിത്രം മാത്രമാണ് ഈ ഉപമ. കള്ളന്മാരുടെ കൈയിലകപ്പെട്ട ആ മനുഷ്യനു സംഭവിച്ചതു ചാവുദോഷംവഴിയായി പിശാചിന്റെ കൈകളിൽ അകപ്പെട്ടുന്ന ആത്മാവിനും അനുഭവപ്പെടുന്നു. ആ യാത്രക്കാരനു സംഭവിച്ചതുപോലെ ഈ ആത്മാവിന്റെ നൈർമ്മല്യ

മായ ആ അതിവിശേഷ ആഭരണവും ദൈവപ്രസാദവരമെന്ന കല്യാണവസ്ത്രവും, അതിനെ ദൈവഭയമാനമാക്കുന്ന സ്വഭാവാതീതമായ സൌന്ദര്യവും പിശാച് അപഹരിച്ചെടുക്കുന്നു. അതിനാൽ ദൈവത്തിന്റെ തിരുപുത്രനെ മാത്രമുള്ളതായ സ്വാതന്ത്ര്യവും, യോഗ്യതകളും ഈ ആത്മാവിനെ നഷ്ടപ്പെടുന്നു. പാപമാകുന്ന മുറിവുകളാൽ ആത്മാവു വളരെ അലങ്കോലപ്പെട്ടും, വിരൂപമായും, അശക്തമായും തീരുന്നു. മനസ്സാക്ഷിക്കുടിമൂലം അതി ഭയങ്കരമായ മനോവേദന അനുഭവിക്കുകയും ചെയ്യുന്നു. അതിനെ സംരക്ഷിച്ചിരുന്ന വിശ്വാസം സ്നേഹം എന്നിവ പോലും നഷ്ടപ്രായമായതിനാൽ അതു് ഏതാണ്ടു് അർദ്ധപ്രാണസ്ഥിതിയിലുമായിരിക്കുന്നു.

പ്രായോഗികചിന്ത:- എന്റെ ജീവിതകാലത്തിൽ ഒരു പ്രാവശ്യമെങ്കിലും ഒരൊറ്റ ചാവുദോഷം ഞാൻ ചെയ്തുപോയിട്ടുണ്ടെങ്കിൽ ഞാൻ ഒരു ദുർഭാഗൻതന്നെ, സംശയമില്ല. ഈ ദുരവസ്ഥയിൽ എത്ര ദിവസങ്ങൾ, എത്ര മാസങ്ങൾ ഞാൻ ചെലവഴിച്ചു! ഈ ഭയങ്കരാവസ്ഥയെ ഗൗനിക്കാതെ അതിൽ സന്തുഷ്ടിപോലും പ്രദർശിപ്പിക്കാൻ മുതിർന്ന എന്റെ ദുഷ്ടതയും അന്ധതയും എത്ര വലുതു്? ഈ സ്ഥിതിയിൽ മരണം എന്നെ സന്ദർശിച്ചിരുന്നെങ്കിൽ എന്റെ ഇന്നത്തെ കഥ എത്ര ഭയങ്കരമായിരുന്നേനെയെന്നു ഊഹിക്കപോലും പ്രയാസം. ഘോരമായ ഈ വിപത്തിൽ ഞാൻ നിപതിച്ചതു് ആ വഴിയാത്രക്കാരനെപ്പോലെ ജെരുസലേമ്മിനെ വിട്ടു യെരീക്കോയിലേക്കുപോയതുകൊണ്ടല്ലയോ? അതെ, ഞാൻ നീചവികാരങ്ങൾക്കും ദുർമ്മോഹങ്ങൾക്കും വശഗനായി എന്റെ സ്വസ്വഭാവമായ ദൈവത്തിൽ നിന്നകന്നു് ലൌകികനന്മകളേയും ക്ഷണികസന്തോഷങ്ങളെയും അന്വേഷിച്ചുപുറപ്പെട്ടതിനാലാണു് ഈ ദുർഘടം സംഭവിച്ചതു്. ഞാൻ സന്യാസിതന്നെ, പക്ഷെ സന്യാസികം വഴിതെറ്റുക അസാധാരണമല്ല. കഷ്ടം: എത്ര സന്യാസികൾ പിശാചിന്റെ പ്രലോഭനങ്ങൾക്കു് അടിപ്പെട്ടുപോയിരിക്കുന്നു! അവക്കു് ഭവിച്ചതുപോലുള്ള അബദ്ധംതന്നെ എനിക്കും സംഭവിച്ചുകൂടെന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:- നിന്നെ ഒരിക്കലും വിശ്വസിക്കാതിരിക്കാനും ദൈവഭയത്തിൽ സ്ഥിരപ്പെടുവാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- സേവച്ചു സാധിപ്പാൻ ആഗ്രഹിക്കുന്നവർ ദൈവസാന്നിദ്ധ്യം മറന്നുകളയുകയും, ഇന്ദ്രിയേച്ഛാനുസരണം നടക്കുന്നവർ ക്രമേണ ഏതു നിയമലംഘനത്തിനും മുതിരുകയുംചെയ്യും. അതുകയാൽ സേവച്ഛാനുസാരിയൊ അശാനിഗ്രഹവിമുഖനോ ആകാതിരിക്കാൻ ശ്രമിച്ചുകൊള്ളുക.

രണ്ടാം വകുപ്പു്.

ആ നല്ല സമരിയക്കാരൻ ക്രീസ്തുവിനു സദൃശനാകുന്നു.

ധ്യാനം:— ആ നല്ല സമരിയക്കാരനിൽ നീ കാണുന്നതു് സ്നേഹകാരുണ്യങ്ങളുടെ വിളനിലമായ ക്രീസ്തുവിനെ അല്ലാതെ മറ്റാരെയാണു്? ഇയാളിൽ നമ്മുടെ കർത്താവിന്റെ സാദൃശ്യം എത്ര സുദീപ്തമായും സജീവമായും പ്രതിബിംബിക്കുന്നു! അർദ്ധപ്രാണനായിക്കിടന്ന ആ യഹൂദൻ സമരിയക്കാരനു് അന്യൻ, എന്നല്ല അവന്റെ ജന്മശത്രുക്കൂടെ ആയിരുന്നു. അവന്റെ അപ്പോഴത്തെ സ്ഥിതി ആർക്കും വെറുപ്പു തോന്നത്തക്കവിധം അശുദ്ധവും നീചവുമായിരുന്നു. എങ്കിലും ആ ദീനജനബന്ധു ഇവനെക്കണ്ടു് ഉടനെ ദയാരിതനായി തന്റെ വാഹനപുറത്തിന്മേൽ നിന്നിറങ്ങി ഒരു ജീവച്ഛവമായിക്കിടന്ന ആ യഹൂദന്റെ അടുക്കൽചെന്നു് അവനെ പരിചരിക്കയും സഹായിക്കയുംചെയ്തില്ലയോ? ഇങ്ങിനെതന്നെ പാപംനിമിത്തം നാമും നിതാപിതാവിന്റെ ഏകപുത്രനു് അന്യരും ശത്രുക്കളുമായിത്തീർന്നു. എങ്കിലും ദുർന്നിവാരമായ നമ്മുടെ ആ ദുരിതസ്ഥിതികണ്ടു് ആ വിട്ടുത്തെയ്യുന്ന വലിയ അനുകമ്പതോന്നി. നമ്മുടെദുർഭാഗ്യത്തിൽത്തന്നെ നമ്മെ വിട്ടുകളയുവാൻ അവിടുത്തേയ്ക്കു മനസ്സുവന്നില്ല. അതിനാൽ നമ്മെ ഈ നികൃഷ്ടസ്ഥിതിയിൽനിന്നു രക്ഷിക്കേണ്ടതിലേക്കു അവിടുന്നു മോക്ഷത്തെവിട്ടു ഭൂമിയിൽവന്നു. തന്റെ ദൈവത്വത്തെ ഗോപനം ചെയ്തു മനുഷ്യത്വം സ്വീകരിച്ചതിൽ അവിടുത്തേക്കുണ്ടായ ഏകോദ്ദേശം നമ്മുടെ രക്ഷയായിരുന്നു. സമരിയക്കാരൻ, മരണാസന്നനായ ആ വഴിപോക്കനെ സമാശ്വസിപ്പിക്കുന്നതിനു ചെയ്തവയെക്കുറിച്ചുകൂടെയും നാം ചിന്തിക്കണം. ഈശോ നിനക്കു ചെയ്തവ ഇവയെക്കാൾ എത്ര വലിയതും മഹത്തരവുമാകുന്നു. പാപത്താൽ മുറിവേറ്റ നിന്റെ ആത്മാവിൽ മനഃസ്താപം എന്ന വീഞ്ഞും ദൈവപ്രസാദവരം എന്ന എണ്ണയും പകരുന്നു. പാപസങ്കീർത്തനംവഴിയായി, സുഖ

പ്രദായകമായ തന്റെ തിരുരക്തത്താൽ അഭ്യംഗംചെയ്ത പാപമുറിവുകളെ സുഖപ്പെടുത്തുന്നു. പിന്നെയും ആ നല്ല സമരിയക്കാരൻ അവനെ വാഹനമൃഗത്തിന്മേൽ കയറ്റി ഒരു സത്രത്തിലേക്കു കൊണ്ടുപോയതുപോലെതന്നെയല്ലേ അവിടുന്നും ചെയ്തത്? നല്ല ഇടയനായ അവിടുന്നു നിന്നെ തന്റെ തോളിന്മേൽ വഹിച്ച് തന്റെ ഭവനമായ സന്ന്യാസസഭയിലേക്കു കൊണ്ടുവരികയും അവിടെ തന്റെ സ്ഥാനാപതികളായ ശ്രേഷ്ഠന്മാർക്കു നിന്നെ ഏല്പിച്ചുകൊണ്ട് അവിടുന്ന് ഇനി വന്ന് സ്വർഗ്ഗീയ ഭവനത്തിലേക്കു നിന്നെ കൂട്ടിക്കൊണ്ടുപോകുന്നതുവരെ, ആത്മശരീരസംബന്ധമായ നിന്റെ ആവശ്യങ്ങളും ഒക്കെയും നടത്തുന്നതിനു അവരോട് ആജ്ഞാപിക്കയും ചെയ്തിരിക്കുന്നു.

പ്രായോഗിക ചിന്ത:— ഈ ഉപമയിൽ പറഞ്ഞിരിക്കുന്ന സമരിയക്കാരന്റെ അനുകമ്പയും കരുണയും ചിന്തിക്കുമ്പോൾ അശ്ലഘ്യപൂർവ്വകമായ സ്നേഹം അവന്റെനേർക്കു നിനക്കു തോന്നാതിരിക്കയില്ലല്ലൊ. അങ്ങിനെയെങ്കിൽ അയാൾ ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന സ്നേഹകൃത്യങ്ങൾ—എന്നല്ലാ അവയെ അപരിമിതമായവിധം അതിശയിക്കുന്ന സ്നേഹകൃത്യങ്ങൾ—നിനക്കായി ചെയ്ത ഈശോയുടെനേരെ എത്രവലിയ നന്ദിയും സ്നേഹവും നിനക്കുണ്ടായിരിക്കണം? എന്നാൽ ഈ സ്നേഹവും നന്ദിയും അവിടുത്തെനേർക്കു കാണിപ്പാനുള്ള മാർഗ്ഗം ഏതു്? അവിടുത്തെ ശുശ്രൂഷയിലുള്ള ശുഷ്കാന്തികൊണ്ടും അവിടുത്തെ സ്ഥാനാപതികളായ നിന്റെ മേലധികാരികളോടുള്ള അനുസരണംമൂലവും ദരിദ്രർ, രോഗികൾ, മുതലായവർക്കു നിന്നാൽ കഴിയുന്ന സഹായം ചെയ്തുകൊണ്ടും ഈ നന്ദി പ്രത്യക്ഷപ്പെടുത്താം. "എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻതന്നു...രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു... ഏറ്റവും ചെറിയവരായ എന്റെ ഈ സഹോദരങ്ങളിൽ ഒരുവന്നു നിങ്ങൾ ചെയ്തപ്പോഴൊക്കെയും എനിക്കുതന്നെയാകുന്നു ചെയ്തതു് (മത്തേ. 25. 35, 36, 40) എന്നു് അവിടുന്നു് അരുളിച്ചെയ്തിട്ടുണ്ട്. അതുകയാൽ ഈവിധം നിന്റെ നന്ദിയും സ്നേഹവും പ്രദർശിപ്പിക്കാൻ നീ ശ്രമിക്കുക.

സംശോഷണം:- സഹോദരന്മാരായ വിശുദ്ധ കൊസ്മാസ് ദമിയാനുസ് എന്ന വിശുദ്ധന്മാരോടു സംശോഷണം ചെയ്യുക. ഇന്നു തിരുസ്സഭ ഇവരുടെ തിരുനാൾ ആചരിക്കുന്നു.

ഇരുപത്തെട്ടാം തിയ്യതി.

സഹോദരസ്നേഹത്തിന്റെ ഉദ്ദേശ്യവും അതിന്റെ സ്വഭാവവും.

പ്രാരംഭം ഫ. എല്ലാറ്റിനുംമുമ്പു നിങ്ങൾ തിമ്മിൽ തമ്മിൽ സ്നേഹിക്കുവിൻ. (ഫ. പത്രോസ്. ര. വ) എന്നു വിശുദ്ധ പത്രോസ് പറയുന്നതു് അത്മനാ ശ്രവിക്കുക.

ഫ. സഹോദരസ്നേഹത്തിന്റെ അത്യുച്ചാവസ്ഥപ്രാപിപ്പാൻവേണ്ട ദൈവാനുഗ്രഹത്തിന്നായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയുടെ കല്പനതന്നെയാണു് ഇതിനുള്ള ഒന്നാമത്തെ പ്രേരണ.

ധ്യാനം:- ദയാശീലനായ സമരിയക്കാരനെക്കുറിച്ചുള്ള ധ്യാനം, സന്മാർഗ്ഗജീവിതത്തെ സൌഭാഗ്യസംപൂർണ്ണവും ആനന്ദസംദായകവുമാക്കിത്തീർക്കുന്ന സാഹോദര്യത്തിന്റെ കടമകളും നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ പുണ്യത്തെ ഉത്തമവിധത്തിൽ അനുസരിക്കുന്നതിനു് എത്രയോ ന്യായങ്ങൾ ഉണ്ടായിരിക്കുന്നു! ആദ്യമായിത്തന്നെ ഇതു നമ്മുടെ ദിവ്യരക്ഷകന്റെ പ്രത്യേക കല്പനയാണെന്നോർക്കണം. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്ന ഒരു പുതിയകല്പന ഞാൻ നിങ്ങൾക്കു തരുന്നു. (യോഹ. ഛന്ദ. ന.ര) പരസ്നേഹം ഈശോയുടെ യഥാർത്ഥശിഷ്യരുടെ പ്രത്യേകലക്ഷണമായി അവിടുന്നുതന്നെ നിർദ്ദേശിച്ചിട്ടുണ്ടു്. നിങ്ങൾക്കു പരസ്പരസ്നേഹമുണ്ടായിരിക്കുമെങ്കിൽ നിങ്ങൾ എന്റെ ശിഷ്യരാകുന്നു എന്നു് അതുകൊണ്ടു എല്ലാവരും അറിയും. (യോഹ. ഛന്ദ. ന.ഭ.) നാം പൊതുവിലും, നമ്മുടെ ഭൗമപിതാക്കളെ വിട്ടശേഷം പ്രത്യേകിച്ചും സ്വർഗ്ഗത്തിലുള്ള ഏകപിതാവിന്റെ മക്കളായിരിക്കുന്നു. അതിനാൽ യഥാർത്ഥത്തിൽ നാമെല്ലാവരും സഹോദരങ്ങളായി ഒരു പന്തിയിൽ ഭക്ഷിക്കുകയും ഒരേ ക്രമങ്ങൾ അനുസരിക്കയും ഏകോദ്ദേശസിദ്ധിക്കായി പരിശ്രമിച്ചുവരികയുംചെയ്യുന്നു. നാം പ്രതിദിനംതന്നെ പരിശുദ്ധകർബാനയർപ്പിക്കൊള്ളുന്നതിനാൽ നമ്മുടെ സിരകളിൽ ഓടുന്ന രക്തവും ഒന്നുതന്നെയാണു്. അതായതു്, ഈശോയുടെ തിരുരക്തം.

പ്രായോഗികചിന്ത:- ഈ ന്യായങ്ങളെല്ലാം നന്നായി ആ

ലോചിക്കുന്നതായാൽ പരസ്നേഹത്തിൽ വലിയ പ്രതിപത്തിയും ബഹുമാനവും നിന്നിൽ ജനിക്കും. ക്രൂരതെ ഇതിനെ ആദരിക്കയും പാലിക്കയും ചെയ്യേണ്ടതിന്നു പ്രത്യേകം വേണ്ട ഗുണമായ ക്ഷമ—സഹനസ്വഭാവം—നിന്നിൽ ഉളവാക്കുന്നതിന്നു വളരെ എളുപ്പവും സിദ്ധിക്കും. സഹനംക്രൂരതെ ഒരു സമൂഹത്തിൽ പരസ്നേഹം നിലനിൽക്കയില്ല. എന്നാൽ അതിനും രണ്ടുകായ്യങ്ങൾ അവശ്യമുണ്ട്. ഫ നിന്റെ സഹോദരന്റെ എല്ലാ കുറ്റങ്ങളേയും ക്ഷമിക്കേണ്ടതുക്രൂരതെ അവയെ വണ്ണിക്കാതിരിക്കുകയും കഴിവുള്ളപ്പോൾ അവയെക്കുറിച്ചു ഒഴിവുപറയുകയും വേണം. ഫ. വല്ലൊരുത്തൻ നിന്നോട് എന്തെങ്കിലും ഉപദ്രവംചെയ്താൽ അതു ക്ഷമിക്കുന്നതിനൊരുങ്ങിയിരിക്കയും, അതു് അവരുടെ ബുദ്ധിഹീനതയാലോ മുൻകോപത്താലൊ വന്നതാകുന്നു എന്നു കരുതി അതു മറന്നുകളയുകയുംവേണം. ഇങ്ങനെയാണെങ്കിൽ; എന്നെ പരിഹസിക്കാനും ഖേദിപ്പിക്കാനും മുതിരുന്നവരോടു ഞാനും അപ്രകാരംതന്നെ പ്രവർത്തിക്കും. ഇന്നയാളോടു സമാധാനത്തിൽ കഴിയുവാൻ എനിക്കു സാധിക്കയില്ല; ഞാൻ എല്ലാവരോടും രമ്യമായി കഴിയുവാനാണു് ആഗ്രഹിക്കുന്നതും ശ്രമിക്കുന്നതും, പക്ഷെ എന്നോടുപദ്രവിച്ചാൽ ആ ഉപദ്രവത്തിന്റെ സ്ഥിതി അവരെ ഗ്രഹിപ്പിക്കാൻവേണ്ടി ഞാനും അവരോടുപദ്രവിക്കാതിരിക്കയില്ല; എന്നിങ്ങനെ പറയുന്നതു ശരിയാകുമൊ? ഒരിക്കലുമില്ല. ഇതു ലോകരൂപിയാണു്; പരസ്നേഹരൂപി—യഥാർത്ഥമായ ക്രിസ്തീയചൈതന്യം—ഇതല്ല. ഇതു് അനേകാനന്യം സഹിക്കുക എന്നു തത്വത്തിന്നു തീരെ വിപരീതവുമാണു്.

സ്നേഹപ്രകരണങ്ങൾ:- പരസ്നേഹം നിന്നിൽ ഇതു അപൂർണ്ണമായിരിക്കുന്നതുകണ്ടു ദൈവതിരുസ്സന്നിധിയിൽ വിനയപ്പെടുക.

പ്രതിജ്ഞ:- സഹോദരസ്നേഹത്തിന്നു വിരോധമായി നിന്റെ നിരൂപണം, വചനം, പ്രവൃത്തി എന്നിവയാൽ ഉണ്ടാകുന്ന കുറ്റങ്ങളെ ക്രൂടക്കുടെയുള്ള പ്രത്യേക ആത്മികപരിശോധന വഴിയായി കണ്ടറിയുക.

രണ്ടാം വകുപ്പു.
നമ്മുടെ കുഞ്ഞാടിന്റെ ദൃഷ്ടാന്തം ഇതിന്നു
രണ്ടാമത്തെ പ്രേരണയാണ്.

ധ്യാനം:— ഈശോയുടെ തിരുജീവിതത്തിൽ മുഖ്യമായി ശോഭിച്ചതു പരസ്നേഹമായിരുന്നു. എന്നല്ലാ തന്റെ ജീവിതം തന്നെ നിഃശ്ശേഷം ഒരു പരസ്നേഹപ്രവൃത്തിയായിരുന്നു. തന്നിൽ നിന്നു ഉപദ്രവമോ ഞെരുക്കമോ ആർക്കും അനുഭവപ്പെട്ടിട്ടില്ല. തന്റെ ഉപകാരത്തിന്നു പ്രതിപകാരമായി അപകാരം സിദ്ധിച്ചാലും അവലാതിപറയാതെ സകലർക്കും നന്മചെയ്യുന്നതിൽ തന്റെ ജീവിതംമുഴുവനും വിനിയോഗിച്ചു. നമ്മുടെ നൈർഗുണ്യങ്ങളെ നീക്കുന്നതിന്നും അക്രമങ്ങളെ പരിഹരിക്കുന്നതിന്നുമായി അവയെ സ്വയം ഏറ്റെടുത്തു. പരസ്നേഹത്തിന്റെ ബലിയായി ജീവിച്ചശേഷം പരസ്നേഹത്തിന്റെ സാക്ഷ്യമായി തന്റെ ഘാതകന്മാരുടെ ക്രൂരകൃത്യങ്ങളെപ്പറ്റി ഒഴിവുപറഞ്ഞുകൊണ്ടും അവർക്കുവേണ്ടി ക്ഷമായാചനം ചെയ്തുകൊണ്ടും മരിച്ചു. "പിതാവെ തങ്ങൾ ചെയ്യുന്നതിന്നതെന്ന് ഇവർ അറിയുന്നില്ല, അതിനാൽ ഇവരോടു ക്ഷമിക്കണമെ" (ലൂക്കാ. 23-ാം-നു.)

പ്രായോഗികചിന്ത:— നമ്മുടെ സ്നേഹഭാജനമായ രക്ഷകനെ അനുകരിച്ചു നാമും നമ്മുടെ സഹോദരന്മാർക്കുവേണ്ടി നമ്മുടെ ആശ്വാസവും വേണ്ടിവന്നാൽ സുഖവും ജീവനുംകൂടെ പൂജിപ്പാൻ ഒരുങ്ങിയിരിക്കുക. ഏതാട്ടശത്യാഗകൃത്യത്തിനുള്ള അവസരം നേരിടാതിരുന്നാലും അന്യരിലുള്ള കുറവുകളും ന്യൂനതകളും സഹിക്കുന്നതിലെങ്കിലും വിശ്വസ്തരായിരിക്കുക. സഹനം സംബന്ധിച്ചു നാം ശ്രദ്ധിക്കേണ്ട രണ്ടാമത്തെ സംഗതി ഇതരന്മാർക്കു അല്പംപോലും ഉപദ്രവത്തിന്നിടവരാതിരിപ്പാൻതക്കവിധം നമ്മെത്തന്നെ നിയന്ത്രിക്കുക എന്നിതാണ്. ഏതു വികടസ്വഭാവക്കാരോടും സൗമ്യമായി കഴിഞ്ഞുകൂട്ടുവാൻ തക്കവിധം നമ്മുടെ സ്വഭാവത്തെ സംയമനംചെയ്തു വിനയപ്പെടുത്തുകയും എല്ലാവർക്കും എല്ലാറ്റിലും എല്ലാമാകുവാൻ ശ്രമിക്കുകയും ചെയ്യുക. നിന്റെ സ്വഭാവവും പ്രവൃത്തികളും മറ്റുള്ളവർക്കു അനിഷ്ടമായിരിക്കുന്നെങ്കിൽ അതിനെ മാറ്റി അവരോടു ഒത്തുപോകുവാൻതക്ക സ്വഭാവഗുണം സമ്പാദിക്കുക. നിന്റെ വിനോദവചനങ്ങളോ സമ്പ്രദായങ്ങളോ ആർക്കെങ്കിലും വിമ്മി

ഷ്ണത്തിന്നൊ സങ്കടത്തിന്നൊ കാരണമാകുന്നെങ്കിൽ അവയെ ഉടനെ പരിത്യജിക്കുക. രോഗപീഡനിമിത്തം നിന്റെ സ്വഭാവഗുണത്തിന്നു മാറ്റമുണ്ടാകയും തന്നിമിത്തം നിന്നിൽ പെട്ടെന്നു കോപം ജ്വലിക്കുകയും ചെയ്യുന്നെങ്കിൽ ആ സമയത്തു നിന്റെമേൽത്തന്നെ പ്രത്യേകസൂക്ഷം ഉണ്ടായിരിക്കണം. പരസ്നേഹത്തിന്റെ ഈ മൂലതത്വങ്ങളെ നിന്റെ ജീവിതത്തിൽ നീ ഏതുവിധം അനുസരിച്ചുവരുന്നു? ഏതുവിഷയത്തിലാണു ന്യൂനതയുള്ളതു്?

സ്നേഹപ്രകരണങ്ങൾ:— യഥാർത്ഥമായ പരസ്നേഹത്തിന്നും അന്യോന്യം സഹിക്കുന്നതിന്നും വേണ്ടവയെല്ലാം ശരിയായി അനുസരിക്കുന്നതിന്നു് ആവശ്യമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുക:

പ്രതിജ്ഞ:— എല്ലാവരെയും രക്ഷിക്കുന്നതിന്നായി എല്ലാവർക്കും എല്ലാമായി എന്നു വിശുദ്ധ പൗലോസു് പറഞ്ഞിരിക്കുന്ന വചനങ്ങൾക്കനുസരണമായിത്തീരുവാൻ ശ്രമിക്കുക. (ഫ. കൊറീ. ൯. ൨൨)

മൂന്നാംവകുപ്പു

നമ്മുടെ കർത്താവിന്റെ ശാസനകളും വാഗ്ദാനങ്ങളുമാണ ഇതിന്നുള്ള മൂന്നാമത്തെ പ്രേരണ.

ധ്യാനം:— ഭയങ്കരദിവസമായ പൊതുവിധി ദിവസത്തിൽ നമ്മുടെമേൽ ഉണ്ടാകുന്നവിധി നമ്മുടെ പരസ്നേഹത്തിന്നനുസരണമായിരിക്കുമെന്നുള്ളതു് നമ്മുടെ കർത്താവു അരുളിച്ചെയ്തിട്ടുള്ള വചനങ്ങളിൽനിന്നു തെളിവാകുന്നു. "എന്റെ പിതാവിനാൽ അനുഗ്രഹീതരായവരെ വരുവിൻ.....എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നു, എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു.....ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു.....പിന്നെ അയാൾ ഇടതുഭാഗത്തുള്ളവരോടു പറയും: ശാപമേറ്റവരെ നിങ്ങൾ എന്നിൽനിന്നകന്നു.....നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നില്ല.....എനിക്കു ദാഹിച്ചു നിങ്ങൾ എനിക്കു കുടിക്കാൻ തന്നില്ല.....ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല; രോഗിയും ബന്ധനസ്ഥനും—നിങ്ങൾ—എന്നെ സന്ദർശിച്ചുമില്ല...ഏറ്റവും ചെറിയവരായ ഇവരിൽ ഒരുവനും നിങ്ങൾ

ചെയ്യാതിരുന്നപ്പോഴൊക്കയും നിങ്ങൾ എനിക്കും ചെയ്തില്ല (മത്തേ. ൨൫. ൪൫, ൪൬, ൪൨, ൪൫.)

പ്രായോഗികചിന്ത:- മറെറല്ലാം വിട്ടുകൊണ്ടു നാം നമ്മുടെ സ്വന്തം നന്മമാത്രം നോക്കുന്നതായാലും പരസ്നേഹത്തിൽ ഉത്തമരാകുവാൻ ശ്രമിക്കേണ്ടതാണെന്നു മേൽപറഞ്ഞവകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലൊ. അകയാൽ പരസ്നേഹത്തിനു വിരോധമായതെല്ലാം നീക്കുവാനും ഈ സ്നേഹത്തിന്റെ പ്രമാണങ്ങളെ ലംഘിക്കുന്നതിനു മുഖ്യകാരണമായ നമ്മുടെ സ്വാർത്ഥത്തെ നിർമ്മൂലയം ചെയ്തിട്ടു അതിനെ നിഗ്രഹിക്കാനും അത്യുത്സാഹത്തോടുകൂടെ ശ്രമിക്കുക.

സംതോഷണം:- പരസ്നേഹത്തെപ്രതി തങ്ങളെ മുഴുവനും ബലികഴിച്ചിട്ടുള്ളവരുടെ രാജനാകുന്ന നമ്മുടെ ജീവപ്രരക്ഷകനോടു സംതോഷണം ചെയ്യുക.

ഇരുപത്തൊമ്പതാം തിയ്യതി.

സഹോദരസ്നേഹത്തിന്റെ ലക്ഷണങ്ങൾ

പ്രാരംഭം ൧. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്നു് ഈശോ അരുളിച്ചെയ്യുന്നതു ഹൃത്തമനാ ശ്രവിക്കുക. (യോഹ. ൧൫. ൧൨.)

൨. പരസ്നേഹചൈതന്യം ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നമ്മുടെ പരസ്നേഹം സ്വഭാവാതിതവും
സാവ്വത്രികവും ആയിരിക്കണം.

ധ്യാനം.- താൻ നമ്മെ സ്നേഹിച്ചതുപോലെ നമ്മളും അന്യോന്യം സ്നേഹിക്കണമെന്നാണു് ഈശോ അരുളിവാഞ്ഛിക്കുന്നതു്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം." അവിടുന്നു നമ്മുടെനേക്കു കാണിച്ച സ്നേഹം പ്രകൃത്യതീതവും പ്രവൃത്തിപരവും സാവ്വത്രികവും കരുണ, അനുകമ്പ, വീര്യപരാക്രമം അടിയായതുമായി

രുന്നു. അന്യരോടു നമുക്കുണ്ടാകേണ്ട സ്നേഹവും ഈ വിശിഷ്ടഗുണങ്ങളോടുകൂടിയതായിരിക്കണം. ഫ. സ്വഭാവാതീതമായതായിരിക്കണം. അതായതു്: അതു് വിശ്വാസമെന്ന അടിസ്ഥാനത്തിൽനിന്നു പുറപ്പെടണം. നമ്മുടെ സഹോദരർ ദൈവത്തിന്റെ സജീവപ്രതിമകളും ഈശോയുടെ ആദ്ധ്യാത്മികശരീരത്തിന്റെ അംഗങ്ങളുമാകുന്നു എന്ന വിചാരത്താൽമാത്രം അവരെ നാം സ്നേഹിക്കണം. "ഏറ്റവും ചെറിയവരായ എന്റെ ഈ സഹോദരരിൽ ഒരുവനു ചെയ്തപ്പോഴൊക്കെയും എനിക്കുതന്നെയാണു് നിങ്ങൾ ചെയ്തതു്" എന്ന വാക്കുകളാൽ തന്നോടു അവർക്കുള്ള അവശ്യവും അവിഭാജ്യവുമായ ബന്ധത്തെ അവിടുന്നുതന്നെ വിശദീകരിച്ചിട്ടുണ്ടല്ലോ (മത്തേ. 25-ാ. 40.) നമ്മുടെ സഹോദരന്മാർ ദൈവത്തിന്റെ മക്കളും ഈശോയുടെ സഹോദരന്മാരും ആയിരിക്കുന്നതിനാൽ അവരോടുനേർക്കു നമുക്കുണ്ടാകേണ്ട സ്നേഹം പ്രകൃത്യതീതമാകേണ്ടതുപോലെ സാവ്വത്രികവുമായിരിക്കണം; അതായതു: ഒരുത്തനേയും നിരാകരിക്കാതെ സർവ്വരേയും സമഭാവനയോടെ അഭിഷ്വക്കുന്നതിനു വ്യാപ്തിയുള്ളതായിരിക്കണം.

പ്രായോഗികചിന്ത:- അനേകം കൃസ്ത്യാനികൾ മറ്റുള്ളവരെ സ്നേഹിക്കുന്നുണ്ടു്; എങ്കിലും അവരുടെ സ്നേഹം പ്രകൃത്യതീതമോ സാവ്വത്രികമോ അല്ല, ലൗകികമായ പ്രയോജനപ്രയോഗികതകൊണ്ടോ, സ്വഭാവഗുണംകൊണ്ടോ, ശരീരസൗന്ദര്യാദിവിശേഷങ്ങളാലോ തങ്ങളുടെ ബഹുമാനാദരങ്ങൾക്കു പാത്രീഭവിക്കുന്നവരെമാത്രമേ ഇവർ സ്നേഹിക്കുന്നുള്ളു. അതാണു ഇതിനുള്ള കാരണം. ഈ തരത്തിലുള്ളവർക്കു വേണ്ട ആചാരോപചാരങ്ങൾ ചെയ്യുന്നതുകൊണ്ടു് തങ്ങൾക്കു പരസ്നേഹം ഉണ്ടെന്നു കരുതി അവർ സന്തോഷിച്ചുംവരുന്നു. എന്നാൽ ഇങ്ങനെ പ്രകൃത്യാ തങ്ങൾക്കു ഇഷ്ടപ്പെടാത്തവരോടാവട്ടെ യാതൊരു ആദരവോ സ്നേഹമോ കൂടാതെ വർത്തിക്കുന്നു എന്നു മാത്രമല്ല പലപ്പോഴും വിദ്വേഷവും പ്രദർശിപ്പിക്കുന്നു. ഇത്തരക്കാരിൽ പരസ്നേഹത്തിന്റെ വ്യാജപ്രകടനമല്ലാതെ യഥാർത്ഥമായ പരസ്നേഹത്തിന്റെ കണികപോലുമില്ല. സ്വാർത്ഥത, നീചമായ ആത്മസംതൃപ്തി, മുഖപ്രീതി മുതലായ നികൃഷ്ടദോഷങ്ങളാണു് പരസ്നേഹത്തിന്റെ മറയിൽനിന്നുകൊണ്ടു ഇവരിൽ പ്രവൃത്തി നടത്തുന്നതു് എന്നു് ഈ സാധുക്കൾ അറിയുന്നില്ല.

നീയും ഒരുപക്ഷെ ഈ ഗണത്തിൽപെട്ടവനായിരിക്കാം. എന്നാൽ ഇനിയെങ്കിലും ഈ വഞ്ചനയിൽനിന്നു വിമുക്തനാകുക. ഈശോയിൽ എല്ലാവരേയും, യാതൊരു വ്യത്യാസവുംകൂടാതെ സ്നേഹിക്കാൻ ഇടവരുത്തുന്ന യഥാർത്ഥ പരസ്നേഹം സമ്പാദിക്കാൻ അത്യുത്സാഹത്തോടെ ശ്രമിക്കുക. വിശേഷിച്ചും നമ്മെ നമ്മെ സഹായിക്കുന്നവരെയും നമുക്കു ഭക്തിമുഷ്ഠാന്തിക്കു കാരണമാകുന്നവരെയും വിശേഷവിധത്തിൽ സ്നേഹിക്കുന്നതു് മേൽപറഞ്ഞതിനു വിരോധമാകയില്ല; എങ്കിലും ഇതു് വിപൽക്കരമായ സ്വാഭാവികസ്നേഹമായി പരിണമിക്കാതിരിക്കാൻ അസാമാന്യമായ ശ്രദ്ധയോടെ സൂക്ഷിച്ചുകൊള്ളണം.

സ്നേഹപ്രകരണങ്ങൾ:— ഉത്തമ പരസ്നേഹം നിന്നിൽ വർദ്ധിച്ചു ശോഭിക്കാൻ തീവ്രമായാഗ്രഹിക്കുക.

പ്രതിജ്ഞ:— പരസ്നേഹത്തിൽ അഭ്യസിക്കുമ്പോൾ സ്വസ്നേഹത്തിന്റെയും ജഡികസ്നേഹത്തിന്റെയും വഞ്ചനയിൽ അകപ്പെടാതിരിക്കാൻ ജാഗരൂകനായിരിക്കുക.

രണ്ടാംവകുപ്പു

പരസ്നേഹം പ്രവൃത്തിപരവും അനുകമ്പാപൂർണ്ണവുമായിരിക്കണം.

ധ്യാനം:— ഈശോയ്ക്കു മനുഷ്യരുടെ നേർക്കുണ്ടായിരുന്ന സ്നേഹം, അവിടുത്തെ ഹൃദയത്തിൽ നിഗ്രഥമായി സ്ഥിതിചെയ്യുകയല്ല, സജീവമായ പ്രവൃത്തികളിലൂടെ വെളിയിൽ പ്രത്യക്ഷപ്പെടുകയാണു" ചെയ്തിട്ടുള്ളതു്. നാം അറിഞ്ഞിരിക്കുന്നതുപോലെ അവിടുത്തെ പ്രസിദ്ധജീവിതം ആർദ്രതാപൂർണ്ണവും നിരന്തരമായ പരസ്നേഹക്രിയകളാൽ ബഹുലവുമായിരുന്നു.

പ്രായോഗികചിന്ത:— നിന്റെ പരസ്നേഹത്തിനു് ഈ ലക്ഷണങ്ങളുണ്ടോ? അതു് പ്രവൃത്തിപരമാണോ? നിന്റെ സഹോദരരെ ആശ്വസിപ്പിക്കുന്നതിനും സന്തോഷിപ്പിക്കുന്നതിനുമായി നിന്റെ അധീനത്തിലുള്ള മാർഗ്ഗങ്ങളൊക്കെയും ഉത്സാഹത്തോടുകൂടെ പ്രയോഗിക്കുന്നുണ്ടോ? നിന്റെ സഹോദരന്മാർക്കു അവശ്യമെന്നു നീ കാണുന്ന അവസരങ്ങളിൽ അവരെ നീ സഹായിക്കുന്നുണ്ടോ? അതോ അവർ തങ്ങളുടെ ശക്തിയെ കവിയുന്ന അല്പകാര്യങ്ങളിൽ അകപ്പെട്ടിരിക്കുമ്പോൾകൂടെയും സഹായിക്കുന്നതിനു നിനക്കു കഴിവുണ്ടായിട്ടും അതു് ചെയ്യാതെ സഹതാപവചനങ്ങളാൽമാത്രം തൃപ്തിപ്പെടുന്നോ? അവർക്കു സ

ഹായംചെയ്യാൻ നിയുക്തനാകുമ്പോൾ നീ പ്രസന്നവദനനായിട്ടോ അഥവാ അതൃപ്തിയും അസന്തുഷ്ടിയും സ്പുരിക്കുന്ന മുഖത്തോടുകൂടിയോ എങ്ങിനെയാണ് അവരെ സമീപിക്കുന്നതു്? നിന്റെ വിശ്വാസം സജീവമായിരുന്നെങ്കിൽ പരസ്നേഹം നിന്നിൽ പ്രശസ്തമായ അവസ്ഥ പ്രാപിക്കുമായിരുന്നു! ഈ വിശ്വാസം ഉണ്ടായിരുന്നെങ്കിൽ നിന്റെ സഹോദരർ നിന്റെ സഹായം അഭ്യർത്ഥിക്കുന്നതിനുപോലും താമസിച്ചുനില്ക്കാതെ അവരുടെ ആവശ്യങ്ങൾ ദൂരദൃഷ്ട്യാ കണ്ടു് അവയെ നിവർത്തിച്ചുകൊടുക്കുന്നതിനു നീ സദാ ബദ്ധശ്രദ്ധനാകുമായിരുന്നു. തന്റെ സഹോദരനു ചെയ്യുന്നതു ക്രിസ്തുവിനുതന്നെ ചെയ്യുന്നു എന്നു വിശ്വസിക്കുന്ന ഏതൊരുവനു് പരസ്നേഹകൃത്യങ്ങളിൽ ഉദാസീനതയാവിക്കാൻ കഴിയും?

സ്നേഹപ്രകരണങ്ങൾ:- തീക്ഷ്ണമായ വിശ്വാസവും, അന്യരെക്കുറിച്ചു വലിയ കഷ്ടതകളും സഹിക്കുന്നതിനുള്ള ആഗ്രഹവും ലഭിക്കുന്നതിനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ആരെങ്കിലും നീ നിമിത്തം അപമാനമോ, സങ്കടമോ ഉണ്ടായാൽ അതു് നീ മനഃപൂർവ്വം വരുത്തിയതല്ലാതിരുന്നാലും ക്ഷമാപണം ചെയ്യുക. അനന്തരം മുമ്പിലത്തേതിലും അധികം സ്നേഹവും ബഹുമാനവും അവരോടു പ്രദർശിപ്പിക്കുക.

മൂന്നാംവകുപ്പു്

പരസ്നേഹം ഉദാരവും വീരോചിതവും ആയിരിക്കണം.

ധ്യാനം:- നമ്മുടെനേർക്കു ഈശോയ്ക്കുണ്ടായിരുന്ന അതുല്യമായ സ്നേഹം നമ്മുടെ ശാരീരികാവശ്യങ്ങളെക്കാൾ അത്യധികം നമ്മുടെ ആത്മികാവശ്യങ്ങളെ ലക്ഷീകരിച്ചുള്ളതായിരുന്നു. നമ്മുടെ ആത്മികോൽക്കർഷത്തെ ഉദ്ദേശിച്ചു് അവിടുന്നു ചെയ്ത സ്നേഹകൃത്യങ്ങൾ പരമമായ പരിത്യാഗത്തിന്റെയും നിസ്തുലമായ ഔദാര്യത്തിന്റെയും ദൃഢമായ വീരപരാക്രമത്തിന്റെയും തികഞ്ഞ മാതൃകകളായിരുന്നു. പുൽത്തൊട്ടിമുതൽ കുരിശുമരണംവരെ നീളുന്ന അവിടുത്തെ ജീവിതത്തിൽ ദീപ്തിമത്തായ എത്രയെത്ര സ്നേഹകൃത്യങ്ങൾ നമുക്കു കാണാൻ കഴിയും! "തന്റെ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവനെ ത്യജിക്കുന്നതിനെക്കാൾ, അധികമായ സ്നേഹം ആർക്കുമില്ല" എന്നു് അവിടുന്നുതന്നെ അരുളിച്ചെയ്തിട്ടുള്ള വാക്യവും ഈ പ്രകൃതത്തിൽ സ്മരണീയ

മാണ്. (യോഹ. ൧൭. ൧൩)

പ്രായോഗികചിന്ത:— നിന്റെ പരസ്നേഹത്തിന്റെ മാതൃകയും മാനദണ്ഡവുമായി നീ സ്വീകരിക്കേണ്ടതു് ഇതാണ്. അന്യരുടെനേരെ നാം കാണിക്കുന്ന സ്നേഹം ഔദാര്യമുള്ളതു— വിശാലഹൃദയത്തിൽനിന്നു പുറപ്പെടുന്നതു — ആയിരിക്കണം. മാത്രമല്ലാ, അവരുടെ ആത്മികനന്മകളെപ്രതിയും, ചിലപ്പോൾ, ശാരീരികനന്മകൾക്കായും വേണ്ടിവന്നാൽ വീരോചിതമായ ത്യാഗവും സഹനവും കൈവരിക്കാൻ സസന്തോഷം സന്നദ്ധമായിരിക്കണം. എന്നാൽ ഇത്തരം ഗൗരവമേറിയ സന്ദർഭങ്ങൾ വളരെ ദുർല്ലഭമായേ നേരിടുകയുള്ളൂ. അതുകൊണ്ടു് നമ്മുടെ പ്രതിദിനജീവിതത്തിൽ പ്രസ്തുത പരസ്നേഹചൈതന്യത്തോടുകൂടെ ചെയ്യാവുന്ന സാധാരണ പ്രവൃത്തികളെന്തെല്ലാമെന്നു് അരായുക. നമ്മുടെ നിസ്സാരസഹായങ്ങളെ ഒരിക്കലും അവക്കു ചെയ്യാതിരിക്കരുതു്. നമ്മുടെ പ്രോത്സാഹനങ്ങളും അഭിനന്ദനങ്ങളും യഥാവസരം അവർക്കു ഒരിക്കലും ലഭിക്കാതെ പോകരുതു്. വിശേഷിച്ചും, നമ്മുടെ സന്മാതൃകയും ശുശ്രൂഷാന്തിയുംമൂലം അവക്കു സദാ ഉത്സാഹവും നൽകിക്കൊണ്ടിരിക്കണം. നമ്മുടെ പ്രാർത്ഥനകളിൽ അവരെ ഒരിക്കലും വിസ്മരിക്കയുമരുതു്. നമ്മുടെ സഭയുടെ അഭിവൃദ്ധിക്കും, തങ്ങളുടെ മാതൃകാജീവിതവും പുണ്യസുഗന്ധവുംകൊണ്ടു് അനേകരെ ദൈവത്തിലേക്കാകർഷിക്കുന്ന പരാക്രമയോദ്ധാക്കളുടെ സംഖ്യാവർദ്ധനവിനുംവേണ്ടി നാം തീവ്രമായി പ്രാർത്ഥിക്കണം. ഈ സംഗതികൾ മുൻനിറുത്തിക്കൊണ്ടു നിന്റെ പരസ്നേഹത്തെ നിഷ്കർഷാപൂർവ്വം പരിശോധിക്കുക. നീ പതിവായി ഏതു കാര്യത്തിലാണു് ഉദാസീനനായിരിക്കുന്നതു്?

സംഭാഷണം:— തിരുസ്സഭയുടെയും സകല വിശ്വാസികളുടെയും സംരക്ഷകനായിരിക്കുന്ന വി മിഖായേൽ അതിദൂതനോടു സംഭാഷണംചെയ്യുക. ഇന്നു തിരുസ്സഭ ഈ ദൈവദൂതന്റെ തിരുനാൾ ആചരിക്കുന്നു.

മുപ്പതാം തിയ്യതി

മാത്താ മരിയ എന്ന ഇരു സഹോദരിമാരുടെ ഭവനത്തിൽ ഈശോ താമസിക്കുന്നു.

പ്രാരംഭം ഫ. ഈശോയുടെ തൃപ്പാദങ്ങളിൽ വി. മരിയ മഗ്ദലേന പരമധ്യാനത്തിൽ ഇരിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ. ധ്യാനജീവിതത്തോടുകൂടെ പരസ്നേഹപ്രവൃത്തികളെയും യോജിപ്പിക്കാൻവേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

മാത്തയേയും മരിയയേയും ഈശോ സന്ദർശിക്കുന്നു.

ധ്യാനം:— നമ്മുടെ കർത്താവു കഫർണ്ണാമിൽനിന്നു പുറപ്പെട്ടിട്ടു്, അവിടത്തെയ്ക്കു നിശ്ചിതഭവനം ഇല്ലാതിരുന്നതിനാൽ ഭക്ഷണത്തിനും താമസത്തിനും ഉദാരമതികളായ ജനങ്ങളുടെ സ്നേഹാദരങ്ങളെ ആശ്രയിച്ചാണു് അവിടുന്നു കഴിഞ്ഞുകൂടിയിരുന്നതു്. അതിനാൽ വി. ലൂക്കാസ് പറയുന്നതുപോലെ, അവർ പോകയിൽ അവിടുന്നു് ഒരു ഗ്രാമത്തിൽ പ്രവേശിച്ചു. മാത്താ യെന്നു പേരുള്ള ഒരു സ്ത്രീ തന്റെ വീട്ടിൽ അവിടത്തെ സ്വീകരിച്ചു. അവൾക്കൊ മരിയ എന്നു പേരുള്ള ഒരു സഹോദരിയുണ്ടായിരുന്നു. അവൾ കർത്താവിന്റെ തൃപ്പാദത്തിങ്കൽ ഇരുന്നു് അവിടത്തെ വചനങ്ങൾ ശ്രവിച്ചിരുന്നു. എന്നാൽ മാത്തായാവട്ടെ വിവിധ പരിചര്യകളിൽ വ്യാപൃതയായിരുന്നു. (ലൂക്കാ. ഫ. ൧൦—൪൦.)

പ്രായോഗികചിന്ത:— ഈ സഹോദരിമാരുടെ അഭിലാഷങ്ങളും സ്വഭാവവും അന്യോന്യം വിപരീതമായിരുന്നിട്ടും ഇവർ പൂർണ്ണമനഃസംയോജ്യതയിലും സ്നേഹൈകൃതയിലും വർത്തിച്ചിരുന്നു. ഇവരിൽ മരിയ മഗ്ദലേന ധ്യാനപരമായ ജീവിതത്തിന്റെയും, മാത്താ പ്രവൃത്തിപരമായ ജീവിതത്തിന്റെയും മാതൃകയാകുന്നു എന്നാണു് വേദപാരംഗതന്മാരുടെ അഭിപ്രായം. ഒരുത്തി ഈശോയുടെ പാദാരവിന്ദങ്ങളെ അഭയസ്ഥാനമാക്കി അവിടത്തെ സുമധുരമായ വചനാമൃതമാസ്വദിച്ചു് ധ്യാനനിഷ്ഠയിൽ ലയിച്ചിരിക്കുന്നു. മറവശം അവിടത്തെ സൽക്കരിക്കുന്നതിൽ ബദ്ധശ്രദ്ധയായി ഗൃഹജോലിയിൽ വ്യാപൃതയായിരിക്കു

ന്നു. ഇവരുടെ വ്യാപാരത്തിൽ വൈവിധ്യമുണ്ടെന്നല്ലാതെ ഉദ്ദേശത്തിൽ യാതൊരു വൈപരീത്യവുമില്ല. രണ്ടുപേരും ഒരേ ഉദ്ദേശ്യത്തോടുകൂടി—തങ്ങളുടെ പ്രേമഭാജനമായ ഗുരുവിനെ യഥാശക്തി സന്തോഷിപ്പിക്കണമെന്ന പരിശുദ്ധോദ്ദേശ്യത്തോടുകൂടി—പ്രവർത്തിക്കുന്നു. എന്നാൽ ഇവിടെ നമ്മുടെ ചിന്താവിഷയമാകേണ്ടതു് ഈ സഹോദരിമാരിൽ കാണുന്ന വ്യത്യസ്തമായ ജീവിതരീതികളും രണ്ടും—ധ്യാനപരജീവിതവും പ്രവർത്തിപരജീവിതവും—ഒരേസ്ഥലത്തു സംയോജിച്ചു വർത്തിക്കുമോ എന്നാണു്. അതായതു്: ഒരുത്തനു് ഒരേസമയത്തുതന്നെ ഈ ഇരുജീവിതരീതികളും അനുവർത്തിക്കാൻ സാധിക്കുമോ? സാധിക്കും. മാത്രമല്ല, ഇതു നമ്മിൽ പലരുടേയും ഒരു കടമയുംകൂടെയാണു്. നമ്മുടെ ജീവിതവിശുദ്ധിയെ ഇതു് അത്യന്തപ്രയോജനമായി അഭിവൃദ്ധമാക്കുമെന്നുകേട്ടാൽ അനുഗ്രഹദായകമായ ഈ ജീവിതരീതിയെ തന്നെ അനുസരിക്കാതിരിക്കയില്ല. ഈ ഇരു സമ്പ്രദായങ്ങളുടെ സൗഭാഗ്യകരമായ സംയോജിത എന്തിലാണു് അടങ്ങിയിരിക്കുന്നതു്? ഇതു നമ്മുടെ പ്രതിദിന ജപധ്യാനങ്ങളും ക്ഷേത്രതീർത്ഥങ്ങളും അതോടുകൂടെ ചില പരസ്നേഹപ്രവൃത്തികളും ചെയ്തുകൊണ്ടുള്ള ഒരു ജീവിതത്തിലാണോ അന്തർവിലീനമിരിക്കുന്നതു്? അല്ല. പ്രസ്തുത ജീവിതത്തിനു് ഇതുമാത്രം മതിയെങ്കിൽ ഇന്നു സന്ന്യാസജീവിതം അനുഷ്ഠിക്കുന്നവരെല്ലാംതന്നെ അതിവിശിഷ്ടമായ ഈ ജീവിതരീതി അനുസരിക്കുന്നവരാണെന്നു പറയേണ്ടിവരും. ഇതിൽ യാതൊരു അസാധാരണത്വവും വിഷമതയും ഇല്ലെന്നു സമ്മതിക്കേണ്ടതായും വരും. നമ്മുടെ ഹൃദയത്തെയും അഗ്രഹങ്ങളേയും ദൈവത്തിൽ സംസ്ഥാപിച്ചു് അങ്ങയിൽനിന്നു ഒരിക്കലും വ്യതിക്രമിക്കാതെ സദാ അവിടുത്തോടു യോജിച്ചു വസിക്കാൻ ശ്രമിക്കുക. ബോധപ്പൂർവമിതിനു കാരണമായേക്കാവുന്ന ഏതെല്ലാം ലൗകികവ്യവഹാരങ്ങളിൽ ഉഴപ്പെട്ടിരുന്നാലും നമ്മുടെ ഹൃദയം സർവ്വദാ അവിടുത്തോടു യോജിച്ചുതന്നെ ഇരിക്കുക—നമ്മുടെ അന്തരംഗത്തിൽ എപ്പോഴും ദൈവത്തെ ദർശിച്ചുകൊണ്ടിരിക്കുക—ഇതാണു പ്രസ്തുത ജീവിതത്തിനു അവശ്യം വേണ്ട സംഗതി. ഒരുപക്ഷേ ഉപകാരപ്രദമായ ഈ അറിവു നിനക്കു് ഇപ്പോഴെ ലഭിച്ചുള്ള എന്നുവരാം. ഈ സംഗതികളെ അടിസ്ഥാനമാക്കി നിന്റെ പഴയ ജീവിതത്തെ ഒന്നു പരിശോധിച്ചുനോക്കുക.

സ്നേഹപ്രകരണങ്ങൾ:— ആശ്ചര്യകരമായ ഈ യോജിപ്പു പ്രാപിപ്പാൻ പരിശുദ്ധാത്മാവിനാൽ നിന്നെ പഠിപ്പിക്കേണമെന്നു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഏതെങ്കിലും സുകൃതജപം പതിവായിച്ചൊല്ലിക്കൊണ്ടു നിന്നെ ദൈവത്തോടേകീകരിക്കാൻ സദാ ശ്രമിക്കുക.

രണ്ടാംവകുപ്പു

മാത്തായുടെ ആവലാതിക്കു നമ്മുടെ കർത്താവു നൽകിയ പ്രത്യുത്തരം.

ധ്യാനം:— ക്ഷേണസമയമാകുന്നതുവരെ മരിയ ഈശോയുടെ പാദത്തിങ്കൽ, അവിടുത്തെ ദിവ്യവചനാമൃതം പാനംചെയ്തു് ആത്മസംതൃപ്തിയടഞ്ഞുകൊണ്ടിരുന്നു. മാത്തയാവട്ടെ വീട്ടുജോലികളിൽ ഏർപ്പെട്ടു വിചാരബഹുലതയോടുകൂടെ ഓരോന്നു ഒരുക്കുകയായിരുന്നു. ഉത്സാഹരഹിതയായി ജോലിചെയ്തുകൊണ്ടിരുന്ന മാത്തയുടെ ദൃഷ്ടിയിൽ മരിയ അലസയും തന്നോടു തീരെ അനുകമ്പയില്ലാത്തവളുമായിക്കണ്ടു. അവൾ ഉടനെ തന്റെ ആവലാതിയുമായി ഗുരുസമക്ഷം എത്തിക്കഴിഞ്ഞു: "കർത്താവെ, എന്റെ സഹോദരി, എന്നെത്തനിയെ ഈ പരിചര്യകൾക്കു വിട്ടിരിക്കുന്നതിനെക്കുറിച്ചു് നിനക്കു വിചാരമില്ലയോ? എന്നെ സഹായിക്കുവാൻ അവളോടു കല്പിച്ചാലും, എന്നു പറഞ്ഞു. അപ്പോൾ, കർത്താവു അവളോടു പ്രതിവചിച്ചു: മാത്താ, മാത്താ നീ വിവിധപരിചര്യകളിൽ വ്യാപൃതയായി വിഷമിക്കുന്നു. എന്നാൽ ആവശ്യമായ കാര്യം ഒന്നേയുള്ളു, മരിയ ഉത്തമമായ ഭാഗം തെരിഞ്ഞെടുത്തിരിക്കുന്നു, അതു് അവളിൽനിന്നു നീക്കപ്പെടുകയില്ല. (ലൂക്കാ. ൧൦. ൪൦, ൪൨.)

പ്രായോഗികചിന്ത:— നമ്മുടെ കർത്താവിന്റെ അത്ഥസംപൂർണ്ണമായ ഈ വാക്കുകളെപ്പറ്റി നമുക്കു ചിന്തിക്കാം. ൧. നീ പലകാര്യങ്ങളെക്കുറിച്ചു വിചാരപ്പെട്ടിരിക്കുകയും വിഷമിക്കുകയും ചെയ്യുന്നു." കഷ്ടം! കേവിവൈരാഗ്യമുള്ള സന്ന്യാസികളിൽ തന്നെയും എത്രപേർ ഈ കുറ്റാരോപണത്തിനു യോഗ്യരായിരിക്കുന്നു! അവർ തങ്ങളുടെ സ്വന്തം കടമകളുടെ നിവൃത്ഥനത്തിൽ ഉദാസീനരായിരിക്കുകയും തങ്ങൾക്കേല്പിക്കപ്പെടാത്ത കാര്യങ്ങളിൽ ഏർപ്പെടുകയും അവയുടെ പരിണാമത്തെ

പ്പറയുള്ള ആശങ്കകളാൽ സദാ അസ്വസ്ഥരാകുകയുംചെയ്യുന്നു. ഈശോയുടെ ഈ കുറ്റാരോപണം നീ ഏതു വിധത്തിലെങ്കിലും അർഹിയ്ക്കുന്നുണ്ടോ എന്നു ചിന്തിച്ചു നിന്നെത്തന്നെ തിരുത്തിക്കൊള്ളുക. വ. "ആവശ്യമായ കാര്യം ഒന്നേയുള്ളൂ" അതായതു്: മനുഷ്യക്ക ലോകജീവിതത്തിൽ ആവശ്യമുള്ള വസ്തുക്കൾ നിരവധിയാകുന്നു. എന്നാൽ അത്യന്താപേക്ഷിതമായ, കേവലം ഒഴിച്ചുകൂടാത്തതായ, കാര്യം ഒന്നു മാത്രമേയുള്ളൂ. അതു നമ്മുടെ ഏകാന്ത്യമായ നിത്യരക്ഷ പ്രാപിയ്ക്കുക എന്നിതാണു". ഇതിനെക്കുറിച്ചു നീ ഏതുവിധം വിചാരിച്ചുവരുന്നു? പ്രഭാതത്തിൽ നീ ഉണരുമ്പോൾ ഇതു് നിന്റെ ആദ്യ വിചാരവും രാത്രി നിദ്രയ്ക്കു പോകുമ്പോൾ ഇതു നിന്റെ അവസാനചിന്തയും ആയിരിക്കുന്നുണ്ടോ? വ. "മരിയ ഉത്തമമായ ഭാഗം തെരിഞ്ഞെടുത്തിരിക്കുന്നു. അതു് അവളിൽനിന്നു നീക്കപ്പെടുകയുമില്ല." മരിയ തെരിഞ്ഞെടുത്ത ഭാഗം—ധ്യാനപരമായ ജീവിതം—അത്യുത്തമമെന്നു നമ്മുടെ കർത്താവു പ്രശംസിക്കുന്നതെന്തുകൊണ്ടു്? എന്തുകൊണ്ടെന്നാൽ, അതു് ബാഹ്യകൃത്യങ്ങൾപോലെ ക്ഷണത്തിൽ നഷ്ടപ്പെടാതെ ശാശ്വതമായി നിൽക്കുന്നു; അതു് മരണത്തെ അതിജീവിച്ചു്, ഇഹത്തിൽ നമുക്കു സൌഭാഗ്യദായകമാകുന്നതുപോലെ പരത്തിൽ നമ്മുടെ സ്വർഗ്ഗീയാനന്ദത്തിന്റെ നിത്യമായ ഒരു ഉൽപത്തി സ്ഥാനവുമായിരിക്കും. ഈ തു ദൈവത്തിന്റെ അനന്തമായ സൌന്ദര്യത്തെയും വിശ്വസ്തയേയും നമ്മുടെ മുമ്പിൽ ആവിഷ്കരിക്കുകയും തല്പരാനന്ദമെ അതിതീവ്രമായ സ്നേഹത്താൽ പ്രോജ്ജ്വലിപ്പിക്കുകയും ചെയ്യും. ദൈവദർശനത്തിൽനിന്നു് ഉൽഭൂതമാകുന്ന ഈ സ്നേഹപാരമ്യമാണു് സ്വർഗ്ഗസൌഭാഗ്യം. ധ്യാനംവഴിയായി സ്നേഹവും അതിന്റെ അനന്തരഫലങ്ങളായ ധീരോദാത്തതയും, വിശാലമനസ്കതയും നമുക്കു സംസിദ്ധമാകുമെന്നതിനു വി. മരിയ മഗ്ദലേനതന്നെ സാക്ഷിയാണു". ധ്യാനജീവിതമെന്ന ഉത്തമാംശം തെരിഞ്ഞെടുത്ത മരിയ, യാതൊന്നുംഭയപ്പെടാതെ കാൽവരി മലയിൽ നമ്മുടെ കർത്താവിന്റെ കുരിശിൻ ചുവട്ടിലോളം അങ്ങയെ സധീരം അനുഗമിച്ചു; മാത്തായുടെ അനന്തര കഥകളെപ്പറയിയാവട്ടെ സുവിശേഷകൻ മൌനമവലംബിക്കുകയും ചെയ്തിരിക്കുന്നു.

സംഭാഷണം:— ഇന്നു തിരുസ്സഭകൊണ്ടാടുന്ന വിശുദ്ധയേ

പോരംഗതനായ വി. ജെറോമിനോട്ട സംഭാഷണം ചെയ്യുക. ധ്യാനപരവും പ്രവൃത്തിപരവുമായ സംയുക്തജീവിതം, അനുസരിപ്പാൻ വേണ്ട അനുഗ്രഹം ലഭിച്ചു തരേണമെന്ന് ഈ ഭാഗത്തോട്ട പ്രാർത്ഥിക്കുക.

ഒക്ടോബർ ഒന്നാംതിയ്യതി

പരിശുദ്ധ ജപമാലഭക്തി *

പ്രാരംഭം ഫ. പരിശുദ്ധ ദൈവജനനി വി. ഡോമിനിക്കിന്നു പ്രത്യക്ഷയായി ജപമാലഭക്തി പഠിപ്പിക്കുന്നതു് ഓർമ്മനാടർശിക്കുക.

ഫ. ജപമാലയുടെ വിശേഷതയും അതിൽനിന്നു ലഭിക്കാവുന്ന നന്മകളും നന്നായി ഗ്രഹിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ജപമാലയുടെ ഉത്ഭവം.

ധ്യാനം:- ജപമാല ഭക്തിയുടെ ആരംഭം ക്രി.വ്യ. വർഷത്തിലാണു്. അതു് തിരുസ്സഭയ്ക്കും, ഫ്രാൻസുരാജ്യത്തിന്നു പ്രത്യേകിച്ചും, യൂറോപ്പുഖണ്ഡത്തിന്നു പൊതുവെയും ഉദ്ധരിതഹേതുകമായ ഒരു വിപൽഘട്ടമായിരുന്നു. അൽബിജെൻസസ് എന്ന പതിതരിൽനിന്നു ഫ്രാൻസ് രാജ്യം, ഫ്രാൻസിന്റെ ദക്ഷിണപ്രദേശങ്ങളും പ്രത്യേകിച്ചും, അനുഭവിച്ച കഷ്ടനഷ്ടങ്ങളും ദുർന്നിവാരങ്ങളായിരുന്നു. കൊലയും കൊള്ളയും കൊണ്ടു് ആ പ്രദേശം മുഴുവൻ ശൂന്യമായി. കലഹവും അസമാധാനവും സർവ്വത്ര പ്രചരിച്ചു. ഭയങ്കരമായ ഈ വിപത്തിന്റെ കാരണകർത്താക്കളെ പരാജിതരാക്കാനും മാനസാന്തരപ്പെടുത്താനും ശാന്തരാക്കാനും തല്പരരാ ജനാവലിയെ ദുരിതത്തിൽനിന്നു മോ

---

* ജപമാല രാജ്ഞിയുടെ തിരുനാളിൽ ഈ ധ്യാനം എടുക്കാം. 1917-ൽ പരി. അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട ജപമാലഭക്തിഇക്കാലത്തെ ദുരിതങ്ങൾക്കുള്ള പ്രതിവിധികളിൽ ഒന്നായി നിശ്ചയിച്ചുതന്നിട്ടുണ്ടു്.

ചിക്കാനും പലതും പലവഴിക്കും പരിശ്രമിച്ചു. പക്ഷെ എല്ലാം വിഫലമാകയാണുണ്ടായതു്. ഒടുവിൽ പ്രസംഗികളുടെ സഭാ സ്ഥാപകനായ വി. ഡോമിനിക്കിനെ അവിടേക്കയച്ചു. ഇദ്ദേഹം ദൈവജനനിയിൽ സമ്പൂർണ്ണമനാ ആശ്രയിച്ചുകൊണ്ടു് ഈ പരമ നായികയുടെ സഹായം പ്രാർത്ഥിപ്പാൻ തുടങ്ങി. ഈ ആശ്രയ വും പ്രാർത്ഥനയും വ്യർത്ഥമായിപ്പോയില്ല. എന്തുകൊണ്ടെന്നാൽ ദൈവജനനി ഇദ്ദേഹത്തിനു പ്രത്യക്ഷയായി ജപമാല ഭക്തി വെളിപ്പെടുത്തുകയും, ഈ ഭക്തി ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതായാൽ അദ്ദേഹത്തിന്റെ പരിശ്രമങ്ങളും പ രിപൂർണ്ണമായ വിജയത്തിലെത്തുമെന്നു വാഗ്ദാനം ചെയ്കയും ചെയ്തു. ഈ വാഗ്ദാനം പ്രത്യക്ഷരം നിവർത്തിതമായി. ഇദ്ദേഹ ത്തിന്റെ പരിശ്രമത്താൽ ജപമാല പല സ്ഥലത്തും ജനങ്ങളും ഭക്തിപൂർവ്വം ജപിച്ചുതുടങ്ങി. ഇതിനെ തുടർന്നു് ആശ്ചര്യാവഹ മായ മാനസാന്തര പ്രവാഹവുമാരംഭിച്ചു. ലക്ഷത്തിലധികം പ തിതരും, മൂർക്ഖരായ അനേകം പാപികളും മാനസാന്തരപ്പെടുക യും ഇങ്ങിനെ ഈ ഭക്തിയുടെ വിസ്മയനീയ ശക്തി പ്രസ്പഷ്ടമാ കയും ചെയ്തു. അതിനാൽ ഈ ഭക്തി സകല ക്രിസ്തീയ രാജ്യ ങ്ങളിലും അചിരേണ പ്രചരിച്ചു. ക്രമേണയും വി. പാപ്പാമാർ ജപമാല സഘം ഏർപ്പെടുത്തുകയും അതിനു് അനേക ണ്ഡ വിമോചനങ്ങളും കല്പിച്ചു നൽകുകയും ചെയ്തു. മാത്രമല്ലാ, ഒ ക്ടോബർ മാസത്തിന്റെ ആരംഭത്തിൽ ഈ നാമത്തിൽ ഒ രു തിരുനാൾ സ്ഥാപിക്കുകയും അന്നേദിവസത്തെ ദിവ്യപൂജ യ്ക്കും മറ്റും പ്രത്യേകജപങ്ങളും അംഗീകരിച്ചു് ആശീർവ്വദിക്ക കയും ചെയ്തുകൊണ്ടു് ഈ ഭക്തിയെ സർവ്വദാ പ്രോത്സാഹിപ്പിക്ക കയും ചെയ്തിരിക്കുന്നു.

പ്രായോഗിക ചിന്ത:— ഈ തിരുനാളിൽ നാം പ്രാപിക്കേ ണ്ട ഫലങ്ങൾ: ക. തിരുസ്സഭയുടെ ഭാഗധേയത്തിൽ ഇത്ര ഔൽ സുക്യം പ്രദർശിപ്പിക്കുകയും, അതിന്റെ ആപത്തനർത്ഥങ്ങ ളിൽ വേണ്ട സഹായം ചെയ്തരുളുകയും ചെയ്യുന്ന ദൈവപരിപാ ലനയിൽ സുസ്ഥിരമായ മനോവിശ്വാസം നാം കൈവരിക്ക ണം. ഖ. നാം സകല നന്മകളും പരിശുദ്ധ ദൈവജനനി വഴി യായി പ്രാപിക്കേണമെന്നാകുന്ന ദൈവതിരുമനസ്സു്, എന്നു് വി. ബെർണ്ണാർഡു് അഭിപ്രായപ്പെടുന്നു. ഇതു് ഈ ഉദാഹരണ ത്താൽ കൂടുതൽ സ്പഷ്ടീകൃമായിത്തീരുന്നുണ്ടു്. തപ്പോരാ, ഈ

മാതാവിലുള്ള അശ്രയബുദ്ധി നമ്മിൽ തെളിയണം. നാ൦ ഈ പരിശുദ്ധ ജനനിയുടെ നേർക്ക് നമുക്കുള്ള കേതിയും ജപമാലയുടെമേൽ ചൊരിയുന്നതും നമുക്കുള്ള സ്നേഹബഹുമാനങ്ങളും പ്രതിദിനം വർദ്ധിച്ചുവരണം. ഈ ഫലങ്ങളൊക്കെയും പ്രാപിപ്പാൻ ശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:- പരിശുദ്ധ മാതാവു് വഴിയായി ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ചു് ഈ അമ്മയോടു നന്ദി പറയുക. പലപ്പോഴും വേണ്ട കേതിക്രുടാതെയും അനുചിന്തകൾക്കിടം കൊടുത്തുകൊണ്ടും ജപമാല ജപിച്ചതിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— പ്രതിദിനം കേതിയോടുകൂടെ ജപമാല ജപിക്കുന്നതിൽ വിശ്വസ്തനായിരിക്കുക.

രണ്ടാം വകുപ്പു്.

ജപമാലയുടെ മാഹാത്മ്യം.

ധ്യാനം:- ജപമാലയുടെ മാഹാത്മ്യവും അതു വഴിയായി സിദ്ധിക്കുന്ന നന്മകളും ഏതുതരത്തിലുള്ളതാണെന്നു ഗ്രഹിക്കുന്നതിനു് ഇതിന്റെ ഉത്ഭവചരിത്രവും, ഇതിലെ വിവിധ ജപങ്ങളുടെയും മറ്റും വൈശിഷ്ട്യവും ആലോചിച്ചാൽ മതിയാകും. പ്ര. ജപമാല ദൈവജനനിയുടെ തൃക്കൈയിൽ നിന്നുതന്നെ സംസിദ്ധമായതാണു്. വ. കാനോൻ ജപത്തിലുള്ള നൂറ്റൻപതു സങ്കീർത്തനങ്ങൾക്കു സദൃശങ്ങളായി ഇതിലും (പതിനഞ്ചു പ്രാവശ്യം പതുപ്പത്തായി ആകെ) നൂറമ്പതു 'നന്മനിറഞ്ഞമറിയമെ' എന്ന ജപം അടങ്ങിയിട്ടുണ്ടു്. ഓരോ പതുപ്പത്തു മണികൾക്കും ധ്യാനിക്കേണ്ട ഓരോ രഹസ്യങ്ങളും ചൊല്ലേണ്ട ആകാശങ്ങളിലിരിക്കുന്ന ജപവും ഉണ്ടു്. ഈ ദൈവരഹസ്യങ്ങൾ മിക്കവാറും നമ്മുടെ ദിവ്യരക്ഷകന്റെ തിരുജീവിതം പീഡകൾ മരണം, ഉയിർപ്പു, സ്വർഗ്ഗാരോഹണം ആദിയായവയെക്കുറിച്ചാകുന്നു. ഇവ നാം നന്നായി ധ്യാനിച്ചാൽ ദിവ്യരക്ഷകന്റെ നേർക്കു നമുക്കുള്ള കടമകളും നമ്മുടെ നിത്യരക്ഷയോടുകൂടെ ഏറ്റവും വലിയ പുണ്യസാംഗോപാംഗവും പ്രാപിക്കുന്നതിനു ചെയ്യേണ്ടവയും, എന്തെല്ലാമെന്നു അനായാസം ഗ്രഹിക്കാം.

പ്രായോഗികചിന്ത:- ജപമാലകേതിമൂലം പ്രാപിക്കാവുന്ന നന്മകളുടെ സ്വഭാവം നീ വേണ്ടവിധം മനസ്സിലാക്കീ

ട്ടുണ്ടോ? നീ ജപമാല ജപിച്ചു വരുന്ന വിധം പരിശോധിച്ചുകൊണ്ടു് ഇതിനു പ്രത്യുത്തരം പറയുക. ജപമാലഭക്തി ദൈവജനനിയുടെ നേർക്കുള്ള ഭക്തിയുടെ അടയാളമാകുന്നു. എന്നാൽ നിന്റെ ജപമാലഭക്തി നിന്നെ ദൈവജനനിയുടെ ഭക്തൻ എന്ന സൗഭാഗ്യനാമത്തിനു് അർഹനാക്കുന്നുണ്ടോ? ദൈവരഹസ്യങ്ങളെപ്പറ്റി പൂർണ്ണമായ ഗ്രഹണം നീ ചിന്തിക്കുന്നുണ്ടോ? ദൈവഭക്തനും വി. എലിസബേത്തിനുമുണ്ടായിരുന്നതുപോലെയുള്ള ഭക്തിബഹുമാനങ്ങളോടുകൂടെയാണോ "നന്മനിറഞ്ഞ മറിയമെ" എന്ന ജപം നീ ചൊല്ലുന്നതു്? ഇവയൊന്നും നീ അത്ര ഗൗനിച്ചിട്ടില്ലെങ്കിൽ ഇതുകൊണ്ടു ലഭിക്കാവുന്ന നന്മകളിൽ ഒരു സാരമായ ഭാഗം നിനക്കു നഷ്ടീഭവിക്കുന്നു എന്നു വിചാരിക്കണം. ഈ ഭക്തിയുടെ അനുഗ്രഹീതമായ ഫലങ്ങളും പൂർണ്ണമായി പ്രാപിക്കേണ്ടതിനു് ഏതൽസംബന്ധമായി നിന്നിലുള്ള സകല കുറവുകളും പരിഹരിക്കാൻ ശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:— ജപമാല ജപിക്കുന്നതിൽ മുമ്പേപ്പോലെ ഭക്തിക്കുറവു കാണിക്കാതെ ഏറ്റവും വലിയ സൂക്ഷ്മത്തോടുകൂടെ ഇതു് അനുഷ്ഠിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ജപമാല കൂടുതൽ ഭക്തിയോടും ഫലപ്രദമായും വണ്ണവും ജപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുക. അതിന്റെ ശ്രേഷ്ഠതയും ഉപകാരവും ഇതരന്മാരെ ഗ്രഹിപ്പിക്കാനും ശ്രമിക്കുക.

മൂന്നാംവകുപ്പു

ജപമാല ജപിക്കേണ്ടവിധം

ധ്യാനം:— ഭക്തിയോടുകൂടെ, അഥവാ അന്യചിന്തകളും കൂടാതെ, പ്രാർത്ഥിക്കുക വളരെ പ്രയാസമാണെന്നു പലരും ആവലാതി പറയുന്നുണ്ടു്. ചിലകാരണങ്ങളാൽ ജപമാലയുടെ വിഷയത്തിൽ ഈ ബുദ്ധിമുട്ടു കൂടുതലായുണ്ടെന്നും ചിലർക്കു് അതിപ്രായമുണ്ടു്. ഒരേജപം തന്നെപല ആവർത്തി ചൊല്ലേണ്ടിവരുന്നതിനാൽ ബോധം അസംതൃപ്തവും അലസവുമായിത്തീരുകയും നവീന വിഷയങ്ങളെ ആരാഞ്ഞു് അന്യഥാവ്യാപരിക്കുകയും ചെയ്യുന്നു. ബോധത്തെ ഏകാഗ്രതയിൽ നിറുത്തുന്നതിനു ദൃഷ്ടി പ്രാർത്ഥനപുസ്തകത്തിലോ മറ്റോ പതിക്കുന്നതു് വളരെ സഹാ

യമാകാറുണ്ട്. ഈ സൗകര്യങ്ങളൊന്നും ജപമാല ജപിക്കുന്നതിലില്ലെന്നാണു് ഇവർ പറയുന്ന ന്യായം. ആകയാൽ ഈ ബുദ്ധിമുട്ടുകളും തീർക്കുവാൻ ഒരു മാർഗ്ഗം ഇവിടെ പറയാം. ഓരോ പ തുപ്പത്തു മണിജപം ചൊല്ലുമ്പോൾ ധ്യാനിക്കേണ്ട ദൈവരഹസ്യം ഒരു ചിത്രത്തിൽ എന്നപോലെ നിന്റെ ഭാവനയിൽ അത്മനാ ദർശിക്കുക. ഇങ്ങിനെ ചെയ്താൽ നീ ചൊല്ലുന്ന വചനങ്ങളൊ, അതിന്റെ അർത്ഥമോ ഒരുപക്ഷെ അശ്രദ്ധമായിപ്പോയാലും നിന്റെ ചിന്ത ദിവ്യരക്ഷകന്റെ മേൽ ആയിരിക്കും.

പ്രായോഗികചിന്ത:— ഈ മാർഗ്ഗണ സ്വരത്താലെ ചൊല്ലുന്ന ജപത്തോട് മാനസികജപവും ചേർക്കുന്നതിന്നു യാതൊരു പ്രയാസവുമുണ്ടാകയില്ല. മാത്രമല്ല, അവയുടെ ഫലവും അനായാസേന അനുഭവിക്കാം. നിന്റെ ബോധത്തിൽ നല്ല ചിന്തകളും ഹൃദയത്തിൽ ഭക്തിജനകങ്ങളായ പ്രകരണങ്ങളും ഉണ്ടാകുന്നതിന്നും ഇതു സഹായിക്കും.

സംഭാഷണം:—തിരുസ്സഭയിൽ വിശ്വവിശ്രുതമായിരിക്കുന്ന ഒരു സഭയുടെ സ്ഥാപകനും പിതാവുമായ വി. ഡോമിനിക്കിനോട് സംഭാഷണം ചെയ്യുക.

രണ്ടാം തിയ്യതി

ലൂബ്ധന്റെ ഉപമ.

(കാവൽമാതാവിന്റെ തിരുനാളിന്നുള്ള ധ്യാനം സെപ്തമ്പർ മാസത്തിന്റെ ആദ്യതിയ്യതിയിൽ ചേർത്തിട്ടുണ്ട്.)

പ്രാരംഭം. ഫ. നിങ്ങളും "സകല അത്ഗ്രഹത്തിൽ നിന്നും അവധാനപൂർവ്വം ഒഴിഞ്ഞുകൊള്ളുവിൻ" (ലൂക്കാ. ഫവ. ഫഭ. എന്നു് ഈശോ അരുളിച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

വ. ദാരിദ്ര്യവ്രതത്തിന്റെ കടമകളെ കൂടുതൽ പ്രതിപത്തിയോടും നിഷ്കൃഷ്ടയോടുംകൂടെ അനുസരിപ്പാൻവേണ്ട അനുഗ്രഹം അഭ്യർത്ഥിക്കുക.

ഒന്നാംവകുപ്പു

ധനം മനുഷ്യനെ ഭാഗ്യവാനാക്കുന്നില്ല.

ധ്യാനം:— അപ്പോൾ ജനക്കൂട്ടത്തിൽ ഒരുത്തൻ: ഗുരോ, എന്നോടുകൂടെ അവകാശം ഭാഗിപ്പാൻ അവിടുന്നു എന്റെ സഹോദരനോടു കല്പിക്കേണമേ എന്നു അങ്ങയോടു പറഞ്ഞു. അവിടുന്നു അവനോടു: മനുഷ്യാ, എന്നെ നിങ്ങൾക്കു ന്യായാധിപനായിട്ടോ, ഭാഗകർത്താവായിട്ടോ നിയമിച്ചതാര്? എന്നരുളിച്ചെയ്തു. പിന്നെയും അവിടുന്നു അവരോടു അരുളിച്ചെയ്തതായതു: നിങ്ങൾ സകല അർത്ഥാഗ്രഹത്തിൽനിന്നും അവധാനപൂർവ്വം ഒഴിഞ്ഞു കൊള്ളുവിൻ" എന്തുകൊണ്ടെന്നാൽ തന്റെ സമ്പാദ്യത്തിന്റെ സമൃദ്ധിയിലല്ലാ ഒരുത്തന്റെ ജീവൻ സ്ഥിതിചെയ്യുന്നതു. ലൂക്കാ. ക്ഷ. ഫസ്റ്റ — ക്ഷ.)

പ്രായോഗികചിന്ത:— ധനലാഭേച്ഛയിൽ നിന്നുളവായ ഇവരുടെ കലഹം തന്റെ മദ്ധ്യസ്ഥതയിൽ അവസാനിപ്പിക്കാൻ മിശിഹാ വിസമ്മതിച്ചതിൽനിന്നു ചിലതെല്ലാം നാം പഠിക്കേണ്ടതുണ്ടു. ക. നാം ലൌകിക വ്യവഹാരങ്ങളിലൊന്നിലും ഏർപ്പെടാതെ നമ്മുടെ ആദ്ധ്യാത്മികകാര്യത്തിൽമാത്രം ശ്രദ്ധിച്ചു കഴിച്ചുകൂട്ടേണ്ടതാണു. ഈ ഉപദേശാനുസരണമാകുന്നോ നീ പ്രവർത്തിക്കുന്നതു? ഖ. ദ്രവ്യാശയിൽനിന്നുളവാകുന്ന വാഗ്വാദങ്ങളും ശണ്ഠകളും മറ്റും കാണുമ്പോൾ ലൌകികനന്മകളുടെ നിസ്സാരതയേയും ക്ഷണികതയേയും ദുർബ്ബലതയേയും യഥാർത്ഥത്തിൽ ഗ്രഹിക്കയും ഇതരന്മാരെ ഗ്രഹിപ്പിക്കാൻ ശ്രമിക്കയും ചെയ്യണം. ഈ വാസ്തവം ഗ്രഹിക്കാത്തവർ എത്രയോ പേരുണ്ടു. അവരുടെ മനസ്സിൽ ഈ തത്വം ഗാഢമായിപ്പതിയുവാൻ ഇടയാക്കുന്നതു എത്ര വലിയ കാര്യമായിരിക്കും! എന്തുകൊണ്ടെന്നാൽ ഈ സത്യം ഒരുവന്റെ മനസ്സിൽ അഗാധമായി പ്രവേശിച്ചാൽ അവന്റെ ആഗ്രഹസ്വഭാവവും സ്വാർത്ഥീയകാര്യങ്ങളും മാത്രമായിത്തീരുക വളരെ എളുപ്പമാണു". എന്നാൽ ഈ സത്യം അന്യരെ ഗ്രഹിപ്പിക്കുന്നതിന്നായി നീ പ്രയത്നിക്കുന്നുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— മനുഷ്യരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുവാനും അവരെ മാനസാന്തരപ്പെടുത്തി വിശുദ്ധന്മാരാക്കുവാനും വേണ്ട ദൈവാനുഗ്രഹവും സാമർത്ഥ്യവും ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- നിത്യമായതൊഴികെ മറ്റുള്ളവയെല്ലാം മായയാകുന്നു എന്നു വിശുദ്ധ അഗസ്റ്റിൻ എഴുതിയിരിക്കുന്നതു് അർത്ഥാഗ്രഹത്താൽ മതിമറന്നിരിക്കുന്നവരെ ഗ്രഹിപ്പിക്കാൻ ശ്രമിക്കുക.

രണ്ടാംവകുപ്പു

ധനം നമ്മെ ദുർഭാഗ്യരാക്കുന്നു.

ധ്യാനം:— ധനം നമ്മെ ഭാഗ്യശാലികളാക്കുകയില്ല എന്നതത്വത്തെ ഉദാഹരിക്കുന്നതിനുവേണ്ടി നമ്മുടെ കർത്താവു് ഒരു ഉപമ അരുളിച്ചെയ്തു. "ധനവാനായ ഒരുത്തന്റെ നിലം നല്ല വിളവു നൽകി. അപ്പോൾ അവൻ തന്റെ ഉള്ളിൽ ഇങ്ങനെ വിചാരിച്ചു പറഞ്ഞു: ഞാൻ എന്തു ചെയ്യും? എന്റെ ധാന്യങ്ങളെ സംഭരിക്കാൻ എനിക്കു സ്ഥലമില്ലല്ലൊ! അവൻ തുടർന്നു പറഞ്ഞു: ഞാൻ ഇങ്ങനെ ചെയ്യും. എന്റെ കളപ്പുരകൾ പൊളിച്ചിട്ടു് വളരെ വലിയതാക്കി പണിയിക്കുകയും, എന്റെ എല്ലാ വിളവുകളും എന്റെ സമ്പത്തുകളും അതിൽ സൂക്ഷിക്കുകയും ചെയ്യും. പിന്നെ ഞാൻ എന്റെ ആത്മാവിനോടു പറയും: ആത്മാവെ, അനേക സംവത്സരങ്ങൾക്കായി വളരെ ധനം നിനക്കു ശേഖരിക്കപ്പെട്ടിരിക്കുന്നു. നീ ആശ്വസിക്കുക, തിന്നുകുടിച്ചു് ആനന്ദിക്കുക. അപ്പോൾ ദൈവം അവനോടു ചോദിച്ചു: മൂഢാ, ഈ രാത്രിയിൽ നിന്റെ ആത്മാവിനെ അവർ നിന്നോടു തിരികെ ചോദിക്കും; അപ്പോൾ നീ ശേഖരിച്ചവ ആർക്കിരിക്കും? ദൈവത്തിൽ സമ്പന്നനായിരിക്കാതെ തനിക്കായി ധനം സംഭരിക്കുന്നവൻ ഇതുപോലെയാകുന്നു. (ലൂക്കാ. ക്വ. ക്വന്നു— വ.ക്വ.)

പ്രായോഗികചിന്ത:- ഇവിടെ വർണ്ണിച്ചിരിക്കുന്ന വിലപനീയമായ ഈ സ്ഥിതി ലുബ്ധന്മാരായ സമ്പന്നന്മാർക്കു മാത്രമല്ല, ധനതൃഷ്ണയുള്ള സകലർക്കും ചിന്താർഹമത്രെ. ഇങ്ങനെയുള്ളവർ വാസ്തവത്തിൽ ദുർഭാഗർ തന്നെയാണു്. എന്തുകൊണ്ടെന്നാൽ ഇവരുടെ ജീവിതക്കാലം മുഴുവൻ ഓരോ മനോരാജ്യങ്ങളിലും പലതരമായ ചിന്താകുലതകളിലും വിചാരങ്ങളിലും കഷ്ടതരമായ പ്രയാണങ്ങളിലും കഴിഞ്ഞുപോകുന്നു. തങ്ങളുടെ ധനം വർദ്ധിപ്പിക്കണം, ഉപര്യുപരി വർദ്ധിപ്പിക്കണം എന്നുള്ള ആഗ്രഹവും സ്വാധീനത്തിലുള്ളതു നഷ്ടപ്പെട്ടേക്കുമോ എന്നുള്ള ഭയവുംമൂലം സദാ അസ്വസ്ഥരും സമാധാനരഹിതരുമായി വ

ത്തിക്കുന്നു. ഏറ്റവും നിസ്സാരമായ ദ്രവ്യനഷ്ടംപോലും അവരുടെ സ്വസ്ഥസന്തോഷവും നശിപ്പിക്കാൻ പര്യാപ്തമാകുന്നു. അതിനാൽ ഇത്തരക്കാർ ആത്മശാന്തിയും സന്തോഷസൗഭാഗ്യവും അനുഭവിക്കുന്നസമയം ഇല്ലെന്നുതന്നെ പറയാം. എത്രയധികം അവർ ശേഖരിച്ചുവയ്ക്കുമോ അത്രയധികമായ ഉത്കണ്ഠയും പീഡയും അവക്ക് അനുഭവപ്പെടുന്നു. ഈ അരിഷ്ടത കഴിഞ്ഞിട്ട്—ആ പീഡ നീങ്ങിയിട്ട്—ആ കാര്യം അവസാനിപ്പിച്ചിട്ട്—ആ ശ്വാസവും സന്തോഷവും അനുഭവിക്കാമെന്ന് അവർ പ്രതീക്ഷിക്കുമ്പോൾ, അകസ്മികമായി, അവിചാരിതമായി, മരണം അവരെ—അവരോടൊന്നിച്ച് അവരുടെ സമസ്ത ആശകളെയും അഭിലാഷങ്ങളെയും വസ്തുവകകളെയും—അതാ ഒന്നാകെ ഗ്രസിക്കുന്നു! ഉത്സാഹമായ നൈരാശ്യം മാത്രം അവക്ക് ശേഷിക്കുന്നു!!

സ്നേഹപ്രകരണങ്ങൾ:— ഈ ഉത്കണ്ഠകളും കഷ്ടതകളും ഒന്നും ഇല്ലാത്ത അന്തസ്സിലേയ്ക്കു ദൈവം നമ്മെ ആനയിച്ചതിനെക്കുറിച്ചു കൃതജ്ഞതയുള്ള ഹൃദയത്തോടുകൂടെ അവിടുത്തെയ്ക്കു സ്തോത്രം ചെയ്യുക. നാളത്തെക്കാര്യത്തെക്കുറിച്ചുള്ള വിചാരവും ചിന്തയും കൂടാതെ ദൈവപരിപാലനയ്ക്കു സ്വയം സമർപ്പിച്ചു സംതൃപ്തചിത്തനായി വർത്തിക്കുക.

പ്രതിജ്ഞ:— സൽകൃത്യങ്ങൾകൊണ്ടും ദൈവത്തൃഷ്ണയിലുള്ള ശുഷ്കാന്തികൊണ്ടും നമ്മുടെ നന്ദി പ്രദർശിപ്പിക്കാൻ ശ്രമിക്കുക.

മൂന്നാംവകുപ്പ്

ധനം പലപ്പോഴും നൈർഭാഗ്യത്തിനു കാരണമാകുന്നു.

ധ്യാനം:— ധനം അനേകർക്കു ആത്മനാശത്തിനു തന്നെയും കാരണമാകുന്നതിനാൽ ധനതൃഷ്ണ നാം സശ്രദ്ധം നിവാരണംചെയ്യേണ്ടതാണ്. സമ്പത്ത് (അതിൽതന്നെ നോക്കിയാൽ) യാതൊരു ദോഷവുമുള്ളതല്ല; അതിന്റെ ദുരുപയോഗത്തിലാണ് സമസ്തദോഷവും അന്തർവിച്ചിരിക്കുന്നതു്. അതു് അനേകംതറുമാറുകൾക്ക് എളുപ്പത്തിൽ കാരണമായിത്തീരുന്നു. ധനദുഷ്പ്രയോഗത്തിന്റെ നശീകരഫലങ്ങളെപ്പറ്റി ചിന്തിക്കുക. അതു ദൈവത്തിലും സച്ഛീയകാര്യങ്ങളിലുംനിന്നു നമ്മുടെ ബോധവും മനസ്സും വിദൂരമാക്കുന്നു. ലോകത്തിയെ അപഹരിച്ചു കളയുകയും മതാത്മകമായ കടമകളിൽ ഉദാസീനരാക്കുകയും ക്രമേണ,

ലുബ്ധ്, അനീതി, ഭോജനപ്രിയം, വിഷയാസക്തി മുതലായ ദുർഗുണങ്ങളെ ഉൽപാദിപ്പിക്കയും, ക്രമാതീതമായി വർദ്ധിപ്പിക്കുകയും, മനസ്സിനെ സദാ അസന്തുഷ്ടമാക്കുകയും, ഒടുവിൽ അകാലമരണത്തിൽ അകപ്പെടുത്തുകയും ചെയ്യുന്നു. ഇതിനാലാകുന്നു "ധനികന്മാർ ദൈവരാജ്യത്തിൽ പ്രവേശിക്കുക എത്ര പ്രയാസം! (ലൂക്കാ. 18-ാ. 24-ാ.) എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു" വിശുദ്ധ പൗലോസും ഇതു തന്നെ പറയുന്നു. "സമ്പന്നരാകുവാൻ ആഗ്രഹിക്കുന്നവർ പിശാചിന്റെ കണികളിലും പരീക്ഷകളിലും അകപ്പെടുന്നു." (1-ാ. തിമൊ. 6-ാ.)

പ്രായോഗികചിന്ത:— നീ അനുഷ്ഠിച്ചിരിക്കുന്ന ദാരിദ്ര്യവ്രതം നിമിത്തം, ഭയങ്കരമായ ഈ വിപത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്നു എന്നോർത്തു നീ സന്തോഷിക്കുന്നു. നിന്റെ സന്തോഷം ന്യായമുള്ളതുതന്നെ. പക്ഷെ ഈ വ്രതംകൊണ്ടുമാത്രം നീ രക്ഷപെട്ടുമെന്നോ; ഈശോ വാഗ്ദാനം ചെയ്തിരിക്കുന്ന സമ്മാനം ഇതുകൊണ്ടു മാത്രം ലഭിക്കുമെന്നോ, സമ്പൽവിവരിച്ച നൂർഭാഗ്യങ്ങളിൽനിന്നു വിമുക്തനാകുമെന്നോ വിചാരിക്കണ്ട. ഇതു പ്രാപിക്കുന്നതിനു നിന്റെ വ്രതത്തോടുചേർന്ന കടമകളെ വിശ്വസ്തതയോടുകൂടെ നിവർത്തിക്കുകകൂടെയും ചെയ്യേണ്ടിയിരിക്കുന്നു. ആകയാൽ നീ പ്രവേശിച്ചിരിക്കുന്ന സഭയുടെ നിയമാനുസരണം ദാരിദ്ര്യവ്രതത്തിന്റെ കടമകളെ വിശ്വസ്തതയോടുകൂടെ നിവർത്തിപ്പാൻ ശ്രമിക്കുക.

സംഭോഷണം:— മഹാ ധനികനായിരുന്നിട്ടും ദരിദ്രനായ ഈശോയെ അനുകരിപ്പാൻവേണ്ടി സ്വമനസ്സാലെ സർവ്വസ്വവും പരിത്യജിച്ച വി. മത്തായിയോടു സംഭോഷണം ചെയ്യുക.

മൂന്നാം തിയ്യതി

യാദൃശ്ചിക മരണം

(വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിനുള്ള ധ്യാനം 131-ാം പെയിജിൽ ചേർത്തിട്ടുണ്ട്.)

പ്രാരംഭം. ഫ. നിങ്ങൾ വിചാരിക്കാത്ത സമയത്തു മനു

ഷ്യപുത്രൻ വരും (ലൂക്കാ. ഫ൨. ൪൦.) എന്നു് ഈശോ അരുളി ച്ചെയ്യുന്നതു് ആത്മനാ ശ്രവിക്കുക.

൨. വിശുദ്ധവും ഭാഗ്യകരവുമായ മരണം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അകസ്മികവും അവിചാരിതവുമായ മരണം.

ധ്യാനം:— ലുബ്ധനായ സമ്പന്നന്റെ അധമ്മ സ്ഥിതിയേയും പ്രത്യേകമായി അവന്റെ പരിതാപകരമായ അവസാനത്തേയും കുറിച്ചു് ഈശോ അരുളിച്ചെയ്ത ഉപമ കേട്ടിട്ടു ജനാവലി അത്യന്തം പരിഭ്രമിച്ചു വശായി. ഒരുക്കം കൂടാതെയുള്ള യാദൃശ്ചികമരണത്തിൽ അകപ്പെടാതിരിക്കാൻ തക്ക ഉത്ബോധനങ്ങളും നൽകുന്നതിനു് ഇതു തക്ക അവസരമായിരുന്നതിനാൽ അവിടുന്നു് അവരോടു അരുളിച്ചെയ്തു: "ആകയാൽ നിങ്ങളും ഒരുങ്ങിയിരിക്കുവിൻ എന്തുകൊണ്ടെന്നാൽ നിങ്ങളും വിചാരിക്കാത്ത സമയത്തു മനുഷ്യപുത്രൻ വരും" (ലൂക്കാ ഫ൨. ൪൦) നാം കണ്ടുവരുന്നതുപോലെ യാദൃശ്ചിക മരണം ചിലർക്കു വന്നു ഭവിക്കാറുണ്ടു്. ഇതു് ഒരു വലിയ നൈർഭാഗ്യമാകുന്നോ? അല്ല: ഒരിക്കലുമല്ല. മാത്രമല്ല ഇതു പലപ്പോഴും ഒരു ദൈവാനുഗ്രഹവുമായിരിക്കും. അതിനാൽ വിശുദ്ധരിൽ പലരും ഇതാഗ്രഹിക്കയും ഇതിനായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ രോഗിയായും മരണവേദനയനുഭവിച്ചും ദീർഘിച്ച കിടക്കുമ്പോൾ പിശാചിന്റെ പ്രലോഭനങ്ങളും നിത്യനാശത്തിനുള്ള വിപത്തുകളും അധികമായി അഭിമുഖീകരിക്കേണ്ടിവരും. ഇവയിൽനിന്നു രക്ഷപെടുന്നതിനാണു് ഈവിധം അവർ പ്രാർത്ഥിച്ചിരുന്നതു്. ആകയാൽ ആകസ്മികമായ മരണം അതിൽതന്നെ നോക്കിയാൽ നിർഭാഗ്യകരമോ ഭയഹേതുകമോ അല്ല. എന്നാൽ യാതൊരു ഒരുക്കവും കൂടാതെയിരിക്കയിൽ യാദൃശ്ചയാ മരിക്കേണ്ടിവരുന്നതത്രെ ഭയങ്കരം. ഗുരുതരമായ പാപത്തിലായിരിക്കെ പെട്ടെന്നു മരണത്തിലകപ്പെട്ടുന്നവരുടെ സ്ഥിതി ഇതിലും ഭയങ്കരമായതാണു്. ഇതിനെക്കുറിച്ചാകുന്നു "യാദൃശ്ചിക മരണത്തിൽനിന്നു: കർത്താവെ, ഞങ്ങളെ രക്ഷിക്കേണമെ" എന്നു പ്രാർത്ഥിക്കുന്നതിനു തിരുസ്സഭ ആജ്ഞാപിച്ചിരിക്കുന്നതു്.

പ്രായോഗികചിന്ത:— ഈ പ്രാർത്ഥന ഫലപ്രദമാകുന്നതി

ന്നു ചെയ്യേണ്ടതെന്തു്? ഇതിനു് ആദ്യമായി വേണ്ടതു് നാം ഒരിക്കലും മനഃപൂർവ്വം ഗുരുതരപാപസ്ഥിതിയിൽ ഇരിക്കരുതു് എന്നതാണു്. നിർഭാഗ്യവശാൽ വല്ല ചാവുദോഷത്തിലും അകപ്പെട്ടുപോയാൽ ഉടനെ അനുതാപവും പാപസങ്കീർത്തനവുംകൊണ്ടു ദൈവത്തോടു സമാധാനപ്പെടുവാൻ ശ്രമിക്കണം. ഈ വിഷയത്തിൽ നിൻറെമേൽ കുറ്റം ആരോപിപ്പാൻ ന്യായമില്ലയോ?

സ്നേഹപ്രകരണങ്ങൾ:- നീ മുകളിൽ പറഞ്ഞവിധം ഉദാസീനനായിരുന്നിട്ടും നിനക്കു സൽബുദ്ധിയും മനഃസ്താപവും ഉണ്ടായി പശ്ചാത്തപിക്കുന്നതിനു ക്ഷമയോടുകൂടെ പാർത്തിരുന്ന ദൈവാനുഗ്രഹത്തിനു കൃതജ്ഞതാപൂർവ്വം സ്തോത്രംചെയ്യുക. മേലിൽ ദൈവസ്നേഹത്തിൽ നിലനില്പാൻ വേണ്ടവരം പ്രത്യർത്ഥിക്കുക.

പ്രതിജ്ഞ:— നിർഭാഗ്യവശാൽ നീ ചാവുദോഷത്തിൽ അകപ്പെട്ടുപോയാൽ അതിൽ ഒട്ടും താമസിക്കാതെ ഉടനെ ദൈവത്തോടു സമാധാനപ്പെടാൻ ബദ്ധപ്പെട്ടുകൊൾക.

രണ്ടാംവകുപ്പു.

ആകസ്മികമെങ്കിലും അവിചാരിതമല്ലാത്ത മരണം

ധ്യാനം:- ശുശ്രൂഷാന്തിയോടും വിശുദ്ധസ്ഥതയോടുംകൂടെ ദൈവത്തിനു ശുശ്രൂഷചെയ്തിരുന്ന ഒരു ക്രിസ്ത്യാനിക്കും ഒരു സന്യാസിക്കും ആകസ്മികമായ മരണംമൂലം എന്തു സംഭവിക്കുന്നു? ഉത്തരക്ഷണത്തിൽ അവർ ഈ അരിഷ്ടസ്ഥലത്തെ എന്നേക്കുമായി പരിത്യജിച്ചു് സ്വർഗ്ഗത്തെ തങ്ങളുടെ നിത്യവസതിയാക്കുന്നു. ഇങ്ങിനെ പരലോകത്തിൽ പ്രവേശിക്കുമ്പോഴത്തെ സ്ഥിതി എന്തായിരിക്കും? കുരുടനായി പിറന്നു വളർന്ന ഒരുവനു് പെട്ടെന്നു കാഴ്ച ലഭിക്കുന്നതായാൽ നേത്രാനന്ദകരമായ ഈ പ്രപഞ്ചത്തിൻറെയും ഇതിലെ മനോജ്ഞമായ കോടാനുകോടി വസ്തുക്കളുടെയും കാഴ്ച അവനെ എത്ര സന്തോഷഭരിതനാക്കും? ഭൂമിയെവിട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവൻറെ ആനന്ദം ഇതിനെയും ബഹുധാ അതിശയിക്കുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ ഇഹത്തിലെ കാഴ്ചകൾ എത്ര ആശ്ചര്യകരങ്ങളായിരുന്നാലും നീതിമാന്മാരുടെ ആത്മാ ദൈവത്തേയും അവിടുത്തെ വാചാതീതമായസൗന്ദര്യത്തേയും ദർശിക്കുന്ന സമയത്തുണ്ടാകുന്ന ആശ്ചര്യകരസന്തോഷത്തോടു തുലനംചെയ്വാൻ പാടുള്ളതല്ല.

ദൈവത്തെപ്രതി ഈ ആത്മാവു് ഉദാരമനസ്സോടെ സകലവും പരിത്യജിച്ചു. സകലവും അവിടുത്തേയ്ക്കു ബലിയായി സമർപ്പിച്ചു. അവിടുത്തെ ശുശ്രൂഷയിൽ അനേകവർഷം ചെലവഴിച്ചു. ദൈവസ്നേഹത്തെപ്രതി അത്യന്തം വിനീതമാകയും ദാരിദ്ര്യം അപമാനം അരിഷ്ടതകൾ മുതലായവ സസന്തോഷം സഹീകരിക്കുകയുംചെയ്തു. ദൈവത്തോടു അല്പദ്രോഹംപോലും ചെയ്യാതെ പരമവിശുദ്ധസ്ഥിതിയിൽ വ്യാപരിച്ചു. ഈ ആത്മാവിന്റെ ആഗ്രഹത്തിന്റെയും സകല പ്രവൃത്തികളുടെയും ഏകോദ്ദേശ്യം ദൈവം മാത്രമായിരുന്നു. സന്തോഷത്തിലും സന്താപത്തിലും സമ്പത്തിലും ദാരിദ്ര്യത്തിലും ഇയാൾ ഒരുപോലെ ദൈവത്തെ സ്തുതിച്ചുവാഴ്ത്തി. തന്റെ പിതാവിന്റെ മഹത്വമുള്ള രാജ്യത്തിൽ അവിടുത്തെ പ്രത്യക്ഷമായിദർശിക്കുന്നതിനുള്ള ഭാഗ്യസംഭാവകമായ സമയം എപ്പോൾ സംപ്രാപ്തമാകുമെന്നു് അഭിവാഞ്ഛിച്ചും പ്രതീക്ഷിച്ചും ഇരിക്കയായിരുന്നു. എന്നാൽ ഇതാ ആ സമയം വന്നിരിക്കുന്നു! ദിവ്യമണവാളന്റെ സ്വരം ഈ ആത്മാവു കേൾക്കുന്നു. അവിടുന്നു് ഈ ആത്മാവിനോടു പറയുന്നു: വരിക എന്റെ പ്രിയപത്നിയെ! വരിക; നീകിരീടംധരിപ്പിക്കപ്പെടും. (സങ്കീ. ര്. വ) നിന്റെ കർത്താവിന്റെ സന്തോഷത്തിലേക്കു പ്രവേശിച്ചുകൊള്ളുക. (മത്തേ. ൨൫. ൨൧) എന്നരുളിച്ചെയ്യുന്നു.

പ്രായോഗികചിന്ത:— മരണം ഇത്ര ആനന്ദകരമായിരിക്കെ ഇതിനെ നാം ഇത്രയധികം ഭയപ്പെടുന്നതു ബുദ്ധിപൂർവ്വകമാണൊ? മരണയാതനകൾകൂടാതെ ഒരു ക്ഷണംകൊണ്ടു് ഇത്ര വലിയ ആനന്ദം നമുക്കു ഹസ്തഗതമാകുമെങ്കിൽ ഇതിനു കാരണമാകുന്ന മരണത്തെ ഒരു നിർഭാഗ്യമെന്നു വിചാരിക്കാമൊ? അതുകയാൽ ദൈവത്തെ കാണുന്നതിനും തന്നെ അനുഭവിക്കുന്നതിനുമുള്ള ആഗ്രഹം നിന്റെ ഹൃദയത്തിൽ ജനിപ്പിക്കുക.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, ഞാൻ നിന്റെ മുമ്പാകെ എപ്പോൾ വരും? നിന്നെ മുഖമുഖമായി ദർശിപ്പാൻ എപ്പോൾ എനിക്കു കഴിയും? എന്നു ദാവീദുരാജാവിനെപ്പോലെ ചൊല്ലിക്കൊണ്ടു ദൈവത്തെ കാണ്മാനും അവിടുത്തെ അനുഭവിക്കാനുമുള്ള ആഗ്രഹം വർദ്ധിപ്പിക്കുക. (സങ്കീ. ൪൨. വ.)

പ്രതിജ്ഞ:- മരണത്തെക്കുറിച്ചുള്ള വിചാരംകൊണ്ടുണ്ടാകുന്ന വിഷാദവും ചഞ്ചലവും ദൂരീകരിക്കുക.

മൃന്നാംവകുപ്പ്

ആകസ്മികമല്ലാത്ത മരണം.

ധ്യാനം:- സാധാരണമായി മരണം ദീർഘമായതൊ ചുരുങ്ങിയതൊ ആയ ഒരു രോഗാവസ്ഥയിൽനിന്നാണ് ഉത്ഭവിക്കുന്നത്. അതിനാൽ ദൈവഹിതത്തിനു കീഴ് വഴങ്ങുവാനും ക്ഷമിക്കാനുമുള്ള സന്ദർഭങ്ങളും മരണത്തിനുമുമ്പു ധാരാളമുണ്ടാകും. ആകയാൽ നീ അനുഭവിക്കേണ്ടിവരുന്ന ഏകാന്തസ്ഥിതിയും നിസ്സഹായാവസ്ഥയും ആയിരിക്കാംപക്ഷെ അത്യന്തം ദുസ്സഹമായി തോന്നിയേക്കാവുന്ന ഒരു സംഗതി: കഷ്ടതകളും സഹിപ്പാൻ നീ നല്ലവണ്ണം പഠിച്ചുകൊൾക. അതെ, ലൗകിക മനുഷ്യരെയൊക്കെ അതിശയിക്കുന്ന പീഡാനുഭവതല്പരതയും സഹനശക്തിയും നീ പ്രാപിക്കുതന്നെവേണം. അത്യുത്കൃഷ്ടാനിരതരായ ആളുകളെയും വൈദ്യവിശാരദരേയുംകൊണ്ടു നിറഞ്ഞ ഒരു ആസ്പത്രിയിലല്ല, പ്രത്യുത വിവിധകാര്യവിചാരണയിലേർപ്പെട്ടിരിക്കുന്ന അംഗങ്ങളുള്ള ഒരു സന്ന്യാസഭവനത്തിലാണ് നീ രോഗിയായി കാലം കഴിച്ചുകൂട്ടാനുള്ളതു്. അതിനാൽ ആസ്പത്രികളിൽ രോഗികൾക്കു ലഭിക്കുന്ന പരിചരണങ്ങളും സഹായങ്ങളും മറ്റും ഇവിടെ നിനക്കു തീരെ സിദ്ധിച്ചില്ലെന്നും വരാനെളുപ്പമുണ്ടു്. ഈ അവസരത്തിൽ നീ അക്ഷമനും സമാധാനരഹിതനുമാകാതിരിക്കേണ്ടതിനു വേണ്ട മുൻകരുതലുകൾ ഇപ്പോഴെ ചെയ്തുകൊള്ളുക. അന്ന സന്തോഷമായി കഴിയുന്നതിനു് ഇന്നു ക്ഷമയും ശാന്തതയും എന്ന വിവേകത്തെ സമ്പാദിയായി ശേഖരിക്കുക.

പ്രായോഗികചിന്ത:- നിനക്കു ശക്തിയും സുഖവും ഉള്ളപ്പോൾത്തന്നെ ഏകാന്തമായിരിക്കാൻ ശീലിച്ചുകൊള്ളുക. താൻ നിസ്സഹായനും പരിത്യക്തനുമായിത്തീരുമ്പോൾ ദൈവത്തോടും സ്വർഗ്ഗസ്ഥരോടുമുള്ള സഹവാസത്താൽ തന്റെ നിരാധാരാവസ്ഥയെ സന്തോഷസമ്മിളിതമാക്കി തീർക്കുവാൻ പഠിച്ചിട്ടുള്ളവൻ സാക്ഷാൽ ഭാഗ്യവാൻതന്നെ; സംശയമില്ല. ഈ സൗഭാഗ്യകരസ്ഥിതി പ്രാപിക്കുന്നതിനു നീ സ്വയം പരിശീലിക്കാത്തപക്ഷം നിന്റെ അന്ത്യക്ഷണം വളരെ ആശ്വാസരഹിതമായി ഭവിക്കും. തല്പാരാ നീ നൽകുന്ന ദുർമ്മാതൃകയും വളരെ

ഗൗരവമുള്ളതായിരിക്കും. ഇപ്പറഞ്ഞ സംഗതികളും വളരെ പ്രാധാന്യമുള്ളവയാണ്. ഇവയെപ്പറ്റി ഗാഢമായി ചിന്തിക്കുക.

സംതോഷണം:— നന്മരണത്തിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പു പിതാവിനോട് ആത്മനാ സംതോഷിക്കുക.

വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ

വിശുദ്ധ ചെറുപുഷ്പത്തിന്റെ ജീവിതത്തിൽ അസാമാന്യവും വിസ്മയകരവുമായ പ്രവൃത്തികളൊന്നുമില്ലാ, നേരെമറിച്ച് സാമാന്യതരത്തിലുള്ള പ്രവൃത്തികളും ആർക്കും അനുകരിക്കാവുന്ന ഒരു ജീവിതരീതിയുംമാത്രമെ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയായിരുന്നിട്ടും ഇത്ര വിസ്മയകരമായ ഒരു സ്ഥിതിയിലേക്ക പുണ്യവതിയെ ഉയർത്തിയതു—സ്വർഗ്ഗത്തിൽ ഇത്രവലിയ മഹത്വവും, ഭൂലോകം കുളിക്ക പുഷ്പവർഷം ചെയ്യാനും അത്ര ലോകാവസാനംവരെ തുടർന്നുകൊണ്ടുപോകാനുമുള്ള വരവും പുണ്യവതി പ്രാപിച്ചതു്—എങ്ങനെയായിരിക്കാം? അതു കുറുക്കുവഴി എന്നു പുണ്യവതി പറയുന്ന ഏളിമ, അതോടുചേർന്നു നില്ക്കുന്ന ത്യാഗം, ദൈവത്തിലുള്ള മനോവിശ്വാസം, സ്നേഹം എന്നീ മാർഗ്ഗങ്ങളിലൂടെയാണു്. അതെ, ഈ ഗുണവിശേഷങ്ങൾതന്നെയാണ് ഈ "ചെറിയ ആത്മാവിനെ," ഈ "അബല"യെ, "തൊട്ടാവാടി" സ്വഭാവത്തോടുകൂടിയവളായിരുന്ന ഈ യുവതിയെ, ഇത്ര മഹനീയ സ്ഥിതിയിലേക്കയർത്തിയതു. അല്പം കൂടി തെളിച്ചുപറയുന്നപക്ഷം പ്രസ്തുത ഗുണങ്ങൾ ദൈവവരം നിറഞ്ഞ പ്രവർത്തിക്കത്തക്ക പക്വത ഇവളിൽ ഉളവാക്കി. ഈ വരം ഇവളെ ഈ സ്ഥിതിയിലേക്കയർത്തുകയും ചെയ്തു. അതിനാൽ ഈ ഗുണങ്ങളെയും അവ പുണ്യവതിയിൽ എങ്ങനെ പ്രകാശിച്ചിരുന്നു എന്നുള്ളതിനേയുംപറ്റി നാം ഇന്നു ചിന്തിക്കണം.

പ്രാരംഭം ഫ്രാ. "എന്റെ കുറുക്കുവഴി ഇതരന്മാർക്കു കാണിച്ചുകൊടുക്കുക എന്ന ഉദ്യോഗം ഉടനെ ഞാൻ ആരംഭിക്കും" എന്നു, മരണാസന്നയായിക്കിടക്കുന്ന വി. കൊച്ചുത്രേസ്യ പറയുന്നതു് ആത്മനാ ശ്രവിക്കുക.

൨. പുണ്യവതിയുടെ കുറുക്കുവഴികളും മനസ്സിലാക്കുവാനും അതിലൂടെ പ്രയാണംചെയ്യാനുംവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

(ഒന്നാംവകുപ്പ്)

വി. കൊച്ചുത്രേസ്യയിൽ പ്രകാശിച്ചിരുന്ന എളിമ.

ധ്യാനം:- സ്വന്തംസ്ഥിതി ശരിയായി അറിയുകയും ആ അറിവിന്നൊത്തവിധം വർത്തിക്കുകയും ചെയ്യുണതാണല്ലൊ യഥാർത്ഥമായ എളിമ. ഈ സ്ഥിതി പ്രാപിക്കുന്നവർ ദൈവത്തിൽ നിന്നു തങ്ങൾക്കു ലഭിച്ചിട്ടുള്ളവയും തങ്ങളുടെ സ്വന്തമായവയും വേർതിരിച്ചിട്ടു ദൈവത്തിന്റെറവിശ്വസ്തതാപൂർവ്വം എപ്പോഴും ദൈവത്തിന്നുതന്നെ നൽകിവരും. അല്പത്തിൽ വിശ്വസ്തതയുള്ളവർക്കു വലിയവയും ലഭിക്കും എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ അറിവും വർത്തനവും വി. കൊച്ചുത്രേസ്യയിൽ ശരിയായുണ്ടായിരുന്നു. പുണ്യവതിയുടെ വാക്കുകളും കേൾക്കുക:- "തനിക്കു ലഭിക്കാൻ അശേഷം അർഹതയില്ലാത്തതായ കർത്താവിന്റെ വരങ്ങളെ പ്രസിദ്ധീകരിക്കാൻ സംഗതിയാകുന്നതിനെപ്പറ്റി ഈ പുഷ്പം സന്തോഷിക്കുന്നു. അവിടുത്തെ ആകർഷിക്കാൻതക്ക യാതൊന്നും തന്നിലില്ലെന്നു അതിനറിയാം. അവിടുത്തെ കരുണമാത്രമാണു് അതിനെ നന്മകൊണ്ടു നിറച്ചതു്." "സമസ്ത സൃഷ്ടിജാലങ്ങളും അടർത്തുവന്നു് അവയ്ക്കു ചെയ്യാൻ കഴിയുന്ന അതിസ്തുതികളെല്ലാം അതിന്റെമേൽ (ഈ പുഷ്പത്തിന്റെമേൽ) വർഷിച്ചാലും അതു ദൈവദൃഷ്ടിയിൽ ഒന്നിന്നും കൊള്ളാത്ത ഒരു പാവപ്പെട്ട സാധനം മാത്രമാണെന്നു് അതിന്നു പണ്ടേയുള്ള ബോദ്ധ്യത്തിന്നു യാതൊരു മാറ്റവും വരുന്നതല്ല." "വലിയവളാകുവാൻ എനിക്കു സാധിക്കുകയില്ല, അതുകൊണ്ടു് എന്നോടും എന്റെ പ്രവൃത്തികളോടും അക്ഷമത കാണിക്കരുതു്." "തന്റെ ചെറുപുഷ്പം എളിമപ്പെടുക എന്ന ജ്ഞാനംകൊണ്ടു നനയ്ക്കപ്പെട്ടുവളർന്നല്ലാതെ വേരുന്നി നില്ക്കുകയില്ലാ, അതു് അതു ബലംകുറഞ്ഞതാണെന്നു മിശിഹായ്ക്കു് അറിവുണ്ടായിരുന്നു."

എളിമയഥാർത്ഥമുള്ളതാകണമെങ്കിൽത്യാഗവും ഉണ്ടായേതീരു. തമ്മിൽ പിരിഞ്ഞുനില്ക്കാൻ സാധിക്കാത്തസഹോദരികളെപ്പോലെയാണിവ എന്നു വി. വലിയ ത്രേസ്യ പറയുന്നു. ത്യാഗം

സംബന്ധമായി വി- കൊച്ചുത്രേസ്യ പറയുന്നതു കേൾക്കുക:- "സ്വയപരിത്യാഗം ചെയ്യുന്നതിനുള്ള മനഃസ്ഥൈര്യം മാത്രമാണു് എന്റെ ഏകവഴികാട്ടി, എനിക്കു വേറെ വടക്കുനോക്കിയില്ല." ആഗ്രഹങ്ങളെ അടക്കുകയും അനവധാനപൂർവ്വമായ പ്രത്യുത്തരങ്ങളെ പ്രതിരോധിക്കുകയും.....ചെയ്യുക എന്നിങ്ങനെയുള്ളവയിൽ എന്റെ തപസ്സു് അടങ്ങിയിരുന്നു.

പ്രായോഗികചിന്ത:— എളിമയും പരിത്യാഗവും സംബന്ധമായി നിന്റെ സ്ഥിതി എന്തു്? ക്രിസ്തുതന്റെ അനുയായികളോടു പ്രത്യേകാൽ ആവശ്യപ്പെടുന്ന ഈ ഗുണവിശേഷങ്ങളിൽ നിന്നിലുണ്ടോ? നീനിന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കി തദനുസൃതമാണോ പ്രവർത്തിച്ചുവരുന്നതു്? ഇങ്ങനെയാണെങ്കിൽ നിനക്കു നേരിടുന്ന നിന്ദനം, അവഗണനം മുതലായവയെപ്പറ്റി നീ ആവലാതിപ്പെടുകയില്ല. നേരേമറിച്ചു് അവ നിനക്കു വേണ്ടതാണെന്നു കരുതി സമാധാനചിത്തനായിരിക്കുകയെയുള്ളു. അങ്ങനെതന്നെ നിന്നിൽ നന്മയായുള്ളവയെല്ലാം പരമകാരുണികനായ ദൈവത്തിന്റെ ദാനമായിരിക്കയാൽ അവയാലുണ്ടാകുന്ന സ്തുതിയും അവിടുത്തേയ്ക്കുതന്നെ സമർപ്പിക്കും.

ത്യാഗം സംബന്ധമായും നിന്റെ സ്ഥിതി എന്തെന്നു പരിശോധിക്കുക. ദൈവവരത്തിന്റെ പ്രവർത്തനത്തിനു നമ്മിൽ ലഭിക്കുന്ന സ്വാതന്ത്ര്യം അവിടുത്തെ വിശ്വസിച്ചും ശരണപ്പെട്ടുംകൊണ്ടു നാം അനുഷ്ഠിക്കുന്ന ത്യാഗത്തെ ആശ്രയിച്ചാണിരിക്കുന്നതു്. ഈ ത്യാഗത്തിൽ നാം എത്ര ഉൽസുകരായിരിക്കുമെ അത്രവേഗത്തിൽ ദൈവവരം നമ്മെ മുന്നോട്ടു നയിക്കുകയുംചെയ്യും. അതിനാൽ പരിത്യാഗമാണു് എന്റെ ഏകവഴികാട്ടി, എന്നു വി. ചെറുപുഷ്പത്തെപ്പോലെ പറയുവാൻ നിനക്കു സാധിക്കുമോ? എളിമയിലും പരിത്യാഗത്തിലും നീ വളരെ പിന്നോക്കമാണു നില്ക്കുന്നതെങ്കിൽ നീ ആത്മീകപാതയിൽ മുന്നോക്കം പോകാത്തതിനെപ്പറ്റി എന്തിനു വിസ്മയിക്കുന്നു? നീ എല്ലാവരിലും എളിയവനാണെന്നുള്ള ബോധം നിനക്കുണ്ടാകുമ്പോഴല്ലാതെ വല്ല പുണ്യവർദ്ധനവും നിനക്കുണ്ടായി എന്നു വിചാരിക്കേണ്ട എന്നാണു തോമസ് ആ കേമ്പീസ് പറയുന്നതു്. ഒരുത്തൻ പുണ്യത്തിൽ എത്രകണ്ടു് അഭിവൃദ്ധിപ്പെട്ടാലും, എന്നില്ലാ അവന്റെ ഒരു കാൽ സ്വർഗ്ഗത്തിലായാൽത്തന്നെയും, ത്യാഗം ഉപേക്ഷിക്കുന്നപക്ഷം അവൻ

പിന്നോക്കം പോകുകയും അധഃപതിക്കുകയും ചെയ്യുംഎന്നു വി. വിൻസെന്റു് ഡി പോൾ പറയുന്നു. നിന്റെ ആന്തരികസ്ഥിതി പരിശോധിക്കുക.

സ്നേഹപ്രകരണങ്ങൾ:- ദൈവമെ എന്റെ ആന്തരികസ്ഥിതി അറിവാൻ ആവശ്യമുള്ള വെളിച്ചം എനിക്കുതരേണമെ! കർത്താവെ! എന്റെ സ്ഥിതി കാണുവാൻതക്കവിധം "എനിക്കു കാഴ്ച പ്രാപിക്കണം."

പ്രതിജ്ഞ:- ഈ സുകൃതജപം പലപ്പോഴും ചൊല്ലുക.

രണ്ടാം വകുപ്പു

മനോവിശ്വാസം.

ധ്യാനം:- വിശുദ്ധ കൊച്ചുത്രസ്യ ഇത്രവലിയ മഹത്വം പ്രാപിക്കുന്നതിനുള്ള രണ്ടാമത്തെ കാരണം പുണ്യവതിക്കുതന്നെ വത്തിലുണ്ടായിരുന്ന മനോവിശ്വാസമാണു്. സ്വന്തം സ്ഥിതി ഗ്രഹിച്ചുകൊണ്ടു ദൈവത്തിൽ മനോവിശ്വാസം വയ്ക്കുന്നവർ അവിടുത്തെ വശീകരിച്ചുകളയുന്നതുപോലെയാണു പ്രവർത്തിക്കുന്നതു്. എന്നിൽ പൂർണ്ണമനോവിശ്വാസത്തോടുകൂടിയിരിക്കുന്നവരുടെകാര്യം വിചാരിക്കാതിരിക്കാൻനിവൃത്തിയില്ലാത്തവിധം അവർ എന്നെ ആക്കിക്കളയുന്നു എന്നു നമ്മുടെകർത്താവുതന്നെ ഒരിക്കൽ വി. ജെർത്രൂദയോടു് അറിയിക്കുകയുണ്ടായി. മനോവിശ്വാസത്തോടുകൂടെ അഭ്യർത്ഥിച്ച കുരുടൻ, കുഷ്ഠരോഗികൾ, കാനാൻകാരിയായ സ്ത്രീ, ശതാധിപൻ എന്നിവർക്കു ലഭിച്ച അനുഗ്രഹങ്ങൾ നോക്കുക! ശൈശവംമുതല്ക്കു ഈ പുണ്യം വിശുദ്ധ ചെറുപുഷ്പത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു പ്രാൻസീനി എന്ന മൂർഖദുഷ്ടന്റെ മാനസ്സാന്തരത്തിന്നായി പ്രാർത്ഥിച്ച അവസരംമുതല്ക്കാണു് ഇതു പ്രകാശിക്കാൻതുടങ്ങിയതു്. പുണ്യവതി പറയുന്നതു കേൾക്കുക:- ഞാൻ മരിയ മഗ്ദലേനയെക്കാൾ അധഃപതിച്ചുപോയാലും ശരി, മനോവിശ്വാസത്തോടുകൂടെ എന്റെ കർത്താവിന്റെ പാദത്തിങ്കൽചെല്ലും." "ഞാൻഒന്നുകൊണ്ടും ഭയപ്പെടുകയില്ല" വഴിതെറ്റി എന്റെ ചിറകുകളെ ഈ ലോകത്തിലുള്ള ചളിക്കഴിയിൽ ഇട്ടു മലിനമാക്കുമ്പോൾ..... ഒരു മീവൽ പക്ഷിയുടെ കുഞ്ഞിനെപ്പോലെ ഞാൻ ചിലയ്ക്കും.. രാജ്യഭ്രഷ്ടനെപ്പോലെ ഈലോകത്തിലേക്കു ഇറങ്ങിവന്നു ഓരോ ആത്മാവിനെയും കൂട്ടിക്കൊണ്ടുപോകുവാനും സ്നേഹത്തി

ന്റെ നിത്യവേനമായ പരിശുദ്ധ ത്രീത്വത്തിന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കുവാനും വേണ്ടി കഷ്ടാനുഭവപ്പെട്ട മരിക്കുവാനും അങ്ങയ്ക്കു തിരുവുള്ളമുണ്ടായല്ലൊ. ഇവിടെനിന്നു് അങ്ങു പ്രകാശത്തിന്റെ രാജ്യത്തിലേക്കു മടങ്ങിപ്പോയെങ്കിലും ഈ കണ്ണുനീരുകളുടെ താഴ്വരയിൽ അങ്ങയുടെ തിരുശ്ശരീരംകൊണ്ടു് എന്നെ പോഷിപ്പിക്കുവാൻവേണ്ടി അങ്ങു് ഇപ്പോഴും തിരുവോസ്തിയിൽ മറഞ്ഞിരിക്കുന്നു.....ഇത്രവലിയ ദോഷത്വംകാണുമ്പോൾ എന്റെ ഹൃദയം നിന്നിലേയ്ക്കു കുതിച്ചുചാടണമെന്നല്ലാതെ മറ്റുവല്ലതുമാണു നിന്റെ ഇഷ്ടമെന്നു കരുതാമോ?....."എന്റെ മരണാനന്തരം ഞാൻ പുഷ്പവർഷംചെയ്യും" "എന്റെ സ്വർഗ്ഗവാസം ഭൂമിയിൽ നന്മചെയ്യുന്നതിന്നായി ഞാൻ വിനിയോഗിക്കും" എന്നിങ്ങനെയുള്ള വാക്കുകളും പുണ്യവതിയ്ക്കു ദൈവത്തിലുണ്ടായിരുന്ന മനോവിശ്വാസത്തെയാണു് പ്രസ്പഷ്ടമാക്കുന്നതു്.

പ്രായോഗികചിന്ത:—നിന്റെ സ്ഥിതി എന്തു്? ദൈവത്തിൽ വേണ്ടത്ര മനോവിശ്വാസം നിനക്കുണ്ടോ? നീ എപ്പോഴും സകലത്തിലും സ്വമാതാവിനെ ആശ്രയിക്കുന്ന ശിശുവിനെപ്പോലെ ദൈവസഹായം പ്രാർത്ഥിക്കുകയും അതിന്നായി കാത്തിരിക്കുകയും ചെയ്യുന്നുണ്ടോ? അങ്ങനെതന്നെ നിനക്കാവശ്യമുള്ള നന്മകൾ ലഭിക്കുന്നതുവരെ സ്ഥിരമായി നിന്നു അപേക്ഷിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ആത്മികവും ശാരീരികവുമായി നിനക്കു വേണ്ട നന്മകളും സഹായങ്ങളും ലഭിക്കേണ്ട മാർഗ്ഗം നിനക്കു തെളിഞ്ഞിട്ടില്ലാ എന്നു സ്പഷ്ടമത്രെ. ആ സ്ഥിതിക്കു നീ ഇത്രടീരുവും ആദ്ധ്യാത്മികദരിദ്രനുമായിരിക്കുന്നതിൽ വിസ്മയിക്കാനുണ്ടോ?

സ്നേഹപ്രകരണങ്ങൾ:— ദൈവത്തിലുള്ള മനോവിശ്വാസത്തെ ഉജ്ജീവിപ്പിക്കുന്ന പ്രകരണങ്ങൾ ചെയ്യു. വി. ചെറുപുഷ്പം കാണിച്ചുതരുന്ന ഈ കുറുക്കുവഴിയിലൂടെ നിന്നേയും മുന്നോട്ടുനടത്തുവാൻ പുണ്യവതിയോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവത്തിൽ മനോവിശ്വാസം വർദ്ധിക്കുന്ന ന്യായങ്ങൾ ചിന്തിക്കുക.

മൂന്നാംവകുപ്പു

സ്നേഹം

ധ്യാനം:— വിശുദ്ധ കൊച്ചുത്രേസ്യായിൽ മൂന്നാമത്തേതായി പ്രകാശിച്ച പ്രത്യേകഗുണം സ്നേഹമാകുന്നു. സ്നേഹം നമ്മു

ടെ സാധാരണപ്രവൃത്തികളും നിസ്സാരപ്രവൃത്തികളും ക്രൂടെ ദൈവഭക്തിയിൽ വളരെ വിലയുള്ളതാക്കിത്തീർക്കുന്നു. നാം എത്ര വിശിഷ്ടകാര്യങ്ങൾ ചെയ്താലും സ്നേഹമില്ലെങ്കിൽ അവ മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന താളവുംപോലെ മാത്രമെ ആയിരിക്കയുള്ളു എന്നു വി. പൗലോസ് പറയുന്നു. "സ്നേഹം ഒരു വലിയ കാര്യവും.....ഒരു വിശേഷനന്മയുമാകുന്നു. ഭാരമേറിയതെല്ലാം ലഘുവാക്കുകയും ഏറക്കുറച്ചിലുകളെല്ലാം സമചിത്തതയോടെ സഹിക്കുകയും ചെയ്യുന്നതു സ്നേഹംമാത്രമാണ്. സ്നേഹം ഉന്നതത്തിലേയ്ക്കു ഗമിക്കുന്നു.....സ്നേഹമില്ലാത്തവൻ ക്ഷീണിച്ചു വീഴുന്നിടത്തു സ്നേഹമുള്ളവൻ അനേകകാര്യങ്ങൾ ചെയ്യുന്നു. സ്നേഹമുള്ളവൻ ക്ഷീണിച്ചാലും തളരുകയില്ല. പ്രതിരോധങ്ങൾ കണ്ടാലും അടങ്ങുകയില്ല. ഭയപ്പെട്ടാലും പരിഭ്രമിക്കുകയില്ല." എന്നിങ്ങനെയാണു തോമസ് അ കെമ്പീസ് പറയുന്നതു്. സ്നേഹം മനുഷ്യനിൽ സഹജമായുള്ളതാണ്. എന്നല്ലാ, സ്നേഹിക്കാതെ, ജീവിക്കാൻ മനുഷ്യനു സാധിക്കുകയില്ലെന്നു പറയാം. അഗ്നിക്കു വിറക് എന്നോണം സ്നേഹിക്കുന്നതിനു് എന്തെങ്കിലും വിഷയം ആവശ്യമാണ്. അഗ്നി അതിനു കിട്ടുന്ന വസ്തുവിന്റെ സ്ഥിതിക്കനുസൃതം അതിന്റെ സ്ഥിതി പ്രത്യക്ഷപ്പെടുത്തുമല്ലൊ. ഇതുപോലെതന്നെയാണ് സ്നേഹത്തിന്റെയും പ്രകൃതി. വി. ചെറുപുഷ്പത്തിന്റെ സ്നേഹം വിശുദ്ധവചന പ്രാപിച്ചതു മുതല്ക്കു പരമനന്മയായ ദൈവത്തിലേക്കാണു നിർവ്വിഘ്നം ഗമിച്ചിരുന്നതു്. പ്രായംക്രമേണയതിനോടൊപ്പം അതു ശക്തിപ്പെടുകയും, വികസിക്കുകയും, ഒടുവിൽ അതു അത്യുന്നതസ്ഥാനത്തെത്തുകയും, ഇങ്ങനെ ഉൽകൃഷ്ടപ്രകൃതി പുണ്യവതിയിൽ പ്രത്യക്ഷപ്പെടുകയുംചെയ്തു. പുണ്യവതിയുടെ വാക്കുകളിൽ ചിലതു കേൾക്കുക.- സ്നേഹംക്രൂശാനുള്ള പ്രവൃത്തികൾ എത്ര വലിയവയായാലും തുനിഞ്ഞുകൂടാ." "നല്ലവനായ ദൈവത്തെ എനിക്കു പ്രായം ക്രമേണ കൂടുതലധികം കൂടുതൽ കൂടുതലായി സ്നേഹിക്കുകയും എന്റെ ഹൃദയത്തെ അവിടുത്തേയ്ക്കു സമർപ്പിക്കുകയും ചെയ്തു" എനിക്കു വലിയ ഒരു അനുഗ്രഹമുണ്ടായിരുന്നു. അതു ദൈവത്തെ മാത്രം സ്നേഹിക്കുക എന്റെ ആനന്ദമെല്ലാം അങ്ങയിൽവയ്ക്കുക എന്നുള്ളതായിരുന്നു" എന്നെ സംബന്ധിച്ചിടത്തോളം സ്വർഗ്ഗമെന്നതു സ്നേഹം മാത്രമാണ്. "എന്റെ ദൈവവിളി സ്നേഹമാണ്.....എന്റെ അമ്മയായ തിരുസ്സഭയുടെ മാറ്റിൽ ഞാൻ

സ്നേഹമായിരിക്കും! സ്നേഹം സ്നേഹംകൊണ്ടു മാത്രമേ വീട്ടാവൂ. അതിനാൽ എന്റെ ദൈവമെ! നിനക്കു സ്നേഹത്തിനുപകരം സ്നേഹം തന്നു് എന്റെ ഹൃദയത്തിൽ സമാധാനം ജനിപ്പിക്കാനുള്ള മാർഗ്ഗം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു." "പ്രിയപ്പെട്ട ഈശോയെ, ഇനിമേൽ ഒരുവിചാരം മാത്രമെ എനിക്കുള്ളു. നിന്നെ സ്നേഹിക്കണം എന്നുള്ളതാണു് അതു്". മറെറല്ലാപ്രവൃത്തികളേയും ഒരുമിച്ചു കൂട്ടിയാലും ഏറാം നിസ്സാരവും പാവനവുമായ ഒരു സ്നേഹപ്രവൃത്തിയോളം അവയ്ക്കു അതിനെ വിലമതിക്കുന്നില്ല."

പ്രായോഗികചിന്ത:- നിന്റെ സ്നേഹത്തിന്റെ സ്ഥിതി എന്തു്? അതു പരമനന്മയായ ദൈവത്തിലേയ്ക്കു തിരിച്ചും അനന്മയിൽ പററിജ്വലിച്ചും വരുന്നുണ്ടോ? അങ്ങനെയാണെങ്കിൽ നിനക്കു സന്തോഷിക്കുകയും വലിയ പ്രതീക്ഷയോടെയിരിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ അതു നിന്നെ അത്യൽകൃഷ്ടനും സൗഭാഗ്യസംപൂർണ്ണനുമാക്കിത്തീർക്കാതിരിക്കയില്ല. എന്നാൽജഡികവും ക്ഷണഭംഗുരവുമായവയിലേയ്ക്കാണു് അതുതിരിഞ്ഞിരിക്കുന്നതെങ്കിൽ നീ വളരെ ഭയപ്പെടണം. എന്തുകൊണ്ടെന്നാൽ, അങ്ങനെയായാൽ അന്ധകാരനിബിഡവും അരിഷ്ടതാപൂർണ്ണവുമായ ഒരു സ്ഥിതിയായിരിക്കും നിന്നിൽവന്നവശാവുക. ഇങ്ങനെ നിന്റെ സ്ഥിതി ഇഹത്തിലും പരത്തിലും ക്ലേശഭൂയിഷ്ഠവും ദൗർഭാഗ്യകരവുമായിത്തീരും. അതിനാൽ നിന്റെ ആന്തരിക സ്ഥിതി പരിശോധിച്ചു ശരിപ്പെടുത്തുക. ഇതിന്നായുള്ള പരിശ്രമത്തിൽ എത്രയധികം പരാജയം നീ കാണുമൊ, അത്രയധികമായി നിന്റെ ചെറിയാവസ്ഥ — ആത്മികസ്ഥിതിയിൽ വളർച്ചപ്രാപിക്കാതെ ചെറുതായിത്തന്നെ കിടക്കുന്ന അവസ്ഥ — മനസ്സിലാക്കുകയും ചെറിയ ആത്മാവുകളോടു പുണ്യവതി പറയുന്നതനുസരിച്ചു (സ്വയംകൃതചരിത്രം, സ്നേഹഗീത, 322-ാം പുറംമുതൽ 327-ാം പുറംവരെയുള്ളവ നോക്കുക) എളിമയിലും മനോവിശ്വാസത്തിലും സ്നേഹത്തിലും അഭ്യസിക്കുകയും ചെയ്യുക.

സംഭാഷണം:- വിശുദ്ധ കൊച്ചുത്രേസ്യയോടു സംഭാഷണം ചെയ്യുക. പുണ്യവതിയുടെ കുറുക്കുവഴി നിന്നെയും പഠിപ്പിക്കണമെന്നു അഭ്യർത്ഥിക്കുക. നിന്റെ ദുർബലസ്ഥിതി അനുസരിച്ചുപറയുക. ദിവ്യമണവാളന്റെ സ്നേഹരഹസ്യങ്ങൾ ഗ്ര

ഹിക്കത്തക്കവിധം അവിടത്തെ തൃക്കണ്ണുകൾ തിരിക്കണമെന്നു പുണ്യവതി അഭ്യർത്ഥിക്കുന്നു (സ്വയംകൃതചരിത്രം 326, 27) ആ ആത്മാവുകളിൽ ഒന്നു നീയാകുവാൻ കൃപ ലഭിച്ചുതരേണമെന്നു പ്രാർത്ഥിക്കുക.

നാലാം തിയ്യതി.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ തിരുനാൾ.

പ്രാരംഭം ഫ: ഈ വിശുദ്ധൻ തന്റെ ആദ്ധ്യാത്മികപുത്രന്മാരാൽ ചുറ്റപ്പെട്ടു നിത്യഭാഗ്യം അനുഭവിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ: സന്ന്യാസദാരിദ്ര്യത്തിന്റെയും എളിമയുടെയും വാസന ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു്

വി. ഫ്രാൻസീസിന്റെ ദാരിദ്ര്യത്തിനു ലഭിച്ച പ്രതിഫലം

ധ്യാനം:- വി. ഫ്രാൻസീസു് സുവിശേഷദാരിദ്ര്യം അനുസരിച്ചതു് അത്യന്തം അസാധാരണമായ ഒരു രീതിയിലും വളരെ ക്രമാതീതമായ ഒരു അളവിലുമായിരുന്നു എന്നുതന്നെ പറയാം. ഈ ജീവിതം മുറപ്രകാരമാരംഭിക്കുന്നതിനു വളരെ മുമ്പുതന്നെ ഇദ്ദേഹം തന്റെ അനിതരസാധാരണമായ ദാനശീലത്താൽ പ്രസിദ്ധനായിരുന്നു. ദരിദ്രരോടുണ്ടായിരുന്ന ഈ വലിയ അനുകമ്പയും വി. മറിയാന്റെ ദേവാലയപ്പണിക്കു നൽകിയ വലിയ സംഭാവനയുംനിമിത്തം ഇദ്ദേഹം സ്വപിതാവിന്റെ കടുംശത്രുവായ കോപത്തിനു പാത്രമായിത്തീർന്നു ഫ്രാൻസീസു് തനിക്കു വലിയ ധനനഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നെന്നു് അദ്ദേഹത്തിന്റെ പിതാവു് അസീസ്സിമെത്രാന്റെപക്കൽ ആവലാതിപ്പെട്ടു. ഫ്രാൻസീസ്, മെത്രാന്റെ സന്നിധിയിൽ ഹാജരായി. തന്റെ അപരാധം ഏറുപറകയും പിതൃസ്വത്തിന്മേൽ തനിക്കുള്ള സമസ്ത അവകാശങ്ങളും താൻ നിശ്ശേഷം പരിത്യജിച്ചു

രിക്കുന്നതായി ഒരു ത്യാഗപത്രം എഴുതി ഒപ്പുവച്ചുകൊടുക്കുകയും ചെയ്തു. ധരിച്ചിരുന്ന വസ്ത്രംപോലും ഉടനെ അഴിച്ചു സാദരം പിതാവിനു സമർപ്പിച്ചിട്ടു, വിനയത്തോടും സന്തോഷത്തോടുംകൂടെ 'സ്വർഗ്ഗസ്ഥനായ തെങ്ങളുടെ പിതാവെ, എന്നു് എനിക്കു് ഇന്നുമുതൽ കൂടുതൽ ന്യായത്തോടും അത്ഥത്തോടുംകൂടെ വിളിക്കാം.' എന്നുപറഞ്ഞുകൊണ്ടു് അവിടംവിട്ടിറങ്ങി (ഫ്രഫ്ര) തദനന്തരം ആ നാട്ടിലുള്ള ആട്ടിടയരെപ്പോലെ എളിയതരം വസ്ത്രം ധരിച്ചും ഭിക്ഷാടനംചെയ്തും ഉപജീവിച്ചുപോന്നു. പാഴായിക്കിടന്നിരുന്ന വി. ഉമിയാനൊ ദേവാലയത്തെ തന്റെ അജ്ഞാതവാസത്തിനു പറ്റിയ നിഗ്രഹസ്ഥലമായും അദ്ദേഹത്തിനു ലഭിച്ചു. അവിടെ അദ്ദേഹത്തിനുയഥേഷ്ടം ജപദ്ധ്യാനങ്ങളിൽ സമയംകഴിക്കാൻ സാധിച്ചു. ഇങ്ങനെയിരിക്കെ "പൊന്നും വെള്ളിയും രണ്ടു കുപ്പായവും ചെരിപ്പുകളും വടിയും നിങ്ങൾക്കുണ്ടാകരുതു്. എന്ന സുവിശേഷഭാഗം ഒരു ദിവ്യപൂജയിൽ വായിച്ചുകേട്ടു. ഇതോടെ തനിക്കു തൽക്കാലമുണ്ടായിരുന്ന നിസ്സാരസാധനങ്ങൾപോലും ആവശ്യത്തിൽ വളരെ കൂടുതലാണെന്നു് അദ്ദേഹം തീർച്ചയാക്കി. അരയിൽ ധരിച്ചിരുന്ന തോൽവാറിനു പകരം ഒരു കയറുകെട്ടുകയും ചെയ്തു. ഈ താപസവേഷത്തിൽ അദ്ദേഹം തപസ്സും മനസ്താപവും പ്രസംഗിച്ചുതുടങ്ങി. തൈവത്തെപ്രതി അനുഷ്ഠിച്ച അനുപാളുശവും ധീരവുമായ ത്യാഗത്തിനും, അവിടുത്തെപ്രതി ഔദാര്യപൂർവ്വം കൈവരിച്ച ദരിദ്രത്തിനും അരിഷ്ടതകൾക്കും അപമാനത്തിനും ആശ്രിതവത്സലനായ തൈവം ഇദ്ദേഹത്തെ ധാരാളമായി പ്രതിസമ്മാനിക്കുകതന്നെ ചെയ്തു. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ജനങ്ങളെ ആശ്ചര്യാവഹമായവിധം മനസ്താപത്തിലേക്കും മാനസാന്തരത്തിലേക്കും നയിച്ചതിനുംപുറമെ, അനേകർ അദ്ദേഹത്തിന്റെ അനുയായികളായിത്തീരുകയുമുണ്ടായി. ഈ ശിഷ്യസംഘത്തെ സന്ന്യാസസഭയായി രൂപാന്തരപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ അദ്ദേഹം അവക്കായി ഒരു നിയമസംഹിത നിർമ്മിച്ചു. ഇതു മൂന്നാം ഇന്നോസ്സെൻറു് പാപ്പായുടെ സമർപ്പിച്ചു അവിടെനിന്നു അംഗീകരണം ലഭിക്കുകയും ചെയ്തു. (ഫ്രഫ്ര) വി. ഫ്രാൻസീസ് ഒരുപൈപ്പാലും കൈവശത്തിലില്ലാതെയാണു് ഇത്ര വിപുലമായ ജോലിയിൽ ഉദ്യുക്തനായതെങ്കിലും മൂന്നു വർഷത്തിനിടകൊണ്ടു് അറുപതോളം ആശ്രമങ്ങൾ സ്ഥാപിക്കാനും അതിലെ

അംഗങ്ങളുടെ ക്ഷേണ വസ്ത്രാദി ആവശ്യങ്ങൾ യഥേഷ്ടം സാധിച്ചുകൊണ്ടുപോരുന്നതിനും അഭ്യർത്ഥത്തിനു കഴിഞ്ഞു. ദൈവത്തിലുള്ള അഭ്യർത്ഥത്തിന്റെ നിശ്ചലമായ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ഒരു മഹനീയദൃഷ്ടാന്തവും അതിനു ദൈവം നൽകിയ അത്ഭുതാവഹമായ പ്രതിസമ്മാനത്തിന്റെ ഒരുദാഹരണവുമാണ് ഫ്രാൻസീസ്കൻ സഭയുടെ ഈ പ്രാരംഭചരിത്രത്തിൽ നാം കാണുന്ന വിശേഷസംഗതികളും.

പ്രായോഗികചിന്ത:—ഈ മഹാത്മാവിനെപ്പോലെ നാമും ദാരിദ്ര്യവ്രതം സന്ന്യാസജീവിതത്തിന്റെ ഭിത്തിയും പുണ്യപൂർണ്ണതാസൗധത്തിന്റെ മൂലക്കല്ലുമാക്കുന്നെന്നുകരുതി അതിനെ നമ്മുടെ മാതാവിനെപ്പോലെ സ്നേഹിക്കുക. നമ്മുടെ ദരിദ്രാവസ്ഥയെപ്പറ്റി ഒരിക്കലും ലജ്ജിക്കാതെ അതിൽ സർവ്വദാ അഭിമാനിക്കുക. ഏറ്റവും നിസ്സാരസംഗതികളിൽപ്പോലും നമ്മുടെ ദാരിദ്ര്യവ്രതത്തെ ലംഘിക്കാതിരിക്കണം. ഈ വിഷയത്തിൽ നിന്റെ സ്ഥിതിയെന്താണ്?

സ്നേഹപ്രകരണങ്ങൾ:—ദാരിദ്ര്യത്തിൽ അഭിമാനവും സ്നേഹവും ദൈനംദിനം വർദ്ധിച്ചുവരുവാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദാരിദ്ര്യംഹേതുവായി കഷ്ടതകളും സഹിക്കേണ്ടിവരുമ്പോൾ സന്തോഷിക്കുക.

രണ്ടാം വകുപ്പു.

വി. ഫ്രാൻസീസിന്റെ എളിമയ്ക്കു ലഭിച്ച പ്രതിസമ്മാനം

ധ്യാനം:—ഈ മഹാത്മാവിന്റെ വിസ്മയാവഹമായ എളിമയെപ്പറ്റി ചിന്തിക്കുക. ഇദ്ദേഹം അസ്സീസിപ്പട്ടണത്തിലെ ഒരു വ്യാപാരിയുടെ മകൻ മാത്രമായി ലോകദൃഷ്ടിയിൽ നിസ്സാരനും അജ്ഞാതനുമായ ഒരു സാധാരണക്കാരനായിരുന്ന കാലത്തു, സ്വയംപ്രശംസിച്ചുവരുകയും, സ്വീകൃതി കൊണ്ടാടപ്പെട്ടുവാൻ അത്യന്തം കാംക്ഷിക്കുകയും, തന്നെ അപമാനിച്ച ഒരുത്തനോടു പ്രതിക്രിയ ചെയ്യുവാൻ കോപാക്രാന്തനായി ചാടിപ്പുറപ്പെടുകയുംചെയ്തവനാണ്. എന്നാൽ മാനസാന്തരാനന്തരം, പന്തീരായിരത്തിൽപരം സന്ന്യാസികളുടെ പൊതുശ്രേഷ്ഠനായി സമസ്തലോകത്തിന്റെയും ഭക്തിബഹുമാനങ്ങൾക്കും വിസ്മയത്തിനും പാത്രീഭൂതനായിത്തീർന്നിരുന്ന അവസരത്തിലാകട്ടെ അഭ്യർ

ഥം അത്യഗാധമായ എളിമയുടെ വിളനിലമായിരുന്നു. സ്വന്തം അയോഗ്യതയെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ബോധം എത്ര പരമാത്മാവും പരിപൂർണ്ണവുമായിരുന്നു. ഈ വിനയവിചാരത്തിന്റെ ശക്തിയാൽ വൈഭികസ്ഥാനത്തേക്കുയർത്തപ്പെടാതിരിക്കാൻ അദ്ദേഹം സർവ്വശക്തിയോടുംകൂടെ വിരോധിച്ചു. മരണപര്യന്തം ഒരു ആറാംപട്ടക്കാരനായിത്തന്നെ ജീവിതം നയിച്ചു. ദൈവത്തെക്കുറിച്ചും അവിടുത്തെ മഹത്വത്തിന്നായും സകലരാലും നിന്ദിക്കപ്പെടണം, വിസ്മരിക്കപ്പെടണം, എന്നിതു മാത്രമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ സർവ്വപ്രധാനമായ ആഗ്രഹം. ഇദ്ദേഹത്തിന്റെ സ്വഭാവത്തിനു സംഭവിച്ച അത്യാശ്ചര്യകരമായ ഈ പരിണാമത്തിനു കാരണമെന്തായിരിക്കാം? ഇതു ദൈവാനുഗ്രഹത്തിന്റെ ഒരു ചെറിയ അത്ഭുതമല്ലാതെ മറെറാന്നുമല്ല. അതെ, ദൈവം തന്റെ തേജസ്സിനാൽ അദ്ദേഹത്തിന്റെ ആത്മാത്മികനേത്രങ്ങളെ പ്രകാശിപ്പിക്കുകമൂലം നല്ലതും സുന്ദരവുമായി ലോകത്തിലോ നമ്മിലോ ഉള്ളവ സമസ്തവും അനന്തനന്മയും അതുല്യസൗന്ദര്യവുമാകുന്ന അങ്ങയിൽ നിന്നു സമുത്ഭവിക്കുന്നതും അവിടുത്തെ സ്വന്തവുമാണെന്നു് അദ്ദേഹം വ്യക്തമായി ഗ്രഹിച്ചു. സകല സ്തുതിയും മഹത്വവും ദൈവത്തിനു മാത്രമാണു നൽകേണ്ടതു്. നമുക്കാകട്ടെ പരിഹാസമാത്രം. അതി നീചങ്ങളായ നിരവധി പാപങ്ങളും, പാപത്തിലേക്കു ശക്തിയായി വശീകരിക്കുന്ന വാസനയോടുകൂടിയ ഒരു നികൃഷ്ടസ്വഭാവവുമാണു നമുക്കു സ്വന്തമായുള്ളതു്. നിത്യഭാഗ്യലബ്ധിക്കു് ഉതകുന്ന ഒരാറാറസൽകൃത്യംപോലും, ഏറെറം നിസ്സാരമായ ഒന്നുപോലും, സ്വയം ചെയ്യുവാൻ നാം ശക്തരല്ലല്ലൊ. ഇതാണു് നമ്മുടെ യഥാർത്ഥസ്ഥിതിയെങ്കിൽ നിന്ദനത്തിന്നും അപഹാസത്തിനുമല്ലാതെ മറെറന്തിനു നമുക്കു് അർഹതയുണ്ടു്?

പ്രായോഗികചിന്ത:— ഈ സത്യം നാം അറിഞ്ഞിട്ടുണ്ടു്. ഇതിനെക്കുറിച്ചു വിവരമായി വ്യാഖ്യാനിക്കുന്നതും നാം കേട്ടിട്ടുണ്ടു്. ഇങ്ങിനെ ആയിരുന്നിട്ടും വി. ഫ്രാൻസീസിൽ നാം കണ്ടു വിസ്മയിക്കുന്ന ഗുണങ്ങൾ— ഇദ്ദേഹത്തിൽ പ്രശോഭിച്ചതുപോലുള്ള എളിമ, ആത്മപരിത്യാഗം മുതലായവ— നമ്മിൽ ഇല്ലാത്തതു് എന്തുകൊണ്ടു്? ഇതു പ്രസ്തുത സത്യങ്ങൾ നമ്മുടെ ബോധത്തിൽനിന്നു ഹൃദയത്തിലേക്കു പ്രവേശിക്കാത്തതുകൊ

ണ്ടാണു്. അതിനാൻ നമ്മുടെ ബുദ്ധി സമ്മതിക്കുകയും സ്വീകരിക്കുകയുംചെയ്യുന്ന ഈ സനാതനസത്യങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽനിന്നു മറയുന്ന ക്ഷണത്തിൽ അവ നമുക്കു തീരെ അപരിചിതങ്ങളായിത്തീരുന്നു. അവ നമ്മുടെ മനസ്സിൽ ഗാഢമായിപ്പതിയുകയും നമ്മുടെ ആത്മികദൃഷ്ടിയിൽ സദാ ഉണ്ടായിരിക്കുകയും ചെയ്തിരുന്നെങ്കിൽ നാമും വി. ഫ്രാൻസീസിനെപ്പോലെ എളിമയുള്ളവരും, തപോരാ ജീവിതവിശുദ്ധിയിൽ വലിയ അഭിവൃദ്ധി പ്രാപിച്ചവരുമാകുമായിരുന്നു. ഈ എളിമ നമ്മിൽ ഉണ്ടായിരുന്നെങ്കിൽ ദൈവം എളിമയുള്ളവർക്കുമാത്രം നൽകാറുള്ള തന്റെ പ്രത്യേകാനുഗ്രഹങ്ങളും ദാനങ്ങളും നമുക്കു പ്രദാനം ചെയ്യുമായിരുന്നു. ഇക്കഴിഞ്ഞ എഴുന്നൂറിൽപരം വത്സരങ്ങൾക്കിടയിൽ അജ്ഞരുങ്ങളായ നിരവധി പ്രതിബന്ധങ്ങളോടും മർദ്ദനങ്ങളോടും വിപത്തുകളോടും എതിരിടേണ്ടിവന്നിട്ടും നിസ്തുലമായ ശോഭയോടും ശക്തിയോടുംകൂടെ സാർവ്വത്രവളർന്നുവരുന്ന ഈ മഹാസഭയുടെ അംഗങ്ങളായ അഹമ്മതികളോടു — വി. ഫ്രാൻസീസിന്റെ വിശ്വസ്ത അനുയായികളായ അദ്ദേഹത്തിന്റെ ആത്മികപുത്രന്മാരോടു— ആത്മനാ യോജിച്ചു നമുക്കു ഈ വിശുദ്ധനെ അഭിനന്ദിക്കുകയും സ്തുതിക്കുകയുംചെയ്യാം. ഇദ്ദേഹത്തിനു ലഭിച്ച അഞ്ചുകായവരം, അത്ഭുതപ്രവർത്തനത്തിനുള്ള അനുഗ്രഹം, മുതലായവയെയല്ല, ദാരിദ്ര്യം, എളിമ, ഹൃന്നിവയെ, യഥാർത്ഥത്തിൽ കായ്മയി ഗണിക്കാനും സ്നേഹിക്കാനുമുള്ള അനുഗ്രഹമാണു് നാം ഇദ്ദേഹത്തിന്റെ മാദ്ധ്യസ്ഥംവഴിയായിയി പ്രാർത്ഥിക്കേണ്ടതു്.

സംഭാഷണം:— വി. ഫ്രാൻസീസിനെ അഭിനന്ദിക്കുക. നിന്റെ വിശുദ്ധ അന്തസ്സിന്റെ അസ്ഥിവാരമായിരിക്കുന്ന എളിമയുടെ പരിപൂർണ്ണാവസ്ഥ പ്രാപിക്കാൻവേണ്ട അനുഗ്രഹം ലഭിച്ചുതരണമെന്നു് ഈ വിശുദ്ധനോടു് അഭ്യർത്ഥിക്കുക.

അഞ്ചാം തിയ്യതി

പതിനെട്ടുവർഷം രോഗിണിയായിരുന്ന ഒരു സ്ത്രീയെ
ഈശോ സുഖപ്പെടുത്തുന്നു.

പ്രാരംഭം ഫ. ഈശോ അവളുടെമേൽ കൈനീട്ടി അവളെ സുഖപ്പെടുത്തുന്നതു് ആത്മനാ ഭർശിക്കുക.

ഫ. നിന്റെ ആത്മികരോഗങ്ങളെ സുഖപ്പെടുത്തേണമെന്നു് അവിടുത്തോടു് പ്രർത്ഥിക്കുക.

ഒന്നാംവകുപ്പു

ആ രോഗിണിയുടെ ദുരവസ്ഥ.

ധ്യാനം:- ഈശോ ബഥാന്യാവിട്ടു പുറപ്പെട്ടതിന്റെപ്രബോധനജോലി അനുസ്യൂതമായി തുടർന്നു നടത്തിക്കൊണ്ടിരുന്നു. (അവിടുന്നു ബഥാന്യയിൽ വീണ്ടും പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടതായി നാം ഇനിയുംകാണും.) ദയാനിധിയായ നമ്മുടെ രക്ഷകന്റെ പ്രസംഗജീവിതത്തിലെ സർവ്വപ്രധാനമായ ഒരു കൃത്യം രോഗികളെ അത്ഭുതകരമായി സുഖപ്പെടുത്തുകയായിരുന്നല്ലോ. പതിവുപോലെ ഇവിടെയും അദ്ദേഹം പല അപദാനങ്ങളും പ്രവർത്തിച്ചു് തന്റെ അപാരമായ കരുണയെ നിരന്തരം പ്രത്യക്ഷീകരിച്ചുകൊണ്ടിരുന്നു. ഒരു സാബ്ബത്തിനത്തിൽ അവിടുന്നു് അവരുടെ ജപസ്ഥാനത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു. "അപ്പോൾ അതാ പതിനെട്ടവത്സരക്കാലമായി രോഗത്തിന്നു (ഹേതുവായ ഒരു ദുഷ്ട) അരൂപി ബാധിച്ചിട്ടു മേല്പോട്ടുനോക്കുവാൻ നിശ്ശേഷം സാധിക്കാത്തവണ്ണം കുനിയായിരുന്ന ഒരു സ്ത്രീ (അവിടെ) ഉണ്ടായിരുന്നു. (ലൂക്കാ. ഫമ. ഫം, ഫമ) എത്ര അപമാനകരവും കരുണാർഹവുമായ ഒരു സ്ഥിതി!

പ്രായോഗികചിന്ത:- പിശാചിനാൽ ഈ സ്ത്രീക്കു വന്നുകൂടിയ നിർഭാഗ്യസ്ഥിതികണ്ടു നമുക്കു് അനുകമ്പതോന്നുന്നു. എന്നാൽ ഇതു് അത്ഥാഗ്രഹവും വീക്ഷയാസക്തിയുംമൂലം അനേകക്രിസ്ത്യാനികളും അകപ്പെടുന്ന യേങ്കരമായ ദുരവസ്ഥയുടെ ഒരു ഏകദേശരൂപംമാത്രമെ അകുന്നുള്ളൂ. ഈ സ്ത്രീക്കു മേല്പോട്ടുനോക്കുവാൻ വഹിയാതെ, അവളെ കുനിയാക്കിയിരുന്നതുപോലെ മുകളിൽ പറഞ്ഞവരുടെ വിചാരങ്ങളെയും ആഗ്രഹങ്ങളെയും പി

ശാച്ച ലൌകികവും നശ്വരവുമായ കാര്യങ്ങളിലേക്കും ഇന്ദ്രിയ സന്തോഷങ്ങളിലേക്കും നിപതിപ്പിച്ചു്, ഇവയോടു ഗാഢമായി ബന്ധിച്ചുനിറുത്തുന്നതിനാൽ, അവരുടെ ബോധവും മനസ്സും സ്വർഗ്ഗീയകാര്യങ്ങളിലേക്കു തിരിക്കുവാൻ അശക്തമായിത്തീരുന്നു. ദൈവത്തിൽ— തങ്ങളുടെ പരമന്ത്രമായ ആ സ്നേഹസ്വരൂപനിൽ—നിന്നു് എന്നേക്കുമായി വേർപെടേണ്ടിവരുന്നതിനെപ്പറ്റിയോ, മറുഏതാട്ടശസത്യങ്ങളെപ്പറ്റിയോ ചിന്തിക്കുവാൻ അവർ കേവലം അശക്തരായി ഭവിക്കുന്നു! ശ്രുഷ്ഠാന്തിയോടുകൂടെ നടക്കേണ്ടസന്ന്യാസിയെ പിശാച്ച ആദ്യം ആത്മികമനുഷ്യനും, ആത്മാത്മികമനുഷ്യനായിരിക്കുന്നവനെ ക്രമേണ ഒരു വെറും ലൌകികമനുഷ്യനും ആക്കിത്തീർക്കുകയും അവസാനം മേൽവിവരിച്ച ഭയാനകമായ നിർഭാഗ്യാവസ്ഥയിൽ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യാറുണ്ടു്. ഇങ്ങനെയുള്ളവന്റെ ഉദ്ദേശങ്ങളിലാവട്ടെ ശ്രേഷ്ഠമായോ സ്വർഗ്ഗീയമായോ യാതൊന്നും കാണുകയില്ല. ധ്യാനരൂപി നിശ്ശേഷം നഷ്ടപ്പെടുകയും സ്വല്പസമയത്തേക്കുപോലും ദൈവവിചാരത്തിൽ സമാശ്വസിക്കാൻ അശക്തനായിത്തീരുകയും ചെയ്യുന്നു. അഗ്രാഹ്യമായ ഒരു കരം അവനെ ലോകവ്യാമോഹങ്ങളിലേക്കും ജഡമോഹങ്ങളിലേക്കും ശാരീരികസുഖങ്ങളിലേക്കും തള്ളിത്താഴ്ത്തിക്കൊണ്ടിരിക്കുന്നതായി അവനു തോന്നും. ഇതു നിന്റെ ആത്മാവിന്റെതന്നെ ചിത്രമായിരിക്കുമോ? എത്ര നിർഭാഗ്യകരമായ സ്ഥിതിയാണിതു്!

സ്നേഹപ്രകരണങ്ങൾ:- പിശാചിന്റെ തന്ത്രങ്ങളാൽ മന്ദതയിലകപ്പെടാതിരിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ദൈവശുശ്രൂഷയിൽ നീ മന്ദീഭവിക്കാതെയിരിക്കുന്നതിനായി ആദ്യംമുതൽ തന്നെ ഈ ദുരവസ്ഥയെയപ്പെട്ടു വെറുത്തു തള്ളിക്കുക.

രണ്ടാംവകുപ്പു

രോഗിണി സുഖപ്പെടുന്നു.

ധ്യാനം:— "യേശു അവളെക്കണ്ടപ്പോൾ അവളെ അടുക്കലേക്കു വിളിച്ചു: അല്ലയോ സ്ത്രീ, നീ നിന്റെ രോഗത്തിൽനിന്നു വിമുക്തയാക്കപ്പെട്ടിരിക്കുന്നു എന്നു് അവളോടരുളിച്ചെയ്തു; അ

തോട്ടക്കൂടി അവിടന്ന് അവളുടെമേൽ സ്വകരങ്ങളും വച്ചു. തൽക്ഷണം അവൾ നിവൎന്നുകയും, ദൈവത്തെ സ്തുതിക്കുകയുംചെയ്തു". (ലൂക്കാ. ക്കന. ക്കവ, ക്കന)

പ്രായോഗികചിന്ത:—ഈ അത്ഭുതം പ്രവൎത്തിക്കപ്പെട്ടസ്ഥലവും സമയവും നമ്മുടെ പ്രത്യേക വിചിന്തനത്തിന്ന വിഷയമാകേണ്ടതാണ്. സകലരും പ്രതിവാരം പൊതുജപത്തിന്നുകൂടുന്ന ജപാലയത്തിൽവച്ചും, എല്ലാവരും പൊതുപ്രാൎത്ഥനയ്ക്ക സമ്മേളിച്ച സമയത്തിലുമാണ് ആ സ്ത്രീയെ അവിടന്ന സുഖപ്പെടുത്തിയതു്. അവൾ ഈ രോഗം നിമിത്തം ലജ്ജാഭരിതയും ഭഗ്നാശയുമായി യഥാക്രമം ദേവാലയത്തിലേയ്ക്ക പോകാതെ വിശ്വാസമായ ആ പതിവ് ഉപേക്ഷിച്ചിരുന്നെങ്കിൽ ദിവ്യരക്ഷകനെ കാണുവാനോ, അത്ഭുതവിധത്തിൽ സുഖം പ്രാപിക്കുവാനോ ഉള്ള ഭാഗ്യം അവൾക്ക ലഭിക്കാതെ ജീവപരൎന്തം ക്രുനിയായിത്തന്നെ കഴിഞ്ഞുകൂടേണ്ടിവരുമായിരുന്നു. ആകയാൽ ആശ്രമത്തിലെ നിയമനിശ്ചിതങ്ങളായ പൊതുക്ഷോഭങ്ങളിൽ ക്രമമായി യഥാസമയം പങ്കുകൊള്ളുന്നതു വളരെ പ്രധാനമായുള്ള ഒരു സംഗതിയാണ് എന്നു നീ മനസ്സിലാക്കണം. ഏതു പൊതുക്ഷോഭസമയത്താകുന്നു ദൈവം അവിടത്തെ പ്രത്യേക വരങ്ങളും അസാമാന്യദാനങ്ങളും നമുക്ക തരുവാൻ തിരുവുള്ളമാകുന്നതെന്നു നമുക്ക് ഒരറിവുമില്ല. അതിനാൽ നമ്മുടെ സാമൂഹ്യകൃത്യങ്ങളിൽ ഒന്നുമാത്രം—ഏറ്റവും നിസ്സാരമായ ഒരു പ്രവൃത്തിമാത്രം—അലക്ഷ്യമായി ഉപേക്ഷിക്കുന്നതുകൊണ്ട് അപാരമായ ദൈവാനുഗ്രഹം നമുക്ക നഷ്ടീവേക്കാനിടയുണ്ട്. ഒരുപക്ഷെ നാം അഗണ്യമായിത്തള്ളുന്ന ഒരു പ്രവൃത്തിയുടെ അനുഷ്ഠാനാവസരത്തിലായിരിക്കാം ദൈവം നമുക്ക തന്റെ പല അസാമാന്യ അനുഗ്രഹങ്ങളും നൽകുന്നതിന്ന നിശ്ചയിച്ചിരുന്നതെന്നുംവരാം. അതിനാലാണ് ഒരു നിസ്സാരമായ ഉദാസീനത അപരിഹാൎയ്യമായ നഷ്ടത്തിൽ കലാശിക്കുന്നതു്. യഥാൎത്ഥംഇതാണെങ്കിലും വ്യൎത്ഥമായ ഓരോ ഒഴികഴിവുകളും പറഞ്ഞുകൊണ്ട പലപ്പോഴും നീ പൊതുപ്രവൃത്തികളിൽനിന്ന് ഒഴിഞ്ഞുമാറുന്നില്ലയോ? പതിനെട്ട വൎഷത്തിന്റെ ശേഷമാണ് ആ സ്ത്രീയുടെ പ്രാൎത്ഥന കേൾക്കപ്പെട്ടതു്. എത്രവിസ്മയനീയമായ സ്ഥിരത! നിനക്ക് ഈവിധ സ്ഥിരതയുണ്ടോ?

സ്നേഹപ്രകരണങ്ങൾ:- സുഖം പ്രാപിച്ച ആ സ്ത്രീയെപ്പോലെ വലിയ എളിമ, കൃതജ്ഞത, അതിരില്ലാത്ത പ്രത്യാശ ഇവയോടുകൂടെ നമ്മെ ദൈവശുശ്രൂഷയ്ക്കു സമർപ്പിച്ചുകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുക.

പ്രതിജ്ഞ:— പൊതു കേതാഭ്യാസങ്ങൾക്കെല്ലാം ഞാൻ ഒന്നാമനായി കൂടുവാൻ ശ്രമിക്കും.

മൂന്നാംവകുപ്പു

കപടഭക്തനായ ജപസ്ഥാനപ്രമാണിയുടെ കോപം

ധ്യാനം:- "എല്ലാ ജനവും അവിടുന്നു മഹത്തായിട്ടുള്ള കാര്യങ്ങളെക്കുറിച്ചു സന്തോഷിച്ചിരുന്നു. (ലൂക്കാ. ഗ്രന്ഥം ൧൩) എന്നാൽ ഫരിസേയരൊ ഈശോയുടെ ഈ കീർത്തി അവരുടെ മഹിമയെ കുറയ്ക്കുന്നു എന്നുകരുതി അത്യധികം അസ്വസ്ഥരായിത്തീരുകയാണുണ്ടായതു്. അതിനാൽ അവർ കോപാന്ധരായി അവിടുത്തെപേരിൽ ജനങ്ങൾക്കുണ്ടായിരുന്ന ബഹുമാനാദരങ്ങളെ നശിപ്പിക്കുന്നതിനും, അവരിൽ അവിടുത്തോടുവിദ്വേഷം ജനിപ്പിക്കുന്നതിനും യഥാശക്തി പലതും പ്രവർത്തിച്ചുകൊണ്ടിരുന്നു. അവരുടെ നീചമായ സ്പർദ്ധയെ ജനമദ്ധ്യത്തിൽനിന്നു ഗോപനംചെയ്യുന്നതിനും തങ്ങളുടെ ക്രൂരകൃത്യത്തെ നീതീകരിക്കുന്നതിനുംവേണ്ടി അവർ ന്യായപ്രമാണസംരക്ഷകന്മാരെന്ന നാട്യത്തിലാണവർത്തിച്ചിരുന്നതു്. ഈശോയോടു് എതിർത്തപ്പോഴെല്ലാം ന്യായപ്രമാണത്തോടുള്ള ഭക്തിബഹുമാനങ്ങളാൽ തങ്ങൾ ഉജ്ജ്വലിക്കുന്നതായി കാണികളെ ധരിപ്പിക്കാനായിരുന്നു അവർ ബദ്ധശ്രദ്ധരായിരുന്നതു. ഈ ജപസ്ഥാനപ്രമാണിയുടെ പുറപ്പാടും ഈ രീതിയിൽ തന്നെയായിരുന്നു. അനന്തനടന്ന സംഭവങ്ങളെ വി. സുവിശേഷകൻ ഇങ്ങിനെ വിവരിക്കുന്നു: അയാൾ ക്രുദ്ധിച്ചു, പുരുഷാരത്തോടു് ഇങ്ങിനെ പറഞ്ഞു: "വേലചെയ്യേണ്ടതിന്നു് ആറുദിവസമുണ്ടു്; അവയിൽ നിങ്ങൾവന്നു സുഖം നേടുവിൻ; സാബട്ടിനത്തിൽ പാടില്ല." എന്നാൽ ഈ കപടഭക്തനുവേണ്ട അപമാനം ഉടനെകിട്ടി. എങ്ങിനെയെന്നാൽ, ഈശോ അവിടെക്കൂടിയിരുന്ന പുരുഷാരത്തിന്റെ മുമ്പിൽ അയാളോടരുളിച്ചെയ്തു: കപടഭക്തരെ, നിങ്ങളിൽ ഓരോരുത്തനും സാബട്ടിനത്തിൽ തന്റെ കാളയേയോ, കഴുതയേയോ തൊഴുത്തിൽ നിന്നഴിച്ചു വെള്ളം കാട്ടാൻ കൊണ്ടുപോകുന്നില്ലയോ? ആ സ്ഥി

തിക്ക് ഇതാ പതിനെട്ടുവർഷമായി പിശാചിനാൽ ബന്ധിക്കപ്പെട്ടിരുന്ന അബ്രഹാമിന്റെ പുത്രിയായ ഇവൾ സാബട്ടിനത്തിൽ ആ ബന്ധനത്തിൽനിന്നു മോചിക്കപ്പെടേണ്ടതായിരുന്നില്ലയോ? അവിടുന്ന് ഇങ്ങനെ അരുളിച്ചെയ്തപ്പോൾ അവിടുത്തെ വിരോധികൾ സകലരും ലജ്ജിച്ചിരുന്നു. (ലൂക്കാ. ഫ്രം. ഫർ — ഫ)

പ്രായോഗിക ചിന്ത: — കാപട്യം ഒരുദിവസം വെളിപ്പെടാതിരിക്കുകയില്ല. അതുകൊണ്ട് അതിനെ ഹൃദയപൂർവ്വം വെറുക്കുക. നമ്മുടെ ഹൃദയം സദാ നിഷ്കപടമായിരിക്കാൻ ശ്രമിക്കുക. പരമാത്മികളോടു സംഭാഷണംചെയ്യുന്ന ദൈവം നമ്മുടെ ആത്മിക രോഗങ്ങളെല്ലാം നീക്കിയരുളും.

സംഭാഷണം: — നമ്മുടെ ആത്മികരോഗങ്ങളെല്ലാം നീക്കുവാൻ സന്നദ്ധനും ദയാലുവുമായ ദിവ്യവൈദ്യനോടു — ഈശോയോടു — സംഭാഷണം ചെയ്യുക.

ആറാംതിയ്യതി

കർത്തൃസ്വർഗ്ഗസഭാ സ്ഥാപകനായ വി. ബ്രൂണോയുടെ തിരുനാൾ.

പ്രാരംഭം: ഫ. ഭാഗ്യപ്രദമായ ഏകാന്തമേ! എന്നു വി. ബ്രൂണോ സന്തോഷഭരിതനായി വിളിച്ചുപറയുന്നതു് ആത്മനാ ശ്രവിക്കുക.

വ. മൌനതയോടുകൂടിയ ഏകാന്തതയേയും ധ്യാനനിഷ്ഠയേയും സ്നേഹിക്കാൻ വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈ സഭയുടെ സ്ഥാപനത്തിൽ പ്രത്യക്ഷപ്പെട്ടന്ന ദൈവപരിപാലനവിശേഷം

ധ്യാനം:-വി. ബ്രൂണോ കൊലോനിയ പട്ടണത്തിൽശ്രേഷ്ഠവംശജരും സമ്പന്നന്മാരുമായ മാതാപിതാക്കന്മാരിൽനിന്നു ക്രി.ശ. 1-ാം വത്സരത്തിൽ പിറന്നു. പൂർവ്വ വനവാസികളുടെയും

തെഖായ ധ്യാനനിഷ്ഠരുടേയും ജീവിതരീതിയെ ഒരു സന്ന്യാസ സഭയുടെ രൂപത്തിൽ യൂറോപ്പിൽ സ്ഥാപിക്കുന്നതിനു ദൈവത്താൽ നിയുക്തനായ മഹാശയൻ ഇഗ്നേഷ്യസ് തന്നെയായിരുന്നു. ഈ ഉദ്ദേശസാദ്ധ്യത്തിന്നായി അവിടുന്ന് ഈ മഹാത്മാവിൽ നൈസർഗ്ഗികമായിത്തന്നെ ഏകാന്തത, തപസ്സ്, ധ്യാനം മുതലായവയോട് വലിയ പ്രതിപത്തി ജനിപ്പിച്ചിരുന്നു. ഈ വിശുദ്ധനും ദൈവത്തിന്റെ ഈ അഭീഷ്ടത്തിനു വശംവദനായി ലോകത്തെയും തനിക്ക് അവിടെ അനായാസം പ്രാപിക്കാമായിരുന്ന സമസ്ത ലൗകിക സ്ഥാനൈശ്വര്യങ്ങളെയും നിശ്ശേഷം പരിത്യജിച്ചു വനത്തിൽ പോയി ജീവിക്കുന്നതിനു തന്നെ നിശ്ചയിച്ചു. ഇഗ്നേഷ്യസ്സിനെപ്പോലെ തന്നെ ദൈവത്തിനു സ്വയം പ്രതിഷ്ഠിക്കാൻ സന്നദ്ധരായിരുന്ന ആറു ശിഷ്യന്മാരെക്കൂടെ ഇഗ്നേഷ്യസ്സിനു ലഭിച്ചു. ഫ്രാൻസ്–1-ാം വത്സരത്തിൽ, ക്രനോബിളി പട്ടണത്തിന്റെ മെത്രാനായിരുന്ന ഹ്യൂഗോ എന്ന ദേഹത്തിന്റെ പക്കൽ ചെന്നു തങ്ങളുടെ അഭിലാഷം അറിയിക്കുകയും അഗ്നേഷ്യസ്സിന്റെ നിർദ്ദേശാനുസരണം പ്രവർത്തിപ്പാൻ സന്നദ്ധരാകയുംചെയ്തു. ഏഴുപേരും എന്തുദ്ദേശത്തോടെയാകുന്നു വരുന്നതെന്നു പ്രസ്തുത മെത്രാൻ ഒരു ദിവ്യദർശനംമൂലം നേരത്തെ ഗ്രഹിച്ചിരുന്നു. അതിനാൽ ആ പട്ടണത്തിന്ന് അല്പം ദൂരെയായിരുന്ന കർത്തൂസ്യൻ വനത്തിൽ അവരെ കൂട്ടിക്കൊണ്ടുചെന്ന് അവിടെ വസിപ്പാൻ ഏർപ്പാട് ചെയ്തു. കല്ലുറകളാൽ നിറഞ്ഞിരുന്ന ആ വനം വത്സരത്തിൽ വലിയ ഭാഗവും ഉറച്ച് മഞ്ഞും മൂടൽമഞ്ഞും അധികമായുണ്ടാകുന്ന ഒരു സ്ഥലമായിരുന്നു. മനുഷ്യസഞ്ചാരമില്ലാത്ത ആ സ്ഥലത്ത് ഒരു ചെറുദേവാലയവും അല്പാല്പം അകലെയായി ഏതാനും, ചെറുകുടിലുകളും ഉണ്ടാക്കി പലസ്തീനാ നാട്ടിലെ വനവാസികളെപ്പോലെ ജപം, തപം, ധ്യാനം മുതലായവ ശ്രദ്ധാന്തിയോടുകൂടെ നടത്തിക്കൊണ്ട് അവർ അവിടെ വാസമുറപ്പിച്ചു. ഇങ്ങനെയാണ് ഒമ്പതോളം നൂറ്റാണ്ടുകളായിട്ടും ആരംഭത്തിലുണ്ടായിരുന്ന ശോഭ ഒട്ടും കുറയാതെ നിലനിന്നുവരുന്ന വിശ്വവിശ്രുതമായ കർത്തൂസ്യൻ സഭയുടെ ആരംഭം.

പ്രായോഗികചിന്ത:—നീ പ്രവേശിച്ചിരിക്കുന്ന സന്ന്യാസസഭയുടെ ചരിത്രവും, അതിൽ നീ പ്രവേശിക്കുന്നതിനു ഹേതുവായ കാരണങ്ങളും നന്നായി ആലോചിക്കുന്നതു ഗുണകരമായി

രിക്കും. അതിനാൽ നിനക്കും വിശ്വാസം, ധീരത, ആത്മിക സന്തോഷം എന്നിങ്ങനെയുള്ളവ ഉണ്ടാകാതിരിക്കുകയില്ല. തമ്പുരാനിന്റെ വിശുദ്ധ അന്തസ്സിനോടുള്ള സ്നേഹബഹുമാനങ്ങൾ വർദ്ധിച്ചുവരുന്നതിനും അതിൽ നിലനിന്നു വിശുദ്ധനായിത്തീരുന്നതിനും ശക്തിയായ ആശ ജനിക്കുന്നതിനുമിടയാകും.

സ്നേഹപ്രകരണങ്ങൾ:— ഈ ആഗ്രഹം നിറവേറുവാൻ വേണ്ട ദൈവാനുഗ്രഹം ശ്വാസോച്ഛ്വാസംപോലെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നീ സന്ന്യാസാന്തസ്സിനു വിളിക്കപ്പെട്ടപ്പോൾ ദൈവപരിപാലനയാൽ സംവേദിച്ച സംഗതികളും നിനക്കു ലഭിച്ച നന്മകളും കൂടക്കൂടെ ചിന്തിക്കുക.

രണ്ടാംവകുപ്പ്

ഈ സഭയുടെ പ്രചരണത്തിൽ പ്രത്യക്ഷപ്പെട്ടുന്ന ദൈവപരിപാലനാ വൈഭവം.

ധ്യാനം:— ദൈവപരിപാലനയുടെ ഒരു പ്രത്യേക പ്രവൃത്തികൊണ്ടല്ലായിരുന്നെങ്കിൽ ഖ്റൂണോയും അദ്ദേഹത്തിന്റെ സഹകാരികളും അവരുടെ ധീരമായ ഉദ്യമവും ലോകത്തിനു നിശ്ശേഷം അജ്ഞാതമായിത്തന്നെ പിന്നെയുമിരിക്കുമായിരുന്നു. ദൈവത്തിന്റെ സർവ്വവ്യാപകശക്തി സംഗതികളെ എങ്ങിനെ സംഘടിപ്പിക്കുന്നെന്നു നോക്കുക. ഇദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ഒരുത്തൽ വ-ാം ഉർബാൻ എന്ന നാമത്തോടുകൂടെ വിശുദ്ധ പാപ്പാസ്ഥാനത്തേയ്ക്കു് ഉയർത്തപ്പെട്ടു. അപ്പോൾ തിരുസ്സഭാരേണ സംബന്ധമായ കാര്യങ്ങൾ ആലോചിക്കുന്നതിനുവേണ്ടി വിശുദ്ധ പാപ്പാ ഈ മഹാത്മാവിനെ റോമിലേക്കു വിളിപ്പിച്ചു. ഈ മഹാത്മാവും മറ്റു ആറു ശിഷ്യന്മാരും റോമിലേക്കു ചെല്ലുകയും അവിടെ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനാൽ അത്യാദരപൂർവ്വം സ്വീകരിക്കപ്പെടുകയും ചെയ്തു. അവരുടെ പരിശുദ്ധ ഉദ്യമത്തെ അവിടുന്നു ഔദ്യോഗികമായി അംഗീകരിച്ചു സ്ഥിരപ്പെടുത്തുകയും ആശ്രമസ്ഥാപനാർത്ഥം റോമാപട്ടണത്തിൽ തന്നെ അവക്കുവേണ്ട സ്ഥലം നൽകുകയും ചെയ്തു. കാലാന്തരത്തിൽ പല കർത്തൃസ്വാർ ആശ്രമങ്ങളുടെയും മാതൃസ്ഥാനം വഹിച്ച സുപ്രസിദ്ധമായ രണ്ടാമത്തെ കർത്തൃസ്വാൻ സന്ന്യാസമഠം ഇവിടെ സ്ഥാപിതമായി. ഇവരുടെ വകയായി ഇറാലിയിലുള്ള ആശ്രമങ്ങളിൽവച്ചു സർവ്വപ്രകാരേണയും പ്രാധാന്യമർഹി

ക്കുന്നത് കലാബ്രിയാ എന്നസ്ഥലത്തുണ്ടായിരുന്ന ഒരു ലാത്തോറെ വനത്തിൽ സംസ്ഥാപിതമായതാണ്. വി. ബ്റുണോ തന്റെ ആയുഃശ്ശേഷം കഴിച്ചുകൂട്ടിയതും ഒടുവിൽ ക്രി.പി. ൧൧൦൧ ഒക്ടോബർ ൬-ാംനു- അന്ത്യശ്വാസം വിട്ടതും വിശ്വവിശ്രുതമായ ഈ ആശ്രമത്തിൽ വച്ചായിരുന്നു.

പ്രായോഗികചിന്ത:— പ്രാർത്ഥനാസമയങ്ങളിൽപോലും ബോധയടക്കത്തോടെയിരിക്കുന്നതിനു വളരെ പ്രയാസം ഏറുന്നു നീ പറയുന്നു. ഒരു പക്ഷെ നീ വി. ബ്റുണോവിനെപ്പോലെ ഏകാന്തതയെയും അജ്ഞാതമായ ജീവിതത്തെയും സ്നേഹിക്കയും അനുഭവിക്കയും ചെയ്യുന്നില്ലെന്നു മാത്രമല്ല അതിനു നേരെ വിപരീതമായിപ്പോലും പ്രവർത്തിക്കുന്നുണ്ടാവാം. അങ്ങിനെയെങ്കിൽ നിനക്ക് ഏകാഗ്രതയോടുകൂടെ പ്രാർത്ഥിക്കാൻ കഴിയാത്തതിനെപ്പറ്റി അശ്വസ്തപ്പെടാനില്ല.

സ്നേഹപ്രകരണങ്ങൾ:— പുണ്യപൂർണ്ണതപ്രാപിക്കാൻ വലിയ ആഗ്രഹം നിന്റെ ഹൃദയത്തിൽ ജനിപ്പിക്കുക.

പ്രതിജ്ഞ:— മഹാ വിശുദ്ധരായിരുന്നവർ തങ്ങളാൽ കഴിയുംവിധം മനുഷ്യസംസർഗ്ഗത്തിൽ നിന്നകന്നിരുന്നു. എന്നു ക്രീസ്താനുകരണത്തിൽ പറഞ്ഞിരിക്കുന്നതു സദാ നിന്റെ ഓർമ്മയിലുണ്ടായിരിക്കട്ടെ.

മൂന്നാം വകുപ്പു

ഈ സഭയുടെ സംരക്ഷണയിൽ പ്രത്യക്ഷമായ ദൈവപരിപാലനാവൈഭവം.

ധ്യാനം:— പൂർവ്വിക സന്ന്യാസസഭകളിൽ കർത്തൃസ്വൻ സഭ ഒന്നുമാത്രം യാതൊരു നവീകരണത്തിനും അവശ്യമില്ലാതെ ഒരേനിലയിൽതന്നെ സവിശേഷം പ്രശോഭിക്കുന്നു. അഭംഗവും വിസ്മയനീയവുമായ ഈ ഗുണവിശേഷം ഈ സഭയുടെ മേലുള്ള ദൈവപരിപാലനയുടെ ഒരു പ്രത്യേക ലക്ഷ്യമാണെന്നുള്ളതിനു സംശയമില്ല. ഈ സഭ അനുശാസിക്കുന്ന ജീവിതരീതിയും ഇതിലേക്കു സ്വീകരിച്ചിട്ടുണ്ടാവാം. കർത്തൃസ്വൻ സഭയിലെ ജീവിതസമ്പ്രദായം ഇതരസഭകളുടേതിൽ നിന്നു വളരെ വിഭിന്നമാണ്. ലൗകികവ്യവഹാരങ്ങളോടു യാതൊരു ബന്ധവും ഇടപാടുമില്ലാതെ പൂർണ്ണമായ ധ്യാനനിഷ്ഠയിൽ ഓരോരുത്തരും പ്രത്യേക മുറികളിൽ കഴിച്ചുകൂട്ടുന്നു. ഇതിനും

പുറമെ നിത്യവും ക്ഷേണം ഒരുനേരം മാത്രം കഴിക്കയും മാംസം നിശ്ശേഷം വർജ്ജിക്കയും ചെയ്യുന്നു. നിത്യമായ മൗനനിഷ്ഠയും അവരുടെ സദാനിയമങ്ങളിൽ പ്രധാനമായ ഒന്നാണ്. ഈ നിയമങ്ങളിൽനിന്നു രോഗികളേപ്പോലും ഒഴിവാക്കാറില്ല. ക്രൂരത്ത മുള്ളുകൾപോലെയുള്ള രോമത്തോടുകൂടിയ ഉടുപ്പുവസ്ത്രം സദാ ധരിച്ചിരിക്കും. ദിനരാത്രങ്ങളുടെ വലിയഭാഗവും ദിവസേന ദൈവസ്തുതികൾക്കായി ജപസ്ഥലത്തിൽ ചെലവഴിച്ചുവരുന്നു. ഇത്ര കഠിനമായ തപോനിഷ്ഠയിലും നിഷ്ഠർഷയിലും ജീവിക്കുന്നവർ മന്ദതയിലും ഉദാസീനജീവിതത്തിലും നിപതിക്കുക അത്ര എളുപ്പമല്ല. മൗനം; അജ്ഞാതമായ ജീവിതം എന്നിവയോടുള്ള നിർവ്യാജമായ സ്നേഹത്തിലെങ്കിലും അവരെ അനുകരിക്കാൻ ശ്രമിക്കുക.

പ്രായോഗികചിന്ത:— ഇവയെല്ലാം ചിന്തിച്ചശേഷം അല്പമായ തപഃക്രിയകൾ, നിയമാനുസരണതല്പരത എന്നിവയിൽ നീ കാണിക്കുന്ന ഉദാസീനതയേക്കുറിച്ചു ലജ്ജ തോന്നുന്നില്ലെങ്കിൽ നിന്റെ ആത്മികാവസ്ഥയേപ്പറ്റി യെപ്പേടേണ്ടതുണ്ട്. ഏകാന്തത, തപസ്സു, അജ്ഞാതജീവിതം ആദിയായവയോട് നിനക്കുണ്ടായിരുന്ന പ്രതിപത്തി നഷ്ടീവിച്ചെങ്കിൽ അതു വീണ്ടും സമ്പാദിപ്പാൻ ശ്രമിക്കുക.

സംതോഷണം:— വിശ്രുത ഖ്രീസ്തോയോട് സംതോഷണം ചെയ്യുക.

ഏഴാംതിയ്യതി.

മന്ദഭക്തനായ സന്ന്യാസിയുടേയും ശുഷ്കാന്തിയുള്ള സന്ന്യാസിയുടേയും മരണം.

പ്രാരംഭം ൧. "നീതിമാന്മാരുടെ മരണം ഞാൻ വരിക്കട്ടെ" എന്നു ബാലാം ദീർഘദർശി അഭിലഷിച്ചു പ്രാർത്ഥിക്കുന്നതു് ആത്മനാ ശ്രവിക്കുക.

൨. നിന്റെ ആത്മികാവസ്ഥ ഉള്ളതുപോലെ ഗ്രഹിപ്പാൻ വേണ്ട പ്രകാശവും നിന്നിലുള്ള സമസ്ത ന്യൂനതകളെയും യഥാശക്തി പരിഹരിച്ചു് ഒരു നന്മരണത്തെ സുനിശ്ചിതമാക്കിത്തീർ

ക്കാൻ വേണ്ട ശ്രുശ്രൂഷയും ധൈര്യവും നൽകുവാൻ പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

മന്ദഭാഗ്യനായ സന്യാസിയുടെ മരണം

ധ്യാനം:- രോഗം ഒരുത്തന്റെ സ്വഭാവഗുണങ്ങളെ മാറുകയല്ല, അവയെ യഥാർത്ഥരൂപത്തിൽ പ്രത്യക്ഷീകരിക്കയാണു് ചെയ്യുന്നതു് എന്നു ക്രീസ്താനുകരണഗ്രന്ഥകർത്താവു് പറയുന്നു. രോഗാവസ്ഥയിൽ സ്വസ്വഭാവത്തെ മിഥ്യാവേഷം ധരിപ്പിക്കാൻ, അഥവാ തനിക്കു യഥാർത്ഥത്തിലില്ലാത്ത സ്വഭാവഗുണങ്ങളെ തന്റെ സ്വന്തമെന്നതുപോലെ വ്യാജേന പ്രദർശിപ്പിക്കാൻ, വളരെ പ്രയാസമുണ്ടാകും. മന്ദഭാഗ്യനായ സന്യാസിയെ സംബന്ധിച്ചും ഈ പ്രസ്താവം വളരെ യഥാർത്ഥമാണു്. ഇതാ അവന്റെ അന്ത്യദിനത്തിൽ അവന്റെ സ്ഥിതി എന്തെന്നു സൂക്ഷിക്കുക. അവനു സഹജമെന്നോണമായിത്തീർന്ന ആശാനിഗ്രഹവൈമുഖ്യവും ആദ്ധ്യാത്മിക വിചാരവിമുഖതയും ഇതാ ഇപ്പോൾ അതിന്റെ തനിരൂപത്തിൽ അവനിൽ പ്രത്യക്ഷീഭവിക്കുന്നു. യാതൊരു ആത്മസംയമനസന്നദ്ധതയും കൂടാതെ തന്റെ അരിഷ്ടതകളെക്കുറിച്ചു സദാ അവലാതിപ്പെട്ടുകൊണ്ടും അസന്തുഷ്ടി പ്രദർശിപ്പിച്ചുകൊണ്ടും, ശാരീരിക സംഗതികളെപ്പറ്റി മാത്രം ചിന്തിച്ചും ആത്മികകാര്യങ്ങളെയും അതിന്റെ നിർഭാഗ്യത്തെയുംകുറിച്ചു് വിചാരലേശംകൂടാതെയും ദിവസങ്ങൾ കഴിച്ചുകൂട്ടുന്നു. മാത്രമല്ലാ, കഷ്ടം! സ്വന്ത നിർഭാഗ്യാവസ്ഥയേയും ആസന്നമായ വിപത്തിനേയും അവന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്ന സമസ്തവും അവൻ മനഃപൂർവ്വം തിരസ്കരിക്കുന്നു. ഒരു യഥാർത്ഥ സന്യാസിക്കു മരണം എത്ര സൗഭാഗ്യപ്രദായകമാണെന്നും ദൈവത്തെപ്രതി സഹിച്ച ഉദാരമായ മഹാത്യാഗങ്ങൾക്കും കഴിച്ച വിശ്രദ്ധജീവിതത്തിനും അവനെ ദൈവം എത്ര സമൃദ്ധിയായി പ്രതിസമ്മാനിക്കുമെന്നും അവനോടു പറഞ്ഞുകൊള്ളുക. അവന്റെ മരണത്തെയും അവനു ചെയ്യാൻ പാടുള്ള അവസാന ത്യാഗമായി ദൈവത്തിനു സമർപ്പിക്കുവാൻ ഉപദേശിക്കുക. നന്മരണസന്നദ്ധതയ്ക്കു സഹായകങ്ങളായ ഏതെങ്കിലും ജപം ചൊല്ലിക്കൊടുക്കുന്നതിനോ, ക്രീസ്താനുകരണത്തിൽനിന്നു ഒരു ഭാഗം

വായിച്ചുകേൾപ്പിക്കുന്നതിനൊ അവന്റെ അനുമതി ചോദിക്കുക: ഇതിനൊന്നിനും അവൻ വഴിപ്പെട്ടുമെന്നു തോന്നുന്നില്ല. മാത്രമല്ല അവൻ ഈ സഹായങ്ങളെ നീരസത്തോടെ തിരസ്കരിക്കുന്നില്ലെങ്കിൽ അത്ഭുതന്നെ ഒരു അത്ഭുതമായിരിക്കും. നേരേമറിച്ചു വെറും ലൗകിക സംഗതികളേക്കുറിച്ചും, വിശിഷ്യാ അവന്റെ രോഗശമനത്തിനൊ മരണത്തെ താമസിപ്പിക്കുന്നതിനൊ ഉപയുക്തമായേക്കാവുന്ന ഔഷധങ്ങളും, വൈദ്യവിധികളും, വൈദ്യവിദഗ്ദ്ധന്മാർ എന്നിവയെപ്പറ്റിയും അവനോടു സംസാരിക്കുക. വളരെ ശ്രദ്ധയോടും ഔൽസുക്യത്തോടും അത്യാശയോടുംകൂടെ അവൻ ഈ സംസാരം ശ്രദ്ധിക്കുമെന്നതിനു സംശയമില്ല. എന്നാൽ ദിവ്യ വൈദ്യനായ മിശിഹായുടെ പക്കലേയ്ക്കു തിരിയുകയൊ, ദിവ്യകാരുണ്യംവഴി അവിടുത്തെ അടുക്കലടുക്കൽ സഹീകരിക്കാൻ സൗകര്യമുണ്ടായിട്ടും അതു ചെയ്യുന്നതിനു ശ്രമിക്കയൊ, വിശുദ്ധന്മാരുടെ സഹായം അഭ്യർത്ഥിക്കയൊ ഒന്നും ചെയ്യാതെ നിസ്സഹായനായി, ദുർഗ്ഗനായി, നിത്യത്വത്തോടു അതാ അവൻ സമീപിക്കുന്നു! ആ മരണയവനികയ്ക്കുപ്പുറം അവനു നിത്യമായി സംഭവിക്കാൻ പോകുന്നവയെന്തായിരിക്കാം?

പ്രായോഗികചിന്ത:— അവനെ പരിചരിക്കുന്നവരും സന്ദർശിക്കുവാൻ വരുന്നവരും അവന്റെ ദുരവസ്ഥയെപ്പറ്റി ഹൃദയപൂർവ്വം പരിതപിക്ക മാത്രമല്ല, പരിഭ്രമിക്കുകൂടെ ചെയ്യുന്നു. "ഹാ എത്ര ശോചനീയമായ സ്ഥിതി! എത്രയൊ ആശ്ചര്യാത്മകയോഗ്യതകളാണു് ഇയാളിക്ക നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്? ഹാ, ദൈവമെ, ഈ അവസ്ഥ എനിക്കു സംഭവിക്കാതിരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടായിരിക്കും അവർ ഈ രോഗിയുടെ മുറിവിട്ടുപോകുന്നതു്. മരണാസന്നനായ പ്രസ്തുത സന്ന്യാസിയുടെ ഭയങ്കരചിത്രം കാണുന്ന നീയും ഇതേ വാക്കുകളും തന്നെ പറയാതിരിക്കുകയില്ല, "ഹാ, ദൈവമെ, എന്റെ മരണം ഇത്തരത്തിലാകാതിരിക്കട്ടെ" എന്നു നീ തീർച്ചയായും നിശ്വസിക്കും. ഈ ആഗ്രഹം വളരെ പ്രശംസനീയംതന്നെ. എന്നാൽ ഈവിധം നിനക്കു വരാതിരിക്കേണമെങ്കിൽ ജീവിതകാലത്തു മന്ദഭാഗ്യനായ ആ സന്ന്യാസിയേപ്പോലെ ആകാതിരിപ്പാൻ ശ്രമിക്കണം. നിന്റെ മരണസമയത്തെ സ്ഥിതി എന്തെന്നറിയണമെങ്കിൽ ജീവിതകാലമായ ഇപ്പോൾ നിന്റെ സ്ഥിതി എന്തെ

ന്നു പരിശോധിക്കുക. ഇപ്പോൾ നീ മന്ദകേതനായിരിക്കുന്നെങ്കിൽ മരണസമയത്തു ശ്രേഷ്ഠാന്തിയും ക്ലേതിയും ഉള്ളവനായിരിക്കുക സാദ്ധ്യമല്ല. ഇതു് സമ്മതിക്കാതെ നിനക്കു നിവൃത്തിയുണ്ടോ? അതുകൊണ്ടു നിന്നെത്തന്നെ തിരുത്തേണ്ടതു് ഏതെല്ലാം വിഷയങ്ങളിൽ എന്നു പരിശോധിച്ചു നിനക്കു ധാരാളം സമയമുള്ള ഇപ്പോൾത്തന്നെ അതു ചെയ്തുകൊള്ളുക.

സ്നേഹപ്രകരണങ്ങൾ:— നിന്നെത്തന്നെ അറിവാനും നിന്റെ ജീവിതത്തെ ക്രമീകരിക്കാനും വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- മാസാന്ത ധ്യാനത്തിൽ നിന്റെ സ്ഥിതി അറിവാൻ ശ്രമിക്കുമ്പോൾ ചിലപ്പോഴൊക്കെയും മേൽപറഞ്ഞിട്ടുള്ളവയെക്കുറിച്ചു ക്രടെയും ചിന്തിക്കേണ്ടതാണു്.

രണ്ടാം വകുപ്പു

ശ്രേഷ്ഠാന്തിയുള്ള സന്യാസിയുടെ മരണം

ധ്യാനം:— രോഗം ഒരുത്തരുടെയും സ്വഭാവത്തെ മാറ്റുന്നില്ല; അതിനെ ഉള്ളതുപോലെ പ്രത്യക്ഷപ്പെടുത്തുന്നു എന്ന ആ മഹത്വോകത്തിന്നിതാ ഇവിടെയും ഒരു തികഞ്ഞ ദൃഷ്ടാന്തം നാം കാണുന്നു. ഇവിടത്തെ സ്ഥിതി എത്ര വ്യത്യസ്ഥമാണു്! ഇവിടെ ഇയാളെക്കാണാൻ വരുന്നവക്കും ഇയാളുടെ സഹോവാസികൾക്കും പരിചിതന്മാക്കും ഇയാളെക്കുറിച്ചു കാലേക്കൂട്ടിയുണ്ടായിരുന്ന നല്ല അഭിപ്രായത്തിന്നു ഭംഗംവരുന്നില്ലെന്നുമാത്രമല്ല അതു പൂർവ്വാധികം ദൃഢപ്പെടുകയുടെ ചെയ്തിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇതേവരെ എളിമയാകുന്ന മൂടുപടംകൊണ്ടു അയാൾ മറച്ചുവച്ചിരുന്ന പല സൽഗുണവിശേഷങ്ങളും ഇപ്പോൾ പ്രസ്പഷ്ടമാകുന്നു. അയാളുടെ ആത്മനിയന്ത്രണപാടവത്തെയും, ക്ഷമാശീലത്തെയും, ദൈവഹിതത്തോടു സമായോജിച്ചുനിൽക്കുന്നതിനുള്ള സന്നദ്ധതയെയും മറ്റു പല വിശിഷ്ട ഗുണങ്ങളെയും നിഷ്പ്രയാസം ഗ്രഹിക്കുന്നതിനുള്ള ഒരു ഉരകല്ലാണു് ഈ രോഗം. ഇതിനാൽ ഇവയുടെയെല്ലാം ശരിയായ മാറ്റു പ്രത്യക്ഷമാകുന്നതു് ഇപ്പോഴാണു്. രോഗം മൂർച്ഛിക്കുന്നതോടെ തന്റെ രോഗസ്ഥിതിയെപ്പറ്റിയുള്ള വൈദ്യാഭിപ്രായമെന്താണെന്നു ശാന്തമായും അശേഷം ഭയം ക്രടാതെയും അയാൾ ശ്രേഷ്ഠനോടു ചോദിക്കുന്നു.

സുഖക്കേടു മരണകരമാണെന്നു കേൾക്കുന്ന ഉടനെ തന്റെ ഐഹികജീവനെ ദൈവത്തിന്നു ഒരു അന്ത്യഹോമ ബലിയായി അയാൾ ആത്മനാ സമർപ്പിക്കുന്നു. അന്ത്യക്രമാശ സ്വീകരണത്തിന്നു അയാൾ ബദ്ധപ്പെടുന്നു. രോഗപീഡിതനായിക്കിടക്കുന്ന കാലമെല്ലാം ക്ഷമ, ദൈവത്തിന്റെ മനസ്സിന്നുള്ള കീഴ്വഴക്കം, തന്റെ സഹോദരന്മാരിൽനിന്നു ലഭിക്കുന്ന സ്നേഹശുശ്രൂഷകൾക്കും വലിയ കൃതജ്ഞത മുതലായവ മാത്രം അയാളിൽ കാണപ്പെടുന്നു. തനിക്കു ശേഷിച്ചിരിക്കുന്ന സമയത്തിന്റെ അമൂല്യതയെ നല്ലവണ്ണം മനസ്സിലാക്കീട്ടു് അതിൽ ഒരുനിമിഷംപോലും വ്യർത്ഥമായിപ്പോകാതിരിക്കാൻ അയാൾ ശ്രമിക്കുന്നു. തന്റെ ആത്മാവിനെ പുണ്യകൃത്യങ്ങളാൽ കൂടുതൽ അലംകൃതമാക്കണമെന്ന ഒരു കരുതൽ അയാൾക്കുള്ളതു്. കൂടക്കൂടെ ചെറുജപങ്ങൾ ചൊല്ലി തന്റെ ഹൃദയത്തെ ദൈവത്തിങ്കലേയ്ക്കുയർത്തുകയും അവിടുത്തോടു സദാ സംയോജിച്ചിരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രതിദിനം പരിശുദ്ധ കുർബാന ഉൾക്കൊള്ളുവാനുള്ള അയാളുടെ അഭിലാഷം എത്ര ശക്തിമത്തായതു്. തന്റെ, പതിവായ ജപങ്ങൾ ചൊല്ലുന്നതിനും വേപ്പുസ്തകം, ക്രിസ്താനുകരണം, സഭാനിയമം എന്നീ വിശിഷ്ടഗ്രന്ഥങ്ങൾ വായിക്കുന്നതിനും തനിക്കു സാധിക്കുന്നില്ലല്ലോ എന്ന സംഗതി മാത്രമേ അയാൾക്കു ദുഃഖഹേതുകമായുള്ളു. ഇയാളുടെ സഹോദരന്മാർ ഇയ്യാളുടെ ആശ്വാസത്തിനായി ആദ്ധ്യാത്മികകാര്യങ്ങൾ എന്തെങ്കിലും വായിച്ചു കേൾപ്പിക്കാൻ ശ്രമിക്കുന്നെങ്കിൽ അയാൾ എത്ര ശ്രദ്ധയോടും സന്തോഷത്തോടുകൂടെ അവ കേൾക്കുന്നു. എത്ര ഹൃദയപൂർവ്വം അവർക്കു നന്ദി പറയുന്നു. ഈശോയേയും മറിയത്തേയും വിശുദ്ധന്മാരെയും കുറിച്ചും സന്ന്യാസാന്തസ്സിന്റെ ഭാഗ്യം, ദൈവം തന്റെ സ്നേഹിതർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന മോക്ഷാനന്ദം എന്നിവയെക്കുറിച്ചും സംസാരിക്കുവാൻ അയാൾ തന്നെ പ്രഥമനായി അവരെ പ്രേരിപ്പിക്കുന്നു. ഇങ്ങിനെ സർവ്വഥാ ആദ്ധ്യാത്മിക സംഗതികളിൽ നിരതനായും ദൈവസാന്നിദ്ധ്യചിന്തയിൽ മാത്രം ലയിച്ചും മോക്ഷഭാഗ്യത്തെ അത്യാശയോടെ പ്രതീക്ഷിച്ചും പ്രാർത്ഥിച്ചും അയാൾ സമയം പോക്കുന്നു.

പ്രായോഗികചിന്ത:— ശ്രേഷ്ഠക്കാരിയുള്ള സന്ന്യാസിയുടെ ഈ മരണം കണ്ടു നീ ആനന്ദിക്കുകയും ഇങ്ങിനെയുള്ള ഒരുമരണം

നിനക്ക ലഭിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. തീക്ഷ്ണതയുള്ള സന്ന്യാസിയുടെ ജീവിതം നീ നയിക്കുമെങ്കിൽ നിന്റെ ആഗ്രഹം സാധിക്കും. നിന്റെ ജീവിതം എങ്ങിനെയൊ അങ്ങിനെ നിന്റെ മരണവുമായിരിക്കുമെന്ന തത്വം ഇവിടെയും ഓർത്തുകൊള്ളുക. രോഗശക്തിയാൽ നീ ബലഹീനനും വശഹീനനുമായിരിക്കുമ്പോൾ നിനക്ക ചൊല്ലിത്തരേണ്ട സുകൃതജപങ്ങളും വായിച്ചുനോക്കിപ്പിക്കേണ്ട വേദവാക്യങ്ങളും ആദ്ധ്യാത്മിക പുസ്തകങ്ങളിലെ വാക്യങ്ങളും എന്നിവയെല്ലാം ഇപ്പോഴെ കുറിച്ചുവയ്ക്കേണ്ടതാണു്. ഇതുവരെ ഇങ്ങിനെ നീ ചെയ്തിട്ടില്ലെങ്കിൽ വേഗം ചെയ്തുകൊള്ളുക.

സംതോഷണം:— നന്മരണത്തിന്റെ മദ്ധ്യസ്ഥനായിരിക്കുന്ന വിശുദ്ധ യൗസേപ്പുപിതാവിനോടു സംതോഷണം ചെയ്യുക.

എട്ടാംതിയ്യതി.

ഈശോ ഒരു ഫരിസേയന്റെ പക്കൽ മുത്താഴം കഴിക്കുന്നു.

അവൻ ആത്മിക കാര്യങ്ങളെ അഥവാ ആന്തരീക കാര്യങ്ങളെ അവഗണിച്ച ബാഹ്യാചാരങ്ങളെ മാത്രം ശ്രദ്ധിക്കുന്നതിനെക്കുറിച്ചു് ഈശോ അവനെ ശാസിക്കുന്നു.

പ്രാരംഭം ഫ. വിരുന്നിനു വന്നിരുന്നവർ നമ്മുടെ കർത്താവിന്റെ ഗാംഭീര്യവും ആചാരോപചാരങ്ങളും കണ്ടു വണക്കത്തോടെ അവിടുത്തെ വീക്ഷിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ. ആന്തരീകവും ബാഹ്യവുമായ സദ്ഗുണങ്ങളെ ഒരുമിച്ചു നിന്നിൽ വളർത്തുവാൻ വേണ്ട ദൈവാനുഗ്രഹം ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഫരിസേയർ ബാഹ്യാചാരങ്ങളെ മാത്രം ശ്രദ്ധിക്കുന്നതിനാൽ ഈശോ അവരെ ശാസിക്കുന്നു.

ധ്യാനം:- തന്റെ പക്കൽ മുത്താഴം കഴിക്കേണമെന്നു് ഒരു ഫരിസേയൻ ഈശോയോടപേക്ഷിച്ചു. അതുകയാൽ അവിടുന്നു (അവന്റെ വീട്ടിൽ) പ്രവേശിച്ച ക്ഷണത്തിന്നിരുന്നു. അദ്ദേഹം ക്ഷണത്തിനുമുമ്പു സ്നാനം ചെയ്യാഞ്ഞതെന്തുകൊ

ണ്ടാണെന്ന ഫരിസേയൻ തന്നെറ ഉള്ളിൽ വിചാരിച്ച പറഞ്ഞുതുടങ്ങി. അപ്പോൾ കർത്താവ് അവനോടരുളിച്ചെയ്തു: ഫരിസേയരെ, നിങ്ങൾ ഇപ്പോൾ പാനപാത്രത്തിന്നെറയും ഭക്ഷണപാത്രത്തിന്നെറയും പുറം വൃത്തിയാക്കുന്നു; എന്നാൽ നിങ്ങളുടെ ഉള്ളു് അപഹരണവും ദുഷ്ടതയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. (ലൂക്കാ. ക്രമ. ൩൯—൪൧.) ഈ ഉപമയാൽ ഈശോ മനുഷ്യനെ ഒരു പാത്രത്തോടു സദൃശപ്പെടുത്തുന്നു. എന്നാൽ ഈ ഉപമയാൽ ബാഹ്യമായ ശുദ്ധതയും ദൃശ്യമായ ക്രമവും അവഗണിക്കുവാൻ അവിടുന്നു് ആജ്ഞാപിക്കുന്നില്ല. ദൈവം പ്രഥമവും പ്രധാനവുമായി ശുദ്ധിക്കുന്നതു് ആത്മികശുദ്ധതയും അഭ്യന്തര ക്രമീകരണവുമാകുന്നു. അതിനാൽ ഈ ക്രമീകരണവും ശുദ്ധതയും ഉണ്ടാകുവാനാണു് നാം ഒന്നാമതായി ശ്രമിക്കേണ്ടതു്. സാരമായ ഈ തത്വമത്രെ ഇതുമൂലം അവിടുന്നു പ്രബോധിപ്പിക്കുന്നതു്.

പ്രായോഗികചിന്ത:— മറുള്ളവരുടെ ന്യായമായ കുറ്റാരോപണത്തിന്നു നാം പാത്രീഭൂതരാകാതിരിക്കണമെങ്കിൽ നാം ആത്മികനൈർമ്മല്യവും അഭ്യന്തരക്രമീകരണവുമുള്ളവരാകണം: ശരിയായ ഒരു് ആന്തരികജീവിതം കഴിക്കുന്നവരാകണം. അതിന്നായി ശുദ്ധിക്കുന്നതുകൊണ്ടു ബാഹ്യമായ ക്രമീകരണം നാം ഉപേക്ഷിക്കേണ്ടതല്ല. പുറമേയുള്ള ക്രമീകരണവും തന്നെറ അന്തസ്സിനും സ്ഥിതിക്കും ആവശ്യവും അലങ്കാരവുമായ ബാഹ്യസൽകൃത്യങ്ങളും ഉപേക്ഷിച്ചുകളയുന്നവർ തങ്ങൾക്കും തങ്ങളുടെ സഭയ്ക്കും എന്നല്ലാ മതത്തിന്നു ക്രൂടെയും ഇതരന്മാരുടെ ദൃഷ്ടിയിൽ അപമാനം വരുത്തിവയ്ക്കുന്നു.

സ്നേഹപ്രകരണങ്ങൾ:— നിന്നെറ ജീവിതാവസ്ഥ ആവശ്യപ്പെടുന്ന വിശുദ്ധിയും ബാഹ്യാചാരനിഷ്ഠയും മൂലം ദൈവത്തിനും മനുഷ്യർക്കും ഹിതകരമായ ഒരു ജീവിതം നയിക്കുവാൻ തീക്ഷ്ണതയോടുകൂടെ അഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ദൈവസന്നിധിയിൽ മാത്രമല്ല മനുഷ്യരുടെ മുമ്പാകെയും ഞങ്ങൾ നന്മകൾ മുൻകരുതുന്നു. എന്നു വിശുദ്ധപൗലോസ് പറഞ്ഞിരിക്കുന്ന വചനങ്ങളെ സദാ അനുസ്മരിക്കുക. (൨. കൊറി. ൮: ൨൧)

രണ്ടാംവകുപ്പ്

ആന്തരീക കാര്യങ്ങളെ പ്രത്യേകമായി ശുദ്ധീകരിക്കുന്ന സന്യാസി.

ധ്യാനം:— ഒരുവൻ ആന്തരീക ജീവിതനിരതനായി ദൈവപ്രീതിക്ക സന്തോഷദായകനായിത്തീരുന്നതിനു മൂന്നുസംഗതികൾ ആവശ്യമുണ്ട്. അവയിൽ ഒന്നാമത്തേതു് ആത്മശുദ്ധിയാണു്. അതായതു്: ഗുരുതര പാപങ്ങളിൽ നിന്നു മാത്രമല്ല, തങ്ങളാൽ കഴിയുന്നിടത്തോളം ലഘുതര പാപങ്ങളിൽനിന്നും ക്രമേണയും അകന്നിരിക്കുന്നതു്. ഈ ശുദ്ധത എത്രയധികമായിരിക്കുമോ, അത്രയധികമായ വാത്സല്യം ദൈവം അയാളോടുണ്ടെന്നു് അയാൾക്കു കാണിക്കുകയും തന്നെ അയാൾക്കു അവിടുന്നു നൽകുകയുംചെയ്യും. രണ്ടാമത്തേതു പ്രാർത്ഥനാ ചൈതന്യം— അതായതു്: ദൈവസാന്നിദ്ധ്യചിന്തയും ക്രമേണയുള്ള സ്തുതി ജപവും വഴിയായി സദാ ദൈവത്തോടു യോജിച്ചിരിക്കുന്ന പ്രകൃതി. ഈ ഐക്യത്താൽ വി. അപ്പോസ്തോലൻ പറയുന്നതുപോലെ ദൈവത്താലും ദൈവത്തിലും ജീവിച്ചു്, സകലത്തിലും ദൈവത്തേയും ദൈവത്തിൽ സകല വസ്തുക്കളേയും ദർശിക്കുന്ന ദൈവിക മനുഷ്യരായിത്തീരുന്നു. മൂന്നാമതു് വിശുദ്ധോദ്ദേശം. ഇതിനാൽ നമ്മുടെ ക്രിയകളെല്ലാം ഒരു വിധത്തിൽ ദൈവികപ്രവൃത്തികളായിനാം ദൈവത്തെമാത്രംപ്രസാദിപ്പിക്കുന്നതിനുശ്രമിക്കുന്നു.

പ്രായോഗികചിന്ത:— മുമ്പേയുള്ള ശുദ്ധിയും ദൈവത്തോടുള്ള സംയോജ്യതയും, ശുദ്ധോദ്ദേശ്യവും നിന്നിൽ ഏതു നിലയിലിരിക്കുന്നു? ഇവ സമ്പാദിക്കുന്നതിനു നീ പ്രയോഗിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം? ഇവ പ്രയോഗിക്കുന്നതിൽ വലിയ ഉത്സാഹവും സൂക്ഷ്മവും നിന്നിൽ ഉണ്ടോ?

സ്നേഹപ്രകരണങ്ങൾ:- നിനക്കു് ഏകാഗ്രത ഇത്ര കുറവായും, ദൈവത്തോടുള്ള സംയോജ്യതയിൽ നീ ഇത്ര അധമസ്ഥിതനായും ദൈവത്തിന്റെ മനുഷ്യൻ എന്ന നിലയിൽനിന്നു നീ ഇത്ര വിദൂരമായും ഇരിക്കുന്നതിനെക്കുറിച്ചു ദൈവതിരുമുമ്പാകെ നിന്നെത്തന്നെ താഴ്ത്തുക.

പ്രതിജ്ഞ:- ആന്തരികജീവിതത്തിൽ പൂർണ്ണത പ്രാപിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെ അത്യുത്സാഹപൂർവ്വം ഞാൻ പ്രയോഗിക്കും.

മൂന്നാംവകുപ്പു

ബാഹ്യാനുഷ്ഠാനങ്ങളിൽ ശ്രദ്ധാലുവായ സന്ന്യാസി.

ധ്യാനം:— മനുഷ്യർ പുറമെയുള്ളവമാത്രം കാണുന്നതിനാൽ അവ നോക്കിയതെ ഉള്ളേയുള്ളവയേപ്പറ്റി വിധിച്ചെയ്യുന്നതു്. അതിനാൽ ദൈവസ്തുതിയേയും ആത്മാവുകളുടെ രക്ഷയേയും സംബന്ധിക്കുന്ന വേലകളിൽ ഉല്പുകതനായിരിക്കുന്ന സന്ന്യാസി ബാഹ്യമായ പലേ സംഗതികളും സൂക്ഷിക്കേണ്ടതുണ്ടു്. എന്തുകൊണ്ടെന്നാൽ മനുഷ്യരുടെ സ്നേഹബഹുമാനങ്ങളെയും വിശ്വാസത്തേയും എന്നല്ലാ അവരുടെ ഹൃദയത്തെ തന്നെ നേടുകയും തദ്വാരാ അവരുടെ ആത്മരക്ഷയും, ദൈവമഹത്വവും വിജയപൂർവ്വം സാധിക്കുകയും ചെയ്യുന്നതിനു് ഇതു വളരെ സഹായിക്കും. ഇങ്ങനെയുള്ളവയിൽ ചിലതെല്ലാം ഇവിടെ അനുസ്മരിപ്പിക്കാം: ഗൗരവവും അടക്കമുതുക്കവും, ഉപചാരവും, ഉള്ളവനായിരിക്കണം. ശാരീരിക സംയമനം, പഞ്ചേന്ദ്രിയ നിയന്ത്രണം മുതലായവ നല്ലവണ്ണം അഭ്യസിച്ചിരിക്കണം. സംഭാഷണത്തിൽ ഗൌരവക്കുറവു്, മിതമില്ലായ്മ മുതലായ ദോഷങ്ങൾ അയാളിൽ കടന്നുകൂടരുതു്. സ്വപരിത്യാഗത്തിനുള്ള സന്നദ്ധത: ദൈവസ്തുതിക്കും ഇതരന്മാരുടെ പ്രയോജനത്തിനുമായി എന്തു ത്യാഗവും സഹിപ്പാനുള്ള ഒരു ദൃഢനിശ്ചയം പ്രത്യക്ഷപ്പെടണം. സന്ന്യാസികളായ നാം സ്വാർത്ഥതയില്ലാത്തവരാണെന്നു് അന്യർക്കു ബോദ്ധ്യമായാൽ നാം പറയുന്ന എന്തു സംഗതിയും അവർ വിശ്വസിക്കും. നമ്മുടെ ശ്രേഷ്ഠകാന്തി സദാ വിവേകത്താൽ ഭരിക്കപ്പെടണം. ഗൗരവം സൗമ്യതയോടുകൂടിയതായിരിക്കണം. കൃതജ്ഞനിഷ്ഠയും സത്യസന്ധതയും ക്ഷമയോടുകൂടിയതായിരിക്കണം. സർവ്വോപരി വിനയവും സർവ്വരുടേയും ദാസനാകുവാനുള്ള ഒരുക്കവുമുണ്ടായിരിക്കണം. വിജയങ്ങളിൽ അമിതമായ സന്തോഷമോ പരാജയങ്ങളിൽ ക്രമാതീതമായ വ്യസനഭാവമോ കാണിക്കരുതു്. സർവ്വരേയും സർവ്വത്തിലും സഹായിക്കുന്നതിനും, മിശിഹായ്ക്കു നേടിക്കൊടുക്കുന്നതിനുംവേണ്ടി ഓരോരുത്തന്റെ ശക്തിമാനസ്മരണം സമസ്ത വിഷയങ്ങളെയും പറ്റി അറിവും പരിശീലനവും സമ്പാദിച്ചിരിക്കാൻ ശ്രമിക്കുന്നതും ഗുണകരമാണു്.

പ്രായോഗികചിന്ത.— ഇവയിൽവെച്ചു നിന്നിൽ കുറവാ

യിരിക്കുന്നതെന്തെല്ലാമാണെന്നു് അറിവാനും അതു പ്രാപിപ്പാനുള്ള അനുഗ്രഹം നിന്നിൽ ജനിപ്പാനും, പ്രാപിക്കുന്നതുവരെ സ്ഥിരമായിനിന്നു പരിശ്രമിപ്പാനും, വേണ്ട ധൈര്യം തന്നരുളേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക. ഇതു പ്രാപിക്കുക അത്ര എളുപ്പമുള്ള എന്നതു വാസ്തവംതന്നെ; എങ്കിലും ഇതു നമുക്കു അത്യന്തം ആവശ്യമായ കാര്യമായിരിക്കയാൽ തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയും സ്ഥിരതയോടും ഉത്സാഹത്തോടുംകൂടെ പരിശ്രമിക്കുകയും ചെയ്യണം. ഇതിനെക്കുറിച്ചു പലപ്പോഴും പ്രത്യേകാത്മശോധന ചെയ്യുന്നതും ഉപകാരപ്രദമായിരിക്കും.

സംതോഷണം:— നിന്റെ സഭയുടെ സ്ഥാപകനോടു, അഥവാ നിന്റെ മദ്ധ്യസ്ഥനോടു സംതോഷണം ചെയ്ക. അവന്റെ അന്തരീകവും ബാഹ്യവുമായ ജീവിതത്തിലെ സൽഗുണങ്ങളും ക്രമങ്ങളും അനുകരിച്ചു ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമുള്ളവനായി നടക്കേണ്ടതിനു വേണ്ട അനുഗ്രഹം ലഭിച്ചുതരേണമെന്നു പ്രാർത്ഥിക്കുക.

ഒമ്പതാം തിയ്യതി

കായിക്കാത്ത അത്തിവൃക്ഷത്തിന്റെ ഉപമ.

പ്രാരംഭം ഫ. പ്രസംഗ ശ്രവണത്തിനു് അത്യാശാപൂർവ്വം വന്നുകൂടിയ ജനാവലിയോടു് ഈശോ സംസ്നേഹം ഉപദേശിക്കുന്നതു ആത്മനാ ശ്രവിക്കുക.

൨. ആത്മാവുകളുടെ രക്ഷയ്ക്കും പുണ്യപരിപൂർണ്ണതയ്ക്കും ഉപകരിക്കുന്ന സൽകൃത്യങ്ങൾ നിന്നിൽ ജനിപ്പിക്കുന്ന ദൈവവരം ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

കായിക്കാത്ത അത്തിവൃക്ഷം അഥവാ ആത്മികവരമില്ലാത്തയുള്ള സന്ന്യാസി.

ധ്യാനം:= ഗലിലേയയിൽ കുറെക്കാരായ ചിലരെ പീലാത്തൂസ് അനുഭവിപ്പിച്ച ഭയങ്കര ശിക്ഷ കണ്ട ചില യഹൂദന്മാർ ആ വിവരം ഈശോയെ അറിയിച്ചു. ജീവരക്ഷകൻ അതുകേട്ടു

താൻ അവക്കും അവരുടെ ജാതിക്കാക്കും വേണ്ടി, മൂന്നുവർഷം ചെയ്ത വേലകളാൽ, അവക്കു ധാരാളമായി സിദ്ധിച്ചിട്ടുള്ള സ്വർഗ്ഗീയ ജലമായ വരപ്രസാദത്തിന്നനുസരണം അവർ ഫലംപുറപ്പെടുവിക്കാത്തപക്ഷം, ആ ഗലീലയരെ പിലാത്തൂസ് അനുവേപ്പിച്ച ദണ്ഡനങ്ങളെക്കാൾ കഠോരതരമായ ശിക്ഷ അവർക്കും അനുഭവപ്പെടുമെന്നു അവരെ അനുസ്മരിപ്പിക്കാൻ ഈ അവസരം വിനിയോഗിച്ചു. ഈ ഉദ്ദേശ്യത്തോടെ അവിടുന്നു ഒരു ഉപമ പറഞ്ഞു: "ഒരുത്തന്നു തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടപ്പെട്ടതായി ഒരു അത്തിവൃക്ഷം ഉണ്ടായിരുന്നു. അവൻ അതിൽ ഫലം അന്വേഷിച്ചു വന്നിട്ടു ഒന്നും കണ്ടില്ല. അപ്പോൾ അവൻ തന്റെ മുന്തിരിത്തോട്ടക്കാരനോടു പറഞ്ഞു: ഇതാ മൂന്നു സംവത്സരക്കാലമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ ഫലം അന്വേഷിക്കുന്നതു, എന്നാൽ ഒന്നും കാണുന്നില്ല. ആകയാൽ അതു വെട്ടിക്കളയുക. എന്തിന്നു ഭൂമിയും കൂടെ മിനക്കെടുത്തുന്നു? അവൻ അവനോടു പറഞ്ഞു: യജമാനനെ, അതു ഇക്കൊല്ലംകൂടെ നില്ക്കട്ടെ, ആയിടകൊണ്ടു ഞാൻ അതിന്നു ചുറ്റും കിളച്ചു വളമിടാം. അതു ഒരു പക്ഷെ ഫലം നൽകിയേക്കാം. ഇല്ലെങ്കിൽ വെട്ടിക്കളയുകയും ചെയ്യാം. (ലൂക്കാ. ഗ്രന്ഥം. 13—ൽ.)

പ്രായോഗിക ചിന്ത:- അക്കാലത്തിൽ ഉണ്ടായിരുന്ന യഹൂദന്മാരെ മാത്രമല്ല, പിൽക്കാലങ്ങളിൽ വിശേഷ ദൈവനന്മകൾ പ്രാപിപ്പാനിരുന്നവരെക്കുടെയും ഉദ്ദേശിച്ചാണു ഈശോ ഈ ഉപമ പറഞ്ഞിട്ടുള്ളതു എന്നതു സുപ്രധാനമാകുന്നു. അഹങ്കാരം, വിദ്വേഷാസക്തി മുതലായ വിഷവായുക്കൾ നിമിത്തം പുണ്യപുഷ്പങ്ങൾ വളരാതെ തരിശുഭൂമിയായിക്കിടക്കുന്ന ലോകത്തിൽ നിന്നു ദൈവം നിന്നെ പറിച്ചു, സന്ന്യാസമെന്ന ദൈവിക തോട്ടത്തിൽ നട്ടിരിക്കുന്നു. ഇവിടെ നീ വളരെ സൂക്ഷ്മത്തോടുകൂടെ പരിരക്ഷിക്കപ്പെടുന്നു. ലോകത്തിലുള്ള മറ്റു മനുഷ്യർ പല മാസങ്ങൾ ശ്രമിച്ചാൽ കൂടെയും ലഭിക്കാത്തതായ സ്വർഗ്ഗീയ മഞ്ഞും ജലവും ദൈനംദിനം നിനക്കു ധാരാളമായി ലഭിക്കുന്നു. ഇങ്ങിനെ ആയിരുന്നിട്ടും നിന്നിൽ എന്തു പുണ്യഫലം ഉണ്ടായിട്ടുണ്ടു? നിന്റെ കഴിഞ്ഞ ഏകാന്ത ധ്യാനത്തി

ന്റെ ശേഷവും, മാസാന്ത്യ ആത്മശോധനയുടെ ശേഷവും എന്തു പുണ്യവർദ്ധനവു നിന്നിൽ ഉണ്ടായിട്ടുണ്ടു്? അഹോ! കഷ്ടം! യാതൊരു ഫലവും പുണ്യവർദ്ധനവും ഇല്ല. മാത്രമല്ല, അനവധി ദൈവനാമകളെ ദുഷ്പ്രയോഗിക്കുകയുടെയും ചെയ്തിരിക്കുന്നു! ഇവയെല്ലാം ഗ്രഹിപ്പാൻ തക്കവണ്ണം നിന്റെ ആത്മികദൃഷ്ടി തെളിച്ചു തരേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക.

സ്തോത്രപ്രകരണങ്ങൾ:— ഇവയെല്ലാം കണ്ടു ദൈവതിരുമുമ്പാകെ നിന്നെത്തന്നെ താഴ്ത്തുക. അനുതാപത്തിന്റെയും രക്ഷാകര ഭയത്തിന്റെയും പ്രകരണങ്ങൾ ചെയ്യുക.

പ്രതിജ്ഞ:— വന്നുപോയ നഷ്ടം പരിഹരിക്കാൻതക്ക ആദ്ധ്യാത്മികദൃഷ്ടാന്തി ലഭിക്കാനായി പ്രാർത്ഥിക്കുക.

രണ്ടാംവകുപ്പു

അത്തിമരത്തെക്കുറിച്ചുണ്ടായ അവസാനവിധി; അഥവാ മന്ദഭക്തനായ സന്ന്യാസിക്കു വരുന്ന ശാപം.

ധ്യാനം:— മന്ദഭക്തിമൂലം വന്നുകൂടുന്ന ആദ്ധ്യാത്മികദൃഷ്ടതയും തജ്ജന്യമായ കഷ്ടതകളും വിപത്തുകളും എത്ര ഭയങ്കരവും വിപുലവുമാണു്! അതിനാൽ ദൈവമഹത്വവർദ്ധനവിനു് അവശ്യം ചെയ്യേണ്ടവപോലും, ഔദ്യോഗികമായി കടപ്പെട്ടവപോലും, അയാൾ ചെയ്യുന്നില്ല. തന്റെ രക്ഷയ്ക്കായി ഈശോ അനുഭവിച്ച പീഡകളെ അയാൾ വ്യർത്ഥമാക്കിക്കളയുന്നു. അയാൾവഴിയായി ഇതരന്മാർക്കു ലഭിക്കേണ്ട നന്മകൾ ലഭിക്കാതെ പോകുന്നു. അയാളുടെ ഭക്തിയ്ക്കും ദൃഷ്ടാന്തിക്കും സമ്മാനമായി സഭയ്ക്കും മറുള്ളവർക്കും നൽകുവാൻ ദൈവം തിരുമനസ്സായിരുന്ന ആ അനുഗ്രഹങ്ങൾ നഷ്ടീഭവിക്കുന്നു. തങ്ങളുടെ ഭരണീയരുടെ ആദ്ധ്യാത്മികാഭിവൃദ്ധി കാണുന്നതാണു ഭരണാധികാരികൾക്കു് ഒരു വലിയ ആശ്വാസം. മന്ദഭക്തനായ ഒരു സന്യാസി തന്റെ ശ്രേഷ്ഠന്മാർക്കു് ആ ആനുകൂല്യം നൽകുന്നില്ല. വിശ്വസ്തതയോടുകൂടിയ സേവനത്തിനു പ്രതിഫലമായി നൽകാൻ ദൈവം നിശ്ചയിച്ചിരുന്ന എത്രയേറെ അസാധാരണ അനുഗ്രഹസഹായങ്ങളാണു് അയാൾ നഷ്ടപ്പെടുത്തുന്നതു്. ഇതെല്ലാം കേട്ടശേഷം ഇതു് അത്ര അപലപ്യാർഹവും ഭയാനകവുമായ ഒരു അവസ്ഥയല്ലെന്നു പറയാൻ നിനക്കു ധൈര്യമുണ്ടോ? ഉണ്ടെങ്കിൽ ഇതാ ക്രീസ്തുവിന്റെ ശകാരവാക്യങ്ങൾ

ക്രൂടെ കേട്ടുകൊള്ളുക. സൽഫലം നൽകാത്ത സകല വൃക്ഷങ്ങളും വെട്ടി അഗ്നിയിൽ വീഴ്ത്തപ്പെട്ടും." (ലൂക്കാ. ൩. ൯) പ്രയോജനമില്ലാത്ത ഈ ഭൃത്യനെ പുറത്തുള്ള അന്ധകാരത്തിലേയ്ക്കു ഖഹിഷ്കരിക്കുവിൻ. അവിടെ കരച്ചിലും പല്ലിറുമ്മലും ഉണ്ടായിരിക്കും (മത്തേ. ൨൨. ൧൩)

പ്രായോഗിക ചിന്ത:- ഫലം തരാത്ത ഈവക വൃക്ഷങ്ങളിൽ ചിലതു്, ദൈവത്താൽ ശപിക്കപ്പെട്ടു് അവിടത്തെ കോപാഗ്നിക്കു പാത്രമായ ഈ അവിശ്വാസ്യ ശ്രുശ്രൂഷകരിൽ ചിലർ—ഒരുപക്ഷെ നിനക്കു പരിചയമുള്ളവരിലും വല്ലവരുമുണ്ടായിരുന്നിരിക്കാം. എന്നല്ല അവരിൽ ചിലർ സന്ന്യാസാന്തസ്സിനുള്ള ദൈവവിളി എന്ന അസാധാരണവരം പ്രാപിച്ച നിന്റെ സ്നേഹരുമ നിന്നോടൊന്നിച്ചു് ഒരു ദേവനത്തിൽ വസിച്ചിരുന്നവരുമായിരിക്കാം. എന്നാൽ അഹോ! കഷ്ടം! അവരിൽ ചിലരുടെ നിർഭാഗ്യകരമായ അവസാനവും നീ കണ്ടിട്ടുണ്ടാവാം. അഥവാ അവരിൽ ചിലർ സൗഭാഗ്യസ്ഥലത്തുനിന്നു—സന്ന്യാസസഭയിൽ നിന്നു—അവിചാരിതമായി വെട്ടി നീക്കപ്പെടുന്നതും കണ്ടിരിക്കാം. അവരുടെ അനന്തരാവസ്ഥകളെ, മരണാനന്തരാവസ്ഥയെ, പററി ചിന്തിക്കാൻപോലും നിനക്കു ധൈര്യമുണ്ടാകയില്ലല്ലൊ. ഇവയെല്ലാം നീ നന്നായി ആലോചിക്കുന്നതായാൽ നിന്നിൽ രക്ഷാകരഭയമുണ്ടാകയും, നിഷ്കർഷയായും അവധാനതയോടുകൂടെയും നിന്നെ പരിശോധിച്ചു് ഉത്തമമായ പ്രതിജ്ഞ ചെയ്വാൻ വേണ്ട ധൈര്യം നിനക്കു ലഭിക്കയും ചെയ്യാതിരിക്കയില്ല.

സ്നേഹപ്രകരണങ്ങൾ:- ദൈവം ദീർഘശാന്തതയോടുകൂടെ ഇതുവരെയും ക്ഷമിച്ചുവന്നതിനെക്കുറിച്ചു് അവിടത്തോടു നന്ദി പറയുക. നിന്നെ നീ നന്നായി അറിയുവാനും തിരുത്തുവാനും വേണ്ട ആത്മികപ്രകാശവും ധൈര്യവും തന്നരുളുവാൻ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- അടിസ്ഥാനരഹിതമായ ഭയവും ദുരഹങ്കാരജന്യമായ ധാർഷ്ട്യവും എന്ന വിപൽക്കരാവസ്ഥകളിൽ കുടുങ്ങി നശിക്കാതിരിക്കാനായി നിന്റെ ആത്മികനിയന്താവിനു നിന്റെ ഹൃദയം മുഴുവനും നിഷ്കപടമായി വെളിപ്പെടുത്തുകയും അദ്ദേഹത്തിന്റെ ഉപദേശാനുസരണം പ്രവർത്തിക്കുകയും ചെയ്യുക.

മൂന്നാംവകുപ്പു

അത്തിമരത്തിന്നു്—ഉദാസീനനായ സന്ന്യാസിക്കു്—ഉള്ള ശിക്ഷയുടെ താമസം.

ധ്യാനം:— അത്തിമരത്തിന്നു് ഒരു വർഷത്തെ കാലാവധിക്രൂടെ ലഭിച്ചുകൊട്ടത്ത കരുണയും സ്നേഹവുമുള്ള ആ തോട്ടക്കാരനാൽ സ്വീകരിക്കുന്നതു നമ്മുടെ ദിവ്യരക്ഷകനെയത്രെ. ആവിടുന്നു മനുഷ്യൻ എന്ന നിലയിൽ നിനക്കുവേണ്ടി പ്രാർത്ഥിച്ചു മാപ്പും നവമായ പ്രസാദവരങ്ങളും ഇനിയും കുറേനാളത്തേക്കുകൂടെ ജീവിക്കുന്നതിനുള്ള അനുഗ്രഹവും പരമപിതാവിൽനിന്നു ലഭിച്ചുതന്നിരിക്കുന്നു. നീതിമാനായ അവിടുന്നു നമുക്കുവേണ്ടി പരമപിതാവിന്റെ പക്കൽ മദ്ധ്യസ്ഥനായി നില്ക്കുന്നു എന്നു വി. യോഹന്നാൻ എഴുതിയിരിക്കുന്നു. (ഫ. യോഹ. ൨. ഫ)

പ്രായോഗികചിന്ത:— ഇവയെല്ലാം ചിന്തിച്ചു പ്രത്യാശയും ധൈര്യവും നിന്നിൽ വർദ്ധിപ്പിക്കുക. "എന്നെ ശക്തിപ്പെടുത്തുന്നവനിൽ ഞാൻ സകലത്തിനും ശക്തനാകുന്നു. (ഫിലീപ്പി. ൪. ഫന്ത) എന്നു വി. പൌലോസിനെപ്പോലെ പറയുക. ക്രൂടാതെ അവിടുന്നു നിനക്കു നൽകിയിരിക്കുന്ന ഈ സമയവും വരപ്രസാദസാഹായ്യവും ഫലപ്രദമാക്കുവാൻ മത്തശ്രദ്ധനായിരിക്കുക. ദൈവസ്ഥാനത്തിൽ നിന്നെ നയിക്കുന്ന ആത്മികനിയന്താവിന്റെ പക്കൽചെന്നു നിന്റെ ആത്മാവിന്റെ ദുരവസ്ഥയും അതിന്റെ വികൃതരൂപവും ബലഹീനതയുമെല്ലാം നഗ്നരൂപത്തിൽ അദ്ദേഹത്തെ കാണിച്ചു് ഇതുകൾക്കെല്ലാം പ്രതിവിധി കണ്ടുപിടിക്കുവാൻ ശ്രമിക്കുക. ഇങ്ങിനെ ഇതാ ഇപ്പോൾ ഞാൻ ആരംഭിച്ചിരിക്കുന്നു. (സങ്കീ. ൧൧൯. ൧൭൩) എന്നു സങ്കീർത്തകനോടുകൂടെ ചൊല്ലുകയും നിന്റെ പ്രതിജ്ഞകളെ പ്രവൃത്തിയിൽവരുത്തുവാൻ ഉടൻതന്നെ ധീരതയോടെ പ്രയത്നമാരംഭിക്കുകയും ചെയ്യുക.

സംഭാഷണം:— ഇതുവരെ നിന്നിലുണ്ടായിരുന്ന തെറ്റുകളേയും ഇപ്പോഴത്തെ നല്ല പ്രതിജ്ഞകളേയും കണ്ടുകൊണ്ടിരിക്കുന്ന നിന്റെ കാവൽഭൂതനോടു സംഭാണംചെയ്യുക.

പത്താം തിയ്യതി

ഫരിസേയർ ഭീഷണികൊണ്ടു നമ്മുടെ കർത്താവിനെ ഭയപ്പെടുത്തുവാൻ ശ്രമിക്കുന്നു.

പ്രാരംഭം ഫ. ഫരിസേയരിൽ ചിലർ നമ്മുടെകർത്താവി നോട്ടു: നീ ഇവിടെനിന്നു പുറപ്പെട്ടുപോകുക, എന്തുകൊണ്ടെന്നാൽ ഹെറോദേസ് നിന്നെക്കൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറയുന്നതു് അത്മനാ ശ്രവിക്കുക.

ഫ. നീ ആരംഭിച്ച യാതൊരു സൽകൃത്യവും പിശാചിന്റെ തന്ത്രങ്ങളൊ മനുഷ്യരോടുള്ള മുഖപ്രീതിയൊ താല്പര്യങ്ങളായ മറ്റു കാരണങ്ങളൊ നിമിത്തം ഉപേക്ഷിക്കാതിരിപ്പാൻവേണ്ട ധൈര്യവും സ്ഥൈര്യവും ലഭിപ്പാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഈശോയെ ഭയപ്പെടുത്തുവാനായി ഫരിസേയർചെയ്ത പരിശ്രമങ്ങൾ.

ധ്യാനം:— ഈശോ ജെരുസലേം പട്ടണം വിട്ടു പ്രയാണം ചെയ്തു ഗലീലേയദേശത്തിനു സമീപമുള്ള നഗരങ്ങളിൽ ദൈനംദിനം പലരെ ഫലപ്രദമായി തന്റെ സുവിശേഷം പ്രസംഗിച്ചുവന്നു. ഇതു ഫരിസേയരിൽ അസൂയ ജനിപ്പിക്കുന്നതിനു മതിയായ കാരണമായിരുന്നു. അതിനാൽ ഈ പ്രസംഗപ്രസ്ഥാനത്തിൽനിന്നു് അവിടുത്തെ ഏതുവിധേനയും വിരമിപ്പിക്കുന്നതിനും പ്രസംഗത്തെ ശക്തിപൂർവ്വം തടയുന്നതിനും ഉദ്ദേശിച്ചുകൊണ്ടു് അവർ അവിടുത്തെ സമീപിച്ചു. തങ്ങളുടെ നീചോദ്ദേശങ്ങളെ നിശ്ശേഷം നിഗ്രഹനം ചെയ്തിട്ടു വലിയ യോഗ്യന്മാരുടെഭാവത്തിൽ അവർ അവിടുത്തോടു പറഞ്ഞു: ഗുരോ, സ്നാപകയോഹന്നാനെക്കൊല്ലിച്ച ഹെറോദേസ് അങ്ങയെയും കൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്നു. അതുകയാൽ അങ്ങു് ഇവിടംവിട്ടു മറ്റു സ്ഥലങ്ങളിലേക്കു പോകുക. (ലൂക്കാ. ഛനു. നഫ)

പ്രായോഗികചിന്ത:- പരസ്നേഹം ആത്മാവുകളുടെ രക്ഷ എന്നീ കായ്യങ്ങൾക്കായി വേലചെയ്യുവരുന്നവരിൽനിന്നുളവാകുന്ന നന്മകൾകണ്ടു പിശാചു അസൂയപ്പെട്ടു അവരുടെ പരിശ്രമങ്ങൾക്കു വിഘ്നംചെയ്യാൻ യഥാശക്തി പ്രയത്നിക്കാതിരിക്കയി

ല്ല. ചിലപ്പോൾ അവരിൽ ഭയം ജനിപ്പിച്ചുകൊണ്ട് അധൈ
യ്യത്തോടെ പിൻമാറുവാൻ പ്രേരിപ്പിക്കുന്നു. മറ്റു ചിലസമയ
ങ്ങളിൽ അവർക്കു വിരോധംചെയ്യുന്നതിനു് അവരുടെ സഹോ
ദരന്മാരെത്തന്നെ വ്യാജന്യായങ്ങളാൽ പ്രേരിപ്പിക്കുന്നു. അങ്ങി
നെ സത്യത്തെ ഗുണത്തിനും പ്രശസ്തിക്കുമെന്ന കാരണം പറ
ഞ്ഞുകൊണ്ടു ചിലർ അവരുടെ പരിശുദ്ധമായ ഉദ്യമങ്ങളിൽ
നിന്നു് അവരെ തട്ടിനീക്കുവാൻ ശ്രമിക്കുന്നു. ചില സമയങ്ങ
ളിൽ അസൂയക്കാർവഴിയായി അവരെപ്പറ്റി ശ്രേഷ്ഠന്മാരോടു കു
റവും കൂറവും ഏഷണിയും പറയിപ്പിച്ചുകൊണ്ടു് അവരുടെനേ
രെ ശ്രേഷ്ഠന്മാർക്കു സംശയവും അതൃപ്തിയും ഉണ്ടാകുവാൻ ശ്രമി
ക്കുന്നു. ഇവയെല്ലാം ഒരുപക്ഷെ അനുഭവംകൊണ്ടുതന്നെ നിനക്കു
ബോധ്യമായിട്ടുണ്ടായിരിക്കാം. അനേകം മഹാത്മാക്കൾക്കും
ഇങ്ങിനെ സംഭവിച്ചിട്ടുണ്ടു്. കുരിശിന്റെ യോഹന്നാൻ, യോ
ഹന്നാൻ ദെ റേജിസ് തുടങ്ങിയായ വിശ്രുത വിശുദ്ധന്മാർ ഈ
വിധ കഷ്ടതകളെ സഹിച്ചിട്ടുള്ളവരാണു. ഇങ്ങിനെയുള്ള സം
ഭവങ്ങളാൽ അവർ നിരാശപ്പെടുകയോ അധൈര്യപ്പെടുകയോ
ചെയ്യാതെ ദൈവത്തിന്റെ നിയന്ത്രണത്തിനു തങ്ങളെ നിശ്ശേ
ഷംഒഴിഞ്ഞുകൊടുത്തുകൊണ്ടു് അവിടുത്തെ അതീതഭയയിൽ സ
മാശ്വസിക്കുകയാണു ചെയ്തിരുന്നതു്.

സ്നേഹപ്രകരണങ്ങൾ:- അസൂയാലുക്കളും അവിശ്വാസിക
ളും നിനക്കു വിരോധമായി ചെയ്യുന്നവയിൽനിന്നുണ്ടാകുന്ന കഷ്ട
തകളെ വിശ്വാസദൃഷ്ട്യാ/ദർശിക്കുകയും ഈവിധം അവരെ ജ
യിക്കുകയും ചെയ്യുന്നതിനു വേണ്ട ദൈവാനുഗ്രഹം പ്രാർത്ഥി
ക്കുക.

പ്രതിജ്ഞ:-ദുഷ്ടന്മാർവരുത്തുന്ന കഴപ്പുകളാൽ ഉദാസീനനാ
കാതെ ഏതേതുവിധ സങ്കടങ്ങൾ നേരിട്ടാലും അവയൊക്കയും
ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു നന്മചെയ്യുവാൻ ശ്രമിക്കുക.

രണ്ടാം വകുപ്പു.

ഈശോയുടെ ധൈര്യവും സ്ഥിരതയും.

ധ്യാനം:— ഫരിസേയരുടെ ഈ ഭീഷണിവാക്കുകേട്ട
പ്പോൾ ഈശോയിൽ അവർ വിചാരിച്ചിരുന്നതുപോലെ ഭയ
ത്തിന്റെയോ ചഞ്ചലതയുടെയോ ഒരു കണികപോലും പ്രത്യ
ക്ഷമായില്ല. മാത്രമല്ല, കർത്തവ്യനിരതരായ ഗംഭീരാശയന്മാർ

ക്ക സഹജമായ ദൃഢനിശ്ചയത്തോടും പ്രശാന്തതയോടുംകൂടെ അവിടുന്ന് അവരോട പറഞ്ഞു: "നിങ്ങൾ പോയി ആ കുറുക്കനോട: ഇതാ ഇന്നും നാളെയും മറെറന്നാളും ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുകയും രോഗശാന്തി വരുത്തുകയുംചെയ്യുന്നു" എന്നു പറയുവിൻ. (ലൂക്കാ. ക്രമ. നാല) ഈ പ്രത്യുത്തരംകൊണ്ടു ഫരിസേയരെ വാക്കു മുട്ടിച്ചയച്ചു. അതിന്റെ സാരം; എനിക്ക് ഇഷ്ടമുള്ളതും ഞാൻ വന്ന കായ്യത്തിന്നനുകൂലവുമായ കായ്യങ്ങൾ ചെയ്യുന്നു. ആരെയും ഞാൻ ഭയപ്പെട്ടന്നില്ല. ഞാൻ നിശ്ചയിച്ചിരിക്കുന്ന സമയത്തിലും വിധത്തിലുമല്ലാതെ മറുവിധത്തിൽ ഞാൻ മരിക്കയുമില്ല എന്നാണു".

പ്രായോഗികചിന്ത:— തന്റെ മനസ്സാക്ഷിക്കനുസരണമാംവണ്ണം തന്റെ കടമകളെ നിവർത്തിച്ചുവരുന്ന നീതിമാനായ സന്യാസിക്കും ക്രിസ്ത്യാനിക്കും നമ്മുടെ കർത്താവിനെപ്പോലെ ധൈര്യപൂർവ്വം സംസാരിക്കാം. എന്നല്ല, അങ്ങിനെ പറയേണ്ടതുമാണു. അതായതു: ഞാൻ ദൈവത്തിന്നിഷ്ടമായതു ചെയ്യുന്നു; എന്റെ സഭാനിയമങ്ങളാലും മേലധികാരികളുടെ ആജ്ഞയാലും നിർദ്ദേശിക്കപ്പെട്ടതു ഞാൻ ചെയ്യുന്നു. ദൈവത്തെമാത്രം ഞാൻ ഭയപ്പെടുന്നു. അവിടുന്നു മനസ്സായിരിക്കുന്ന സമയത്തിൽ ഞാൻ മരിക്കും. എന്റെ കടമകളെക്കുറിച്ചോ കീഴ്വഴക്കത്തെപ്രതിയോ എന്റെ ആയുസ്സിനെ പൂജിക്കേണ്ടി വരുമെങ്കിൽ അതു് എത്ര വലിയ ഭാഗ്യമായിരിക്കുന്നു! സുദൃഢമായ ഈ ധീരോദാത്തതയും സ്ഥിരപ്രതിജ്ഞയും നിനക്കുണ്ടോ? ചിലപ്പോൾ വ്യർത്ഥഭയം നിമിത്തം പരിഭ്രമിച്ചു. നിനക്കുനേരിടുന്ന ചഞ്ചലം വിരോധം ആടിയായവയോടു് എതിർത്തുനില്പാൻ ധൈര്യമില്ലാതെ, സുഖമില്ല, എന്ന വ്യർത്ഥമായ ഒഴിവുപറഞ്ഞുകൊണ്ടു നീ വസിക്കുന്ന സ്ഥലത്തിലും ഉദ്യോഗത്തിലും നിന്നു നിന്നെ മാറുവാൻ അപേക്ഷിച്ചിട്ടില്ലയോ? നിനക്കേല്പിക്കപ്പെട്ടന്ന ഉദ്യോഗം നേരുഷ്യർക്കു പ്രസാദിക്കുന്നവിധത്തിൽ നടത്തിക്കൊണ്ടുപോരുവാൻ സാധിക്കുകയില്ല എന്നോർത്തു ഭയപ്പെടുകയും ഈ ഭയം നിമിത്തംതന്നെ അതിൽനിന്നൊഴിയാൻ ഉപായം തേടുകയും ചെയ്തിട്ടില്ലയോ?

സ്നേഹപ്രകരണങ്ങൾ:— ഉദാരവും പരിത്യാഗതല്പരവുമായ ഒരു വിശാലഹൃദയവും, ദൈവത്തോടുള്ള ഉപദ്രവമല്ലാതെ മറെറാന്നും ഭയപ്പെടാതിരിക്കാൻവേണ്ട ശക്തിയും ലഭിക്കാനാ

യി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിനക്കു നേരിട്ടുന്ന ഏതുതരം വിരോധങ്ങളും ക്ഷമാപൂർവ്വം സഹിച്ചുകൊണ്ടു നന്മചെയ്യുവാൻ ശ്രമിക്കുക.

മൂന്നാംവകുപ്പു

ജെരുസലേമിന്റെ കഷ്ടതകളെക്കുറിച്ചു നമ്മുടെ കർത്താവു അനുശോചിക്കുന്നു.

ധ്യാനം:— ജെരുസലേമിനു പുറത്തുവച്ചു ഒരു ദീർഘദർശി അന്തരിക്കുന്നതു യുക്തമല്ല. (ലൂക്കാ. ഫ്രാ. നാ.) എന്നു യേശു തുടർന്നു പറഞ്ഞു. ഈ വാക്യത്താൽ യൂദേയദേശത്തിന്റെ രാജധാനിയിൽ തന്നെ പ്രവേശിപ്പിക്കുന്നതിനു തന്റെ പ്രതിയോഗികൾ പ്രയോഗിക്കുന്ന കൗശലം താൻ വാസ്തവത്തിൽ ഗ്രഹിച്ചിരിക്കുന്നെന്നു് അവരെ പരോക്ഷമായി മനസ്സിലാക്കുകയും, തന്റെ മരണസ്ഥലം അതുതന്നെ ആയിരിക്കുമെന്നു പ്രവചിക്കുകയും ചെയ്യുന്നു. തന്റെ ജീവിതമരണങ്ങളുടെ കർത്താവു താൻതന്നെയാണെന്നും തൻമൂലം താൻ നിശ്ചയിക്കുകയും സമ്മതിക്കുകയും ചെയ്യുന്ന സമയത്തല്ലാതെ തനിക്കു മരണമാകട്ടെ ശത്രുക്കളിൽനിന്നുള്ള മറ്റു ദ്രോഹങ്ങളാകട്ടെ അനുഭവപ്പെടുന്നതല്ലെന്നുംക്രൂടെ അവരെ ഗ്രഹിപ്പിക്കാൻ ഈ വാക്യത്താൽ അവിടുന്നു" ഉദ്ദേശിക്കുന്നു. ക്രൂടാതെയും ജെരുസലേം പട്ടണത്തിനു വരുവാനിരുന്ന നിർഭാഗ്യത്തെക്കണ്ടു സന്തപിച്ചു നെടുനിശ്വാസത്തോടെ പറഞ്ഞു: "ദീർഘദർശികളെക്കൊല്ലുകയും, നിന്റെ അടുക്കലേയ്ക്കു് അയക്കപ്പെടുന്നവരെ കല്ലെറിയുകയുംചെയ്യുന്ന ജെരുസലേമേ, ജെരുസലേമേ, പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകുകളിൻകീഴെ ചേർത്തുകൊള്ളുന്നതുപോലെ നിന്റെ മക്കളെ ചേർത്തുകൊള്ളുവാൻ ഞാൻ എത്രപ്രാവശ്യം അഗ്രഹിച്ചു; എന്നാൽ നീ വിസമ്മതിച്ചു (മത്തേ. വാ. നാ)

പ്രായോഗികചിന്ത:— ഈ വചനങ്ങൾ ഈശോയുടെ വിശാലഹൃദയത്തിന്റെ സ്നേഹാതിരേകത്തെയും കരുണാതിരേകത്തെയും നിസ്സന്ദേഹം വെളിപ്പെടുത്തുന്നു. ഈ ദിവ്യഹൃദയത്തോടു—അനുകമ്പയുടെയും സ്നേഹത്തിന്റെയും വിളനിലമായ ആ ഹൃദയത്തോടു—നമ്മുടെ ഹൃദയം അനുരൂപപ്പെടുത്തുവാൻ നാം ശ്രമിക്കുക. പരിത്യാഗത്താൽ നമ്മുടെ കഷ്ടതകളെ മറന്നു നമ്മുടെ സഹോദരന്മാരുടെയും നമ്മുടെ സൃക്ഷത്തിന്നേല്പിക്കപ്പെ

ട്ടവരുടേയും സങ്കടങ്ങളെ കുറയ്ക്കുകയും അവരുടെ ആവശ്യം നിവർത്തിച്ചുകൊടുക്കുകയും ചെയ്യുകൊണ്ടു നമുക്കു ഒരുവിധത്തിൽ അവിടുത്തെ അനുകരിക്കാം. ഈ സാമീപ്യവും സാരൂപ്യവും പ്രാപിക്കുന്നതിന്നു നീ ശ്രമിക്കുന്നുണ്ടോ?

സംഭാഷണം:- ഈശോസഭയുടെ മൂന്നാമത്തെ പൊതുശ്രേഷ്ഠനായിരുന്ന വി. ഫ്രാൻസീസ് ബോർജ്ജിയോട് സംഭാഷണം ചെയ്യുക. ഇന്നു് ഇദ്ദേഹത്തിന്റെ തിരുനാൾ ആചരിക്കപ്പെടുന്നു.

പതിനൊന്നാം തിയ്യതി

നഷ്ടീഭവിച്ച ആടിന്റെ ഉപമ.

പ്രാരംഭം ഫ. നല്ല ഇടയനായ ഈശോ നഷ്ടീഭവിച്ച ആടിനെ കണ്ടെത്തി സന്തോഷപൂർവ്വം തന്റെ തോളിൽ വഹിച്ചുകൊണ്ടുവരുന്നതു് അത്മനാ ഭർശിക്കുക.

ഫ. നിന്റെ ഹൃദയം പ്രത്യാശയും സ്നേഹവുംകൊണ്ടു പരിപുഷ്ടമാകുവാൻ പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നഷ്ടീഭവിച്ച ആടിനെ ഇടയൻ അന്വേഷിക്കുന്ന വിധം

ധ്യാനം:- നല്ല ഇടയന്റെ ഹൃദയസ്പർശകമായ ഈ ഉപമ, ഫരിസേയർ ഈശോയുടെമേൽ ആരോപിച്ച ഒരു കുറ്റത്തിന്നു് അവിടുന്നു് അവരോടുചെയ്ത ഒരു എതിർചോദ്യമായിരുന്നു. ഇവൻ പാപികളെ കൈക്കൊള്ളുകയും, അവരോടുകൂടെ ക്ഷേമിക്കുകയുംചെയ്യുന്നു. എന്നു പറഞ്ഞു ഫരിസേയർ പിറുപിറുത്തിരുന്നു. ആകയാൽ അവിടുന്നു് അവരോടരുളിച്ചെയ്തു: നിങ്ങളിൽ ആർക്കെങ്കിലും നൂറു ആടു് ഉണ്ടെന്നിരിക്കട്ടെ, അവയിൽ ഒന്നിനെ കാണാതെപോയാൽ അവൻ തൊണ്ണൂറൊൻപതിനേയും വനത്തിൽ വിട്ടുംവച്ചു കാണാതെപോയതിനെ കണ്ടെത്തുംവരെ അന്വേഷിച്ചു നടക്കുന്നില്ലയോ? (ലൂക്കാ. ഫ്ര. ൨-ര്) നഷ്ടീഭവിച്ച ആടിനെ അന്വേഷിച്ചു് അതാ ആ ഇടയൻ ഉത്തരക്ഷണത്തിൽത്തന്നെ പുറപ്പെടുന്നു. അയാളുടെ ഔൽസുക്യവും ഉത്

കണ്ടയും എത്ര വിസ്മയാവഹം! യാത്രാക്ലേശമോ ക്ഷുൽപിപാസകളൊ അപകടങ്ങളോ ഒന്നും വകവയ്ക്കാതെ, എന്നല്ലാ അവയെപ്പറ്റി വിചാരലേശംപോലുമില്ലാതെ, അയാൾ ആ ഒരാടിനെപ്പറ്റിമാത്രം ചിന്തിച്ചുകൊണ്ട് അതാ പുറപ്പെടുകയായി. അയാൾ വലിയ ആശങ്കയോടുകൂടെ കല്ലും മുള്ളും നിറഞ്ഞ വനപ്രദേശങ്ങളിൽ അതിനെ ശ്രദ്ധാപൂർവ്വം അന്വേഷണമായി. സ്വന്തം ക്ലേശങ്ങളെല്ലാം മറന്നുകൊണ്ട് ആ സാധുവായ ആടിനെക്കുറിച്ചുള്ള വിചാരത്താൽമാത്രം അയാൾ നയിക്കപ്പെട്ടു.

പ്രായോഗികചിന്ത:—നീ നിർഭാഗ്യവശാൽ പാപത്തിൽ അകപ്പെട്ട ദൈവത്തെയും നിന്റെ അവകാശഭൂമിയായ സ്വർഗ്ഗത്തെയും സംതൃജിച്ചു നിരാധാരനായി ചുറ്റിത്തിരിയുന്ന അവസരത്തിൽ അവിടുന്ന് നിന്നോട് ഈവിധം പ്രവർത്തിച്ചിട്ടില്ലയോ? നീ പാപത്തിൽ നിപതിച്ച ഉടനെ മനസ്സാക്ഷിയുടെ സ്വരത്താൽ ഹൃദയത്തിൽ ഉണ്ടാകുന്ന വ്യസനവും കലക്കവും നിമിത്തം അവിടുന്നു നിന്നെ തന്റെപക്കലേയ്ക്കു വിളിച്ചിരുന്നില്ലയോ? ഈ വിളിയനുസരിപ്പാൻ രക്ഷാകരഭയംകൊണ്ടു നിന്നെ നിർബന്ധിച്ചിരുന്നില്ലയോ? അവിടുത്തെ വരപ്രസാദസഹായത്താൽ നിന്റെ പിടിവാദങ്ങളേയും പിശാചിന്റെ വഞ്ചനകളേയും ജയിക്കുന്നതുവരെ അവിടുന്നു ക്ഷമയോടെ നിന്നെ പ്രതീക്ഷിച്ചിരുന്നില്ലയോ?

സ്നേഹപ്രകരണങ്ങൾ:— ദൈവം നിനക്കുചെയ്ത നന്മകളെ അനുസ്മരിച്ചു വിസ്മയിക്കുകയും, അവിടുത്തെ സ്തുതിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ദൈവം നിന്നോടു ചെയ്യുന്നതുപോലെ നീയും നിന്റെ കീഴുള്ളവരോടു ചെയ്യുക.

രണ്ടാംവകുപ്പ്.

നഷ്ടപ്പെട്ട ആടിനെ വീണ്ടും കണ്ടുകിട്ടിയപ്പോൾ ഇടയൻ അതിനോടു വർത്തിച്ചവിധം.

ധ്യാനം:— ഇതാ അവസാനം ഇടയൻ തന്റെ സ്നേഹഭാജനമായ ആ ആടിനെ വനത്തിൽ കണ്ടുമുട്ടുന്നു. ഉടനെ ശാന്തതയോടുകൂടെ അതിനെ തന്റെപക്കലേയ്ക്കു വിളിക്കുന്നു. അതു് അടുക്കൽ വന്നപ്പോൾ കോപിക്കുകയോ ശിക്ഷിക്കുകയൊ ശകാരിക്കുകയൊചെയ്യാതെ മന്ദഹാസത്തോടും സ്നേഹത്തോടുംകൂടെ അ

തിനെ ആശ്ലേഷിക്കുന്നു. അതു വിശുദ്ധം ക്ഷീണിച്ചും വിവശമായിരിക്കുന്നതുകണ്ടു്, ആർദ്രതയാലും അനുകമ്പയാലും പ്രേരിതനായി ആ ഇടയൻ, ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്യുന്നതുപോലെ, സന്തോഷപൂർവ്വം അതിനെ തോളിൽ വഹിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു. (ലൂക്കാ. ൧൫, ൫)

പ്രായോഗികചിന്ത:— നല്ല ഇടയന്റെ ആകർഷണീയവും സുവ്യക്തവുമായ ഈ ചിത്രത്താൽ ഈശോ തന്റെ അനന്യാദൃശമായ കാരുണ്യവാത്സല്യങ്ങളെത്തന്നെയാണു് നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതു്. മിശിഹായുടെ ഈ സ്നേഹാനുകമ്പയെക്കുറിച്ചുള്ള വിവരണം ഒരു സങ്കല്പമല്ല; അനിഷേധ്യമായ ഒരു വസ്തുവമാണു്. അതിനീചവും പാപകലുഷിതവുമായ ജീവിതത്തിൽ കാലംനയിച്ചശേഷം പശ്ചാത്തപിച്ചു് ഈശോയിലേയ്ക്കു പ്രത്യാഗമിക്കുന്ന ഒരാത്മാവു് അവിടുത്തെ അനന്യമായ ഈ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും പരിലാളനകളല്ലാതെ മറ്റെന്താണു് അനുഭവിക്കുന്നതു്? പാപത്തെ വൃണപൂർവ്വംവെറുത്തു ദൈവത്തിന്റെപക്കൽ തിരിയുന്നക്ഷണത്തിൽ ഏതു കൊടുംപാപിയും അനുതപ്തഹൃദയതയുടെയും മനസ്സാക്ഷിയുടെ ശകാരത്തിന്റെയും മർദ്ദനത്തിൽനിന്നു വിമുക്തനായി സമാധാനത്തിന്റെയും മനഃസംതൃപ്തിയുടെയും ഒരു സൗഭാഗ്യശീതളവായിത്തീരുന്നതുതന്നെയാണു് പ്രസ്തുത ലാളനയുടെ ഫലം. ദൈവം അവക്കുകൊടുക്കുന്ന ധാരാളമായ പ്രസാദവരത്താൽ അവർ ദൈവത്തിനു വശംവദരാകയും അവിടുത്തെ സാഹായ്യത്താൽ ജീവിതവിശുദ്ധിയിലുള്ള അവരുടെ പുരോഗമനം വളരെ വേഗതയുള്ളതായിത്തീരുകയുംചെയ്യുന്നു. ഇതുതന്നെയാണു് ഈശോ ഇങ്ങനെയുള്ള ആത്മാവിനെ തന്റെ തോളിൽ വഹിച്ചുകൊണ്ടുപോകുന്നെന്നു പറയുന്നതു്. ഈ കാരണത്താൽത്തന്നെ അവയ്ക്കു ഒന്നും ഭാരമായി തോന്നുന്നില്ല. ഇതുവരെ അസാദ്ധ്യമെന്നുതോന്നിയിരുന്നതു് ഇപ്പോൾ വളരെ സുഗമമായി തോന്നുന്നു. ഒരാത്മാവിനെ രക്ഷിക്കുമ്പോൾ ഒരു വൈദികൻ അനുഭവിക്കുന്ന അവാച്യമായ ആനന്ദംതന്നെ മനസ്താപപ്പെടുന്ന പാപിയ്ക്കും അനുഭവപ്പെടുന്നു. ദീർഘകാലമായി അവൻ അറിയാതിരുന്ന മനസ്സമാധാനവും സൗഭാഗ്യവും അവൻ അനുഭവിച്ചു സുഖിക്കുന്നു. ഇതു് അനുഭവംകൊണ്ടു നിനക്കുതന്നെ ബോധപ്പെട്ടിട്ടില്ലയോ?

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, സകലത്തിലും നി

ന്റെ അരുപി എത്ര നല്ലതും സുമധുരവുമാകുന്നു.

പ്രതിജ്ഞ:— ഇതരന്മാരോടുള്ള പെരുമാറ്റത്തിൽ നല്ല ഇടയന്റെ ശാന്തതയും കരുണയും അനുകരിക്കുക.

മൂന്നാംവകുപ്പു

നഷ്ടീഭവിച്ച ആടിനെ കണ്ടുകിട്ടിയതിനാൽ
ഇടയനുള്ള സന്തോഷാതിരേകം.

ധ്യാനം:— ഈശോ മേൽപറഞ്ഞതിനെ തുടർന്നു പറഞ്ഞു: അവൻ "വീട്ടിൽവന്നു സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ചുകൂട്ടി, നഷ്ടീഭവിച്ച എന്റെ ആടിനെ ഞാൻ കണ്ടെത്തിയതുകൊണ്ട് എന്നോടുകൂടെ നിങ്ങളും സന്തോഷിക്കുവിൻ" എന്നു പറയുന്നു. (ലൂക്കാ. ഛ൫. ന്യ) സകലർക്കും അത്യന്തം അനുശ്ചസപ്രദമാകുമാറു നമ്മുടെ ദിവ്യരക്ഷകൻതന്നെ ഇതിന്റെ യാഥാർത്ഥ്യം വ്യാഖ്യാനിക്കുകയുംചെയ്യുന്നു. അവിടുന്നു പറയുന്നു: "ഇപ്രകാരംതന്നെ പശ്ചാത്താപത്തിന്നാവശ്യമില്ലാത്ത തൊണ്ണ്ണ്ണൂറൊമ്പതു നീതിമാന്മാരെക്കുറിച്ചു എന്നതിനെക്കാൾ പശ്ചാത്താപപ്പെടുന്ന ഏക പാപിയെക്കുറിച്ചു സ്വർഗ്ഗത്തിൽ അധികസന്തോഷമുണ്ടാകുമെന്നു ഞാൻ നിങ്ങളോടു പറയുന്നു." (ലൂക്കാ. ഛ൫. ൬)

പ്രായോഗികചിന്ത:— വിസ്മയജനകവും ദിവ്യവുമായ ഈ വാക്കുകൾ പശ്ചാത്താപപ്പെടുന്ന പാപിയുടെനേർക്കു ദൈവത്തിനുള്ള കരുണയും അനുകമ്പയും എത്ര അപരിമേയമാണെന്നു സൂക്ഷ്മമാക്കുന്നു. കഴിഞ്ഞജീവിതത്തിൽ നാം ചെയ്തപാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു, അവ പാപസങ്കീർത്തനത്തിൽ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ദൈവം പൂർണ്ണമായി ക്ഷമിച്ചിട്ടുണ്ടോ? അഥവാ ഒരിക്കൽ ക്ഷമിച്ചാലും മനുഷ്യരിൽ ചിലർ ചെയ്യാറുള്ളതുപോലെ വീണ്ടും അവയെ കോപപൂർവ്വം അനുസ്മരിക്കുന്നുണ്ടാകുമോ? എന്നെല്ലാം ചിന്തിച്ചു് അധൈര്യപ്പെടുകയും അസ്വസ്ഥചിത്തരാകുകയും ചെയ്യുന്നതു ദൈവത്തിനു വളരെ അപ്രിയം വരുത്തുന്നതും നമുക്കു വളരെ ദോഷകരവുമാകുന്നെന്നു ഇതിനാൽ നാംഗ്രഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ ചിലപ്പോഴൊക്കയും നീ ഇങ്ങനെ വിചാരിച്ചിട്ടില്ലയോ? ഉണ്ടെങ്കിൽ നിന്റെഈ തെറ്റിനെക്കുറിച്ചു ദുഃഖിക്കുകയും മേലാൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ സൂക്ഷിക്കുകയുംചെയ്യുക. ഈവിധ പരീക്ഷ നി

നക്കണ്ടാകുന്നെങ്കിൽ നിന്റെ മാനസാന്തരം നിമിത്തം സ്വർഗ്ഗത്തിൽ ഉണ്ടാകുന്നതായി ഈശോ അറിയിച്ച ആ സന്തോഷത്തെ ഓർത്തുകൊള്ളുക. ഈ ഓർമ്മയാൽ പ്രത്യാശയിൽ നീ സ്ഥിരപ്പെടുകയും, നിന്റെ ഹൃദയം സന്തോഷത്താൽ നിറയുകയും തദ്വാരാ നീ മൈനംദിനംനീപുണ്യാഭിവൃദ്ധി പ്രാപിച്ചുവരികയും ചെയ്യും.

സംഭാഷണം:— നമ്മുടെ ആത്മാവുകളുടെ ദിവ്യ ഇടയനോട് സംഭാഷണം ചെയ്യുക.

പന്ത്രണ്ടാം തിയ്യതി

ഈശോയുടെ ശിഷ്യന്മാർക്ക് അവശ്യാവശ്യമായ സൽഗുണങ്ങൾ.

പ്രാരംഭം ക. ഈശോ വളരെ ജനങ്ങളുടെമദ്ധ്യേ നില്ക്കുന്നതു് ആത്മനാ ദർശിക്കുക.

ഖ. അവിടുന്നു തന്റെ അനുഗാമികളോടാവശ്യപ്പെടുന്ന ഗുണങ്ങൾ ഏതെല്ലാമെന്നറിയാനും അവ സമ്പാദിക്കാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു്

ചാവുക്കാരിലും സ്നേഹിതരിലും നിന്നുള്ള അകൽച്ച.

ധ്യാനം:— കപടഭക്തരായ ഫരിസേയരെപ്പോലെ കൈതവവിചാരംകൂടാതെ നിഷ്കപടബുദ്ധിയോടുകൂടെ ഈശോയെ അനുഗമിച്ചു് അവിടത്തെ പ്രസംഗം കേട്ടുവന്ന സാമാന്യജനങ്ങളിൽ അനേകരും അവിടത്തെ ശിഷ്യരാകുവാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ തന്റെ ശിഷ്യർക്ക് അവശ്യംവേണ്ട ഗുണങ്ങൾ ഏതെല്ലാമെന്നു് അവിടുന്നു സനിഷ്കർഷം പ്രഖ്യാപനം ചെയ്തുകേട്ടപ്പോൾ അവർ തീർച്ചയായും അത്ഭുതപരതന്ത്രരായിട്ടുണ്ടാകണം. അവയിൽ ഒന്നാമത്തേതു് ഏതെന്നും അവിടുന്നു പറയുന്നു: "യാതൊരുത്തൻ തന്റെ പിതാവിനെയും മാതാവിനെയും, ഭാര്യയേയും, മക്കളേയും, സഹോദരന്മാരേയും സഹോദ

രിമാരേയും.....പകയ്ക്കാതെ എന്റെ അടുക്കൽ വന്നാൽ അവനു് എന്റെ ശിഷ്യനാകുവാൻ കഴികയില്ല." (ലൂക്കാ. ഛ൪. ൨൩.) അതായതു: തന്റെ മാതാപിതാക്കളും ബന്ധുജനങ്ങളും മുതലായവരുടെനേക്കുള്ള സ്നേഹം തന്നിൽ അവശ്യംവേണ്ടതായ ദൈവസ്നേഹത്തിനു വിഘ്നമായി വരുന്നു എന്നു കാണുന്ന ക്ഷണത്തിൽതന്നെ സ്വാഭാവികമായ ആ സ്നേഹത്തെ സസന്തോഷം പരിത്യജിക്കാനും, ദൈവനിയുക്തമായ ജീവിതാവസ്ഥയെ സംവരിക്കുന്നതിൽനിന്നു തന്നെ പ്രതിനിവ൪ത്തിപ്പിക്കാൻ തന്റെ ചാ൪ച്ചക്കാരും മറ്റും യത്നിക്കുന്നെന്നു കണ്ടാൽ അവരോടു ധീരതയോടെ എതി൪ത്തുനിൽപ്പാനും അവരെ പരിത്യജിപ്പാനും ദൃഢനിശ്ചയവും ധൈര്യവുമുള്ളവ൪മാത്രമാണു ക്രീസ്തുവിന്റെ യഥാ൪ത്ഥ ശിഷ്യ൪.

പ്രായോഗികചിന്ത:— ഈശോയുടെ ശിഷ്യ൪ എന്നു മഹനീയപദം പ്രാപിപ്പാൻ യോഗ്യം ലഭിച്ചു നമ്മോടു് അവിടുന്നു ചില കായ്യങ്ങളും നി൪ദ്ദാക്ഷിണ്യപൂ൪വ്വം അവശ്യപ്പെട്ടുണ്ടു്. ഫ. നാം അവിടുത്തെ സ൪വ്വോപരി സ്നേഹിക്കണം. ൨. നാം ലോകത്തിനും നമുക്കുതന്നെയും മരിച്ചവരായിരിക്കണം. കുറഞ്ഞ പക്ഷം നമ്മെ ദൈവത്തോടൊന്നിപ്പിക്കുന്നതിനു വിഘ്നമായിരിക്കുന്ന ലൌകിക വ്യാമോഹങ്ങളെങ്കിലും നമ്മിൽനിന്നു പൂ൪ണ്ണമായി നീക്കുകളഞ്ഞുകൊണ്ടു നമ്മെ മുഴുവനും ദൈവത്തിനു സമ൪പ്പിക്കണം. സകലത്തിലും അവിടുത്തെ വിശ്വസ്തവിധേയരായിരിപ്പാൻ ശ്രമിക്കണം. ഈവിധ ഹൃദയസ്വാതന്ത്ര്യം നിനക്കുണ്ടോ? നിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തു്?

സ്നേഹപ്രകരണങ്ങൾ:— നിന്നിലുള്ള ക്രമരഹിതങ്ങളായ അഭിലാഷങ്ങളെല്ലാം നിഗ്രഹിക്കാൻ ശ്രമിക്കുക. ഈദൃശ വ്യാമോഹങ്ങൾക്കു നീ വശംവദനായിപ്പോയതിനെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— നാം ദൈവത്തിനുമാത്രം സ്വന്തമായിരിക്കുന്നതിനുവേണ്ടി ലോകത്തോടും ജഡത്തോടുമുള്ള ബന്ധങ്ങളും തകൎക്കുന്നതിനുള്ള അനുഗ്രഹവും ധൈര്യവും നൽകിയതിനെക്കുറിച്ചു ദൈവത്തിനു പലപ്പോഴും സ്തോത്രം ചെയ്യുക.

രണ്ടാംവകുപ്പ

ആത്മപരിത്യാഗം.

ധ്യാനം:— നമ്മുടെ ദിവ്യരക്ഷകൻ മുകളിൽ കാണിച്ചവയോട് ചേർത്തു മറെറാന്നുകൂടെ അരുളിച്ചെയ്തിട്ടുണ്ട്: യാതൊരുത്തനും.....തന്റെ ജീവനെക്കുടെ പകയ്ക്കാതെ എന്റെ ശിഷ്യനാകുവാൻ കഴിയുകയില്ല. (ലൂക്കാ. ഛര്. വചന) വി. ജെറോം ഇതിനെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു. ദൈവവിശ്വാസത്തെയും അവിടുത്തെ പ്രസാദവരത്തെയും നഷ്ടമാക്കുന്നതിനെക്കാൾ നമ്മുടെ ജീവനെത്തന്നെ പരിത്യജിക്കുന്നതിനു നാം സന്നദ്ധരായിരിക്കണം. ക്രൂടാതെ നമ്മുടെ സ്വാത്മത്തെയും പഞ്ചേന്ദ്രിയങ്ങളെയും വശീകരിച്ച ദൈവതിരുമുമ്പാകെ നമ്മുടെ ആത്മാവിനെ അശുദ്ധമാക്കുന്ന സകലത്തെയും വെറുത്തു ത്യജിച്ചിരിക്കയും ചെയ്യണം. ഇങ്ങനെ അനിത്യകാലത്തിൽ അതായതു: ഈ ഭൗമികജീവിതത്തിൽ, നമ്മെ വിശ്വേഷിക്കുന്നതു വി. അഗസ്റ്റിൻ പറയുന്നതുപോലെ നിത്യകാലത്തിനായി നമ്മെ സ്നേഹിക്കുന്നതാണു്.

പ്രായോഗികചിന്ത:— നമ്മുടെ ദിവ്യരക്ഷകൻ തന്റെ അനുഗാമികൾക്കുണ്ടാകണമെന്നു് ഇത്ര നിഷ്കർഷയായി ആവശ്യപ്പെട്ടുന്ന രണ്ടാമത്തെ ഈ നിബന്ധന നിവർത്തിക്കുന്നതിനു്, ആത്മപരിത്യാഗമെന്ന ഈ ഉൽകൃഷ്ടഗുണം പ്രാപിക്കുവാൻ, നമ്മിൽ പ്രധാനമായി രണ്ടു സംഗതികൾ ചെയ്യേണ്ടതുണ്ടു്. അവയിൽ ആദ്യത്തേതു് നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ ചലനങ്ങളെ സശ്രദ്ധം നിയന്ത്രിക്കുന്നതും, നമ്മുടെ ഹൃദയത്തിന്റെ നിരന്തരമായ വികാരഗതികളെ വലിയ ഉണർവ്വോടുകൂടെ നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുന്നതുമാണു്. രണ്ടാമത്തേതു സ്വാർത്ഥപൂർണ്ണവും അഹങ്കാരപരവുമായ നമ്മുടെ സമസ്ത വ്യാമോഹങ്ങളെയും ക്രമരഹിതങ്ങളായ ആഗ്രഹങ്ങളെയും ഇടവിടാതെ സംയമനം ചെയ്തുകൊണ്ടിരിക്കുന്നതാണു്. നമ്മുടെ ദിവ്യരക്ഷകന്റെ ഒരു വാക്യം തന്നെ ഈ സംഗതികളുടെ യാഥാർത്ഥ്യം പ്രസ്പഷ്ടമാക്കുന്നുണ്ടു്. "സ്വർഗ്ഗരാജ്യം ബലവശ്യമാക്കുന്നു ബലം ചെയ്യുന്നവൻ അതിനെ സ്വാധീനമാക്കുകയുംചെയ്യുന്നു. (മത്തേ. ഛഛ. ഛവ.) മുകളിൽ പറഞ്ഞവിധം നമ്മുടെ പഞ്ചേന്ദ്രിയങ്ങളെയും ഹൃദയവികാരങ്ങളെയുംകുറിച്ചു ശ്രദ്ധിക്കാ

തെയും നമ്മോടുതന്നെ ബലം ചെയ്യാതെയും ഇരിക്കുന്നതുകൊണ്ടല്ലയൊ നാം ഇതുവരെ നമുക്കു തന്നെയും ലോകത്തിനും വൃണ്ണമായി മരിക്കാത്തവരും ഈശോയുടെ ശുശ്രൂഷയിൽ ഇത്ര അവിശ്വസ്തരുമായിരിക്കുന്നത്.

സ്നേഹപ്രകരണങ്ങൾ:— ദൈവത്തോടും തങ്ങളുടെ മനസ്സാക്ഷിയോടും തങ്ങൾക്കുള്ള കടമകളെ അലക്ഷ്യമായിക്കരുതി വരുന്നവർ കായ്മയിത്തോടിവരുന്ന സകലത്തെയും നീ വെറുക്കുക നിന്നെ അറിവാനും, നിന്നെത്തന്നെ ദ്വേഷിക്കാനും ഉപദേശിക്കുന്ന മിശിഹായുടെ പ്രബോധനാനുസരണം വഞ്ചിപ്പാനാവശ്യമായ അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നിന്റെമേൽ മുമ്പിലത്തേതിൽ അധികസൂക്ഷവും നിർവ്വാക്ഷിണ്യവുമായിരിക്കുക.

മൂന്നാംവകുപ്പ്.

കുരിശിനെ സ്നേഹിക്കുക.

ധ്യാനം:— തന്റെ കുരിശ്ശും വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കാത്തവനും, എന്റെ ശിഷ്യനാകുവാൻ കഴിയുകയില്ല. (ലൂക്കാ. ഛ൪. ൨൪) ഇതാണ് ഈശോ, തന്റെ യഥാർത്ഥശിഷ്യരാകുവാൻ ആഗ്രഹിക്കുന്നവരോടാവശ്യപ്പെട്ടുന്നമൂന്നാമത്തെകായ്മ. ഈ ഉപദേശത്തിൽ നിഗ്രഹമോ അഗ്രാഹ്യമോ ആയി യാതൊന്നുമില്ല. ഈശോയുടെ പിന്നാലെ സ്വന്ത കുരിശ്ശു വഹിച്ചുകൊണ്ടുപോകുകയെന്നതു്, നമുക്കു പ്രയാസവും അസഹ്യവുംനമ്മുടെ മനോഭാവം ഉദ്ദേശം അഗ്രഹം സ്വഭാവം മുതലായവയ്ക്ക് വിപരീതവുമായവയെല്ലാം—ചുരുക്കിപ്പറഞ്ഞാൽ ആത്മികവും ശാരീരികവുമായി നമുക്കുണ്ടാകുന്ന എല്ലാവിധ കഷ്ടങ്ങളും—ദൈവസ്നേഹത്തെപ്രതി ക്ഷമാപൂർവ്വം സഹിക്കുന്നതാണ്. വേറൊരു വാക്കിൽ പറഞ്ഞാൽ വി. പൗലോസ് പ്രസ്താവിക്കുന്നതുപോലെ അവിടുത്തെ ആശാനിഗ്രഹത്തെ നമ്മുടെ ശരീരത്തിൽ ധരിക്കുന്നതത്രെ. (൨. കോറി. ൪, ൧൦) അതിനാൽ ദൈവത്തിന്നായിമാത്രം ജീവിക്കുന്നതിന്നുവേണ്ടി ലോകത്തിനും നമുക്കുതന്നെയും നിശ്ശേഷം മരിക്കുന്നതിന്നായി സമസ്ത സംഗതിയിലും സ്വയനിഗ്രഹത്തിന്നു ശ്രമിക്കുക.

പ്രായോഗികചിന്ത:- നിന്നെത്തന്നെ പരിത്യജിച്ച് ദൈവത്തിന്നു സ്വയം ബലിയായി സമർപ്പിക്കുകയെന്ന സുപ്രധാനമായ ഈ വിഷയത്തിൽ നിന്റെ സ്ഥിതി എന്തെന്നു് അ

വധാനപൂർവ്വം പരിശോധിക്കുക. സകലത്തിലും നിന്നെ പരിത്യജിക്കുന്ന ആ സ്വഭാവം, യഥാർത്ഥമായ ത്യാഗശീലം, നിന്നിൽ ഉണ്ടെങ്കിൽ നീ ഭാഗ്യവാൻ. എന്നാൽ ഇതു നിന്നിൽ ഇല്ലെങ്കിൽ നിനക്കു യേശുവിട്ടുവാൻ ധാരാളം കാരണങ്ങളുണ്ടു്. എന്തുകൊണ്ടെന്നാൽ വി. പൗലോസ് പറയുന്നു: തങ്ങളുടെ ജഡത്തെയും അതിന്റെ ദുരാശകളേയും കുരിശിൽ തറച്ചിരിക്കുന്നവരാകുന്നു ക്രീസ്തുവിന്നുള്ളവർ. (ഗാല. ൫. ൨൪.) ആകയാൽ തന്റെ ശിഷ്യരിൽ ഉണ്ടാകേണമെന്നു് ഈശോ നിഷ്കർഷിക്കുന്ന ഈ സൽഗുണം നിന്നിൽ ഇല്ലെങ്കിൽ അവിടുത്തെ ശിഷ്യനെന്നു നിനക്കു എങ്ങിനെ അഭിമാനിക്കാൻ കഴിയും? (റോമാ. ൮. ൯.)

സംക്ഷേപണം:— നിന്റെ മദ്ധ്യസ്ഥനായ വിശുദ്ധനോടു സംതോഷിക്കുക.

പതിമൂന്നാംതിയ്യതി.

ആശാനിഗ്രഹം

പ്രാരംഭം ൧. നിങ്ങളുടെ അവയവങ്ങളുടെ ആശകളെ (ഇന്ദ്രിയാശകളെ) അടക്കുവിൻ എന്നു വി. പൗലോസ് പറയുന്നതു് ആത്മനാ ശ്രവിക്കുക.

൨. ആശാനിഗ്രഹം എന്ന സൽഗുണത്തെക്കുറിച്ചു ഉപരിയായ ജ്ഞാനവും സ്നേഹവും ലഭിക്കുന്നതിന്നു വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ആശാനിഗ്രഹത്തിന്റെ സ്വഭാവം

ധ്യാനം:— നമ്മുടെ ഇന്ദ്രിയങ്ങൾക്കു പ്രിയങ്കരങ്ങളായ വിഷയങ്ങളിലേക്കു നമ്മുടെ മനസ്സിനുള്ള ശക്തിയായവിധം ആകൃഷ്ടമാകുന്നു. ഈ ആസക്തി അനവധി കുറവുകൾക്കും നിയമലംഘനങ്ങൾക്കും കാരണമാകുന്നുമുണ്ടു്. ഈ ആകർഷണത്തെ തടയുന്ന

തുതന്നെയാണ് ആശാനിഗ്രഹം. അതിനാൽ ആശാനിഗ്രഹമെന്നു പറയുന്നതു, ലൗകികവിഷയങ്ങളോടുള്ള അമിതമായ സ്നേഹംമൂലം നമ്മിലുളവാകുന്ന ആശകളെ സംയമനം ചെയ്യുകയും നിഗ്രഹിക്കുകയുംചെയ്യുന്ന ഒരു മാനസികപ്രവൃത്തിയാണ്. ഇതു സപ്തഭാവാതീതമായ ഉദ്ദേശത്തോടുകൂടെ ചെയ്യുകയും ഇങ്ങനെ എപ്പോഴും ചെയ്യുന്ന ഒരു തഴക്കം അഥവാ, ശീലം നമ്മിലുണ്ടാകുകയും ചെയ്യുമ്പോൾ ആശാനിഗ്രഹം എന്ന പുണ്യം നാം പ്രാപിച്ചിരിക്കുന്നു എന്നു പറയാം. അതിനാൽ ആശാനിഗ്രഹപ്രവൃത്തികൾക്കും ആശാനിഗ്രഹമെന്ന പുണ്യത്തിനും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്നു നാം അറിഞ്ഞിരിക്കണം. ഒരു പുണ്യം എന്ന നിലയിൽ ഇതിനും മറ്റു സൽഗുണങ്ങളെപ്പോലെതന്നെ പലഅവസ്ഥാന്തരങ്ങളുണ്ട്. ആശാനിഗ്രഹകൃത്യങ്ങൾ എളുപ്പമായും സ്ഥിരോത്സാഹത്തോടുകൂടെയും ചെയ്യാൻ നമുക്കു സാധിക്കുന്നതനുസരിച്ച് ഈ പുണ്യം അഭിവൃദ്ധിപ്പെട്ടും പൂർണ്ണതപ്രാപിച്ചും വരുന്നുണ്ടെന്നുമനുഭവിക്കാവുന്നതാണ്.

പ്രായോഗികചിന്ത:- നീ സന്ന്യാസാന്തസ്സിൽ പ്രവേശിച്ചനാൾതുടങ്ങിത്തന്നെ ആശാനിഗ്രഹം എന്ന പുണ്യം എന്തെന്നു നിന്നെ ഗ്രഹിപ്പിക്കാൻ നിന്റെ ആദ്ധ്യാത്മികഗുരുക്കന്മാരും അതിൽ അഭ്യസിക്കാൻ നീയും ശ്രമിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ എന്നെ അനുഗമിക്കാൻ ഇച്ഛിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച പ്രതിദിനം തന്റെ കുരിശുംവഹിച്ചുകൊണ്ടു എന്നെ അനുഗമിക്കട്ടെ (ലൂക്കാ. ൯. ൨൩.) എന്ന മിശിഹായുടെ കല്പനയിൽനിന്നു സ്പഷ്ടമാകുന്നതു് ആത്മസംയമനം സന്ന്യാസജീവിതത്തിന്റെയും പരിപൂർണ്ണതയുടേയും അടിസ്ഥാനമാകുന്നു എന്നാണ്. നീ ഇതിനെ ഇപ്രകാരംതന്നെയാണോ കരുതി അനുവർത്തിച്ചിട്ടുള്ളതു്? ഇതിൽ എന്തഭിവൃദ്ധി നീ പ്രാപിച്ചിട്ടുണ്ട്? പ്രാരംഭത്തിൽ വലിയ ശ്രദ്ധാന്തിപൂർവ്വം ഇതിൽ അഭ്യസിപ്പാൻതുടങ്ങിയ എതുപേരാണ് ദുസ്സഹമെന്നുകരുതി ക്രമേണ ഓരോന്നു് ഉപേക്ഷിക്കുകയും അങ്ങിനെ ഒട്ടുവിൽ ഈ വിശിഷ്ടപുണ്യത്തോടുള്ള സ്നേഹബഹുമാനങ്ങൾതന്നെയും നിശ്ശേഷം നഷ്ടപ്പെട്ടുത്തുകയും ചെയ്തിട്ടുള്ളതു്! നീയും ഒരുപക്ഷെ ഇങ്ങിനെയുള്ളവരുടെ ഗണത്തിൽ പെട്ടവനായിരിക്കുമോ?

സ്നേഹപ്രകരണങ്ങൾ:— ആശാനിഗ്രഹം എന്ന പുണ്യം എന്താകുന്നു എന്നു് ഏറ്റവും വ്യക്തമായി ഗ്രഹിക്കാനും അതിനെ

അത്യധികം ആദരിച്ചു സ്നേഹിക്കാനും അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- ഉപേക്ഷിതങ്ങളായ ആശാനിഗ്രഹപ്രവൃത്തികളും വീണ്ടും ആരംഭിക്കുകയും ധീരതയോടും ശുഷ്കാന്തിയോടും കൂടെ അതിൽ അഭ്യസിക്കുകയും ചെയ്യുക.

രണ്ടാം വകുപ്പു.

ആശാനിഗ്രഹത്തിന്റെ ആവശ്യകത.

ധ്യാനം:- ആശാനിഗ്രഹത്തിന്റെ ആവശ്യകത നമ്മുടെ ഉള്ളേയും പുറമേയും ഉണ്ടാകുന്ന സംവേഗങ്ങൾതന്നെ സദാ നമ്മെ വിളിച്ചറിയിക്കുന്നുണ്ട്. കഴിഞ്ഞ വകുപ്പിൽ നിർദ്ദേശിച്ചതുപോലെ നമ്മുടെ ഇന്ദ്രിയാശകളെ സദാ അടക്കി നിഗ്രഹിക്കണം എന്നതിനും ഈശോയുടെ ആജ്ഞമാത്രമല്ല പ്രേരകമായി നില്ക്കുന്നതു്; അപ്പോസ്തോലന്മാരും തങ്ങളുടെ ഉപദേശവും ദൃഷ്ടാന്തങ്ങളുംകൊണ്ടു് ഇതുതന്നെ നമ്മെ പഠിപ്പിക്കുന്നു. ഇനി വിശുദ്ധാത്മാക്കളുടെ ജീവിതത്തിലേക്കു നാം തിരിഞ്ഞാലും അവർ സ്വജീവിതംകൊണ്ടു് ഏകകണ്ഠരായി നമ്മെ ഉപദേശിക്കുന്ന ഒരു മഹാതത്വവും ഇതുതന്നെ. ആശാനിഗ്രഹത്തിൽ പ്രശസ്തി പ്രാപിക്കാത്ത യാതൊരു പുണ്യവാനേയും പുണ്യവതിയേയും ഒരിക്കലും കണ്ടെത്തുകയില്ല. ഇന്ദ്രിയാശകളെ അടക്കുകയും നിഗ്രഹിക്കുകയും ചെയ്യണ്ടതു് എത്ര ആവശ്യമാണെന്നുള്ളതു് അനുഭവംകൊണ്ടു നമുക്കും ബോധപ്പെട്ടിട്ടുള്ളതാണല്ലൊ. നാം ധീരതയോടും സ്ഥിരതയോടുംകൂടെ യുദ്ധം ചെയ്യാത്തപ്പോൾ എന്തെല്ലാം അക്രമങ്ങളിലും അലങ്കോലങ്ങളിലും ചെന്നു നിപതിക്കുന്നു എന്നു നമുക്കു് അനുഭവസ്ഥമാണ്. ഈ സത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിന്നായി വി. പൗലോസ് പറയുന്നു: ജഡത്തിന്റെ പ്രവൃത്തികളെ അരൂപിയാൽ ജയിക്കുമെങ്കിൽ നീ ജീവിക്കും. (റോമാ. വ. ഫ്ന.)

പ്രായോഗികചിന്ത:- ആകയാൽ ആശാനിഗ്രഹം കൂടാതെ, ആത്മനൈർമ്മല്യം അവസാനപര്യന്തം കാക്കുന്നതിനോ നിത്യരക്ഷതന്നെയും പ്രാപിക്കുന്നതിനോ അസാദ്ധ്യം. ഇതു കൂടാതെ സുകൃതാഭിവൃദ്ധി എന്നൊന്നു് ആശിക്കുകയെ വേണ്ട. നിഷ്കപടമായി നിന്നെത്തന്നെ പരിശോധിക്കുന്നപക്ഷം, നീ ചെയ്ത പ്രതിജ്ഞകളെ ലംഘിക്കുന്നതും, നിനക്കു ജപദ്ധ്യാനത്തിൽ അഭിരുചിയില്ലാത്തതും, നിന്റെ സഭയുടെ ക്രമങ്ങൾ

അനുസരിക്കാതെയും ഉദ്യോഗത്തിന്റെ കടമകളും നിവർത്തിക്കാതെയും പോകുന്നതും ആശാനിഗ്രഹമില്ലായ്കകൊണ്ടാകുന്നു എന്നു കാണാതിരിക്കയില്ല. അങ്ങിനെതന്നെ പരസ്ഥാപരവും സുമാതൃകകരവുമായ പ്രവൃത്തികളും, ഭക്തിതീക്ഷ്ണത, ക്ഷമ, ദൈവത്തിങ്കലുള്ള കീഴ്വഴക്കം ആദിയായവയും നിന്നിൽ ഇത്ര കുറവായോ അശേഷമില്ലാതെയോ ഇരിക്കുന്നതും ആശാനിഗ്രഹത്തിന്റെ പോരായ്കകൊണ്ടല്ലെങ്കിൽ പിന്നെന്തുകൊണ്ടാണ്? ഇതു യഥാർത്ഥമല്ലയോ? ദൈവസന്നിധിയിൽ നിന്നെ സ്വയം നിരുത്തിക്കൊണ്ടു നന്നു പരിശോധിക്കുക.

സ്ഥാപകരണങ്ങളുടെ:— ഈ വിഷയത്തിൽ നിനക്കുള്ള കുറവുകളെ കണ്ടു ദുഃഖിക്കുകയും ആശാനിഗ്രഹത്തിന്റെ അത്രുപി ലഭിപ്പാനായി പ്രാർത്ഥിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— ഈ വിഷയത്തിൽ നിനക്കുള്ള കുറവുകളെ പ്രത്യേകം ഗവുനിക്കുക. ആശാനിഗ്രഹത്തെക്കുറിച്ചു എല്ലാദിവസവും പ്രത്യേകാത്മശോധനചെയ്യുക.

മൂന്നാം വകുപ്പു

ആശാനിഗ്രഹത്തിന്റെ ശ്രേഷ്ഠതയും അതിൽ നിന്നുളവാകുന്ന നന്മകളും

ധ്യാനം:— ആശാനിഗ്രഹത്താൽ ഒരുവൻ ലോകത്തിനും തനിക്കുതന്നെയും മരിച്ചു, ദൈവത്തിന്നായിമാത്രം ജീവിക്കുന്നു. തന്നിൽ ഉണ്ടായിരുന്ന പഴയ മനുഷ്യനെ (റോമാ. ൬) സംഹരിച്ചു തന്നിൽ സ്വാധിപത്യവും ഈശോയ്ക്കു നൽകുന്നു. തന്റെ പുണ്യപരിപൂർണ്ണതയ്ക്കു വിഘ്നമായിരിക്കുന്നതൊക്കയും അകറ്റിക്കളയുന്നു. ദൈവത്തിന്നിഷ്ടമില്ലാത്തൊന്നും അവനിൽ ഉണ്ടാകുവാൻ അവൻ സമ്മതിക്കുന്നില്ല. വി. യോഹന്നാൻ എഴുതിയിരിക്കുന്നതുപോലെ (യോഹ. ഏ. ഏവു) പ്രവൃത്തിയാലും യഥാർത്ഥത്തിലും ദൈവത്തെ സ്നേഹിക്കുന്നു. അങ്ങിനെതന്നെ തന്റെ കുരിശും വഹിച്ചുകൊണ്ടു ഈശോയെ അനുഗമിക്കുകയും വി. പൌലോസ് പറയുന്നതുപോലെ ഈശോയോടുകൂടെ കുരിശിൽ തറക്കപ്പെട്ടിരിക്കുകയും ചെയ്യുന്നു. (ഗാല ൨. ൯)

പ്രായോഗികചിന്ത:— ആശാനിഗ്രഹം പാപാസക്തമായ നമ്മുടെ പ്രകൃതിക്ക് അത്യന്തം നീരസപ്രദമായ ഒന്നാണെങ്കിലും

അതിനാൽ സിദ്ധിക്കുന്ന ആത്മിക നന്മകളെ ഓർത്തു് അതിൽ അഭിവൃദ്ധിക്കാനും അതു സമ്പാദിക്കാനും മുകളിൽ പറഞ്ഞിട്ടുള്ളതിനെക്കാൾ വിശേഷമോ ഉത്തമമോ ആയ മറ്റു ന്യായങ്ങൾ ഇനി പറയേണ്ടതുണ്ടോ? നാം എത്ര സുഖഹീനരായിരുന്നാലും ആശാനിഗ്രഹ പരിശീലനത്തിന്നു് അനേക വഴികൾ നമുക്കുണ്ടു്. അവയെ നാം പണ്ടേതന്നെ അറിയുകയും അറിഞ്ഞ ഉടനെ ശുഷ്കാന്തിപൂർവ്വം അതിൽ നാം അഭ്യസിക്കുകയും ചെയ്യുവരുന്നു. എന്നാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെന്തു്? നാം നമ്മുടെ ആദ്യശുഷ്കാന്തിയെ തന്നെ പരിരക്ഷിക്കുകയോ അഥവാ, അതു നഷ്ടീഭവിച്ചെങ്കിൽ ഉടനെ വീണ്ടും പ്രാപിക്കുകയൊ ചെയ്തുകൊണ്ടു ആത്മനിയന്ത്രണമുള്ളവരായി ജീവിക്കുമെങ്കിൽ നമ്മുടെ മരണസമയത്തു നമുക്കുണ്ടാകുന്ന സന്തോഷവും നിത്യത്വത്തിൽ നമുക്കു സംസിദ്ധമാകുന്ന ഭാഗ്യവും എത്ര വലിയതായിരിക്കും!

സംതോഷണം:— ഇന്നു തിരുസ്സഭ തിരുനാൾ ഘോഷിക്കുന്ന വി. എഡ്വെഡിനോടു സംതോഷണം ചെയ്യുക. ഇദ്ദേഹത്തിന്റെ ശരീരം അടക്കം ചെയ്തിട്ടു മുപ്പത്താറുവർഷം അക്ഷയമായിരുന്നു. ഈ തിയതിയിൽ അതു മറ്റു സ്ഥലത്തേക്കു മാറപ്പെട്ടു. ഇദ്ദേഹത്തിന്റെ ശരീരത്തിന്നു സിദ്ധിച്ച ഈ ക്ഷയമില്ലായ്മ ഇദ്ദേഹത്തിന്റെ വിസ്മയനീയമായ ആശാനിഗ്രഹത്തിന്നും വിരക്തിക്കുമുള്ള ഒരു സമ്മാനമാകുന്നു എന്നു വിചാരിക്കാം.

പതിനാലാം തിയ്യതി

നമ്മുടെ ഇന്ദ്രിയേച്ഛകളെ നമ്മെ തിന്മയിലേക്കു് ആകർഷിക്കുന്നതു നിമിത്തം ആശാനിഗ്രഹത്തിന്നു നമുക്കുള്ള കടമ.

പ്രാരംഭം ഫ. "എന്റെ ബുദ്ധിയുടെ പ്രമാണത്തിന്നു വിരോധമായി പോരാടുന്ന വേറൊരു പ്രമാണം എന്റെ അവയവങ്ങളിൽ ഞാൻ കാണുന്നു" (റോമാ. ൭. ൨൩.) എന്നു വിശുദ്ധ പൗലോസ് പറയുന്നതു് ആത്മനാ ശ്രവിക്കുക.

൨. ആശാനിഗ്രഹത്തിന്റെ ആവശ്യം കൂടുതൽ സ്പഷ്ടമാ

യി ഗ്രഹിപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ഇന്ദ്രിയേച്ഛകളും നമ്മെ പാപത്തിലേക്കു തള്ളുന്നു.

ധ്യാനം:— ജന്മശുദ്ധത നഷ്ടീഭവിച്ചതിന്റെ ഫലമായി നമുക്കു് അനുഭവപ്പെട്ട പല നൈർഭാഗ്യങ്ങളോടുകൂടെ നമ്മുടെ ഹൃദയം ദുരാശകൾക്കു വശഗവുമായിത്തീർന്നു. ഇതിനാൽ നമ്മെ എപ്പോഴും അടക്കിനിഗ്രഹിച്ചുവരുക അവശ്യമത്രെ. വേറൊരുവാക്കിൽ പറഞ്ഞാൽ നമ്മുടെ ദുരാശകളാണു് ആശാനിഗ്രഹത്തെ അത്യന്താപേക്ഷിതമാക്കിത്തീർക്കുന്ന ഒരു പ്രധാന കാരണം. ഇന്ദ്രിയങ്ങൾക്കു് അഹ്ലാദകരമായ വിഷയങ്ങളനുഭവിച്ചു സംതൃപ്തമാകുന്നതിനുള്ള ജന്മസിദ്ധവും പ്രബലവുമായ ആശയെ തന്നെയാണു് വിഷയാസക്തി, അഥവാ ദുരാശ എന്നു പറയുന്നതു്. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളും അവന്റെ ഹൃദയ വിചാരങ്ങളും ബാല്യംമുതൽ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു എന്നു വേദപുസ്തകവും സാക്ഷിക്കുന്നുണ്ടു്. (ഉല്പത്തി വ. ൬൫) നാശകരവും നമ്മെ നമ്മുടെ ഏക ഗതിയിൽ നിന്നകറ്റുന്നതും മരണത്തോടുകൂടെയല്ലാതെ മറെറാരിക്കലും നമ്മിൽനിന്നു നീങ്ങാത്തതുമായ ഈ ദുഷ്ടാഗ്രഹങ്ങളാണു് നമ്മുടെ അനേക ദുഷ്പ്രവൃത്തികൾക്കും അധർമ്മ നടപടികൾക്കും ഹേതുവായിട്ടുള്ളതു്. അതുകൊണ്ടു ധീരതയോടും സ്ഥിരമായും ഇതിനോടെതിർക്കാത്തവർ ഈ ജീവിതത്തിലും നിത്യത്വത്തിലും ഇതിന്റെ അടിമകളായിപ്പോകും.

പ്രായോഗിക ചിന്ത:— ഈ ദുശ്ശാഠ്യത്തിൽ നമ്മിൽ സ്ഥിതി ചെയ്യുന്നതും പ്രവർത്തിക്കുന്നതും സ്പഷ്ടമായി നാം അറിഞ്ഞിട്ടുണ്ടു്. അതു നമ്മെ സദാ പാപത്തിലേക്കു തള്ളുകയും ചെയ്യുന്നു. ഫ. എല്ലാംകാണുകയും, വായിക്കുകയും, അറിയുകയും ദർശിക്കുകയും മറും ചെയ്യുന്നതിനു കണ്ണുകളുടെ ദുരാശ നമ്മെ നിർബന്ധിക്കുന്നു. ആശ്രമത്തിൽ നമ്മുടെ ശ്രേഷ്ഠന്മാർ, സഹോദരന്മാർ ആദിയായവരുടെ വ്യാപാരങ്ങളെപ്പററി അന്വേഷണം ചെയ്യാനും, ദൃഷ്ടിഗോചരമായി എത്തുപെടുന്ന സമസ്തവും സൂക്ഷിച്ചു ദർശിക്കാനും ഈ ദുരാശതന്നെ നമ്മെ പ്രേരിപ്പിക്കുന്നു. അതിനാൽ പലവിധ സംശയങ്ങളും ദുർബുദ്ധികളും, വിവിധ പരീക്ഷകളും, പാപങ്ങളും ഉണ്ടാകുന്നു. ൨. പ്രതിദിനം സംഭവിക്കുന്ന കായ്യങ്ങളും, ആശ്രമത്തിലും പുറത്തും പറകയൊ പ്രവർത്തി

ക്കയോ ചെയ്യുന്നവയും, അവയിൽ നന്മയായ ഭോഗത്തെക്കാൾ തിന്മയായവ പ്രത്യേകിച്ചും, അറിവാൻ അത്യാശ ജനിപ്പിക്കുന്നു. തൻമൂലം മൗനം ലംഘിക്കുന്നതിനിടവരുന്നു. മാത്രമല്ല, മറുള്ളവർ സന്ദർശിക്കാൻ വരുന്നതിനാഗ്രഹിക്കയും, വ്യർത്ഥ സംഭാഷണം ചെയ്യുവിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിനിടവരികയും ചെയ്യുന്നു. ഇതുമല്ല, ഇതരന്മാരുടെ നല്ലപ്രവൃത്തികളെപ്പോലും നിഷ്കർഷയായി പരിശോധിച്ചു കുറ്റാരോപണം ചെയ്യുക, പിറുപിറുക്കുക, അനുചിതവും അവിവേകവുമായി സംസാരിക്കുക എന്നിങ്ങനെ നിരവധി വൈകല്യങ്ങൾ സംഭവിക്കുന്നു. ഇവയുടെയെല്ലാം ഫലങ്ങൾ അനിയന്ത്രിതമായ ഭോഗപ്പുകർച്ചയും ക്ഷേത്രിരാഹിത്യവുമായിരിക്കും. ഏകാഗ്രതയും ക്ഷേത്രീക്ഷ്ണതയുമില്ലായ്മയാൽ ജപദ്ധ്യാനങ്ങൾ നിരർത്ഥകങ്ങളും വിഫലങ്ങളുമായിത്തീരുന്നു. നിദ്ര, ശരീരപരിലാളനതല്പരത എന്നീ ഐഹികമാത്ര വിഷയങ്ങളിൽ അത്യാസക്തരായിത്തീരുന്നു. ഇവയുടെ ഫലങ്ങളാവട്ടെ ക്ഷണപാനീയങ്ങളനുഭവിക്കുന്നതിലുള്ള മിതമില്ലായ്മ, നിദ്രയിലുള്ള അമിതത്വം, ശാരീരിക സന്തോഷങ്ങൾക്കും സംരക്ഷണത്തിനും അതിൻറെ സുഖസാധനത്തിനുമുള്ള അത്യാശ, ഉൽക്കണ്ഠ, എന്നിങ്ങനെയുള്ള മൃഗീയമായ പലേ വികാരങ്ങൾക്കും നമ്മെ അടിമകളായിത്തീരുക എന്നിതുമായിരിക്കും. വിഷയാസക്തിയുടെ നശീകരഫലങ്ങൾ എത്ര വിപുലവും ഭയങ്കരവുമെന്നു നോക്കുക! ഇവയുടെ പിടിയിൽനിന്ന് എങ്ങനെ വിമുക്തനാകാൻ സാധിക്കും? ആശാനിഗ്രഹംമാത്രമാണ് ഇതിനുള്ള ഒരേ ഒരുമാർഗ്ഗം. അതേ, സ്ഥിരോത്സാഹത്തോടും ധീരതയോടുംകൂടി ആശാനിഗ്രഹം പരിശീലിക്കയല്ലാതെ ഈ അപകടത്തിൽ നിന്നൊഴിയാൻ മറു മാർഗ്ഗമില്ല.

സ്നേഹപ്രകരണങ്ങൾ: — ഏതിലാകുന്നു നാം നമ്മെ പ്രത്യേകാൽ നിഗ്രഹിക്കേണ്ടതെന്നറിവാൻ ആത്മികപ്രകാശവും ഈ അറിവിനു തക്കവിധം പ്രവർത്തിക്കാൻ വേണ്ട ശക്തിയും ധീരതയും തന്നരുളേണമെന്നു വിനയത്തോടും ആഗ്രഹത്തോടുംകൂടെ പ്രാർത്ഥിക്കുക.

പ്രതിജ്ഞ: — നമ്മുടെ പരീക്ഷകളേയും നമ്മുടെ ശരീരത്തിനു നാം നൽകിവരുന്ന അനുകൂലങ്ങളേയും ആത്മികനിയന്താവിനോടറിയിച്ചു അദ്ദേഹത്തിൻറെ അഭിപ്രായംപോലെ ചെയ്യുക.

രണ്ടാംവകുപ്പ്

ദുരാശ നമ്മെ നന്മയിൽനിന്ന് അകറ്റുന്നു.

ധ്യാനം:—മുകളിൽ വിവരിച്ചിട്ടുള്ളതുപോലെ, ദുരാശ എന്നതു് നമുക്കു പ്രിയങ്കരങ്ങളായ ലൌകികവിഷയങ്ങളോടുള്ള സഹജവും പ്രബലവുമായ ആസക്തിമാത്രമല്ല, അതിനു് അപ്രിയമായ സംഗതികളോടുള്ള ശക്തിയായ വിദ്വേഷവും അകൽച്ചയും കൂടെയാണു്. നമുക്കു പ്രകൃത്യാ അനിഷ്ടകരവും ദുസ്സഹവുമായിത്തോന്നുന്ന സർവ്വത്തോടും അതു നമ്മിൽ വിദ്വേഷം ജനിപ്പിക്കും. അതിനാൽ ക്രമാതീതമായ സ്വാതന്ത്ര്യത്തെ അതു സദാ കാംക്ഷിക്കുന്നു. ഈ സ്വാതന്ത്ര്യത്തെ തടയുന്ന ആജ്ഞകളോടും നിയമങ്ങളോടും ക്രമങ്ങളോടും വലിയ വൈരമുണ്ടാകും. ഈ മനഃസ്ഥിതിയുടെ ഫലം നിരന്തരമായ നിയമലംഘനങ്ങളും അക്രമങ്ങളും നമ്മുടെ ജീവിതാവസ്ഥയുടെയും ഉദ്യോഗത്തിന്റെയും കടമകളോടുള്ള അനാദരവും ഉത്തരവാദിത്വങ്ങളും മറവുമായിരിക്കും. ഒടുവിൽ ഇതു് അതിഭയാനകവും അപലപ്യവുമായ മനുജീവിതത്തിൽ നമ്മെ നിപതിപ്പിക്കയും ചെയ്യും.

പ്രായോഗിക ചിന്ത:— വ്യസനകരമായ ഈ സത്യം തെളിയിക്കുന്നതിനു് ഇനിയും ന്യായങ്ങൾ വേണമെന്നില്ല. അനുഭവംകൊണ്ടു നമുക്കു ബോധപ്പെട്ടിട്ടുള്ളതും ബോധപ്പെടുന്നതുമായ കാര്യമാണല്ലോ ഇതു്. നിന്റെ കടമകളിൽ ചിലതു നീ താല്പര്യമായി നിവർത്തിക്കയും മറ്റു ചിലതൊ സാരമായ ന്യൂനതകളോടുകൂടെ നിവർത്തിക്കയൊ, ഉപേക്ഷിച്ചുകളകയുന്നെയൊ ചെയ്യുന്നില്ലയൊ? അതിന്റെ കാരണമെന്തു്? ആദ്യംപറഞ്ഞവ നിനക്കു് ഇഷ്ടമുള്ളവയും, രണ്ടാമത്തേവ നിന്റെ ഹിതത്തിനും സ്വഭാവത്തിനും തഴക്കത്തിനും വിരോധമുള്ളവയും ആയിരിക്കുന്നതുകൊണ്ടല്ലാതെ വേറെ എന്തുകൊണ്ടാണു്? നമ്മുടെ കഴിഞ്ഞ ഏകാന്തദിവസങ്ങളിൽ ന്യായപൂർവ്വം നാം ചെയ്തതും നമ്മുടെ സുകൃതാഭിവൃദ്ധിക്കു വളരെ സഹായകവുമായിരുന്ന പ്രതിജ്ഞകളെ ലംഘിച്ചും തള്ളിച്ചും കളഞ്ഞതെന്തുകൊണ്ടു്? നമ്മുടെ സ്വന്ത ഇഷ്ടത്തിനും ദുസ്സ്വാതന്ത്ര്യത്തിനും വിരോധമായിരുന്ന ആ പ്രതിജ്ഞകളെ നിലനിറുത്തിപ്പോരുന്നതിനു നമ്മോടുതന്നെ ബലം പ്രയോഗിക്കേണ്ടതായിരുന്നു. ഈ ബലം നാം പ്രയോഗിച്ചില്ല, അതാണുകാരണം. ധ്യാനത്തിനു നല്ലപോലെ ഒരുങ്ങുക, സൂ

ക്ഷത്തോടും ഭക്തിയോടുകൂടെ ധ്യാനിക്കുക. നിശ്ചിതസമയത്തു ശുഷ്കാന്തിപൂർവ്വം എഴുന്നെല്ലുക, അശ്രമത്തിലെ സുകൃതമുറകൾ കൃത്യമായി അനുസരിക്കുക, എന്നിരുന്നാൽ നാം ഇത്ര പിമ്പന്മാരും ഉദാസീനരും ആയിരിക്കുന്നതെന്തുകൊണ്ട്? അതു നമ്മെത്തന്നെ ജയിക്കുന്നതിൽ തോന്നുന്ന പ്രയാസവും ഭയവും വകവച്ചുകൊടുക്കുന്നതുകൊണ്ടല്ലയൊ? ഇവയെല്ലാം അനുസരിച്ചു പറയുന്നതു നിനക്കു ലജ്ജാവഹംതന്നെയാണു. എങ്കിലും ഇതുകൊണ്ടു് അധൈര്യപ്പെടാതെ നിന്റെ ശുഷ്കാന്തിയെ പുനർജ്ജീവിപ്പിക്കുകയും മേലിൽ ആശാനിഗ്രഹത്തിലും സ്വപരിത്യാഗത്തിലും അത്യുത്സാഹിയായിരിക്കുന്നുണ്ടെന്നുള്ള പ്രതിജ്ഞയെ നവീകരിക്കുകയും ചെയ്യുക. നാം ധീരതയോടെ യുദ്ധം ചെയ്താൽ നമുക്കു സിദ്ധിക്കുന്ന ജയവും നന്മയും ഏറ്റവും വലിയതും മഹത്വമുള്ളതും ആയിരിക്കും. ലോകത്തിനും നമുക്കുതന്നെയും പൂർണ്ണമായി മരിക്കുകയും ഇഹത്തിലുള്ള വിവിധ സങ്കടങ്ങളെ അനുഭവിക്കയും ചെയ്തുകൊണ്ടു പരത്തിലുള്ള അവാച്യമായ ഭാഗ്യം പ്രാപിക്കുന്നതിനു വേണ്ടിയാകുന്നു നാം സന്ന്യാസികളായതു്. ഈ വിചാരം നമ്മുടെ ഓർമ്മയിൽ സദാ ഉണ്ടായിരിക്കേണ്ടതാണു്.

സംഭാഷണം:— ആശാനിഗ്രഹത്തിൽ മഹനീയാവസ്ഥ പ്രാപിച്ച മഹാത്മാവായ വി. ത്രേസ്യായുടെ തിരുനാളിന്റെ തലേ ദിവസമാണു് ഇന്നു്. ഈ പുണ്യവതിയോടു സംഭാഷണം ചെയ്യുക.

പതിനഞ്ചാം തിയ്യതി

കർമ്മലസഭയുടെ നവീകരണക്കാരിയായ വി. ത്രേസ്യയുടെ തിരുനാൾ.

പ്രാരംഭം ഫ്ര. "പീഡകളും സഹിക്കണം അല്ലെങ്കിൽ മരിക്കണം" എന്നു വി. ത്രേസ്യാ പറയുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക.

വ. ഈശോയുടെ നേരെ ഈ പുണ്യവതിക്കുണ്ടായിരുന്നതുപോലെയുള്ള സ്നേഹം നിനക്കും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

വി. ത്രേസ്യായുടെ ആധ്യാത്മിക സമരം.

ധ്യാനം:— മേലധികാരികളുടെ ആജ്ഞാനുസരണം ഈ വിശുദ്ധ എഴുതിയിട്ടുള്ള സ്വജീവചരിത്രത്തിൽ വളരെ ശ്രദ്ധേയമായ ഒരു പ്രസ്താവം കാണുന്നുണ്ട്. പുണ്യവതി ആവിലാപ്പട്ടണത്തിലെ കർമ്മലീത്താ ആശ്രമത്തിലായിരിക്കെ സന്ന്യാസിനീജീവിതത്തിലെ ആദ്യത്തെ ഇരുപതു് സംവത്സരങ്ങളും അന്യോന്യകളോടുള്ള നിരന്തരവും സ്വതന്ത്രവുമായ സംസാരത്തിലും ഇടപാടുകളിലും ചെലവഴിച്ചു. ഈ ദുരവസ്ഥയിൽനിന്നൊഴിയുവാൻ തന്നെ നിർബന്ധിച്ചിരുന്ന ദൈവപ്രേരണയോടു് എതിർത്തുകൊണ്ടാണു് ഈ ഇരുപതു വർഷവും താൻ കഴിച്ചുകൂട്ടിയതെന്നു പുണ്യവതിതന്നെ പ്രസ്താവിക്കുന്നു. ഇതേപ്പററി പുണ്യവതി നിഷ്കപടമായി പറയുന്നതു കേൾക്കുക: ഒരു ഭാഗത്തിൽ നിന്നുകൊണ്ടു ദൈവം എന്നെ വിളിച്ചിരുന്നു. മറുഭാഗത്തേക്കു ലോകം എന്നെ വലിച്ചുനീക്കിക്കൊണ്ടുപോയിരുന്നു. എന്റെ ആത്മാവു് നിരന്തരം അസ്വസ്ഥതാനിഖിഡമായിരുന്നു. ദൈവപ്രേരണയ്ക്കു് എതിരായുള്ള ഈ യുദ്ധം ഇരുപതു സംവത്സരത്തേയ്ക്കു ദീർഘിച്ചു. എന്റെ വീഴ്ചകളും അനവധിയായിരുന്നു. അവയിൽനിന്നു വളരെ കാലതാമസത്തോടെ മാത്രമേ എഴുന്നേല്ക്കുവാൻ എനിക്കു സാധിച്ചുള്ളു.

പ്രായോഗികചിന്ത:— ഇതിൽനിന്നു പ്രയോജനകരമായ ബോധനങ്ങളും ആശ്വാസജനകമായ വിചാരങ്ങളും അനന്യസാധാരണമായ ധൈര്യവും നമുക്കു സിദ്ധിക്കുന്നു. അതായതു്: ഫ. അതിരുകടന്ന ഒരു അഭിലാഷം ഏറ്റവും നിസ്സാരമായതുതന്നെ ആയാലും നമ്മുടെ ആത്മിക സമാധാനത്തിനും സുകൃതാഭിവൃദ്ധിക്കും ദൈവസ്നേഹസംയോജ്യതയ്ക്കും അതു് വിഘ്നമായിരിക്കും. ഫ. വിശുദ്ധന്മാരുടെ സ്വഭാവത്തിനും നമ്മുടെ സ്വഭാവത്തി

---

* വി. ത്രേസ്യാ, സ്പെയിൻ രാജ്യത്തിൽ ആവിലാപ്പട്ടണത്തിൽ 1515-ൽ പിറന്നു 1536-ൽ കന്യകാമഠജീവിതം ആരംഭിച്ചു, 1614-ൽ ഭാഗ്യവതിയെന്നും 1582-ൽ വിശുദ്ധയെന്നും നാമകരണം ചെയ്യപ്പെട്ടു. 1562-ൽ കർമ്മലസഭ നവീകരിക്കുകയും ആദ്യഭവനം സ്ഥാപിക്കുകയും ചെയ്തു.

ന്നും പ്രകൃത്യാതന്നെ വ്യത്യാസമൊന്നുമില്ല. ബലഹീനതകളും കുറവുകളും അവരിലും ഉണ്ടായിട്ടുണ്ട്. നാ. മാത്രമല്ല അവരിൽ ചിലർ ജീവിതവിശുദ്ധിയിൽ ഔന്നത്യം പ്രാപിക്കുന്നതിന്നു മുമ്പു് ദീർഘനാളം ഗൗരവമായ ന്യൂനതകളിലും ഉദാസീനതയിലും ജീവിച്ചിട്ടുണ്ടു് ര്. അതിനാൽ നമ്മുടെ ബലഹീനതകളെക്കുറിച്ചു് നിരാശയും ദൈവാനുഗ്രഹത്തിൽ അവിശ്വാസവും തോന്നുന്നതു് എത്രയോ ഭീമമായ അബദ്ധമാണു്?

സ്നേഹപ്രകരണങ്ങൾ:— ദൈവം നിന്നോടു കാണിച്ചവരുന്ന ക്ഷമയെക്കുറിച്ചു് അവിടുത്തോടു നന്ദിപറയുക.

പ്രതിജ്ഞ:— ഇത്ര ദീർഘനാളായി ദൈവം നിന്നോടാവശ്യപ്പെട്ടുന്ന ബലി അവിടുത്തേയ്ക്കു സമർപ്പിക്കുന്നതിന്നു് ഇനി താമസിക്കരുതു്.

രണ്ടാംവകുപ്പു്

വിശുദ്ധ ത്രേസ്യായുടെ വിജയം.

ധ്യാനം:— ഇതേപ്പറ്റി ഈ പുണ്യവതി തന്നെ എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്: "ഒരുദിവസം ഞാൻ എന്റെ ആത്മഗുരുവിന്റെ അടുക്കൽ ഞാനനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചു തന്റെ ദിവ്യഹിതമെന്തായിരിക്കുമെന്നു് എന്നെ അറിയിക്കാൻ തീക്ഷ്ണതയോടുകൂടെ ദൈവത്തെ പ്രാർത്ഥിക്കുകയായിരുന്നു. ഉടനെ എനിയ്ക്കു് ഒരു ആത്മികപാരവശ്യമുണ്ടായി. ഇന്നുമുതൽ നീ ദൈവദൂതന്മാരോടുമാത്രം സംഭാഷണം ചെയ്യണമെന്നു ഞാൻ അഗ്രഹിക്കുന്നു, എന്നൊരു ശബ്ദവും ഞാൻ കേട്ടു" ഇതു് ഈ കന്യകയുടെ ഹൃദയത്തിൽ ദൈവപ്രസാദവരത്തിന്റെ ഒരു ഇടിനാദംപോലെമുഴങ്ങിയതിനാൽ തൽക്ഷണം ലൗകികമായ സമസ്ത സ്നേഹത്തൃഷ്ണകളും എന്നേക്കുമായി തൃജിച്ചു. ഇതോടെ ഈശോയുടെ സ്നേഹത്തെപ്രതി പീഡകളും അനുഭവിക്കണമെന്നു വലിയ ഒരാഗ്രഹവും ഇവരിൽ ജനിച്ചു. അന്നുമുതൽ ഈ പുണ്യവതി സുകൃതജീവിതത്തിൽ പ്രാപിച്ചിരുന്ന അഭിവൃദ്ധിയുടെ സ്ഥിതി വിവരിക്കുക സുസാദ്ധ്യമല്ല. ഇവരുടെ അവിശ്രമവും ഉദാരവുമായ പരിശ്രമങ്ങളെ ദൈവവും പല വിശേഷവരങ്ങളാൽ സഹായിച്ചുകൊണ്ടിരുന്നു. എന്റെ ദൈവമെ! നിന്നെപ്രതി "പീഡകളും സഹിക്കണം, അല്ലെങ്കിൽ മരിക്കണം." എന്നു സ്നേഹതീക്ഷ്ണതയോടുകൂടെ നിലവിളിച്ചിരുന്നു എന്നുകേൾക്കുമ്പോൾ ഇവർ എത്ര പരിപൂർണ്ണമായി ദൈവത്തിനുള്ളവ

ളായിത്തീർന്നിരുന്ന എന്നു നമുക്കൂഹിക്കാം. പുണ്യവതിയുടെ അ ഗ്രഹം നിവർത്തിതമായിക്കൊണ്ടിരുന്നു. ശാരീരികമായ നിരവ ധി ദുസ്സഹരോഗങ്ങളാൽ പണ്ടേതന്നെ ബാധിക്കപ്പെട്ടിരുന്ന ഇ വർക്ക് അന്യന്മാരിൽനിന്നു നവംനവങ്ങളായ പീഡകളും ശകാ രങ്ങളും അധിക്ഷേപങ്ങളും ക്രൂടെ സദാ ലഭിക്കാൻ തുടങ്ങി. പു ണ്യവതിക്കുണ്ടായിരുന്ന ദിവ്യദർശനങ്ങൾ വെറും പൈശാചി കങ്ങളാണെന്നു പറഞ്ഞു പരത്തിയിരുന്നു. പുണ്യവതിയെ കപടഭക്തയും അഹങ്കാരിണിയും കലഹപ്രിയയും എന്നല്ലാ, ഭ്രാ ന്തിയെന്നുപോലും വിളിക്കുന്നവരുമുണ്ടായിരുന്നു. ഈവിധ അപ ഥാസങ്ങളും പീഡനങ്ങളും വർദ്ധിക്കുന്നതോടൊപ്പം വിശുദ്ധ യുടെ ശാന്തതയും ക്ഷമയും വിനയവും ക്രൂടുതൽ ശോഭനമായി പ്ര ത്യക്ഷപ്പെട്ടകമാത്രം ചെയ്തു. എന്റെ ദൈവമെ നിന്നെപ്രതി പീഡനങ്ങൾ സഹിക്കണം, അല്ലെങ്കിൽ മരിക്കണം, എന്ന യാചന ഈ അവസരങ്ങളിലും ക്രൂടുതൽ തീക്ഷ്ണതയോടെ അവർ ആവർത്തിച്ചുകൊണ്ടേയിരുന്നു.

പ്രായോഗികചിന്ത:— വി. ത്രേസ്യയെപ്പോലെ നാമും ന മ്മെ മുഴുവനും ദൈവത്തിനു ബലിയായി സമർപ്പിക്കുകയും, അ വിടത്തെ ഹിതാനുസരണവും അവിടത്തെ അനുമതിയാലും നമു ക്കുണ്ടാകുന്ന കുരിശുകളെ സസന്തോഷം അംഗീകരിക്കുകയും ചെയ്താൽ ദൈവം ഉദാരമായി നൽകുന്ന വരങ്ങളിൽ വലിയ ഒരു ഓഹരി നമുക്കും പ്രാപിക്കാം.

സ്നേഹപ്രകരണങ്ങൾ:— ഔദാര്യമുള്ള, അഥവാ വിശാലമാ യ, ഒരുഹൃദയം നിനക്കു ലഭിച്ചുതരുവാൻ ഈ പുണ്യവതിയോടു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ഈ വിശുദ്ധയുടെ പ്രബലമായ മദ്ധ്യസ്ഥ തയോടുകൂടെ നിന്റെ നിസ്വാർത്ഥമായ സഹകരണവുമുണ്ടാകു മെങ്കിൽ ഇതു നിനക്കു ലഭിക്കും. ഇതിനായി ശ്രമിക്കുക.

മൂന്നാംവകുപ്പു

വി. ത്രേസ്യാ കർമ്മലസഭയെ നവീകരിക്കുന്നു.

ധ്യാനം:— വിശ്വവിശ്രുതവും വളരെ പുരാതനവുമായകർമ്മ ലസഭ കിഴക്കൻ രാജ്യങ്ങളിൽനിന്നു പാശ്ചാത്യരാജ്യത്തിലേക്കു വ്യാപിച്ചത്-തോട്ടുകൂടി വ്യാപിക്കാൻ തുടങ്ങി. അക്കാലത്തിലു

ണ്ടായിരുന്ന പല പ്രതിബന്ധങ്ങളും നിമിത്തം ആ സഭയുടെ നിയമങ്ങളിൽ ചിലതു് അനുസരിക്കുക അസാദ്ധ്യമായിത്തീർന്നു. ഇങ്ങിനെ അതിന്റെ ആദ്ധ്യാത്മചൈതന്യം ക്രമശഃ മന്ദീഭവിച്ചു്, പല പ്രകാരേണയും അലങ്കോലപ്പെട്ട നാശോൻമുഖമായ ഒരു സ്ഥിതിയിലായിരുന്ന വിശുദ്ധ ത്രേസ്യാ കർമ്മലസഭയെ കണ്ടതു്. ഇതിനെ വീണ്ടും നവീകരിക്കേണമെന്നുള്ള അഗ്രഹം ദൈവം ഈ പുണ്യവതിക്കു നൽകി. ഈ ആഗ്രഹാനുസരണം പുണ്യവതി പ്രവൃത്തി തുടങ്ങി. തൽഫലമായി സ്ത്രീകളുടെ ഇടയിൽ മാത്രമല്ല, പുരുഷന്മാരുടെ ഇടയിലും ശരിയായ ഒരു നവീകരണം ഉണ്ടായി. പൂർവ്വികസ്ഥിതിയിലേയ്ക്കു സഭയെ ഉദ്ധരിച്ചു. ജീവിതക്കാലത്തിൽ പുണ്യവതി ചെയ്ത അത്ഭുതങ്ങളിൽ സർവ്വപ്രധാനമായ ഒന്നായിട്ടുവേണം ഇതിനെ കണക്കാക്കാൻ. ഈ സഭയിലെ സന്യാസിനികളും സന്യാസികളും ഇപ്പോഴും ഈ പുണ്യവതിയെ തങ്ങളുടെ ആദ്ധ്യാത്മിക മാതാവായി സ്വീകരിച്ചു ബഹുമാനിക്കുന്നു. എന്നാൽ ഈ നവീകരണ വേലയുടെ ആരംഭദശയിൽ നേരിട്ട വിഘ്നങ്ങൾക്കും വിരോധങ്ങൾക്കും കണക്കില്ല. ഈ ദുഷ്ക്കരമായ വേലയ്ക്കായി പുണ്യവതി ചെലവഴിച്ച ഒടുവിലത്തെ ഇരുപതാണ്ടുകളിൽ അനുഭവിച്ച പീഡകളും, നേരിട്ട കഷ്ടതകളും സഹിച്ച സങ്കടങ്ങളും വിവരിക്കുക അത്ര എളുപ്പമല്ല. ദൈവത്തിൽ മാത്രം ആശ്രയിച്ചുകൊണ്ടു് ഒരു ഉദാരഹൃദയത്തിനു സഹജമായ ധീരതയോടും അത്യുത്സാഹത്തോടും അനന്യമായ വിവേകത്തോടുംകൂടെ വിജയലബ്ധിവരെ പ്രയത്നിച്ചു. ഇങ്ങനെ വലിയ ലോകമഹാന്മാർക്കുപോലും സാധിക്കാത്ത ഒരു വീരവിജയം പ്രാപിച്ചു. താൻ പരലോകം പ്രാപിക്കുന്നതിനുമുമ്പു സ്ത്രീകൾക്കായി പതിനേഴും പുരുഷന്മാർക്കായി പതിനഞ്ചും ആശ്രമങ്ങൾ സംസ്ഥാപിതമായിരിക്കുന്നതും, അവയിൽ താൻ നവീകരിച്ച നിയമസംഹിതയുടെ സുനിഷ്ക്കർഷമായ അനുഷ്ഠാനം അനുദിനം നടക്കുന്നതും കണ്ടു സംതൃപ്തി അടയാൻ പുണ്യവതിയ്ക്കു് ഭാഗ്യമുണ്ടായി. തന്റെ മരണശേഷവും ഈ സുവൃത്ത പ്രചരിക്കുകയും അനേകംവിശുദ്ധകന്യകകളെയും വിശുദ്ധിയിലും വിദ്യയിലും പ്രേഷകവൃത്തിയിലും പ്രഖ്യാതരായ അനേകം മാതൃകാപുരുഷന്മാരേയും ഉത്തമസന്യാസികളെയും ഇതു ലോകത്തിനു പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്നു.

പ്രായോഗികചിന്ത:- ദൈവം വിശുദ്ധ ത്രേസ്യായ്ക്കും ഈ വിശുദ്ധ വഴിയായി വളരെ ആളുകൾക്കും സഭയെ ചെയ്തുള്ളിയ നന്മകളെക്കുറിച്ച് അവിടുത്തേയ്ക്ക് സ്തോത്രം ചെയ്യുക. വിശേഷ പുണ്യങ്ങളാൽ അതിമനോഹരമായി അലങ്കരിക്കപ്പെട്ട ഈ വിശുദ്ധയെ വാഴ്ത്തുക. ദൈവത്തെപ്രതി യഥാശക്തി മഹൽകാര്യങ്ങളും ചെയ്വാൻ നമുക്കും ശ്രമിക്കാം. ഇതു സാധിക്കയില്ലെങ്കിൽ നമ്മെത്തന്നെ വിശുദ്ധീകരിക്കാനെങ്കിലും നമുക്കു സാധിക്കുമല്ലോ. ഇതു തന്നെ നാം ചെയ്യേണ്ട സർവ്വപ്രധാനമായ മഹൽകാര്യം.

സംഭാഷണം:-വിശുദ്ധ ത്രേസ്യായോടു സംഭാഷണം ചെയ്യുക.

പതിനാറാം തിയ്യതി

കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ചതന്നെ.

വി. ത്രേസ്യായുടെ ആത്മികപഠനങ്ങൾ.

പ്രാരംഭം ഫ. ഈ വിശുദ്ധ ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

ഫ. ഈ വിശുദ്ധയുടെ പഠനങ്ങളനുസരിച്ചു നിന്റെ ജീവിതത്തെ ക്രമീകരിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നമ്മുടെ വചനങ്ങൾ ക്രമീകരിക്കാൻ ഉപയുക്തമായ സദുപദേശങ്ങൾ.

ധ്യാനം:- വിസ്മയകരവും പ്രായോഗികവും പ്രയോജനകരവുമായ അനേകം വിഷയങ്ങളെപ്പറ്റി ഈ വിശുദ്ധ എഴുതീട്ടുണ്ട്. അവയിൽ ഒന്നിൽ ജീവിതവിശുദ്ധി പ്രാപിക്കാൻ ആഗ്രഹിക്കുന്നവർ അനുസരിക്കേണ്ട ചില ക്രമങ്ങളേയുംമറും പറ്റി പുണ്യവതി നമ്മെ ഉപദേശിക്കുന്നു. കർമ്മല സഭക്കാരുടെ നേരെ തനിക്കുള്ള സ്നേഹത്തിന്റെ നിത്യസ്മരണയ്ക്കായിട്ടാണ് അവയെ നൽകിയിരിക്കുന്നതു്. നമ്മുടെ പ്രയോജനത്തിനായി അവയിൽ ചിലതിനെപ്പറ്റി നമുക്കു ചിന്തിക്കാം. സം

സാരത്തിൽ അനുസരിക്കേണ്ട ക്രമം: കുറച്ചുമാത്രമേ സംസാരിക്കാവു. പ്രത്യേകമായി നീ പലരുടെ കൂട്ടത്തിൽ ആയിരിക്കുമ്പോൾ ഈ ക്രമം പ്രത്യേകം ഗവുനിക്കണം. നിന്നെക്കുറിച്ചോ, നിൻറെ ശാസ്ത്രം, സൽകൃത്യങ്ങൾ, ഗോത്രം, ജനനം, ആദിയായവയെക്കുറിച്ചോ സംസാരിക്കരുതു്. എന്നാൽ താഴ്ശ പ്രസ്താവം ദൈവമഹത്വത്തിനു് ഏതെങ്കിലും വിധത്തിൽ പ്രയോജകീഭവിക്കുമെന്നു കാണുന്ന അവസരങ്ങളിൽ അവയെപ്പറ്റി വിനയപൂവ്വം പ്രസ്താവിക്കാവുന്നതുമാണു്. ഗൗരവമായ കാരണം കൂടാതെ തന്നെത്തന്നെ ആദരിക്കാനോ സ്വന്തം തെറ്റുകളെ നീതീകരിക്കാനോ ശ്രമിക്കരുതു്. വാഗ്വാദങ്ങളിൽനിന്നു നിശ്ശ്രേഷം ഒഴിഞ്ഞിരിക്കുക, നിസ്സാരസംഗതികളെക്കുറിച്ചു് ഒരിക്കലും തർക്കത്തിനു മുതിരരുതു്. മറ്റുള്ളവരോടു് എപ്പോഴും സ്നേഹാദരത്തോടും സന്തോഷത്തോടുംകൂടെ സംസാരിക്കണം. തീർച്ചയില്ലാത്ത കാര്യങ്ങളെ ഒരിക്കലും നിശ്ചയമായിപ്പറയരുതു്. അനാവശ്യമായ അനിഷ്ടകരവും സങ്കടകരവുമായ ഒരു വാക്കുപോലും നിന്നിൽനിന്നു പുറപ്പെടാതിരിക്കട്ടെ. നീ എന്തെങ്കിലും പറയുന്നതിനുമുമ്പു് അതിനെക്കുറിച്ചു ഗാഢമായി ആലോചിച്ചശേഷം മാത്രം സംസാരം ആരംഭിച്ചാൽ മതി. വല്ലൊരുത്തൻ ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചു സംസാരിക്കുമ്പോൾ വിനയപൂവ്വം അതു ശ്രവിച്ചുകൊള്ളുക. മറ്റുള്ളവരോടുള്ള ഇടപാടുകളിലും സംഭാഷണങ്ങളിലും സൗകര്യംപോലെ ഇടയ്ക്കിടെയെങ്കിലും ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചു് സംസാരിക്കുക. വ്യർത്ഥസംസാരവും പിറുപിറുപ്പും നീക്കുന്നതിനു് അതു വളരെ നല്ല ഒരു മാർഗ്ഗമാണു്.

പ്രായോഗികചിന്ത:— ഇവയെല്ലാം എത്ര അത്യാവശ്യവും ജ്ഞാനസമ്പുഷ്ടവുമായ പ്രായോഗിക പാഠങ്ങളാണെന്നു സ്വല്പം ആലോചിച്ചാൽ നിനക്കു സമ്മതമാകാതിരിക്കയില്ല. അങ്ങിനെയാണെങ്കിൽ ഇവയെ പ്രവൃത്തിയിൽവരുത്തുവാൻ നീയും ശ്രമിക്കേണ്ടതല്ലയൊ? ഇവയിൽ ഏതെല്ലാം സംഗതികളാണു നീ അനുസരിച്ചുവരുന്നുണ്ടെന്നു പരിശോധിക്കുക. ഏതെല്ലാം വിഷയങ്ങളിൽ നിന്നെ ക്രമപ്പെടുത്തുവാനുണ്ടു്? നിനക്കു അഹിതമായി തോന്നുന്നതെന്തെല്ലാം? സുകരമായതെന്തെല്ലാം? എന്നു ശാന്തമായി ആലോചിക്കുക.

സ്നേഹപ്രകരണങ്ങൾ:— നിൻറെ പ്രതിജ്ഞയ്ക്കു വിശ്വ

സ്ഥനായിരിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— നാവിനെ ഏതുവിധം ഉപയോഗിച്ചുവരുന്നെന്നു അനുദിനം ആത്മശോധനയിൽ പരിശോധിക്കുക.

രണ്ടാംവകുപ്പു

നമ്മുടെ പ്രവൃത്തികളെ ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

ധ്യാനം:— നിന്നോടു് ഇടപെടുന്നവരുടെ സ്വഭാവാദികളെ മനസ്സിലാക്കി അവരോടു് അനുവർത്തിക്കുവാൻ ശ്രമിക്കുക. എല്ലാവരേയും നിന്നിലേക്കാകർഷിക്കുവാൻ നിന്നെ സകലത്തിലും സകലർക്കും സകലവുമാക്കിക്കൊള്ളുക. പ്രത്യേകത നിനക്കുണ്ടാകരുതു്. ഇതു് എപ്പോഴും നിന്നിൽനിന്നു ദൂരീകരിക്കാൻ ശ്രമിക്കണം. എന്തെന്നാൽ സ്വയ്ക്കു വളരെ നാശഹേതുകമായ ഒന്നാണിതു്. ദൈവം സദാ നിന്റെ മുമ്പാകെ നില്ക്കുന്ന എന്നു സ്ഥിരമായി വിശ്വസിച്ചുകൊണ്ടു് സകലവും അവിടുത്തെതിരുസ്സന്നിധിയിൽ ചെയ്യുക. സുകൃതാഭിവൃദ്ധി പ്രാപിക്കുന്നതിനു് ഇതു് സുരക്ഷിതവും സുഗമവുമായ മാർഗ്ഗമാണു്. പ്രത്യേകാവശ്യം നിന്നെ നിർബന്ധിക്കുമ്പോഴല്ലാതെ മറ്റൊരിക്കലും നിന്റെ ഹൃദയഭക്തി ഇതരന്മാരുടെ ദൃഷ്ടിക്കു വിഷയമാകാൻ സമ്മതിക്കരുതു്. "എന്റെ രഹസ്യം എനിയ്ക്കു" എന്നു വി. ഖണ്ഡാർദ്ദും വി. ഫ്രാൻസീസും പറഞ്ഞിരുന്നു. നിനക്കു ഏല്പിക്കപ്പെട്ടാത്തതും നിന്നെ സംബന്ധിക്കാത്തതുമായ കാര്യങ്ങളിൽ ഏർപ്പെടുകയൊ അവയെക്കുറിച്ചു വിചാരിക്കുകയൊ ചെയ്യരുതു്. ഏതാളുടെ സംഗതികളും അറിവാൻ നിന്നെ പ്രേരിപ്പിക്കുന്ന ജിജ്ഞാസയെ ഉൻമൂലനം ചെയ്വാനും ശ്രമിക്കുക. നീ നിന്നോടു നിർദ്ദാക്ഷിണ്യവാനും ഇതരന്മാരോടു ദയയുള്ളവനും ആയിരിക്കണം. അന്യരുടെമേൽ അധികാരമുള്ളവനാണു് നീയെങ്കിൽ വല്ല കാരണവശാലും കോപം നിന്നിൽ ജ്വലിച്ചിരിക്കുന്ന സമയത്തു് ഒരിക്കലും മറ്റുള്ളവരെ ശകാരിക്കയൊ ശിക്ഷിക്കയൊചെയ്യാതെ അതു് അടങ്ങുന്നതുവരെ ക്ഷമിച്ചിരിക്കയത്രെ വേണ്ടതു്. നിന്റെ സന്തോഷം എപ്പോഴും വിനയവും ശാന്തതയും ഉള്ളതും അടക്കത്തോടുകൂടിയതും ഇതരന്മാരെ നന്മയിലേക്കാകർഷിക്കാൻപര്യാപ്തമായതുമായിരിക്കണം. നിനക്കുസദുപദേശങ്ങളും നൽകുന്നതിനും നിന്നെസുകൃതപാതയിൽനടത്തുന്നതിനുമായി നിന്റെ പരീക്ഷകളും, കുറ്റപ്പിലുകളും, നിന്റെഹൃദയ

ത്തിന്റെ സ്നേഹവിഷയങ്ങളും, ദ്വേഷവിഷയങ്ങളും മുതലായവ യെല്ലാം നിന്റെ ശ്രേഷ്ഠനെ, അഥവാ ആത്മിക നിയന്താവി നെ, അറിയിക്കുക. നിശ്ചിതസമയത്തല്ലാതെ മറ്റു സമയങ്ങ ളിൽ തിന്നുകയൊ കുടിക്കയൊ ചെയ്യാതിരിക്കുക. നിന്റെ മ രണംവരെ സദാ നിന്നെ താഴ്ത്തിയും സകലത്തിലും നിന്റെ ആശകളെ നിയന്ത്രിച്ചും ജീവിക്കുക. ഭാഗ്യമുള്ള പിതാവായ വിശുദ്ധ ഔഗസ്റ്റിന്റെനേരെ പ്രത്യേക ഭക്തി പ്രദർശിപ്പി ച്ചുവരിക.

പ്രായോഗികചിന്ത:— സുകൃത വ്യാപാരത്തെ സംബന്ധി ക്കുന്ന ഈ പ്രബോധനങ്ങളിൽ ഒന്നും നിന്റെ ശക്തിയെ ക വിയുന്നതല്ലെന്നുള്ളതു തീർച്ചയാണ്. നിന്റെ ആത്മസമാധാന ത്തിനും അനശ്വര നീ സുമാതൃകയായിത്തീരുന്നതിനും ഇതി നേക്കാൾ അധികം എന്താണ് വേണ്ടതു?

സ്നേഹപ്രകരണങ്ങൾ:— എന്റെ ദൈവമെ, ഈ ക്രമങ്ങ ളൊക്കയും ഇന്നുമുതല്ലെങ്കിലും അനുസരിക്കുന്നതിനും ശ്രമി ക്കാൻ എന്നെ സഹായിക്കേണമെ. എന്റെ നിർവ്യാജമായ ആഗ്രഹത്തെ സ്ഥിരീകരിക്കേണമെ. എന്തെന്നാൽ അതു സ്ഥിര തയില്ലാത്തതും പലപ്പോഴും ഔദാര്യമില്ലാത്തതുമാണ്.

പ്രതിജ്ഞ:— ഈ നിശ്ചയങ്ങൾ ഏതെല്ലാം അവസരങ്ങ ളിൽ ഏതെല്ലാം സ്ഥലങ്ങളിൽ അനുസരിക്കേണമെന്നറിയാ നായി എന്റെ അനുദിന ക്രിയകളെ ഞാൻ പരിശോധിക്കും.

മൂന്നാംവാക്യം

നമ്മുടെ വിചാരങ്ങളേയും ആഗ്രഹങ്ങളേയും ക്രമീകരിക്കേണ്ടതി ന്നായുള്ള പ്രബോധനങ്ങൾ.

ധ്യാനം:— നീ കാലത്തു ധ്യാനിച്ചതു് അനുഭൂവനം പ ലപ്പോഴും ഓർക്കുക. കഴിയുന്നത്ര ദൈവസ്നേഹപ്രകരണങ്ങൾ ചെയ്യുക. ഇതരന്മാരിലുള്ള കുറവുകളെക്കുറിച്ചു ചിന്തിക്കാതെ അവരുടെ പുണ്യങ്ങളെമാത്രം അനുസ്മരിക്കുക. നിനക്കു ഒരാത്മാ വെയുള്ളു, നീ ഒരിക്കൽ മാത്രമേ മരിക്കയുള്ളു, ഈ ലോകജീവി തം അല്പകാലത്തെയ്ക്കു നീളുകയുള്ളു, അതിന്റെ ശേഷം സിദ്ധി ക്കാനിരിക്കുന്ന മഹത്വമോ അവസാനമില്ലാത്തതും നിത്യമായ തുമാണ് എന്നീ ഓർമ്മ എപ്പോഴും നിന്നിൽ ഉണ്ടായിരിക്കണം.

അപ്പോഠം ക്ഷണികമായ പല കാര്യങ്ങളോട് നിനക്കുള്ള പ്രതിപത്തിയൊക്കയും ദൂരീകൃതമാകും. നീ സകല കാര്യങ്ങളിലും ദൈവത്തെ അന്വേഷിച്ചാൽ അവിടത്തെ കണ്ടെത്തുകയും ചെയ്യും. ദൈവത്തെ പ്രാപിക്കണമെന്നിതു് നിന്റെ ഏകാഗ്രഥവും അവിടുന്നു നഷ്ടീഭവിക്കുമോ എന്നിതു നിന്റെ ഏക ഭയവുമായിരിക്കണം. അപ്രകാരം തന്നെ ഇവിടെ നിനക്കു ദുഃഖഹേതുകമായതെങ്കിലുമുണ്ടെങ്കിൽ അതു് അങ്ങയിൽനിന്നു് വിദൂരമായിരിക്കുന്നതിനെപ്പറ്റിയുള്ള ഓമ്മ മാത്രമായിരിക്കട്ടെ. നിന്റെ സന്തോഷമാകട്ടെ അവിടത്തോടു നിന്നെ സമീപിപ്പിക്കാൻ പര്യാപ്തമായ സംഗതികളെക്കുറിച്ചു മാത്രവുമായിരിക്കട്ടെ. ഇതിന്റെയെല്ലാം ഫലമായി സ്വർഗ്ഗീയവും അവാച്യവുമായ ഒരു സമാധാന സൗഭാഗ്യത്തിൽ നീ നിമഗ്നനാകും.

പ്രായോഗിക ചിന്ത:— ഈ മൂന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്ന വിജ്ഞാനപ്രദമായ സദുപദേശങ്ങളെ പ്രത്യേകമായിച്ചിന്തിച്ചശേഷം, ഇവയ്ക്കു വിരോധമായി നിന്നിലുള്ളവയെല്ലാം നീക്കുകയും ക്രമീകരിക്കുകയും ചെയ്കൊള്ളുക.

സംബോധനം:— വി. ത്രേസ്യായോടു സംബോധനം ചെയ്കു. ഈ പുണ്യവതി പ്രാപിച്ചിരുന്ന ദിവ്യവെളിച്ചത്തിന്റെയും ദിവ്യവരങ്ങളുടെയും ഓഹരി നിനക്കും ലഭിച്ചുതരുവാനായി പ്രാർത്ഥിക്കുക.

പതിനേഴാം തിയ്യതി

നഷ്ടീഭവിക്കയും വീണ്ടും ലഭിക്കയും ചെയ്ത ദ്രാക്ഷമാനാണ്യത്തിന്റെ ഉപമ.

പ്രാരംഭം ഫ. നമ്മുടെ ദിവ്യരക്ഷകൻ ഈ ഉപമ അരുളിച്ചെയ്യുന്നതു് അത്മനാ ശ്രവിക്കുക.

വ. ഇതിന്റെ ഉദ്ദേശ്യവും ഇതിലടങ്ങിയിരിക്കുന്ന സുകൃത പഠനങ്ങളും നന്നായി ഗ്രഹിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ദ്രാക്ഷമാനാണ്യം നമ്മെ വിശ്വലഘീകരിക്കുന്ന ദൈവപ്രസാദവരത്തിനു് സദൃശമാകുന്നു.

ധ്യാനം:— ഈ നാണ്യത്തിന്റെ ഉപമയും നഷ്ടപ്പെട്ട ആടിന്റെ ഉപമയും ഒരേ ഉദ്ദേശത്തോടുകൂടെ പറയപ്പെട്ടവയാണെങ്കിലും അവ രണ്ടും വ്യത്യസ്ത സംഗതികളെയാണു് വിവക്ഷിക്കുന്നതു്. ദ്രാക്ഷമാനാണ്യത്തിന്റെ ഉപമ: "ഏതെങ്കിലും ഒരു സ്ത്രീക്കു പത്തു ദ്രാക്ഷമാനാണ്യം ഉണ്ടെന്നിരിക്കട്ടെ (അവയിൽ) ഒരു ദ്രാക്ഷമാനാണ്യം പൊയ്പോയാൽ അവൾ വിളക്കു കൊളുത്തി വീടു് തുത്തുവാരി, അതു കണ്ടുകിട്ടുംവരെ ഉത്സാഹപൂർവ്വം അന്വേഷിക്കുന്നില്ലയോ? (ലൂക്കാ· 15. 8) ഈ ഖ്യാതാക്കളം അഭിപ്രായപ്പെട്ടതുപോലെ, ഈ സ്ത്രീ, ശ്രുഷീകരണവരപ്രസാദം നഷ്ടമാക്കിക്കളയുന്ന ഒരു ക്രിസ്തീയാത്മാവിന്റെയും ദ്രാക്ഷമാനാണ്യം ശ്രുഷീകരണ വരപ്രസാദത്തിന്റെയും സാദൃശ്യമാണു്. ദ്രാക്ഷമായും വിശ്വലഘീകരണ വരപ്രസാദവും തമ്മിൽ നിസ്സീമമായ അന്തരമുണ്ടു്. ദ്രാക്ഷമ, നിസ്സാരവിലയുള്ളതാണു്. ശ്രുഷീകരണ വരപ്രസാദമാകട്ടെ അനർഘവും അമൂല്യവുമാകുന്നു. ഈശോയുടെ തിരുരക്തം എത്ര അപരിമേയവും അതുല്യവുമായ വിലയുള്ളതാണോ, അതുപോലെ ഇതും വിലയേറിയതാണു്. എന്തുകൊണ്ടെന്നാൽ മിശിഹായുടെ ദിവ്യരക്തത്താലാണു് ഓരോ ആത്മാവിനും ഈ പ്രസാദവരം വാങ്ങിക്കൊടുത്തിരിക്കുന്നതു്. ദ്രാക്ഷമാനാണ്യത്താൽ ലൗകിക വസ്തുക്കൾ മാത്രമെ നമുക്കു വാങ്ങാവു. പ്രസാദവരമോ നമ്മെ മോക്ഷഭാഗ്യത്തിന്നവകാശികളാക്കും. ഇത്ര നിസ്സാരമായ ഒരു വസ്തു നഷ്ടപ്പെട്ടപ്പോൾ ആ സ്ത്രീ തനിക്കു എന്തോ വലിയ ദുരന്തം സംഭവിച്ചതുപോലെ അസ്വസ്ഥയും വ്യസനാക്രാന്തയുമായി അതു് അന്വേഷിക്കുന്നു. യാതൊരു വിശ്രമവും കൂടാതെ അതു കണ്ടുകിട്ടുന്നതുവരെ അവൾ അന്വേഷണം തുടരുന്നു.

പ്രായോഗികചിന്ത:— ഗുരുതരപാപത്താൽ (ചാവുദോഷത്താൽ) ഈ അനുഗ്രഹം നഷ്ടമാക്കിക്കളയുന്ന ദുർഭാഗ്യരായ ക്രിസ്ത്യാനികളുടെ അന്ധതയും കഷ്ടതയും എത്രയേറ്റവും ഭയങ്കരമായിരിക്കുന്നു! ചിലർ അനേകദിവസങ്ങളും മാസങ്ങളും എന്നല്ല ആണ്ടുകൾപോലും ഈ നിർഭാഗ്യാവസ്ഥയിൽതന്നെ ഇരിക്കുന്നു. ഇവരെ

പ്പറഞ്ഞി വാസ്തവത്തിൽ വിലപിക്കേണ്ടതല്ലയോ? അഹോ! ഇവർ എത്ര ഭയാനകമായ സ്ഥിതിയിലാണിരിക്കുന്നതു"! ഈ ദൈവവരം നഷ്ടീവിക്കുന്നതോടുകൂടെ ദൈവത്തിന്റെ പ്രീതിയും സ്നേഹവും നഷ്ടമാക്കിക്കളയുന്നു. ജ്ഞാനസ്നാനത്തിൽ ലഭിച്ച അതിമഹനീയമായ മോക്ഷഭാഗ്യാവകാശം നഷ്ടപ്പെട്ടുപോകുന്നു. ഇതോടുകൂടെ അവരെ വീഴുങ്ങുന്നതിനു നരകം വായ് തുറന്നു കൊണ്ടു കാത്തിരിക്കുന്നു. ഭയങ്കരം! ഈ സ്ഥിതിയിൽ പെട്ടെന്നു അവർ മരണത്തിലകപ്പെട്ടാൽ നിത്യമായ പീഡയല്ലയോ അനുഭവം? ഈ നിർഭാഗ്യവാന്മാരുടെനേക്കു നമുക്കു എത്ര വലിയ അനുകമ്പയാണുണ്ടാകേണ്ടതു"? എന്നാൽ നമ്മുടെ ഈ സഹതാപം സാഫല്യമുള്ളതാകണമെങ്കിൽ ഈ വിപല്ക്കരസ്ഥിതിയിൽ പെട്ടിട്ടുള്ളവരെ അവരുടെ യഥാർത്ഥനില ഗ്രഹിപ്പിക്കുവാൻക്രമേയും നാം ശ്രമിക്കണം. ഇതു വിവേകപൂർവ്വകമായ ഉപദേശംകൊണ്ടും സർവ്വോപരി തീക്ഷ്ണമായ പ്രാർത്ഥനകൊണ്ടും സാധിക്കാം.

സ്നേഹപ്രകരണങ്ങൾ:— കർത്താവെ, അന്ധകാരത്തിലും മരണനിഴലിലും അകപ്പെട്ടിട്ടും നിർഭയരായി, തങ്ങളുടെ സ്ഥിതി ക്ഷേമമാണെന്നു വിശ്വസിച്ചു ജീവിക്കുന്നവരുടെ ബുദ്ധിയെ നീ പ്രകാശിപ്പിക്കേണമെ.

പ്രതിജ്ഞ:— പാപികളുടെ മാനസാന്തരത്തിനായി സുകൃതജപങ്ങൾ ചൊല്ലുകയൊ ആശാനിഗ്രഹപ്രവൃത്തികൾ കാഴ്ചവയ്ക്കുകയൊ ചെയ്യാത്ത ദിവസമുണ്ടാകരുതു".

രണ്ടാംവകുപ്പ്.

ദ്രാക്ഷമാ, ഭക്തി എന്ന ദൈവദാനത്തെ സട്ടശീകരിക്കുന്നു.

ധ്യാനം:— ഭക്തിയെന്ന ദാനം — തന്റെ അനുദിനകൃത്യങ്ങൾ തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടെ ചെയ്യാനുള്ള നിർവ്യാജമായ സന്നദ്ധതയും അഭിവാഞ്ഛയും — നഷ്ടമാക്കിക്കളഞ്ഞ സന്ന്യാസിയെയാണു" പ്രസ്തുത ഉപമയിൽ പറയപ്പെട്ടുന്ന സ്ത്രീയാൽ വിവക്ഷിക്കുന്നതു". ഒരു സന്ന്യാസിക്കു തന്റെ ദൈവവിളിയിൽ ഭാഗ്യവും ആനന്ദവും പ്രദാനംചെയ്യുന്നതു ഈ വിശിഷ്ടഗുണമാണു". പുണ്യസമ്പാദനത്തെ സുകരമാക്കുകയും ഏകാഗ്രതയെ നശിപ്പിക്കുവാൻതക്ക വിവിധങ്ങളായ ജോലികൾക്കിട

യിൽപോലും ദൈവത്തോട് അനന്യനമായ ഐകൃത്തിൽ വത്തി പ്പാൻ സഹായിക്കുകയും ചെയ്യുന്നതും ഇതുതന്നെയാണ്. ഇതു് അയാളുടെ അനുദിനകൃതൃങ്ങളെ അനായാസപ്രദമാക്കുക മാത്രമ ല്ല, അപഹാസങ്ങളും അപജയങ്ങളും ആശാനിഗ്രഹങ്ങളും എ ന്നിങ്ങനെ പ്രകൃത്യാ അനിഷ്ടകരമായവപോലും ഇഷ്ടകരവും ആശ്വാസസംദായകവുമാക്കിത്തീർക്കുകയുടെ ചെയ്യുന്നു.

പ്രായോഗികചിന്ത:- കേതിയുടെ ദാനം നഷ്ടപ്പെടുന്നതി നാൽ, നമുക്കു സംഭവിക്കുന്നതുപോലുള്ള ഒരു നഷ്ടം മറെറാന്നു കൊണ്ടും ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ ഇതു സകല ന ന്മകളുടേയും ഉൽപത്തിസ്ഥാനമാണ്. എന്നാൽ ഇതു നമുക്കു നഷ്ടീഭവിച്ചുപോയെങ്കിൽ അതു വീണ്ടും പ്രാപിപ്പാനായി നാം എന്തു ചെയ്യുന്നുണ്ട്? നമ്മുടെ ആദ്ധ്യാത്മികമാന്ദ്യത്തെക്കുറിച്ചു നെടുനിശ്വസിക്കുകയും ഹാ! ദൈവം അവിടുത്തെ ദീപം എ ന്റെ ശിരസ്സിന്മേൽ പ്രകാശിപ്പിക്കുകയും, ദൈവത്തിന്റെ ര ഹസ്യം എന്റെ കൂടാരത്തിൽ ഉണ്ടായിരിക്കുകയും ചെയ്ത കാല ത്തു് എനിക്കുണ്ടായിരുന്ന ആ യൗവ്വനസ്ഥിതി (അതായതു: ആ ആദ്യത്തുഷ്ണാന്തി) ആർ എനിക്കു തരും? (യോബു. ൨൯. ൨. ർ.) എന്നു യോബിനെപ്പോലെ പറയുകയും ചെയ്യുന്നുണ്ടാവാം. ഇങ്ങ നെ പറയുകമാത്രം ചെയ്താൽ എന്തു പ്രയോജനമാണുണ്ടാവുക? നിയമങ്ങളനുസരിക്കുന്നതിൽ ശുഷ്ണാന്തി, ഏകാഗ്രചിത്തത, ആശാനിഗ്രഹം മുതലായവ വീണ്ടും നമ്മിൽ ഉണ്ടാക്കാൻ ശ്രമി ക്കണം. പ്രത്യേകമായി കേതാഭ്യാസങ്ങളും, ജപദ്ധ്യാനം ആദി യായവ സൂക്ഷ്മത്തോടെ ചെയ്യുന്നതിൽ വിശ്വസ്തരായിരിക്ക ണം. അപ്പോൾ നഷ്ടപ്പെട്ടുപോയ ശ്രാക്കുമാ ആ സ്ത്രീക്കു വീണ്ടും ലഭിച്ചതുപോലെ കേതി എന്ന ദൈവദാനം നാം വീണ്ടും പ്രാ പിക്കും.

സ്തോത്രപ്രകരണങ്ങൾ:— ഈ നല്ല പ്രേരണയനുസരിച്ചു് ഔദാര്യബുദ്ധിയോടെ നാം ചെയ്ത നിശ്ചയങ്ങളെ നിറവേറുന്ന തിന്നാവശ്യമായ ധൈര്യവും സ്ഥൈര്യവും ലഭിപ്പാനായി പ്രാ ത്ഥിക്കുക.

പ്രതിജ്ഞ:- കേതിയെ ഇല്ലാതാക്കുവാൻ തക്കതായിരിക്ക ന്നവ സകലവും നിന്നിൽനിന്നു ദൂരീകരിപ്പാൻ ശ്രമിക്കുക.

മൂന്നാം വകുപ്പു

നഷ്ടീഭവിച്ചുപോയ ദ്രാക്മാനാണ്യം വീണ്ടും ലഭിച്ചപ്പോളുണ്ടായ സന്തോഷം, ഒരു പാപി മാനസാന്തരപ്പെട്ടപ്പോൾ ദൈവദൂതന്മാർക്കുണ്ടാകുന്ന സന്തോഷത്തിന്റെ സാദൃശ്യമാകുന്നു.

ധ്യാനം:— കളഞ്ഞുപോയ നാണ്യം കണ്ടുകിട്ടിയപ്പോൾ ആ സ്ത്രീക്കുണ്ടായ സന്തോഷത്തെപ്പറ്റി നമുക്കു ഇനി ചിന്തിക്കാം. തീക്ഷ്ണമായ ആ ആനന്ദത്തെ ഉള്ളിലൊതുക്കുവാൻ വഹിയാതെ, ഈശോതന്നെ അരുളിച്ചെയ്തിരിക്കുന്നതുപോലെ അവൾ "തന്റെ സ്നേഹിതകളേയും അയൽക്കാരികളേയും വിളിച്ച് എനിക്കു പൊയ്പോയ ദ്രാക്മാ നാണ്യം കണ്ടുകിട്ടി, അതിൽ എന്നോടൊപ്പം നിങ്ങളും സന്തോഷിക്കുവിൻ എന്നു പറയുന്നു." (ലൂക്കാ. ഛ൫. ൯.)

പ്രായോഗികചിന്ത:— ഈ ഉപമയിൽ അന്തർലീനമായിരിക്കുന്ന സത്യമെന്താണ്? ഈ സത്യം നമ്മുടെ ദിവ്യരക്ഷകൻ തന്നെ വെളിപ്പെടുത്താതിരുന്നെങ്കിൽ പക്ഷെ, അതു് എന്നും ലോകത്തിനു അജ്ഞാതമായിത്തന്നെയിരിക്കുമായിരുന്നു. അവിടുന്നു് അരുളിച്ചെയ്യുന്നു: "ഇപ്രകാരംതന്നെ അനുതാപപ്പെടുന്ന ഒരു പാപിയെക്കുറിച്ചു് ദൈവദൂതന്മാരുടെ സമക്ഷം സന്തോഷമുണ്ടാകും." (ലൂക്കാ ഛ൫. ൧൦) ദൈവസ്നേഹവും ശുശ്രൂഷാന്തിയും കൂറഞ്ഞു മന്ദഗതിയിൽ നിപതിച്ച മനസ്സു മടുത്തുപോയ ഒരു സന്ന്യാസി അതിൽനിന്നു വിമുക്തനായി തന്റെ ആദ്യത്തെ ജീവിതശുശ്രൂഷാന്തിയിലേയ്ക്കു ഉന്മേഷിക്കുമ്പോൾ അയാളെക്കുറിച്ചു ദൈവദൂതന്മാർ സന്തോഷിക്കുകയില്ലയോ? അതെ, തീർച്ചയായിട്ടും ആ സ്വർഗ്ഗീയപ്രഭൃക്കൾ അത്യാഹ്ലാദഭരിതരാകും. ഇതു് എത്ര ശുശ്രൂഷാന്തിജനകമായ വിചാരമാണു"! അതുകയാൽ നമ്മിലുംനിയമലംഘനവും മറവും മൂലം മന്ദഭാഗ്യരായി ദൈവദൂതന്മാർക്കു ദുഃഖവിഷയങ്ങളായിത്തീർന്നിട്ടുണ്ടെങ്കിൽ ഉടനെ പശ്ചാത്തപിച്ചു മാനസാന്തരപ്പെടണം. തല്പരാ അവരെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കണം. ഇങ്ങിനെ ചെയ്യുന്നവർക്കു ദൈവദൂതന്മാരുടെ വലിയ ആദരവു ലഭിക്കുമെന്നതിനു സന്ദേഹമില്ല.

സംഭോഷണം:- നിന്റെ കാവൽഭൃതനോടു സംഭോഷണം ചെയ്യുക.

പതിനെട്ടാം തിയ്യതി

വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ ഉപമ.

പ്രാരംഭം ഫ: ഈശോ ഈ ഉപമ അരുളിച്ചെയ്യുന്നതു് അതു നാ ശ്രവിക്കുക.

ഫ. നമ്മുടെ നിത്യരക്ഷയ്ക്കു വിഘ്നമായി ഈ ഉപമയിൽ ഈശോ എടുത്തുകാണിച്ചിരിക്കുന്നവയെ നാം തന്നെ ജയിക്കുവാനും, മറ്റുള്ളവർ ജയിപ്പാൻതക്കവണ്ണം അവരെ സഹായിപ്പാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

നിത്യരക്ഷയ്ക്കു പ്രഥമവിഘ്നം അഹങ്കാരമാണ്.

ധ്യാനം:– അപ്പോൾ അവിടുന്നു് അരുളിച്ചെയ്തതായതു്: ഒരുത്തൻ ഒരു വലിയ അത്താഴം തയാറാക്കി. അനേകംപേരെ ക്ഷണിക്കുകയും ചെയ്തു. അത്താഴത്തിനു സമയമായപ്പോൾ, സകലവും ഒരുങ്ങിയിരിക്കൊണ്ടു്, ക്ഷണിക്കപ്പെട്ടവരോടു വരുവാൻ പ്രായുന്നതിനു് അയാൾ തന്റെ ഭൃത്യനെ അയച്ചു. അപ്പോൾ അവർ എല്ലാവരും ഒഴികഴിവു പറയാൻ തുടങ്ങി. ഒന്നാമത്തേവൻ അവനോടു: ഞാൻ ഒരു നിലം വാങ്ങി, അതൊന്നു പോയി നോക്കേണ്ട ആവശ്യമുണ്ടു്. എനിക്കു് ഒഴിവുതരണം എന്നു ഞാൻ നിന്നോടു് അപേക്ഷിക്കുന്നു എന്നു പറഞ്ഞു. മറെറാരുവനോ: ഞാൻ അഞ്ചേർ കാളകളെ വാങ്ങി; ഇപ്പോൾ അവയെ പരീക്ഷിക്കുവാൻ പോകയാണു്, എനിക്കു ഒഴിവുതരണമെന്നു ഞാൻ നിന്നോടു അപേക്ഷിക്കുന്നു എന്നു പറഞ്ഞു. വേറൊരുത്തൻ: ഞാൻ വിവാഹംചെയ്തിരിക്കുന്നു, അതുകൊണ്ടു എനിക്കു വരുവാൻ നിവൃത്തിയില്ല എന്നു പറഞ്ഞു. ആ ഭൃത്യൻ മടങ്ങിച്ചെന്നു് ഈ വിവരം തന്റെ യജമാനനോടറിയിച്ചു. അപ്പോൾ ഗൃഹനാഥൻ കോപാകുലനായി തന്റെ ഭൃത്യനോടു പറഞ്ഞു: നീ വേഗം പട്ടണത്തിലെ തെരുവീഥികളിലും ഉപവീഥികളിലും ചെന്നു, ദരിദ്രരേയും, വികലരേയും, കുരുടരേയും, മുടന്തരേയും ഇവിടെയ്ക്കു കൂട്ടിക്കൊണ്ടുവരിക.....എന്റെ വീട്ടു നിറയുമാറു അകത്തു പ്രവേശിക്കുന്നതിനു, (കാണുന്ന എല്ലാവരെയും) നിർബന്ധിക്കുക എന്തുകൊണ്ടെന്നാൽ വിളിക്കപ്പെട്ട ആ മനുഷ്യരിൽ

ആരും എന്റെ അത്താഴം അപഹരിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. (ലൂക്കാ. ക്രമ ക്രമം—വ്യ.) ഈ ഉപമയാൽ നമ്മുടെ ദിവ്യരക്ഷകൻ യഹൂദന്മാരെയും വിജാതീയരെയും തുല്യവേഗത്തോടെ ക്രിസ്തുവിശ്വാസസ്വീകരണത്തിനു ക്ഷണിച്ചിരിക്കുന്നുവെന്നും, ഒരു മനുഷ്യന്റെ സ്വർഗ്ഗപ്രവേശത്തിനു പ്രധാനമായി മൂന്നു വിഘ്നങ്ങളുണ്ടെന്നും വിവക്ഷിക്കുന്നു.

പ്രായോഗികചിന്ത:— "ഞാൻ ഒരു നിലംവാങ്ങി... അതുകയാൽ എനിക്കു ഒഴിവുതരണം." ഉൽക്കർഷേച്ഛ, മിഥ്യാഭിമാനം, ബാഹ്യാഡംബരപ്രിയം മുതലായവയാൽ പ്രേരിതരായി ലോകഭ്രഷ്ടാ ഒന്നുതപ്രാപിക്കാൻ മാർഗ്ഗങ്ങൾ ആരായുന്ന ശീലമാണു നിത്യരക്ഷപ്രാപ്തിക്കുള്ള ആദ്യത്തെ പ്രതിബന്ധമെന്നു ഇതിനാൽ ഈശോ സ്പഷ്ടമാക്കുന്നു. ദൈവംമാത്രമാണു് സകല സൃഷ്ടിക്കും ബഹുമാനത്തിനും സർവ്വഥായോഗ്യൻ. അതിനാൽ നാം ഇതരന്മാരാൽ സ്തുതിക്കപ്പെടുവാനും ബഹുമാനിക്കപ്പെടുവാനും ആഗ്രഹിക്കുന്നതുതന്നെ തികഞ്ഞ അനീതിയാണെന്നു വിശേഷിച്ചു പറയേണ്ടതില്ല. ഇത്തരം അഹങ്കാരികൾക്കു ദൈവം തന്നെത്തന്നെ സമ്മാനമായും നിത്യാനന്ദരാജ്യത്തെ ബഹുമാനമായും കൊടുക്കുമെന്നു പ്രതീക്ഷിക്കാമോ? മാത്രമല്ല, അവർ ബദ്ധശ്രദ്ധം ആരായുന്ന ലോകമഹിമ ഒരുപക്ഷേ അവർക്കു കിട്ടിയെന്നു വയ്ക്കുക; എന്നാൽ അതു് എത്രനാളത്തേയ്ക്കു? ജലത്തിലെ പോളപോലെ ക്ഷണത്തിൽ മറഞ്ഞുപോകും. കഷ്ടം! മനുഷ്യൻ അമിതാഗ്രഹങ്ങളാൽ പ്രേരിതനായി ക്ഷണികവസ്തുക്കളുടെ പിന്നാലെ ഓടുന്നു; പലപ്പോഴും അവയെ കടന്നുപിടിക്കുന്നുമുണ്ടു്. എന്നാൽ ചിരപ്രതീക്ഷിതമായ സന്തോഷം അതിൽ കാണാതെ ആശാഭഗ്നനായി, ഉപരിദുഃഖിതനായിത്തീരുന്നു. ഈ ദുരവസ്ഥയിൽ മരണം അവനെ ഗ്രസിക്കുകയുംചെയ്യുന്നു! അതോടെ നിത്യനരകം അവന്നു് അവകാശവുമായി!! ഈ നിർഭാഗ്യത്തിൽനിന്നു നമ്മെ രക്ഷിച്ചു് യഥാർത്ഥഭാഗ്യത്തെ ചൂണ്ടിക്കാണിച്ചുതരുന്നതിനെക്കുറിച്ചു ദൈവത്തിന്നു സ്തോത്രം ചെയ്യുക. കൂടാതെയും യഥാർത്ഥജ്ഞാനംകൂടാതെ അന്ധരായി, അഹങ്കാരത്തിന്നടിമകളായി, ലൌകികമഹിമകളെത്തേടിവരുന്നവരുടെ സ്ഥിതി എത്ര നീചമായതെന്നും ദൈവശുശ്രൂഷ എത്ര മഹത്വമേറിയതെന്നും ഇതരന്മാരെ ഗ്രഹിപ്പിക്കാനും യഥാവസരം ശ്രമിക്കുക.

സ്നേഹപ്രകരണങ്ങൾ:— ഈ സത്യം മറ്റുള്ളവക്ക് ഉപദേശിക്കുന്നതിന്നു് ആദ്യംതന്നെ ഇതു നമ്മുടെ മനസ്സിൽ ഗാഢമായിപ്പതിയാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— ദൈവം നമ്മിലും മറ്റുള്ളവരിലും മഹത്വീകരിക്കപ്പെടുവാൻമാത്രം ആഗ്രഹിക്കുക.

രണ്ടാംവകുപ്പു

നിത്യരക്ഷയ്ക്കു രണ്ടാമത്തെ വിഘ്നം അർത്ഥാഗ്രഹമാണു്.

ധ്യാനം:—"ഞാൻ അഞ്ചേർ കാളകളെ വാങ്ങി; ഇപ്പോൾ അവയെ പരീക്ഷിക്കുവാൻ പോകുന്നു. അതുകൊണ്ടു എനിക്കു ഒഴിവുതരണമെന്നു രണ്ടാമൻ പറയുന്നു." ലുബ്ധ്, അനിയന്ത്രിതമായ ദ്രവ്യാശ മുതലായവയാണു് നമ്മുടെനിത്യരക്ഷയ്ക്കു രണ്ടാമത്തെ വിഘ്നം എന്നു് ഇതുകൊണ്ടു ജീവരക്ഷകൻ നമ്മെ പഠിപ്പിക്കുന്നു. തന്റെ നിത്യജീവനം ഈ ലോകത്തിലായാലെന്നതുപോലെ അർത്ഥാഗ്രഹി ധനശേഖരത്തിലും അതു് അളവറ്റവിധം വർദ്ധിപ്പിക്കുന്നതിന്നുള്ള മാർഗ്ഗാന്വേഷണത്തിലും രാപ്പകൽ മുഴുകുന്നവനായിരിക്കുന്നു. സമ്പന്നന്റെ ജീവൻ, സമ്പന്നന്റെ മോക്ഷം; സമ്പന്നന്റെ ദൈവം. എന്നാൽ അവനെ മരണത്തിൽനിന്നോ നരകത്തിൽനിന്നോ രക്ഷിക്കുന്നതിന്നു് അവ കേവലം ശക്തികളല്ലതന്നെ. ഇതു് അവൻ ഗ്രഹിക്കുന്നുമില്ല.

പ്രായോഗികചിന്ത:— ആത്മരക്ഷയുടെ പ്രധാന വിഘ്നങ്ങളിൽ ഒന്നായ ദ്രവ്യാശയെ ദാരിദ്ര്യവ്രതത്താൽ നമ്മിൽനിന്നകറ്റുന്നതിനു നമുക്കു ലഭിച്ച ദൈവപ്രേരണ എത്ര നിസ്സീമമായൊരനുഗ്രഹമാണു്? ഭാഗ്യപ്രദമായ ആ ദാരിദ്ര്യം ഈ ലോകത്തിൽ വലിയ ഹൃദയസമാധാനവും സ്വർഗ്ഗത്തിൽ അനശ്വരവും അനുപമേയവുമായ സമ്പത്തും നമുക്കു വാഗ്ദാനംചെയ്യുകമാത്രമല്ല, പ്രദാനവുംചെയ്യും. ഇതിന്നു ദൈവത്തോടു നാം എത്ര കൃതജ്ഞരായിരിക്കണം! ദാരിദ്ര്യത്തിന്മേലുള്ള സ്നേഹത്തിൽ പ്രതിദിനം വർദ്ധിച്ചു്, അതിന്റെ പൂർണ്ണതപ്രാപിക്കുക. അർത്ഥാഗ്രഹതിമിരത്താൽ അന്ധരായിരിക്കുന്നവരെ ഐഹികവസ്തുക്കളുടെ നിസ്സാരതയേയും അസ്ഥിരതയേയും പാരത്രികസമ്പത്തുകളുടെ അനശ്വരതയേയും മാഹാത്മ്യത്തേയും സുസ്ഥിരതയേയും ഗ്രഹിപ്പിച്ചു് ഭൗമികസമ്പത്തുകളുടെമേൽ ഒരു അത്യപ്തിയും സ്വ

സ്ത്രീയവിഷയങ്ങളിന്മേൽ ഒരു അഗ്രഹവും അവരിൽ അങ്കുരിപ്പിക്കുവാൻ ശ്രമിക്കുക. ഇങ്ങനെ നാം ചെയ്യുന്നപക്ഷം അതു നമുക്കു സിദ്ധിച്ച ദൈവികവരത്തിന്റെ ഒരു പ്രതിനന്ദിയാണെന്നു നമുക്കു സമാശ്വസിക്കാം.

സ്നേഹപ്രകരണങ്ങൾ:— വിലമതിയ്ക്കാൻ വഹിയാത്ത നന്മയായ സുവിശേഷജ്യോതക ബാരിദ്ര്യം എന്ന രത്നത്തെ അറിവാൻ നമുക്കു ദൈവം ഇടവരുത്തിയതിനെക്കുറിച്ച് അവിടുത്തോടു ഹൃദയംഗമമായ കൃതജ്ഞതയും സ്തോത്രവും പ്രകാശിപ്പിക്കുക.

പ്രതിജ്ഞ:— ബാരിദ്ര്യവ്രതം കൂടക്കൂടെ നവീകരിക്കുക. അതിന്റെ കടമകളെ സസന്തോഷം നിർവ്വഹിക്കുന്നതിനു ധീരതയോടെ പ്രതിജ്ഞ ചെയ്യുക.

മൂന്നാംവകുപ്പ്

നിത്യരക്ഷയ്ക്കുള്ള മൂന്നാമത്തെ വിഘ്നം ജഡമോഹങ്ങളാണ്.

ധ്യാനം:— "ഞാൻ വിവാഹം കഴിച്ചു. അതുകൊണ്ടു എനിക്കു വരുവാൻ നിവൃത്തിയില്ല" എന്നു മൂന്നാമൻ ഒഴികഴിവുപറയുന്നു. വിരുന്നിനു ക്ഷണിക്കപ്പെട്ടവരിൽ ഈ മൂന്നാമത്തവൻ പറഞ്ഞ ഒഴിവുകൊണ്ടു്, നിത്യരക്ഷയ്ക്കുള്ള മൂന്നാമത്തെ വിഘ്നം ഏതെന്നു നമ്മുടെദിവ്യരക്ഷകൻ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ഇതിൽനിന്നും, ചില അകത്തോലിക്കർ ജല്പിക്കുന്നതുപോലെ, യഥാർത്ഥമായ ക്രിസ്തീയവിവാഹം അനാശാസ്യമെന്നോ നിത്യരക്ഷയ്ക്കു വിഘാതമെന്നോ ക്രിസ്തു സൂചിപ്പിക്കുന്നതായി ആരും തെറ്റിദ്ധരിച്ചുപോകരുതു്. ശാരീരികസുഖസന്തോഷങ്ങളിൽ മനുഷ്യനുള്ള ആസക്തി അനിയന്ത്രിതവും അശ്രദ്ധവുമായി വിടപ്പെട്ടാൽ അനാശാസ്യമായ ഫലങ്ങൾ ഉളവാക്കും. അതു് അഗ്രഹിക്കുന്നിടത്തോളം ക്രമാതീതമായ വിഷയാസക്തിയിലേയ്ക്കും അവനെ നിപതിപ്പിക്കും. ഈ വീഴ്ച, അവന്റെ ബോധത്തെ അന്ധമാക്കുകയും സ്വർഗ്ഗീയസൗഭാഗ്യത്തെ ദർശിക്കുകയാവട്ടെ, അതിനെ അഗ്രഹിക്കുകയാവട്ടെ ചെയ്യാതിരിക്കത്തക്കവണ്ണം അവനെ അത്ര നികൃഷ്ടമാക്കുകയുംചെയ്യും. ഈ പാപച്ചേറ്റിൽ അണ്ടുകഴിഞ്ഞാൽ അതിൽനിന്നും വിമുക്തിപ്രാപിയ്ക്കാനുള്ള ഉപകരണങ്ങളെയുംമാർഗ്ഗങ്ങളെയുംപ്രയോഗിക്കുകതന്നെ അവനു അസഹ്യമായിരിക്കും. ഇതാണു് മുകളിൽപറഞ്ഞ തിരുവചന

ങ്ങളാൽ മിശിഹാ വിവക്ഷിക്കുന്നതു. വ്രതംവഴിയായി പൂണ്ണവിരക്തി അനുസരിക്കുന്ന നാം, വിഷയാസക്തിയാൽ നട്ടംതിരിയുന്നവരെ അതിൽനിന്നും പിടിച്ചുകയറുവാൻ ശ്രമിക്കുമ്പോൾ, നാംതന്നെ അതിൽ നിപതിക്കാനിടയുണ്ടു. അകയാൽ ഈ കാര്യത്തിൽ നാം പ്രത്യേകം സൂക്ഷ്മമുള്ളവരും ഉണർവുള്ളവരും ആയിരിക്കേണ്ടതാണു.

പ്രായോഗികചിന്ത:- ഇതേസംബന്ധിച്ചു നമ്മുടെ സ്നേഹരക്ഷകൻ നൽകുന്ന ഉപദേശങ്ങളെ അനുസരിക്കുക. ജഡത്തിന്റെ ദുർവ്വാസനകൾക്കു് അടിമപ്പെട്ടുപോകാതിരിക്കാൻ സൂക്ഷിക്കുകയും ഉണർവ്വോടെ പ്രാർത്ഥിക്കുകയുംചെയ്യുക. ബീഭത്സമായ വിഷയസുഖങ്ങൾക്കടിമപ്പെട്ടുകൊണ്ടു, പിശാചുക്കൾക്കു ദാസ്യവൃത്തിചെയ്യുന്നവരെ അവരുടെ നികൃഷ്ടാവസ്ഥ മനസ്സിലാക്കി അതിൽനിന്നു ഉദ്ധരിക്കുവാനായി നാം ചെയ്യുന്ന പ്രയത്നം ഫലപ്രദമാകുവാൻ വിനയപൂർവ്വം പ്രാർത്ഥിക്കുക.

സംഭാഷണം:- നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക.

പത്തൊമ്പതാം തിയ്യതി.

അനീതിമാനായ കാര്യസ്ഥന്റെ ഉപമയും ഈശോ ഇതുകൊണ്ടു നമുക്കു നൽകുന്ന പ്രബോധനങ്ങളും.

പ്രാരംഭം ക. അനേകമാളുകൾ ഈശോയുടെ ചുറ്റിലും തിക്കിക്കൂടി അവിടുന്നു പറയുന്നതു ബദ്ധശ്രദ്ധം ശ്രവിക്കുന്നതു് ആത്മനാ ദർശിക്കുക.

ഖ. ഈശോയുടെ സദുപദേശങ്ങൾക്കു്, അനുസരണവും വിശ്വസ്തതയും ഉള്ളവനാകാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

അനീതിമാനായ കാര്യസ്ഥന്റെ അസ്വസ്ഥത.

ധ്യാനം:- പിന്നെ അവിടുന്നു തന്റെ ശിഷ്യരോടു് ഇങ്ങ

നെ അരുളിച്ചെയ്തു: ധനവാനായ ഒരു മനുഷ്യന് ഒരു കാര്യസ്ഥനുണ്ടായിരുന്നു. ഇവൻ അയാളുടെ സ്വത്തുക്കൾ നാനാവിധമാക്കിക്കളയുന്നു എന്നിപ്രകാരം യജമാനന്റെ പക്കൽ ദോഷാരോപണംചെയ്യപ്പെട്ടു. അപ്പോൾ യജമാനൻ അവനെ വിളിച്ച് അവനോടു: നിന്നെക്കുറിച്ചു ഞാൻ ഈ കേൾക്കുന്നതെന്താണു? നിന്റെ വിചാരിപ്പിന്റെ കണക്കു തരിക; എന്തുകൊണ്ടെന്നാൽ ഇനി നീ എനിയ്ക്കു കാര്യസ്ഥനായി ഇരിക്കാൻ പാടില്ല എന്നു പറഞ്ഞു." അപ്പോൾ ആ കാര്യസ്ഥൻ കണക്കു ചൊവ്വെ കേൾപ്പിക്കുവാൻ വഹിയാത്ത സ്ഥിതിയിലായിരുന്നതിനാൽ ഏറ്റവും കലങ്ങി, ഉള്ളിൽ പറഞ്ഞതായതു: "എന്റെ യജമാനൻ കാര്യസ്ഥത എന്നിൽനിന്നെടുത്തുകൊള്ളുന്നുവല്ലൊ, ഞാൻ എന്തുചെയ്യും? കിളയ്ക്കുവാൻ എനിക്കു വശമില്ല; യാചിക്കുവാൻ ഞാൻ ലജ്ജിക്കുന്നു" (ലൂക്കാ. ഫന്യ. ഫ, ന.)

പ്രായോഗികചിന്ത:- ഇവിടെ പറയുന്ന ആ കാര്യസ്ഥൻ നീതന്നെയാകുന്നു; ആ സമ്പന്നനാവട്ടെ സകല നന്മകളുടെയും കർത്താവായ ദൈവമത്രെ. അവിടുന്നു തന്റെ നന്മകളുടെ ഒരംശം നിന്നിൽ നിക്ഷേപിച്ചുകൊണ്ടു, അതിന്റെ മേൽനോട്ടം നിന്നെ ഏല്പിച്ചിരിക്കുകയാണു്. ഈ നന്മകൾ അല്പമോ നിസ്സാരമോ അല്ല. നിന്റെ ശരീരവും നിന്റെ പഞ്ചേന്ദ്രിയങ്ങളും, നിന്റെ ആത്മാവും അതിന്റെ വിസ്മയകരവാഞ്ഛകളും നിനക്കുള്ളതായിരിക്കുന്ന സമയം, ജീവൻ, സ്വാതന്ത്ര്യം, ദൈവപ്രസാദവരങ്ങൾ, നിന്റെ അനുദിനോപയോഗത്തിലിരിക്കുന്ന മറനവധി സൃഷ്ടവസ്തുക്കൾ, എന്നിവയെല്ലാം ഈ നന്മയിലുൾപ്പെട്ടതു. ഇവയുടെ കൈകാര്യകർതൃത്വം നിന്നിൽ സമർപ്പിച്ചിരിക്കുന്നു. നീ വിചാരിക്കാത്ത ഒരു ദിവസത്തിൽ ഇവയെക്കുറിച്ചു കണക്കു ചോദിപ്പാനായി അവിടുന്നു നിന്നെ വിളിക്കും. അപ്പോൾ അവിടുന്നു നിഷ്കർഷമായും കഠിനമായും നിന്നോടു ന്യായം ചോദിക്കുകയും ചെയ്യും. അഹോ! ആ സമയത്തു നീ എന്തു ചെയ്യും? അവിടുത്തെ നിശ്ചയത്തിനും കല്പനകൾക്കും അനുയോജ്യമായി അവയെ നീ വിനിയോഗിച്ചിട്ടില്ലെങ്കിൽ, അവയിൽനിന്നു് അവിടുന്നു് ന്യായമായി ആവശ്യപ്പെടുന്ന പ്രതിഫലം കൊടുത്തിട്ടില്ലെങ്കിൽ, അഥവാ അവയിൽനിന്നും അവിടുത്തേയ്ക്കു പ്രതിഫലം ഉളവാകുവാൻ പരിശ്രമിക്കുന്നതിനുപകരം നിന്റെ അഭീഷ്ടംപോലെ ദുരുപയോഗപ്പെടുത്തി നശിപ്പി

ക്കുകയാണു ചെയ്തിട്ടുള്ളതെങ്കിൽ, നിന്റെ ഭാഗധേയമെന്തായിരിക്കും? ഇതേപ്പറ്റി ഗാഢമായി ചിന്തിക്കുക...ഞാൻ ദുർഭഗൻ! എന്റെ കണക്കുകൾ എല്ലാം ശരിയായിരിക്കുന്നുണ്ടോ? ദൈവം തന്റെ സന്നിധിയിലേയ്ക്ക് ഇന്നു് എന്നെ വിളിച്ചു "നിന്റെ വിചാരണക്കണക്കു തരിക" എന്നു എന്നോടു കല്പിച്ചാൽ എനിക്കുണ്ടാകുന്ന സംഭ്രമം ആ കാര്യസ്ഥന്റേതിനെക്കാൾ കുറഞ്ഞതായിരിക്കുമോ?

സ്നേഹപ്രകരണങ്ങൾ:- നിന്നെത്തന്നെ നന്നായി അറിയുവാനും, ദൈവതിരുസ്സന്നിധിയിൽ നീ കേൾപ്പിക്കേണ്ട കണക്കുകൾ ക്രമപ്പെടുത്തുവാനും വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- അനുദിനവും, പ്രത്യേകമായി പാപസങ്കീർത്തനത്തിനുമുമ്പും, മുകളിൽ പറഞ്ഞവയെ ആസ്പദമാക്കി ആത്മികപരിശോധന നടത്തുക.

രണ്ടാം വകുപ്പു

അനീതിമാനായ കാര്യസ്ഥന്റെ സാമർത്ഥ്യം.

ധ്യാനം:- തന്റെ ഉദ്യോഗം പിൻവലിക്കപ്പെടുമ്പോൾ സ്വന്തനിലയുറപ്പിക്കാൻ ആ കാര്യസ്ഥൻ മാർഗ്ഗങ്ങൾ ആരായുകയായി; ഒടുവിൽ അയാൾ സാമർത്ഥ്യപൂർവ്വം ഒരുപായം കണ്ടുപിടിച്ചു. "ഞാൻ കാര്യവിചാരിപ്പിൽനിന്നു മാറ്റപ്പെടുമ്പോൾ, മറ്റുള്ളവർ തങ്ങളുടെ വീടുകളിൽ എന്നെ സ്വീകരിക്കേണ്ടതിലേക്ക് എന്തുചെയ്യണമെന്ന് എനിക്കറിയാം. അതുകൊണ്ടു അവൻ തന്റെ യജമാനന്റെ കടക്കാരിൽ ഓരോരുത്തനെയായി വരുത്തി, ഒന്നാമത്തവനോടു: നീ എന്റെ യജമാനനു് എന്തു കൊടുക്കാനുണ്ടു്? എന്നു ചോദിച്ചു. നൂറുകുടം എണ്ണ എന്നു് അവൻ ഉത്തരം പറഞ്ഞു. "അപ്പോൾ കാര്യസ്ഥൻ അവനോടു: നീ നിന്റെ കൈച്ചീട്ടു വാങ്ങി വേഗത്തിൽ ഇരുന്നു് അമ്പതു് എന്നു എഴുതിക്കൊള്ളുക എന്നു പറഞ്ഞു." ഇതുവിധം തന്നെ മറ്റു കടക്കാരോടും അവൻ പ്രമാണിച്ചു. "എന്നാൽ അനീതിയുള്ള ആ മേൽനോട്ടക്കാരൻ ബുദ്ധിപൂർവ്വകമായി പ്രവർത്തിച്ചതുകൊണ്ടു്, യജമാനൻ അവനെ സ്തുതിച്ചു." ഈ ആഖ്യാനത്തെ തുടർന്നു ദിവ്യരക്ഷകൻ പറഞ്ഞു: "വെളിച്ചത്തിന്റെ മക്കളെക്കാൾ ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ ജന്മത്തിൽ അധികം ബുദ്ധിയുള്ളവരാകുന്നു." (ലൂക്കാ. ഫ്രാ. ര—വ്യ.)

പ്രായോഗികചിന്ത:— ദൈവകുമാരൻ ഈ ഉപമ അരുളിയതു്, ആ കാര്യസ്ഥന്റെ വിശ്വാസവഞ്ചനയെ സാധൂകരിക്കാനൊ ശരിയെന്നു സമർത്ഥിക്കാനൊ അല്ല. പ്രത്യുത, ആദ്ധ്യാത്മികകാര്യങ്ങളിൽ നാം കാണിക്കുന്ന ഔദാസീന്യത്തെയും മൗഢ്യത്തെയും താരതമ്യേന കാണിച്ചു നമ്മെ ലജ്ജിപ്പിക്കുന്നതിനു മാത്രമാണു്. ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ ഭൗതികശ്രേയസ്സിനെപ്പറ്റി എത്ര അവധാനപൂർവ്വം ചിന്തിക്കുന്നു? അതിനു ബാധകങ്ങളായ വിഘ്നങ്ങളെ നിരാകരിക്കുന്നതിനു് എത്ര ജാഗ്രതയോടും വിവേകബുദ്ധിയോടുംകൂടെ ആലോചിച്ചു പ്രതിവിധികൾ കണ്ടുപിടിക്കുന്നു! എന്നാൽ വെളിച്ചത്തിന്റെ മക്കളായ നാമാകട്ടെ, വിശുദ്ധിയിൽ ഉപര്യുപരി അഭിവൃദ്ധിയും പുഷ്ടതയും പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രയോഗിക്കുന്നതിൽ എത്ര വിവേകബുദ്ധിയില്ലാത്തവരും ഉദാസീനരുമാണു്! നമ്മുടെ ജീവിതത്തെ ശരിയായി പരിശോധിക്കുക; അപ്പോൾ ഇതിന്റെ യാഥാർത്ഥ്യം വേണ്ടപോലെ മനസ്സിലാകും.

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാം അനുസരിച്ചു പറയുക. ഇവയ്ക്കു പരിഹാരംചെയ്വാൻ ശ്രമിക്കുക. നിന്റെനേരെതന്നെ വിശുദ്ധമായ ഒരു ദ്വേഷവും കോപവും ഉജ്ജ്വലിപ്പിക്കുക.

പ്രതിജ്ഞ:— മുമ്പു് എനിക്കു കേവലതീക്ഷ്ണതയുണ്ടായിരുന്ന അവസരങ്ങളിൽ സുകൃതത്തിൽ ശീഘ്രഗതിയായ അഭിവൃദ്ധി പ്രാപിപ്പാൻ എനിക്കിടവരുത്തിയ ആ മാർഗ്ഗങ്ങൾ ഇപ്പോഴും ഞാൻ പ്രയോഗിക്കും.

മൂന്നാം വകുപ്പു

ഈ ഉപമയുടെ സാരം.

ധ്യാനം:— ഈ ഉപമയുടെ അനുമാനമായി നമ്മുടെ ദിവ്യരക്ഷകൻ എടുത്തുകാണിക്കുന്നു: "ആകയാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ക്ഷയിക്കുമ്പോൾ നിത്യകൂടാരങ്ങളിൽ നിങ്ങളെ കൈക്കൊള്ളേണ്ടതിനു, അനീതിയുള്ള ധനംകൊണ്ടു നിങ്ങൾക്കു് സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ." (ലൂക്കാ. ഛന്നം, ൯.)

പ്രായോഗികചിന്ത:— "അനീതിയുള്ള ധനംകൊണ്ടു നിങ്ങൾക്കു സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ." അനേക അ

നീതികർക്കും അക്രമങ്ങർക്കും കാരണമായിത്തീരുന്ന ധനം കൊണ്ടു പാവങ്ങർക്കു് ധർമ്മം കൊടുക്കുകയും, ഇങ്ങനെ അവരെ ദൈവത്തിനുമുമ്പാകെ നമുക്കായി മദ്ധ്യസ്ഥം പറയുവാൻ സന്നദ്ധതയുള്ള ഉത്തമസ്നേഹിതന്മാരാക്കുകയും ചെയ്യുവിൻ. അതായതു്: സമ്പന്നന്മാർ സാധുക്കർക്കു സാക്ഷാൽ ധനസഹായം ചെയ്യേണ്ടതാണു. എന്നാൽ ലോകദൃഷ്ട്യാ നിർദ്ധനരായവരെ വേറൊരു വിധത്തിലാണു ഈ കല്പന ബാധിക്കുന്നതു്. അവർ ആദ്ധ്യാത്മികമായ ധർമ്മസഹായം ചെയ്യണം. ഇതിൽ രണ്ടു സംഗതികളും അന്തർഭവിച്ചിട്ടുണ്ടു്. ഒന്നു് ഇതരന്മാർക്കു പ്രയാസം ചെയ്യുന്നതിനു വേണ്ടതു ആദ്ധ്യാത്മികസമ്പത്തു് അവർ ശേഖരിക്കണം; രണ്ടാമത്തേതിൽ അങ്ങിനെ സംഭരിക്കപ്പെട്ടുന്നവ ഇതരന്മാർക്കു നൽകണം; അതായതു: ആദ്ധ്യാത്മികവിഷയത്തിൽ അഭിവൃദ്ധിപ്പെടാൻ അവരെ യഥാശക്തി സഹായിക്കണം. ഈ രണ്ടാംതരത്തിലുള്ള ധർമ്മം ആദ്യത്തേതിനെക്കാളും വളരെ ശ്രേഷ്ഠവും നമുക്കുതന്നെ പ്രയോജനകരവുമാകുന്നു. എന്തുകൊണ്ടെന്നാൽ നമ്മുടെ സഹായത്താൽ പരിരക്ഷിക്കപ്പെട്ടുന്നതു് അനശ്വരമായ ഒരാത്മാവാണു്. നമ്മർമൂലം നിത്യരക്ഷ പ്രാപിച്ച ആ ആത്മാവു നമ്മുടെ പേരിൽ എത്ര കൂടുതൽ കൃതജ്ഞതയുള്ളതായിരിക്കും? നമുക്കുവേണ്ടി എത്ര കൂടുതൽ ഉത്സാഹത്തോടെ മദ്ധ്യസ്ഥത വഹിക്കും? എന്നാൽ വിശ്വാസദൃഷ്ട്യാ നാം ദർശിക്കുന്നതായാൽ ശൂദ്ധീകരണസ്ഥലത്തിൽ പീഡിക്കപ്പെട്ടുന്നവർ ഇഹത്തിൽ ജീവിക്കുന്നവരെക്കാളും ഏറ്റവും വലിയ അനുകമ്പയെ അർഹിക്കുന്നവരായി നമുക്കു കാണാം. തങ്ങർക്കുവേണ്ടി ഒന്നും ചെയ്വാൻ അവക്കു സാദ്ധ്യമല്ല. അവരുടെ രോദനാസ്വരം നമുക്കു കേൾപ്പാനും വഹിയാ. ഇങ്ങിനെയിരിക്കെ കഴിയുന്ന സഹായം അവക്കു നാം ചെയ്യേണ്ടതല്ലയോ? ഇഹു് എത്രയോ അഭിലഷണീയമായ ഒരു മഹാധർമ്മമാണു്? അവരെ സഹായിക്കുന്നതിനു് എന്തെല്ലാം മാർഗ്ഗങ്ങളാണു നമുക്കുള്ളതു്. എത്ര പരിപൂർണ്ണമണ്ഡവിമോചനങ്ങർ പ്രാപിച്ചു് അവർക്കായി സമർപ്പിക്കാം.

സംഭാഷണം:— ഇന്നേദിനം തിരുസ്സഭ ഏതൊരുവന്റെ തിരുനാൾ കൊണ്ടാടുന്നു? ആ വിശുദ്ധ അൽക്കാന്തരിനോടു സംഭാഷണം ചെയ്യുക. ഇഹലോകജീവിതവിശുദ്ധിയിൽ പ്രതിദിനം അഭിവൃദ്ധി പ്രാപിച്ചുവന്ന ഒരു വിശുദ്ധനാണു്.

ഇരുപതാം തിയ്യതി

(കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ച)

പ്രാരംഭേ ഫ. ഏറ്റവും അല്പമായതിൽ വിശ്വസ്തനായിരിക്കുന്നവൻ അധികം വലിയതിലും വിശ്വസ്തനാകുന്നു എന്ന നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നതു ആത്മനാ ശ്രവിക്കുക. പ. നിസ്സാര സംഗതികളിൽപോലും വിശ്വസ്തനായിരിപ്പാൻവേണ്ട ഉദാരമനസ്സും ധീരതയും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

നിസ്സാരസംഗതികളിലുണ്ടാകേണ്ട വിശ്വസ്തത.

ധ്യാനം:- ദിവ്യരക്ഷകൻ അനീതിയുള്ള ആ കാര്യസ്ഥന്റെ ഉപമ അരുളിയശേഷം, അല്പകാര്യങ്ങളിൽ വിശ്വസ്തത കൃത്യമായിരുന്നാൽ ജീവിതത്തിൽ വന്നവശ്യമുണ്ടാവുന്ന ഭയങ്കരനാശത്തെയും, അല്പകാരംതന്നെ നിസ്സാരകാര്യങ്ങളിൽ വിശ്വസ്തരായിരുന്നാൽ സിദ്ധിക്കാവുന്ന പ്രയോജനത്തെയും ശക്തിയായി പ്രബോധിപ്പിക്കുന്നുണ്ടു്. അവിടുന്നു പറയുന്നു: "ഏറ്റവും അല്പമായുള്ളതിൽ വിശ്വസ്തനായവൻ വലുതായുള്ളതിലും വിശ്വസ്തനാകുന്നു. (ലൂക്കാ. പ്രമാ. ഫഠ.) ഈ ചുരുങ്ങിയ വചനങ്ങളാൽ, ലഘുവായ സംഗതികളിലുള്ള വിശ്വസ്തത നമ്മുടെ വ്യാപാരത്തിൽ ഒരു സ്ഥിരപ്രമാണമായിരിക്കേണ്ടതാണെന്നു നമ്മെ പഠിപ്പിക്കുന്നു. ഇതിന്റെ നീതിയുക്തതയേയും ആവശ്യകതയേയും കാണിക്കാൻ പലേ ന്യായങ്ങളുണ്ടു്. ഫ. ദൈവത്തെ സ്നേഹിക്കുക അവിടുത്തെനേക്കു നമുക്കുള്ള സ്നേഹത്തെയും വിശ്വസ്തതയേയും പ്രദർശിപ്പിക്കുക എന്നിതു, നമ്മുടെ കടമകളിൽപ്രഥമവും പ്രധാനവുമാണു്. എന്നാൽ ഏറ്റവും ലഘുവായ പ്രമാണങ്ങളെക്കുടെയും വിശ്വസ്തതയോടെ കാക്കുകയും ഏറ്റവും അല്പമായ സംഗതികളിൽക്കുടെയും ദൈവഹിതത്തോടു യോജിക്കുകയുംചെയ്താൽമാത്രമേ നമ്മുടെ സ്നേഹവും വിശ്വസ്തതയും പൂർണ്ണമായുംനിസ്വാർത്ഥമായും വെളിപ്പെട്ടുകയുള്ളു. ലഘുവായതും ഘനമായതും രണ്ടും ദൈവത്തിൽനിന്നു വരുന്നതായതുകൊണ്ടു് അവിടുത്തോടു നമുക്കു യഥാർത്ഥമായ സ്നേഹമുണ്ടെങ്കിൽ അവ രണ്ടും തുല്യശ്രദ്ധാ

ന്തിയോടും ശ്രദ്ധയോടുംകൂടെ നാം അനുവർത്തിച്ചേ മതിയാവൂ. ദിവസന്തോറും എന്നല്ല ക്ഷണംതോറും തന്നെയും ഇങ്ങനെയുള്ള നിസ്സാരകാര്യങ്ങളുമായി നാം ഇടപെടേണ്ടിവരുന്നുണ്ട്. അതുകൊണ്ടാണ് ഇവയിൽ നാം ശ്രദ്ധാലുക്കളായാൽ നമ്മുടെ സ്നേഹത്തെയും വിശ്വസ്തതയെയും നമുക്കു പ്രതിക്ഷണം പ്രത്യക്ഷീകരിച്ചുകൊണ്ടിരിക്കാം. എന്നാൽ നാം ഈ വിഷയത്തിൽ അശ്രദ്ധന്മാരായാൽ തദ്വാരാ നമ്മുടെ സ്വാർത്ഥബുദ്ധിയേയും അവിശ്വസ്തതയെയുമായിരിക്കും മറ്റൊരുത്തെ അനുക്ഷണം അനുസ്മരിപ്പിക്കുന്നതു്. ൨. അനേകം ആത്മാവുകളെ രക്ഷിക്കുന്നതിനും അവരെ ഒരു വിശുദ്ധ ജീവിതത്തിലേക്കുദ്ധരിയ്ക്കുന്നതിനും, ഏറ്റവും കഠിനഹൃദയരായ പാപികളെക്കൂടെ മാനസാന്തരപ്പെടുത്തുന്നതിനും നാം ആഗ്രഹിക്കുന്നു. അസാധാരണ മറ്റൊരുവരംകൂടാതെ ഇതു് ഒരിക്കലും സാധിക്കുന്നതല്ല. എന്നാൽ അല്പകാര്യങ്ങളിലുള്ള വിശ്വസ്തതവഴിയായി നമ്മുടെ ഔദാര്യത്തെ പ്രദർശിപ്പിക്കുന്നപക്ഷം ഈ വരം നമുക്കു ലഭിക്കുമെന്നിതു നിശ്ചയമാണ്. ൩. "അല്പകാര്യങ്ങളിൽ വിശ്വസ്തനായിരിക്കുന്നവൻ വലിയ കാര്യങ്ങളിലും വിശ്വസ്തനായിരിക്കും" എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നു. ഏറ്റവും കഠിനതരപരീക്ഷകളിലും പിശാചിന്റെ ഏറ്റവും ആപല്ക്കരമായ തന്ത്രങ്ങളിലും അകപ്പെടാതെയിരിക്കുന്നതിനു് ഇതു് എത്ര ആശ്വാസജനകവും സുസ്ഥിരവുമായ ഒരു ഉപശാന്തിയാണു്! "കൊള്ളാം, ഉത്തമഭൃത്യാ, നീ സല്പ്രവൃത്തിയിൽ വിശ്വസ്തനായതുകൊണ്ടു് നീ പത്തു നഗരങ്ങൾക്കു അധികാരിയായിരിക്കുക.(ലൂക്കാ. ഫ൯. ൧൯)

പ്രായോഗികചിന്ത:- മുകളിൽ പറഞ്ഞ ന്യായങ്ങളുടെ സഹീകൃത്യതയേയും യുക്തിയുക്തതയേയുംപറ്റി ഗാഢമായി ചിന്തിച്ചു് വിശ്വാസപ്രകരണങ്ങൾചൊല്ലുക. ഇതിന്റെശേഷം നിന്റെ ജീവിതത്തെ ഒന്നു പരിശോധിക്കുക. അല്പകാര്യങ്ങളിലുള്ള വിശ്വസ്തത നിന്നിൽ ഉണ്ടോ? അഥവാ ഈ ഗുണം നിന്നിൽ നഷ്ടപ്രായമായിരിക്കുന്നോ? ഇതു് എത്രത്തോളം ഇനിയും ശേഷിച്ചിട്ടുണ്ടു്? ഏതെല്ലാം കാര്യങ്ങളിലാണു് നിനക്കു പരാജയം സംഭവിച്ചുകൊണ്ടിരിക്കുന്നതു്?

സ്നേഹപ്രകരണങ്ങൾ:- നിസ്സാരസംഗതികളിൽ വിശ്വസ്തനായിരിക്കാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— അല്പകാര്യങ്ങളിലുള്ള വിശ്വസ്തതയെക്കുറിച്ച് പലപ്പോഴും പ്രത്യേകം ആത്മശോധന ചെയ്യുക.

രണ്ടാംവകുപ്പ്

നിസ്സാരസംഗതികളിലുള്ള അവിശ്വസ്തത.

ധ്യാനം:— അല്പകാര്യത്തിൽ നീതിയില്ലാത്തവൻ വലിയ കാര്യത്തിലും നീതിവിഹീനനായിരിക്കും. (ലൂക്കാ. ഫന്യ. ഫം) ഈ രണ്ടാംവാക്യവും തെറ്റുവാൻ വഹിയാത്ത പരമസത്യസ്വരൂപിയുടെ വായിൽനിന്നു പുറപ്പെട്ടിട്ടുള്ളതാണ്. നാം നിസ്സാരമെന്നു വിചാരിക്കുന്ന ചില നിയമങ്ങളെ ഗവനിക്കാതെ പതിവായി അവയെ ലംഘിക്കുന്നതു, നമുക്കു വളരെ ഉപദ്രവകരമായിത്തീരുന്ന ഒന്നാണ്. ക്രടാതെ നമുക്കും മറ്റുള്ളവർക്കും അനിഷ്ടകരമായ വലിയ ദുർഫലങ്ങളെയും അതു കാലാന്തരത്തിൽ ഉളവാക്കും. ഇതു നമ്മുടെ ഗാഢമായ ചിന്തയ്ക്കു വിഷയമാകേണ്ടതത്രെ. മുകളിൽ പറഞ്ഞ പതിവു നമ്മിൽ വരുത്തിവയ്ക്കുന്ന നാശം അല്പമായിരിക്കയില്ല. അവയിൽ ചിലതു പറയാം: ക. സത്യത്തിൽ നിക്ഷേപങ്ങൾ ശേഖരിക്കേണ്ട ആ വിലയേറിയ സമയം നമുക്കു നഷ്ടീവിപ്പിക്കും. ഖ. അതിനാൽ നമ്മുടെ ദൃഷ്ടിയിൽ പെടാത്തതായ നിരവധി കറകൾ നമ്മുടെ ആത്മാവിൽ വർദ്ധിച്ച് അതിനെ ദൈവതൃക്കണ്ണുകൾക്ക് വിദ്വേഷവിഷയമാക്കിത്തീർക്കും. ഗ. ദൈവവരത്തിന്റെ സമൃദ്ധിയായ പ്രവാഹത്തിനും ദൈവം നമ്മെക്കൊണ്ടു ഉദ്ദേശിച്ചിരിക്കുന്ന പരോപകാരപ്രദമായ നിരവധി സൽക്കാര്യങ്ങളുടെ നിവൃത്തിക്കും ഇതുവലിയ പ്രതിബന്ധമായി ഭവിക്കും. ഘ. ഇങ്ങനെ നമ്മുടെ സഹവാസികളും നമ്മോടുമുട്ടുപെടുന്നവരും കേടുവിഹീനരും ഒടുവിൽ നിയമലംഘനത്തിനും ശങ്കയില്ലാത്തവരും ആയിത്തീരുന്നതിനും ഇടയാകും. വിശ്വവിശ്രുതമായി ശോഭിച്ചിരുന്ന ചില സന്ന്യാസസഭകളും ഇങ്ങിനെ അല്പകാര്യങ്ങളിലുള്ള സൂക്ഷ്മക്കുറവുനിമിത്തം ക്രമേണ ക്ഷീണിക്കുകയും ഒടുവിൽ നശിക്കയും ചെയ്തതായി ചരിത്രങ്ങളിൽ കാണുന്നതു് മുകളിൽ പറഞ്ഞവയെ ദൃഷ്ടാന്തീകരിക്കുന്നതുമുണ്ട്.

പ്രായോഗികചിന്ത:— ഈ പറഞ്ഞവയെപ്പറ്റി നാം ഗൗരവമായി ചിന്തിക്കുകയും നമ്മെത്തന്നെ നിഷ്കർഷാപൂർവ്വം പരിശോധിക്കുകയും ചെയ്യുക. മറ്റുള്ളവർ എങ്ങിനെ ആയിരുന്നാ

ലും നമ്മുടെമേൽ നാം വളരെ സൂക്ഷമുള്ളവരായിരിക്കണം. അ ല്പകാര്യത്തിൽ നീതിയില്ലാത്തവൻ വലിയ കാര്യത്തിലും നീതി വിഹീനനായിരിക്കും. എന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളി ച്ചെയ്തിരിക്കുന്നതിനെ പ്രത്യേകാൽ ഓർക്ക. ഇതുവരെ ഈ മ ഹദ്വ്യാപാരത്തെ നീ അത്ര ഗൗനിക്കാതെ പ്രവർത്തിച്ചുപോയെ ങ്കിൽ പശ്ചാത്തപിച്ചു നിന്റെ കുറവുകളെ തിരുത്തുക.

സ്നേഹപ്രകരണങ്ങൾ:— കഴിഞ്ഞ തെറ്റുകളെപ്പറ്റി പ ശ്ചാത്തപിക്ക, മേലിൽ ഏറ്റവും സൂക്ഷമുള്ളവനായിരിപ്പാൻ ദൈവാനുഗ്രഹം പ്രാർത്ഥിക്ക.

പ്രതിജ്ഞ:— ഇതു മുതൽ ഏറ്റവും ഉത്സാഹത്തോടെ സ ന്തം വ്യാപാരങ്ങളെ നിരീക്ഷിക്കുക.

മൂന്നാം വകുപ്പ്

നിസ്സാരസംഗതികളിൽ നാം ഉദാസീനരായിപ്പോകുന്നതിന്റെ കാരണം.

ധ്യാനം:— നിസ്സാര സംഗതികളിലുള്ള വിശ്വസ്തത അവ ശ്യം വേണ്ടതാണെന്നു നമ്മളെല്ലാവരും സമ്മതിക്കുന്നുണ്ട്. എ ങ്കിലും നമ്മുടെ വ്യാപാരം ഈ തത്വത്തിന്നു അത്യന്തം വിരുദ്ധ മായിപ്പോകുന്നതിന്റെ കാരണമെന്തായിരിക്കാം? ഇതിന്നു—അ ല്പകാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നതിന്നു—ഒരു പ്രത്യേക സൂക്ഷവും തങ്ങളോടു തന്നെ ഒരു നിർബന്ധവും, സപരിതപ്ത ഗവും ആവശ്യമുണ്ടു്. ഇതു നമ്മുടെ പ്രകൃതിക്കു് അത്ര രുചിക്കു ന്നതല്ലല്ലൊ. ഇതുതന്നെയാണു് നമ്മുടെ അവിശ്വസ്തതയ്ക്കു കാര ണം. സ്വഭാവത്തിന്റെ ഈ അനിഷ്ടം നിമിത്തം നാം അറിയാ തെ തന്നെ ഈ അവിശ്വസ്തത പലപ്പോഴും സംഭവിച്ചുപോകും. ഇങ്ങനെയായിട്ടും ഈ പറഞ്ഞ യഥാർത്ഥകാരണത്തെ വിസ്മ രിയിൽ തള്ളി ഭൂസ്വാതന്ത്ര്യ പ്രണയികളും കേതിവിഹീനരുമാ യ ചിലർ പറയാറുള്ള കൃത്യകൃതികളെ മുറുകെപ്പിടിച്ചുകൊണ്ടു് നമ്മെത്തന്നെയും നമ്മുടെ മനസ്സാക്ഷിയുടെ സുവ്യക്തമായ സ്വ രത്തെയും വഞ്ചിക്കുവാൻ നമ്മാൽ ശ്രമിക്കാറില്ലയൊ? "പുണ്യ പൂർണ്ണത ഈ നിസ്സാരകാര്യങ്ങളിലല്ല അടങ്ങിയിരിക്കുന്നതു". ഞാൻ കുറെ പ്രായംചെന്ന, അഥവാ കുറെനാൾ സന്യാസജീ വിതം കഴിച്ചു, ആയാൾ അല്ലയൊ? ആ സ്ഥിതിക്കു നവസന്യാസി കളെപ്പോലെ ജീവിക്കേണ്ട ആവശ്യമില്ല. അതു് എന്റെ പ്രകൃ

തിക്കും ആദ്ധ്യാത്മിക ജീവിതഗതിക്കും യോജിക്കുന്നതല്ല. സാരമായതെല്ലാം ഞാൻ മേലാൽ നോക്കിക്കൊള്ളാം. അല്പകാര്യങ്ങളും അല്പബുദ്ധികളുംക്കുള്ളതാണ്" എന്നൊക്കെയാണു മുകളിൽ കാണിച്ചവർ പറയാറുള്ള ഒഴികഴിവുകളും ന്യായങ്ങളും.

പ്രായോഗികചിന്ത:— യുക്തിരഹിതമായ ഈ ന്യായങ്ങളെ സർവ്വഥാ പരിത്യജിക്കുക. അതിനു വിപരീതമായി സദാ പ്രവർത്തിക്കുക. ലഘുവായവയെ ഭയപ്പെടാത്തവൻ ഗൗരവമായവയിൽ നിപതിക്കുമെന്നതു നിശ്ചയമാണ്. ദൈവത്തെ യഥാർത്ഥമായി സ്നേഹിക്കുന്നവൻ യാതൊന്നും നിസ്സാരമായി ഉപേക്ഷിക്കയില്ല എന്നു നിത്യസത്യസ്വരൂപി അരുളിച്ചെയ്തിരിക്കുന്നു. (പ്രസം. ൬.) തങ്ങളുടെ ജീവിതവും പ്രബോധനങ്ങളും കൊണ്ടു വിശുദ്ധന്മാരും ഇതുതന്നെയാണു പഠിപ്പിക്കുന്നതു്. അല്പകാര്യങ്ങളിൽ തെറ്റിപ്പോകാത്തവൻ വലിയകാര്യങ്ങളിലും തെറ്റുകയില്ല" എന്നു വിശുദ്ധ ഫ്രാൻസീസ് സേവ്യർ പറഞ്ഞുവന്നിരുന്നു. "ഞാൻ അനുവർത്തിക്കേണ്ട നിയമങ്ങളിൽ ഒന്നു മനഃപൂർവ്വം ലംഘിക്കുന്നതിനെക്കാൾ കഷണങ്ങളായി നുറുക്കി അഗ്നിയിൽ എറിയപ്പെടുവാൻ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു. എന്നു വിശുദ്ധ യോഹന്നാൻ ബെർക്കുമാൻസു് പറഞ്ഞിരുന്നു.

സംഭാഷണം:— നിസ്സാരസംഗതികളിലുള്ള വലിയ വിശ്വസ്തയ്ക്കു സുപ്രസിദ്ധനായ വി. യോഹന്നാൻ ബർക്കുമാൻസിനോടു സംഭാഷണം ചെയ്യുക.

ഇരുപത്തൊന്നാം തിയ്യതി

വിശുദ്ധ ഉർസുലയുടെ തിരുനാൾ.

പ്രാരംഭം ഫ്. തന്റെ അസംഖ്യം ആദ്ധ്യാത്മികപുത്രിമാരാൽ പരിവൃതയായി ഈ വിശുദ്ധ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതു് ആത്മനാ ദർശിക്കുക.

൨. വിശുദ്ധ ഉർസുലയ്ക്കുണ്ടായിരുന്നതുപോലെയുള്ള വി

ശ്വാസവും ശ്രുഷ്ണാന്തിയും ഔദാര്യവും നിനക്കും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

വി. ഉർസുലയ്യു കന്യകയുടെയും രക്തസാക്ഷിണിയുടെയും മഹൽ പദങ്ങളും ലഭിക്കുന്നു.

ധ്യാനം:- വി. ഉർസുലാ ക്രിസ്തുബ്ദം നൂന്യം-ൽ ഇംഗ്ലണ്ടു രാജ്യത്തു കോണ്ണ്വേയിൽ എന്ന സ്ഥലത്തു ജാതയായി. അന്നു അവിടെ ക്രീസ്തുമതംപ്രശസ്തമായവിധം പരിശോഭിച്ചിരുന്നു. ഈ പുണ്യവതിയുടെ പിതാവായിരുന്ന ഡിമ്നോക്കു എന്ന ദേഹം ടി. സ്ഥലത്തെ രാജാവായിരുന്നു. ഈദ്ദേഹം തന്റെ ഈ പുത്രിയുടെ ഉൽകൃഷ്ടവും ക്രിസ്തീയവുമായ വിദ്യാഭ്യാസത്തിൽ അത്യധികം ശ്രദ്ധപതിച്ചു. ദൈവവും തന്റെ പ്രസാദവരങ്ങളെ ഈ യുവതിയിൽ സമൃദ്ധിയായി പൊഴിഞ്ഞു. ഇതിനെല്ലാറിനും അനുസ്യൂതമായറിധം വി. ഉർസുലയും സുകൃതത്തിൽ അത്യത്ഭുതകരമായവിധത്തിൽ അഭിവൃദ്ധിപ്പെട്ടവന്നു. മാത്രമല്ല തന്റെ കന്യാത്വത്തെ നിത്യമായി ദൈവത്തിനു സമർപ്പിക്കാൻ പോലും അവർക്കു ധൈര്യമുണ്ടായി. ഗാലിയായുടെ പ്രദേശങ്ങളിൽ ഒന്നും ഇപ്പോൾ ബ്രിട്ടണി എന്നു പറയപ്പെട്ടുന്നതുമായ സ്ഥലത്തെ യുദ്ധം ചെയ്തു കീഴടക്കിയ രാജപ്രഭുവിനു് ഇവളെ പതിയായി കൊടുക്കാമെന്നു് ഇവളുടെ പിതാവു വാഗ്ദാനം ചെയ്തിരുന്നു. അതിനാൽ ആ യുദ്ധത്തിനു പോയ അനേകം പ്രഭുക്കന്മാരുടെയും ഭടന്മാരുടെയും മോചനപത്രം സമ്പാദിപ്പാനുള്ള മറവു് അനേകം യുവതികളോടൊന്നിച്ചു വിശുദ്ധ ഉർസുലായും കപ്പൽ കയറി നിശ്ചിത സ്ഥലത്തേക്കു യാത്ര ചെയ്യേണ്ടതായിവന്നു. എന്നാൽ ദൈവം വിശുദ്ധ ഉർസുലയുടെ ചാരിത്ര പ്രതത്തെ അംഗീകരിച്ചിരുന്നതിനാൽ അവളുടെ മരണംവരെ കന്യകയായിതന്നെ അവളെ പരിരക്ഷിച്ചു. അതെങ്ങിനെയെന്നാൽ: ഈ കന്യകാസമൂഹത്തെ വഹിച്ചുകൊണ്ടുപോയിരുന്ന കപ്പലുകൾ കൊട്ടുകാറിൽ അകപ്പെട്ടു ചുറ്റിത്തിരിഞ്ഞു റൈയിൻ നദിക്കു സമീപമുള്ള തുറമുഖത്തു ചെന്നുചേർന്നു. അവിടെയുണ്ടായിരുന്ന വിഗ്രഹാരാധകന്മാരും ക്രൂരന്മാരുമായ മനുഷ്യരുടെ കൈകളിൽ അകപ്പെട്ടു. ആ ജനങ്ങളിൽ പ്രധാനിയായിരുന്ന ഗാവുന്നസ് വി. ഉർസുലായുടെ രൂപലാവണ്യം കണ്ടു് ആകർഷ്ടനായി. ഇ

വളെ പരിഗ്രഹിക്കുന്നതിനു തീർച്ചയാക്കി. അതിലേക്കു സത്യ വേദം തള്ളിപ്പാൻ ഈ പുണ്യവതിയെ നിർബന്ധിച്ചു. ഇതിനു വിശുദ്ധ: താൻമിശിഹായുടെപത്നിയായിരിക്കുന്നു, താനും തന്റെസഹചാരിണികളും ജ്ഞാനസ്നാനത്തിൽചെയ്ത വാഗ്ദത്തം ലംഘിക്കുന്നതിനെക്കാൾ മരണം കൈവരിക്കാൻ സന്നദ്ധരാണു് എന്നു സധൈര്യം പറഞ്ഞു. ഈ ധീരമതിയുടെ വാക്കുകൾ ആ കാട്ടാളന്റെ അനുരാഗത്തെ ഭയങ്കര കോപാഗ്നിയാക്കി പകർത്തി. അതിനാൽ ഇവരെയെല്ലാവരേയും കൊല്ലുവാൻ അവൻ തന്റെ പടയാളികളോടു കല്പിച്ചു. ഇങ്ങനെ വി. ഉർസുലയുടെ ശിരസ്സ് ഛേദിക്കപ്പെടുകയും പുണ്യവതിക്കു കന്യാത്വപത്തിന്റേയും രക്തസാക്ഷിത്വപത്തിന്റേയും കിരീടങ്ങൾ ഒന്നിച്ചു ലഭിക്കുകയും ചെയ്തു.

പ്രായോഗികചിന്ത:— ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ കായ്ത്തിൽ പ്രദർശിപ്പിക്കുന്ന അനന്യനമായ ഔൽസുക്യവും പരിപാലനാവൈഭവവും ഇവിടെ നാം കാണുന്നു. ഇതേപ്പറ്റി വിസ്മയിക്കയും ഇതിനെ നമുക്ക് ആരാധിക്കയും ചെയ്യാം. അവരെ അവിടുന്നു നിശ്ചയിച്ചിരിക്കുന്ന പ്രാപ്യസ്ഥാനത്തേക്ക് ആശ്ചര്യാവഹവും നമുക്ക് അജ്ഞേയവുമായ മാർഗ്ഗങ്ങളിലൂടെ നയിക്കുന്നു. അന്ധമായ പ്രകൃതിശക്തികളെയും അധമ്മികളുടെ ദുഷ്ടതയേയുംകൂടെ തന്റെ ഉദ്ദേശസിദ്ധിക്ക് അവിടുന്ന് ഉപകരണങ്ങളാക്കുന്നു. ഇതിനെല്ലാം പ്രകൃത സംഭവത്തിൽ ദൃഷ്ടാന്തങ്ങളില്ലയോ? പിന്നെ എന്തുകൊണ്ടു നീ ഇത്ര എളുപ്പത്തിൽ ക്ഷീണിക്കയും അധൈര്യപ്പെടുകയും ചെയ്യുന്നു?

സ്നേഹപ്രകരണങ്ങൾ:— ഈ വിശുദ്ധ വേദസാക്ഷിണിയുടെ മദ്ധ്യസ്ഥത വഴിയായി സജീവ വിശ്വാസവും നിസ്സീമമായ പ്രത്യാശയും ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പരീക്ഷസമയങ്ങളിൽ നമ്മുടെ ഈ വിശ്വാസത്തിന്നനുസരണമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

രണ്ടാം വകുപ്പു

വി. ഉർസുലയ്ക്കു പ്രേഷിത എന്ന മഹൽ പദത്തിനും അർഹതയുണ്ട്.

ധ്യാനം:— വി. ഉർസുലയ്ക്കു കന്യാത്വമഹിമയോടുകൂടെ രക്തസാക്ഷിണിയുടെ കിരീടം മാത്രമല്ലാ, അന്നു സ്ത്രീകൾ ന

ന്നാ അപൂർവ്വമായി മാത്രം പ്രാപിച്ചിരുന്ന പ്രേഷിതമഹത്വവും ലഭിക്കുന്നതിനു യോഗ്യം സിദ്ധിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ, തന്നോടുകൂടെ യാത്രചെയ്തിരുന്ന യുവതികളും തന്നെപ്പോലെ വിശ്വാസത്തിലും ദൈവസ്നേഹത്തിലും ചാരിത്രപരിപാലനയിലും സ്ഥിരപ്പെട്ടു നിൽക്കാൻ പുണ്യവതി അവരെ സതീക്ഷ്ണം ഉപദേശിക്കയും, മരണം കൈവരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. ഇങ്ങിനെ അവരെയെല്ലാവരെയും മിശിഹായുടെ വിശുദ്ധ വധൂരത്നങ്ങളാക്കിത്തീർക്കുന്നതിനു യഥാശക്തി ശ്രമിച്ചു. പുണ്യവതിയുടെ പരിശ്രമം ഫലപ്രദമാകയുംചെയ്തു എങ്ങിനെയെന്നാൽ പുണ്യവതിയുടെ ധീരമായ പ്രബോധനത്താൽ ധൈര്യവും സ്ഥൈര്യവും അവലംബിച്ചു, ക്രൂരമായ മർദ്ദനങ്ങളേയും മരണത്തെ തന്നെയും സസന്തോഷം അവർ സ്വീകരിച്ചു. ഇങ്ങനെ അവരെ എല്ലാവരെയും നിർഭാഗ്യത്തിൽനിന്നു രക്ഷിച്ചു, സർവ്വലോകവന്ദ്യരായ രക്തസാക്ഷിണികളാകാൻ ഇടയാക്കിയവിശുദ്ധ ഊർസുലയുടെ ശുദ്ധക്കാന്തിയും പ്രേഷിതപരിശ്രമങ്ങളും അവളുടെ മരണത്തോടെ അവസാനിക്കാതെ എന്നും നിലനില്ക്കുണമെന്നായിരുന്നു ദൈവനിശ്ചയം. എന്തുകൊണ്ടെന്നാൽ ഈ പുണ്യവതിയുടെ നാമത്തിൽ അനേകം കന്യകാമഠങ്ങൾ സംസ്ഥാപിതമാകയും അതിലെ കന്യകകൾ ബാലികകൾക്കു ആദ്ധ്യാത്മികവും ലൗകികവുമായ വിദ്യാഭ്യാസവും പരിശീലനവും നൽകിക്കൊണ്ടു അനേകായിരം ആത്മാക്കളെ ഐഹിക വ്യാമോഹങ്ങളിലും വഞ്ചനകളിലുംനിന്നു പരിരക്ഷിച്ചു ദൈവമക്കളായി ആത്മനൈർമ്മല്യത്തിൽ പരിപാലിക്കുന്നു. വി. ഊർസുലയുടെ മതതീക്ഷ്ണതയും വേദപ്രചാരചൈതന്യവും ഇങ്ങനെ അവളുടെ അനുഗാമികൾ വഴിയായി ഇന്നും സജീവമായി സർവ്വത്ര പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പ്രായോഗികചിന്ത:— ദൈവാനുഗ്രഹത്താൽ നാം ആശ്ലേഷിച്ചിരിക്കുന്ന സഭയുടെ സ്ഥാപകനേറ, അഥവാ അതിന്റെ മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥയുടേയോ, ആത്മചൈതന്യം പ്രാപിക്കാനും ഒരു വിശുദ്ധ ജീവിതം നയിക്കാനും നാമും ശ്രമിക്കേണ്ടതാകുന്നു. ഇങ്ങിനെചെയ്യാൽ കുട്ടികളുടെ വിദ്യാഭ്യാസം പരിശീലനംമുതലായി നാം രേഖപ്പെടുന്ന ജോലികളിൽ പ്രത്യേക ദൈവാശിസ്സും കടാക്ഷവുമുണ്ടാകും. പ്രസ്തുത അരൂപി പ്രാപിക്കുന്നതിനു നാം എത്രത്തോളം പരിശ്രമിച്ചിട്ടുണ്ടെന്നും ഇതിൽ എ

ത്ര നാളത്തേയ്ക്ക സ്ഥിരമായി നിന്നിട്ടുണ്ടെന്നും പരിശോധിച്ചു നൊക്കുക. ഈ അത്രപി ലഭിക്കുന്നതിനും ലഭിച്ചിട്ടുള്ളത് നഷ്ടീവിക്കാതിരിക്കുന്നതിനും വേണ്ടി നിന്റെറ സഭാസ്ഥാപകന്റെറ അഥവാ മദ്ധ്യസ്ഥന്റെറ ജീവചരിത്രം കൂടക്കൂടെ വായിച്ചു ചിന്തിച്ചുകൊള്ളുക. അവരുടെ ആദ്ധ്യാത്മിക പ്രബോധനങ്ങളും ബദ്ധശ്രദ്ധം പഠിക്കയും ധ്യാനിക്കയും ചെയ്യുക. അവരുടെ പ്രതിമയൊ മറെറാ ഇടക്കിടെ കാണുന്നതും അവരുടെ ജീവിതാദർശങ്ങളെയും പ്രവൃത്തികളെയും അനുസ്മരിക്കാൻ സഹായമായിരിക്കും. ഇതിലെല്ലാം ഉപരിയായാവശ്യമുള്ളത് സർവ്വാത്മനായുള്ള പ്രാർത്ഥനയത്രെ. ഇതിന്നായി പരിശ്രമിക്കുന്നുണ്ടെന്നു പ്രതിജ്ഞ ചെയ്യുക.

സംതോഷണം:- വി. ഊർസുലയോട്ട സംതോഷണം ചെയ്യുക. സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ള ഈ പുണ്യവതിയുടെ അത്മീകപുത്രിമാരോട്ട് മാനസ്സികമായി യോജിച്ചു കൊണ്ടു പുണ്യവതിയെ സ്തുതിക്കുക. നമ്മുടെ വിശുദ്ധ അന്തസ്സിന്റെറ അത്രപി മന്ദീഭവിക്കാതെ വർദ്ധിച്ചുവരുവാൻ വേണ്ട അനുഗ്രഹം ലഭിച്ചുതരേണമെന്നു പ്രത്ഥിക്കുക.

ഇരുപത്തിരണ്ടാം തിയ്യതി.

വിദ്യാഭ്യാസം വഴിയായുള്ള പ്രേഷിതവൃത്തി.

പ്രാരംഭം ഫ്രാ. വി. ഊർസുലാ തന്റെറ സഹചാരിണികളായ യുവതികളെ രക്തസാക്ഷിത്വത്തിനു പ്രേരിപ്പിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

൨. നിന്റെറ സൂക്ഷത്തിൽപ്പെട്ടവർക്കാവശ്യമായ വിദ്യാഭ്യാസവും പരിശീലനവും നൽകി അവരെ ദൈവത്തിന്റെറ യോഗ്യമക്കളാക്കുവാൻ വേണ്ട ശ്രദ്ധാന്തിയും അറിവും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

വിദ്യാഭ്യാസജോലിയുടെ വൈശിഷ്ട്യം.

ധ്യാനം:— കഴിഞ്ഞ ധ്യാനത്തിൽ, കുട്ടികളുടെ വിദ്യാഭ്യാസ സംഗതിയെപ്പററി ചിലതെല്ലാം നമ്മൾ ചിന്തിക്കയുണ്ടായി. സന്ന്യാസിനീസമൂഹങ്ങളിൽ ഈ വിഷയത്തിൽ പ്രസ്താവ്യമായവിധം ആദ്യമായി ശ്രദ്ധപതിച്ചതും പ്രവർത്തിച്ചതും വി. ഊർസുലയുടെ കന്യകകൾ എന്ന പേരിലറിയപ്പെട്ടന്ന സന്ന്യാസിനികളായിരുന്നു. എന്നാൽ ഇന്നു വിദ്യാഭ്യാസജോലിയിലുൽസുകരായിരിക്കുന്ന സന്ന്യാസസഭകളുടെ എണ്ണം ധ്യാനപരജീവിതമനുഷ്ഠിക്കുന്നവരുടേതിനേക്കാൾ വളരെ അധികമാണു്. ഇതു് പല സ്ഥലങ്ങളിലും ഇന്നത്തെ ഒരു ആവശ്യവുമാണെന്നു പറയാം. നീ ഈദൃശമായ ഏതെങ്കിലും ജോലിയിലേർപ്പെട്ടിരിക്കയാണെങ്കിൽ സന്തോഷിച്ചുകൊള്ളുക. എന്തുകൊണ്ടെന്നാൽ ഇതരന്മാരുടെ ആത്മരക്ഷാർത്ഥം ചെയ്യാവുന്ന അതിശ്രേഷ്ഠമായ ഒരു പരിശ്രമമാണിതു്. വിദ്യാഭ്യാസം മനുഷ്യനെ രൂപവൽക്കരിക്കുന്നു. തലമുറകളെ സംസ്കരിക്കുന്നു. ഓരോ മനുഷ്യന്റെയും ഐഹികവും പാരത്രികവുമായ ഭാഗധേയങ്ങളും കുടുംബങ്ങളുടെയും രാജ്യങ്ങളുടെയും ഗതികളും നിർണ്ണയിക്കയും നിയന്ത്രിക്കുകയും ചെയ്യുന്നു. നല്ല വിദ്യാഭ്യാസം ദൈവത്തിശ്രേഷ്ഠാർത്ഥം ഉത്തമരായ വൈദികരെയും, രാജ്യത്തിനു നീതിമാന്മാരും വിശ്വസ്തന്മാരുമായ നിയമജ്ഞന്മാരെയും, ന്യായാധിപന്മാരെയും, പൗരന്മാരെയും, കുടുംബങ്ങളിൽ ഗുണവാന്മാരായ മാതാപിതാക്കളെയും സുശീലരായ അംഗങ്ങളെയും പ്രദാനംചെയ്യുന്നു. മതത്തിനു രക്ഷകന്മാരെയും മോക്ഷത്തിനു വിശുദ്ധരെയും ലഭിച്ചുകൊടുക്കുന്നതും ഇതുതന്നെ. ബാഹ്യദൃഷ്ടിക്കു കൂടുതൽ ആഡംബരത തോന്നിക്കുന്ന പല പദ്ധതികളും മനുഷ്യരുടെ ആദ്ധ്യാത്മികാഭിവൃദ്ധിയെ പുരസ്കരിച്ചു ഏർപ്പെട്ടത്തപ്പെടുന്നുണ്ടു്. പക്ഷെ അവയൊന്നും വിദ്യാഭ്യാസജോലിപോലെ അത്ര സ്ഥായിയും സുനിശ്ചിതമായ ഫലസമൃദ്ധിക്കു ഉപയുക്തവുമായിരിക്കയില്ല.

പ്രായോഗികചിന്ത:— ഈ വിചാരം സദാ നിന്നിൽ ഉണ്ടായിരുന്നാൽ വിദ്യാഭ്യാസപരമായ പരിയത്നങ്ങളിൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിബന്ധങ്ങളും ക്ലേശങ്ങളും ഹേതുവായി നീ ചഞ്ചലചിത്തനോ ധൈര്യവിഹീനനോ ആയിപ്പോക

യില്ല. മാത്രമല്ല ഈ വഴിക്ക നീ പ്രയോഗിക്കുന്ന നിന്റെ മ
ഹനീയമായ കഴിവുകളെയും സാമർത്ഥ്യാദി ഗുണങ്ങളെയും
മറ്റു മാർഗ്ഗങ്ങളിലൂടെ പ്രദർശിപ്പിക്കണമെന്നു നിനക്കു തോന്നി
യേക്കാവുന്ന വ്യാമോഹങ്ങൾക്കും നീ വിധേയനാകയില്ല. ചുരു
ക്കിപ്പറയാം, നീ ഏർപ്പെട്ടിരിക്കുന്ന പ്രശസ്തമായ ഈ ഉദ്യമ
ത്തിൽനിന്നു പ്രതിനിവർത്തിക്കാനുള്ള പരീക്ഷകളെല്ലാം മേൽ
പറഞ്ഞ വിചാരങ്ങൾ ദൂരീകരിക്കും.

സ്നേഹപ്രകരണങ്ങൾ:– വിദ്യാഭ്യാസം നൽകുകയൊ കു
ട്ടികളുടെ പരിശീലനം നടത്തുകയൊ ചെയ്യുന്നവർക്ക് അതിൽ
അഭിരുചി ലഭിപ്പാനായി പ്രാർത്ഥിക്കുക.

പ്രതിജ്ഞ:– ദൈവത്തിനിഷ്ടമാകുന്നെങ്കിൽ ജീവിതം മുഴ
വനും ഇതരന്മാരുടെ വിദ്യാഭ്യാസാർത്ഥം ചെലവഴിക്കുക.

രണ്ടാംവകുപ്പ്.

വിദ്യാഭ്യാസജോലിയുടെ സാഫല്യത്തിനുള്ള മാർഗ്ഗങ്ങൾ.

ധ്യാനം:– കുട്ടികളുടെ വിദ്യാഭ്യാസത്തിനും സന്മാർഗ്ഗപരി
ശീലനത്തിനുംവേണ്ടി പരിശ്രമിക്കുന്നതു് വളരെ മഹനീയമാ
യ കൃത്യമായിരിക്കുന്നതുപോലെതന്നെ വളരെ വിഷമകരവു
മാണു്. ഇതു ഫലപ്രദമാകേണമെങ്കിൽ നന്മനസ്സുമാത്രം മതി
യാവില്ല; ഫലസിദ്ധിക്കു സഹായകമായ മാർഗ്ഗങ്ങളെ പ്രയോ
ഗിക്കുകൂടിവേണം. ഏറ്റവും തീക്ഷ്ണതയുള്ളപരസ്നേഹം, അഗാ
ധമായ എളിമ, മനസ്സാക്ഷിയിലും ഉദ്ദേശങ്ങളിലും വലിയ ശുദ്ധ
ത, ആദിയായവ വഴിയായി ദൈവസഹായം നാം പ്രാപിക്കണം.
ക്രൂടാതെയും ഉദാസീനവും ദുരാശാബന്ധവും ദുശ്ശാഠ്യപൂർണ്ണവുമായ
പ്രകൃതിക്കാരായവരോടുള്ള ഇടപാടുകളിൽ നമ്മുടെ ശാന്തതയും
ക്ഷമയും ധൈര്യവും നഷ്ടപ്പെടാതിരിപ്പാൻ വേണ്ട ദൈവാനു
ഗ്രഹവും അവശ്യം ആവശ്യമാണു്. ഇതു പ്രാർത്ഥനയുടെ അനു
പിയാലാണു് പ്രാപിക്കേണ്ടതു്. അങ്ങിനെതന്നെ നിഷ്കപട
മായ അനുസരണംകൊണ്ടു നമ്മുടെ ശ്രേഷ്ഠന്മാരോടും, ആർദ്ര
മായ പരസ്നേഹത്താൽ നമ്മുടെ സഹാദ്ധ്യാപകന്മാരോടും
ഏകോപിച്ചു വർത്തിക്കുന്നപക്ഷം നമ്മുടെ അഭിപ്രായങ്ങളിലും
പ്രവൃത്തികളിലും അത്ര എളുപ്പത്തിൽ അബദ്ധം പിണയുകയി
ല്ല. ഇതിലെല്ലാമുപരിയായി വേണ്ടു നമ്മുടെ വാക്കുകൊണ്ടു
എന്നതിലും അധികമായി നമ്മുടെ പ്രവൃത്തികൊണ്ടു കീഴുള്ളവ

രെ ഉപദേശിക്കയാണ്. കേറിക്കൂന്നതിലധികം കാണുന്ന സംഗതികളാണ് കുട്ടികളുടെ ഹൃദയങ്ങളിൽ പതിയുക. നമ്മെ രേഃമേല്പിച്ചിരിക്കുന്ന ഭാഗത്തേക്ക മാത്രമായിരിക്കണം നമ്മുടെ ശ്രദ്ധ മുഴുവൻ. ഇതരഭാഗങ്ങളും നമ്മുടെ അഭിരുചിക്കും പ്രകൃതിക്കും എത്രതന്നെ പറ്റിയതും ആകർഷണീയവുമായി തോന്നിയാലും അതിലൊന്നിലും ശ്രദ്ധിക്കാതിരിക്കേണ്ടതാണ്. ഈഏകാഗ്രത നാം ഏർപ്പെട്ടിരിക്കുന്ന വിഷയത്തിന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. ഒറ്റവാക്കായിപ്പറഞ്ഞാൽ നാം ഭക്തിയും സ്വപരിത്യാഗവുമുള്ളവരും ദൈവത്തിനും ആത്മാക്കൾക്കും വേണ്ടി സ്വയം ബലിയായി സമർപ്പിക്കപ്പെട്ടവരുമായിരിക്കണം.

പ്രായോഗികചിന്ത:— ഇപ്പോൾ പറഞ്ഞിരിക്കുന്നവയിൽ വച്ചു നിന്നിൽ ഇല്ലാത്തതു് അഥവാ നിന്നിൽ കുറഞ്ഞിരിക്കുന്നതു് എന്തെല്ലാമെന്നു നോക്കുക.

സ്നേഹപ്രകരണങ്ങൾ:— നിന്നിൽ കുറഞ്ഞിരിക്കുന്നവ നിനക്കു തരേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക..

പ്രതിജ്ഞ:— വിദ്യാഭ്യാസം ഫലപ്രദമാംവണ്ണം നൽകുന്നതിനു വേണ്ട ഗുണങ്ങൾ പ്രാപിക്കുന്നതിൽ ഒരിക്കലും ഉദാസീനത വിചാരിക്കരുതു്.

മൂന്നാം വകുപ്പു്

വിദ്യാഭ്യാസജോലിയിൽവേണ്ട ചില മുൻകരുതലുകൾ.

ധ്യാനം:— വിദ്യാഭ്യാസജോലിയിൽ ഏർപ്പെട്ടുന്നവർക്ക— അവർ യുവാക്കന്മാരാണെങ്കിൽ പ്രത്യേകിച്ചും—നേരിടുന്ന വിപത്തുകളും ഒട്ടും കുറവല്ല. ഇങ്ങനെയുള്ള അത്യാഹിതങ്ങളിൽ നിപതിച്ചിട്ടുള്ളവരുടെ സംഖ്യ അത്ര ചെറുതുമല്ല. സുസമ്മതന്മാരും നിസ്വാർത്ഥബുദ്ധിയോടെ ജോലിയാരംഭിച്ചവരുമായ മഹാന്മാർക്കുപോലും അപകടങ്ങൾപറ്റിപ്പോയിട്ടുണ്ട്. ആകയാൽ ഇങ്ങിനെയുള്ള നൈർഭാഗ്യം നിനക്കു സംഭവിക്കാതിരിക്കുന്നതിനു ചില കാര്യങ്ങൾ സൂക്ഷിക്കണം. 1. ചിലരുടെനേരെയുള്ള പ്രത്യേകത അഥവാ പ്രത്യേക സ്നേഹവും താല്പര്യവും നന്നായിരിക്കുകയില്ല. അതിൽനിന്നു മനസ്സുവച്ചുതന്നെ ഒഴിയണം. എന്തുകൊണ്ടെന്നാൽ ഇതു ക്രമരഹിതമായ, അഥവാ ജഡികമാത്രമായ, സ്നേഹത്തിലും സഹവാസത്തിലും നിന്നു് അത്ര വിദൂരമല്ല

എന്നോത്തുകൊള്ളുക. ഒരു പടിമാത്രമെ കടക്കേണ്ടതുള്ളു. അപ്പോൾ നാം ആപത്തിന്റെ മദ്ധ്യത്തിലാകും. 2. നാം നമ്മുടെ ഓരോ അഭിലാഷങ്ങളുടേയും വികാരങ്ങളുടേയും അടിമകളായിപ്പോകരുതു്. എന്തെന്നാൽ അലസവും അസ്ഥിരവുമായ ഈദൃശ മനഃസ്ഥിതി നമ്മെ വേഗത്തിൽ മന്ദതയിലേക്കു നിപതിപ്പിക്കയും തദ്വാരാ കാലക്രമംകൊണ്ടു നമ്മുടെ സന്യാസാരൂപിപോലും നഷ്ടീഭവിക്കയും ചെയ്യും. 3. നമുക്കു നേരിട്ടുന്ന വിപരീതങ്ങൾ നമ്മുടെ ജോലിയോടു് ഒരു വെറുപ്പു നമ്മിൽ ജനിപ്പിക്കാതിരിക്കാനും ശ്രദ്ധിക്കണം. എന്തുകൊണ്ടെന്നാൽ ജോലിയോടു തോന്നുന്ന ഈ വിദ്വേഷം ക്രമേണ നമ്മുടെ അന്തസ്സിന്റെ നേരെയായി രൂപാന്തരപ്പെട്ടേം. വിദ്യാഭ്യാസ ജോലിയിലുൽക്കൃതരാകുന്നവർ പ്രത്യേകാൽ ശ്രദ്ധിക്കേണ്ട ചില സംഗതികൾ: പക്ഷഭേദം, മനഃസ്ഥൈര്യമില്ലായ്മ, അധികമായ കാഠിന്യവും അധികമായ കരുണയും, മൻകോപം, ഹൃദയവേദനവരുത്തുന്ന വാക്കുകൾ, കുട്ടികൾക്കു് അപമാനകരമായേക്കാവുന്ന പരസ്യ കുറ്റാരോപണങ്ങൾ, കൃത്യനിഷ്ഠയില്ലായ്മ, പഠിപ്പിക്കുന്നതിനും മറ്റും വേണ്ട ഒരുക്കംകൂടാതെ ചെല്ലുക, കുട്ടികളുടെ ഇടയിൽപഠനത്തിനു ക്ലൃപ്തൽ അഭിനിവേശമുണ്ടാകുന്നതിനു് ഒരു മത്സരബുദ്ധി ഉളവാക്കി വേണ്ടത്ര പ്രോത്സാഹനം നൽകാതെ പഠനം അവക്ക് ക്ലേശകരമാക്കിത്തീർക്കുക, തൽഫലമായി പഠനത്തിൽ അവർ അലസരായിത്തീരുക എന്നിങ്ങനെയുള്ളവ വിദ്യാഭ്യാസജോലിയെ പരാജയത്തിൽ എത്തിക്കുന്ന പ്രത്യേകകാരണങ്ങളാണു്. ഇതുപോലെ വേറെയും പലതുണ്ടു്.

പ്രായോഗികചിന്ത:- ഈ മൂന്നാംവകുപ്പിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ മുൻനിറുത്തിക്കൊണ്ടു പലപ്പോഴും നിന്നെ പരിശോധിക്കുക.

സംഭാഷണം:— വി. ഊർസുലയോടു സംഭാഷണം ചെയ്യുക. വിദ്യാഭ്യാസപരമായ പ്രേഷിതജോലിയിൽ നാമും നമ്മെ സംബന്ധിച്ചവരും അനേകം ആത്മാവുകൾക്ക് സ്വർഗ്ഗപാത കാണിച്ചുകൊടുക്കാൻവേണ്ട അനുഗ്രഹം ലഭിച്ചുതരേണമെന്നു പ്രാർത്ഥിക്കുക.

ഇരുപത്തിമൂന്നാം തിയ്യതി

ധൂർത്തപുത്രന്റെ ഉപമ.

പ്രാരംഭം: ഫ. ധൂർത്തപുത്രൻ അവന്റെ പിതാവിനെ വ്യസനിപ്പിച്ചുകൊണ്ട് വീടുവിട്ടിറങ്ങി പോകുന്നതു് ആത്മനാ ദർശിക്കുക.

ഫ. ദൈവത്തോടും നിന്റെ വിശുദ്ധ അന്തസ്സിനോടുമുള്ള സ്നേഹം നിന്നിൽ വർദ്ധിച്ചുവരുവാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ധൂർത്തപുത്രന്റെ പുറപ്പാടു്.

ധ്യാനം:— "ഒരു മനുഷ്യന്നു രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു. അവരിൽ ഇളയവൻ പിതാവിനോടു: പിതാവേ, സ്വത്തിൽ എനിക്കു വരുവാനുള്ള ഓഹരിതരണം എന്നു പറഞ്ഞു. അതിനാൽ അയാൾ സ്വത്തു് അവക്കു ഭാഗിച്ചുകൊടുത്തു. പിന്നെ അധികംനാൾ കഴിയുംമുമ്പു ഇളയമകൻ (തനിക്കു കിട്ടിയവ) സകലവും ശേഖരിച്ചുകൊണ്ടു ദൂരദേശത്തിലേക്കു പോയി. അവിടെ ധൂർത്തനായി ജീവിച്ചു് സ്വത്തുക്കളും നാനാവിധമാക്കിക്കളഞ്ഞു: (ലൂക്കാ. ഫ൫. ഫ൨—ഫ൩.) മൂത്തമകൻ പിതാവിനോടുകൂടെ പാർത്തു. നമ്മുടെ ദിവ്യരക്ഷകൻ വിവക്ഷിക്കുന്ന ഈ പിതാവും പുത്രന്മാരും ആരാകുന്നു? വി: ജെറോം പറയുന്നതുപോലെ, ഈ പിതാവിനാൽ ദൈവത്തെയും പുത്രന്മാരാൽ മനുഷ്യരിൽ രണ്ടുതരക്കാരേയും കാണിക്കുന്നു. ഒരുതരക്കാർ ദൈവത്തിന്റെ പ്രമാണങ്ങളിലുള്ള പൂർണ്ണമായി കീഴ്പെട്ടുകൊണ്ടു് ആ സ്ഥിതിയിൽ ലഭിക്കുന്ന പൂർണ്ണഭാഗ്യത്തെ ആഗ്രഹിക്കുന്ന വിശ്വസ്തരായ ആത്മാവുകളാണു്. രണ്ടാമത്തെ കൂട്ടരാവട്ടെ തങ്ങളുടെ സ്വാതന്ത്ര്യത്തെ ദുഷ്പ്രയോഗിച്ചു് ആശാപാശങ്ങളിലകപ്പെട്ടു സ്വതമായി ജീവിക്കുന്ന ലോകായതികന്മാരായ പാപികളുമാകുന്നു. ധൂർത്തപുത്രൻ ഈ രണ്ടാംതരത്തിൽ പെട്ടവനാണു്. ഇവന്റെ ഈ നിർഭാഗ്യവും കഷ്ടാരിഷ്ടതകളും കണ്ടിട്ടെങ്കിലും നമ്മുടെ ദുർമ്മോഹങ്ങളിലകപ്പെടുവിധേയരായി ജീവിപ്പാൻ നമ്മെ നിർബന്ധിക്കുന്ന സ്വഭാവത്തെ നാം വളരെ ഭയപ്പെടണമെന്നു നമ്മെ പഠിപ്പിക്കാൻവേണ്ടിയാണു് ദിവ്യരക്ഷകൻ ഈ ഉപമ അരുളിച്ചെയ്തതു്.

പ്രായോഗികചിന്ത:— ഈ രണ്ടുതരക്കാരിൽവച്ചു നീ എപ്പോഴും ഒന്നാമത്തെ ഗണത്തിൽതന്നെ ആയിരുന്നിട്ടുണ്ടോ? നീ നിന്റെ ജീവിതകാലത്തിൽ സ്വാതന്ത്ര്യദുഷ്പ്രയോഗത്താൽ ഒരിക്കലും നിന്റെ ദുരാഗ്രഹങ്ങൾക്കധീനനായി, ദൈവത്തിൽ നിന്നും സ്വർഗ്ഗത്തിൽനിന്നും ദൂരീകൃതനായി, പാപമാലിന്യത്തിലും നിത്യനൈർഭാഗ്യം സമ്പാദിക്കാൻതക്ക അപകടത്തിലും ജീവിച്ചിട്ടില്ല എന്നു നിനക്കു പറയാമോ? ദൈവമല്ലയോ ഈ യേങ്കുരുപിപത്തിൽനിന്നു നിന്നെ കാത്തുരക്ഷിച്ചതു്? ഇതു മാത്രമല്ല, അവിടുന്നു നിന്റെ ആത്മികദൃഷ്ടി തുറന്നു ലോകമായം നിന്നെ ഗ്രഹിപ്പിച്ചു, ദൈവപ്രസാദിസായാകുന്ന സനാതന ജീവിതത്തിലേയ്ക്കു നിന്നെ വിളിക്കുകയുടെ ചെയ്തില്ലയോ? മാത്രമല്ല ഇവിടെ അവിടുന്നു നിന്റെ അവിശ്വാസസ്ഥതകളും നന്ദിഹീനതകളും ക്ഷമിക്കയും, കഴിഞ്ഞ ജീവിതത്തിലെ കുറവുകളും കുറ്റങ്ങളും പരിഹരിപ്പാൻ തക്കതായ അനേകം സഹായങ്ങളും നിനക്കു നൽകുകയും ചെയ്തിട്ടില്ലയോ? ഇവയെല്ലാം നീ ഏതുവിധം ഫലിപ്പിച്ചുവരുന്നു?

സ്നേഹപ്രകരണങ്ങൾ:— ദൈവത്തിന്റെനേക്കു കൃതജ്ഞത, കഴിഞ്ഞജീവിതത്തെപ്പറ്റി പശ്ചാത്താപം, പരിഹാരത്തിനുള്ള സന്നദ്ധത, ദൈവത്തെപ്രതി വലിയ വേലകൾ ചെയ്യുന്നതിനു് ആഗ്രഹം എന്നിവ നിന്നിൽ ജനിപ്പിക്കുക.

പ്രതിജ്ഞ:— തപഃക്രിയകളെ വലിയ ആഗ്രഹത്തോടും ശുഷ്കാന്തിയോടുംകൂടെ ചെയ്വാൻ ആരംഭിക്കുക.

രണ്ടാംവകുപ്പു

ധൂർത്തപുത്രന്റെ വ്യാമോഹം

ധ്യാനം:— അനവധി ദ്രവ്യം സ്വാധീനത്തിലുള്ളതും അപരിചിതരായവരുടെ ഇടയിൽ അന്യരാജ്യത്തു് താൻ സ്വതന്ത്രസ്വാതന്ത്ര്യനായിത്തീർന്നിരിക്കുന്നതും കണ്ടിട്ടു് ബുദ്ധിഹീനനായ ആ യുവാവു് താൻ സൗഭാഗ്യത്തിന്റെ ഉച്ചിയിലെത്തിയിരിക്കുന്നു എന്നുതന്നെ ഭ്രമിച്ചുപോയി. യഥേഷ്ടം സുഖിച്ചാനന്ദിക്കാം. യാതൊരു തടസ്സവുംകൂടാതെ ഹൃദയത്തിന്റെ എല്ലാ അഭിവാഞ്ഛകളേയും പൂർണ്ണമായി സംതൃപ്തമാക്കാം, എന്നെല്ലാമായിരുന്ന ആ സാധുവിന്റെ വ്യാമോഹം. ഇതു് എത്രവലിയ മൗഢ്യവും വിഭ്രാ

ന്തിയുമാണ്"! ഇതറിയണമെങ്കിൽ അവന്റെ അനന്തരസ്ഥിതി പരിശോധിക്കണം. അതു നമ്മുടെ ദിവ്യരക്ഷകൻതന്നെ വിവരിക്കുന്നുണ്ട്. ....."...അവൻ തന്റെ മുതൽ നാനാവിധമാക്കീക്കളഞ്ഞു." ഇങ്ങനെ അവൻ സകലവും ചെലവാക്കിയശേഷം ആ ദേശത്തിൽ ഒരു കഠിനക്ഷാമമുണ്ടാകയാൽ, അവനും അരിഷ്ടത സംഭവിച്ചുതുടങ്ങി. അപ്പോൾ അവൻ പോയി ആ ദേശത്തിലെ പൗരന്മാരിൽ ഒരുവനോട് ചേർന്നു. അവനോ ഇവനെ തന്റെ വയലിലേക്കു പന്നികളെ മേയ്പ്പാനായി നിയോഗിച്ചു. പന്നികളുടെ ഭക്ഷ്യമായിരുന്ന അമരത്തവിടുകൊണ്ടു തന്റെ വയറു നിറപ്പാൻ അവൻ ആഗ്രഹിച്ചിരുന്നു. എങ്കിലും (അതു പോലും) ആരും അവനു കൊടുത്തിരുന്നില്ല. (ലൂക്കാ. ൧൫. ൧൩ — ൧൬.)

പ്രായോഗികചിന്ത:— ദൈവപ്രമാണങ്ങളും തിരസ്കരിച്ചുകൊണ്ടു സുഖഭോഗാസക്തരായി ജഡികസന്തോഷങ്ങളിൽ ലയിച്ചു് അതു തന്റെ സൗഭാഗ്യമായി ഗണിക്കുന്ന ക്രിസ്ത്യാനിയുടെ ശോചനീയമായ സ്ഥിതി ഇതാ ഒരു സജീവചിത്രത്തിലെന്നോണം ഇവിടെ നാം കാണുന്നു. അപ്രകാരംതന്നെ തന്റെ അദ്ധ്യക്ഷസ്ഥാനത്തു കൈവെടിഞ്ഞു സ്വാതന്ത്ര്യത്തിലും മന്ദകേതിയിലും കാലംകഴിക്കുന്ന ഭ്രഷ്ടഗേനായ സന്ന്യാസിയുടെയും ഒരു ചിത്രമാണിതു്. ഇവൻ സഭാനിയമങ്ങളും ഭാരമെന്നു കരുതി അവയെ ഉപേക്ഷിച്ചുകൊണ്ടു് സൃഷ്ടികളിൽനിന്നു സന്തോഷവും ഭോഗവും പ്രാപിക്കുവാൻ ശ്രമിക്കുന്നു. അതെ, മന്ദമായ ഒരു ജീവിതത്തിൽനിന്നുളവാകുന്ന മനഃപീഡയേയും അസമാധാനത്തേയും ഇന്ദ്രിയസന്തോഷങ്ങളും അനുഭവിച്ചുകൊണ്ടു ദൂരീകരിക്കാൻ ശ്രമിക്കുന്നു. എന്നാൽ അതിന്റെ ഫലമോ? കഷ്ടം! ദൈവം അവനു നൽകിയിരിക്കുന്ന സമൃദ്ധിയായ വരങ്ങളും, യോഗ്യതകളും ആദിയായ സച്ഛ്രീയസമ്പത്തുകളും വേഗത്തിൽ നശിക്കുകയും അവൻ ആത്മികദാരിദ്ര്യത്തിലും അതൃപ്തിയിലും അണ്ടുപോകയും ചെയ്യുക എന്നിതാണ്. ഈ സ്ഥിതിയിൽ പന്നികൾക്കും അവയുടെ ആഹാരങ്ങൾക്കും സദൃശമായ നീചസന്തോഷങ്ങളും അവയെ അനുഭവിക്കാനുള്ള ആഗ്രഹവുംകൊണ്ടു് ബോധവും മനസ്സും സദാ പീഡിപ്പിക്കപ്പെടുന്നു. അവൻ രാപ്പകൽ അശ്വാസവിഹീനനായി സമാധാനരഹിതനായി വലയുന്നു. ദൈവത്തിൽനിന്നനുഭവിക്കുന്ന ഭാഗ്യത്തെയും സംതൃപ്തിയേയും

അനേപക്ഷിക്കുന്നവർക്ക് അനുഭവപ്പെടുന്ന ഭാഗ്യമാണിതു്. ഈ നൈർഭാഗ്യത്തിന്റെ രസം കുറെയെങ്കിലും നീയും അനുഭവിച്ചിട്ടില്ലയോ?

സ്നേഹപ്രകരണങ്ങൾ:— "നിന്റെ രക്ഷയുടെ ആനന്ദത്തെ എനിക്കു വീണ്ടും തരേണമെ!" എന്റെ ദുരാഗ്രഹങ്ങൾക്കു എതിരായുള്ള യുദ്ധത്തിൽ "പൂർണ്ണമായ ചൈതന്യത്താൽ എന്നെ ശക്തനാക്കേണമെ!" (സങ്കീ. ൫൧. ൧൪)

പ്രതിജ്ഞ:— ദുരാശകൾക്കു അല്പംപോലും വഴിപ്പെടാതിരിക്കുക.

മൂന്നാംവകുപ്പു

ധൂർത്തപുത്രന്റെ അധഃപതനം

ധ്യാനം:— അവൻ അനുഭവിച്ചിരുന്ന വിശപ്പിന്നും നഗ്നതയ്ക്കുംപുറമെ, അവന്റെ മനോവ്യഥയേയും ലജ്ജയേയും പൂർത്തിയാക്കാനെന്നോണം തന്റെ മുമ്പിലത്തെ സൗഭാഗ്യസ്ഥിതിയുടേയും, മുമ്പു തന്റെ ദാസരായിരുന്നവരുടേതിനേക്കാൾ ഏറ്റവും ഹീനമായ തന്റെ തല്ക്കാലാവസ്ഥയുടേയും ഓർമ്മയും അവനിൽ ഉദിച്ചു. അതിനാൽ അവൻ പറയുന്നു: "എന്റെ പിതാവിന്റെ വീട്ടിൽ എത്ര കൂലിക്കാർക്കു ധാരാളം അപ്പം ഉണ്ടു്. ഞാനോ ഇവിടെ വിശപ്പാൽ മരിക്കുന്നു." (ലൂക്കാ. ൧൫. ൧൭) പന്നി സൂക്ഷിപ്പുകാരനും മനുഷ്യസമൂഹത്തിൽനിന്നു ബഹിഷ്കൃതനും അയിത്തീർന്നിരിക്കുന്നു!

പ്രായോഗികചിന്ത:— "ദൈവത്തെ തന്റെ പിതാവായി അംഗീകരിക്കാൻ ഇഷ്ടമില്ലാത്ത മനുഷ്യനെ ബാധിക്കാൻ ഒരുങ്ങിയിരിക്കുന്ന കഠിനനൈർഭാഗ്യം എങ്ങനെയുള്ളതെന്നു നോക്കുക!" എന്നു വി. പത്രോസ് ക്രിസോലൊഗുസ് ഉൽഘോഷിക്കുന്നു. ആ യുവാവു എത്ര നികൃഷ്ടാവസ്ഥയിലെത്തിയിരിക്കുന്നു! സങ്കീർത്തകൻ പറയുന്നതുപോലെ "വയലിലെ മൃഗങ്ങളെപ്പോലെ" ആയിരിക്കുന്നു. (സങ്കീ. ൪൯. ൧൩) നിനക്കു് ഇത്രവലിയ അധഃപതനം സംഭവിച്ചിട്ടില്ലായിരിക്കാം; അല്ലെങ്കിൽ ഈ നികൃഷ്ടസ്ഥിതിയിൽനിന്നു വേഗത്തിൽ വിമുക്തനായിരിക്കാം. എങ്കിലും ചില കാര്യങ്ങൾ നീ പരിശോധിക്കാനുണ്ടു്. നിന്റെ സന്ന്യാസാന്തസ്സു് നിന്നെ മറ്റുള്ളവരേക്കാൾ ഉയർത്തിയിരിക്കുന്നതുപോലെതന്നെ നിന്റെ ജീവിതവിശുദ്ധികൊണ്ടും നീ അവരെ

അതിവർത്തിക്കുന്നുണ്ടോ? ലോകത്തിൽ വസിക്കുന്ന സാധാരണ ക്രിസ്ത്യാനികം പ്രാർത്ഥനയിൽനിന്നു് അധികഫലവും മാധുര്യവും പ്രാപിക്കുന്നതും, നീ മിക്കവാറും അതിൽ സന്തോഷകരമായും ശക്തിപ്രദായകമായും യാതൊന്നും കാണാതിരിക്കുന്നതും ഓർക്കുമ്പോൾ നീ ചിലപ്പോൾ ലജ്ജിക്കുന്നില്ലയോ? സ്വസമൃദ്ധിയുടെയും സംപൂർണ്ണതയുടെയും മദ്ധ്യേ വിശപ്പാൽ മരിക്കുന്നവനെന്നു നിന്നെക്കുറിച്ചു പറയാനിടവരാതിരിക്കട്ടെ.

സംതോഷണം:— കാവൽഭൃതനോടു സംതോഷിക്കുക.

ഇരുപത്തിനാലാം തിയ്യതി.

ധൂർത്തപുത്രൻ ബുദ്ധിപൂർവ്വകമായി ചിന്തിക്കാൻ തുടങ്ങുന്നു.

പ്രാരംഭം ഫ. ആ ധൂർത്തപുത്രൻ കൂപ്പയിൽ പന്നികളുടെ മദ്ധ്യേ ഇരിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

വ. നിന്നെ ദൈവത്തിൽനിന്നകറ്റുന്ന സകലത്തെയും അത്യന്തം ദയപ്പെട്ടവനാവാൻ അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ധൂർത്തപുത്രനും അവന്റെ പിതൃഭവനവും.

ധ്യാനം:— എതൃയും മനോഹരമായ മൈതാനത്തിൽ വളരെ സുഖപ്രദമായ ഒരു അരമന പണുതിരിക്കുന്നതും സമാധാനവും സൗഭാഗ്യവും അതിൽ കളിയാടിക്കൊണ്ടിരിക്കുന്നതും കാണുന്നെന്നു സങ്കല്പിക്കുക. ഇതിലായിരുന്ന ആ ധൂർത്തപുത്രൻ പ്രിയനും സൗഭാഗ്യനുമായ ഒരു സഹോദരനോടും സകലപിതാക്കളിൽവച്ചു ഉത്തമനായ പിതാവിനോടുംകൂടെ വസിച്ചിരുന്നതു്. ദൈവകൃപയാൽ ആ യുവാവിനുലഭിച്ച ഭാഗ്യം അളിലക്ഷണീയംതന്നെ. അവിടെ സപിതാവിന്റെ കീർത്തിയുടെയും സ്വസമ്മതിയുടെയും ഭാഗഭാക്കായി, സ്വസുഖൈശ്വര്യങ്ങളുടെയും അവകാശിയായി, മാനസികസംസ്കരണത്തിനും ബുദ്ധിവികാസത്തിനും ആവശ്യമായ സ്വസൗകര്യങ്ങളും അനുഭവിച്ചുകൊ

ണ്ടു് അവൻ സൗഭാഗ്യശാലിയായി കഴിഞ്ഞുകൂടുകയായിരുന്നു. അതിനാൽ ലോകത്തിന്റെ അരിഷ്ടതകളും എന്താണെന്നു പറഞ്ഞു കേൾക്കുകയല്ലാതെ മറുവിധത്തിൽ അറിയാൻ അവന്നു് അസാദ്ധ്യമായിരുന്നു.

പ്രായോഗികചിന്ത:— മുകളിൽ പറഞ്ഞവ സന്ന്യാസജീവനത്തിൽ ലഭിക്കുന്ന സൗഭാഗ്യത്തിന്റെ ഒരു് ഉത്തമ പ്രതിരൂപമല്ലയൊ? സന്ന്യാസികളായ നാം ലോകവിചാരങ്ങളിലും കലഹങ്ങളിലുംനിന്നകന്നു വിശുദ്ധമായ ദൈവജീവനത്തിൽ ജീവിക്കുന്നില്ലയൊ? ഇവിടെ നമ്മുടെ സഹോദരന്മാർ പൂർണ്ണപരസ്നേഹത്തോടെ നമ്മെ ഉപചരിക്കയും നമ്മുടെ ആത്മശരീരാവശ്യങ്ങളെ പൈതൃകസ്നേഹത്തോടെ ശ്രേഷ്ഠന്മാർ നിവർത്തിച്ചുതരുകയും, അവർ വലിയ വിവേകത്തോടെ നമ്മെ നയിക്കുകയും ചെയ്യുന്നില്ലയൊ? അതിനാൽ ഒരു വിശുദ്ധ സന്ന്യാസി ക്രൂടുടെ സന്തോഷോൽഘോഷം ചെയ്തിരുന്നതായതു്: എന്റെ സഹോദരന്മാരെ! നമ്മുടെ അന്തസ്സിനെ ഏറ്റവും ഉന്നതമായി വിചാരിച്ചുകൊള്ളുക; അപ്പോൾ അതിൽ വിശുദ്ധരായും മനോരമ്യതയോടുകൂടെയും ജീവിക്കാൻ നമുക്കു സാധിക്കും. ഇങ്ങനെ ജീവിക്കുമ്പോൾ ഈ ജീവിതത്തിന്മേൽ ബഹുമാനവും സ്നേഹവും നമ്മിൽ വർദ്ധിക്കും. ഈ ആദരവും ഈ വിചാരവും സ്നേഹവും ഈ അന്തസ്സിൽ നമ്മെ സ്ഥിരപ്പെടുത്തുകയും വലിയ പുണ്യാഭിവൃദ്ധി പ്രാപിക്കുന്നതിന്നിടവരുത്തുകയും ചെയ്യും." ഈയാഥാ പറഞ്ഞതു വാസ്തവമത്രെ. ആ ധൂർത്തപുത്രൻ അവന്റെ ഭാഗ്യത്തെ വേണ്ടവിധം വിലമതിച്ചിരുന്നെങ്കിൽ പിതൃഭവനംവിട്ടു പുറപ്പെടുവാൻ അവൻ ഒരിക്കലും തുനിയുമായിരുന്നില്ല.

സ്നേഹപ്രകരണങ്ങൾ:— വിശുദ്ധവും ഭാഗ്യപ്രദവുമായ നമ്മുടെ അന്തസ്സിനെ കൂടുതൽ ബഹുമാനിച്ചു സ്നേഹിക്കാൻ ഇടവരുത്തേണമെന്നു പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- അധൈര്യവും ചഞ്ചലവും നേരിടുമ്പോൾ നിന്നോടുതന്നെ ഇങ്ങനെ പറയുക: എന്റെ ആത്മാവെ! എത്ര വിശുദ്ധവും ഭാഗ്യപ്രദവുമായ അന്തസ്സിലാണു് നീ ജീവിക്കുന്നതു്; പിന്നെ "എന്തെ നീ ദുഃഖിക്കുന്നു? എന്തെ അസപ്രസ്ഥനാകുന്നു?" (സങ്കീ. ൪൨, ൧൧.)

രണ്ടാംവകുപ്പു

ധൂർത്തപുത്രനും അവന്റെ വിദേശവാസവും.

ധ്യാനം:- ധൂർത്തപുത്രന്റെ അതി ജുഗുപ്സാവഹമായ താല്ക്കാലികാവസ്ഥയെപ്പറ്റി ചിന്തിക്കുക. അവന്റെ ധനമെല്ലാം നശിച്ചു. അവന്റെ ദുഷ്ടസ്നേഹിതന്മാരാൽ അവൻ നിശ്ശേഷം പരിത്യക്തനായിരിക്കുന്നു. അപരിചിതരാജ്യത്തിൽ അവൻ ഏകാകിയും അനന്യശരണനുമായിരിക്കുന്നു. അവിചാരിതമായ ക്ഷാമപീഡയ്ക്ക് അവനും അധീനനാകുന്നു. ഭക്ഷണപാനീയങ്ങളും ലഭിക്കാതെ അവൻ വിവശനാകുന്നു. മുഖം വിളറി വികൃതമായും, ശരീരം മെലിഞ്ഞു വിരൂപമായും, വസ്ത്രം മുഷിഞ്ഞും കീറിയും വൃത്തിഹീനമായുംതീർന്നു. കാണികളിൽ വെറുപ്പും പരിഹാസവും ഉളവിപ്പിക്കുന്ന ഒരു നീച ഭിക്ഷുതന്നെ അവൻ. ആ രാജ്യത്തിലെ സമുദായഭ്രഷ്ടരായ ദരിദ്രാധമന്മാരുടെകൂടെ ഇതാ അവനും ഭിക്ഷാടനം ചെയ്തുകൊണ്ടു ചുറ്റിനടക്കുന്നു. വഴിപോക്കരോടു ധർമ്മം യാചിച്ചുകൊണ്ടു കൈ നീട്ടുന്നു. എന്നാൽ അവനോടു് അനുകമ്പ കാണിക്കുന്നവർ എത്രപേരുണ്ട്. പലരും വികൃതവേഷംകണ്ടു വെറുപ്പോടെ ദൃഷ്ടിതിരിച്ചുകളയുന്നു. അഹാ! എത്ര പരിതാപകരവും നീചനീചവുമായ സ്ഥിതി! എത്ര ദുസ്സഹമായ കാഴ്ച!!

പ്രായോഗികചിന്ത:— നിർഭാഗ്യവശാൽ മന്ദഭാഗ്യനായിത്തീർന്നാൽ അപ്പോഴും നിന്റെ ആത്മികാവസ്ഥ ഇതിൽനിന്നും അത്ര വ്യത്യസ്തമല്ലാത്ത ഒരു പരിതാപകരസ്ഥിതിയിലേയ്ക്കാണു തപരിതഗമനം ചെയ്യുന്നതെന്നോർത്തുകൊള്ളുക. ധൂർത്തപുത്രന്റെ പ്രകൃത ചിത്രത്തിൽ അയാളുടെ നേർക്കു പരിതാപവും സഹതാപവും നിന്നിൽ അങ്കുരിപ്പിച്ച ആശയങ്ങളേതെല്ലാമാണെന്നു സൂക്ഷ്മനിരീക്ഷണംചെയ്യുക. ആ ആശയങ്ങളെക്കുറിച്ചുള്ള പര്യാലോചനകൊണ്ടു, നിന്റെ ആത്മികനൈർഭാഗ്യത്തെക്കുറിച്ചും തത്തുല്യമായ പരിതാപവും മനോവ്യഥയും ഉളവാക്കുവാൻ ശ്രമിക്കുക. പ്രസ്തുത ചിത്രം എത്ര സജീവമായും ഗാഢമായും നിന്നിൽ പതിയുമോ അത്രയധികമായി മന്ദതയിലും അലസതയിലുംനിന്നു വിമുക്തനാകാനുള്ള അഗ്രഹതീക്ഷ്ണതയും നിന്നിൽ വർദ്ധിക്കും. ഇതിലേക്കാവശ്യമായ ധീരതയും ശക്തിയും ഈ വഴിക്കുതന്നെ നിനക്കു പ്രാപിക്കാം.

സ്നേഹപ്രകരണങ്ങൾ:— കേതിയും ശ്രുഷ്ണാന്തിയും പ്രാപിക്കുന്നതിനു നീ ചെയ്യുന്ന പ്രയത്നം ഫലപ്രദമാകുന്നതിനുവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— പാപത്തിനും കേതിമാന്ദ്യത്തിനും കാരണമായിരിക്കുന്നവയെ അത്യധികം ഭയപ്പെടുകയും അവയിൽ അകപ്പെടാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കുകയും ചെയ്യുക.

മൂന്നാംവകുപ്പ്

ധൂർത്തപുത്രനും അവന്റെ പുതിയ യജമാനനും.

ധ്യാനം:— അപ്പോൾ അവൻപോയി ആ ദേശത്തിലെ പൌരന്മാരിൽ ഒരുവനോടുചേർന്നു; എന്നാൽ അവൻ സേവിച്ച ഈ യജമാനൻ ഏതുതരക്കാരനായിരുന്നു? മഹാ നീചനും ലുബ്ധനും, കരുണയുടെ കണികപോലും കണ്ടിട്ടില്ലാത്ത പരമക്രൂരനുമായിരുന്നു. അവൻ തന്റെ ഈ പുതിയ ശ്രുശ്രൂഷകനെ സഹായത്തിൽ താമസിക്കാനനുവദിക്കാതെ രാപ്പകൽ പന്നികളോടുകൂടെ വൃത്തിഹീനമായ വയലുകളിൽ അലഞ്ഞുനടപ്പാൻ പറഞ്ഞുവിട്ടു. അവനു യാതൊരു ആഹാരവും അയാൾ കൊടുത്തിരുന്നില്ല. മാത്രമല്ല, ആ ഹീനപ്രവൃത്തികളുടെ നീചാഹാരംകൊണ്ടുപോലും അവന്റെ വിശപ്പടക്കുവാൻ ആ നിർദ്ദയൻ അനുവദിച്ചില്ല. കഷ്ടം! എന്തൊരു വ്യത്യാസം! എത്ര ഘോരമായ ദോഷകമായ കാഴ്ച! ഈ യുവാവു തന്റെ ജന്മദേശത്തു വസിച്ചിരുന്നപ്പോൾ സകലരും അവനെ ആചരിച്ചുപചരിച്ചിരുന്നു. അവന്റെ ആജ്ഞയനുസരിപ്പാൻ അനേകദാസന്മാരുണ്ടായിരുന്നു. പ്രതിദിനം അതിരുചികരമായ പദാർത്ഥങ്ങൾ അവന്റെ ഹിതാനുസരണം ലഭിപ്പാൻതക്കവിധം ഏർപ്പാടുചെയ്തിരുന്നു. എന്നാൽ ഇപ്പോഴൊ? ഹീനമായ കൂപ്പയിൽ സർവ്വരാലും നിന്ദിതനായി സമുദായഭ്രഷ്ടനായി പന്നികളുടെ മധ്യേ ക്ഷുൽപിപാസകളാൽ വിവശനായി മരണത്തെ അഭിലഷിച്ചുകൊണ്ടിരിക്കുന്നു.

പ്രായോഗികചിന്ത:— അതിനാൽ ഈശോയുടെ ശുദ്ധവും മധുരവുമായ നുകത്തിൽനിന്നുമാറി വഞ്ചകനും ക്രൂരനുമായ ലോകത്തിന്നടിമപ്പെടുന്നവർ എത്ര നിന്ദ്യരും ദുർഭാഗ്യരുമായിത്തീരുന്നു എന്നു് അവിടുന്നു വിശദമായി നമ്മെക്കാണിക്കുന്നു! വിലപനീയമായ ഈ നിർഭാഗ്യത്തിൽ എത്ര ആയിരംപേരാകുന്നു അ

കപ്പെട്ടുകിടക്കുന്നതു്! ഈ വിഭ്രാന്തിയിൽ നീയും ഒരുപക്ഷെ അകപ്പെട്ടിട്ടുണ്ടായിരിക്കാം. ദിവ്യപ്രകാശത്താൽ സഹായിക്കപ്പെട്ട നിന്റെ അബദ്ധവും നികൃഷ്ടാവസ്ഥയും മനസ്സിലാക്കി നീ അതിനീയസ്ഥിതിയിൽനിന്നു രക്ഷപെട്ടു ദൈവത്തിലേയ്ക്കു തിരിഞ്ഞതായിരിക്കാം. അങ്ങനെയെങ്കിൽ മുമ്പിലുണ്ടായിരുന്നതിലും ഏറ്റവും ഗാഢമായ സ്നേഹത്താൽ അവിടുത്തോടു യോജിച്ചിരിക്കണം. അവിടുത്തെ ശുശ്രൂഷയിലുള്ള വിശ്വസ്തതയും ഇരട്ടിയായ ശുഷ്കാന്തിയുംകൊണ്ടു നിന്റെ കഴിഞ്ഞ നന്ദിഹീനതയ്ക്കു പരിഹാരം ചെയ്വാൻ ശ്രമിക്കുക.

സംതോഷണം:– വിശുദ്ധ അഗസ്റ്റിനോടു സംതോഷണം ചെയ്യുക. ഈ വിശുദ്ധൻ മുപ്പതുവയസ്സുവരെ ധൂർത്തപുത്രനായി ജീവിച്ചു. അതിനുശേഷമാണു മാനസാന്തരപ്പെട്ടതു്. എന്നാൽമാനസാന്തരാനന്തരമാകട്ടെ ഏറ്റവും തീക്ഷ്ണതയോടും മുമ്പു് ഈ രോഗ്യവരുത്തിയിരുന്നവ്യാകുലം പരിഹരിക്കാൻതക്കവിധത്തിലും ദൈവത്തെ സ്നേഹിക്കയും, ഈ സ്നേഹത്തിലും ഉത്തമമനസ്താപം, എളിമ, കേതിതീക്ഷ്ണത മുതലായവയിലും മരണപര്യന്തം നിലനില്ക്കുകയുംചെയ്തു. ഈവിശുദ്ധനനുഗ്രഹംതന്നെ നിനക്കും ലഭിച്ചുതരുവാൻ ഈ വിശുദ്ധനോടു പ്രാർത്ഥിക്കുക.

ഇരുപത്തഞ്ചാം തിയ്യതി*

കഴിഞ്ഞ ധ്യാനത്തിന്റെ തുടർച്ച.

പ്രാരംഭം ഫ. ആ ധൂർത്തപുത്രൻ വലിയ ഹൃദയവേദനയോടെ കണ്ണുനീർ ചിന്തിക്കരയുന്നതും പിതാവു് അവനെ മാറ്റോടണച്ചിരിക്കുന്നതും ആത്മനാ ദർശിക്കുക.

൨. പ്രത്യാശയും സ്നേഹവുംകൊണ്ടു നിന്റെ ഹൃദയം സമ്പുഷ്ടമാകുവാൻ ഇടയാക്കേണമെന്നു പ്രാർത്ഥിക്കുക.

---

* ക്രിസ്തുരാജന്റെ തിരുനാളിനുള്ള ധ്യാനം ഈ പുസ്തകത്തിന്റെ അവസാനഭാഗത്തു ചേർത്തിട്ടുണ്ടു്.

ഒന്നാംവകുപ്പ്

ധൂർത്തപുത്രന്റെ പ്രത്യാഗമനം.

ധ്യാനം:— ദുരാഗ്രഹങ്ങളും നമ്മുടെ ബുദ്ധിയെ അന്ധമാക്കുന്നു. അരിഷ്ടതകളാവട്ടെ അതിനെ തെളിക്കുന്നു. പലപ്പോഴും നമ്മുടെ യഥാർത്ഥസ്ഥിതി നമ്മെ ഗ്രഹിപ്പിക്കുന്നതു് അരിഷ്ടതകളാണു്. ധൂർത്തപുത്രന്റെ അനുഭവവും ഈ തത്വത്തെ ഉദാഹരിക്കുന്നുണ്ടു്. അരിഷ്ടതകളാൽ അവൻ വലയുന്നു. കഷ്ടം! ഇപ്പോഴാണു് അവനു സുബുദ്ധിവരുന്നതു്. അതെ, അവന്റെ കണ്ണുകളും തെളിയുന്നു. തൽഫലമായി അവൻ പശ്ചാത്താപവും അനുതാപവും കൊണ്ടു് അവന്റെ ഹൃദയത്തെ ഭേദിക്കുന്നു. ഇതിനോടുകൂടി അവൻ ചെയ്യേണ്ടതു് എന്തെന്നു ദൈവവരവും അവനെ അനുസ്മരിപ്പിക്കുന്നു. അവൻ ഈ സന്ദർഭം നിഷ്ഫലമാക്കിയില്ല. അവന്റെ ഈ നൈർഭാഗ്യത്തിൽ നിന്നുരക്ഷപെടുന്നതിനു പിതാവിന്റെ പക്കലേയ്ക്കു പിന്തിരിഞ്ഞു് അദ്ദേഹത്തോടു ക്ഷമായാചനം ചെയ്കയല്ലാതെ മറുമാർഗ്ഗമില്ലെന്നു് അവൻ മനസ്സിലാക്കുന്നു. അതിനാൽ അവൻ പറയുന്നു: ഞാൻ എഴുന്നേറ്റു് എന്റെ പിതാവിന്റെ പക്കലേയ്ക്കുപോയി, അദ്ദേഹത്തോടു പറയും: "പിതാവെ, സ്വർഗ്ഗത്തിനു വിരുദ്ധമായും അങ്ങയുടെ സമക്ഷവും ഞാൻ പാപം ചെയ്തുപോയി. ഇനി അങ്ങയുടെ മകൻ എന്നു വിളിക്കപ്പെടുവാൻ എനിക്കു യോഗ്യതയില്ല. എന്നെ അങ്ങയുടെ കൂലിക്കാരിൽ ഒരുത്തനു തുല്യനാക്കി തീർക്കണമേ." ഇതു വ്യർത്ഥവിചാരമായിരുന്നില്ല. പരിപൂർണ്ണമായ പശ്ചാത്താപത്താൽ തകർന്ന ഹൃദയത്തിൽനിന്നു നിർഗ്ഗമിച്ച സ്ഥിരമുള്ള പ്രതിജ്ഞയായിരുന്നു. അതിനാൽ അവൻ എഴുന്നേറ്റു പിതാവിന്റെ പക്കലേയ്ക്കു പുറപ്പെട്ടു.

പ്രായോഗികചിന്ത:— ഇതിൽനിന്നു നമ്മുടെ ജീവൃകർത്താവു നമ്മെ ഉൽബോധിപ്പിക്കുന്നതെന്താണു്? വിരോധം അപമാനം എന്നിങ്ങനെയുള്ള പീഡകളും നമുക്കു നേരിടുമ്പോൾ നമ്മുടെ ആത്മികബലക്ഷയം, പാപപ്രകൃതി, തൽഫലമായ ദുഷ്പ്രവൃത്തികളും നികൃഷ്ടത മുതലായവയോർത്തു് ഇവയിൽനിന്നു

വിടുതൽപ്രാപിക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുന്ന ദൈവകല്പനകളായ ഉപകരണങ്ങളായിട്ടാണു നാം അവയെ പരിഗണിക്കേണ്ടതെന്നതത്രെ ഇതാണു് ജീവിതക്ലേശങ്ങളിൽനിന്നു നാം പഠിക്കേണ്ട പാഠം. ൨. ഇങ്ങിനെയുള്ള അവസരങ്ങളിൽ നാം നിരാശാഗർത്തത്തിൽ നിപതിച്ചു് അരിഷ്ടത വർദ്ധിപ്പിക്കരുതു്. സാമാന്യബുദ്ധ്യാ അവയിൽനിന്നൊഴിയാൻ മാർഗ്ഗങ്ങളും ആലോചിക്കുകയൊ, സ്ഥിരപ്രതിജ്ഞകൾചെയ്തു് ആ പ്രതിജ്ഞകൾ പ്രായോഗികമാക്കുകയൊ ചെയ്യണം. ൩. അതിന്നാവശ്യമായ ആത്മികപ്രകാശവും ശക്തിയും ധീരതയും എല്ലാം ദൈവത്തിൽനിന്നാണു നാം പ്രാപിക്കേണ്ടതു്. അതുകയാൽ അവിടുന്നു നമ്മുടെ ന്യായാധിപനാണെന്നു മാത്രം ഓർത്തു ഭയപ്പെട്ടു് അകന്നുപോകാതെ, പിതാവാകുന്നു എന്നുകരുതി പ്രത്യാശ വർദ്ധിപ്പിച്ചു് അവിടത്തെ സന്നിധിയിലേക്കു നാം ഓടി അടുക്കണം. സ്വർഗ്ഗത്തിലിരിക്കുന്ന ഞങ്ങളുടെ പിതാവെ! എന്നു് അവിടത്തെ നാം അഭിസംബോധനംചെയ്യുന്നതു് അവിടത്തെ നീതികോപത്തെ ശമിപ്പിക്കുന്നതിനും നമ്മുടെ പ്രത്യാശയെ ഉജ്ജീവിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു ഉത്തമമാർഗ്ഗമാണു്.

സ്നേഹപ്രകരണങ്ങൾ:— നിന്റെ കുറങ്ങളെ ദൈവതിരുമുമ്പാകെ ഏറ്റു പറയുക. പ്രത്യാശയിൽ നിനക്കുവന്ന കുറവിനെക്കുറിച്ചു ക്ഷമായാചനം ചെയ്യുക.

പ്രതിജ്ഞ:— എന്റെ ഞരുക്കങ്ങളിലും പ്രയാസങ്ങളിലും മാനസികപീഡകളിലും, കരുണയുടെ പിതാവും, സകല ആശ്വാസങ്ങളുടെയും കർത്താവുമായിരിക്കുന്ന ദൈവത്തിൽ ഞാൻ അഭയം പ്രാപിക്കും. (൨ കൊറി. ൧. ൩)

രണ്ടാംവകുപ്പു

ധൂർത്തപുത്രനെ സ്വപിതാവു സ്വീകരിക്കുന്നു.

ധ്യാനം:— ധൂർത്തനായ ആ മകനെ പിതാവു് എങ്ങിനെ സ്വീകരിക്കുന്നു എന്നു നോക്കുക! ഇതേപ്പറ്റി നമ്മുടെ ദിവ്യരക്ഷകൻതന്നെ അരുളിച്ചെയ്യുന്നതു് ഇങ്ങനെയാണു്: "അവൻ ദൂരത്തായിരിക്കെ പിതാവു് അവനെക്കണ്ടു; അവൻ പട്ടിണിയാൽ മെലിഞ്ഞു, വിരൂപനായിരുന്നതിനാൽ ആദ്യം ഇന്നാരെന്നു തിരിച്ചറിഞ്ഞില്ല. എന്നാൽ അറിഞ്ഞ ഉടനെ സഹതപിക്കുകയും അവന്റെ അടുക്കലേയ്ക്കു് ഓടിച്ചെല്ലുകയുംചെയ്തു. അ

പ്പോൾ അവൻ പിതാവിന്റെ പാദത്തിങ്കൽ മുട്ടുമ്മേൽവീണു, കരഞ്ഞുകൊണ്ടു പറയുന്നു: പിതാവെ, സ്വർഗ്ഗത്തിനു വിരുദ്ധമായും അങ്ങയുടെ സമക്ഷവും ഞാൻ പാപംചെയ്തുപോയി." അവന്റെ കുറ്റമേറ്റുപറയൽ അവസാനിക്കുന്നതിനു് ആ പിതാവു അവനു സമയം നൽകുന്നില്ല. യഥാർത്ഥ പശ്ചാത്താപത്താൽ അവന്റെ ഹൃദയം തകർന്നിരിക്കുന്നു എന്നു് അയാൾക്കു മനസ്സിലായി. അതിൽ ക്ലേശലായൊന്നും അവനിൽനിന്നു് അയാൾ ആവശ്യപ്പെട്ടതേയില്ല. വാത്സല്യപൂർവ്വം അവനെ എഴുന്നേൽപ്പിച്ചു് അവന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു അവനെ ചുംബിച്ചു (ലൂക്കാ. ൧൫. ൨൦, ൨൧)

പ്രായോഗിക ചിന്ത:— നമ്മുടെ ജീവപരിരക്ഷകൻ പ്രസ്താവിക്കുന്ന കരുണയും നന്മയും നിറഞ്ഞ ഈ ഉത്തമപിതാവു, നമ്മുടെ കർത്താവായ ദൈവംതന്നെയാണു്. അതെ, നാം പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ പിതാവെ എന്നു വിളിച്ചു, സന്തോഷത്തോടും ശ്രദ്ധാനന്തിയോടുംകൂടെ ആരുടെ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിച്ചിരിക്കുന്നോ ആ ദൈവംതന്നെയാണു്. എന്നാൽ പുത്രസഹജമായ ഈ നിലയെ വിസ്മരിച്ചു കൊടുംക്രൂരനായ ഒരു യജമാനനായി അവിടുത്തെ സങ്കൽപിച്ചു നമ്മുടെ പാപങ്ങളെ അവിടുന്നു ക്ഷമിച്ചോ? മുഴുവനും മറന്നിട്ടുണ്ടോ? അതോ ഇപ്പോഴും കോപിച്ചുതന്നെയിരിക്കുന്നോ? എന്നൊക്കെ വൃഥാ ശങ്കിച്ചു് അടിമകളെപ്പോലെ ഭയവിഭ്രാന്തിയോടുകൂടിയിരിക്കുന്നതു മൌഢ്യമാണു്. മാത്രമല്ല, അതു് അവിടുത്തോടു നമുക്കു ചെയ്യാവുന്നതിൽവച്ചു് അതികഠിനമായ അപരാധങ്ങളിലൊന്നായിരിക്കും. അതിനാൽ നമുക്കു വരാവുന്ന നാശവും അല്പമല്ല.

സ്നേഹപ്രകരണങ്ങൾ :— നിന്റെ കുറ്റങ്ങളെ അനുസരിച്ചു പറയുക, അവയെക്കുറിച്ചു ക്ഷമാപണം ചെയ്യുക.

പ്രതിജ്ഞ:— ഇന്നുമുതൽ ഞാൻ പ്രത്യാശയും, സന്തോഷവും സ്നേഹവും നിറഞ്ഞ ഹൃദയത്തോടുകൂടെ ദൈവത്തിനു ശുശ്രൂഷചെയ്യും.

മൂന്നാം വകുപ്പു

ധൂർത്തപുത്രനു നൽകപ്പെട്ട വിരുന്നു്.

ധ്യാനം:— ഈ ഉപമയിലെ പിതൃസ്ഥാനത്താൽ സൂചിപ്പിക്കപ്പെടുന്ന നിത്യപിതാവിന്റെ പിതൃസ്നേഹം എത്ര ഹൃദയസ്പ

ൾകമായിട്ടാണ നമ്മുടെ കത്താവു വണ്ണിക്കുന്നതു് എന്നുനോക്ക
ക. ചെയ്തുപോയ ധിക്കാരത്തെപ്പറ്റി പുത്രൻ ഉള്ളഴിഞ്ഞു കര
യുന്നതുകണ്ടഉടനെ പിതാവു് അവനോടു പൂർണ്ണമായി ക്ഷമിക്കു
ന്നു. അവൻ ചെയ്തതെല്ലാം ഒന്നായി മറന്നുകളയുന്നു. മുമ്പു് അ
വനുണ്ടായിരുന്ന സ്വാതന്ത്ര്യങ്ങളൊക്കയും വീണ്ടും നൽകുന്നു.
ഉള്ളിലുള്ള സ്നേഹവും അനുകമ്പയും ബാഹ്യക്രിയകളാൽ ആ മ
കനെ ഗ്രഹിപ്പിക്കുന്നു. മാത്രമല്ലാ ഭൃത്യന്മാരെ വിളിച്ചു പറയു
ന്നു: വീണ്ടും ഉടൻ ഒന്നാംതരത്തിലുള്ള അങ്കികൊണ്ടുവന്നു് ഇ
വനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും കാ
ലുകൾക്കു ചെരിപ്പും ഇടുവിക്കുവിൻ, മെഴുത്ത കാളക്കുട്ടിയെ
കൊണ്ടുവന്നു കൊല്ലുവിൻ. നമുക്കു ഭക്ഷിച്ചു് ആനന്ദിക്കാം. എ
ന്തുകൊണ്ടെന്നാൽ എന്റെ ഈ മകൻ മരിച്ചുപോയിരുന്നു, എ
ന്നാൽ വീണ്ടും ജീവിച്ചു, കാണാതെപോയിരുന്നു എന്നാൽ ക
ണ്ടുകിട്ടി; അതുകൊണ്ടു നാം ഭക്ഷിച്ചാനന്ദിക്കണം. (ലൂക്കാ.
൧൫. ൨൨—൨൪)

പ്രായോഗികചിന്ത:— ഇപ്പറഞ്ഞതെല്ലാം മാനസാന്തര
പ്പെട്ടുന്ന ഒരു പാപിയിൽ കൃതമായി—അക്ഷരംപ്രതി—സം
ഭവിക്കുന്നതായിക്കാണാം. മാനസാന്തരപ്പെട്ടുന്ന പാപിയോടു
നമ്മുടെ പരമപിതാവായ ദൈവം ക്ഷമിക്കുകമാത്രമല്ലചെയ്യുന്ന
തു്, അവൻ നശിപ്പിച്ചുകളഞ്ഞ നന്മകളെക്കൂടെ വീണ്ടും നൽ
കുന്നു അതായതു: അവൻ ജ്ഞാനസ്നാനത്തിൽ പ്രാപിച്ചിരുന്ന
നിഷ്കളങ്കതയുടെ ശുഭവസ്ത്രവും, തന്റെ സ്നേഹത്തിന്റെ ലക്ഷ്യ
മായ മോതിരവും, പുണ്യവഴിയിൽ സ്ഥിരമായി നടക്കുന്നതിനു
വേണ്ടിയ വരപ്രസാദമെന്ന പാദരക്ഷയും, അവനു നൽകുന്നു.
മാത്രമൊ, അവാച്യമായ മാധുര്യവും ആനന്ദവും നിറഞ്ഞ ദിവ്യ
നൽക്കരണയ്ക്കു് ആ ദിവ്യപന്തിയിൽ അവനെ ഇരുത്തുകയും
ചെയ്യുന്നു. ആകയാൽ പരമനന്മയും ഔദാര്യനിധിയുമായ ദൈ
വത്തിന്റെനേരെ നമുക്കുള്ള സ്നേഹബഹുമാനകൃതജ്ഞതകൾ എ
ത്രയ്ക്കു ചിഹ്നീഭവിപ്പിക്കണം?

സംഭോഷണം:- നമ്മുടെ സ്വർഗ്ഗീയപിതാവിനോടു സംഭോ
ഷണം ചെയ്യുക.

ഇരുപത്തിആറാം തിയ്യതി

പ്രസാദവരദാനത്താൽ നമ്മെ നിറയ്ക്കുന്ന ദൈവത്തിന്റെ നന്മബാഹുല്യം.

പ്രാരംഭം: ഫ. ധൂർത്തപുത്രന്റെ പിതാവിനാൽ സ്വീകരിക്കപ്പെടുന്ന ദൈവത്തിന്റെ നന്മബാഹുല്യത്തെ പരിവീക്ഷിക്കുക.

ഫ. സ്വർഗ്ഗീയപിതാവായ ദൈവത്തോടു പുത്രനിർവ്വിശേഷമായ സ്നേഹവും നന്ദിയും നിന്നിൽ വർദ്ധിച്ചുവരുവാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

ദൈവത്തിന്റെ അതിരില്ലാത്ത നന്മയെ മനസ്സിലാക്കുക നമുക്ക് അസാദ്ധ്യമാണ്.

ധ്യാനം:– നാം ദൈവത്തെ സ്നേഹിക്കുന്നതിനുമുമ്പ് അവിടുന്നു ആദ്യമായി നമ്മെ സ്നേഹിച്ചു, പ്രസാദവരങ്ങൾ നമുക്കു തന്നനുഗ്രഹിക്കുന്നതിൽ അവിടുന്നു കാണിക്കുന്ന അപാരമായ കരുണ അൽപമായിട്ടെങ്കിലും നാം ധ്യാനിച്ചു കഴിഞ്ഞു ധൂർത്തപുത്രന്റെ ഉപമയിൽനിന്നു നമുക്കു മനസ്സിലാക്കാം. എന്നാൽ അതിൽ വർണ്ണിക്കപ്പെട്ടിരിക്കുന്ന പിതാവിന്റെ കരുണയിൽനിന്നും നമ്മുടെ സ്വർഗ്ഗസ്ഥപിതാവിന്റെ അനുകമ്പാതിരേകം ശരിയായി ഗ്രഹിച്ചുകഴിഞ്ഞെന്നു ഒരിക്കലും തെറ്റിദ്ധരിച്ചുപോകരുതു്. ഇങ്ങനെ നാം സങ്കൽപിക്കുന്നതു മണ്ടിയ വിളക്കിനെ സൂര്യനാണെന്നു പറയുന്നതുപോലെ അബദ്ധമായിരിക്കും. ആ ഉപമയിൽ പരിശോഭിക്കുന്ന പിതൃകാരുണ്യംകണ്ടു നാം അറിയാതെതന്നെ വികാരാശ്രുക്കൾ കണ്ണിൽനിറയുന്നു. എന്നാൽ ഇതു് ദൈവികകരുണയുടെ ഒരു ലഘുവായ നിഴൽ മാത്രമാണു്. അതായതു: മാനസാന്തരപ്പെടുന്ന ഒരു പാപിയോടു ദൈവം അനുവർത്തിക്കുന്ന കരുണാനുചിതമായ നയം. അല്ലാതെ നന്ദിഹീനരായ കഠിനപാപികളുടെനേരെ അവിടുന്നു പ്രദർശിപ്പിക്കാറുള്ള അനുകമ്പയാൽ ആർദ്രമായ മനഃസ്ഥിതിയൊ, അത്തരക്കാരുടെ മാനസാന്തരത്തിൽ അവിടുന്നു കാണിക്കാറുള്ള അതിരില്ലാത്ത ഔൽസുക്യമൊ ഇതുകൊണ്ടു ഗ്രഹിക്കാവുന്നതല്ല.

പ്രായോഗികചിന്ത:— നമ്മുടെ ഹൃദയത്തെ ആകർഷിക്കാൻ കരുണയേക്കാൾ ശക്തിയേറിയതു വേറൊന്നും തന്നെ ഇല്ലെന്നു പറയാം. അതിനാൽ കരുണയുടെ ലക്ഷണങ്ങൾ എത്രയ്ക്ക് ഒരുവനിൽ പ്രത്യക്ഷപ്പെട്ടാലോ അത്രയ്ക്ക് നമ്മുടെ ഹൃദയവും അയാളുടെനേക്ക് ആകൃഷ്ടമാകാതിരിക്കയില്ല. ഇങ്ങനെയായിരുന്നിട്ടും നമ്മുടെ ഹൃദയം, കരുണാമൂർത്തിയായ ദൈവത്തിങ്കലേയ്ക്ക് ആകൃഷ്ടമാകുന്നതിനുമാത്രം ഇത്ര പ്രയാസമെന്താണ്? അവിടുത്തെ മാത്രം നാം ഇത്ര സ്വല്പമായി സ്നേഹിക്കുന്നതു് എന്തുകൊണ്ട്? അതു് അവിടുത്തെ നാം വേണ്ടവിധം അറിയാഞ്ഞിട്ടും അവിടുത്തേയ്ക്ക് നമ്മുടെ നേരെയുള്ള കരുണയേപ്പറ്റി വേണ്ടവിധത്തിൽ ചിന്തിക്കായ്കകൊണ്ടും അല്ലയൊ? ധൂർത്തപുത്രൻ തന്റെ പിതൃഗൃഹത്തിലേക്ക് മടങ്ങിച്ചെന്നപ്പോൾ ആ പിതാവ് അവന്റെ നേരെ വലിയ വാത്സല്യം കാണിച്ചു. അവൻ ചെയ്തതെല്ലാം ഒന്നായി മഹാമനസ്കതയോടുകൂടി ക്ഷമിച്ചു! ഈ പിതാവിന്റെ നേരെ ആ പുത്രൻ എത്ര വലിയ സ്നേഹവും നന്ദിയും കാണിക്കേണ്ടതാണെന്നു നമുക്കു എളുപ്പത്തിൽ ഊഹിക്കാം. എന്നാൽ നാം നമ്മുടെ സ്വർഗ്ഗീയ പിതാവിനെ പരിത്യജിച്ചു നാശഗർത്തത്തിൽ ഉഴലുകയിൽ അവിടുന്നുതന്നെ നമ്മെ അന്വേഷിച്ചുവന്നു, നമ്മെ തന്റെ പക്കലേക്ക് വിളിക്കുകയാണ് ചെയ്തിരിക്കുന്നതു്! അകയാൽ ഈ സ്വർഗ്ഗീയപിതാവിന്റെ നേരെ എത്രയധികമായ നന്ദിയും സ്നേഹവും പ്രദർശിപ്പിക്കാൻ കടക്കാരാണു് നാം!

സ്നേഹപ്രകരണങ്ങൾ:— നിന്റെ കഴിഞ്ഞ ജീവിതത്തിലെ നന്ദിഹീനതയേയും ഉദാസീനതയേയും ചിന്തിച്ചു പശ്ചാത്തപിക്കുക. മേലിൽ നിന്റെ സ്നേഹത്തിന്റെ ലക്ഷ്യങ്ങളെ ഏറ്റവും വ്യക്തമായിക്കാണിക്കുക.

പ്രതിജ്ഞ:- ദൈവസ്നേഹപ്രകരണങ്ങൾ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നു നിർഗ്ഗമിക്കട്ടെ. വെറും വാക്കുകൾ കൊണ്ടു മാത്രം തൃപ്തിപ്പെടരുതു്.

രണ്ടാംവക്കുപ്പു

ദൈവം തന്റെ നന്മയാൽ നമ്മുടെ നേരെ കാണിക്കുന്ന വിശ്വാസവും വിസ്മയകരവുമായ സാഹസം.

ധ്യാനം:— ദൈവത്തിൽ നിന്നകന്നു് നൈർമ്മോഗൃത്തി

ലും അരിഷ്ടതകളിലും കൂട്ടങ്ങി കഷ്ടപ്പെട്ടിട്ടും ദൈവത്തിന്റെ പക്കലേയ്ക്കു തിരിയുവാൻ ശ്രമിക്കാത്ത ചില പാപിഷ്ടരുണ്ട്. ഇത്തരക്കാരോട് ആ സ്വർഗ്ഗീയ പിതാവു കാണിക്കുന്ന ദയയ്ക്കു അതിരില്ലതന്നെ. ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനും സ്വർഗ്ഗീയ പിതാവിനും തമ്മിൽ ഇക്കാര്യത്തിൽ അനന്തമായ ഒരന്തരമാണുള്ളതു്. ഉപമയിലെ പിതാവു ദൈവത്തിന്റെ സാദൃശ്യമായിത്തീരുന്നതിനു് ചിലതു കൂടെ വേണ്ടിയിരിക്കുന്നു. ഏവയെന്നാൽ: ഫ ആ പിതാവു തന്നെ വിട്ടു താനൊന്നിയായി ഓടിപ്പോയ മകനെ പിന്തുടർന്നു് അവൻ താറുമാറായിത്തിരിയുന്ന ദേശങ്ങളിലെല്ലാം ചെന്നു് അവനെ അന്വേഷിക്കേണ്ടിയിരുന്നു. അക്രമത്തിലും വഷളതപൂണ്ണതയിലും മുഴുകിയിരുന്ന— അവനെക്കണ്ടു കോപിക്കാതെ വീട്ടിലേയ്ക്കു വരുവാനും മുമ്പേപ്പോലെ തന്നോടു കൂടെ വസിച്ചു തന്റെ സ്വത്തു് അനുഭവിക്കാനും വിളിക്കേണ്ടിയിരുന്നു. അവൻ വരാതിരുന്നാൽ അവനെ നിർബന്ധിക്കുകയും ചെയ്യേണ്ടതായിരുന്നു. ഇങ്ങിനെ അയാൾ മാത്രമെ ആ പിതാവു നമ്മുടെ സ്വർഗ്ഗീയ പിതാവിനു സർവ്വഥാ സദൃശനാകയുള്ളു. എന്തുകൊണ്ടെന്നാൽ ദൈവം തന്റെ പ്രസാദവരം വഴിയായി നമ്മോടു ചെയ്യുന്നതു് ഇങ്ങിനെയാണു്. എന്നാൽ നമ്മുടെ ദിവ്യരക്ഷകൻ തന്റെ ഉപമയിലെ പിതാവിൽ ഇതു അനുപാദശമായ ഗുണങ്ങളും ആരോപിച്ചില്ല. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനായ പിതാവിൽ ഇത്തരം ദിവ്യഗുണങ്ങളും അപ്രകൃതവും അവാസ്തവവുമായിരിക്കും എന്നു് അവിടുത്തേയ്ക്കു നല്ല നിശ്ചയമുണ്ടായിരുന്നു. ഈ കരുണ ദൈവികമാണു്, മാനുഷികമല്ല. അതായതു്: സകല നന്മകളുടേയും അനന്തനിധിയായിരിക്കുന്ന ദൈവത്തിനല്ലാതെ, മനുഷ്യർക്കു ഇതു പ്രദർശിപ്പിക്കാൻ സാധ്യമല്ലതന്നെ.

പ്രായോഗികചിന്ത:— മാനസാന്തരപ്പെട്ട എത്ര മഹാ പാപികളും ഈ സത്യത്തിനു സാക്ഷ്യം വഹിക്കുന്നു! എന്നല്ലാ ഒരു പക്ഷെ ദൈവത്തിന്റെ അളവറ്റ നന്മയാലും അവിടുത്തെ ദിവ്യവരത്തിന്റെ നിർബന്ധത്താലും ശക്തിയാലും ജയിക്കപ്പെട്ട, മാനസാന്തരപ്പെട്ട നീ തന്നെയും ഇതിനു സാക്ഷിയായിരിക്കും. നീ ആത്മാവുകളുടെ രക്ഷയ്ക്കായി പ്രയത്നിക്കുവാനാണെങ്കിൽ അനേകരിൽ ഈ അത്ഭുതകൃത്യം നിറവേറുന്നതു നീ കണ്ടിട്ടില്ലെന്നു നിനക്കു പറയാമോ? ചില സമയങ്ങളിൽ ഇ

ങ്ങിനെയുള്ള കാഴ്ചയാൽ നീ വിസ്മയരഹിതനായി: ഭ! ദൈവം നന്മതന്നെയാകുന്നു! നന്മനസ്സുള്ളവരോട് എത്ര നല്ലവൻ! എന്നു നിലവിളിക്കാൻപോലും ഊടയായിട്ടില്ലേ?

സ്നേഹപ്രകരണങ്ങൾ:- ദൈവത്തിന്റെ അതിരില്ലാത്ത അനുഗ്രഹത്തെ സ്തുതിച്ചു വാഴ്ത്തുകയും ആരാധിക്കുകയും ചെയ്യുക.

പ്രതിജ്ഞ:— യഥാർത്ഥമായ പരസ്നേഹം—വാക്കുകൊണ്ടു മാത്രമുള്ളവയല്ല, പ്രവൃത്തിപരമായ പരസ്നേഹം—നിന്നിലുണ്ടാവാനായി പരിശ്രമിക്കുക.

മൂന്നാം വകുപ്പു

ദൈവത്തിന്റെ നന്മയെ കൃത്യമായി, അഥവാ ഉള്ളവിധത്തിൽ വിഭാവന ചെയ്യാൻ നമ്മുടെ ബുദ്ധിയ്ക്കു സാദ്ധ്യമല്ല.

ധ്യാനം:— ഇതുവരെ ധ്യാനിച്ചുവയിൽ നിന്നു ദൈവത്തിന്റെ നന്മ സർവ്വ അതിരും അളവും കടന്നതാണെന്ന് നാം മനസ്സിലാക്കിക്കഴിഞ്ഞു പക്ഷെ ഇതിൽനിന്നു അതിന്റെ യഥാർത്ഥ സ്ഥിതി നാം കണ്ടുകഴിഞ്ഞെന്നു ഒരിക്കലും തെറ്റിദ്ധരിച്ചേക്കരുത്. നാം അറിഞ്ഞതു കേവലം അല്പം മാത്രമാണെന്നൊരു ബോധം നമുക്കുണ്ടായാൽ അതിൽ തെറ്റില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ബോധം അപൂർണ്ണമായതാണ്. മാത്രമല്ല, അനേകം ന്യൂനതകൾക്കു വശംവദവുമാണ്. ദൈവത്തിന്റെ നന്മയ്ക്കാവട്ടെ പരിധിയോ അളവോ ഇല്ല. അതിനാൽ ഏതുവിധം വർണ്ണിച്ചാലും ഏതെല്ലാം ഉപമകൾകൊണ്ടു വിശദീകരിച്ചാലും ദൈവനന്മയെ കൃത്യമായി—അതിന്റെ സ്ഥിതിക്കനുയോജ്യമായി—കാണിപ്പാനോ മനസ്സിലാക്കുവാനൊ സാദ്ധ്യമല്ലതന്നെ. അപൂർണ്ണമായതിനു അപൂർണ്ണമില്ലാത്തതിനെ അടക്കുവാൻ അഥവാ ഗ്രഹിക്കുവാൻ കഴിയുമൊ?

പ്രായോഗികചിന്ത:- ഇവയെല്ലാം ആലോചിച്ചശേഷം കരകാണാത്ത കരുണാസാഗരമായ ദൈവനന്മയെ വിസ്മയപൂർവ്വം ധ്യാനിച്ചുകൊണ്ടു വിനയത്തോടെ അവിടുത്തെ ആരാധിക്കുക. ഇതു നമ്മുടെ ബുദ്ധിയിലടങ്ങാത്ത ഒരു കാര്യമാണെങ്കിലും പ്രമാദരഹിതനായ സത്യ സ്വരൂപി തന്നെ ഇതിനെ വെളിപ്പെടുത്തിയതിനാൽ സുസ്ഥിരമായി വിശ്വസിക്കുക. നിന്നിൽ ദൈവസ്നേഹം ഉജ്ജ്വലിക്കുന്നതിനും, ഈ സ്നേഹം നി

ന്നോട്ട സഹവാസം ചെയ്യുന്നവരിലേയ്ക്ക് അവസരോചിതം സാംക്രമിപ്പിക്കുന്നതിനുമായി മേൽപറഞ്ഞ ചിന്തകളെ നിന്റെ ഹൃദയത്തിൽ ശുദ്ധമൂലമാക്കുവാൻ ശ്രമിക്കുക. ദൈവത്തെയും അവിടുന്നു നമ്മിൽ പൊഴിയുന്ന നന്മകളേയും പറ്റി എപ്പോഴും ഓർക്കുക. ഇക്കാര്യം സംബന്ധിച്ചു മറ്റുള്ളവരോട് സംസാരിക്കുക.

സംഭാഷണം:— നമ്മുടെ ദിവ്യകർത്താവിനോട് സംഭാഷണം ചെയ്യുക. പരമപിതാവിനേയും, അവിടുത്തെ നന്മ, ക്ഷമ, കരുണ ആദിയായ ഗുണ പൗഷ്കല്യങ്ങളേയും നമ്മെ അറിയിക്കാൻ ദയവുണ്ടാകേണമെന്ന് അഭ്യർത്ഥിക്കുക. അവിടുത്തെപ്പറ്റി യോഗ്യമായവിധം സംസാരിക്കാനും സർവ്വോപരി അവിടുത്തെ സ്നേഹിക്കാനും വേണ്ട അനുഗ്രഹവും യാചിക്കുക.

ഇരുപത്തിഏഴാം തിയ്യതി

ധനികനായ ഒരു മനുഷ്യന്റെയും ദരിദ്രനായ ലാസറിന്റെയും ഉപമ.

പ്രാരംഭം ഫ. "ഞാൻ ഈ അഗ്നിജ്വാലയിൽ പീഡിക്കപ്പെടുന്നു" എന്നു ധനികനായ ആ മനുഷ്യൻ നിലവിളിക്കുന്നതു ആത്മനാ ശ്രവിക്കുക.

ഫ. അനിത്യവസ്തുക്കളുടെ വ്യർത്ഥത മനസ്സിലാക്കി അവയിലൊന്നിനേയും അമിതമായി സ്നേഹിക്കാതിരിക്കാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

പ്രസ്തുത ഉപമ.

ധ്യാനം:— ഈ ഉപമയിൽ ഒരു ഭോഗത്തു് സാധുക്കളിൽ അശേഷം കരുണയില്ലാത്ത സുഖലോലുപനായ ഒരു ധനാഢ്യനെ ഈശോ പ്രദർശിപ്പിക്കുന്നു. അയാളുടെ സകല ആശകളും ഭോഗവും ധനത്തിൽമാത്രം നിക്ഷിപ്തമാണ്. ദുഃഖനർത്തനവും ആഞ്ഞടിച്ചിട്ടും സുകൃതവഴിയിൽനിന്നു് അശേഷംവ്യതിചലിക്കാ

തെ ദൈവചിത്തത്തിനു കീഴ്വഴങ്ങി ജീവിതംനയിക്കുന്ന ഒരു ദരിദ്രനാണു് മറുവശത്തു നില്ക്കുന്നതു്. ഉപമ ഇതാണു്: ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അവൻ രക്താംബരവും നേരിയതും ധരിച്ചു്, ദിനംപ്രതി ഭോജനവിശേഷങ്ങളിൽ ലയിച്ചിരുന്നു. ലാസർ എന്നു പേരായ ഒരു ഭിക്ഷുവും ഉണ്ടായിരുന്നു: ഇവൻ സർവ്വാംഗം വ്രണപ്പെട്ട ധനവാന്റെ പടിവാതുക്കൽകിടന്നുകൊണ്ടു്, ആ ധനവാന്റെ മേശയിൽനിന്നു് വീണിരുന്ന കഷണങ്ങൾകൊണ്ടു തൃപ്തിയടയുവാൻ ആഗ്രഹിച്ചിരുന്നു. എങ്കിലും അവനു് അതു കൊടുക്കുവാൻ ആരുമുണ്ടായിരുന്നില്ല. അതുമല്ല, നായ്ക്കൾ വന്നു് അവന്റെ വ്രണങ്ങളും നക്കിയുമിരുന്നു. അനന്തരം സംഭവിച്ചതു്: ആ ഭിക്ഷു മരിച്ചു് ദൈവദൂതന്മാരാൽ അവൻ അബ്രഹാമിന്റെ മടിയിലേയ്ക്കു കൊണ്ടുപോകപ്പെട്ടു. അതിന്റെശേഷം ധനവാനും മരിച്ചു. അവൻ നരകത്തിൽ അടക്കപ്പെടുകയുംചെയ്തു. (ലൂക്കാ. ഫ്രഞ്ച്. ഫൻ—വ.വ.)

പ്രായോഗികചിന്ത:— സമ്പത്തിലും സുഖസന്തോഷസമൃദ്ധിയിലും ജീവിച്ചിരുന്നവർ കേവലം ദരിദ്രരും കഷ്ടാരിഷ്ടതകൊണ്ടു് അധീനരും ആയിത്തീരുകയെന്നതു ലോകാനുഭവത്തിലെ ഒരു പുതിയ സംഭവമല്ല. അപ്രകാരംതന്നെ ദരിദ്രരായി ദാസ്യവൃത്തിചെയ്തും ധർമ്മം യാചിച്ചും കാലയാപനംചെയ്തിരുന്നവർ ധനസമൃദ്ധിയിലേയ്ക്കും പ്രാബല്യത്തിലേക്കും ആരോഹണംചെയ്തുയെന്നതും ലോകത്തിൽ അത്ര അപൂർവ്വമല്ല. ഇങ്ങനെ ഉയർന്നവർ താഴുന്നതും, താണവർ ഉയരുന്നതും ഒരു നിത്യ അനുഭവമാണു്. എന്നാൽ അനുഗ്രഹമനുഷ്യരുടെയിടയിൽ കാണാതിരുന്ന ചില വിശേഷഗുണങ്ങൾ ഇന്നു് നമ്മുടെ ഇടയിൽ കാണുന്നുണ്ടു്. അതായതു: ധനവാന്മാർ ഔദാര്യമനസ്സോടെ ദരിദ്രരെ സഹായിക്കുന്നതും അനേകം നിർദ്ധനന്മാർ തങ്ങളുടെ ദാരിദ്ര്യം നിമിത്തമുണ്ടാകുന്ന ദുഃഖങ്ങളും അനർത്ഥങ്ങളും ദൈവതിരുമനസ്സിനു വഴങ്ങിക്കൊണ്ടു സഹിച്ചു വലിയ യോഗ്യത പ്രാപിക്കുന്നതും. ആകയാൽ ധനവാനായാലുംശരി, ദരിദ്രനായാലുംശരി നന്മനസ്സുണ്ടെങ്കിൽ അക്ഷയഭാഗ്യമായ അവസാനം പ്രാപിക്കാമെന്നു് ഇതിൽനിന്നു നമുക്കു മനസ്സിലാക്കാം.

സ്നേഹപ്രകരണങ്ങൾ:— ഈ നന്മകളെല്ലാം ഈശോയുടെ ദിവ്യപഠനങ്ങളിൽനിന്നു സിദ്ധിച്ചിട്ടുള്ളവയാണെന്നു് അനുസരിച്ചു പറയുക. എന്തുകൊണ്ടെന്നാൽ ധനവാൻ തന്റെ ധന

ത്തിൽനിന്നു ദാനധർമ്മംചെയ്യാനും, ദരിദ്രൻ തന്റെ കഷ്ടതകളെ ക്ഷമാപൂർവ്വം സഹിച്ചു യോഗ്യത നേടുവാനും ഇടയായിട്ടുള്ളതു് സുവിശേഷപഠനങ്ങൾകൊണ്ടാകുന്നു.

പ്രതിജ്ഞ:— ധനവാനും നിർദ്ധനനും മുകളിൽ പറഞ്ഞതുപോലെ ചെയ്യുവാൻ കഴിയുമ്പോഴൊക്കെയും പരിശ്രമിക്കുക.

രണ്ടാം വകുപ്പു

ഈ ഉപമയുടെ ഉദ്ദേശ്യം

ധ്യാനം:— ഈ ഉപമയുടെ മുമ്പും അതിന്നു പിമ്പും ഉള്ള സുവിശേഷഭാഗങ്ങൾ ആലോചിച്ചാൽ യഹൂദന്മാരുടെയിടയിൽ പ്രാബല്യത്തിലിരുന്ന ഒരു അബദ്ധാഭിപ്രായത്തെ നിർമ്മൂലമാക്കുവാനാണു് ഈശോ ഈ ഉപമ പറഞ്ഞിട്ടുള്ളതെന്നു് മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ ഈ ലോകത്തിൽ ഒരുവനു സിദ്ധിക്കുന്ന സുഖഭാഗ്യങ്ങൾ അവന്റെ സുകൃതങ്ങളുടെ പ്രതിഫലവും അടയാളവും; ദാരിദ്ര്യം, അരിഷ്ടതകൾ, പീഡകൾ മുതലായവ പാപങ്ങൾക്കുള്ള ശിക്ഷയും അനന്തരഫലവുമാണെന്നായിരുന്നു അവരുടെ പൊതുവായ വിശ്വാസം. അതിനാൽ ഒരുവൻ അരിഷ്ടതകളിൽ പിറന്നാൽ, അഥവാ അരിഷ്ടതകൾ അനുഭവിക്കേണ്ട സ്ഥിതിയിൽ അകപ്പെട്ടാൽ, (കരുടനായിപ്പിറന്ന മനുഷ്യന്റെ ചരിത്രത്തിൽ നാം കാണുന്നതുപോലെ. യോഹ ൻ.) അവൻ വലിയ പാപിഷ്ടനും ഇതരന്മാരുടെ കരുണയ്ക്കുപോലും അയോഗ്യനുമെന്നും, പ. ഭൗമികസമ്പത്തും സുഖഭോഗങ്ങളുമുള്ളവർ വലിയ ഭാഗ്യശാലികളെന്നും അവർ തെറ്റിദ്ധരിക്കുകയും അപ്രകാരം പഠിപ്പിക്കുകയും ചെയ്യുവന്നു. ആധുനികന്മാർ അയഹൂദപ്പരീക്ഷയോളം ബുദ്ധിഹീനരല്ലെങ്കിലും സുഖഭോഗങ്ങളിലേയ്ക്കു് അനിയന്ത്രിതമായ ഒരാകർഷണം അവരിലും ഉള്ളതായിക്കാണുന്നു. ഈ ആശയാണു് അനേകം ക്രിസ്ത്യാനികളെ വഞ്ചിച്ചു്, രക്ഷാമാർഗ്ഗത്തിൽ നിന്നകറ്റി നിത്യനാശകൂപത്തിലേയ്ക്കു് വീഴിക്കുന്നതു്,

പ്രായോഗികചിന്ത:— ഇങ്ങനെ അബദ്ധാഭിപ്രായംകൊണ്ടു് ഇരുളടഞ്ഞവരുടെ ബുദ്ധിയെ തെളിച്ചു, അവരുടെ ആത്മികാന്ധത മാറുവാൻ നമുക്കു കടമയുണ്ടു്. അവരോടു സംസാരിക്കുമ്പോൾ മുകളിൽ നാം ധ്യാനിച്ചു ഗ്രഹിച്ച സത്യങ്ങളെ വിവേകപൂർവ്വം അവരെ ഗ്രഹിപ്പിക്കാനും അവരുടെ മന

സ്സിൽ സ്ഥിരപ്പെട്ടുത്തുവാനും ശ്രമിക്കുക. ഇങ്ങനെ നമ്മുടെ ഉദ്ദേശം അനായാസേന സാധിക്കാം. ഇതിനു തക്കതരം നമുക്കില്ലെന്നു തോന്നുന്നെങ്കിൽ അതു യഥാർത്ഥമായ ശുഷ്കാന്തിയുടെ അഭാവംകൊണ്ടുമാത്രമാണു്. യഥാർത്ഥമായ ശുഷ്കാന്തി ഉള്ളപക്ഷം തക്കവും തരവും ഉണ്ടാക്കുവാൻ നാം പ്രാപ്തരാകാതിരിക്കയില്ല. എന്നാൽ ശുഷ്കാന്തി നിന്നിൽ ഏതു സ്ഥിതിയിൽ ഇരിക്കുന്നു? മാന്ദ്യാവസ്ഥയിലൊ ജീവാവസ്ഥയിലൊ?

സ്നേഹപ്രകരണങ്ങൾ: — വിശ്വാസവും ഇതരന്മാരുടെ ആത്മരക്ഷയിൽ ശുഷ്കാന്തിയും നിന്നിൽ വർദ്ധിച്ചുവരുവാൻ പ്രാർത്ഥിക്കുക.

പ്രതിജ്ഞ:- മറ്റുള്ളവരോടു സൗഹാർദ്ദമായി സംസാരിക്കുമ്പോൾ ക്രമേയും വിശ്വാസസത്യങ്ങളെ ഇടയ്ക്കു സംഘടിപ്പിയ്ക്കുന്നതുള്ള അവസരം വിട്ടുകളയാതിരിക്കുക.

മൂന്നാം വകുപ്പു

ഈ ഉപമയുടെ ഫലം.

ധ്യാനം:— ഈ ഉപമയെപ്പറ്റിയുള്ള ധ്യാനത്താൽ നാം പ്രാപിക്കേണ്ട ഫലം എന്താകുന്നു? അതു് ഈ ജീവിതത്തോടുക്രമേ അവസാനിക്കുന്നതും നിത്യത്വത്തിൽ ഉപകരിക്കാത്തതുമായ യാതൊന്നിനേയും അവലംബമാക്കരുതു് എന്ന തത്വബോധം നമ്മിലുണ്ടാക്കുക എന്നിതാണു്. അങ്ങിനെതന്നെ, സുകൃതങ്ങളേയും ദൈവത്തിനു പ്രസാദകരങ്ങളായ കാര്യങ്ങളേയും, പ്രത്യേകമായി നമ്മുടെ പാപപരിഹാരത്തിനും ആത്മികനന്മയ്ക്കും ഉപകരിക്കത്തക്കവിധം നമുക്കു നേരിടുന്ന അപമാനങ്ങൾ, സങ്കടങ്ങൾ ആദിയായവയേയും നാം വളരെ ആദരിച്ചു സ്നേഹിക്കണമെന്നും ഈ ഉപമ പ്രബോധിപ്പിക്കുന്നു.

പ്രായോഗികചിന്ത:— നിന്റെ മന്ദബുദ്ധിയാലൊ, സാമർത്ഥ്യക്കുറവുകൊണ്ടൊ, സുഖഹീനതയാലൊ, ശാസ്ത്രപരിജ്ഞാനക്കുറവുനിമിത്തമൊ, കാര്യപ്രാപ്തിക്കുറവുകൊണ്ടൊ, ഇതരന്മാർ നിന്നെ താഴ്ത്തുകയും ഒടുവിലെത്തവൻ എന്നാല്ല പ്രയോജനരഹിതൻ, എന്നുതന്നെ കരുതുകയും ചെയ്തേക്കാം. ഇതോടുക്രമേ നിന്റെ ശരീരത്തിൽ വിവിധപീഡകളും അനുഭവപ്പെട്ടേക്കാം. ഇങ്ങിനെയായാലും നീ അസ്വസ്ഥനാകാതെയും അധൈര്യപ്പെട്ടു

പിറുപിറുക്കാതെയും ഇരിക്കാൻ സൂക്ഷിക്കുക. ഇവയൊക്കയും എളിമ, ക്ഷമ, ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം തുടങ്ങിയായ പുണ്യങ്ങളും നീ അഭ്യസിച്ച് സ്വർഗ്ഗത്തിൽ വലിയ മഹത്വം പ്രാപിക്കുന്നതിനുവേണ്ടി ഈശോ തന്റെ അനന്തകരുണയാൽ നിനക്കു നൽകുന്ന ഉത്തമ അവസരങ്ങളും എന്നു വിശ്വസിച്ച് അവിടുത്തേയ്ക്കു സ്തോത്രവുംചെയ്യുക. ഈവിധം നീ ചെയ്യുവരുണ്ടോ? നിന്നിൽ തിരുത്തേണ്ടവയെത്രെല്ലാം!

സംഭാഷണം:— നിന്റെ കാവൽമാലാഖയോടു സംഭാഷണം ചെയ്യുക.

ഇരുപത്തിയെട്ടാം തിയ്യതി.

ആ ധനവാനു സിദ്ധിച്ച നരകത്തെക്കുറിച്ച്.

പ്രാരംഭം. ഫ. ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു. (ലൂക്കാ. ഛന്ന. ൦൬) എന്നു ഈശോ അരുളിച്ചെയ്യുന്നതു ആത്മനാ ശ്രവിക്കുക.

൦. ദൈവഭയം സദാ നിന്നിലുണ്ടായിരിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പു

നരകത്തെക്കുറിച്ചുള്ള വിചാരം

ധ്യാനം:— ആ ധനവാന്റെ ഭയാനകവും വിലപനീയവുമായ അന്ത്യത്തെപ്പറ്റിയുള്ള വിവരണം നരകത്തെക്കുറിച്ചുള്ള വിചാരം നമ്മിൽ അങ്കുരിപ്പിക്കുന്നു. നരകത്തെക്കുറിച്ചു ചില പ്പോഴൊക്കയും ധ്യാനിപ്പാൻ നമുക്ക് ആവശ്യമുണ്ട്. എന്തുകൊണ്ടെന്നാൽ ഈ ധ്യാനം നമ്മിൽ രക്ഷാകരമായ ദൈവഭയം ജനിപ്പിക്കുകയും നിലനിറുത്തുകയുംചെയ്യും. വിശേഷിച്ചും, നാം സന്ന്യാസികളോ, വൈദികരോ ആരായാലും ബോധാന്ധകാരവും ഉദാശകളുടെ ക്ഷോഭവും പ്രബലമായുണ്ടാകുന്ന അവസരങ്ങളും നമുക്കും നേരിടും. ഇത്തരം വിഷമാവസരങ്ങളിൽ നൽപഥത്തിൽനിന്നു വ്യതിക്രമിക്കാതിരിക്കാൻ നിത്യപീഡകളെ

ക്കുറിച്ചുള്ള ധ്യാനം വലിയ സഹായമായിരിക്കും. ഇതിനാലാകുന്നു ഈശോ ജനങ്ങളോടു ഉപദേശിച്ചിരുന്നപ്പോൾ എന്നല്ലാ, അപ്പോസ്തോലന്മാരോടു ഉപദേശിച്ചിരുന്നപ്പോൾപ്പോലും നരകത്തെക്കുറിച്ചു പലപ്പോഴും പ്രസ്താവിക്കാറുണ്ടായിരുന്നതു".

പ്രായോഗികചിന്ത:- നരകത്തെക്കുറിച്ചുള്ള ധ്യാനം നമ്മുടെ സുകൃതാഭിവൃദ്ധിക്കും വലിയ സഹായമായിരിക്കും. ഈ ധ്യാനം നിമിത്തം വിശുദ്ധ ഫ്രാൻസീസ് ബോർജ്ജ സുകൃതത്തിൽ വലിയ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഈ മഹാത്മാവു്, താൻ നരകത്തിന്റെ വക്കിൽ ഇരിക്കുന്നതായി വിചാരിച്ചു, നശിച്ചു പിശാചുക്കളായിപ്പോയ ദൈവദൂതന്മാരേയും വിവിധ അന്തസ്സിലുള്ള മനുഷ്യരേയും വിശ്വാസഭ്രഷ്ടന്മാർ ദർശിച്ചുകൊണ്ടു തന്നോടുതന്നെ ഇങ്ങനെ ചോദിച്ചിരുന്നു: ഫ്രാൻസീസേ, ഇതാ നിനക്കുള്ള സ്ഥാനം! ഇതാ നിനക്കവരേണ്ടതായിരുന്ന ശിക്ഷകൾ! ഏക ചാവുദോഷത്താൽ നശിച്ച ഇത്രയേറെ ദൈവദൂതന്മാരെക്കാൾ ഈ ശിക്ഷയ്ക്കു യോഗ്യൻ നീയല്ലയൊ? ചെയ്ത പാപത്തിന്നുവേണ്ടി തപസ്സും മറുപരിഹാരപ്രവൃത്തികളും ചെയ്വാൻ സമയം കിട്ടാതെപോയ ഇത്രവളരെ ജനങ്ങളെക്കാൾ ഈ ശിക്ഷയ്ക്കു കൂടുതൽ അർഹത നിനക്കില്ലയൊ? ഇങ്ങനെയുള്ള വിചാരങ്ങൾനിമിത്തം ഇദ്ദേഹം അത്യഗാധമായ എളിമയുള്ളവനായിത്തീരുകയും, താൻ എല്ലാവരിലും ഏറ്റവും നീചനെന്നു കരുതി തന്നെത്താൻ അത്യധികം നിന്ദിച്ചുവരികയും ചെയ്തിരുന്നു. ഇതിനെക്കുറിച്ചു് ഈ മഹാത്മാവിന്റെ ചരിത്രത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതു വായിച്ചാൽ വിശ്വസിക്കാൻ പ്രയാസമെന്നു തോന്നിപ്പോകും. കൂടാതെയും ഇദ്ദേഹം വലിയ ജ്ഞാനിയായിരുന്നെങ്കിലും സ്വജ്ഞാനത്തെ വിശ്വസിക്കാതെ സകലത്തിലും ഇതരന്മാരുടെ ഉപദേശത്തെ ആശ്രയിക്കുകയും സ്വല്പകാര്യങ്ങളിൽക്കൂടെയും മറ്റുള്ളവരോടു് ആലോചന ചോദിക്കുകയും ചെയ്തിരുന്നു. കഠിനതരമായ പരീക്ഷകളെ ഈ വിചാരംകൊണ്ടാണു പലപ്പോഴും അദ്ദേഹം ജയിച്ചിരുന്നതു്. ഈ വിചാരത്താൽതന്നെ ഭക്തിയും ശുഷ്കാന്തിയും ദൈവസ്നേഹവും അത്യധികം വർദ്ധിക്കുകയും പരസ്നേഹസംബന്ധമായ വലിയ കാര്യങ്ങളിൽ ഏർപ്പെട്ടുന്നതിനു ധൈര്യം ലഭിക്കുകയുംചെയ്തു നാമും ഈ വിശുദ്ധനെപ്പോലെ നരകപീഡകളെക്കുറിച്ചു ധ്യാനിച്ചാൽ സകലവിധ പുണ്യങ്ങളിലും വലിയ വർദ്ധനവു പ്രാപി

ക്കുമെന്നതിന്നു സന്ദേഹമില്ല.

സ്ഥലപ്രകരണങ്ങൾ:— ഇതു പ്രയോജനകരമായ ധ്യാന വിഷയവും ആ വിഷയത്തെക്കുറിച്ചു ധ്യാനിക്കേണ്ട വിധവും നിന്നെ ഗ്രഹിപ്പിച്ചതിനെക്കുറിച്ചു ദൈവത്തിന്നു സ്തോത്രം ചെയ്യുക.

പ്രതിജ്ഞ:— ഈ ധ്യാനംകൊണ്ടു നിനക്കു് ആത്മിക പ്രയോജനം വരുത്തുവാൻ ശ്രമിക്കുക.

രണ്ടാം വകുപ്പു.

നരകപീഡകൾ.

ധ്യാനം:- ഈ ജീവിതം അവസാനിച്ചിട്ടു പരലോകത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ, പ്രത്യേകമായി നരകത്തിന്റെയും അതിലെ അതികഠോര പീഡകളുടെയും സ്ഥിതി, വേണ്ടവിധത്തിൽ ഗ്രഹിക്കാൻ ഇപ്പോൾ നമുക്കു സാധിക്കുന്നതല്ല. അതിനാൽ പൊതുവിധിദിവസത്തിൽ ഈശോ പാപികളോടരുളിച്ചെയ്യുവാനിരിക്കുന്ന ആ ഭയങ്കര വാക്യത്തെയെങ്കിലും ചിന്തിക്കുക. അതായതു: ശാപമേറ്റവരെ— നിങ്ങൾ എന്നെവിട്ടു...നിത്യാഗ്നിയിലേക്കു പോകുവിൻ. (മത്തേ. ൨൫. ൪൧.) എന്നെ വിട്ടുപോകുവിൻ എന്നു് അവിടുന്നു് അരുളിച്ചെയ്യുന്നു! ആകയാൽ നരകമെന്നു പറയുന്നതു പരത്തിൽ, അളവറ്റ നന്മസമ്പൂർണ്ണനായ ദൈവത്തെ നിത്യകാലത്തേയ്ക്കും വിട്ടുപിരിഞ്ഞിരിക്കുന്ന ഭീകരാവസ്ഥയാണു്. അതിനാൽ നരകത്തിൽ നിപതിക്കുന്നവനു് ആ ശാപവാക്യമായ ഒരു വിചാരത്തിന്നു പോലും ഒരിക്കലും വകയില്ല. "ശാപമേറ്റവരെ" എന്നു് അവിടുന്നരുളിച്ചെയ്യുന്നു. അയ്യോ! ദൈവത്തിന്റെ ശാപം തന്റെ തിരു അധരങ്ങളിൽനിന്നുതന്നെ അവർ ശ്രവിക്കുന്നു! ആകയാൽ ഇനി ആർക്കു അവരുടെമേൽ കരുണയുണ്ടാകും? അവരുടെ ആത്മാവിലും ശരീരത്തിലും ബുദ്ധിയിലും മനസ്സിലും സകലത്തിലും ശാപം. ക്ഷണികവും ഹീനവും അക്രമവും ലജ്ജാവഹവുമായ കാര്യങ്ങളെപ്രതി മോക്ഷസൗഭാഗ്യത്തെ കൈവിട്ടുകളഞ്ഞല്ലൊ എന്ന ഘോരമായ പീഡയും നൈരാശ്യവും അവരെ ഇടവിടാതെ ബാധിക്കും. പോരാ, ശരീരത്തിലും അവർക്കു ശാപം! പഞ്ചേന്ദ്രിയങ്ങളും എല്ലാറ്റിലും ശാപമുണ്ടാകും. കാഴ്ചയിലും, കേൾവിയിലും, ഘ്രാണത്തിലും, രസത്തിലും ശാപംതന്നെ. വിശേഷിച്ചും "നിത്യാഗ്നിയിലേക്കു

പോകുവിൻ" എന്നും അവിടുന്നരുളിച്ചെയ്യുന്നു! തീയിൽ കിടന്നു സാവധാനത്തിൽ വെന്തുരുകി മരിക്കുന്നതു മഹാ നിഷ്ഠുര മരണമെന്നു വിചാരിക്കുന്നു. അങ്ങിനെയെങ്കിൽ ആ ഭയങ്കര നരകത്തീയിൽ കിടന്നു സദാ വെന്തുരുകുകയും ഒരിക്കലും മരിക്കാതെ എന്നും നവംനവങ്ങളായ പീഡകൾക്കു വശംവദരായിക്കൊണ്ടിരിക്കയും ചെയ്യുന്നതു് എത്തൊരു ഭയങ്കര ജീവിതമായിരിക്കും!!! അഹോ! മനുഷ്യർ ഇതു വേണ്ടവിധം ചിന്തിച്ചിരുന്നാൽ— ആ അത്യഗാധമായ അഗ്നികുണ്ഡലം അവരുടെ ദൃഷ്ടിപഥത്തിൽ ഉണ്ടായിരുന്നാൽ— പാപംചെയ്യാൻ അവർ തുനിയുമൊ? പാപം ചെയ്തുപോയാൽ സപ്പല്പസമയത്തേക്കുപോലും സൈര്യമായിരിക്കാൻ അവക്കു സാധിക്കുമോ? ഇന്നിന്നാ സംഗതികൾ ചെയ്യണം. അഥവാ ഇന്നിന്നവ പരിത്യജിക്കണം എന്നു് ആദ്ധ്യാത്മികഗുരു ഉപദേശിക്കുമ്പോൾ എനിക്കു് അതു അസാദ്ധ്യമെന്നു പറയുമൊ? ഒരിക്കലുമില്ല. മാത്രമല്ല, കർത്താവെ, നിത്യതപ്തത്തിൽ എന്നോടു ക്ഷമിച്ചാൽ മതി, ഈ ലോകത്തിൽ നിന്റെ ഇഷ്ടംപോലെ എന്നെ മർദ്ദിക്കയൊ ലഹിപ്പിക്കുകയൊ ചെയ്തുകൊള്ളുക എന്നു പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

പ്രായോഗികചിന്ത:— നീ ഇപ്പോൾ ധ്യാനിച്ച ഭയങ്കരസത്യങ്ങൾ നിന്റെ ബോധത്തിലും ഹൃദയത്തിലും ഗാഢമായി പതിച്ചുതരേണമെന്നു ദൈവത്തെ പ്രാർത്ഥിക്കുക. ഉത്തമമനസ്താപം ലഭിക്കാൻ ശ്രമിക്കുന്നതുകൂടാതെ നിന്റെ സ്വഭാവശുദ്ധിയിൽ ഒരിക്കലും ആശ്രയിക്കാതെയും നിന്നെ നിന്ദിച്ചും ജീവിക്കുക. നിന്റെ ദുരാശകളോടെതിർക്കുക. അവ എത്ര ബലമേറിയതായിതോന്നിയാലും നരകപീഡകളെ ഓർത്തുകൊണ്ടു് അവയെ ജയിക്കുക. "നിന്റെ അവസാനത്തിൽ സംഭവിക്കുന്നവയെ നീ ഓർക്കുക. എന്നാൽ ഒരിക്കലും നീ പാപംചെയ്കയില്ല" എന്നു പരിശുദ്ധാത്മരൂപി അരുളിച്ചെയ്തിരിക്കുന്നു. നരകത്തെക്കുറിച്ചുള്ള ഈ ചിന്ത നിന്റെ ദുരാഗ്രഹങ്ങളെ സംയമനംചെയ്യാൻ സഹായിക്കും. അതു വിജയങ്ങളിൽ നിന്നെ വിനയശാലിയും നിന്റെ അന്തസ്സിലും ഉദ്യോഗത്തിലും നിനക്കു ദുഷ്കരവും വിഷമതരവുമായി തോന്നുന്നവയെ ഔദാര്യത്തോടും ധീരതയോടുംകൂടെ ജയിക്കാൻ ശക്തനും ആക്കും. ഇങ്ങനെ നന്മയിൽ സ്ഥിരതയും നിത്യരക്ഷയും ഇതുവഴിയായി പ്രാപിപ്പാനിടയാകും. മാത്ര

മല്ല, ഇതരന്മാരുടെ നിത്യരക്ഷയെക്കുറിച്ചും വലിയ ആഗ്രഹം നിന്നിൽ ജനിക്കയും അതിനുള്ള മാർഗ്ഗങ്ങളെ ധീരതയോടെ പ്രയോഗിക്കയും ചെയ്യും.

സംതോഷണം:— കാട്ടാളസ്വഭാവികളായ അനേകജാതികൾക്കു മതബോധനംചെയ്കയും അനേകരെ നരകത്തിന്റെ വായിൽനിന്നു രക്ഷിക്കുകയുംചെയ്ത സീമോനും യൂദായുമെന്ന അപ്പോസ്തോലന്മാരോടു സംതോഷണംചെയ്ക. ഇന്നു തിരുസ്സഭ ഇവരുടെ തിരുനാൾ ആചരിക്കുന്നു.

ഇരുപത്തിഒമ്പതാം തിയ്യതി

ഈശോയുടെ സ്നേഹാർദ്രതയും ശാന്തതയും ശ്രേഷ്കാന്തിയും.

പ്രാരംഭം ഫ. ഈശോ ശിഷ്യക്കളുടെമേൽ കൈനീട്ടി അവരെ അശീർവ്വദിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ. നിന്റെ ദിവ്യമാതൃകയായിരിക്കുന്ന ഈശോയിൽ പ്രശോഭിക്കുന്ന പുണ്യങ്ങൾ നിന്നിലും ഉണ്ടാകുവാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാം വകുപ്പു

ഈശോയുടെ ശാന്തശീലം

ധ്യാനം:— സുവിശേഷത്തിൽ എഴുതിയിരിക്കുന്ന ഒരു സംഭവം ആലോചിച്ചാൽ നമ്മുടെ കർത്താവു് എപ്പോഴും, എല്ലാവരോടും എത്ര അഭംഗമായ ശാന്തതയും വാത്സല്യവും കാണിച്ചിരുന്നു എന്നും, ഏതു തരക്കാരെയും എത്ര കരുണയോടെ സ്വീകരിച്ചിരുന്നെന്നും നമുക്കു ഗ്രഹിക്കാം. എന്തുകൊണ്ടെന്നാൽ ഒരുദിവസം അവിടുന്നു വിവാഹബന്ധത്തെയും പൂർണ്ണവിശുദ്ധിയുടെ മഹത്വത്തെയും കുറിച്ചു് ഉപദേഷ്ടാക്കന്മാരോടും ഫരിസേയരോടും തർക്കിച്ചുകൊണ്ടിരിക്കുമ്പോൾ "അവിടുന്നു ശിശുക്കളുടെമേൽ കൈകൾ വച്ചു പ്രാർത്ഥിക്കുന്നതിനായി അവരെ അവിടുത്തെ അടുക്കൽകൊണ്ടുവന്നു". ഈ സമയത്തു് ആ ശിഷ്യന്മാർ അവരെ അവിടുത്തെ അടുക്കൽ കൊണ്ടുചെന്നതു് അത്ര ഉചിത

മായില്ലെന്നുള്ളതു് വാസ്തവമാണു്. അതിനാൽ "ശിഷ്യർ അവരെ ശകാരിച്ചിരുന്നു. അപ്പോൾ യേശു അവരോടു പറഞ്ഞു. ശിശുക്കളെ വിടുവിൻ എന്റെ അടുക്കൽ വരുന്നതിൽനിന്നു അവരെ നിരോധിക്കേണ്ട." (മത്തേ. ഫൻ. ഫമ, ഫര്.)

പ്രായോഗികചിന്ത:— ഏതു സമയത്തും തങ്ങളുടെ അടുക്കൽ വരുന്ന എല്ലാവരേയും ആകർഷണീയമായ അടക്കത്തോടും സ്നേഹത്തോടും ശാന്തതയോടുംകൂടെ സ്വീകരിക്കയും, ആശ്വാസജനകമായ ശ്രദ്ധയോടും ആദരവോടുംകൂടെ അവരെ ശ്രവിക്കുകയും ചെയ്യുന്ന സ്വഭാവത്തെയാണു് മാധുര്യശീലം, അഥവാ സ്നേഹസ്വഭാവം എന്നു പറയുന്നതു്. ഇതു ദൈനാധികാരികർക്കും, ആത്മരക്ഷയ്ക്കായും പരസ്നേഹസംബന്ധമായുമുള്ള വേലകളിൽ ഏർപ്പെട്ടിരിക്കുന്ന സന്ന്യാസികർക്കും വളരെ പ്രയോജനകരവും ആവശ്യകവുമായ ഒരു സൽഗുണമാണു്. ഈ സൽഗുണം നിന്നിൽ ശോഭിക്കുന്നുണ്ടോ? ചിലപ്പോൾ നിന്റെ അടുക്കൽ വരുന്നവരെ നീ വിരസതയോടുകൂടെ വീക്ഷിക്കുകമാത്രമല്ല, കോപിച്ചു നിരസിക്കുകതന്നെയും ചെയ്യുന്നില്ലയൊ? ചിലപ്പോൾ അന്യരോടു നീ സ്നേഹവും ശാന്തതയും, നിന്റെ സഹോദരന്മാരോടു് അഥവാ നിന്റെ കീഴുള്ളവരോടു കടുപ്പവും കോപവും പ്രദർശിപ്പിക്കുന്നില്ലയൊ?

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാം അനുസരിച്ചു പശ്ചാത്തപിക്കുക. മേലാൽ ഈശ്വരതെറ്റുകളിൽ അകപ്പെടാതിരിക്കാനുള്ള അനുഗ്രഹം ദൈവത്തിനു സമർപ്പിക്കുക.

പ്രതിജ്ഞ:— എപ്പോഴും പ്രത്യേകമായി വിവിധജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോഴും എല്ലാവരോടും ശാന്തതയും ഉപചാരവുമുള്ളവനായിരിക്കാൻ ഞാൻ ശ്രമിക്കും.

രണ്ടാംവകുപ്പു

ഈശോയുടെ ആർദ്രത.

ധ്യാനം:— ആ മാതാക്കളെ തങ്ങളുടെ ശിശുക്കളോടുകൂടെ തന്നെ സമീപിക്കുന്നതിനു അനുവദിക്കമാത്രമല്ല അവിടുന്നു ചെയ്തതു്, ആ ശിശുക്കളുടെ നേർക്കു തനിക്കുള്ള പൈതൃകമായ വാത്സല്യത്തെയും ഉദാരമായ ശ്രദ്ധയെയും ഒരു യഥാർത്ഥ പിതാവിനെപ്പോലെ അവിടുന്നു് ഈ അവസരത്തിൽ പ്രത്യക്ഷീകരിക്കയും കൂടെ ചെയ്തു. അതിനാൽ "ആ ശിശുക്കളെ" തലോ

ടിക്കൊണ്ടും അവരുടെമേൽ കരങ്ങളും വച്ചുകൊണ്ടും അവരെ ആശീർവ്വദിച്ചു.

പ്രായോഗികചിന്ത:— ഈശോ ഈ ശിശുക്കളുടെമേൽ ഇത്ര സ്നേഹാർദ്രത കാണിച്ചതിനുള്ള കാരണം എത്ര പരിശുദ്ധവും ഉന്നതവുമായിരുന്നു! എന്തുകൊണ്ടെന്നാൽ ആ ശിശുക്കളിൽ ഓരോരുത്തരിലും തന്റെ പരമപിതാവിന്റെ ഛായയുണ്ടായിരുന്നു. അങ്ങനെ തന്നെ അമൂല്യവും പരലോകോദ്ധാരണവും നിയുക്തവും പിശാചിന്റെ അഭിയോഗങ്ങൾക്കവിഷയവുമായ ഒരു അനശ്വരാത്മാവ് അവരിൽ അധിവസിക്കുന്നുണ്ട്. അതിനാലാണ് അവിടുന്ന് അവരെ സ്നേഹിച്ചത്. നീയും നിന്റെ അധീനതയിലുള്ള ശിശുക്കളെ സ്നേഹിക്കുന്നുണ്ടോ? ഈ സ്നേഹം സ്വഭാവാതീതമായ കാരണത്തിൽ നിന്നുള്ളതാണോ? അതോ, നിന്റെ സ്വഭാവത്തിന്റെയും ജഡത്തിന്റെയും പ്രേരണയിൽ നിന്നുത്ഭവിക്കുന്നതാണോ? ഇക്കാര്യത്തിൽ നിന്നെ അശേഷം വിശ്വസിക്കാതെ ജാഗ്രതാപൂർവ്വം സൂക്ഷിച്ചുകൊള്ളുക. നിന്നെക്കാൾ ഉത്തമരും പുണ്യത്തിൽ സ്ഥിരത പ്രാപിച്ചവരുമായ അനേകം സന്ന്യാസികളും ക്രമേണ വിലപനീയമായ തെറ്റുകളിലും വിപത്തുകളിലും അകപ്പെട്ടുപോയിട്ടുണ്ട്. അവർമൂലം സഭയ്ക്കും ദുഷ്കീർത്തി വന്നിട്ടുണ്ട്. എന്തെന്നാൽ ഒരുവന്റെ കുറ്റത്തെ സഭയുടെമേൽ ആരോപിക്കുകയാണ് ലോകസ്വഭാവം.

സ്നേഹപ്രകരണങ്ങൾ:— പിശാചിന്റെ സകല തന്ത്രങ്ങളിൽനിന്നും കർത്താവെ ഞങ്ങളെ നീ രക്ഷിക്കേണമെ.

പ്രതിജ്ഞ:— എന്നെത്തന്നെ അവിശ്വസിച്ചുകൊണ്ടും എന്റെ അഭ്യന്തര ശത്രുതയെ പാലിക്കുവാൻ ശ്രമിച്ചുകൊണ്ടും ഈ വിഷയത്തിൽ ഞാൻ വിവേകപൂർവ്വം വർത്തിക്കും.

മൂന്നാംവകുപ്പ്

ഈശോയുടെ ശുശ്രൂഷക്കാന്തി.

ധ്യാനം:— ദിവ്യരക്ഷകനെക്കൊണ്ട് ആശീർവ്വദിപ്പിക്കുന്നായി ശിശുക്കളെ കൊണ്ടുവരപ്പെട്ടപ്പോൾ ഉണ്ടായതുപോലൊരു സംഗതിയും നാം ഗവുനിക്കേണ്ടതായുണ്ട്. തന്നെ ചുറ്റിക്കൂടിയിരുന്ന ജനാവലിയെ ചില ജീവിതതത്വങ്ങൾ ഉപദേശിക്കാനാരംഭിച്ചതെ ഈശോ ഈ അവസരം വിനിയോഗിച്ചു. "അതിനാൽ ശി

ശുക്രം എന്റെ അടുക്കൽ വരുവാൻ വിടുവിൻ" എന്നരുളിയതിനെ തുടർന്ന പറഞ്ഞു: "ദൈവരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു· ശിശുവിനെപ്പോലെ ദൈവരാജ്യം കൈക്കൊള്ളാത്ത ഒരുവനും അതിൽ പ്രവേശിക്കുകയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു·" (ലൂക്കാ· ക്രവ. ക്രന്യ, ക്രറ) അഹങ്കാരികളും ശഠന്മാരുമായ ഫരിസേയരെ ഒരു വിധത്തിലും അനുകരിക്കാതെ ഒരു ശിശുവിനെപ്പോലെ നിഷ്കപടതയോടും വിധേയത്വത്തോടുംകൂടെ തന്റെ ദിവ്യപഠനങ്ങൾ അനുസരിക്കേണ്ടതാണെന്നു് ഈ വാക്കുകളാൽ ദിവ്യരക്ഷകൻ തന്റെ ശ്രോതാക്കളെ പ്രബോധിപ്പിക്കുന്നു.

പ്രായോഗികചിന്ത:— ഈശോയുടെ ദൃഷ്ടാന്താനുസരണം നീയും നിന്റെ സഹോദരന്മാരുടെയും മറ്റുള്ളവരുടെയും സുകൃതാഭിവൃദ്ധിയെ എപ്പോഴും ആഗ്രഹിക്കുകയും കിട്ടുന്ന അവസരങ്ങളെ ഫലപ്രദമാക്കുകയും ചെയ്യുവരുന്നുണ്ടോ? ശുഷ്കാന്തിപൂർവ്വകമായ ഈ തഴക്കം നിന്നിലുണ്ടോ? നിന്റെ സംഭാഷണങ്ങളിലും എഴുത്തുകളിലും സുകൃതവാസനയുണ്ടോ? നമ്മുടെ സംഭാഷണങ്ങളിൽ യഥാവസരം പ്രയോഗിക്കുന്ന ചില ചുരുങ്ങിയ വാക്കുകൾ ആശാസ്യമായ പല ഫലങ്ങൾ പുറപ്പെടുവിക്കും. നീ ഇക്കാര്യത്തിൽ ഒരു പക്ഷെ ഉദാസീനനായിരിക്കും. എന്നാൽ ദൈവം ഇതൊക്കെക്കുറിച്ചും നിന്നോടു കണക്കു ചോദിക്കാതിരിക്കയില്ല· അതുകൊണ്ടു നിന്റെ കഴിഞ്ഞ ഉദാസീനതകളെ പരിഹരിക്കാൻ ശ്രമിക്കുക.

സംഭാഷണം:— നമ്മുടെ ദിവ്യരക്ഷകനോടു സംഭാഷണം ചെയ്യുക. ശിശുക്കളിൽ സ്വാഭാവികമായുള്ള നിഷ്കപടത നിന്നിൽ സ്വഭാവാതീതമായി ഉണ്ടാകുവാൻ വരം നൽകേണമെന്നു് അഭ്യർത്ഥിക്കുക. "സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കാൻ" അവിടുന്നു് ആജ്ഞാപിക്കുന്നു· (മത്തേ. ക്രറ· ക്രന്യ.) ദൈവത്തോടുള്ള പരമാർത്ഥത ഉദ്ദേശശുദ്ധിയിലും ശ്രേഷ്ഠന്മാരോടുള്ളതു് ഹൃദയഗോപനംകൂടാതെയുള്ള വർത്തനത്തിലും നമ്മുടെ സഹോദരന്മാരോടുള്ളതു് ഓരോ കാര്യങ്ങളെക്കുറിച്ചു നമുക്കുള്ള അറിവു് ഏതു വിധമൊ ആ വിധം തന്നെ അവരെയും സംഗതികളും ഗ്രഹിപ്പിക്കുന്നതിൽ അഥവാ കൗശലവും സൂത്രവും കൂടാതെയുള്ള സംസാരത്തിലും അടങ്ങിയിരിക്കുന്നു.

മുപ്പതാം തിയ്യതി

ഫരിസേയനേയും ചുങ്കക്കാരനേയും കുറിച്ചുള്ള ഉപമ.

പ്രാരംഭം ഫ. ഈശോയുടെ വചനങ്ങളും ഫരിസേയർ വിദ്വേഷത്തോടെ ശ്രവിക്കുന്നു.

ഫ. സന്തോഷത്തോടും ഫലപ്രാപ്തിയോടുംകൂടെ ഈശോയുടെ വചനങ്ങളും കേൾപ്പാൻ വേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ഫരിസേയന്റെ പ്രാർത്ഥന.

ധ്യാനം:— കീഴെ നാം ധ്യാനിപ്പാൻ പോകുന്ന ഉപമയാൽ ഈശോ ഫരിസേയരെ ലജ്ജിപ്പിച്ചതു് ക്രൂരതെ നമുക്കു വളരെ പ്രയോജനകരമായ സദുപദേശങ്ങളും നൽകിയിരിക്കുന്നു. ഇതു ഫലപ്രദമാക്കുവാൻ നമുക്കു ശ്രമിക്കാം. ഉപമ: രണ്ടു മനുഷ്യർ പ്രാർത്ഥിക്കാനായി ദേവാലയത്തിലേക്കു കയറി, ഒരുത്തൻ ഫരിസേയനും മറേറവൻ ചുങ്കക്കാരനും. ഫരിസേയൻ നിന്നുകൊണ്ടു തന്റെ അന്തരംഗത്തിൽ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു: ദൈവമെ ഞാൻ കവർച്ചക്കാർ, അക്രമികൾ, വ്യഭിചാരികൾ എന്നിങ്ങനെയുള്ളവരെപ്പോലെയും, ഈ ചുങ്കക്കാരനെപ്പോലെയുമുള്ളവനല്ലാത്തതുകൊണ്ടു് നിന്നെ സ്തുതിക്കുന്നു. ആഴ്ചയിൽ രണ്ടു പ്രാവശ്യം വീതം ഞാൻ ഉപോഷിക്കുന്നു; എനിക്കുള്ള സകല വസ്തുക്കളുടേയും ദശാംശവും ഞാൻ കൊടുത്തുവരുന്നു. (ലൂക്കാ. ഫ൧൮. ഫ൦—ഫ൨)

പ്രായോഗികചിന്ത:- മനുഷ്യദൃഷ്ടിക്കു് അളശ്യമായിരുന്നാലും ദൈവദൃഷ്ടിയിൽ ഏററം സ്പഷ്ടമായിരിക്കുന്ന അഹങ്കാരത്തിന്റെ ചില ലക്ഷണങ്ങളും അതിൽനിന്നുളവാകുന്ന നിർഭാഗ്യഫലങ്ങളുമാണു് ഫരിസേയന്റെ ഈ പ്രാർത്ഥനാഭിനയത്തിൽ ഈശോ നമ്മെ ഗ്രഹിപ്പിക്കുന്നതു്. സ്വയം ഉയർത്തുക എന്നിതാണു് അഹങ്കാരത്തിന്റെ ഒരു ലക്ഷണം. ഇതിൽനിന്നുള്ള ഫലങ്ങളാവട്ടെ ആത്മപ്രശംസയും പരനിന്ദയും ആകുന്നു. തനതുസൽകൃത്യങ്ങളും തപഃക്രിയകളും എളിമപ്രവൃത്തികളും

ദൈവത്തിൽനിന്നു താൻ പ്രാപിച്ചിട്ടുള്ളവരങ്ങളും ആദിയായവ
യെക്കുറിച്ചു പശ്ചാലോചിച്ചു സന്തോഷിക്കുന്നു. തന്റെ മാഹാ
ത്മ്യത്തിനു മാറ്റു കൂട്ടുവാൻവേണ്ടി ഇതരനെ അപഹസിക്കയും
തന്നെ അവനോടു താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. ഇവയിൽ
ഏതെങ്കിലും നിന്നിൽ ഉണ്ടോ? നിന്നെത്തന്നെ നന്നായി പരി
ശോധിക്കുക. ഇതു് ഉപായേന പ്രവേശിക്കുകയും തിരിച്ചറി
യാൻ എളുപ്പമല്ലാത്തവിധത്തിൽ സ്ഥിതിചെയ്കയും ചെയ്യുന്ന
ഒരു ദുർഗ്ഗുണമാണു്. മഹാ പുണ്യവാന്മാരായവർക്കുടെയും ഇടവി
ടാതെ ഉൾകണ്ണോടുകൂടെ ഇതിനെ ഭയപ്പെട്ടു വന്നിരുന്നു. അ
ങ്ങിനെയെങ്കിൽ നീ എത്രയധികം ഭയപ്പെടേണ്ടിയിരിക്കുന്നു?
വിദ്യയിലും വിവേകത്തിലും അവരോടു താരതമ്യപ്പെടുത്തി
യാൽ നീ എത്ര അല്പനാണു്!

സ്നേഹപ്രകരണങ്ങളും:— കർത്താവെ, എന്റെ ഹൃദയാഗാ
ധത്തിൽ മറഞ്ഞിരിക്കുന്നവ കണ്ടു ഗ്രഹിപ്പാൻ കൃപചെയ്യേണ
മെ.

പ്രതിജ്ഞ:— മായസ്തുതി സംബന്ധിച്ചു പ്രലോഭനങ്ങളും
ഉണ്ടാകുമ്പോൾ, ദൈവമെ എന്റെമേൽ കൃപയായിരിക്കേണ
മെ; എളിമ ഇതുവരെ എന്നിൽ ഉണ്ടായിട്ടില്ല; എളിമയില്ലാ
ത്തപ്പോൾ എന്തു പുണ്യം എന്നിൽ ഉണ്ടാകും? എന്നു ചൊല്ലുക.
പ്രലോഭനങ്ങളെ ഇങ്ങനെ നന്മയ്ക്കുപകരിപ്പിക്കുക.

രണ്ടാംവകുപ്പു്.

ചുങ്കക്കാരന്റെ പ്രാർത്ഥന.

ധ്യാനം:— ഫരിസേയന്റെ പ്രാർത്ഥനയിൽ മറഞ്ഞിരി
ക്കുന്ന ഗർഹണിയമായ അഹങ്കാരത്തെ കുറെക്കൂടി വിശദീകരി
ക്കുന്നതിനുവേണ്ടി, ഈശോ ഒരു ചുങ്കക്കാരന്റെ പ്രാർത്ഥന
യെയും അതിനെതിരായി അവതരിപ്പിക്കുന്നു. ഫരിസേയർ,
ചുങ്കക്കാരെ അനീതിക്കാരും പാപികളുമായിക്കരുതി വന്നിരു
ന്നു. ഈവിധം നിന്ദ്യനായി അവർ ഗണിച്ചിരുന്ന ഒരുവന്റെ
പ്രാർത്ഥനയെക്കുറിച്ചു് ഈശോ പറയുന്നതുകേട്ടാലും: അവൻ
"ദൂരത്തുനിന്നു, തന്റെ കണ്ണുകളെ ആകാശത്തിലേയ്കുയർത്തു
വാൻപോലും തുനിയാതെ തന്റെ നെഞ്ചിൽ ഇടിച്ചുകൊണ്ടു
ദൈവമെ, പാപിയായിരിക്കുന്ന എന്നോടു കനിവു തോന്നേണ
മെ" (ലൂക്കാ. ഛവ. ഛനു.) എന്നു പ്രാർത്ഥിച്ചിരുന്നു.

പ്രായോഗികചിന്ത:— ചുങ്കക്കാരന്റെ ഈ പ്രാർത്ഥനയാൽ ദിവ്യഗുരു ശരിയായ പ്രാർത്ഥനയുടെ മാതൃകതന്നെ നമുക്കു കാണിച്ചുതന്നിരിക്കുന്നു. പ്രാർത്ഥന ഫലപ്രദമാകുന്നതിനു മുഖ്യമായി വേണ്ടതു് എളിമയാണെന്ന തത്വമാണു് അവിടുന്നു് ഈ ഉപമയാൽ പ്രബോധിപ്പിക്കുന്നതു്. ചുങ്കക്കാരൻ പ്രാർത്ഥനയ്ക്കായി നിന്ന സ്ഥലവും അവന്റെ നിലയും പ്രാർത്ഥനയുടെ വിധവും എല്ലാം എളിമയെ — അത്യഗാധമായ വിനയത്തെ — പ്രദ്യോതിപ്പിക്കുന്നു. അവൻ അതാ, ദൂരെ, ഒരു കോണിൽ, ന്യായാധിപതിയുടെ മുന്നിൽനില്ക്കുന്ന കുറക്കാരനെപ്പോലെ അധോമുഖനായി മാറ്റിൽ ഇടിച്ചുകൊണ്ടു നില്ക്കുന്നു. അവന്റെ വാക്കുകളിലും എളിമതന്നെ പ്രശോഭിക്കുന്നു. താൻ പാപിയെന്നു് അവൻ അനുസരിച്ചുപറഞ്ഞുകൊണ്ടു ദൈവത്തോടു ക്ഷമാപണം ചെയ്യുന്നു. കരുണയ്ക്കായി യാചിക്കുന്നു. അവിടുന്നല്ലാതെ മറ്റാശ്രയം അവനില്ലെന്നും അവൻ ഏറ്റുപറയുന്നു. നാമും നമ്മുടെ നിർഭാഗ്യങ്ങളെ നല്ലപോലെ ഗ്രഹിച്ചുകൊണ്ടു് എളിമയോടെ പ്രാർത്ഥിക്കുന്നതായാൽ ആ പ്രാർത്ഥന ദൈവത്തിന്നേറ്റം ഇഷ്ടമുള്ളതായിത്തീരും. മാത്രമല്ല നമുക്കു കൂടുതൽ പ്രയോജനവുമായിരിക്കും. നമ്മുടെ പ്രാർത്ഥനാവിഷയം വേഗത്തിൽ സാധിച്ചുകിട്ടുകയുംചെയ്യും. ഇപ്രകാരം നീ പ്രാർത്ഥിക്കായ്കകൊണ്ടല്ലയൊ നിന്റെ പ്രാർത്ഥന പലപ്പോഴും ഫലപ്രദമാകാതെപോകുന്നതു്.

സ്തോത്രപ്രകരണങ്ങൾ:— എപ്പോഴും പ്രത്യേകമായി പ്രാർത്ഥിക്കുമ്പോഴും നിന്റെ ഇല്ലായ്മയും നിർഭാഗ്യങ്ങളും നിന്റെ ദൃഷ്ടിപഥത്തിലുണ്ടായിരിക്കാൻവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുക.

പ്രതിജ്ഞ:— എളിമയുള്ളവന്റെ പ്രാർത്ഥന മേഘങ്ങളെ തുളച്ചു കടക്കും. (പ്രസം. ൩൫. ൨൧.) എന്നു വേദാഗമത്തിൽ എഴുതിയിരിക്കുന്ന വചനങ്ങളെ പലപ്പോഴും ഓർത്തു പ്രത്യാശ നവീകരിക്കുക.

മൂന്നാവകുപ്പു

ഫരിസേയന്റെയും ചുങ്കക്കാരന്റെയും പ്രാർത്ഥനയെക്കുറിച്ചു നമ്മുടെ കർത്താവുചെയ്ത വിധി.

ധ്യാനം:— പ്രാർത്ഥിക്കുന്നതിനു ദേവാലയത്തിൽ പ്രവേശിച്ച ഇവരെ രണ്ടുപേരെയും കണ്ടിരുന്ന യഹൂദന്മാർ ഇവ

രിൽ ഒന്നാമന്റെ പ്രാർത്ഥന അത്യുത്തമവും ഫലപ്രദവുമായിരുന്നെന്നും രണ്ടാമന്റെതു നിന്ദ്യവും നിഷ്ഫലവുമെന്നും ഗണിച്ചിരിക്കാനാണ് എളുപ്പം. എന്തുകൊണ്ടെന്നാൽ ഒരുത്തന്റെ അസാധാരണമായ വിശുദ്ധിയിലും അപരന്റെ പാപപരജീവിതത്തിലും അവർക്ക വലിയ വിശ്വാസമുണ്ടായിരുന്നു. എന്നാൽ മനുഷ്യപ്രകൃതിയുള്ളടുടെ നിഗൂഢഭാഗങ്ങളെപ്പോലും പ്രത്യക്ഷം കണ്ടിരുന്ന ദൈവത്തിന്റെ വിധിക്കും പുറമെയുള്ളവമാത്രം കാണുന്ന മനുഷ്യവിധിക്കും തമ്മിൽ എത്രവലിയ വ്യത്യാസം! സർവ്വജ്ഞനായ ഈശോ ഇതിനെക്കുറിച്ച് അരുളിച്ചെയ്തതായതു്: "ഇവൻ: (ചുങ്കക്കാരൻ) മറ്റവനെക്കാൾ നീതീകൃതനായി തന്റെ വീട്ടിലേക്കിറങ്ങിപ്പോയി എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്തുകൊണ്ടെന്നാൽ സ്വയം ഉയർത്തുന്ന ഏതൊരുവനും താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവനോ ഉയർത്തപ്പെടുകയും ചെയ്യും. (ലൂക്കാ. ക്രമ, ക്രമ.)

പ്രായോഗികചിന്ത:— ആകയാൽ നാം പുറമെ കാണുന്നവ നോക്കി ഒരുത്തരേയും വിധിക്കാതിരിപ്പാൻ സൂക്ഷിക്കണം. ബാഹ്യമായവ പലപ്പോഴും നമ്മെ അബദ്ധത്തിലാക്കും. കൂടാതെയും മനുഷ്യരുടെ വിധി അഥവാ വാക്കു, നമുക്കു് ആധാരവും ആശ്വാസവുമായി നാം ഒരിക്കലും സ്വീകരിക്കരുതു്. നമ്മുടെ സഹോദരന്മാർക്കു്, അഥവാ ശ്രേഷ്ഠന്മാർക്കു് നമ്മുടെനേരെ നല്ല അഭിപ്രായമുണ്ടു് അതിനാൽ നാം ഭയപ്പെടേണ്ടതൊന്നുമില്ല എന്നും വിചാരിക്കരുതു്. എന്തുകൊണ്ടെന്നാൽ നമ്മെ വിധിപ്പാനിരിക്കുന്നതു ദൈവമാകുന്നു. അതിനാൽ നിശ്ചപടമനസ്സോടെ അവിടുത്തെപ്പക്കൽ അഭയംപ്രാപിച്ചു സകലത്തിലും കർത്താവു, നിനക്കിഷ്ടമുള്ളതു ചെയ്യാനും ഇഷ്ടമില്ലാത്തതു നീക്കുവാനും അനുഗ്രഹം ചെയ്യണമെ എന്നു് അഭ്യർത്ഥിച്ചുകൊള്ളുക. മനുഷ്യരുടെ വിധി അബദ്ധത്തിനു് അധീനമാണെന്നു വിശ്വാസമുണ്ടായിട്ടും നാം അതിൽ ആശ്രയിക്കുന്നതു മൗഢ്യമല്ലയോ? മുകളിൽ പ്രസ്താവിച്ചവിധം നടന്നവരുന്നതായാൽ മരണസമയത്തുണ്ടാകുന്ന ആനന്ദം എത്ര വലിയതായിരിക്കും!

സംഭാഷണം:— നമ്മുടെ ജീവപരിരക്ഷകനോടു സംഭാഷണം ചെയ്യുക.

മുപ്പത്തൊന്നാംതിയ്യതി

സകല വിശുദ്ധരുടെ തിരുനാളിന്റെ തലേദിവസം

പ്രാരംഭം ഫ. സകല വിശുദ്ധരും സ്വർഗ്ഗത്തിൽ മഹത്വത്തോടിരിക്കുന്നതു് ആത്മനാ ദർശിക്കുക.

ഫ. നാളെ ആഘോഷിക്കുവാൻപോകുന്ന മഹാ തിരുനാളിനു യോഗ്യമായ നല്ല ചിന്തകളും ഇന്നു നിന്നിൽ ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

ഈ പ്രാർത്ഥന ഫലപ്രദമാകുന്നതിന്നായി കീഴെ പറയാൻപോകുന്നവയെ അനുസ്മരിച്ചുകൊണ്ടു് ഇന്നു മുഴുവനും ഈ തിരുനാളിനു യോജിക്കുന്ന വിചാരങ്ങളും ജനിപ്പിക്കാൻ ശ്രമിക്കുക.

ഒന്നാംവകുപ്പു്

വിശുദ്ധർ ചെയ്ത യുദ്ധം.

ധ്യാനം:– വിശുദ്ധർ വിശുദ്ധരായിട്ടു പിറന്നവരല്ല. അശ്രാന്തപരിശ്രമത്താൽ വിശുദ്ധപദം പ്രാപിച്ച വെറും സാധാരണക്കാരത്രെ. നമ്മെപ്പോലെ അവരും ആദത്തിന്റെ സന്തതികളായിരുന്നു. അതിനാൽ ദുരാശകളോടും ദുർഗ്ഗുണങ്ങളുടെ ആകർഷണത്തോടും എതിർക്കുകയും പോരാടുകയും ചെയ്യേണ്ട ആവശ്യം അവർക്കുമുണ്ടായിരുന്നു. അവരിൽ ചിലർ ദുഷ്ടന്മാരുടെ ശക്തിയേറിയ ക്രൂരമർദ്ദനങ്ങൾക്കും തങ്ങളുടെ ദുരാശനിമിത്തമുണ്ടാകുന്ന പ്രലോഭനങ്ങൾക്കും ദൈവദ്രോഹം എത്ര മഹാ പാതകമെന്നു് ഉത്തമ്മർണ്ണം നിലവിളിക്കുന്ന സ്വന്തം മനസ്സാക്ഷിക്കും മദ്ധ്യേ അകപ്പെട്ടു കുഴങ്ങിയിരുന്നു. ഈ സ്ഥിതിയിൽ അവർ അധൈര്യപ്പെടാതെ മനസ്സാക്ഷിയുടെ സ്വരത്തിന്നനുസരണമായി പ്രവർത്തിക്കുകയും മരിക്കേണ്ടിവന്നാലും ദൈവത്തോടു പിരിയുകയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടെ പോരാടിവരികയുമാണു ചെയ്തിരുന്നതു്. ഇതുതന്നെ—ദൈവത്തോടുപിരിയുന്നതിനെക്കാൾ നല്ലതു മരിക്കയാണു് എന്ന ഈ ദൃഢപ്രതിജ്ഞതന്നെ – ആയിരുന്നു അവരുടെ മുദ്രാവാക്യം. ഇങ്ങനെ സത്യത്തെ അവർ സ്നേഹിച്ചിരുന്നതിനാൽ സത്യം, അഥവാ വിശ്വാസം, അവരെ സഹനശക്തിയുള്ളവരും അജയ്യരുമാക്കി.

പ്രായോഗിക ചിന്ത:- വിശുദ്ധർ നിന്നെപ്പോലെയുള്ളവരാണു്. അല്ലാതെ നിന്നിലും ഉൽകൃഷ്ടമായ പ്രകൃതിയുള്ളവരല്ല. ചിലർ നിനക്കുള്ളതിനെക്കാൾ ഏറ്റവും കഠോരതരമായ പരീക്ഷകളാൽ വളയപ്പെട്ടവരും നിനക്കുള്ളതിൽ പതിന്മടങ്ങു വലുതായ വിഘ്നങ്ങളെ അതിജീവിച്ചിക്കേണ്ടിവന്നവരുമായിരുന്നു. ഇതു നിനക്കു എത്ര ധൈര്യസംഭായകമായ വിചാരമാണു്. മാത്രമോ, ആത്മശുദ്ധീകരണത്തിനും ജീവിതവിശുദ്ധി പ്രാപിക്കുന്നതിനും അവക്കുണ്ടായിരുന്ന സഹായസഹകരണങ്ങളെക്കാൾ എത്രയോ പ്രബലവും സഫലവുമായ സഹായങ്ങളും മാർഗ്ഗങ്ങളും നിനക്കുണ്ടു്? ഈ സ്ഥിതിക്കു വിശുദ്ധരുടെ പ്രതിരൂപം നിന്നിൽ ഇത്രതെളിയാതിരിക്കുന്നതു, അഥവാ തീരെ പതിയാതിരിക്കുന്നതു്, എന്തുകൊണ്ടായിരിക്കാം? യുദ്ധസമയത്തു് നീ ഭീരുവും നിരുത്സാഹിയുമായിരിക്കുന്നതുകൊണ്ടല്ലയൊ? പരിപൂർണ്ണത പ്രാപിക്കുന്നതിനും—വിശുദ്ധനാകുന്നതിനും—തന്നോടുതന്നെ ബലംചെയ്യണം. "ബലം പ്രയോഗിക്കുന്നവനാരൊ അവൻ അതിനെ പിടിച്ചടക്കുകയുംചെയ്യുന്നു." എന്നു് ഈശോ അരുളിച്ചെയ്തിരിക്കുന്നു. (മത്തേ. ൧൧. ൧൨)

സ്ഥിരപ്രകരണങ്ങൾ:— ഈ ധ്യാനത്തിൽ കണ്ട സത്യങ്ങളെപ്പറ്റി വിശ്വാസപ്രകരണംചെയ്യുക.

പ്രതിജ്ഞ:— നിന്റെ എല്ലാ ആത്മികശത്രുക്കളോടും, നിന്നിൽ അധിക കർത്തവ്യംനടത്തുന്ന ദുരാശകളോടു പ്രത്യേകിച്ചും, എതിർക്കുന്നതിനുള്ള ശ്രമത്തെ പുനർജ്ജീവിപ്പിച്ചു അത്യുത്സാഹത്തോടെ പോരാടുക.

രണ്ടാംവകുപ്പു.

വിശുദ്ധരുടെ വിജയം.

ധ്യാനം:- വിശുദ്ധർ തീക്ഷ്ണതയോടുകൂടെ യുദ്ധംചെയ്യുക മാത്രമല്ല, അനുഭൂതമായ ഈ യുദ്ധത്തിലും ജീവിതവിശുദ്ധി സാധിക്കുവാൻ പരമ്പരാഗതമായ മാർഗ്ഗങ്ങളെ അനുസരിക്കുന്നതിലും, യഥാവിധി പ്രയോഗിക്കുന്നതിലും നിസ്തന്ദ്രമായും സുസ്ഥിരമായും ശ്രദ്ധിച്ചും വന്നിരുന്നു. അവസാനത്തോളം നിലനൽക്കുന്നവൻ രക്ഷപെടും (മത്തേ, ൧൦. ൨൨) എന്ന നമ്മുടെ ദിവ്യരക്ഷകന്റെ നിശ്ചയത്തെ അവർ വാസ്തവത്തിൽ നിവർത്തിക്കുതന്നെ ചെയ്തു. ഇതുനിമിത്തം അവർ സകലത്തിലും ജയശാലി

കളായിത്തീർന്നു. ലോകത്തിന്റെ പരിഹാസത്തെയും, വശീകരണത്തെയും, അതിന്റെ കൗടില്യത്തെയും, പിശാചിന്റെകോപവൈരിയേയുംഉഷ്ണമനുഷ്യരുടെ ബുദ്ധിക്രമ്മതയാൽകണ്ടുപിടിക്കപ്പെട്ട കഠോരബാധകളേയും, എന്നല്ലാ ജയിപ്പാൻ ഇവയെല്ലാവറെക്കാൾ പ്രയാസമേറിയതായിരുന്ന അവരുടെ മൂഢയബലഹീനതകളേയും ലോകമായത്തിന്നധീനപ്പെട്ടുപോയിരുന്ന സഭാവത്തെയും അവർ വിജയിച്ചു പ്രശസ്തമായി ജയിച്ചു!!

പ്രായോഗികചിന്ത:— നിർവ്യാജമായ അനുഗ്രഹവും നല്ല പ്രതിജ്ഞകളും നമ്മിൽ ധാരാളമുണ്ടു്. എന്നാൽ ചെയ്ത പ്രതിജ്ഞകളിൽ "വിശ്വസ്തതയും സുസ്ഥിരതയുമാണു"" ഇല്ലാതിരിക്കുന്നതു്. നിന്റെ നവസന്ന്യാസക്കാലത്തു നിശ്ചയിച്ചനുസരിച്ചുവന്നിരുന്ന പ്രതിജ്ഞകളിൽ വിശ്വസ്തതയോടെ നിലനിന്നിരുന്നെങ്കിൽ ഇപ്പോൾ പുണ്യപൂർണ്ണതയിൽ നിനക്കു് എത്ര ഉന്നതപദം പ്രാപിക്കാമായിരുന്നു? അങ്ങനെതന്നെ വാർഷിക ഏകാന്തദിവസങ്ങളിൽ ചെയ്ത നിശ്ചയങ്ങളിൽ വിശ്വസ്തനും സ്ഥിരതയുള്ളവനുമായി വ്യാപരിച്ചിരുന്നെങ്കിൽ ഇപ്പോൾ നീ എത്ര സൗഭാഗ്യസ്ഥിതിയിലായിരുന്നേനെ! നാം ചെയ്യുന്ന പ്രതിജ്ഞകളും ഒരു വർഷം എന്നല്ല ഒരു ദിവസംപോലുടെയും നിലനില്ക്കുന്നില്ല. കാലത്തു ധ്യാനസമയത്തുചെയ്യുന്ന പ്രതിജ്ഞ മദ്ധ്യാഹ്നത്തിന്നുമുമ്പു ലംഘിക്കുകയും വിസ്മരിക്കുകയും ചെയ്യുന്നില്ലയോ?

സ്നേഹപ്രകരണങ്ങൾ:— ഇവയെല്ലാം കണ്ടു വിസ്മയിക്കുക, ലജ്ജിക്കുക, നമ്മുടെ അസ്ഥിരതയെപ്പറ്റി പരിതപിക്കുക. വിനയപൂർവ്വം ക്ഷമായാചനം ചെയ്യുക.

പ്രതിജ്ഞ:- നിന്റെ പ്രതിജ്ഞകളെ നിറവേറ്റുവാൻ തക്ക മാർഗ്ഗങ്ങൾ ആലോചിച്ചു കണ്ടെത്തുകയും ഇതിന്നുവേണ്ട അനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുക.

മൂന്നാം വകുപ്പു

വിശ്വാസികളുടെ മഹത്വവും ഭാഗ്യവും.

ധ്യാനം:— വിശ്വാസികളുടെ യുദ്ധത്തെയും ജയത്തെയുംകുറിച്ചു ധ്യാനിച്ചശേഷം അവർക്കു ലഭിച്ച പ്രതിഫലത്തെക്കുറിച്ചും നാം ഇന്നു പ്രത്യേകാൽ ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവത്തെക്കുറിച്ചു അവർ യുദ്ധംചെയ്തു. അവിടുത്തെപ്രതി അവർ മരണപ

രാന്തം വിശ്വസ്തരായി നിന്നു. ആകയാൽ അവിടുത്തെ ശുശ്രൂഷയിൽ അവസാനത്തോളം നിലനില്ക്കുന്നതു എത്ര മഹാ കാര്യമാകുന്നെന്നു് അറിഞ്ഞു് ആനന്ദിപ്പാൻ ദൈവംഇതാ അവക്കു് അവസരംനല്കിയിരിക്കുന്നു. തന്റെ സ്ഥിതിക്കനുസൃതമായ ബഹുമതികൊണ്ടതെ അവരെ അവിടുന്നു പ്രതിസമ്മാനിച്ചിരിക്കുന്നതു. അതെ, താൻതന്നെയാണു് അവരുടെ പ്രതിസമ്മാനം. നമ്മുടെ ബുദ്ധിയ്ക്കു് ഊഹിക്കുവാൻകഴിയുന്ന സമസ്ത സന്തോഷങ്ങളെയും അപാരമായി അതിക്രമിക്കുന്ന അനന്തമായ ഒരു സുഖാനുഭൂതിയാണു് അവക്കു സംലബ്ധമായിരിക്കുന്നതു്. നമ്മുടെ സങ്കല്പസ്പുരണങ്ങളായ സമസ്ത സന്തോഷങ്ങളെയും ഒന്നിച്ചുകൂട്ടിയാലും സ്വർഗ്ഗസൗഭാഗ്യത്തിന്റെ മുമ്പിൽ അതു യാതൊന്നുമായിരിക്കുകയില്ലെന്നേയുള്ളു. "ദൈവം തന്നെ സ്നേഹിക്കുന്നവക്കു് ഒരുക്കിയിരിക്കുന്നതു മനുഷ്യന്റെ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, അവന്റെ ഹൃദയത്തിൽ പ്രവേശിച്ചിട്ടുമില്ല. (൧ കൊറി. ൨. ൯.)

പ്രായോഗികചിന്ത:— ഇതു നാം ചിന്തിക്കുമ്പോൾ വലിയ ധീരത നമുക്കു തോന്നുന്നു. എന്നാല്ലാ കഷ്ടതകളും അരിഷ്ടതകളും മേലിൽ നമ്മിൽ ആരോപിക്കപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനംചെയ്യാൻ പാടുള്ളതല്ല. (റോമാ. ൮. ൧൮.) എന്നു വി. പൗലോസിനെപ്പോലെ ഉൽഘോഷിക്കാനും നമുക്കു തോന്നും. അങ്ങിനെതന്നെ നമുക്കുണ്ടാകുന്ന ദുഃഖങ്ങളിലും അരിഷ്ടതകളിലും അധൈര്യപ്പെടാതെ വി. സേവ്യറിനെയും വി. ത്രേസ്യയെയുംപോലെ അവയെ ആഗ്രഹിച്ചു തേടുവാനും ഇടയാകും. സകല വിശുദ്ധരുടെ തിരുനാളിന്നൊരുക്കമായ ഈ ധ്യാനത്തിന്റെ ഫലം മുകളിൽ പറഞ്ഞവയായിരിക്കട്ടെ. ഈ ഫലം പ്രാപിക്കുന്നതിന്നായി നമ്മുടെ പ്രാർത്ഥന തപസ്സു മുതലായവയും കാഴ്ചവെച്ചുകൊള്ളുക.

സംഭാഷണം:— നിന്റെ നാമഹേതുകനായ വിശുദ്ധനോടു സംഭാഷണംചെയ്യുക. അദ്ദേഹത്തെ സ്വർഗ്ഗഭാഗ്യത്തിനർഹനാക്കിയ ആ ധീരതയും സ്ഥിരതയും നിനക്കും ലഭിക്കാനും, ഈ ഭാഗ്യത്തെ നീയും സബഹുമാനം അഭിലഷിച്ചു് അതിനെ പ്രാപിക്കുവാനുംവേണ്ട വരപ്രസാദം ലഭിച്ചുതരേണമെന്നു അദ്ദേഹത്തോടു അഭ്യർത്ഥിക്കുക.

(ഒക്ടോബർ മാസത്തിലെ ഒടുവിലത്തെ ഞായറാഴ്ച)

ന. കുഞ്ഞാവിന്റെ

രാജത്വത്തിരുനാൾ

പ്രാരംഭം ഫ. തന്റെ തിരുരക്തത്താൽ കിളുത്തു, ലില്ലി, റോസ മുതലായ സുരഭിലകുസുമങ്ങൾകണക്കെ സഭയിൽ പരിശോഭിക്കുന്ന വിശുദ്ധരുടെമദ്ധ്യേ, നിരവധി വാനസൈന്യങ്ങളാൽ പരിസേവിതനായി സ്ഥിതിചെയ്യുന്ന ക്രിസ്തുരാജനെ ആത്മനാ ദർശിക്കുക.

ഫ. അവിടുത്തെ വിശ്വസ്ത പ്രജകൾക്ക് അനുയോജ്യമായ മനഃസ്ഥിതിയും ചൈതന്യവിശേഷവും ലഭിക്കാനായി പ്രാർത്ഥിക്കുക.

ഒന്നാംവകുപ്പ്

ക്രിസ്തു നമ്മുടെ രാജാവും സ്വർഗ്ഗീയസിംഹാസനത്തിനർഹനുമാകുന്നു.

ക്രിസ്തു ദൈവകുമാരനാകയാൽ അവിടുന്നു സകലത്തിനും അധികാരണവും അധിനാഥനുമാകുന്നു. വിശുദ്ധ യോഹന്നാൻ പറയുന്നതുപോലെ, "സകലവും അദ്ദേഹത്താൽ ഉണ്ടായി. അദ്ദേഹത്തെക്കൂടാതെ ഒന്നും ഉണ്ടായിട്ടില്ല." നാം അവിടുത്തെ സൃഷ്ടികളും പ്രജകളും അവിടുത്തെ തിരുരക്തംകൊണ്ടു വീണ്ടെടുക്കപ്പെട്ടവരുമാണ്. നമുക്കു വിരോധമായുണ്ടായിരുന്ന ശിക്ഷാവിധിപ്രമാണം അവിടുന്നു കുരിശിൽതറച്ചുനീക്കി, (കൊലൊ ൨. ൧൪) പിശാചിന്റെ അധികാരത്തിൽ നിന്നു നമ്മെ വിമുക്തരാക്കി, നമ്മെ അവിടുത്തെ സ്വന്തമാക്കി. ദൈവമക്കളുടെ അവകാശം നമുക്കുതന്നു. ബാലാം, ദാവീദ്, യെരമിയാസ്, ഇസയാസ്, ഹെസക്കിയേൽ മിഖയാസ് എന്നിങ്ങനെ പല ദീർഘദർശികളും, ക്രിസ്തു യഥാർത്ഥ രാജാവ് എന്ന നിലയിൽക്രൂടി അഭിഷിക്തനായിരിക്കുമെന്നു പ്രവചിച്ചിട്ടുണ്ട്. താൻ രാജാവാണെന്നു ക്രിസ്തുതന്നെ പിലാത്തുസിനോടു പറയുകയുണ്ടായല്ലൊ.

അവിടുത്തെ ഗുണവിശേഷങ്ങളെ വർണ്ണിക്കാൻ മനുഷ്യക്കോ മാലാഖമാക്കോ സാധിക്കുമോ? ദൈവിക അറിവും ജ്ഞാനവും അങ്ങയിൽ നിക്ഷിപ്തമായിരിക്കുന്നു. (കൊലൊ. ൨. ൩.)

അതുമല്ലാ, ദൈവത്വത്തിന്റെ പൂർണ്ണതതന്നെ അങ്ങയിൽ സ്ഥിതിചെയ്യുന്നു. (കൊലൊ. ൨. ൯) ഇതിനാൽ അങ്ങയിലുള്ള ശക്തി, നീതി, കരുണ, അനുകമ്പ, സൗന്ദര്യം മുതലായവ അനുപമേയവും അപരിമിതവുമാണു്! അവിടുത്തെ നാമത്തിനു സ്വർല്ലോകരും ഭൂലോകരും അധോലോകരും മുഴങ്കാൽമടക്കുന്നു. (ഫിലി. ൨. ൧൦) പിശാചുക്കളും കാറ്റും കടലുംകൂടെ അവിടുത്തെ ആജ്ഞയനുസരിക്കുന്നു. (മാർക്ക. ൪. ൩൯, ൫, ൬. ൪൯) മരിച്ചവരും അവിടുത്തെ ആജ്ഞയാൽ പുനർജ്ജീവിക്കുന്നു. (യോഹ. ൫൧. ൮൯, ൮൮) പാപക്രൂപത്തിന്റെ അടിത്തട്ടിൽ അധോമുഖരായി ആണ്ടുകിടക്കുന്നവരെപ്പോലും പുണ്യസോപാനത്തിന്റെ ഉന്നതാഗ്രത്തിലേക്കു് ഉയർത്തുവാൻ അവിടുത്തേയ്ക്കു സാധിക്കും. ചുരുക്കിപ്പറഞ്ഞാൽ സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും അവിടുത്തേയ്ക്കുണ്ടു്. (മത്തേ. ൨൮. ൧൮) അവിടുന്നു് ഇഹത്തിൽ സഞ്ചരിച്ചിരുന്ന അവസരത്തിൽ പാപികളും, ദുഃഖിതർ, പീഡിതർ മുതലായവരോടുണ്ടായിരുന്ന വത്സലനം അവിടുത്തെ കരുണയേയും മാധുര്യശീലതയേയും ഔദാര്യത്തേയും വിളിച്ചറിയിക്കുന്നു.

ഈ ലോകത്തിൽ കാണുന്ന സൗന്ദര്യങ്ങളൊക്കെ അവിടുത്തെ ദിവ്യസൗന്ദര്യത്തിൽനിന്നു പുറപ്പെട്ടിട്ടുള്ള അല്പ രശ്മിയുടെ ഫലങ്ങൾ മാത്രമാണു്. താബോർമലയിൽവച്ചു് ആ മൂന്നു ശിഷ്യന്മാർ അല്പസമയത്തേയ്ക്കു് അവിടുത്തെ ദിവ്യസൗന്ദര്യം ദർശിച്ചതിനാൽ ആനന്ദപാരവശ്യത്തിലായിപ്പോയില്ലയോ?

അവിടുത്തെ സ്നേഹത്തെപ്പറ്റി എന്തുപറയാൻ സാധിക്കും? അവിടുന്നു് അന്തരംവരാത്ത സ്നേഹത്താൽ നമ്മെ സ്നേഹിച്ചു. (യെരമിയ ൩൧. ൩) അവസാനപര്യന്തം നമ്മെ സ്നേഹിച്ചു. (യോഹ. ൧൩-൧) വർണ്ണനാതീതമായ കരുണയോടെ നമ്മെ സ്നേഹിച്ചു. (റോമാ. ൫. ൮) ആ തിരുക്കരിളും, പീഠനോപകരണങ്ങളും, ബലിപീഠവും, തിരുമന്ദിരവും അവിടുത്തെ സ്നേഹത്തെയാണു വിളിച്ചറിയിക്കുന്നതു്.

പ്രായോഗികചിന്ത:- ഇങ്ങനെയുള്ള ഒരു രാജാവിന്റെ നേക്കു് എത്ര വലിയ സ്നേഹമാണു് നമ്മിലുണ്ടാകേണ്ടതു്? എത്ര വലിയ പ്രത്യാശയാണു നാം പ്രദർശിപ്പിക്കേണ്ടതു്? ഈ ആശയും സ്നേഹവും നമ്മിലുണ്ടോ? അവിടുത്തെ ശക്തിയേയും കരുണയേയും സ്നേഹത്തേയും വിസ്മരിച്ചുകൊണ്ടു് നമ്മുടെ ദുർഗ്ഗുണ

ത്തുള്ളതും അശക്തതയും വിചാരിച്ചു നാം ധൈര്യംവെടിയുന്നില്ലേ? രാജകീയദിനം രാജഭക്തരും രാജ്യാഭിമാനികളുമായ പ്രജകൾക്കു ഹർഷജനകമായ ദിനവും ഒരു പ്രത്യേക ഉന്മേഷമുളവാക്കുന്ന ദിനവുമാണ്. രാജാവിന്റെ ഗുണവിശേഷങ്ങളും സ്നേഹവും എത്രയധികമായിരിക്കുമോ അത്രയധികം അവരുടെ സന്തോഷവും ഉന്മേഷവും വർദ്ധിക്കുകയും ചെയ്യുക. പതിവാണ്. നമ്മുടെ പരമരാജാവിന്റെ ഗുണവിശേഷങ്ങളേയും സ്നേഹത്തേയും അല്പം മുകളിൽ അനുസ്മരിപ്പിച്ചുവല്ലൊ. ആ സ്ഥിതിക്ക് ഇന്നു നമ്മിൽ ഉണ്ടാകേണ്ട മനഃസ്ഥിതി എങ്ങനെയുള്ളതായിരിക്കണം? ഇന്നു നമുക്കു രാജകീയദിനമാണ്. ഇതിൽ നാം സന്തോഷിക്കുകയും ആനന്ദതുന്ദിലരായി നമ്മുടെ സ്നേഹവും നന്ദിയും പ്രകടിപ്പിക്കുകയും ചെയ്യുക. അതോടൊപ്പം തന്നെ അവിടുന്നു നമുക്കു നിർദ്ദേശിച്ചുതന്നിട്ടുള്ള പരിത്യാഗം, എളിമ ശാന്തത മുതലായ ആയുധങ്ങളും മുറുകെപ്പിടിക്കാനും ശ്രമിക്കണം.

സ്നേഹപ്രകരണങ്ങളും:— പരമരാജാവിന്റെ നേർക്കുള്ള സ്നേഹം, ബഹുമാനം വണക്കം, നന്ദി മുതലായവയുടെ പ്രകരണങ്ങളും ചെയ്യുക.

പ്രതിജ്ഞ:— അവിടുത്തെ വിശ്വസ്തപ്രജകൾക്കുവേണ്ട ഗുണങ്ങളിൽവെച്ചു നിന്നിൽ പോരായ്മയുള്ളവ സമ്പാദിക്കാൻ ശ്രമിക്കുക.

രണ്ടാംവകുപ്പ്

നമ്മുടെ പരമരാജാവിന്റെ രാജ്യം.

"ചെറിയ അജ്ഞവൃന്ദമേ ഭയപ്പെടേണ്ട, എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു (പരമ) രാജ്യം നൽകുവാൻ നിങ്ങളുടെ പിതാവു തിരുവുള്ളമായിരിക്കുന്നു." എന്നു ക്രീസ്തു അരുളിയിട്ടുണ്ട്. ക്രീസ്തു ഒരു രാജ്യം സ്ഥാപിക്കുമെന്നുള്ള അറിവു യഹൂദജനതയിൽ ഉണ്ടായിരുന്നു. തന്നിമിത്തമത്രെ യാക്കോബിന്റെയും യോഹന്നാന്റെയും മാതാവു സ്വപുത്രരിൽ ഒരുത്തൻ അവിടുത്തെ വലത്തുവശത്തും മറ്റൊരുത്തൻ ഇടത്തുവശത്തും ഇരിക്കുവാൻ വരംനൽകേണമെന്നു അപേക്ഷിച്ചതു (മത്തേ. 20 ാം അ.) അവിടുന്നു പ്രസ്താവിച്ചിരുന്ന രാജ്യം സംസ്ഥാപിതമാവുകയും അതിനെ സ്വർഗ്ഗരാജ്യത്തോടു സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതു ഐഹികമാത്രമല്ലാ, പീഡനാദ

വാവസരത്തിൽ: എന്റെ രാജ്യം ഐഹികമല്ല." (യോഹ. ഏവ്. ൧൮, ൩൬) എന്നു് അവിടുന്നു് പറഞ്ഞിട്ടുണ്ടു്. അവിടുന്നു സ്ഥാപിച്ചതു ദൈവരാജ്യമാണു്. ദൈവവരമാണു് ഈ പരമരാജ്യത്തിലെ അനർഘസമ്പത്തു്. ദൈവവരം സമഭാവാതീതമായ ഒരു പ്രകാശവും ദൈവത്തിന്റെ ഒരു പ്രത്യേകദാനവും തെരഞ്ഞെടുക്കപ്പെട്ടവരുടെ സമ്പന്നമായ അടയാളവും, നിത്യരക്ഷയുടെ അച്ചാരവുമാകുന്നു." (എഫെ. ൨. ൨൨) ഇതു — ദൈവവരം — മനുഷ്യനെ ലോകവസ്തുക്കളിൽനിന്നു സമഗ്രീയവസ്തുക്കളുടെ സ്നേഹത്തിലേയ്ക്കുയർത്തി ജഡസ്നേഹിയായ മനുഷ്യനെ ആത്മികമനുഷ്യനാക്കിത്തീർക്കുന്നു എന്നു തോമസ് ആ കേമ്പീസും പറയുന്നു. ഇതിൽ നാം പ്രാപിക്കുന്ന വർദ്ധനവും പൂർണ്ണതയും വഴിയായിട്ടാണു് പരമരാജാവായ അവിടുന്നു നമ്മിൽ ഭരിച്ചു വാഴുവാൻ ഇടയാകുന്നതു്. അവിടുന്നു് ഇങ്ങനെ നമ്മിൽ ഭരിച്ചുവാഴുവാൻ ഇടയാകുന്നുവൊ, അവൻ ഈലോകത്തിൽവച്ചു തന്നെ സമഗ്രീയാനന്ദം അനുഭവിച്ചുതുടങ്ങും. സന്ന്യാസികളായ നാം ഈ പരമഭാഗ്യം ശരിയായ വിധത്തിൽ അനുഭവിക്കുന്നതിനുവേണ്ടി പ്രത്യേകാൽ വിളിക്കപ്പെട്ടവരാണു്. എന്നാൽ ദൈവരാജ്യം നിങ്ങളുടെ ഉള്ളിലാകുന്നു. (ലൂക്കാ. ൧൭, ൨൧) എന്നാണല്ലൊ ക്രീസ്തു അരുളിയിട്ടുള്ളതു്. അതിനാൽ അന്തരികജീവിതംകൂടാതെ ഈ രാജ്യം പ്രാപിക്കുക സാദ്ധ്യമല്ല. സൃഷ്ടികളിൽ നിന്നു വേർതിരിഞ്ഞു നമ്മുടെ അന്തരീകകാര്യങ്ങളെപ്പറ്റി തുടർച്ചയായി ചിന്തിച്ചുവരികയും, ദൈവത്തോടു ഗാഢമായി യോജിക്കാൻ ആഗ്രഹിച്ചുകൊണ്ടു നമ്മുടെയുള്ളിൽ സദാ അവിടുത്തെ ദർശിക്കുകയും, വിശ്വാസം, ശരണം, ഉപവി എന്നിവയുടെ അരുപിയിൽ സകലവും പ്രവർത്തിക്കുകയും ചെയ്യുവരുന്നതിലാണു് അന്തരികജീവിതം അടങ്ങിയിരിക്കുന്നതു്. മറ്റു വാക്കുകളിൽ പറയുന്നപക്ഷം, ലോകത്തിനും നമുക്കുതന്നെയും മരിച്ചുവരായി ദൈവത്തോടുകൂടെയും ദൈവത്തിലും ജീവിക്കുക എന്നിതാണു അന്തരീകജീവിതം. സംക്ഷേപിച്ചുപറഞ്ഞാൽ അന്തരീകജീവിതം: മിശിഹായുടെ തിരുജീവിതത്തിന്റെ ഒരു തുടർച്ച നമ്മിൽ വരുത്തുന്നതാണു്. ഇതു് എന്താണെന്നു ഗ്രഹിച്ചിട്ടുള്ള സന്ന്യാസി ഭാഗ്യവാനായിരിക്കും. ഈ ജീവിതം പ്രവൃത്തിപരമാക്കിയിട്ടുള്ളവൻ അതിലും ഭാഗ്യവാനത്രെ. ഇപ്രകാരമുള്ളവൻ യഥാർത്ഥത്തിൽ ദൈവരാ

ജ്വത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു എന്നു പറയാം. നാം അന്തരീകജീവിതത്തിന്റെ ഉറവുകളെ അതിന്റെ അഭ്യാസങ്ങളോടും ആനന്ദങ്ങളോടുംകൂടെ അറിയുകയും അതിന്റെ ദിവ്യാകർഷണങ്ങളും സ്വർഗ്ഗീയാനന്ദത്തിന്റെ മുൻരുചിയുംകൊണ്ടു നടത്തപ്പെടുകയും ചെയ്യുന്നതെപ്പോഴൊ, അപ്പൊഴായിരിക്കും പരമരാജാവായ ക്രിസ്തു നമുക്കു വാഗ്ദാനം ചെയ്തിട്ടുള്ളതും, നമ്മെ ക്ഷണിക്കുന്നതും, നമ്മുടെ സമസ്ത ഭാഗ്യവും നിക്ഷേപിച്ചിരിക്കുന്നതുമായ ആ രാജ്യത്തിലെ സൗഭാഗ്യത്തിന്റെ വലിപ്പം നാം അറിയാൻ തുടങ്ങുന്നതു്. രക്ഷാകരവും ഉന്നതവുമായ ഈ ജീവിതം നിഷേധിക്കുന്നവരുടെ സ്ഥിതി പരിതാപകരമായിരിക്കും. അന്തരീകജീവിതമൊഴികെ ഭൂമിയായ ഭാഗ്യമൊന്നും ഈ ലോകത്തിലില്ല.

പ്രായോഗികചിന്ത:— അന്തരീകജീവിതം സംബന്ധമായി നിന്റെ സ്ഥിതി എന്തു്? ഈ ജീവിതമില്ലാത്തപ്പോൾ നമ്മുടെ കടമകൾ ഒരിക്കലും നാം ശരിയായി നിവ്വഹിക്കുകയില്ല. നമ്മുടെ പ്രവൃത്തികളെ വിശിഷ്ടമാക്കുന്ന ഉത്തമനിയോഗങ്ങളും നമ്മിൽ വേണ്ടവിധം ഉണ്ടാകയില്ല. ഇങ്ങനെ നമ്മുടെ ജീവിതം നിഷ്ഫലമായി കടന്നുപോകും. ഇതു മരണസമയത്തു നമുക്കു എത്ര കൈപ്പായിത്തോന്നും? അന്തരീകജീവിതംകൂടാതെ ദൈവനന്മയോടു വിശ്വസ്തതയും നമുക്കുണ്ടാകയില്ല. ദൈവം നമുക്കുതന്നിരിക്കുന്ന നന്മകൾ നോക്കിയാൽ നമ്മെ വിശ്വാസരാക്കുവാൻ ധാരാളം മതിയാകുന്നവയാണു്. എന്നാൽ അവകൊണ്ടു എന്തുഫലം നാം വരുത്തിയിട്ടുണ്ടു്? അന്തരീകജീവിതംകൂടാതെ ഒരു സന്യാസി തന്റെ ദൈവവിളി ഫലപ്രദമാക്കുകയില്ല. ദൈവം തന്നെ സന്യാസത്തിനു വിളിച്ചതിൽ അവിടുത്തെയുള്ള ഉദ്ദേശ്യം അയാൾ സാധിക്കുകയില്ല. അതിനാൽ അന്തരീകജീവിതത്തിൽ ശ്രദ്ധപതിക്കാത്ത സന്യാസിതന്റെ അന്തം അവഗണിച്ചിരിക്കയാണെന്നു തീർത്തുപറയാവുന്നതാണു്. നാം സന്യാസം സ്വീകരിച്ചിട്ടു പല വർഷങ്ങളായിട്ടുണ്ടാവാം. പലതൊക്കെ നാം ചെയ്യുന്നുമുണ്ടാവാം. എന്നാൽ നമ്മുടെ അന്തരീകസ്ഥിതി എന്താണു്? നാം ജീവിക്കുന്നതു സ്വാഭാവികവാസനയനുസരിച്ചല്ലയോ? സൽകൃത്യാനുഷ്ഠാനങ്ങൾ നിസ്സാരമെന്നു വച്ചു താഴ്ത്തിയും ഓരോ കുറവുകൾ നിർഭയം ചെയ്യും വരുന്നില്ലയോ? അതെ തന്നെ ബോധനിയന്ത്രണത്തിൽ നാം എത്ര പിന്നോക്കം

യിരിക്കണം! ക്രിസ്തു പ്രത്യേകം ആവശ്യപ്പെടുന്ന ത്യാഗം, സഹനം, വിനയം, ശാന്തം, ഉപവി മുതലായവയിൽ എത്ര താണപടിയിലാണു നാം സ്ഥിതിചെയ്യുന്നതു്? ഒരു സന്ന്യാസിയിൽ—ദൈവാരൂപിയാൽ നയിക്കപ്പെടേണ്ട ഒരാത്മാവിൽ—ഇതു് പരിതാപകരമായ ഒരവസ്ഥയല്ലയൊ?

ആശാനിഗ്രഹം, ബോധനിയന്ത്രണം, ആന്തരികസ്ഥിതിയെപ്പറ്റി എപ്പോഴുമുള്ള പരിശോധന, ദൈവസാന്നിദ്ധ്യചിന്ത, ആന്തരീകക്രമീകരണം, വിശ്വാസം, ശരണം, ഉപവി എന്നിവയുടെ പ്രകരണങ്ങൾ ചെയ്യും ഈ പുണ്യങ്ങളുടെ അരൂപിയിൽ സകലവും പ്രവർത്തിച്ചുവരുന്ന ശീലം, സ്വയം പരിത്യജിച്ചു പരിശുദ്ധാരൂപിയുടെ പ്രേരണകളനുസരിക്കുന്നതിനുള്ള ഒരുക്കം എന്നിവ ആന്തരീകജീവിതം നമ്മിൽ ഉളവാക്കുന്ന ഉറവുകളാണു്. സ്വന്തം ബുദ്ധിയെമാത്രം അവലംബമാക്കിയുള്ള വർത്തനം ആന്തരീകജീവിതത്തിൽ വലിയ വികടത വരുത്തും. നിന്നെത്തന്നെ പരിശോധിക്കുക, നിന്റെ ആന്തരീകസ്ഥിതി ക്രമവൽകരിക്കുക.

സംഭാഷണം:— ഒന്നാംവകുപ്പിലെ സ്നേഹപ്രകരണങ്ങളും മുകളിൽ കാണിച്ചവയിൽ നിന്നുള്ള നിഗമനങ്ങളും അസ്പദമാക്കി നമ്മുടെ പരമരാജാവിനോടു സംഭാഷിക്കുക.

Printed & Published by
Rev. Fr. PATRICK D. C. D. M.
AT THE LITTLE FLOWER PRESS,
MANJUMEL.

DHARMARAM LIBRARY
BANGALORE - 560 029

Due Date	Due Date	Due Date

CT Library
00010530
K19 V582 V6